ശ്രീ.

# കമ്പരാമായണകഥാമൃതം

പരിഭാഷകൻ

പനങ്കടവത്തു നാരായണൻ അവർകൾ, ഒറ്റപ്പാലം.

[illegible]

ശ്രീ.

# കമ്പരാമായണകഥാമൃതം

പരിഭാഷകൻ

പനങ്കടവത്തു നാരായണൻ അവർകൾ, ഒററപ്പാലം.

പനങ്കടവത്തു നാരായണൻ അവർകളുടെ മക്കൾ

സുബ്രഹ്മണ്യൻ മുതൽപേരുടെ പക്കൽനിന്നു

ചെമ്മണ്ണൂർ പാത്തു ചാക്കു അവർകൾ

പകപ്പവകാശം തീറവാങ്ങി

ടിയാന്റെ ചിലവിന്മേൽ

വിശേഷിച്ച് കവികളുംകൂടി ചേർത്ത്

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ അച്ചടിച്ചത്.

4-ാം പതിപ്പ് കോപ്പി 1000.

൧൧൦൯.

വില 2-ക.

# ഗ്രന്ഥകർത്താവിന്റെ അപേക്ഷ

പരമേശ്വരസ്വാമിയുടെ ജടയിൽ വഹിച്ചുള്ള ഗംഗയെ ഭഗീരഥൻ കൊണ്ടുവന്നു് അന്നു ചെയ്തു തർപ്പണംപോലെ ഇന്നും മനുഷ്യർ ആ ഗംഗയിൽ തർപ്പണംചെയ്തു മോക്ഷത്തെ പ്രാപിക്കുന്നു. അതുപോലെ ആദിയിൽ ബ്രഹ്മാവു ശതകോടി ഗ്രന്ഥമായി പ്രഥമകാവ്യമായി വിധിച്ചു. പിന്നീടു അതിനെ ഇരുപത്തിനാലായിരമായി വാല്മീകിയാൽ സ്തുതിക്കപ്പെട്ടു. കവീശ്വരനായ കമ്പർ പന്തീരായിരമായി തമിഴിൽ പതിച്ചു. അതുകളെക്കണ്ടു്, ഗരുഡൻ പറക്കുന്നതിനെക്കണ്ടു ഒരു മശകം പറന്നതുപോലെ കേരളഭാഷയിൽ ഞാനും പറഞ്ഞു. വിദ്വാന്മാരുടെ ഗൌരവശ്ലോകങ്ങളെ കേൾക്കുന്ന നിങ്ങൾ എന്റെ ഭാഷാരീതിയേയും കേൾപ്പിൻ. കാവ്യങ്ങളും പദ്യലക്ഷണവും അറിയുന്ന നിങ്ങളെപ്പോലെ ശ്ലോകരീതിയിൽ പാടാതെ കേവലം ഞാൻ ഇതിനെ പച്ചയായി പറഞ്ഞു. എന്നാൽ ഈ കഥ കമ്പരാമായണത്തിന്റെ സാരസംഗ്രഹവും അതിന്നു യോജിച്ചതായ ഭാഗവത, കൂർമ്മ, സ്കന്ദ, ലൈംഗ, ബ്രഹ്മാണ്ഡാദികളെന്ന പൌരാണങ്ങളിൽനിന്നു ശ്രുതി, യുക്തി, അനുഭവങ്ങളായ പ്രബലശ്രുതികളുടെ താല്പര്യത്തേയും എടുത്താണു്, ഈ രാമകഥയെ വിസ്തരിച്ചിട്ടുള്ളതു്. പല ഭാഷകളിലുള്ള ബുക്കുകൾ വായിച്ചതിൽ തമിഴ്ഗ്രന്ഥങ്ങളിലാണു് ചരിത്രവിസ്താരമെന്നും ഭഗവാന്റെ ദശാവതാരത്തിൽ ശ്രീരാമാവതാരംപോലെ ഇത്ര കാര്യഗൌരവം ഇതര അവതാരങ്ങളിലില്ലെന്നും മനസ്സിലാക്കി സംസ്കൃതവ്യുല്പത്തിയും തമിഴ്പരിചയവും വിദ്യാഭ്യാസനൈപുണ്യവും ഇല്ലാത്ത കേരളീയർക്കു രാമകഥാമൃതം എളുപ്പത്തിൽ ശ്രോത്രദ്വാരേണ ഭുജിച്ചാനന്ദിപ്പാനായി ശ്രീരാമകഥയെ കേരളഭാഷയിൽ തമിഴ്‌വിദ്വാന്മാരിൽനിന്നെടുത്തു് ഞാൻ അച്ചിൽ പതിക്കപ്പെട്ടതാകുന്നു.

എന്നു് പനങ്കടവത്തു് നാരായണൻ,

ഒറ്റപ്പാലം.

# കമ്പരുടെ ചരിത്രം.

രാക്ഷസരാജാവായ രാവണൻ ജാനകിയെ കളവുചെയ്തുകൊണ്ടുപോകയും തന്നിമിത്തം സീതാന്വേഷണാർത്ഥം ഹനുമാൻ ലങ്കയിൽ കടപ്പാനായി സമുദ്രതരണംചെയ്തു ലങ്കയുടെ ഉത്തരഗോപുരത്തിങ്കൽ ചാടുകയും ആയവസരത്തിൽ ലങ്കാശ്രീയായ ഭദ്രകാളി മാരുതിയെ തടുത്തപ്പോൾ മാരുതി തന്റെ കരംകൊണ്ടു ലങ്കാശ്രീയുടെ ചെകിടത്തടിക്കുകയും അടികൊണ്ടു ലോകം നടുങ്ങുമാറു് അലറിവീണു തന്റെ ശാപനിവാരണംവന്നു സത്യലോകത്തേക്കു പോകുകയും ചെയ്തു. എന്നാൽ ലങ്കയിൽ മൂവായിരം ഭദ്രകാളിക്ഷേത്രങ്ങളുണ്ടെന്നും അവക്കെല്ലാം മാതാവായിരുന്നവളാണു് ലങ്കാശ്രീയെന്നും പുരാണങ്ങളിൽ ഘോഷിക്കുന്നു. ലങ്കാശ്രീ മാരുതിയുടെ അടികൊണ്ടു അലറിവീണ ശബ്ദം കേട്ട മാത്രത്തിൽ മററുള്ള ഭദ്രകാളികളെല്ലാം ഭയപ്പെട്ടു ലങ്കയെവിട്ടു നാനാദിക്കുകളിലും ചെന്നു നിവസിക്കുകയും ചെയ്തു. ദാരികവധംകണ്ട ഇവക്കു രാവണവധം കാണ്മാൻ സാധിക്കായ്കയാൽ കാളികൾ എല്ലാവരുംകൂടി തങ്ങളുടെ അച്ഛനായ പരമേശ്വരസ്വാമിപക്കൽചെന്നു് അച്ഛാ! ഞങ്ങൾക്കു രാമരാവണയുദ്ധം കാണ്മാൻ മേൽപറഞ്ഞ കാരണങ്ങളാൽ സാധിച്ചിട്ടില്ല. ആയതു കാണേണമെന്നാഗ്രഹമുണ്ടു്. അച്ഛൻ വിചാരിച്ചാൽ സാധിക്കുന്ന ഒരു കാൎയ്യമാണെന്നു് അപേക്ഷിക്കുകയും അതുകേട്ടു പരമേശ്വരസ്വാമി ആവട്ടെ, അധികതാമസംകൂടാതെ കാണ്മാൻ എടവരുത്തിത്തരാമെന്നും ഇപ്പോൾ നിങ്ങളെല്ലാവരും അവരവരുടെ സ്ഥാനത്തേക്കു പോകുവിനെന്നു പറഞ്ഞു ഭദ്രകാളികളെ അയക്കുകയും ചെയ്തു. അനന്തരം പരമേശ്വരസ്വാമി തിരുവടമരുതൂർ എന്ന സ്ഥലത്തു വെള്ളാളരുടെ കുലത്തിൽ ശ്രീനിവാസമഹിപൻ എന്നവന്നു സന്തതിയായി ജനിച്ചു. ജനിച്ച സന്തതിയെ സൂതികാഗൃഹത്തിൽ കാണാതെ മാതാവു വിവരം കണവനെ അറിയിച്ചു പുത്രനെ അന്വേഷിച്ചാറെ യാതൊരു വിവരവും തുമ്പുണ്ടാവാതെയിരിക്കുകയും അങ്ങിനെ ഇരിക്കെ ചോളദേശത്തു ചടയപ്പവള്ളൽ എന്നവന്റെ കമ്പുവിതച്ച

വളൎന്നുകിടക്കുന്ന വിളയിൽനിന്നു ഒരു ശിശുരോദനംകേട്ടു ചടയ
പ്പൻചെന്നു നോക്കിയതിൽ യോഗ്യതയോടുകൂടിയ ഒരു സന്തതി
യെ കാണുകയും ആ സന്തതിയെ താൻ എടുത്തു തന്റെ ഗൃഹ
ത്തിൽ കൊണ്ടുചെന്നു വളൎത്തുകയും കമ്പ് വിളഞ്ഞുകിടക്കുന്നതിൽ
നിന്നു ലഭിക്കയാൽ ആ കുട്ടിക്കു കമ്പൻ എന്നു എല്ലാവരും വി
ളിച്ചുവരികയും ചെയ്തു. ചടയപ്പവള്ളൽ എന്നവൻ കമ്പനു വേ
ണ്ടുന്ന വിദ്യകളെ അഭ്യസിപ്പാൻ എഴുത്തുപള്ളിയിലേക്ക് അയ
ച്ചുവരുന്ന മദ്ധ്യേ അതിന്നടുത്തുള്ള സരസ്വതീക്ഷേത്രത്തിൽവെ
ച്ച് സരസ്വതി പ്രത്യക്ഷമായി തനിക്കു വിദ്യയെ ദാനംചെയ്തു. ത
ന്നിമിത്തം ചോളരാജാവിന്റെ സഭയിലുള്ള വിദ്വാന്മാരിൽവെ
ച്ചു കമ്പര് ഒന്നാമനായിത്തീൎന്നു കവീശ്വരൻ എന്ന പ്രസിദ്ധിയെ
സമ്പാദിച്ചിരിക്കും മദ്ധ്യേ രാമായണം തമിഴിൽ കവിയായി പാടി
ക്കൊണ്ടു വരേണമെന്നും ആയതിന്ന് ആറുമാസം അവധിയും നി
ശ്ചയിച്ച് കമ്പരേയും ഒട്ടക്കൂത്തൻ എന്ന മറ്റൊരുത്തനേയും
ചോളരാജാവ് എല്പിച്ചയച്ചു. അതിൽ ബാലകാണ്ഡം മുതൽ യു
ദ്ധകാണ്ഡംവരെ ഒട്ടക്കൂത്തനും യുദ്ധകാണ്ഡം മുതൽ പട്ടാഭിഷേകം
വരെ കമ്പരും പാടുവാൻ തീൎച്ചയാക്കി. ഒട്ടക്കൂത്തൻ ആറുമാസ
ത്തിന്നുള്ളിൽ പറഞ്ഞേല്പിച്ചവണ്ണം ഗ്രന്ഥം തെയ്യാറാക്കി. ക
മ്പര് അതുവരെ ഒരു കവിയെങ്കിലും ഉണ്ടാക്കാതെ മദ്യപാനവും
ചെയ്യാനന്ദിച്ചു കഴിഞ്ഞു. ഈ വിവരം ഒട്ടക്കൂത്തൻ മനസ്സിലാ
ക്കി തന്റെ ഗ്രന്ഥത്തെ രാജാവിന്നു കാഴ്ചവെച്ചു കമ്പര് ഇതുവ
രെ ഒരു കവിപോലും എഴുതീട്ടില്ലെന്നു കേൾപ്പിച്ചു. രാജാവു ക
മ്പരെ വരുത്തി ചോദിച്ചതിൽ ഒട്ടക്കൂത്തന്റെ ഗ്രന്ഥം തെയ്യാറാ
വാൻ വേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു. എന്റെ ഗ്രന്ഥം
തെയ്യാറാക്കീട്ടു വളരെ ദിവസമായിയെന്നും കേൾപ്പിച്ചു. രാജാവു
ആവട്ടെ നാളെ ഗ്രന്ഥമായി സഭയിലേക്കു വരേണമെന്നു കമ്പ
രോടു കല്പിച്ചയച്ചു. കമ്പർ അതിനെ സമ്മതിച്ചു മടങ്ങി ഗൃഹ
ത്തിൽ വന്നു അന്നു രാത്രി ഗ്രന്ഥം എഴുതുവാനായി വിളക്കും വെ
ച്ചു ഗ്രന്ഥവും എഴുത്താണിയുമായിരുന്നു മദ്യപാനം ചെയ്തു ലഹ
രിയാൽ അങ്ങിനെ കിടന്നു നിദ്രയെ പ്രാപിച്ചു. അതുകണ്ടു സ

രസ്വതി വന്നിരുന്നു കമ്പൎക്ക് ബദലായി എഴുതുവാൻ തുടങ്ങി. പുലച്ചു കോഴികൂവുന്ന ശബ്ദംകേട്ടു ‘പൊഴുതു വെടിഞ്ചുതേ അമ്പാൾ’ എന്നു പറഞ്ഞു കമ്പർ എഴുനീല്ക്കുകയും ‘എഴുതി മുടിഞ്ചുതെ കമ്പാ’ എന്നു സരസ്വതി മറുപടി പറഞ്ഞു എഴുനീററുപോകയും ചെയ്തു. അങ്ങിനെ സരസ്വതിയാൽ എഴുതപ്പെട്ടതാണു് കമ്പരകവി. അക്കവിയിൽനിന്നു മുപ്പായിരത്തിരുന്നൂറു കവിയെ എടുത്തു ബാലകാണ്ഡം മുതൽ അഭിഷേകംവരെ പാപക്കുത്തായി രാമരാവണയുദ്ധത്തെ ഭദ്രകാളികൾക്കു കാണ്മാനായി അവരുടെ അപേക്ഷപ്രകാരം പരമേശ്വരസ്വാമി കാണിച്ചുകൊടുത്തു. ഇങ്ങിനെയാണു് കമ്പരുടെ ചരിത്രം.

# വിഷയാനുക്രമണിക


| വിവരണം. | ഭാഗം. |
| --- | --- |
| ദശരഥന്റെ പുത്രകാമേഷ്ടി | 1 |
| രാമസ്വാമിയുടെ തിരുഅവതാരം | 6 |
| താടകാസംഹാരം | 8 |
| വിശ്വാമിത്രയാഗരക്ഷ | 9 |
| അഹല്യാമോക്ഷം | 9 |
| ചാപഭഞ്ജനം | 10 |
| സീതാപാണിഗ്രഹണം | 11 |
| ഭാർഗ്ഗവരാമഗർവ്വശമനം | 12 |
| പട്ടാഭിഷേകവിഘ്നം | 14 |
| വനദീക്ഷ | 19 |
| ദശരഥന്റെ ചരമഗതി | 20 |
| ചിത്രകൂടവാസം | 21 |
| ഭരതന്റെ ചിത്രകൂടഗമനം | 22 |
| പഞ്ചവടീവാസം | 24 |
| ഗോദാവരീവർണ്ണന | 25 |
| ശൂർപ്പണഖാനാസികാച്ഛേദനം | 28 |
| ഖരവധം | 30 |
| മാരീചരാവണസംവാദം | 32 |
| സീതാകനകമൃഗദർശനം | 36 |
| സീതാഹരണം | 38 |
| ജടായുമോക്ഷം | 45 |
| കബന്ധസ്തുതി | 47 |
| ശബരീമോക്ഷം | 49 |

വിവരണം. ഭാഗം.


| | |
|---|---|
| പമ്പാവണ്ണന | 50 |
| ഹനുമദ്ദൎശനം | 52 |
| സുഗ്രീവസഖ്യം | 54 |
| ബാലിസുഗ്രീവന്മാരുടെ ഉത്ഭവം | 55 |
| സാലഭേദനം | 60 |
| ബാലിമോക്ഷം | 66 |
| ചാതുൎമ്മാസ്യം | 73 |
| സീതാന്വേഷണം | 79 |
| സമുദ്രതരണം | 84 |
| ലങ്കാപ്രവേശനം | 86 |
| ലങ്കാമൎദ്ദനം | 95 |
| രാവണൻ മന്ത്രികളോടുള്ള മന്ത്രാലോചന | 98 |
| വിഭീഷണമന്ത്രം | 101 |
| വേദപതിയുടെ ചരിത്രം | 103 |
| രാവണനുണ്ടായ ശാപങ്ങൾ | 106 |
| ഭഗവാൻ സുഗ്രീവാദികളോടുള്ള മന്ത്രവിചാരം | 119 |
| പടനായകനായ നീലൻ | 119 |
| ലങ്കാവൃത്താന്തം | 123 |
| വരുണമന്ത്രം | 128 |
| വരുണസ്തുതി | 129 |
| സേതുബന്ധനം | 133 |
| ശുകചാരണന്മാരുടെ പ്രവേശനം | 134 |
| മാല്യവാൻ രാവണനോടുള്ള സംഭാഷണം | 137 |
| രാമൻ പറഞ്ഞയച്ച വാക്കിനെ ചാരണന്മാർ പറയുന്നതു | 139 |
| ലക്ഷ്മിയുടെ പാദാദികേശം | 139 |
| മാല്യവാൻ രാവണനോടുള്ള വീണ്ടും സംഭാഷണം | 150 |
| ലങ്കാവണ്ണന | 153 |

| വിവരണം. | ഭാഗം. |
| --- | --- |
| മകുടഭംഗം | 159 |
| പടകളുടെ അണിവകുപ്പ് | 162 |
| അംഗതൻ ദൂത് | 164 |
| പ്രഥമയുദ്ധം | 175 |
| കുംഭകർണ്ണൻ രാവണനോടുള്ള സംഭാഷണം | 182 |
| കുംഭകർണ്ണൻ പെരുമ | 184 |
| കുംഭകർണ്ണവിഭീഷണസംവാദം | 188 |
| കുംഭകർണ്ണവധം | 202 |
| രാവണൻ സീതയോടുള്ള ഏകാന്തം | 204 |
| അതികായൻ പെരുമ | 213 |
| വരായുധങ്ങൾ തമ്മിലുള്ള സംഭാഷണം | 223 |
| അതികായ മൃജ്ജന്മം | 225 |
| അതികായവധം | 232 |
| ധന്യമാലയുടെ ദുഃഖം | 233 |
| ഇന്ദ്രജിത്ത് പെരുമ | 236 |
| നാഗാസ്ത്രം | 248 |
| നാഗാസ്ത്രത്തിന്റെ ഉത്ഭവം | 252 |
| ഗരുഡസ്തുതി | 257 |
| ബ്രഹ്മാസ്ത്രം | 268 |
| ഹനുമദുല്പത്തി | 278 |
| ജാംബവദുല്പത്തി | 285 |
| ഇന്ദ്രജിത്ത് വധം | 308 |
| രാവണവധം | 329 |
| പട്ടാഭിഷേകം | 337 |
| ഉത്തരരാമായണം | 357 |

# പ്രസ്താവന

“കമ്പരാമായണം വായിക്കണമെങ്കിൽ പനങ്കടവത്ത് നാരായണൻെറ ‘കമ്പരാമായണകഥാമൃതം’ വായിക്കണ”മെന്നു മുത്തശ്ശിമാർ പറയുന്നതു തികച്ചും വാസ്തവംതന്നെയാണ്. കമ്പരാമായണകഥകൾ പലരും പലപേരിലും രൂപത്തിലും പ്രസിദ്ധപ്പെടുത്തീട്ടുണ്ടെങ്കിലും പനങ്കടവത്തുനാരായണൻ അവർകളുടെ തർജ്ജമക്കുള്ള തന്മയത്വമോ, സാരസ്യമോ മററു തർജ്ജമകളിൽ കണികാണാൻപോലുമില്ലെന്ന്, ഇതും മററു തർജ്ജമകളും തമ്മിൽ ഒത്തുനോക്കുന്ന സഹൃദയന്മാർക്കു ബോദ്ധ്യപ്പെടുന്നതാണ്.

കമ്പരാമായണകഥ ആദ്യമായി തമിഴിൽനിന്നു കേരളഭാഷയിലേക്കു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയ ആ മഹാനുഭാവൻ പനങ്കടവത്ത് നാരായണൻ അവർകളാണെന്നു കേരളീയർക്കു പരക്കെ അറിവുള്ളതാണ്. ഈ തർജ്ജിമയുടെ ഒന്നാംപതിപ്പിനുശേഷം കുറെക്കാലമായി ഇത് അച്ചടിക്കാതിരുന്നതിനാൽ മലയാളികൾക്ക് ഈ ഗ്രന്ഥം കിട്ടുന്നതിന്നു കുറച്ചധികം ബുദ്ധിമുട്ടായി. അതിനിടക്കു പലരും പലതരത്തിൽ കമ്പരാമായണത്തെ തർജ്ജിമ ചെയ്തു പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോഴ്, എനിക്കു തോന്നിയിരുന്നതാണ് ഈ നൂതനാശയം. പരേത പുരാതനായ നാരായണൻ അവർകളുടെ അനന്തരാവകാശികളെ കണ്ടുപിടിക്കുന്നതിന്നും അവരുടെ അടുക്കൽനിന്നു പകർപ്പവകാശം തീറുവാങ്ങുന്നതിന്നും കാലദൈർഘ്യം വന്നുപോയതുകൊണ്ടാണ് ഈ മഹൽഗ്രന്ഥം പുറത്തിറക്കുന്നതിന്നു ഇത്രയും താമസിച്ചുപോയത്. എങ്കിലും ഇപ്പോൾ പനങ്കടവത്തു നാരായണൻഅവർകളുടെമക്കൾ സുബ്രഹ്മണ്യൻ മുതൽപേരുടെ പക്കൽനിന്നു പകർപ്പവകാശം തീറുവാങ്ങി, കുറെക്കാലമായി ലോകദൃഷ്ടിയിൽ നിന്നു മാഞ്ഞുകിടന്നിരുന്ന ഈ അമൂല്യ “രത്നത്തെ” ഇപ്പോഴെങ്കിലും വീണ്ടും ലോകദൃഷ്ടിയിൽപ്പെടുത്താൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥതപ്പെട്ടുംകൊണ്ട് ഇതിനെ കൈരളീമാതാവിൻെറ പാദാരവിന്ദങ്ങളിൽ ഭക്തിബഹുമാനപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ,

## ശ്രീരാമജയം

---

### ഗണപതിവണക്കം

കവി.

അലൈകടൽഇയിലുമായൊന്നരക്കർവേരറുപ്പതാക
തലൈമതിൽ രാജരാജൻതശരതകുമാരനാന
ശിലൈരകുരാമൻകീർത്തി ചെന്തമിളതനാൽപ്പാട
മലൈമകൾ പയിൻറയാനൈവതനനൈവണങ്കുവോമേ.

ക്ഷീരാബ്ധിവാസനായ ശ്രീനാരായണസ്വാമി ദേവരക്ഷാൎത്ഥം രാവണാദിരാക്ഷസന്മാരുടെ വംശനാശം ചെയ്വാനായി ഭൂമിയിൽ അയോദ്ധ്യാരാജാവായ ദശരഥാത്മജനായവതരിച്ച ശ്രീരാമചന്ദ്രന്റെ ചരിതത്തെ മലയാളമെന്ന കേരളഭാഷയിൽ വചനരീതിയായി പറവാനായ്ക്കൊണ്ടു ശൈലരാജകുമാരീപുത്രനായ വിഘ്നേശ്വരനെ നമസ്കരിക്കുന്നു.

---

### മഹത്തുക്കളുടെ വണക്കം.

ഗജമുഖനായ ഗണപതിയേയും വാണിമാതാവേയും കമലോത്ഭവനായ ബ്രഹ്മദേവനേയും ത്രികാലജ്ഞാനിയായ വേദവ്യാസമഹൎഷിയേയും കലക്കോട്ട മഹൎഷിയേയും ഗുരുനാഥനേയും കുംഭസംഭവനായ അഗസ്ത്യമഹൎഷിയേയും ഗംഗയും കൊന്ദയും തുമ്പയും ബാലചന്ദ്രനേയും ജടയിൽ ധരിച്ച പരമേശ്വരസ്വാമിയേയും ഷൺമുഖനേയും പാൎവ്വതിയേയും ലക്ഷ്മീദേവിയേയും ഗരുഡവാഹനാരൂഢനായ ശ്രീനാരായണസ്വാമിയേയും എന്റെ ഹൃദയം കുളിരത്തക്ക വിധത്തിൽ നമസ്കരിക്കുന്നു.

---

## ചരിത്രമാഹാത്മ്യം.

സൎവ്വേശ്വരനായ രഘുനാഥന്റെ ചരിത്രം ശതകോടിഗ്രന്ഥമാണെന്നും അതിൽ ഒരക്ഷരമെങ്കിലും പറഞ്ഞു കേട്ടാൽ മഹാപാതകങ്ങളെല്ലാം നശിക്കുന്നതാണെന്നും അനുഭവരസികനായ ശ്രീവാത്മീകിമഹൎഷിയാൽ കീൎത്തിക്കപ്പെട്ട ഒരു ധൈൎയ്യംകൊണ്ടു എന്റെ ബുദ്ധിക്കു എത്തുന്നതുപോലെ ഞാനും പറയുന്നു. എന്നാൽ മാഹാത്മ്യമുള്ള ചരിത്രം ശ്രീരാമകഥതന്നെയാണു്. ദേവന്മി മനുഷ്യൎക്കും ഇതു പൊതുവിൽ ഉള്ളതാണു്. ജപവും തപവും ഇതുതന്നെയെന്നു അറിയുന്നതാണ് സൂത്രം. ഭക്തിയോടുംകൂടി ഇതറിയുന്നവൎക്കു ഫലിക്കുന്നതു പരമപദക്ഷേത്രമാണു്. ഇഹപരങ്ങളിലും ഇതു സുഖത്തെ ദാനം ചെയ്യത്തക്കതാണു്. ധൎമ്മരാജന്റെ ബാധയെ തടുക്കും. സന്തതിയും സമ്പത്തും വൎദ്ധിക്കും. നവഗ്രഹങ്ങളും ഏകാദശഫലത്തെ ദാനം ചെയ്യും. ജനനമരണമെന്ന വ്യാധിയെ ജയിപ്പാനുള്ള സിദ്ധൌഷധം ഇതുതന്നെയാണെന്നു പരമേശ്വരൻ പാൎവ്വതിക്കു ഉപദേശിച്ച മഹാത്മ്യചരിതമാണിതു്. ലോകത്തിൽ ഗംഗ, യമുന മുതലായ ദിവ്യനദീസ്നാനവും, ഗോദാനം ഭൂദാനം, ഗജദാനം, അന്നദാനം മുതലായ ദാനങ്ങളും ഇതാണെന്നു സമ്മതിച്ചിരിക്കുന്ന വേദാന്തവും ഭാവനപോലെ ഭവിക്കുമെന്നുള്ള നിദാനവും ആയുള്ളതാണ് രാമാവതാരചരിതം എന്നു ശ്രീനാരദമഹൎഷി ഘോഷിച്ചുവെച്ചപ്രകാരം ശ്രീവാത്മീകിമഹൎഷി കീൎത്തിച്ചതിനെ പ്രഥമകാവ്യമായി സജ്ജനങ്ങൾ സ്വീകരിച്ചിരിക്കുന്നു.

ശ്രീരാമജയം

# കമ്പരാമായണകഥാമൃതം.

## ബാലകാണ്ഡം.

### ദശരഥന്റെ പുത്രകാമേഷ്ടി.

കവി

മാനിലംപുറക്കുംനാളിൽമകവിലാത്തുയരാൽവാടി
കാനിലമരുങ്ങുവെട്ടകരികളായിരിങ്കളെയ്യാൻ
ഊനമിൽവിരതംനോററുടലുയിർവരുന്തിപ്പിന്നെ
പാനുകർകുതലെച്ചെവ്വായിമൈന്തരെപ്പെരുകിപ്പാററാർ.

കൈകസി എന്ന രാക്ഷസി ശ്ലേഷ്മാതകാടവി എന്ന വനത്തിൽ വെച്ചു വിശ്രവസ്സുമഹൎഷിയെ കണ്ടു നമസ്കരിച്ചു "ശരണം സ്വാമിൻ അടിയന്റെ വംശം വൎദ്ധിപ്പാനായി സന്തത്യൎത്ഥം അടിയനെ നിന്തിരുവടി പരിഗ്രഹിച്ച് സങ്കടനിവൃത്തി ചെയ്യുതരേണ"മെന്നപേക്ഷിക്കുകയും മഹൎഷി കൈകസിയുടെ അപേക്ഷയെ സ്വീകരിച്ചു അവളോടുകൂടി അന്നു രാത്രി രമിക്കുകയും ഓരോ യാമത്തിൽ ഓരോ സന്തതികളായി നാലു യാമത്തിന്നു നാലു സന്തതികളെ (മൂന്നു പുരുഷന്മാരേയും ഒരു സ്ത്രീയേയും) പ്രസവിക്കുകയും അവൎക്കു രാവണൻ, കുംഭകൎണ്ണൻ, വിഭീഷണൻ, ശൂൎപ്പണഖ എന്നു പേരിടുകയും ചെയ്തു. ശ്ലേഷ്മാതകാടവിയിൽ ഇവർ വസിച്ചു വരുമ്പോൾ അമ്മയുടെ മടിയിൽ കിടന്നു രാവണൻ ക്ഷീരപാനം ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യേ വിശ്രവസ്സുപുത്രനായ വൈശ്രവണൻ വിമാനാരൂഢനായി ആകാശമാൎഗ്ഗേ പോകുന്നതിനെ കൈകസി കണ്ടു ദുഃഖിക്കുകയും തന്നിമിത്തം നേത്രാശ്രുക്കൾ ദശഗ്രീവ

ൻെറ മുഖത്തു വീണതിനെക്കണ്ടു് മാതാവിനെ നോക്കി, രാവണൻ; 'അല്ലയോ മാതാവെ ഈ അവസരത്തിൽ നിങ്ങൾ ദുഃഖിക്കേണ്ടുന്നാവശ്യമെന്ത്? വിമാനാരൂഢനായി ആകാശമാൎഗ്ഗേ പോകുന്നവൻ ആരാണ്? അവൻ നമ്മുടെ ശത്രുവോ മിത്രമോ' എന്നു ചോദിച്ചതിനെക്കേട്ടു കൈകസി പറയുന്നു:—മകനെ ദശഗ്രീവ! എന്തിനു പറയുന്നു. 'നമ്മുടെ പൂൎവ്വികന്മാരാൽ സമ്പാദിക്കപ്പെട്ട കനകമയമായ ലങ്കയെന്ന ഒരു രാജധാനി സമുദ്രമദ്ധ്യേയുണ്ട്. അതിനെ വൈശ്രവണൻ കീഴടക്കി സൎവ്വഭാഗ്യങ്ങളും അനുഭവിച്ചു ഭാഗ്യവാന്മാരിൽവെച്ചു അഗ്രേസരനായി വസിക്കുന്നു. എന്തു ചെയ്യാം. പ്രബലന്മാരായ സന്തതികൾ ഉണ്ടെന്നേവരികിൽ ഇങ്ങിനെ വനത്തിൽ മൃഗപ്രായേണ സഞ്ചരിക്കേണമെന്നുണ്ടായിരുന്നില്ല'. എന്നു പറഞ്ഞു കരയുന്ന മാതാവിൻെറ സങ്കടത്തെക്കണ്ടു ദശഗ്രീവൻ 'അല്ലയൊ മാതാവേ! ഈ വിവരം മുമ്പുതന്നെ എന്നെ അറിയിക്കേണ്ടതായിരുന്നു. അതു ചെയ്തിട്ടില്ല. എങ്കിലും ഇനി അമ്മയുടെ സങ്കടം തീൎത്ത വേറെ കാൎയ്യമുള്ളൂ' എന്നു പറഞ്ഞു കുലഗുരുവായ ശുക്രമഹൎഷിയെക്കണ്ടു ബ്രഹ്മാവിനെക്കുറിച്ചു തപസ്സുചെയ്യേണ്ടുന്ന മാൎഗ്ഗങ്ങളും മൂലമന്ത്രങ്ങളും മനസ്സിലാക്കി തൻെറ അനുജന്മാരായ കുംഭകൎണ്ണവിഭീഷണന്മാരോടുകൂടി കൊന്നവനമെന്ന ഗോകൎണ്ണത്തിൽ ചെന്നു് ആയിരം അടി ആഴത്തോടുകൂടിയ അഗ്നികുണ്ഡം വെട്ടി മദ്ധ്യേ ആയിരത്തെട്ടടി ഉയരത്തോടുകൂടിയ അയസ്തംഭം നാട്ടി അയസ്തംഭാഗ്രത്തിൽ വജ്രസൂചിയെ നാട്ടി സൂചിയുടെ അഗ്രത്തിൽ ദശഗ്രീവൻ തൻെറ വലത്തെ പാദാംഗുഷ്ഠത്തെ ഊന്നി ഏകാഗ്രമാനസനായി ബ്രഹ്മാവിനെക്കുറിച്ചു തപസ്സു തുടങ്ങുകയും കുംഭകൎണ്ണൻ വിഭീഷണൻ എന്നവർ കുണ്ഡത്തിൽ ഇന്ധനങ്ങളെ നിറച്ചു അഗ്നിയെ ജ്വലിപ്പിച്ചു അഗ്നിമദ്ധ്യസ്ഥന്മാരായിരുന്നു തപസ്സു ചെയ്യുംവന്നു. ദശഗ്രീവനിങ്ങിനെ പതിനായിരം സംവത്സരം തപസ്സു ചെയ്യും തൻെറ ഉപാസനാമൂൎത്തിയായ ബ്രഹ്മാവ് പ്രത്യക്ഷമാവാത്തതിനാൽ പിന്നെ ആയിരം ആയിരം വത്സരം തികയുമ്പോൾ

തന്റെ ഓരോ ശിരസ്സും ഈരണ്ടു കരങ്ങളും വെട്ടി അഗ്നിയിൽ ഇട്ടു ഹോമിക്കുകയും ഇങ്ങിനെ പത്തൊമ്പതിനായിരം സംവത്സരത്തിന്നുള്ളിൽ തന്റെ ഒമ്പതുശിരസ്സുകളും പതിനെട്ടു കരങ്ങളും വെട്ടി അഗ്നിയിലിട്ടു ഹോമിക്കുകയും എന്നിട്ടും ഉപാസനാമൂൎത്തി പ്രത്യക്ഷമാവാത്തതുകണ്ടു ബാക്കിയുള്ള ഒരു ശിരസ്സിനെ വെട്ടുവാനായി ഉദ്യോഗിക്കുകയും അതുകണ്ടു ബ്രഹ്മാവു പ്രത്യക്ഷീകരിച്ചു വാള് കടന്നു പിടിച്ചു 'ഹേ! ദശഗ്രീവ! സാഹസം പ്രവൎത്തിക്കരുതു്. തന്റെ തപോശക്തി അറിവാൻവേണ്ടി താമസിച്ചുപോയതാണു്. എനിക്കു വളരെ സന്തോഷമായി. വേണ്ടുന്ന വരങ്ങളെ വാങ്ങിക്കൊള്ളുക' എന്നതിനെക്കേട്ടു രാവണൻ പ്രദക്ഷിണാദി നമസ്കാരങ്ങളെച്ചെയ്തു ശരണം സ്വാമിൻ! അടിയൻ മനുഷ്യനൊഴിച്ചു മററുള്ളത്രിമൂൎത്തികളാലും മരിക്കുകയാവട്ടെ യാതൊരു വരായുധങ്ങളാലും നശിക്കുകയാവട്ടെ ഉണ്ടാവരുതെന്നു അപേക്ഷിക്കുകയും അഭീഷ്ടംപോലെയുള്ള വരത്തെ ദാനം ചെയ്തതിനെ വാങ്ങി രാവണൻ പോയതിന്നനന്തരം നിൎദ്ദേവത്വം വേണമെന്നു ഇച്ഛയോടുകൂടെ തപസ്സുചെയ്തു കുംഭകൎണ്ണന്നു് നിദ്രാവത്വം ഭവിക്കുകയും വിഷ്ണുഭക്തനായി വരേണമെന്നു ഇച്ഛയോടുകൂടി തപസ്സുചെയ്തു വിഭീഷണന്റെ അഭീഷ്ടത്തെ ദാനംചെയ്തു ബ്രഹ്മാവു അന്തൎദ്ധാനം ചെയ്കയും ചെയ്തു. അനന്തരം രാവണൻ തന്റെ സോദരന്മാരോടുകൂടി ശ്ലേഷ്മാതകോടവിയിൽ വന്നു വിശ്രവസ്സുപുത്രനായ വൈശ്രവണന്നു ഒരു ദൂതൻമുഖേന ലങ്ക എന്ന രാജധാനി വിട്ടുതരേണമെന്നാവശ്യപ്പെട്ടു. അതുകേട്ടു വൈശ്രവണൻ തന്റെ പിതാവായ വിശ്രവസ്സ മഹൎഷിയെക്കണ്ടു രാവണന്റെ അഭിപ്രായത്തെ അറിയിച്ചു. അതു കേട്ടു വിശ്രവസ്സുമഹൎഷി 'ഹേ! കുമാര! രാവണൻ വലിയ ദുൎമ്മാൎഗ്ഗിയായിട്ടാണു പുറപ്പാടു്. ആയതുകൊണ്ടു അവനോടു മത്സരിപ്പാൻ പോകരുതു. നീ ഉടനെ ലങ്കയെ ഉപേക്ഷിച്ചു വേറെ ഒരു രാജധാനി നിൎമ്മിച്ചു അതിൽ വസിക്കുക' എന്നു പറഞ്ഞു. പിതാവിന്റെ കല്പനപ്രകാരം ലങ്കയെ രാവണന്നു വിട്ടുകൊടുത്തു വൈശ്രവണൻ അഴകാപുരിയെന്ന ഒരു രാജധാനിയെ നിൎമ്മിച്ചു അതിൽ തന്റെ കുഡുംബസമേതം വസി

ക്കുകയുംചെയ്തു.രാവണൻ രാക്ഷസരാജാവായി തന്റെ അനുജന്മാർ മുതലായ കുഡുംബങ്ങളോടുകൂടി ലങ്കയിൽ വന്നു മുപ്പത്തിരണ്ടുയോജനവിസ്താരമായ ലങ്കയെ എഴുനൂറുയോജന വിസ്താരമാക്കി മൂന്നൂറായിരം തെരുവീഥികളെ സൃഷ്ടിച്ചു അതിൽ വസിക്കുകയും അനന്തരം ദിഗ്വിജയംചെയ്തു ത്രിലോകപുരന്ദരൻ, ദശമകുടസിംഹാസനൻ, ബ്രഹ്മദത്തവരബലസഹിതപ്രതാപൻ, സർവ്വജ്ഞലങ്കേശ്വരൻ എന്ന പ്രസിദ്ധികളെ സമ്പാദിച്ചു മാതൃഹത്തി, പിതൃഹത്തി, ബ്രഹ്മഹത്തി, ഗോഹത്തി, ശിശുഹത്തി, സാധുനിന്ദ, സജ്ജനദ്വേഷം, സ്വാമിദ്രോഹം, വിശ്വാസഘാതകം, പരസ്ത്രീഹരണം മുതലായ മഹാപാതകങ്ങളെ ചെയ്തു് മഹർഷികളാൽ ചെയ്യപ്പെട്ട യാഗാദിഹോമങ്ങളെ മുടക്കുകയും തന്നിമിത്തം ഇന്ദ്രാദികൾക്കു യാഗശേഷങ്ങളായ ഹവിസ്സുകളെ ഭക്ഷിപ്പാൻ സാധിക്കാതെയും അതുഹേതുവായി മേഘങ്ങളുടെ വർഷമില്ലാതെയും വന്നു സംഭവിക്കുകയാൽ ഭൂമിയിൽ വിതച്ച വിളകൾ മുളച്ചു കുലക്കാതെ വരികയും അതു ഹേതുവായി സജ്ജനങ്ങൾക്കു അന്നപാനാദികൾക്കു ബുദ്ധിമുട്ടു വർദ്ധിച്ചു് ലോകമെല്ലാം വെറി അടഞ്ഞു ധർമ്മദേവത വനത്തിലേക്കു ഗമിക്കുകയും അധർമ്മം വർദ്ധിച്ചു രാജ്യമെല്ലാം അനീതിയായ മാർഗ്ഗത്തിൽ സഞ്ചരിക്കുകയും ചെയ്തു. അധർമ്മതല്പരന്മാരായ രാവണാദികളുടെ ഈ ഉപദ്രവം ഹേതുവായി ഭൂദേവീ ഗോരൂപമെടുത്തു് ദേവനാഥനായ ഇന്ദ്രന്റെ അടുക്കൽ ചെന്നു നമസ്കരിച്ചു് 'അല്ലയോ ദേവരാജ! മഹാപാപികളുടെ ഉപദ്രവാധിക്യത്താൽ ഭാരം എനിക്കു സഹിക്കുന്നില്ല.ആയതുകൊണ്ടു ദുഷ്ടന്മാരെ വധിച്ചു് ശിഷ്ടന്മാരെ പരിപാലിച്ചു ധർമ്മത്തെ നിലനിർത്തി ഭൂഭാരം തീർത്തുതരേണമെ'ന്നപേക്ഷിക്കുകയും അതു കേട്ടു് ഇന്ദ്രൻ ത്രയത്രിംശൽക്കോടി ദേവകളോടും ധരണിമാതോടുംകൂടി സത്യലോകത്തേക്കു് ചെന്നു കമലോത്ഭവനായ ബ്രഹ്മദേവരെക്കണ്ടു് നമസ്കരിച്ചു് രാവണാദികളാൽ അനുഭവിക്കുന്ന ഉപദ്രവങ്ങളെ കേൾപ്പിക്കുകയും ബ്രഹ്മദേവൻ അതു കേട്ടു ഇന്ദ്രനോടു, 'രാവണാദികളെ കുലചെയ്യാൻ എന്നാൽ അസാദ്ധ്യമാണു്. സംഹാരമൂർത്തിയായ പരമേശ്വരസ്വാമിയെ ചെന്നു കണ്ടാൽ കാര്യം നിവർത്തിക്കാം'എ

ന്നു പറഞ്ഞു ബ്രഹ്മാവും ഇന്ദ്രാദിദേവകളും കൂടി കൈലാസത്തിൽ പോയിപരമേശ്വരസ്വാമിയെക്കണ്ടുരാവണാദികളുടെ ഉപദ്രവങ്ങളെയെല്ലാം കേൾപ്പിക്കുകയും അതു കേട്ടു പരമേശ്വരൻ, 'ഹേ ബ്രഹ്മാവേ! രാവണാദികൾ എന്തു തെറ്റചെയ്തിരുന്നാലും എനിക്കു അവരെ വധിപ്പാൻ പാടുള്ളതല്ല. കാരണം സുകേശന്റെ ഗോത്രസംജാതന്മാരാണ്. തന്നിമിത്തം എന്നിൽ ഭക്തന്മാരാണ്. ആയതുകൊണ്ടു രാവണാദികളെ വധിപ്പാൻ ഒരു യുക്തി പറയാം. എന്തെന്നു വെച്ചാൽ വൈകുണ്ഠത്തിൽ ചെന്നു നാരായണനെക്കണ്ട് സംഗതിപറയുവിൻ; എന്നാൽ സങ്കടനിവൃത്തിവരും' എന്നതിനെകേട്ടു സകല ദേവകളുംകൂടി ക്ഷീരാബ്ധിതീരത്തിൽപോയി പുരുഷസൂക്തമെന്നമന്ത്രത്താൽ ശ്രീനാരായണസ്വാമിയെ സ്തുതിക്കുകയും നാരായണസ്വാമി ഗരുഡാരൂഢനായി ദേവകൾക്കു മദ്ധ്യേ പ്രത്യക്ഷമായി ബ്രഹ്മാവിനെക്കണ്ടു സന്തോഷവാക്കുകളെപ്പറഞ്ഞു 'നിങ്ങളെല്ലാവരും ഒരുമിച്ചുവരുവാൻ കാരണമെന്തെ'ന്നു ചോദിക്കുകയും അപ്പോൾ ഇന്ദ്രാദികൾ ഭക്തി ശ്രദ്ധാബഹുമാനവിനയങ്ങളോടുകൂടി രാവണാദികളുടെ ഉപദ്രവത്തെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്തു. ആയവസരത്തിൽ ബ്രഹ്മാവു നാരായണസ്വാമിയെ നോക്കി. 'കുറച്ചുകാലം കൂടി നിന്തിരുവടി അശ്രദ്ധനായിരുന്നാൽ പ്രപഞ്ചമെന്ന വ്യവഹാരം തീരെ വിട്ടുപോകുമെന്നു മാത്രമല്ല ദുർമ്മാർഗ്ഗികളായ രാവണാദികളുടെ ഉപദ്രവം സഹിപ്പാൻ പാടില്ലാതെയും വന്നു സംഭവിക്കും' എന്നു പറഞ്ഞതിനെ കേട്ടു നാരായണസ്വാമി പറയുന്നു:—ഹേ ദേവകളെ നിങ്ങൾ മേലാൽ ഭയപ്പെടേണമെന്നില്ല. എന്നാൽ നിങ്ങൾ എല്ലാവരും വാനരന്മാരായവതരിക്കണം. അതിൽ ബാലിസുഗ്രീവന്മാരായി സഹസ്രാക്ഷനും സഹസ്രകിരണനും അവതരിക്കണം. ഹനുമാനായി രുദ്രൻ അവതരിക്കണം. അഗ്നിയുടെ അംശമായി പടക്കുനായകൻ നീലനും ബ്രഹ്മാവിന്റെ അംശമായി ജാംബവാനും അവതരിച്ച് പർവ്വതങ്ങളിലും വനങ്ങളിലും വസിപ്പിൻ. ഞാൻ മനുഷ്യാവതാരമെടുത്തുവരും. അത് എവിടെയെന്നു വെച്ചാൽ അയോദ്ധ്യ

യിൽ ആ സമുദ്രക്ഷിതീശന്മാരായ ക്ഷത്രിയരാജാക്കളിൽ വെച്ച മഹാചക്രവൎത്തിയും സത്യസന്ധനുമായ ദശരഥന്റെ പ്രഥമപുത്രനായും ശംഖ് ഭരതനായും ചക്രം ശത്രുഘ്നനായും അനന്തൻ ലക്ഷ്മണനായും ഇങ്ങിനെ സഹോദരന്മാരായി അവതരിച്ച കാൎയ്യം നിവൃത്തിക്കാം. ആ അവതാരപുഷ്ടിക്കായ്ക്കൊണ്ടു നിങ്ങൾ എല്ലാവരും മുമ്പെ അവതരിച്ച് ഓരോ സ്ഥാനങ്ങളിൽ വസിപ്പിൻ. വനത്തിൽ വെച്ചകാണാം. മനുഷ്യനാലും വാനരന്മാരാലും അല്ലാതെ രാവണാദികൾ മരിക്കുന്നതല്ല, എന്നു പറഞ്ഞനുഗ്രഹിച്ച ദേവന്മാരെ അയച്ച് താൻ അന്തൎദ്ധാനം ചെയ്തു. അനന്തരം ഭഗവാന്റെ കല്പനപ്രകാരം ഇന്ദ്രാദിദേവകൾ എല്ലാവരും വാനരന്മാരായി അവതരിച്ച വനങ്ങളിലും പൎവ്വതങ്ങളിലും അധിവസിച്ചു.

### ശ്രീരാമസ്വാമിയുടെ തിരു അവതാരം.

ക വി .

മേടമാമതിതിതിനവമിമീൻകഴെ
നീട്ടറമാലെകൎക്കടകനീതിശേർ
ഓടെമാകളിറനാനതയരാശികൊ-
ണ്ടാടിനേകാദശദശനാൽവരുച്ചരെ.

ക്ഷത്രിയവംശോത്ഭവനായ ദശരഥചക്രവൎത്തിക്കു അറുപതിനായിരം വയസ്സായിട്ടും സന്തതിയില്ലാതെ സന്തത്യഭാവം വന്നു വ്യസനിച്ച്, തന്റെ അഭാവകാലത്ത് രാജശ്രീകം വഹിപ്പാൻ സന്താനങ്ങളില്ലല്ലോയെന്നു സങ്കടപ്പെട്ട്, തന്റെ കുലഗുരുവായ വസിഷ്ഠനോട് വൃത്താന്തങ്ങളെ കേൾപ്പിച്ചു, സന്തത്യൎത്ഥം വേണ്ടുന്ന മാൎഗ്ഗങ്ങളെന്തെന്നു ചോദിക്കുകയും വസിഷ്ഠമഹൎഷി അതിന്നു മറുപടിയായി നമുക്ക് പുത്രകാമേഷ്ടി എന്നയാഗം തുടങ്ങണം. എന്നാൽ നിവൃത്തി ഉണ്ടാകും, എന്നു തീൎച്ചപ്പെടുത്തുകയും ആയതിലേക്കു ഋശ്യശൃംഗമഹൎഷിയെ വരുത്തി അദ്ദേഹത്തെ യാഗത്തിന്നു ഹോതാവായി നിശ്ചയിച്ച് യാഗം ചെയ്യിക്കേണമെന്നു തീൎച്ചപ്പെടുത്തി വേണ്ടുന്ന സംഭാരങ്ങളെയെല്ലാം ഒരുക്കി യാഗം തുടങ്ങി. ആ യാഗമുഖത്തിൽനിന്നു ഒരു ഭൂതം പായസംകൊ

ണ്ടുവന്നു കൊടുക്കുകയും ആയതിനെ തന്റെ പത്നിമാരായ കൈകേയി, കൌസല്യ, സുമിത്ര എന്നവൎക്കു കൊടുക്കുകയും അവർ ഭുജിച്ചു ഗൎഭം ധരിക്കുകയും മേടമാസം നവമി പക്കം പുണർതം നക്ഷത്രം ഉച്ചത്തിൽ അഞ്ചു ഗ്രഹങ്ങളും പതിനൊന്നിൽ നാലു ഗ്രഹങ്ങളുമായുള്ള ശുഭലഗ്നത്തിൽ കൌസല്യാഗൎഭത്തിൽ നിന്നു ശ്രീനാരായണസ്വാമി അവതരിക്കുകയും,സുമിത്രയുടെ ഗൎഭത്തിൽ നിന്നു ലക്ഷ്മണൻ ശത്രുഘ്നൻ അവതരിക്കുകയും, കൈകേയിയുടെ ഗൎഭത്തിൽ നിന്നു ഭരതൻ അവതരിക്കുകയും ഇങ്ങിനെ മൂന്നു പത്നിമാൎക്കു നാലു പുത്രന്മാർ അവതരിച്ചതിന്നു ശേഷം പഞ്ചവയസ്സിൽ പള്ളിക്കൂടത്തിൽ വെച്ചു ഗുരുവായ വസിഷ്ഠമഹൎഷിയുടെ അടുക്കൽനിന്നു, അക്ഷരവിദ്യ ആയുധവിദ്യ മുതലായ വിദ്യകളെ ജലപ്രായമായി പഠനം ചെയ്തു വിദ്യാപാരംഗതന്മാരായിത്തീരുകയും, ഈ വിവരങ്ങളെയെല്ലാംഅറിഞ്ഞു വിശ്വാമിത്രമഹൎഷി അയോദ്ധ്യയിൽവന്നു ദശരഥമഹാരാജാവെക്കണ്ടു, ഹേ രാജൻ!ഞാൻ സിദ്ധാശ്രമത്തിൽ വെച്ചു ഒരു യാഗം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു. ആ യാഗരക്ഷക്കു നിന്റെ പുത്രന്മാരായ രാമലക്ഷ്മണന്മാരെ അയച്ചുതരേണമെന്നു പറഞ്ഞതിനെ കേട്ടു ദശരഥൻ, ശരണം മഹൎഷിയെ! എന്റെ പുത്രന്മാർ വളരെ ചെറുപ്പമാണ്. ധനുൎവ്വേദസാധകം നല്ലവണ്ണം ആയിട്ടില്ല. ആയതുകൊണ്ടു ഞാൻ വന്നു യാഗരക്ഷ ചെയ്തുതരാം. എന്നു പറഞ്ഞതിനെ കേട്ടു വിശ്വാമിത്രൻ അല്ലയോ ദശരഥനേ! എന്റെ സ്വഭാവം മനസ്സിലാക്കണം. ക്രോധത്തിൽ രുദ്രനും എനിക്കു ശരിയല്ല. ഓൎമ്മവെക്കുണം. എന്നു പറഞ്ഞതിനെ കേട്ടു വസിഷ്ഠൻ, ഹേ ദശരഥൻ! തടസ്ഥം പറയരുതു്. രാമലക്ഷ്മണന്മാരെ അയക്കുക. പലകാൎയ്യങ്ങളും ഈ യാത്രയിൽ ഗുണം വരുവാനുണ്ടു്. എന്നു പറകയും ആ ഗുരുവാക്യത്തെകേട്ടു പുത്രന്മാരായ രാമനെയും ലക്ഷ്മണനെയും മഹൎഷി ഒരുമിച്ചു അയച്ചുകൊടുക്കുകയുംചെയ്തു. മഹൎഷി സന്തോഷിച്ചു ദശരഥാത്മജന്മാരെക്കൂട്ടി പോകുന്ന മാൎഗ്ഗമദ്ധ്യേ ദാഹമോഹാദികൾ ബാധിക്കാതിരിപ്പാൻ ബല എന്നും അതിബല എന്നും രണ്ടു മന്ത്രങ്ങളെ രാമലക്ഷ്മണന്മാൎക്കു ഉപദേശിച്ചു.

## താടകാസംഹാരം.

### കവി.

പാരമോടാത്തുനീടാതെനമ്പാലതെ
ശൂരമോടാത്തുകൂടാതരൊസൂരിയൻ
തേരമോടാത്തുമാമാകമീതേറിനൽ
കാറമോടാത്തുനൽകാലുമോടാതരൊ.

അനന്തരം പാലവനത്തിൽ എത്തിയപ്പോൾ വിശ്വാമിത്രൻ ഹേ രാഘവ! ഈ വനത്തിന്നു പാലവനം എന്നാണുപേർ. ഇതിൽ ഉഷ്ണാധിക്യത്താൽ ഭൂമിദേവിയും സഞ്ചരിക്കുകയില്ല. ഇതിലെ വനദേവതയെന്ന ദുൎഗ്ഗ ഒരു ദിക്കിൽ തന്നെ നില്പാൻ പാടില്ലാതെയും ഈ വനത്തെ വിട്ടുപോവാൻ പാടില്ലാതെയും ചുററി സഞ്ചരിച്ചുംകൊണ്ടേയിരിക്കും. എന്നു തന്നെയല്ല സൂൎയ്യന്റെ രഥം നേരിട്ടു ഉപരിമാൎഗ്ഗമായും വരുന്നതല്ല. വന്നാൽ ദഹിച്ചുപോകും. കാൎമ്മേഘങ്ങളും ഇവിടെ വൎഷിക്കുകയില്ല. വായുവും സഞ്ചരിക്കുകയില്ല. ഇത്ര കഠിനമായ പാലവനത്തിൽ പതിനായിരംമത്തഗജത്തിന്റെ ശക്തിയോടുകൂടിയ താടക എന്ന ഒരു രാക്ഷസി വസിക്കുന്നുണ്ട്. അതാ കാണുന്ന പൎവ്വതാകാരമായി കൂടികിടക്കുന്നതു മഹൎഷികളെയും മററുള്ളവരെയും പിടിച്ചു ഭക്ഷിച്ചതിനാൽ കാണുന്ന അസ്ഥികളാണ്. ഇവളെക്കൊണ്ടു യാതൊരു യാഗാദിഹോമങ്ങളും തുടങ്ങുവാൻ നിവൃത്തിയില്ല. മഹാപാതകിയാണ്. അവളെ നീ വധിക്കണം. സ്ത്രീവധം ചെയ്യാമൊ എന്നു ഇവളുടെ വിഷയത്തിൽ ശങ്കിക്കേണ്ടുന്നാവശ്യമില്ല. എന്നതിനെ കേട്ട് അങ്ങിനെ ഉള്ള താടകയെ ഒന്നു കാണ്മാൻ മാൎഗം എന്താണെന്നു രാമൻ ചോദിക്കുകയും കയ്യിലുള്ള വില്ലിനെ ജ്ഞാണധ്വനി ചെയ്യാൽ ആ ശബ്ദം കേട്ടമാത്രത്തിൽ ലോകം നടുങ്ങുമാറ് അട്ടഹാസം ചെയ്തു നേരിട്ടുവരും എന്നു മഹൎഷി പറഞ്ഞതിനെ കേട്ടു രാമൻ വില്ലിനെ ആകൎണ്ണാന്തം വലിച്ചു ഞാണേററി ശിഞ്ജധ്വനി ചെയ്കയും അതു കേട്ടു ബ്രഹ്മാണ്ഡം നടുങ്ങുമാറ് സിംഹഗൎജ്ജനം ചെയ്തു മഹാവൃക്ഷങ്ങളെ പറിച്ചെടുത്തു നേരിട്ടു വരുന്നതിനെക്കണ്ടു ഭഗവാൻ

പുഞ്ചിരിയോടുകൂടി അസ്ത്രംതൊടുക്കുകയും രാമസായകം ഏററു താടക വീഴുകയും ഇന്ദ്രാദികൾ പുഷ്പവൃഷ്ടി ചെയ്കയും ചെയ്തു.

## വിശ്വാമിത്രയാഗരക്ഷ.

വിശ്വാമിത്രൻ അത്യന്തം സന്തോഷിച്ച സിദ്ധാശ്രമത്തിലെത്തി യാഗം തുടങ്ങുകയും താടക മരിച്ചവിവരം പുത്രന്മാരായ സുബാഹു മാരീചൻ മുതലായവർ അറിഞ്ഞു രണ്ടു വെള്ളപ്പടയോടുകൂടിവന്ന് ആകാശവീഥിയിൽനിന്ന് അനേകം മാംസഖണ്ഡങ്ങളെയും രക്തവൃഷ്ടിയെയും ചെയ്യുന്നതിനെ ഭഗവാൻ കണ്ട് സുബാഹുവേയും പടകളെയും നിഗ്രഹിക്കുകയും മാരീചൻ മാൻവേഷമെടുത്തു ഓടുകയും രാമശരം വിടുന്നതല്ലെന്നു കണ്ടു മടങ്ങി ഭഗവാനെ വന്ന് ശരണം പ്രാപിക്കുകയും ധർമ്മത്തിന്നായി മാരീചനെ വിട്ടയക്കുകയും ചെയ്തു! ആയതിന്നുശേഷം യാഗരക്ഷചെയ്തു വിദേഹരാജ്യമെന്ന മിഥിലയിൽ വേളിയുണ്ടെന്നു കേട്ട് അതു കാണ്മാൻവേണ്ടി വിശ്വാമിത്രനോടുകൂടി രാമലക്ഷ്മണന്മാർ പുറപ്പെടുകയും ചെയ്തു.

## അഹല്യാമോക്ഷം.

പോകുന്ന മാർഗ്ഗത്തിൽ ഭഗവാൻെറ പാദസ്പർശനത്താൽ ശിലയായി കിടന്നിരുന്ന അഹല്യ ശാപം തീൎന്ന് ഭഗവാനെ വന്നു നമസ്കരിക്കുകയും ചെയ്തു. ഇങ്ങിനെ വരുവാനുള്ള സംഗതിയെന്തെന്നു ചോദിച്ചതിന്നു വിശ്വാമിത്രൻ, രാഘവ! പണ്ടു ദേവനാഥനായ ഇന്ദ്രൻ അഹല്യയെ പ്രാപിക്കുകയും ആയതറിഞ്ഞു അഹല്യയുടെ കണവനായ ഗൌതമൻെറ ശാപത്താൽ ഇങ്ങിനെ വന്നതാണ്. എന്നു പറഞ്ഞു അവിടെനിന്നു പുറപ്പെട്ടു മിഥിലക്കു പോകുകയും ജാനകി വസിക്കുന്ന കന്യകാമാടത്തിന്നരികെ ഗോപുരത്തൂടെ രാജധാനിക്കു കടക്കുന്നവരെയെല്ലാം കാണ്മാനായി കന്യകാമാടത്തിൽ ഒരു വിശാലദർപ്പണം പതിച്ചിരിക്കുന്നതിൽ, ഭഗവാൻ തടാകത്തിൽ ഇറങ്ങി മുഖക്ഷാളനം ചെയ്യുന്നതിനെ കാണു

കയും ആരാണിതെന്നറിവാനായി ജാനകി പങ്ങി കിളിവാതിലൂടെ അധോമുഖമായി നോക്കിയപ്പോൾ ജാനകിയുടെ മുഖം ജലത്തിൽ പ്രതിഫലിച്ചു കാണുകയും അപ്പോൾ ഭഗവാൻ ഊർദ്ധ്വമുഖമായി നോക്കുകയും ഇങ്ങിനെ രണ്ടാളുടെ നോക്കും ഒരവസരത്തിലായതു കൊണ്ടു തമ്മിൽ അന്യോന്യം മനസ്സിലാക്കി സന്തോഷിക്കുകയും ചെയ്തു. രാമൻ അവിടെനിന്നു രാജധാനിയിലേക്കു വന്നതിനെ ജനകരാജാവു കണ്ടു അതിവേഗത്തിൽ വന്നു വിശ്വാമിത്രമഹർഷിയെ ശരണംപ്രാപിച്ചു ആസനമിട്ടിരുത്തി ഈ രാജകുമാരന്മാരേതാണെന്നു ചോദിച്ചതിന്നു മഹർഷി പറയുന്നു.

ചാപഭഞ്ജനം.

ഇവർ അയോദ്ധ്യാവാസിയായ ദശരഥരാജാവിൻെറ പുത്രന്മാരാണ്. ശ്രീരാമനെന്നും ലക്ഷ്മണനെന്നുമാണ് ഇവരുടെ പേർ. ശ്രീരാമൻ ദശരഥരാജാവിൻെറ സീമന്തപുത്രനും ലക്ഷ്മണൻ മൂന്നാമത്തെ പുത്രനുമാണ്. ഞാൻ ദശരഥരാജാവിനോടപേക്ഷിച്ചതിനാൽ എൻെറ യാഗരക്ഷക്കായിട്ട് ഇവരെ എൻെറ കൂടെ അയച്ചിട്ടുള്ളതാണ്. അല്ലാതെ മിഥിലക്കായിട്ടതന്നെ പുറപ്പെട്ടിട്ടുള്ളവരല്ല. എൻെറ യാഗരക്ഷക്കായി സിദ്ധാശ്രമത്തിലേക്കു പോരുംവഴിക്ക്, ദുഷ്ടയായ താടകയെകൊന്നത് ഈ രാമനാണ്. അനന്തരം സിദ്ധാശ്രമത്തിൽ പ്രവേശിച്ച് എൻെറ യാഗവിഘ്നത്തിന്നായി വന്ന സുബാഹുവിനെയും അവൻെറ അനുചരന്മാരായ അനേകം അസുരന്മാരേയും കൊന്നും മാരീചന്നു അഭയംകൊടുത്തും എൻെറ യാഗത്തെ രക്ഷിച്ചു. അതിന്നുശേഷം മിഥിലാരാജ്യത്തിൽ ചാപഭഞ്ജനമുണ്ടെന്നു കേൾക്കുകയാൽ അതു കാണ്മാനായി ഇവിടേക്കു പുറപ്പെട്ടതാണ്. വരുംവഴിയിൽ, ശാപത്താൽ കല്ലായിക്കിടന്നിരുന്ന അഹല്യയെ, ഈ ശ്രീരാമൻ തൻെറ പാദസ്പർശത്താൽ, ശാപംതീർത്തു പരിശുദ്ധയാക്കി അയച്ചു. ഇപ്രകാരം അചിന്ത്യപ്രഭാവന്മാരായ ഈ രാമലക്ഷ്മണന്മാർ ഇപ്പോൾ നിങ്ങളുടെ അതിഥികളായി വന്നതു നിങ്ങളുടെ പുണ്യാതിരേകത്താലാ

ണെന്നതിന്നു സംശയമില്ല. എന്നാൽ ഇവിടെയുള്ള വില്ല് ഈ രാഘവന്റെ ഭുജപരാക്രമത്തിന്ന് ഈടാകുമോ എന്നു പരീക്ഷിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ ഹേ മഹാരാജാവെ! ആ വില്ലു സഭയിലേക്കു കൊണ്ടുവരുവാനായി കല്പന കൊടുത്താലും. ഇതു കേട്ടു മിഥിലാരാജാവു സന്തോഷഭരിതനായിട്ട് ആ വില്ലു വരുത്തുവാനായി മന്ത്രിയോടു ആജ്ഞാപിച്ചു. ഉടനെ മന്ത്രിയുടെ കല്പനപ്രകാരം അറപതിനായിരം ഭടന്മാർകൂടി താങ്ങിപ്പിടിച്ചുട്ടുത്തുംകൊണ്ട് ആ വില്ലു സഭയിൽ കൊണ്ടുവന്നുവെച്ചു. ശ്രീരാമൻ വില്ലുകുലെയ്ക്കുന്നതു കാണ്മാനായി, രാജകുമാരന്മാർ മുതലായ അനേകം ആളുകൾ അതിജാഗ്രതയോടെ നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. എങ്കിലും ഭഗവാൻ തന്റെ ഇടത്തുകൈകൊണ്ടു വില്ലെടുത്തു; കുലച്ചതു എപ്പോഴാണെന്നും മുറിച്ചതു എപ്പോഴാണെന്നും ആൎക്കും കാണ്മാൻ സാധിക്കാത്തവിധം അത്ര നിമിഷത്തിൽ വില്ലു രണ്ടു കഷണമാക്കിത്തീൎത്തു. വില്ലു മുറിഞ്ഞ അതിഘോരമായ ശബ്ദംമാത്രം എല്ലാവരും കേട്ടതേയുള്ളു.

## സീതാപാണിഗ്രഹണം.

വില്ലു മുറിച്ചതിന്നശേഷം, ജാനകി ഒരു മാല എടുത്തു കൊണ്ടുവന്നു ശ്രീരാമന്റെ കഴുത്തിൽ അണിയിച്ചു. അനന്തരം അതിരില്ലാത്ത സന്തോഷത്തിൽ മുങ്ങിയവനായ ജനകരാജാവു ഈ വിവരങ്ങളൊക്കെ പ്രസ്താവിച്ചുംകൊണ്ടു ഒരു കത്തെഴുതി ദശരഥമഹാരാജാവിന്നായി ദൂതന്മാർ വശം അയച്ചു. എഴുത്തു കിട്ടി വിവരം അറിഞ്ഞു സന്തുഷ്ടനായ ദശരഥരാജാവു ഉടനെ സുമന്ത്രൻ മുതലായ മന്ത്രികളോടും, കൈകേയി തുടങ്ങിയ പത്നിമാരോടും ഭരതശത്രുഘ്നന്മാരായ പുത്രന്മാരോടും അനേകപരിവാരങ്ങളോടുംകൂടി പുറപ്പെട്ടു വേഗത്തിൽ മിഥിലരാജ്യത്തെ പ്രാപിച്ചു. ദശരഥരാജാവു പരിവാരസമേതം വന്നതായറിഞ്ഞു ജനകരാജാവു ചെന്നു എതിരേററു കൂട്ടിക്കൊണ്ടുവന്നു സിംഹാസനത്തിലിരുത്തി. ആദരവോടെ അനേകം ഉപചാരങ്ങളെ ചെയ്തു സന്തോഷിപ്പിച്ചു കുശലപ്രശ്നാദികൾ കഴിച്ചതിന്നശേഷം ശ്രീരാമനെക്കൊണ്ടു ആജീ

വനാന്തം പിരിയുകയില്ലെന്നുള്ള സങ്കല്പത്തോടുകൂടി ശുഭമുഹൂൎത്തത്തിൽ ജാനകിയുടെ പാണിഗ്രഹണം കഴിപ്പിച്ചു. ജനകരാജാവിന്റെ മററ കന്യകമാരെ, ഭരതലക്ഷ്മണശത്രുഘ്നന്മാരെക്കൊണ്ടും യഥാക്രമം വിവാഹം കഴിപ്പിച്ചു. അതിന്നുശേഷം അനവധി സ്ത്രീധനങ്ങളെയും കൊടുത്തു ജനകരാജാവ് അവരെയെല്ലാവരെയും അയോദ്ധ്യക്കായി യാത്രയയക്കയും ചെയ്തു. ശ്രീപരമേശ്വരന്റെ ചാപഭഞ്ജനത്തെക്കേട്ടു കോപിഷ്ഠനായ പരശുരാമൻ 'ആരാണ് വില്ലുമുറിച്ചു'തെന്നറിവാനായി അതിദ്രവേഗത്തിൽ പുറപ്പെട്ടു വരുംവഴിക്കു ദശരഥാദികളെ കാണുകയാൽ അവരെ തടുത്തുനിൎത്തിയുംകൊണ്ടു ഭാൎഗ്ഗവരാമൻ ശ്രീരാമനോടു ഇപ്രകാരം പറയുന്നു.

### ഭാൎഗ്ഗവരാമഗൎവ്വശമനം.

പരശുരാമൻ:—ഹേ! നീ ആരാണ്. നിന്നെ നോക്കിയാൽ ഒരു ഭൂപാലനെന്നു തോന്നുന്നുണ്ട്. അതിനാൽ നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

ശ്രീരാമൻ:—അങ്ങയെ നോക്കുമ്പോൾ ഒരു ബ്രാഹ്മണനെന്നു തോന്നുന്നു. അതിനാൽ നമസ്കാരം.

പ—ഹേ ബാല! നീ ഒരു ക്ഷത്രിയരാജകുമാരനല്ലെ? സ്ത്രീയായ താടകയെ നിണക്കു വധിപ്പാൻ പാടുണ്ടോ? സ്ത്രീവധം രാജാക്കന്മാൎക്കു ശാസ്ത്രവിഹിതമാണോ?

ശ്രീ—അങ്ങയെ പെററെടുത്ത മാതാവെ കൊലചെയ്യുവാൻ ഏതു ശാസ്ത്രത്തിലാണ് വിധികണ്ടത്? അങ്ങെ മാതാവെ കൊന്നതു ശാസ്ത്രവിഹിതമാണോ?

പ—ബീജകൎത്താവും എന്റെ പിതാവുമായ ജമദഗ്നിമഹൎഷിയുടെ കല്പന ഒരിക്കലും ലംഘിപ്പാൻ പാടില്ലാത്തതാകയാൽ ഞാൻ അമ്മയെ കൊലചെയ്യുതാണ്.

ശ്രീ—ഗുരുവാക്കിന്നെതൃവാക്കില്ലെന്നു കരുതി, എന്റെ ഗുരുവായ വിശ്വാമിത്രമഹൎഷിയുടെ കല്പനപ്രകാരമാണു ഞാൻ ദുഷ്ടയായ താടകയെ കൊന്നത്

പ—ഒരു നിസ്സാരമായ വില്ലു മുറിച്ചതുകൊണ്ടു നീ ഇത്രയൊന്നും അഭിമാനിക്കേണ്ട. ഓൎമ്മവെക്കണം.

ശ്രീ—അങ്ങ് ഒരു ബ്രാഹ്മണനാണെന്നു കരുതി ഞാൻ ഇപ്പോൾ ക്ഷമിക്കുന്നു. സ്വരം പകൎന്നാൽ നിറം പകരുമെന്നു പ്രത്യേകം ഓൎമ്മവെച്ചു സംസാരിക്കണം. വെറുതെ എന്തിന്നു ശണ്ഠകൂട്ടുന്നു.

പ—നീ ആ വില്ലു മുറിച്ചുവല്ലൊ. ഇതാ ഈ വില്ല് ഒന്നു വളയ്ക്കുക. കാണട്ടെ സാമൎത്ഥ്യം. ബാലനായാലും നിന്റെ വായ്ത്തകൃതി കേമം തന്നെ.

ഇതിനെ കേട്ട ശ്രീരാമൻ ആ വില്ലു വാങ്ങി വളച്ചു ഞാണ്മുറുക്കി അസ്ത്രം അനുസന്ധാനം ചെയ്കയും ഉടനെ അസ്ത്രത്തിന്നു ലക്ഷ്യം എന്തെന്നു പറയേണമെന്നു പരശുരാമനോടാവശ്യപ്പെടുകയും ചെയ്തു.

പരശുരാമൻ—അസ്ത്രത്തിന്നു യാതൊരു ലക്ഷ്യവും കാണുന്നില്ല. ഞാൻബുദ്ധിയില്ലായ്കയാൽ നിന്നോടു പ്രതിവാദിച്ചതാണ്. ഇതുവരെ ഞാൻ ചെയ്ത തപസ്സുകളെല്ലാം നിന്റെ അസ്ത്രത്തിന്നു ലക്ഷ്യമായിത്തന്നിരിക്കുന്നു. എന്നുപറഞ്ഞു തന്നെ അവലംബിച്ചിരുന്ന വിഷ്ണുകലയെ ശ്രീരാമങ്കൽ സമൎപ്പിച്ചു. ശ്രീമാനായ രാമന്റെ അനുമതിയോടുകൂടി പരശുരാമൻ പിന്നെയും തപസ്സിനായിത്തന്നെ പോയി. അനന്തരം ശ്രീരാമൻ മുതലായ എല്ലാവരും അയോദ്ധ്യയിൽചെന്നു സുഖമായിരിക്കുകയും ചെയ്തു.

ബാലകാണ്ഡം സമാപ്തം.

# കമ്പരാമായണകഥാമൃതം.

## അയോദ്ധ്യാകാണ്ഡം.

ഇങ്ങിനെ ശ്രീരാമനും ൧൨ാം പന്ത്രണ്ടു കൊല്ലത്തോളം അയോദ്ധ്യയിൽ സുഖമായി താമസിച്ചു. അതിന്നുശേഷം ശ്രീരാമന്നായി രാജ്യാഭിഷേകം ചെയ്യണമെന്നു നിശ്ചയിച്ചു ദശരഥരാജാവു അതിന്നു വേണ്ടുന്ന സംഭാരങ്ങളെല്ലാം ഒരുക്കുകയും നഗരം മുഴുവനും അലങ്കരിപ്പിക്കയും അമ്പത്താറു രാജാക്കന്മാൎക്കും അഭിഷേകപത്രം ദൂതന്മാർ വശം അയക്കുകയും ചെയ്തു. ഈ വിവരങ്ങളെല്ലാം അറിഞ്ഞു മന്ഥര, ശുഭമുഹൂൎത്തത്തിൽ അഭിഷേകം കഴിച്ചു രാജാവായി സിംഹാസനത്തിൽ ഇരിപ്പാൻ പോകുന്ന രാമനെ, അതിന്നു വിഘ്നംവരുത്തി കാട്ടിലേക്കയക്കണമെന്നും, കൈകേയീപുത്രനായ ഭരതനെ രാജ്യാഭിഷേകം ചെയ്യിക്കണമെന്നും വിചാരിച്ചു, അതിന്നുള്ള കൌശലത്തെ ചിന്തിച്ചുകൊണ്ടു കൈകേയിയുടെ അടുക്കൽ ചെന്നു ഇപ്രകാരം പറയുന്നു.

### പട്ടാഭിഷേകവിഘ്നം.

കവി.

അന്തകരണിയുരമമലെവാനവർ
പെന്നകരിയൽവനപ്പൊലിയുമെവയിൽ
ഇന്നൽശെയിരാവണനിഴെത്തതീമെപോൽ
തന്നറംകൊടുമനക്കുനിതോൻറിനാൾ.

മന്ഥര പറയുന്നു:—ഹേ കൈകേയീ! നീ കഥയൊന്നും മനസ്സിലാക്കീട്ടില്ലെന്നു തോന്നുന്നുണ്ടല്ലോ. കൌസല്യാപുത്രനായ രാമന്നു നാളെ പട്ടാഭിഷേകമാണത്രെ. നിന്റെ മകൻ ഭരതൻ എവിടെ. നിന്റെ മകൻ ഇവിടെ ഇല്ലാത്ത തരം നോക്കിയിട്ടു കൌസല്യ കുസൃതി പറഞ്ഞു അവളുടെ മകന്നല്ലെ അഭിഷേകം നിശ്ചയിച്ചിരിക്കുന്നത്. നിന്റെ മകനെ സന്ന്യാസിയാക്കി നാട്ടിൽനിന്നയപ്പാനാണൊ ഭാവം. രാമൻ രാജാവായാൽ പിന്നെ നിന്റെ

മകന്നു ഈ ജന്മം പട്ടം കിട്ടുമൊ. ഭരതൻ സന്ന്യാസിയാവണം. അതിരിക്കട്ടെ. നീ കൌസല്യയുടെ വെള്ളാട്ടിയുമാവണം. കഷ്ടം! നീ ഇത്ര വിഡ്ഢിയാണൊ. ദശരഥരാജാവിന്നു മററുള്ള ഭാൎയ്യമാരെക്കാളധികം സ്നേഹം നിന്നിലാണെന്നു നീ നടിച്ചിട്ടു എന്താണ് ഫലം. ഇപ്പോൾ കാൎയ്യം എങ്ങിനെ വന്നു. ഇതൊക്കയും ഇതിന്നു മുമ്പും ഞാൻ നിന്നോടു പറയാറില്ലെ. അല്ലയോ കൈകേയീ! രാമൻ രാജാവായാൽ പിന്നെ സൎവ്വ അധികാരവും അവന്നായി. കൌസല്യ രാജധാനിയിലെ കുടുംബകാൎയ്യങ്ങൾക്ക എല്ലാം ചുമതലക്കാരിയുമായി. നിന്റെ ഭൎത്താവിന്നു വാൎദ്ധക്യം മൂഴ്ത്തു. കാട് വാ, വീട് പോ എന്നുള്ളകാലമായി. ഇവയൊന്നും ആലോചിക്കാതെ വിഡ്ഢിയായിരിപ്പാനാണൊ നീ ഭാവിച്ചിരിക്കുന്നത്. കഷ്ടമെന്നേ ഞാൻ പറവാൻ കാണുന്നുള്ളു. അതുകൊണ്ടു ഞാൻ ഒരു യുക്തി പറഞ്ഞുതരാം. എന്തെന്നാൽ:—നീ പണ്ട് നിന്റെ കണവനോടു രണ്ടു വരം, ആവശ്യപ്പെട്ടപ്പോൾ തരണമെന്നുപറഞ്ഞു നിൎത്തിവെച്ചിട്ടുണ്ടല്ലോ. അതു ഈ അവസരത്തിൽ ആവശ്യപ്പെടുക. അവയിൽ ഒന്നു പതിന്നാലുവൎഷം രാമൻ കാട്ടിൽ പോയി പാൎപ്പാനും മറെറാന്നു ഭരതന്നു രാജ്യാഭിഷേകം ചെയ്യാനുമായി കണവനോടു പറയുക. കാൎയ്യങ്ങളെല്ലാം ശുഭമായി വരുന്നതിന്നു മുമ്പായി കാക്കാഞ്ഞാൽ വരുമ്പൊഴെങ്കിലും കാക്കേണ്ടയൊ? വന്നതിൽപിന്നെ ആലോചിച്ചിട്ടു വല്ല ഫലവുമുണ്ടൊ? എന്നും മററും ഏഷണികളും യുക്തികളും പറഞ്ഞു കൈകേയിയുടെ മനസ്സിനെ ഒരു വിധം ഇളക്കി അങ്ങിനെതന്നെ എന്നു സമ്മതിപ്പിച്ചു ഒരു രത്നമാല സമ്മാനമായി വാങ്ങി മന്ഥര പോവുകയും ചെയ്തു. അനന്തരം കൈകേയി മന്ഥര പറഞ്ഞതിനെ വീണ്ടും ആലോചിച്ചു യഥാൎത്ഥമായ കാൎയ്യമാണു മന്ഥര പറഞ്ഞതെന്നുറച്ചു അത്യന്തം വ്യസനിച്ചു പള്ളിയറയിൽ ചെന്നുകിടന്നു. ദശരഥരാജാവു വന്നു പത്നിയോടായി, അല്ലയോ പ്രിയെ! എന്താണിങ്ങിനെ വലിയമനോവേദനയോടെ കിടക്കുന്നതെന്നു ചോദിച്ചതിനെ കേട്ടു കൈകേയി പറയുന്നു. അടുക്കുമ്പോഴെ ആളുകളുടെ സ്വഭാവം അറിവാൻ കഴികയുള്ളു. എന്റെ മകനെ രാജ്യത്തിൽ നിന്നയച്ചു ആ അവസ

രത്തിൽ കൌസല്യാപുത്രനായ രാമന്നു രാജ്യാഭിഷേകം ചെയ്യേണമെന്നല്ലെ അങ്ങയുടെ വിചാരം. കാൎയ്യമെല്ലാം കൌസല്യക്കും കപടമെല്ലാം എനിക്കും എന്നാണല്ലോ കാണുന്നതു. അതു എന്തായാലും വേണ്ടതില്ല. ആവശ്യപ്പെട്ടപ്പോൾ തരാമെന്നു നിശ്ചയം ചെയ്തു പണ്ടു എനിക്കായി രണ്ടുവരം തന്നിട്ടുള്ളതു ഇപ്പോൾ തരണമെന്നാണു എന്റെ അപേക്ഷ. ഇതുകേട്ടു ദശരഥരാജാവു, അല്ലയോ പ്രിയെ! നിന്റെമകൻ നിന്റെ അച്ഛന്റെ രാജധാനിയിലേക്കല്ലെ പോയിരിക്കുന്നതു. അതു സാധാരണയല്ലെ. അതിന്നെന്തു വേണം. വരുന്നതിന്നായി വിവരം അറിയിച്ചിട്ടുണ്ടല്ലോ. അതിന്നാണോ നീ വ്യസനിക്കുന്നതു. രാമന്റെ പട്ടാഭിഷേകസമയത്തു ഭരതൻ ഇവിടെ എത്തുമല്ലോ. ആവട്ടെ, ആവശ്യപ്പെട്ടപ്പോൾ വരം തരുന്നതാണെന്നുള്ള നിശ്ചയത്തിന്നു ഞാൻ വല്ല വിഘ്നവും വരുത്തീട്ടുണ്ടോ. എന്നു പറഞ്ഞതിനെക്കേട്ടു കൈകേയി പറയുന്നു. എനിക്കു വേണ്ടുന്ന വരം എന്തെന്നുവെച്ചാൽ എന്റെ മകനായ ഭരതന്നു രാജ്യാഭിഷേകം ചെയ്കയും രാമനെ പതിന്നാലു സംവത്സരത്തേക്കു കാട്ടിലാക്കുകയും വേണം ഇതാണു. എന്നിങ്ങിനെ കൈകേയി പറഞ്ഞതുകേട്ടു രാജാവു, എടീ! എന്താണിങ്ങിനെ പറയുന്നതു കലി ബാധിച്ചുവോ? ഒരു നാഴികയെങ്കിലും മൂത്തവന്നല്ലെ രാജ്യാഭിഷേകം ചെയ്യേണ്ടതു. അതല്ലെ ക്ഷത്രിയധൎമ്മം. ധൎമ്മം വിട്ടു നടക്കുന്നതു മനുസ്മൃതിക്കു വിരോധവും ലോകാപവാദജനകവുമല്ലെ? അങ്ങിനെ നീ പറയുന്നതു കഷ്ടമല്ലെ? നിന്റെ മകനായ ഭരതനേയും രാമനേയും നിണക്കു ഭേദം വിചാരിപ്പാൻ പാടുണ്ടോ? ഇതുകേട്ടു കൈകേയി ദശരഥരാജാവിന്റെ നേരെ നോക്കീട്ടു ഇപ്രകാരം പറയുന്നു. അല്ലയോ രാജാവെ! സ്മൃതിയിൽ സത്യവിരോധം ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടോ? സത്യത്തെ രക്ഷിപ്പാൻവേണ്ടി നിന്തിരുവടിയുടെ പൂൎവ്വന്മാർ എന്തെല്ലാം കഷ്ടങ്ങൾ അനുഭവിച്ചിരുന്നു. നിന്തിരുവടിയുട പൂൎവ്വികനായ നിമിയെന്ന ചക്രവൎത്തി ഒരു പക്ഷിയെ രക്ഷിപ്പാൻവേണ്ടി വേടന്നു തന്റെ ശരീരത്തിലുള്ള മാംസങ്ങളെ കത്തികൊണ്ടരുത്തു ദാനം ചെയ്തില്ലയോ? അത്രതന്നെയല്ല ഹരിശ്ചന്ദ്രനെന്ന മഹാരാ

ജാവു സത്യത്തെ രക്ഷിപ്പാൻവേണ്ടി തന്റെ ഭാൎയ്യയെ ഒരു അന്യ ന വില്ക്കുകയും താൻ ഒരു ചണ്ഡാലന്ന അടിമയായി ഇരിക്കുകയും ചെയ്തില്ലയോ? ഇവയെല്ലാം സത്യത്തെ രക്ഷിപ്പാൻ വേണ്ടി ആ യിരുന്നില്ലേ? നിന്തിരുവടിയും ആ ഗോത്രത്തിൽജനിച്ചവനല്ലയോ? പിന്നെ എന്താണ സത്യത്തിന്നു വിരോധമായ വാക്യത്തെപ്പറയു ന്നതു്. ഇതിനെക്കേട്ടു ദശരഥരാജാവു, അല്ലയോ പ്രിയെ! നി ന്റെ വാക്ക ഏററവും ക്രൂരമായിരിക്കുന്നുവല്ലൊ. എങ്കിലും നി ന്റെ മകന്നു രാജ്യാഭിഷേകം ചെയ്യാം. രാമനെ കാട്ടിലേക്കയക്കേ ണമെന്നുണ്ടോ? രാമൻ എന്റെ പ്രാണതുല്യനാണ്. അവനെ കാട്ടിലേക്കയച്ചാൽ ഞാൻ ജീവിച്ചിരിക്കുമെന്നു നീ വിചാരിക്കേ ണ്ട. എന്നും മററും പലതരത്തിലും പറഞ്ഞതു കൈകേയി കേവ ലം നിരസിച്ചതിനാൽ ദശരഥരാജാവു വ്യസനാക്രാന്തനായി ബോധംകെട്ടു ഭൂമിയിൽ വീഴുകയും ചെയ്തു. അനന്തരം കൈകേ യി ആളയച്ചു രാമനെ വരുത്തി ഇപ്രകാരം പറഞ്ഞു. ഹേ രാഘ വ! നീ പതിന്നാലു സംവത്സരം കാട്ടിൽപോയി താമസിക്കേണ മെന്നു നിന്റെ അച്ഛൻ കല്പിച്ചിരിക്കുന്നു. ഇതു നിന്റെ അച്ഛ നായ ദശരഥരാജാവു പറയുന്നതിന്നു പകരമാണ ഞാൻ പറയു ന്നത്. ഇതുകേട്ടു ശ്രീരാമൻ, ഹേ കൈകേയിമാതാവെ! എനിക്ക തു അത്യന്തം സന്തോഷംതന്നെ. അച്ഛന്റെ കല്പന എന്തുത ന്നെയായാലും അതു ചെയ്യേണ്ടതു മക്കളുടെ ചുമതലയാണ്. രാജ്യ ത്തെ രക്ഷിക്കുന്നതിന്നു ഭരതനും, കാട്ടിൽ വസിക്കുന്നതിന്നു ഞാ നും പ്രാപ്തനാണ്. നാട്ടിൽ വസിക്കുന്നതിനാൽ ഇഹലോകസുഖ വും കാട്ടിൽ വസിക്കുന്നതുകൊണ്ടു പരലോകസുഖവും അനുഭവി പ്പാനിടയാകുന്നതാണ്. പരലോകസുഖത്തെ ആഗ്രഹിക്കുന്നവ നായ എനിക്ക അതിന്നുപയുക്തമാം മാൎഗ്ഗത്തെത്തന്നെ കല്പിച്ചതു മാതാവിന്നു എന്നെക്കുറിച്ചുള്ള വാത്സല്യാതിരേകത്താലാണെന്ന തിന്നു സംശയമില്ല.

കൌസല്യയായ എന്റെ പെററമ്മകൂടി എനിക്ക ഇത്രയും നന്ദിചെയ്യുമോ എന്നു സംശയമാണ്. എന്നിങ്ങിനെ പറഞ്ഞ് ശ്രീരാമൻ കൌസല്യയുടെ ഗൃഹത്തിൽ പ്രവേശിച്ച് കൌസല്യ

യോടു വിവരങ്ങളെല്ലാം പറഞ്ഞു. അതു കേട്ട് ദുഃഖപരവശയായ കൌസല്യ മകനെ നോക്കി:—അല്ലയോ മകനേ! കൈകേയിയുടെ മകൻ രാജാവായി ഇരുന്നുകൊള്ളട്ടെ അതിന്നു വിരോധമില്ല. അങ്ങിനെയായാൽ നീ കാട്ടിലേക്കു പോകേണമെന്നുണ്ടോ. എന്റെ രാമനേ! നീ എങ്ങിനെ പതിനാലു സംവത്സരം കാട്ടിൽ താമസിക്കും. നിന്നെ പിരിഞ്ഞാൽ ഞാൻ പ്രാണനോടുകൂടി ഇരിക്കുമോ? ഇപ്പോൾതന്നെ നിന്റെ മുഖം ഒന്നുകൂടി നോക്കി ഞാൻ പ്രാണനെ ഉപേക്ഷിച്ചുകളയാം. എന്ന് പറഞ്ഞ് കൌസല്യ രാമനെപ്പിടിച്ച് മാറത്തണച്ച് ആലിംഗനം ചെയ്തു കരയുന്നതുകണ്ടു ശ്രീരാമൻ ഇപ്രകാരം പറയുന്നു. ഹേ മാതാവെ! ദുഃഖിക്കരുത്. ഞാൻ വനത്തിലേക്കു പോയ്വരട്ടെ. പതിനാലു സംവത്സരം പതിനാലു ദിവസംപോലെ കഴിച്ച് ഞാൻ എത്രയും വേഗത്തിൽ വന്നുകളയാം. നിങ്ങൾ ഒരിക്കലും ദുഃഖിക്കരുത്. മാതൃവാക്യം വേദവചനമാണ്. എന്നുതന്നെയല്ല ഞാൻ പോയില്ല എങ്കിൽ അച്ഛന്റെ വാക്കിന്നു സത്യഭംഗം സംഭവിക്കുകയും ചെയ്യും. അതു ഒരിക്കലും വരുത്തുവാൻ പാടുള്ളതല്ലല്ലൊ. പരശുരാമൻ അച്ഛന്റെ വാക്കിനാൽ മാതാവിനെ കൊന്നില്ലയോ? ഞാൻ പോയില്ല എങ്കിൽ രാജ്യഭാരം ഭരതന്നു അല്ലെന്നു വരുമോ? പിന്നെ ഞാൻ ഇവിടെ താമസിച്ച് അച്ഛന്റെ വാക്കിന്നു സത്യഭംഗം വരുത്തുന്നതെന്തിന്നു? പണ്ട് സഗരന്മാർ പതിനാറായിരം പേരും അച്ഛന്റെ വാക്കിന്നുവേണ്ടി പ്രാണനെ ഉപേക്ഷിച്ചില്ലയോ? അച്ഛന്റെ വാക്കിനാൽ തപസ്സ ചെയ്യുന്നത് എനിക്കു പ്രയാസമുള്ളതാണോ? അതുകൊണ്ടു നിങ്ങൾ അശേഷം ദുഃഖിക്കരുത്. അച്ഛനെ നല്ലവണ്ണം രക്ഷിക്കണം എന്നും മററും പറഞ്ഞ് കൌസല്യയെ ഒരുവിധം ആശ്വസിപ്പിച്ചു. അതിന്നുശേഷം സുമിത്രയുടെ അടുക്കൽചെന്നു നമസ്കരിച്ചു വിവരം പറഞ്ഞു. ഇതിനെ കേട്ടിരുന്ന ലക്ഷ്മണൻ വില്ലെടുത്ത് ചാടി ക്രോധിച്ചുപറയുന്നു. ആഹാ! അങ്ങിനെ ഉണ്ടൊ ഒരു കാൎയ്യം. ജ്യേഷ്ഠനെ വനത്തിലേക്കു ആട്ടിക്കളഞ്ഞ് അനുജൻ രാജാവായിരിക്കുന്നതു ആക്കുട്ടത്ത മൎയ്യാദയാണ്. ഒരിക്കലും പാടില്ല. രാജ്യം ഭരതന്നു കൊടുക്കണം എന്നു

തന്നെയല്ല ജ്യേഷ്ഠൻ വനത്തിലേക്ക പോവുകയും വേണം. ആരുടെ നിശ്ചയമാണിത്. അച്ഛനങ്ങിനെ കൊടുക്കുന്നതല്ല. ഭരതനെ ഞാൻ നാട്ടിൽനിന്ന ആട്ടുവാനാണ് വിചാരിക്കുന്നത്. ആരാണ് അവന്ന സഹായികൾ എന്നു വെച്ചാൽ വരട്ടെ. മശകം എത്ര പറന്നാലും ഗരുഡനായിത്തീരുമോ. ഇനി ഭരതന്റെ സഹായികളെയും ഭരതനെയും അയോദ്ധ്യയിൽനിന്ന പുറത്താക്കിയതിന്റെ ശേഷമേ വേറെ കാൎയ്യമുള്ളു. എന്ന് ലക്ഷ്മണൻ പുറപ്പെട്ടതിനെക്കണ്ട് ശ്രീരാമൻ പറയുന്നു—

അല്ലയോ ലക്ഷ്മണാ! നിണക്കിത്ര ക്ഷമയില്ലയൊ. അച്ഛന്റെ വാക്കിനെ കീൎത്തിപ്പെടുത്തുന്നവനല്ലെയൊ മകൻ. ഇരുമ്പാണ് അമ്മകൈകേയിയുടെ മനസ്സ്. കാട്ടിൽ പോയി തിരിഞ്ഞുവടക്കട്ടെ എന്നു പറയുവാൻ മനസ്സ വന്നല്ലൊ. കരുമ്പ് കയ്ക്കുന്നു എന്നു വരുന്നത് വായയുടെ ദോഷമല്ലാതെ കരുമ്പിന്റെ ധൎമ്മം അങ്ങിനെയല്ലല്ലൊ. കാലാനുസരണമെന്നല്ലാതെ മറ്റെന്താണ് പറവാനുള്ളത്. അച്ഛനെ സത്യവാനല്ലെന്നാക്കിത്തീക്കാമോ. അമ്മയുടെ വ്രതത്തെ ഭംഗംവരുത്താമോ. ഭരതന്റെ ഭാഗ്യത്തെ ഭേദിക്കാമോ. ലോകവാസികൾക്ക പരിഹാസത്തിന്നിടവരുത്താമോ. ഇപ്പോൾ ഭരതൻ രാജ്യഭാരം വഹിച്ചാൽ മേലിൽ നമുക്ക ആയ്ക്കുടായെന്നുണ്ടോ എന്നും മററം പറഞ്ഞ് ലക്ഷ്മണന്റെ ക്രോധത്തെ ശമിപ്പിച്ചതിന്നുശേഷം മാതാവായ സുമിത്രയും അനേകബുദ്ധികളെ ഉപദേശിച്ച് ജ്യേഷ്ഠനെ രക്ഷിപ്പാനായി നീയുംകൂടെ പോകുക എന്ന് പറഞ്ഞു അനുഗ്രഹിച്ചയക്കുകയും രാമലക്ഷ്മണന്മാർ പുറപ്പെട്ട് ശ്രീരാമൻ അന്തഃപുരത്തിൽപോയി ജാനകിയെക്കണ്ട് ഹെ ജാനകി! ഞാൻ ഇതാ വനത്തിലേക്ക പോകുന്നു. നീ ഇവിടെ മാതാക്കൾക്കവേണ്ടുന്ന ഉപചാരങ്ങളെ ചെയ്തിരിക്കുക. ഞാൻ പതിനാലു വൎഷം കഴിഞ്ഞു പ്രഥമദിനത്തിൽ മടങ്ങിവന്നേക്കാം. അതുവരെ എന്നെ സംബന്ധിച്ച് ഖേദിക്കാതിരിക്കുക. എന്നു പറഞ്ഞതിനെകേട്ടു ജാനകി പൊട്ടുന്നനവെ വീണു മോഹാലസ്യപ്പെട്ട് അനന്തരം എഴുനീററ നിന്തിരുവടി ഒരുമിച്ചു ഞാനുംവരുന്നുവെന്നും സുഖദുഃഖങ്ങൾ രണ്ടുപേക്കും സമതമാണെന്നും പറഞ്ഞ് മരവസ്ത്രംകൂടെ എടുക്കാതെ പുറപ്പെടുകയും ചെയ്തു.

## വ ന ദീ ക്ഷ .

ശ്രീരാമൻ സുമന്ത്രനോടു രഥം കൊണ്ടുവരുവാൻ കല്പിക്കുകയും അതുകേട്ട സുമന്ത്രൻ രഥം കൊണ്ടുവന്നു നിൎത്തി അതിൽ മൂന്നുപേരും ആരോഹണംചെയ്തു പുറപ്പെട്ടതിനെ നഗരവാസികൾ കേട്ടു ദുഃഖിച്ച് ശ്രീരാമൻെറ ഒരുമിച്ച് ഞങ്ങൾക്കും വനവാസമാണെന്നു പറഞ്ഞു അവർ രഥത്തിനെ പിന്തുടരുകയും സരയൂനദിക്കു സമീപം എത്തിയപ്പോൾ സൂൎയ്യൻ അസ്തമാനമാകുകയും എല്ലാവരും നിദ്രയിൽ പ്രവേശിക്കുകയും ചെയ്തു. അനന്തരം സുമന്ത്രനെ വിളിച്ച് ഭഗവാൻ, അല്ലയോ സുമന്ത്രരെ! നേരംപുലൎന്നു പുറപ്പെടുന്നതായാൽ നഗരവാസികൾഎന്നെ വിട്ടുപിരിയുവാൻ പ്രയാസമാണ്. ആയ്തുകൊണ്ടു രഥത്തെ അയോദ്ധ്യയ്ക്കു മടക്കി മാതാപിതാക്കന്മാരോടു വിവരം പറയുക. എന്നു പറഞ്ഞതിനെ കേട്ടു അത്യന്തം വ്യസനത്തോടുകൂടി സുമന്ത്രൻ മടങ്ങുകയും ശ്രീരാമലക്ഷ്മണന്മാർ സീതാസമേതംപുറപ്പെട്ടു വക്കലംകെട്ടി മരവിരിധരിച്ചു വ്രതാനുഷ്ഠാനാനുസാരികളായി സരയൂനദീതീരത്തിൽവന്നു ശൃംഗിവേരാധിപനായ ഗുഹനെ വിളിച്ച്വിവരം പറയുകയും അതുകേട്ടു ഗുഹൻ ശരണംസ്വാമിൻ! തിരുവടി എവിടെയും പോകേണമെന്നില്ല. ഇവിടെ വസിക്കുക. എന്ത് പദാൎത്ഥം വേണമെങ്കിലും അടിയൻ കൊണ്ടുവന്നുതരാം. എല്ലാ പദാൎത്ഥങ്ങളും ഇവിടെയുണ്ട്. എന്നു ഗുഹൻ പറഞ്ഞതിനെക്കേട്ടു ഭഗവാൻ പറയുന്നു- അല്ലയൊ ഗുഹനെ! കാട്ടിലേക്കുവന്നു നാട്ടിൽ ഇരുന്നാൽ ശരിയാകുമൊ. സ്നാനത്തിന്നുപോയാൽ ചേററിൽപ്പുനയേണമോ. ആയ്തുകൊണ്ടു നിന്നെ ഞാൻ എൻെറ അനുജനാക്കി വഹിച്ചിരിക്കുന്നു. എന്നു സന്തോഷമായ വാക്കുകളെപ്പറഞ്ഞ് തോണിയിൽക്കയറി ഗുഹൻ തോണിതുഴഞ്ഞു നദിയുടെ മറുകരയിൽക്കൊണ്ടുപോയിട്ടു നമസ്കരിച്ചു ഗുഹൻ മടങ്ങുകയും ചെയ്തു.

## ദശരഥൻെറ ചരമഗതി.

സുമന്ത്രൻ ഈ വിവരത്തെ ദശരഥചക്രവൎത്തിക്കു അറിവുകൊടുക്കുകയും അതുകേട്ട ഉടനെ മുമ്പുതന്നെ പ്രാണസങ്കടത്തോടുകൂടിക്കിടക്കുന്ന മഹാരാജാവ് അയ്യയ്യൊ പുത്രശോകത്താൽ മരി

ക്കണമെന്നു വനത്തിൽവെച്ചു ശപിച്ച മഹൎഷിയുടെ ശാപം സഫലമായി വന്നുവല്ലോ എന്നുപറഞ്ഞു. ശ്രീരാമരാമാ എന്നു പറഞ്ഞ് പ്രാണനെ ത്യജിക്കുകയും ചെയ്തു. അതുകണ്ടു മഹൎഷികൾ ശവശരീരത്തെ എടുത്തു തൈലത്തോണിയിൽഇട്ടു. ഭരതശത്രുഘ്നന്മാരെ വരുത്തുവാനായി കേകയപുരത്തേക്കു ആളയക്കുകയും ചെയ്തു. ശ്രീരാമലക്ഷ്മണന്മാർ ജാനകിയോടുകൂടി നദി കടന്നതിനുശേഷം ചിത്രകൂടത്തിൽ എത്തി. ചിത്രകൂടപൎവ്വതത്തിന്റെ വൈഭവത്തെ ജാനകിയോടു പറയുന്നു.

ചിത്രകൂടവാസം.

ഹേ ജാനകി! അത്യത്ഭുതംതന്നെ. [illegible]പോലെ ശോഭിക്കുന്ന ചിത്രകൂടം നോക്കുക, മഹൽ തപസ്വികൾ വേദപാഠംചെയ്യുന്നതിനെ കേട്ടു മനസ്സിലാക്കി ശുകങ്ങൾ വേദങ്ങളെപ്പാടുന്നതിനെ നോക്കുക. കാൎമ്മേഘങ്ങളെക്കണ്ടു പിടികളാണെന്നു കരുതി കരിവരന്മാർ തങ്ങളുടെ തുമ്പിക്കൈകൾ പിടിപ്പാൻ യത്നിക്കുന്നതിനെ നോക്കുക. മഹൎഷികൾക്കു കയറിപ്പോവാനുള്ള കല്പടികളെപ്പോലെ മലമ്പാമ്പുകൾ നിരയായിക്കിടക്കുന്നതിനെ നോക്കുക. എന്നിങ്ങിനെ അനേകതരമായ അത്ഭുതങ്ങളെക്കാട്ടി അനന്തരം ലക്ഷ്മണൻ ഒരു പൎണ്ണശാല സൃഷ്ടിക്കുകയും അതിൽ ജാനകീസമേതനായി ശ്രീരാമസ്വാമി വസിക്കയും ലക്ഷ്മണൻ പുറമെ കാവലായി ശിലാബാണപാണിയായി നില്ക്കുകയുംചെയ്തു. ഇവിടെവസിഷ്ഠമുനിയാൽ അയക്കപ്പെട്ടപത്രം കേകയപുരത്ത് കിട്ടി ഭരതനുംശത്രുഘ്നനുംഅതിവേഗത്തിൽപുറപ്പെട്ട് അയോദ്ധ്യയിൽവന്നുതന്റെ മാതാവായ കൈകേയിയെക്കണ്ടു ദശരഥൻ മരിച്ചതിനെ അറിഞ്ഞു അത്യന്തം ദുഃഖിക്കുകയും മരണസമയത്തിൽ അച്ഛൻ എന്താണ് പറഞ്ഞതെന്നു ചോദിക്കുകയും ശ്രീരാമരാമ എന്നു പറഞ്ഞു ജീവിനെ ഉപേക്ഷിച്ചുവെന്നു പറഞ്ഞതിനെക്കേട്ട് ഭരതൻ ചോദിക്കുന്നു. ഹെ മാതാവെ! എന്റെ ജ്യേഷ്ഠൻ മരണസമയത്ത് സമീപത്തിൽ ഉണ്ടായിരുന്നില്ലെ? എന്നതുകേട്ടു കൈകേയി, മകനെ! ഭരത! അച്ഛനും അമ്മയും എന്നേക്കും ഇരിക്കുമൊ. നിനക്കു രാജ്യാഭിഷേകം ചെയ്യണമെന്നും രാമൻ കാട്ടിലേക്കു പോകണ

മെന്നും രണ്ടു വരം ഞാൻ നിന്റെ അച്ഛനോടു വരിക്കുകയും ത
ന്നിമിത്തം രാമൻ വനത്തിലേക്കു ഗമിക്കുകയും ചെയ്തതാണ്. നീ
സുഖമെ പട്ടാഭിഷേകം ചെയ്തു വസിക്കുക. എന്നതിനെക്കേട്ടു ഭ
രതൻ ക്രോധിച്ചു അമ്മയെ നോക്കി എടി! ദുഷ്ടയെ! നീ എന്റെ
മാതാവൊ കുലടേ! ജ്യേഷ്ഠനിരിക്കെ രാജ്യഭാരം വഹിക്കുന്ന അനു
ജന്മാരെ നീ കേട്ടിട്ടുണ്ടൊ. ആരെടി നിണക്കു ഈ ഐഷണി പറ
ഞ്ഞുതന്നത്? രാജാവിനെക്കൊന്നു രാമനെ വനത്തിലേക്കു അയ
ച്ച കള്ളി! നിന്റെ വയററിൽ ഞാൻ ജനിച്ചുവല്ലൊ. ജ്യേഷ്ഠൻവ
നത്തിൽ ഫലമൂലപാകങ്ങളെ ഭക്ഷിച്ചുനടക്കുകയും ഞാൻ ഇവി
ടെ ആറു രസങ്ങളോടുകൂടിയുള്ള പദാൎത്ഥങ്ങളെ ഭുജിച്ചു പുഷ്ടനാ
യിരിക്കുകയും ആണോ വേണ്ടതു്? നിന്നെ കൊന്നശേഷം എ
ന്റെ അപവാദത്തെ പിന്നെ തീൎത്തുകൊള്ളാം. നിന്നെ എനിക്കു
കാണേണ്ടുന്നാവശ്യമില്ല എന്നു പറഞ്ഞു കൌസല്യയുടെഅടുക്കൽ
ചെന്നു ഭരതൻ നമസ്കരിക്കുകയും കൌസല്യ ഭരതനെ നോക്കി
നിന്റെ അമ്മ ചെയ്ത കഠിനങ്ങളെ അറിഞ്ഞില്ലെ എന്നു ചോദി
ച്ചതു കേട്ടു ഭരതൻ പറയുന്നു. അയ്യോ! മാതാവേ! ഞാൻ ലേശം
പോലും അറിഞ്ഞവനല്ല. അങ്ങിനെ അറിഞ്ഞിരുന്നുവെങ്കിൽ ബ്ര
ഹ്മഹത്തി ചെയ്താലുള്ള നരകം ഞാൻ അനുഭവിക്കട്ടെ. ഈ ജന്മ
ത്തിൽ രാമദ്രോഹം സ്വപ്നേപി ഞാൻ വിചാരിക്കുമോ എന്നുകൌ
സല്യാമാതാവിന്റെ പാദം തൊട്ടു സത്യംചെയ്തു. അനന്തരം ദശ
രഥന്നു വേണ്ടുന്ന സംസ്കാരാദികളെ ചെയ്തു.

## ഭരതന്റെ ചിത്രകൂടഗമനം.

ഭരതൻ ജടാവല്ക്കലങ്ങളെ ധരിച്ചു വസിഷ്ഠനും മാതാക്കളും ശ
ത്രുഘ്നനും പ്രജകളുമായി പടകളോടുകൂടി രാമനെക്കാണ്മാൻ പുറ
പ്പെട്ടു. സരയൂനദിക്കു സമീപം വരുന്നതിനെക്കണ്ടു ഗുഹൻ പ
റയുന്നു. എന്നെ നിങ്ങൾ അറിയുമൊ? ഭഗവാൻ അനുജൻ എ
ന്നുള്ള സ്ഥാനം എനിക്കു തന്നിരിക്കെ നിങ്ങളെ ഞാൻ തോണി
കടത്തിവിടുമൊ? നാട്ടിൽ ഇരിപ്പാൻ അയക്കാതെ ഭഗവാനെ കാ
ട്ടിലേക്കയച്ചു എന്നുമാത്രമല്ല ഇപ്പോൾ കാട്ടിലും ഇരിപ്പാൻ അ
യക്കാതെ യുദ്ധത്തിന്നല്ലെ ഭരതൻ പടകളോടുകൂടി വരുന്നതു്. എ

ൻെറ ശരം ഭരതൻെറ ഗളത്തിൽ ഏല്ക്കില്ലയോ. മൊട്ടമ്പ് എറിഞ്ഞിട്ടെങ്കിലും ഇവൻെറ തല ഞാൻ പൊട്ടിക്കാതിരിക്കുമോ. എന്നു പറഞ്ഞുനില്ക്കെ ഭരതൻെറ വരവിനെക്കണ്ടു ഭഗവാനെ നമസ്കരിപ്പാൻ വരുന്നവനാണെന്നു ഗുഹൻ മനസ്സിലാക്കി താൻ ഭരതനെ നമസ്കരിക്കുകയും ഭരതൻ വിവരമെല്ലാം ഗുഹനോടു പറഞ്ഞതിന്നനന്തരം നദി കടന്നു ഭരദ്വാജൻെറ ആശ്രമത്തിൽ ചെന്നു സൈന്യങ്ങളുടെ ക്ഷീണം മാററി അനന്തരം ചിത്രകൂടത്തിലേക്കു പുറപ്പെടുകയും ഭരതൻെറയും സൈന്യങ്ങളുടേയും വരവിനെ കണ്ടു ലക്ഷ്മണൻ ക്രോധിച്ച്, ശരണം രാമഭദ്രാ! അതാ ഭരതൻ പടകളോടുകൂടി യുദ്ധത്തിന്നു വരുന്നു. കാട്ടിൽനിന്നും ആട്ടിക്കളയേണമെന്നു കൈകേയിയുടെ കല്പനപ്രകാരം ഭരതൻ നമ്മോടു യുദ്ധത്തിന്നു വരുന്നതായിരിക്കാം. ഭരതനോടു യുദ്ധത്തിന്നു അടിയന്നു കല്പന തരണം എന്നു ലക്ഷ്മൻ പറഞ്ഞതിന്നു ഭഗവാൻ പറയുന്നു. ഹേ ലക്ഷ്മണ! ഭരതൻെറ വരവിനെ നോക്കുക. നമ്മോട് യുദ്ധത്തിന്നു വരുന്നവനല്ല. നമ്മെ ദൎശിപ്പാൻ വരുന്നവനാണ് എന്നു പറഞ്ഞവസാനിക്കുമ്പോഴേക്കു ഭരതൻ രാമപാദത്തിൽ വന്നു നമസ്കരിക്കുകയും ലക്ഷ്മണൻ ഭരതൻെറ പാദത്തിൽ നമസ്കരിക്കുകയും ശത്രുഘ്നൻ ലക്ഷ്മണനെ നമസ്കരിക്കുകയും ചെയ്തു. പിതാവിന്നു സുഖമോ എന്നു രാമൻ ചോദിച്ചതിനെ കേട്ടു ഭരതൻ പറയുന്നു. സ്വാമിൻ! അച്ഛൻ സ്വൎഗ്ഗാരോഹണമായി. എന്നു പറഞ്ഞ ഉടനെ ഭഗവാൻ വീണു മോഹാലസ്യപ്പെടുകയും വസിഷ്ഠൻ ആലസ്യം തീൎത്തു വിവരം പറഞ്ഞു സമാധാനിപ്പിക്കയും ചെയ്തു. അല്ലയോ രാഘവ! അഞ്ചും രണ്ടും അറിയാത്ത ബാലന്മാരെപ്പോലെ ഇങ്ങിനെ കരയാമോ. വൃഥാവിൽ കണ്ണുനീർ വാൎത്തിട്ടു ഫലമെന്താണ്. പിതാവിന്നു വേണ്ടുന്ന മരണാനന്തരകൃത്യങ്ങളെ ചെയ്യുക. അതാണ് ഇപ്പോൾ വേണ്ടുന്നത്. നീ അറിയാത്ത കാൎയ്യമുണ്ടോ. പ്രത്യേകം ഞാൻ പറയേണമോ. ദേഹമായ വിളക്കിൽ സുകൃതമായ തൈലം കഴിഞ്ഞാൽ ആയുസ്സായ തിരിയിൽ ദീപമായ പ്രാണൻ നിലനില്ക്കുമോ രാഘവാ-പിതാവ് അറുപതിനായിരം സംവത്സരം ജീവി

ച്ചിരുന്നത് പോരയെന്നോ നിൻെറ വിവാദം. എന്നിത്യാദി വചനങ്ങളെ കേട്ട ശ്രീരാമൻ ഒരു വിധം സമാധാനിച്ച പിതാവിന്നു വേണ്ടുന്ന മരണാനന്തരാപേക്ഷകളെ ചെയ്തു അനന്തരം ഭരതനെ നോക്കി ഭഗവാൻ പറയുന്നു. എടോ ഭരത! നീ കിരീടം ധരിക്കാതെ ജടാവല്ക്കലങ്ങളെ ധരിച്ചതു എന്താണ്. എന്നതിനെക്കേട്ട ഭരതൻ, ശരണം ഭഗവാനെ! അച്ഛനെയും കൊന്നു നിന്തിരുവടിയെയും കാട്ടിലേക്കയച്ച മഹാപാപിയുടെ വയററിൽ ജനിച്ച ഞാനല്ലെ സന്യാസിയായി കാട്ടിൽ പാൎക്കേണ്ടത്. നിങ്ങളല്ലല്ലൊ. ആയതുകൊണ്ടു നിന്തിരുവടി അയോദ്ധ്യക്കു വന്നു പട്ടാഭിഷേകം ചെയ്തു സുഖമേ വസിക്കണം. രാജ്യഭാരം വഹിപ്പാൻ അടിയനാൽ സാധിക്കുന്നതല്ല എന്നു ഭരതൻ സിദ്ധാന്തിച്ചു പറഞ്ഞതിനെ കേട്ട ഭഗവാൻ പറയുന്നു. അല്ലയോ ഭരത! മാതാപിതൃവാക്യത്തെ പരിപാലിക്കേണ്ടതല്ലെ? ആയതുകൊണ്ടു പതിനാലുസംവത്സരം കഴിഞ്ഞു പ്രഥമദിനത്തിൽ ഞാൻ വരുന്നുണ്ട്. അതുവരെ എൻെറ മെതിയടി കൊണ്ടുപോയി ഞാൻ എന്നു ഭാവിച്ച പൂജിച്ച രാജഭാരം ക്രമമായി നടത്തുക. എന്നതിനെ കേട്ട സമ്മതിച്ചു. പതിനാലു സംവത്സരം കഴിഞ്ഞു പ്രഥമദിനത്തിൽ വരാഞ്ഞാൽ അടിയൻ അഗ്നിയിൽ വീണു മരിക്കുന്നുണ്ടെന്നു പറഞ്ഞു അവിടെനിന്നു വസിഷ്ഠരാദിയായി പുറപ്പെട്ടു ഭരതൻ നന്ദിഗ്രാമത്തിൽ വസിച്ചു. സുമന്ത്രനെ രാജ്യഭാരം ക്രമമായി നടത്തുവാൻ ഏല്പിച്ച പാദുകയെ പൂജിച്ചുകൊണ്ടു അധിവസിച്ചു.

അയോദ്ധ്യാകാണ്ഡം സമാപ്തം.

---

## ആ ര ണ്യ കാ ണ്ഡം.

---

### പഞ്ചവടീവാസം.

ഭഗവാൻ ലക്ഷ്മണനോട്, അല്ലയോ സൌമിത്രേ! ഈ ചിത്രകൂടത്തിൽ മേലിൽ വസിക്കുന്നതായാൽ ഭരതനും നഗരവാസികളും മാതാക്കളും വന്നു നമ്മെ ഉപദ്രവിപ്പാനിടയുണ്ട്. ആയതുകൊണ്ടു ഇവിടെനിന്നു പോകുന്നതാണ് നല്ലതെന്നു പറഞ്ഞു അ

വിടംവിട്ട് ചിത്രകൂടത്തെ കടന്നു പോകുന്ന വഴിയിൽ അത്രിമഹർഷിയുടെ ആശ്രമത്തിൽ ചെന്നു. മഹർഷിയാൽ കൊടുക്കപ്പെട്ട ഫലമൂലങ്ങളെ ഭുജിച്ചു ദണ്ഡകാരണ്യത്തിൽ എത്തിയപ്പോൾ വിരാധൻ എന്നവനെ കാണുകയും വിരാധൻ ജാനകിയെ എടുത്തു ഓടുന്നതിനെ കണ്ടു ശ്രീരാമലക്ഷ്മണന്മാർ വിരാധന്റെ രണ്ടു ഭുജങ്ങളേയും വെട്ടി ഹിംസിക്കുകയും പിന്നെ ദണ്ഡകാരണ്യത്തിൽ നിന്നു പുറപ്പെട്ടു ശരഭംഗമഹർഷിയെക്കണ്ടു ആ മഹർഷിയെ സ്വർഗ്ഗത്തിലേക്കയച്ചു. അനന്തരം മുണ്ടകത്തുറയിൽ കുംഭസംഭവനായ അഗസ്ത്യന്റെ ആശ്രമത്തിൽ വന്നു മഹർഷിയെ നമസ്കരിക്കുകയും രാവണാദികളെ വധിച്ചുതരാമെന്നു മഹർഷിയോടു ശപഥം ചെയ്കയും അഗസ്ത്യൻ അനുഗ്രഹിച്ചു ഒരു വില്ലും ശരവും ആവനാഴിയും ഭഗവാനു കൊടുത്ത് വനദീക്ഷ സുഖമേ കഴിച്ചു മടങ്ങുക എന്നു പറഞ്ഞതിനെ കേട്ടു അവിടംവിട്ടു പുറപ്പെട്ടു ജടായു എന്ന പക്ഷിയുടെ പക്ഷനിഴലൂടെ ഗോദാവരിയെന്ന പഞ്ചവടിയിൽ എത്തുകയും ചെയ്തു.

## ഗോദാവരീവർണ്ണന.

### കവി.

പുവിയിനുക്കണിയാണ്ടപൊരുളുടൈപ്പുലമൈത്താകി
അവിയകത്തുറെകടാകിഐന്തിണൈനെറിയളാവി
ശവിനുറക്കിടന്തതൺറൊഴുക്കമും തഴുവിചാൻറോർ
കവിയെനക്കിടന്തകോതാവരിയിനെത്തമ്പികാണായി.

ലക്ഷ്മണനോടു ഭഗവാൻ, അല്ലയോ ലക്ഷ്മണ! ഈ ഗോദാവരിയുടെ വൈഭവം നോക്കുക. അമ്പതുകോടിയോജന വിസ്താരമായ ഭൂമണ്ഡലത്തിന്നു അധിദേവതയായ ഭൂദേവിക്ക് ഒരാഭരണം പോലെ ഗോദാവരി ശോഭിക്കുന്നു. പച്ചമുത്ത് വൈരവൈഡൂര്യഗോമേദകപുഷ്യരാഗേന്ദ്രനീലപത്മരാഗമരതകമാണിക്യങ്ങളായ നവരത്നങ്ങൾ ഈ നദിയിൽ നിക്ഷേപണംചെയ്യുകാണുന്നു. എന്നതന്നെയല്ല ഈ ഗോദാവരിയുടെ രണ്ടു കരപ്രദേശത്തും മഹർഷി

കളാൽ ചെയ്യപ്പെട്ട യാഗകുണ്ഡങ്ങൾ ശോഭിക്കുന്നു. അഞ്ചു വടവൃക്ഷങ്ങൾ സമാകാരമായി ആകാശത്തെ നിബിഡീകരിച്ചു നില്ക്കുന്നു. യാതൊരു കുറവുമില്ലാതെ അനന്തകളിമ്പയോടുകൂടി ഒഴുകുന്ന ഈ ഗോദാവരി സജ്ജനങ്ങളുടെ കവിതയെപ്പോലെ ശോഭിക്കുന്നു. അത്യത്ഭുതമുണ്ടു. ഗോദാവരി നമുക്കു ചെയ്യുന്ന മര്യാദ നോക്കുക. തന്റെ കരങ്ങളായ അലതിരകളാൽ ചെന്താമരപുഷ്പത്തെ വാരിയെടുത്തു നമ്മുടെ പാദത്തിൽ കൊണ്ടുവന്നു ഇട്ടു നമ്മെ നമസ്കരിക്കുന്ന അത്യത്ഭുതത്തെ നോക്കുക. ഈ നദിയുടെ രണ്ടുഭാഗവും അനേക ദിവ്യവൃക്ഷങ്ങൾ പൂത്തുവികസിച്ചിരിക്കുന്നു. ഇവിടെ രാക്ഷസാസുരന്മാർ ഗതാഗതം ചെയ്യുന്ന ഒരു സ്ഥലമാണെന്നു അഗസ്ത്യാദികൾ പറഞ്ഞു നമുക്കറിവായതുകൊണ്ടു നമുക്കു വസിക്കുവാൻ നല്ല ഒരു സ്ഥലമാണിതു. ആയതുകൊണ്ടു ഒരു പർണ്ണശാല നീ കെട്ടേണമെന്നു ലക്ഷ്മണനോടു പറഞ്ഞപ്രകാരം ലക്ഷ്മണൻ ദേവകളാൽ അയക്കപ്പെട്ട ഒരു വാളെടുത്തു വനത്തിൽ കടന്നു വൃക്ഷങ്ങളെ ഖണ്ഡിക്കുകയും ആ വൃക്ഷത്തിന്റെ അടിപ്പാട്ടിൽ ഒരു രാക്ഷസന്റെ ദേഹം വാൾപെട്ടു രണ്ടു ഖണ്ഡമായി വീണതുകണ്ടു ആ വൃക്ഷത്തിനെ ഉപേക്ഷിച്ചു വേറെ ഒരു വൃക്ഷത്തെ മുറിച്ചു അതിവിശേഷമായ ഒരു പർണ്ണശാല പണി തീർക്കുകയും ചെയ്തു. ആ വിവരം ഭഗവാനെ കേൾപ്പിക്കുകയും ഭഗവാൻ പർണ്ണശാലയുടെ അത്ഭുതങ്ങളെ ജാനകിയോടു പറഞ്ഞു ശുഭമുഹൂർത്തത്തിൽ ശാലയിൽ ജാനകിയോടുകൂടി പ്രവേശിക്കുകയും ലക്ഷ്മണൻ ശിലാബാണപാണിയായി പർണ്ണശാലക്കു പുറമെ വസിക്കുകയും ചെയ്തു. അങ്ങിനെ ഇരിക്കെ ഗോദാവരീവാസികളായ ബ്രാഹ്മണർ വന്നു ഭഗവാനെ സ്തുതിച്ചു രാവണാദികളാൽ ഉള്ള ഉപദ്രവത്തെ പറഞ്ഞു കേൾപ്പിക്കുകയും അതു കേട്ടു രാവണാദികളെ വധിച്ചുതരാമെന്നു ബ്രാഹ്മണരോടു ഭഗവാൻ ശപഥം ചെയ്കയും ചെയ്തു. അതിന്നുശേഷം രാവണസോദരിയായ ശൂർപ്പണഖ തന്റെ പുത്രനായ ശംഭുകുമാരന്റെ തപസ്സു അവസാനിക്കുന്ന ദിവസം ഇന്നാകയാൽ എന്തെല്ലാം വരങ്ങളാണ് ശിവൻ പക്കൽനിന്നു വരിക്കു

ന്നതെന്നറിയേണമെന്നു കരുതി ജനസ്ഥാനത്തിൽനിന്നു പുറപ്പെട്ടു വന്നു മകന്റെ തപസ്ഥാനത്തിൽ എത്തി നോക്കുമ്പോൾ ശംഭുകുമാരൻ മരിച്ചു കിടക്കുന്നതിനെ കണ്ടു ദുഃഖിച്ചു, മകനെ കൊന്ന ശത്രുവെ അറിയേണം എന്നുമാത്രമല്ല ഒരു കണവനെയും സമ്പാദിക്കേണമെന്നു നിശ്ചയിച്ചു വരുമ്പോൾ പഞ്ചവടിയിൽ വെച്ചു രാമസ്വാമിയെ കണ്ടു മാരതാപം പൊറുക്കാതെ പണ്ടു ലക്ഷ്മിയാൽ ദത്തമായ വിശ്വാമന്ത്രത്തെ ധ്യാനിച്ചു ലക്ഷ്മിക്കു തക്ക സൌന്ദര്യയുക്തയായി രാമസ്വാമിയുടെ സമീപത്തേക്കു വരികയും ഭഗവാൻ ഈ സ്ത്രീയുടെ സൌന്ദര്യങ്ങളെ കണ്ടു നീ ആരാണ്, നിന്റെ രാജ്യം എവിടെ, ബന്ധുക്കളാര്, പേരെന്ത്, എന്നു ചോദിച്ചു. അതിനെ കേട്ടു ശൂൎപ്പണഖ, ഭഗവാനെ നോക്കി ഞാൻ ബ്രഹ്മഗോത്രസംജാതയാണ്. ത്രിലോകങ്ങളും എന്റെ രാജ്യമാണ്. പിതാവ് വിശ്രവസ്സ് എന്ന മഹൎഷിയാണ്. കൈലാസത്തെയും പരമേശ്വരസ്വാമിയേയും ആശ്രയിച്ചു പരമേശ്വരസ്വാമിയുടെ പ്രത്യേക സ്നേഹിതനായ വൈശ്രവണൻ എന്റെ ജ്യേഷ്ഠനാണ്. എന്നുതന്നെയല്ല, കൈലാസത്തെയും പരമേശ്വരസ്വാമിയെയും ധിക്കരിച്ചു ത്രിലോകപുരന്ദരൻ എന്നു പ്രസിദ്ധനായ ഒരു ജ്യേഷ്ഠനും എനിക്കുണ്ട്. ഞാൻ കന്യകയാണ്. എന്റെ നാമം കാമവല്ലി എന്നാണ്. എന്നു പറഞ്ഞതിനെ കേട്ടു ഭഗവാൻ പറയുന്നു. ഹേ കാമവല്ലി! ഇത്ര പ്രബലന്മാരായ ജ്യേഷ്ഠന്മാർ നിനക്കുണ്ടെങ്കിൽ നീ ഗൃഹത്തിൽനിന്നു പുറപ്പെടുന്ന സമയം അനേകം ദാസിമാരോടുകൂടിയും പല്ലക്ക് മുതലായ യാനങ്ങളിൽ ആരോഹിച്ചും പെട്ടി ഭണ്ഡാരങ്ങളോടുകൂടിയുമല്ലെ പുറപ്പെടേണ്ടത്? അങ്ങിനെ ചെയ്യാതെ ഏകാകിനിയായി വരുവാനുള്ള കാരണമെന്ത് പറയുക? എന്നതിനെ കേട്ടു ശൂൎപ്പണഖ ഹേ മന്മഥ! എന്റെ അവസ്ഥ നീ അറിയുമോ. അനേകം ദേവൎഷികളും രാജകുമാരന്മാരും എന്നെ കല്യാണം ചെയ്തുതരേണമെന്നു എന്റെ ജ്യേഷ്ഠന്മാരോടു ആവശ്യപ്പെട്ടിട്ടും അവൎക്കൊന്നും എന്നെ പത്നിയായി ഭരിപ്പാൻ സാദ്ധ്യമായിട്ടില്ല. അങ്ങിനെ ഇരുന്നു ഒരു സംഗതിവശാൽ ഞാൻ വെളിയിൽ ഏകാകിനിയായി പുറപ്പെട്ടതാ

ണ്. ആ കാൎയ്യം നിന്നെക്കണ്ടപ്പോൾ സഫലമായി. അതെന്തെന്നുവെച്ചാൽ മാരതാപം പിടിപ്പെട്ട് ബുദ്ധിമുട്ടുന്നു. എന്നാൽ കുലസ്ത്രീകൾ അതിനെ പുറത്തു പറയുന്നതു ഭംഗിയല്ല. എങ്കിലും നിന്നോടു പറവാൻ തോന്നിയതു നിന്റെ സൌന്ദൎയ്യഗുണത്താലാണ്. എന്തൊ മുജ്ജന്മം നീ ചെയ്ത സുകൃതമാണീവനത്തിൽ വെച്ചു എന്നെ നിനക്കു കണ്ടുകിട്ടുവാനുള്ള കാരണം. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. നിന്റെ വാക്കിൽ അത്യത്ഭുതമുണ്ടു. നീ ഒരു രാക്ഷസിയാകുന്നു. ഞാൻ മനുഷ്യനാണ്. തങ്ങളിൽ വിവാഹം ചെയ്വാൻ പാടുള്ളതല്ല. മനുഷ്യാസുരം നിന്ദിതമാണ്. എന്നതിനെക്കേട്ടു ശൂൎപ്പണഖ പറയുന്നു. കല്യാണം എന്നുവെച്ചാൽ ഒരു വിധമല്ല. ബ്രാഹ്മം, ദൈവം, ആൎഷം പ്രാജാപത്യം, ആസുരം, രാക്ഷസം, ഗാന്ധൎവ്വം, പൈശാചം, എന്നിങ്ങിനെ അഷ്ടവിധകല്യാണമുണ്ടു. അതിൽ ഗാന്ധൎവ്വത്തിന്റെ മൎയ്യാദയെങ്ങിനെയെന്നുവെച്ചാൽ സ്ത്രീക്കു പുരുഷന്റെ പേരിലും പുരുഷന്നു സ്ത്രീയുടെ പേരിലും തങ്ങളിൽ അന്യോന്യം പ്രേമത്തോടുകൂടി കൈ പിടിച്ചു സതിപതികളായി വരിക്കുന്നതിന്നു ഗാന്ധൎവ്വമെന്നല്ലെ ശാസ്ത്രം പറയുന്നത്. ആയതുകൊണ്ടു ആ മൎയ്യാദയെ അനുസരിച്ചു നാം തമ്മിൽ സതിപതികളായി സുഖിച്ചു വാഴും. നീ എന്നെ വേട്ടാൽ എന്റെ ജ്യേഷ്ഠന്മാൎക്കു നിന്റെ പേരിൽ വളരെ പ്രേമമുണ്ടാകും. ആയതുകൊണ്ട് എന്നെ ഭാൎയ്യയായി വഹിക്കേണമെന്നപേക്ഷിച്ചതിന്നു ഭഗവാൻ പറയുന്നു. നീ പറഞ്ഞ ഗാന്ധൎവ്വകല്യാണത്തിന്റെ മൎയ്യാദ സ്ത്രീപുരുഷന്മാർ തമ്മിൽ അന്യോന്യം സ്നേഹിച്ചാലല്ലെ അങ്ങിനെ ചെയ്യുന്നത്. നിന്റെ പേരിൽ എനിക്കു രാഗമില്ലാതെയല്ലെ ഉള്ളത്. ആയതുകൊണ്ടു നിന്റെ പട്ടിൽ നീ പോകുന്നതാണ് നിണക്കു നല്ലതെന്നു പറഞ്ഞതിനെ കേട്ടു ശൂൎപ്പണഖ പറയുന്നു.

ശൂൎപ്പണഖാനാസികാഛേദനം.

കവി.

തൈട്ടന്താൻവളൈഎയിററാൽതിന്നവൊചിനവരക്കർ
കൂട്ടന്താൻപുറത്തുള്ളവൊകറിത്തപെരുളുണത്തിലെൻയാൻ

നാട്ടന്താനെരിയുമിഴനല്ലാൾമെൽപൊല്ലതാൾ
ഓട്ടന്താൻകണ്ടടിയെനടൻപിടിത്തങ്കരിന്തെനെ.

ഹേ! രാമാ! നിണക്കൊരു ഭാൎയ്യയുണ്ട്. അവളിരിക്കുമ്പോൾ വേറെ ഒന്നു വേണമൊ എന്നു ശങ്കിക്കേണ്ട. അവളെക്കൊണ്ടു നിണക്കു ഒരു ഉപകാരവും ഉണ്ടാവുന്നതല്ല. എന്നെ നീ ഭാൎയ്യയാക്കി ഭരിച്ചാൽ പലേതിനും ഗുണമുണ്ട്. എന്നു പറഞ്ഞിരിക്കെ ജാനകി വന്നു ഭഗവാനെക്കൂട്ടി പൎണ്ണശാലയ്ക്കു കൊണ്ടുപോകയും തന്നിമിത്തം ശൂൎപ്പണഖ മാരതാപം സഹിയാതെ പളിങ്കറയിൽ കിടന്നു കാമപാരവശയായി ബഹുനേരം പരിതപിച്ചു അനന്തരം പൎണ്ണശാലയിൽ വന്നു നോക്കിയപ്പോൾ രാമനെകാണാതെ വരികയും ജാനകിയെക്കാണുകയും ചെയ്യുമ്പോൾ ഈ സ്ത്രീ നിമിത്തമല്ലെ രാമൻ എന്നെ ഉപേക്ഷിച്ചതെന്നും ഇവളെ പിടിച്ചു ഭക്ഷിച്ചുകളയാമെന്നു കരുതി അങ്ങുമിങ്ങും നോക്കി പൎണ്ണശാലയിൽ കടപ്പാൻ ശ്രമിച്ചതിനെ ലക്ഷ്മണൻ കണ്ടു അതിവേഗത്തിൽ വന്നു് ഖൾഗമെടുത്തു ശൂൎപ്പണഖയുടെ നാസിക, മുടി, കൎണ്ണം, അധരം, കുചം എന്നിങ്ങിനെ പഞ്ചഉറുപ്പുകളേയും ഛേദിച്ചുവിടുകയും ശൂൎപ്പണേഖ നിലവിളിച്ചു രാവണനെ വിളിച്ചു് ദുഃഖിച്ചു അനന്തരം ഇതെല്ലാം രാമനാൽ വന്ന കേടല്ലെ എന്നു് പറഞ്ഞു് ഭഗവാൻെറ അടുക്കലേയ്ക്കു വരികയും ഭഗവാൻ കണ്ട് എന്താണിതു ഒരു ഭൂതമോ നീ ആര് എന്നു ചോദിച്ചതിനെക്കേട്ടു ശൂൎപ്പണഖ പറയുന്നു. ഹെ രാഘവ! നീ എന്നെ അറിഞ്ഞില്ലയോ. അതിസുന്ദരിയായി വന്നു നിന്നോട്ടു അനേക സംഭാഷണങ്ങളെ ചെയ്തുപോയ കാമവല്ലിയാണ് ഞാൻ. നിൻെറ പേരിൽ വെച്ച പ്രേമം നിമിത്തം എനിക്കിങ്ങിനെ വന്നതാണ്. എന്നതിനെക്കേട്ടു രാമൻ പറയുന്നു. ഹെ! കാമവല്ലി! നിന്നെ ഇങ്ങിനെ ആര് ചെയ്തു എന്നു ചോദിച്ചതിന്നു് ശൂൎപ്പണഖ നിൻെറ അനുജൻ ലക്ഷ്മണൻ ചെയ്ത പ്രവൃത്തിയാണെന്നു ബോധിപ്പിക്കുകയും അതിന്നു കാരണം നിന്നെക്കാണ്മാനായി പൎണ്ണശാലയിൽ വന്നു നോക്കുമ്പോൾ നിൻെറ പത്നിയും ലക്ഷ്മണനും തമ്മിൽ ആലിംഗനചുംബനാദികളെ ചെയ്തും കൊണ്ടിരിക്കുന്നതിനെ ഞാൻകണ്ടു നിന്നൊ

ടതിനെ പറയുന്ന പക്ഷം നീ അത് വിശ്വസിച്ച് അവൾക്ക് വല്ല ദ്വേഷ്യം ചെയ്കമെന്നു കരുതി ഇങ്ങിനെയൊക്കെ ചെയ്യുന്നതാണെന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ ലക്ഷ്മണനാൽ പരമാൎത്ഥം അറിഞ്ഞു ശൂൎപ്പണഖയെ ആട്ടി അകററുകയും ശൂൎപ്പണഖ ഭഗവാനെ നോക്കി ഹെ രാഘവ! നിങ്ങളെ കാലനായ ഖരനെ ഇപ്പോൾ കൊണ്ടുവരാമെന്നു പറഞ്ഞു അതിവേഗത്തിൽ പോയി ഖരനോടു വൃത്താന്തങ്ങളെ പറയുകയും ചെയ്തു.

## ഖരവധം.

കവി.

വാക്കിൽക്കോപപ്പൃകൈമുന്തുംവണ്മയാൽ
നോക്കിക്കുശലരുണ്ണായിത്തന്മയെ
ആക്കിപ്പോന്നവരാർശൊലുൻകൊങ്കൈമേൽ
മൂക്കിൽക്കാതിനിൽച്ചോരിമുട്ടകവെ.

ഖരൻ ക്രോധിച്ച് പതിന്നാലായിരംകോടി പടകളോടുകൂടെ യുദ്ധത്തിന്നു പുറപ്പെടുകയും അത് കണ്ടു ഖരന്റെ മന്ത്രിയായ അകമ്പൻ ഖരനോട് ഇപ്രകാരം പറയുകയും ചെയ്യുന്നു. ശരണം രാജൻ! ഇപ്പോൾ യുദ്ധത്തിന്നു പോയാൽ ജയിക്കുന്നതല്ല. സൂൎയ്യൻ പരിവേഷംകൊണ്ടിരിക്കുന്നു. കുറുനരികൾ ഓളിയിടുന്നു. രഥോപരിയിൽ കെട്ടിയ കൂറകൾ അററുവീഴുന്നു. ഇത്യാദികളായ ദുഃസ്സൂചകങ്ങളാൽ നമുക്കു നാശമാണ്. എന്നതിനെക്കേട്ടു ഖരൻ ക്രോധിച്ചു മന്ത്രിയുടെ വാക്കിനെ ധിക്കരിച്ച് പുറപ്പെട്ട് അട്ടഹാസം ചെയ്യുതിനെ ഭഗവാൻ കേട്ടു, ഹെ ലക്ഷ്മണാ! ജാനകിയെ നല്ലവണ്ണം കാത്തുകൊള്ളുക. ഈ രാക്ഷസന്മാരെ നിഗ്രഹിച്ചു വരട്ടെ എന്നു പറഞ്ഞു വില്ലെടുത്ത് യുദ്ധത്തിന്നൊരുങ്ങുകയും ചെയ്തു. ഉടനെ ഖരാദികളോടു യുദ്ധം ചെയ്ത് മുഹൂൎത്തമാത്രേണ പതിന്നാലായിരം കോടിപ്പടകളേയും ഖരദൂഷണത്രിശിരസ്സ് എന്ന മൂന്നുപേരെയും ധൎമ്മരാജപുരിക്കയയ്ക്കുകയും ചെയ്തു. അതു കണ്ടു ശൂൎപ്പണഖ നിലവിളിച്ച് ലങ്കയുടെ ഉത്തരഗോപുരത്തിൽ ചെന്നു രാവണനെ വിളിച്ച് നിലവിളിക്കുകയും അതു കേട്ട് രാവണൻ

രാക്ഷസസ്ത്രീകളെക്കൊണ്ടു ശൂൎപ്പണഖയെ എടുപ്പിച്ച് രാജധാനിയിൽ വരുത്തി നിന്നെ ഇങ്ങിനെ അകീൎത്തി ചെയ്തതാരാണെന്നതിനെക്കേട്ടു ശൂൎപ്പണേഖ ശരണം രാവണേശ്വരാ! ഉത്തരകോസലവാസികളായി ദശരഥാത്മജന്മാരായി രാമൻ ലക്ഷ്മണൻ എന്ന നാമത്തോടുകൂടി രണ്ടു മനുഷ്യർ നമ്മുടെ ജനസ്ഥാനത്തിന്നടുത്ത് പഞ്ചവടിയിൽ പൎണ്ണശാല കെട്ടി തപസ്സ് ചെയ്യുന്നുണ്ട്. വല്ക്കല കെട്ടി മരവുരി ധരിച്ച് വ്രതാനുഷ്ഠാനസാരികളായി വില്ലും വഹിച്ചിരിക്കുന്നുണ്ട്. രാക്ഷസവംശത്തെ മുടിക്കേണമെന്നുള്ള ഉദ്ദേശമാണ്. നിന്തിരുവടിയെ ഒരു തൃണപ്രായമാക്കരുതിയിരിക്കുന്നുണ്ട്. അവരോടുകൂടി ഒരു സ്ത്രീ വന്നിട്ടുണ്ട്. അവളുടെ നാമം സീത എന്നാണ്. ലക്ഷ്മീഭഗവതിയുംകൂടി സൌന്ദൎയ്യത്തിൽ തോല്ക്കണം. മല്ലീശരന്റെ വില്ലിനെ വെല്ലുന്ന ചില്ലിവല്ലികളും ചെന്താമരദളംപോലെ ഉള്ള നേത്രങ്ങളും, പഞ്ചമിച്ചന്ദ്രനൊവ്വുന്ന ഫാലദേശവും, കാർമേഘത്തെ തിരസ്കരിക്കുന്ന കചഭാരവും, നവവിദ്രുമംപോലെയിരിക്കുന്ന അധരോഷ്ഠങ്ങളും, മുത്തുരത്നങ്ങൾപോലെയിരിക്കുന്ന ദന്തപംക്തികളും, ഐരാവതത്തിന്റെ മസ്തകത്തെ തിരസ്കരിക്കുന്ന കുചകുംഭങ്ങളും; വടപത്രാകാരമായ ഉദരവും, കടുന്തുടിനടുവോടു സദൃശമായ കടിപ്രദേശവും, രംഭാസ്തംഭങ്ങളായ ഊരുക്കളും, കേതകീമുകുളാകാരങ്ങളായ കണങ്കാലുകളും, ഝലം ഝലം എന്നു മനോഹരശബ്ദത്തെ പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്ന പാദകടകങ്ങൾ അണിഞ്ഞിട്ടുള്ള അംഘ്രിയും, ആകപ്പാടെ; സൎവ്വലാവണ്യസാരങ്ങളെ ഉരുക്കി വാൎത്തതോ എന്നു തോന്നുമാറ് അതിമനോഹരിയായ ആ നാരിയെ കണ്ടപ്പോൾ അവളെ നിന്തിരുവടിക്കായി കൊണ്ടുവന്നു തരേണമെന്നു കരുതി ഞാൻ ഗൂഢമായി പൎണ്ണശാലയിൽ കടന്നു അവളെ എടുക്കുവാൻ ഭാവിച്ചപ്പോൾ ലക്ഷ്മണൻ എന്നു പേരായവൻ വന്നു എന്റെ തലമുടി പറിച്ചുപിടിച്ചു നിലത്തിട്ടിഴക്കുകയും, ഈ വിധമെല്ലാം എന്നെ ഉപദ്രവിക്കയും ചെയ്തതാണ്. നിന്തിരുവടിയെക്കൊണ്ടു കാൎയ്യമെല്ലാം മനസ്സിലാക്കിയതിന്നുശേഷം എന്റെ പ്രാണനെ ഉപേക്ഷിക്കണമെന്നു കരുതിയാണ് ഇവിടേക്കു വന്നത്. അതുകൊണ്ടു നി

ന്തിരുവടി എന്റെ സങ്കടത്തിന്നു നിവൃത്തി വരുത്തിത്തരാത്തപക്ഷം ഞാൻ അപ്രകാരംതന്നെ ചെയ്യാൻ ഒരുക്കവുമാണ്. സീത നിന്തിരുവടിയുടെ ഭാൎയ്യയായിത്തീരുവാൻ തക്ക എല്ലാ യോഗ്യതകളുമുള്ള ഒരു സ്ത്രീയാണെന്നതിന്നു സംശയമില്ല.' ശൂൎപ്പണഖ ഇപ്രകാരം പറയുന്നതിനെക്കേട്ടു രാവണൻ, അല്ലയോ സോദരി! ഞാൻ ജാനകിയെക്കൊണ്ടുവന്നു രണ്ടു ദിവസത്തിന്നകത്ത് എന്റെ ഭാൎയ്യയാക്കിത്തീൎക്കുമെന്നതിന്നു സംശയമില്ല. എന്നാൽ നിന്റെ പരിഭവം തീരുമോ എന്നു മാത്രം അറിഞ്ഞാൽ മതി, എന്നു പറഞ്ഞു. ഇതുകേട്ടു ശൂൎപ്പണഖ പറയുന്നു. സ്വാമിൻ! ശരണം. എന്നാൽ പിന്നെ എനിക്കു ഒരാഗ്രഹം കൂടിയുണ്ട്. അത് നിന്തിരുവടി സാധിപ്പിച്ചുതരണം. രാമന്റെ ഭാൎയ്യയെ നിന്തിരുവടി കൊണ്ടുവരുന്ന പക്ഷം പിന്നെ രാമന്നു ഭാൎയ്യയില്ലല്ലൊ. അപ്പോൾ അവനെ എനിക്കു കണവനാക്കിത്തരണം. അങ്ങിനെയായാൽ രാമന്നു ഭാൎയ്യ പോയതുകൊണ്ടുള്ള ദുഃഖവും, എനിക്കു ഭൎത്താവില്ലാത്തതുകൊണ്ടുള്ള ദുഃഖവും തീരും. അതിനാൽ അപ്രകാരം ചെയ്തുതരണമെന്നാണപേക്ഷ. ഇതുകേട്ടു രാവണൻ പറയുന്നു:— ജാനകിയെക്കൊണ്ടുവരുന്ന കാൎയ്യം തീൎച്ചതന്നെ. മറ്റെ കാൎയ്യവും ഉത്സാഹിച്ചുനോക്കാം. അതു നിന്റെ യോഗംപോലെ വരട്ടെ. എതായാലും നീ ഗൃഹത്തിലേക്കു പോവുക. എന്നു പറഞ്ഞു ശൂൎപ്പണഖയെ അയച്ചതിന്നുശേഷം, രാവണൻ മദനപാരവശ്യത്താലുള്ള ഉഷ്ണം മാറുവാൻ ചന്ദ്രനെ വരുത്തി തന്റെ ശരീരത്തിൽ അമൃതകിരണങ്ങൾ ഏല്പിക്കുകയും അതിന്നുശേഷം ചന്ദ്രവനത്തിൽ തപസ്സുചെയ്യുന്ന മാരീചനെക്കണ്ടു ചില സഹായങ്ങൾ ചെയ്തുതരേണമെന്നു പറവാനായി അവിടേക്കു പുറപ്പെട്ടുപോകയും ചെയ്തു.

## മാരീചരാവണസംവാദം.

### കവി.

ചന്തമലത്താൎകല്പകനീഴൽതലൈവക്കം
അന്തകനക്കംഅഞ്ചൊാലടക്കിഅരശാൎപ്പായി

ഇന്തവനത്തിലിന്നലുഴൈക്കൈക്കെളിയോർപോൽ
വന്തകരുത്തെചൊല്ലുതിഎന്തൻമരുകാനെ.

രാവണൻ തന്റെ ആശ്രമത്തിൽ വന്നതുകണ്ടു മാരീചൻ, ആസനം കൊടുത്തിരുത്തി ഉപചാരങ്ങളെ ചെയ്തു ഇപ്രകാരം ചോദിച്ചു. ഹേ രാവണ! എന്താണിങ്ങിനെ ഈ രാത്രിയിൽഅകമ്പടികളൊന്നും കൂടാതെ കാൽനടയായി വന്നതെന്നു മനസ്സിലാകുന്നില്ല. പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതുകേട്ടു രാവണൻ പറയുന്നു. അല്ലയോ മാതുല! നാം എനി ജീവിച്ചിരുന്നിട്ടു പ്രയോജനമില്ലെന്നു പറയത്തക്ക അപമാനം ഇപ്പോൾ സംഭവിച്ചിരിക്കുന്നു. എന്തെന്നാൽ:— അയോദ്ധ്യാവാസിയായ ദശരഥന്റെ പുത്രന്മാരായ രാമനും ലക്ഷ്മണനും നമ്മുടെ പഞ്ചവടി എന്ന സ്ഥലത്തെ ആക്രമിക്കുകയും അവിടെ ഒരു പൎണ്ണശാല കെട്ടി, താപസവേഷധാരികളായി പാൎത്തുവരികയും ചെയ്യുന്നു. അതിൽ ലക്ഷ്മണൻ എന്നവൻ എന്റെ സഹോദരിയും നിന്തിരുവടിയുടെ മരുമകളുമായ ശൂൎപ്പണഖയുടെ മൂക്കും മുലയും മുറിച്ചുകളഞ്ഞ് മാനഭംഗം വരുത്തിയിരിക്കുന്നു. ഇതിൽപരം അപമാനം എനി എന്താണ് വരുവാനുള്ളത്. അതിന്നു വല്ല നിവൃത്തിയും ഉടനെ വരുത്തണം. അതിലേക്കു നിന്തിരുവടി ചില സഹായങ്ങൾ ചെയ്യണമെന്നു പറവാനാണ് ഞാൻ വന്നത്.! ഇതു കേട്ടു മാരീചൻ ഇങ്ങിനെ ചോദിച്ചു:—അല്ലയോ രാവണ ഖരാദികൾ അവിടെ ഉണ്ടായിരുന്നില്ലേ? രാവണൻ:—ഖരാദികൾ അവിടെ ഉണ്ടായിരുന്നു. അവർ വിവരം അറിഞ്ഞു അനേകം പടകളോടുകൂടിപ്പോയി യുദ്ധം ചെയ്കയുമുണ്ടായി. പക്ഷെ അവരെയൊക്കയും രാമൻ ക്ഷണമാത്രംകൊണ്ടു സംഹരിച്ചുകളകയാണുണ്ടായത്. ഞാൻതന്നെ യുദ്ധത്തിന്നായി പോകാമായിരുന്നു. എനിക്കു രാമാദികൾ സമന്മാരല്ലാത്തതിനാൻ ഞാൻ അതിന്നായി ഒരുങ്ങാത്തതാണ്. നാം അറിയാതെ രാമാദികൾ നമ്മുടെ ശൂൎപ്പണഖയെ മാനഭംഗം വരുത്തിയതുകൊണ്ടു, നമുക്കു രാമൻ അറിയാതെ രാമന്റെ ഭാൎയ്യയായ സീതയെക്കൊണ്ടുവന്നു മാനഭംഗം വരുത്തണം. അതിന്നു നിന്തിരുവടിയുടെ സഹായമല്ലാതെ

മററു യാതൊരു നിവൃത്തിയും ഞാൻ കാണുന്നില്ല. എന്നിങ്ങിനെ പറഞ്ഞതിനെക്കേട്ടു മാരീചൻ പറയുന്നു:—അല്ലയോ രാവണ! നീ ഇപ്പോൾ ആലോചിക്കുന്ന വഴി നന്നല്ലല്ലൊ. ഇതുകൊണ്ടു നിനക്കു നാശമാണല്ലൊ. നിനക്കു ഇത്രയും ബുദ്ധിയില്ലയോ? ഈ ആലോചന നിൻെറ പ്രാരബ്ധഫലമെന്നേ പറവാനുള്ളു. ഹേ രാവണ! നീ ഞാൻ പറയുന്നതിനെ ശ്രദ്ധയോടെ കേൾക്കണം:— നീ ബ്രഹ്മാവിനെക്കുറിച്ചു അനേകകാലം കഠിനതപസ്സു ചെയ്തതിനാൽ സമ്പാദിക്കപ്പെട്ട വരബലങ്ങളെല്ലാം ഒരു സ്ത്രീ നിമിത്തം നശിപ്പിക്കുവാനൊരുങ്ങുന്നതു വളരെ കഷ്ടംതന്നെ. മായാമാനുഷനായ ഈ രാമനെ നീ അറികയില്ല അല്ലേ? എന്നാൽ ഞാൻ നല്ലവണ്ണം അറിയും. എൻെറ അനുജനായ സുബാഹുവേയും, മാതാവായ താടകയേയും കൊന്നതു ഈ രാമനാണ്. ഇപ്പോഴും രാമനെന്നു കേൾക്കുമ്പോൾ എൻെറ പ്രാണൻ വിറയ്ക്കുന്നു. പരദാരപരിഗ്രഹണംകൊണ്ടുണ്ടാകാവുന്ന ദോഷം നീ അറിയുന്നവനാണല്ലൊ. അല്ലയോ രാവണ! എത്രപേരാണ് സ്ത്രീകൾ നിമിത്തം നശിച്ചുപോയിട്ടുള്ളത്. അഹല്യ നിമിത്തം ദേവേന്ദ്രൻ ദുഷ്കീർത്തിയെ വഹിച്ചില്ലയോ? ഒരു സ്ത്രീ നിമിത്തം ചന്ദ്രൻ അപമാനത്തിനു പാത്രമായില്ലയോ? നഹുഷൻ എന്ന രാജാവു ഇന്ദ്രാണി നിമിത്തം പെരുമ്പാമ്പായി ഇപ്പോഴും കഷ്ടപ്പെടുന്നില്ലയോ? ഇവയെല്ലാം അറിഞ്ഞിട്ടും നീ ഈ ആലോചനക്കായി എൻെറ അടുക്കൽ വന്നുവല്ലൊ. ഇതു കുറെ കഷ്ടം തന്നെ. ഈ ജാനകിയെ ഒഴിച്ചു അനേകം സുന്ദരികൾ വേറെ ഉണ്ടല്ലൊ. ജാനകിയായതു ഇച്ഛാജ്ഞാനക്രിയാശക്തിസ്വരൂപിണിയായ സാക്ഷാൽ ശ്രീഭഗവതിയാണ്. അങ്ങിനെയുള്ള ജാനകിയെയാണോ നീ അപഹരിപ്പാൻ ഭാവിക്കുന്നത്? ആ ലക്ഷ്മീഭഗവതിയെയാണോ നീ അപമാനിപ്പാൻ ഭാവിക്കുന്നത്? അങ്ങിനെയാണെങ്കിൽ ഹേ രാവണ! നീയും നിൻെറ ഗോത്രവും നശിപ്പാൻ കാലം അടുത്തിരിക്കുന്നു എന്നതിന്നു സംശയമില്ല. നീ വെറുതെ വംശം നശിപ്പിക്കുവാൻ ഉത്സാഹിക്കുന്നോ! എന്നിങ്ങിനെ മാരീചൻെറ വാക്കുകളെക്കേട്ടു കോപിഷ്ഠനായ രാവണൻ ഇപ്രകാരം പറയുന്നു.

രാവണൻ:—എടാ മാരീച! നീ എൻെറ പ്രബലതയേയും എനി
ക്ക വന്ന അപമാനത്തേയുമൊന്നും ലേശംപോലും ആലോ
ചിക്കാതെ ധിക്കാരമായ വാക്കുകളെയോ എന്നോട്ട പറയു
ന്നതു? എൻെറ വാക്കിനെ അനുസരിച്ച നീ നടന്നില്ലെ
ങ്കിൽ നിന്നെ ഞാൻ എൻെറ ചന്ദ്രഹാസത്തിന്നിരയാക്കി
ക്കളയും എന്നു പറഞ്ഞു വാൾ കയ്യിലെടുക്കുന്നതുകണ്ടു മാരീ
ചൻ പറയുന്നു.

മാരീചൻ—ഹേ രാവണ! നീ എൻെറ നേരെ കോപിക്കരുതു
നിണക്ക വലുതായ ദുഷ്കാലം അടുത്തിരിക്കുന്നു. അതു എ
ന്നെയും ബാധിച്ചുവെന്നേ പറയേണ്ടതുള്ളു. അതുകൊണ്ടു
ഞാൻ നിണക്കുവേണ്ടി ചെയ്യേണ്ടതു എന്താണെന്നുമാത്രം
പറയുകയേ വേണ്ടു.

രാവണൻ—ഹേ മാതുല! ഭയപ്പെടേണ്ട. താടകയേയും മററും
കൊന്നവനാണു രാമൻ എന്നതു ഞാൻ മറന്നിട്ടില്ല. ഞാൻ
രാമനെ നിഗ്രഹിക്കുന്നുണ്ടു. മാതുലൻ ഖേദിക്കരുതു. നീ
ന്തിരുവടി കനകമയമായ ഒരു മാനിൻെറ വേഷംപൂണ്ട അ
വരുടെ പർണ്ണശാലയ്ക്കടുത്തു സഞ്ചരിച്ച സീതയെ മോഹി
പ്പിച്ചു വല്ലവിധവും രാമലക്ഷ്മണന്മാരെ അകററണം. ആ
അവസരത്തിൻ ഒരു സന്ന്യാസിവേഷം ധരിച്ചു ഞാൻ സീത
യുടെ അടുക്കൽ ചെന്നു അവളെയുംകൊണ്ടു പോന്നുകൊ
ള്ളാം. എന്നിങ്ങിനെ പറഞ്ഞു.

മാരീചൻ—ഹേ രാവണ! ഞാൻ എന്തുചെയ്യട്ടെ! മാൻവേഷമെ
ടുത്തു മേൽപ്രകാരം ചെയ്യുന്നതായാൽ രാമൻ എന്നെ വ
ധിക്കും നിശ്ചയംതന്നെ. നിൻെറ കല്പനയെ അനുസരി
ക്കാഞ്ഞാൽ നീ എന്നെ വധിക്കുമെന്നതിന്നു സംശയമില്ല
ല്ലൊ. രണ്ടുപ്രകാരമായാലും മരിക്കും. എന്നാൽ രാമസാ
യകമേററ മരിക്കുന്നതാണ് സുകൃതം. അതിനാൽ നിണ
ക്ക ഇഷ്ടമായവിധം ചെയ്യാൻ ഞാൻ ഒരുക്കമാണ്. ഞാൻ
ഇപ്പോൾ ഇങ്ങിനെ ഒരു സഹായം ചെയ്യാം. മരിച്ചതിനു
ശേഷം മറെറാരു സഹായവും കൂടി നിണക്ക ചെയ്യാൻ

ഞാൻ ഒരുക്കമുണ്ട്. അതായതു:—ഇത്തരം പാപകൎമ്മങ്ങളെ ചെയ്യുന്ന നീ ഏറെത്താമസിയാതെ കുടുംബസമേതം അന്തകപുരിയിലേക്ക പോകുമല്ലൊ. ഞാൻ ഇപ്പോൾതന്നെ പോകുന്നതും അവിടെക്കാണ്. എന്നാൽ നീ വരുമ്പൊഴെക്ക നരകത്തിൽ ചില മുറികൾ നിന്റെ ആവശ്യത്തിന്നായി ഒഴിച്ചുവെപ്പിക്കാം. എന്നിങ്ങിനെ പറഞ്ഞു മാരീചൻ മനോഹരമായ ഒരു മാനിന്റെ വേഷമെടുത്തു രാമലക്ഷ്മണന്മാരുടെ പൎണ്ണശാലയുടെ അടുക്കലെക്കായി പുറപ്പെട്ടുപോകയും ചെയ്തു.

അയോദ്ധ്യാകാണ്ഡം സമാപ്തം.

# ആ ര ണ്യ കാ ണ്ഡം.

## സീതാകനകമൃഗദൎശനം.

### ക വി.

നന്മാമുനിവർതേവർകളുംനാടിക്കാണാനാതാരാർ
പൊന്മാൻതുള്ളിവിളയാട്ടംപൂത്തുമെപാരിർപോർവേന്തെ
മുന്മാനിതുപോൽക്കണ്ടതില്ലെമൃലമൃതലൈലൊഴുമൃതലൈ
ഇന്മാന്തന്നെപിടിത്തൊകൊണർന്തുതാരീർപെരുമാതെ.

സീതാദേവി ആശ്രമത്തിലിരുന്നുകൊണ്ടു വനത്തിന്റെ ഭംഗിയെ നോക്കിക്കൊണ്ടിരിക്കുന്നതിന്നിടയിൽ അതിമനോഹരമായ ഒരു മാനിനെ കാണുകയും, അതിന്റെ രൂപസൌന്ദൎയ്യാദികളെ കണ്ടു മോഹിച്ച് വിനോദത്തിന്നായി അതിനെ പിടിച്ചുതരേണമെന്നു കണവനോടപേക്ഷിക്കുകയും ചെയ്തു. ശ്രീരാമൻ അനന്തരം ലക്ഷ്മണനെ വിളിച്ചു ആ മാനിന്റെ ലക്ഷണങ്ങൾ നോക്കി പറയാനായി കല്പിച്ചു. ലക്ഷ്മണൻ ആ മാനിനെ നല്ലവണ്ണം സൂക്ഷിച്ചു നോക്കി ശ്രീരാമനോടു ഇപ്രകാരം പറയുന്നു:—സ്വാമിൻ! ഇതു യഥാൎത്ഥമായ മാനാണെന്നു തോന്നുന്നില്ല. പണ്ടു വിശ്വാമിത്രന്റെ യാഗത്തിൽ വന്നു നിന്തിരുവടിയെ ഭയപ്പെട്ടു ഓടിപ്പോയ

മാരീചനാണെന്നാണു തോന്നുന്നത്. സൂക്ഷ്മം അറിയേണമെ
ങ്കിൽ അസ്ത്രം അനുസന്ധാനം ചെയ്താൽ മതിയാവുന്നതാണ്. ഇ
തു കേട്ടു ശ്രീരാമൻ പറയുന്നു. ആഹാ! ആ ദുഷ്ടനായ മാരീച
നോ? എന്നാൽ ഇപ്പോൾതന്നെ വധിച്ചുകളയാം. മാനാണെങ്കിൽ
പിടിച്ചുകൊണ്ടു വരികയും ചെയ്യാം. നീ [illegible] പർണ്ണശാല
യിൽ സീതയെ കാത്തിരിക്കുക. എന്നിങ്ങിനെ ലക്ഷ്മണനോടു
പറഞ്ഞ് വില്ല് എടുത്തുംകൊണ്ടു മാനിന്റെ പിന്നാലെ പുറപ്പെ
ട്ടു. കുറെ അധികം ദൂരം ചെന്നിട്ടും അതിനെ പിടിപ്പാൻ കിട്ടുക
യില്ലെന്നു തോന്നുകയാൽ അസ്ത്രം പ്രയോഗിക്കുകയും അസ്ത്രമേറ്റ്
മരണവേദനയോടെ മാരീചൻ, ‘അയ്യോ സീതേ! ലക്ഷ്മണാ! രാ
ക്ഷസന്മാർ എന്നെ വധിക്കുന്നു. പ്രാണൻ പോകുന്നതിന്നു മു
മ്പു വന്നു എന്നെ രക്ഷിക്കണേ! രക്ഷിക്കണേ!’ എന്നിങ്ങിനെ ക
പടസ്വരത്തിൽ, ശ്രീരാമൻ പറയുംപോലെ ഉച്ചത്തിൽ വിളിച്ചു
പറയുകയും ഉടനെ പ്രാണനെ വെടിയുകയും ചെയ്തു. ഇതു കേട്ടു
ശ്രീരാമൻ, ലക്ഷ്മണൻ പറഞ്ഞതു ശരിയാണെന്നു കരുതി, ഈ
ശബ്ദം സീത കേട്ടാലും ലക്ഷ്മണൻ കേൾക്കാതിരിക്കട്ടെ എന്നു മ
നസ്സിൽ സങ്കല്പിച്ചു. അതുപോലെതന്നെ ഈ രോദനം സീതാദേ
വി കേൾക്കുകയും ലക്ഷ്മണൻ കേൾക്കാതിരിക്കുകയും ചെയ്തു. ജാ
നകി ഈ രോദനം കേട്ടു ഉടനെ വല്ലാതെ വ്യസനിക്കുകയും ഉട
നെ ലക്ഷ്മണനോടു, ഹേ ലക്ഷ്മണ! സർവ്വശക്തനായ ഭഗവാന്റെ
രോദനം നീ കേൾക്കുന്നില്ലയോ? ഇപ്രകാരമുള്ള ദീനസ്വരങ്ങൾ
കേട്ടിട്ടും നിണക്കു യാതൊരു ഭാവഭേദവും കാണുന്നില്ലല്ലോ. ഉട
നെ ചെന്നു രക്ഷപ്പെടുത്തി കൂട്ടിക്കൊണ്ടുവന്നാലും. എന്നിങ്ങി
നെ സീത പറഞ്ഞതിനെക്കേട്ടു ലക്ഷ്മണൻ പറയുന്നു. ശരണം
ലോകജനനീ! ക്ഷമിക്കണം. ഈരേഴുലോകത്തിൽ വസിക്കുന്ന
സർവ്വരും ഒരുമിച്ചു വില്ലെടുത്തു യുദ്ധത്തിന്നു വന്നാലും ശ്രീരാമ
സ്വാമിക്കു അതൊക്കയും ഒരു തൃണപ്രായമാണ്. മാരീചന്റെ
മരണസമയത്തുള്ള ആ ദുഃഖരോദനമാണ് ഭവതി കേട്ടത്. അ
തുകൊണ്ടു ദുഃഖിക്കരുത്. ഇവിടെ നിന്തിരുവടിയെ കാത്തിരി
പ്പാനാണ് ജ്യേഷ്ഠൻ എന്നോടു കല്പിച്ചിട്ടുള്ളത്. അതിനെ ധി

ക്കരിച്ചനടപ്പാൻ പാട്ടുള്ളതല്ലല്ലൊ. അതിനാൽ നിന്തിരുവടി അല്പസമയംകൂടി ക്ഷമിക്കണം. അപ്പോഴെക്കും സ്വാമി ഇവിടെ വരും. എന്നിങ്ങിനെയുള്ള ലക്ഷ്മണൻെറ വാക്കിനെക്കേട്ടു സീത പിന്നെയും പറയുന്നു. ഹേ ലക്ഷ്മണ! നിൻെറ അഭിപ്രായം എനിക്കു മനസ്സിലായി. അതു ഈ ജന്മം സാധിക്കുമെന്നു നീ വിചാരിക്കേണ്ട. നീ ഭഗവാനെ രക്ഷപ്പെടുത്തുവാൻ പോകാതെ വല്ലതും പറഞ്ഞു സമയം കളയുകയാണല്ലൊ ചെയ്യുന്നത്. അതിനാൽ ഞാൻ ഇതാ ഈ കാണുന്ന കാട്ടുതീയ്യിൽ ചാടി ഉടനെ എൻെറ ദേഹം ഉപേക്ഷിക്കും. ഇതുകേട്ടു ലക്ഷ്മണൻ വളരെ വ്യസനിച്ചു. എന്തുചെയ്യും പ്രാരബ്ധം അനുഭവിക്കാതെ കഴിയുന്നതല്ലല്ലൊ. അതുകൊണ്ടു ഞാൻ ഭഗവാനെ അന്വേഷിച്ചു പുറപ്പെടുകയാണ്. ഇവിടെ ആരു വന്നാലും പർണ്ണശാലയിൽനിന്നു പുറത്തുപോകാതിരിക്കട്ടെ. ജാനകിയെ സർവ്വപ്രകാരേണയും ജടായു കാത്തുകൊള്ളട്ടെ, വനദേവതമാരെ നിങ്ങളും സീതാദേവിയെ കാത്തുകൊള്ളേണമേ! എന്നിങ്ങിനെ പറഞ്ഞു ലക്ഷ്മണൻ ശ്രീരാമനെ കാണ്മാനായി പുറപ്പെട്ടു പോവുകയും, ആ അവസരത്തിൽ രാവണൻ ഒരു സന്യാസിവേഷം ധരിച്ചു പർണ്ണശാലയിൽ ജാനകിയുടെ മുമ്പിൽ പ്രത്യക്ഷമാവുകയും ചെയ്തു.

## സീതാഹരണം.

### കവി.

പൊയ്യിശൊല്ലുംമുനിവനല്ലൻപൂമകറ്മത്തരാളെ
വെയ്യുമ്മരുള്ളമുണ്ടാംതയ്യലൈദ്ദ്രംഗമയിലൈ
അയ്യമെഎ്ല്ലവന്തെനമ്പുടനെഴന്തിരുന്തു
പെയ്യളെക്കയ്മ്പിനാലെപിച്ചെനീകൊടുവാവിൻെറ.

അനന്തരം ജാനകി മഹർഷിയെക്കണ്ടു ആസനം നൽകിയിരുത്തി അർഘ്യപാദ്യാദികളാൽ പൂജിച്ചു ഭക്തിയോടുകൂടി തൊഴുതുംകൊണ്ടു നില്ക്കുന്നു.

സന്യാസി—അല്ലയോ സുന്ദരീ! ഞാൻ ഒരു മഹർഷിയാണ്. അധികംകാലം സമാധിയിൽ ഇരുന്നവനാണ്. ഇന്നു സമാധിയിൽനിന്നുണന്നപ്പോൾ ലോകത്തെ ഈ വിധമൊക്കെയുമ

ണ് കാണുന്നത്. മുമ്പ് ഈ സ്ഥലത്തു അനേകം ജീൎണ്ണിച്ച പന്തലുകളും വന്യങ്ങളായ ഭക്ഷണപദാൎത്ഥങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ അവയൊന്നും കാണ്മാനില്ല. എന്റെ സമാധി ഉണൎന്നപ്പോൾ എനിക്കു ക്ഷുത്തും ദാഹവും തുടങ്ങുകയാൽ അം ... വല്ല നിവൃത്തിയും ചെയ്യാനായി അന്വേഷിച്ചു ... ഴാണ് ഇവിടെ ഒരു പൎണ്ണശാലയും അതിൽ നി ... ണ്ടെത്തിയതു. മഹൎഷികളുടെ അനുഗ്രഹവചനത്തെ ... ബാദിക്കേണ്ടതു പ്രത്യേകിച്ചും സ്ത്രീകളാകയാൽ നീ ... ങ്ങളെല്ലാമണിഞ്ഞു പൎണ്ണശാലയിൽ നിന്നു പുറത്തു ... ഭിക്ഷുവിന്നു ഒരു കമ്പിളം ... ണമെന്നിങ്ങിനെ ... സി പറയുന്നതിനെക്കേട്ടു ജാനകി പറയുന്നു.

ജാനകി—... മഹൎഷിയേ! സന്യാസിമാൎക്കു ക്ഷുത്തുബാധയോ ... മാഹാദികളോ ഒന്നും ഇല്ലെന്നാണു ഞാൻ കേട്ടിരിക്കുന്ന ... സന്യാസികൾ പലതരത്തിലുമുണ്ടായിരിക്കുമോ? നിന്തിരു ... ക്ഷുൽപിപാസകളാൽ അവശനായിട്ടുണ്ടെന്നു പറയ ... തിന്നുള്ള കാരണമെന്താണെന്നു വിചാരിച്ചറിഞ്ഞാൽ ... ളളാം.

സന്യാസി—... കുമാരി! സന്യാസികൾ നാലുതരക്കാരാണ്. 1. കുടീചകൻ. 2. ബഹൂദകൻ. 3. ഹംസൻ. 4. പരമഹംസൻ ... യാണ്. ഇപ്പറഞ്ഞ നാലുതരം സന്യാസിമാൎക്കു മൂന്നു ... രാണു വൈരാഗ്യം. അതായതു—1. മന്ദവിരാഗം. 2. തീവ്രവിരാഗം. 3. തീവ്രതരവിരാഗം എന്നിവയാണ് ... തിൽ കുടീചകനും ബഹൂദകനും മന്ദവിരാഗികളാണ്. ഹംസൻ തീവ്രവിരാഗിയും പരമഹംസൻ തീവ്രതരവിരാഗിയുമാണ്. അതിൽ കുടീചകന്റെ ലക്ഷണം:—കുടുംബത്തിന്നു ... ബന്ധനായിരുന്നു ഒടുക്കം ഭാൎയ്യാപുത്രന്മാരെ രക്ഷിപ്പാൻ അസമൎത്ഥനായിത്തീൎന്നു അവരെ ഉപേക്ഷിച്ചു തന്റെ ഉദരം മാത്രം ഭരിപ്പാനായി കാഷായവസ്ത്രരുദ്രാക്ഷാദികൾ ധരിച്ചു എങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കും. ബഹൂദകൻ, കുടും

ബന്ധത്തെ ഉപേക്ഷിച്ചു സഞ്ചരിക്കുന്നവനാണെങ്കിലും സഞ്ചാരകാലങ്ങളിലൊക്കെയും അനേകം സന്ന്യാസികളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കും. എന്നാൽ അവരിൽനിന്നു ഉപദേശങ്ങളൊന്നും ലഭിക്കാതെ ജടാഭാരവും വഹിച്ചു കൌപീനം മാത്രം ധരിച്ചു യോഗദണ്ഡം മുതലായവയോടുകൂടി എല്ലാടവും സഞ്ചരിച്ചുകൊണ്ടിരിക്കും. ഹംസൻ:—ഭഗവൽഭക്തി ഹേതുവായിട്ടു വേദപാഠം, ദേവപൂജ, ഗുരുപൂജ മുതലായതുകളെ വിധിയാംവണ്ണം അനുഷ്ഠിച്ചു, സൽഗുരുവിൽനിന്നു ലഭിച്ച ഉപദേശമനുസരിച്ചു ആസനസ്ഥനായി യമനിയമാദികൾ അനുഷ്ഠിക്കുന്നവനാകുന്നു. പരമഹംസൻ:—അഷ്ടാംഗങ്ങളിൽ നിപുണനും, ശുഭേച്ഛാവിചാരണം, തനുമാനസികസത്വാപത്തി, അസംസക്തിപദാർത്ഥഭാവന, തുരീയം എന്നിങ്ങിനെയുള്ള ജ്ഞാനമാർഗ്ഗങ്ങളിൽ സഞ്ചരിച്ചു അനുഭവഗോചരമായ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നവനാകുന്നു. ഇങ്ങിനെ നാലുതരം സന്ന്യാസികളിൽവെച്ചു ഞാൻ പരമഹംസനാകുന്നു. എനിക്കു ആഹാരങ്ങളിൽ ശ്രദ്ധയില്ല എങ്കിലും പ്രാരബ്ധകർമ്മപ്രേരണയാൽ മനസ്സു ആഹാരാദികളിൽ ചലിച്ചതാണ്. അല്ലയോ സുന്ദരീ! നിന്നെ നോക്കുമ്പോൾ നീ ഒരു രാജകുമാരിയാണെന്നു തോന്നുന്നുവല്ലോ. അഥവാ വല്ല രാജകുമാരന്മാരുടേയും ഭാര്യയായിരിക്കുമോ? നീ ആരാണ്? നിന്റെ ഭർത്താവു ആരാകുന്നു. ആയാൾ എവിടെ; ഈ ഘോരമായ വനത്തിൽ സഹായത്തിന്നാരുമില്ലാതെ നീ തനിയെ ഇരിപ്പാൻ കാരണമെന്ത? ഇവയെല്ലാം അറിവാൻ ഞാൻ ആഗ്രഹിക്കുന്നു. പറഞ്ഞാലും—

ജാനകി—ഹേ മഹാനുഭാവ! ഞാൻ മിഥിലാധിപനായ ജനകരാജാവിന്റെ പ്രിയപുത്രിയാണ്. എന്റെ പേർ ജാനകി എന്നാണ്. അയോദ്ധ്യാധിപനായ ദശരഥരാജാവിന്റെ പ്രഥമപുത്രനാണ് എന്റെ ഭർത്താവ്. കണവന്റെ പേർ പറയുന്നതു പതിവ്രതമാർക്കു യുക്തമല്ലാത്തതിനാൽ അതിനെ ഞാൻ

പറയുന്നില്ല. അദ്ദേഹം, തന്റെ മാതാവിന്റെയും പിതാവിന്റെയും വാക്യത്തെ പരിപാലിപ്പാനായി കാട്ടിൽ വന്നതാണ്. ലക്ഷ്മണൻ എന്നുപേരായ ഒരു അനുജനും അദ്ദേഹത്തിന്റെ കൂടെ വന്നിട്ടുണ്ട്. കണവനും അനുജനും ഇപ്പോൾ പുറത്തേക്കു പോയിരിക്കയാണ്. വേഗത്തിൽ വരും. അവർ വന്നാൽ നിന്തിരുവടിക്കു എല്ലാം ഇഷ്ടംപോലെ സാധിക്കും. എന്റെ അധീനത്തിൽ നിന്തിരുവടിക്കു തരുവാനായി ഒന്നും ഇരിപ്പില്ല.

സന്ന്യാസി—ഓഹോ! ദശരഥനെയും, അദ്ദേഹത്തിന്റെ നാലു പുത്രന്മാരെയും ഞാൻ കേട്ടിട്ടുണ്ട്. അതിൽ പ്രഥമപുത്രനായ ശ്രീരാമനെ ഞാൻ അറിയും.

ജാനകി—നിന്തിരുവടി ഇപ്പോൾ എവിടെ നിന്നാണ് വരുന്നതെന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

സന്ന്യാസി—ഞാൻ അനേകം തീർത്ഥങ്ങളിൽ സ്നാനം ചെയ്കയും അനേകം ക്ഷേത്രങ്ങളെ സന്ദർശിക്കുകയും അനേകരാജ്യങ്ങളിൽ സഞ്ചരിക്കുകയും ചെയ്തുവരുന്നവനാണ്. ഓരോ പട്ടണങ്ങളിൽ പ്രവേശിച്ച് അവിടങ്ങളിലുള്ള രാജാക്കന്മാരുടെ ദുർബ്ബലതയേയും പ്രബലതയേയും, കീർത്തിയേയും ദുഷ്കീർത്തിയേയും എല്ലാം അറിഞ്ഞു അവർക്കു വേണ്ടുന്ന അനുഗ്രഹങ്ങളെ കൊടുത്ത് അങ്ങിനെ സഞ്ചരിച്ച് വരുന്നവനാണ്. ഇപ്പോൾ നിന്റെ കണവൻ വരുന്നതുവരെ സമയം പോവാനായി ഞാൻ നേരംപോക്കുള്ള ഒരു രാജാവിന്റെ ചരിത്രം പറയാം എന്നു പറഞ്ഞ് സന്ന്യാസിയായ 'രാവണന്റെ' ചരിത്രം പറയുന്നു. ലങ്ക എന്ന അതിമനോഹരമായ ഒരു രാജധാനിയും അവിടെ ത്രൈലോക്യസുന്ദരനായ ഒരു രാജാവും ഉണ്ടു. ഹേ ജാനകി! ആ രാജാവ്, ഭൂലോകത്തിലെ ദേവേന്ദ്രനാണെന്നു പറയുന്നതിൽ ഒട്ടും അത്ഭുതമില്ല. ആ രാജാവിന്റെ ഭാഗ്യത്തിന്നു ഞാൻ ഒന്നുംതന്നെ ഉപമ പറവാൻ കാണുന്നില്ല. സൌന്ദര്യത്തിൽ കാമദേവനെ ജയിച്ചവനാണ്. ബ്രഹ്മഗോത്രസംജാതനും, സാമവേദ സാധകനും ആ

കുന്നു. ഒരു കാലത്തിൽ കൈലാസപൎവ്വതത്തെ എടുത്ത് അമ്മാനമാടിയവനും അഷ്ടദിഗ്ഗജങ്ങളെ ജയിച്ചവനുമാണ്. പത്തു തലകളും ഇരുപതു കൈകളും അവന്നുണ്ട്. സ്വൎണ്ണവൎണ്ണമായ ദേഹകാന്തിയുള്ളവനാണ്. ഏതു സ്ത്രീയും അവനെക്കണ്ടാൽ മോഹിക്കാതിരിക്കയില്ല. മൂന്നു ലോകത്തിലും ഇത്ര സൌന്ദൎയ്യവും സമ്പത്തുമുള്ള ഒരാളെ വേറെ കാണ്മാൻ സാധിക്കയില്ല. ഇപ്രകാരം സൌന്ദൎയ്യമുള്ള അവന്നു അനുരൂപയായ ഒരു നാരിയെ ഭാൎയ്യയാക്കുവാൻ ഇതുവരെ സാധിച്ചില്ല. അതിനാൽ തന്റെ പടംവരച്ചു ദൂതന്മാർവശം പലദിക്കുകളിലേക്കും അയച്ചിട്ടുണ്ടു. ആ പടത്തിന്നു അനുരൂപയായ നാരിയെ തിരഞ്ഞു പല ദിക്കിലും ആളുകൾ നടക്കുന്നുണ്ട്. ഹേ ജാനകി! അവരിൽ ആരെങ്കിലും ആ പടവുംകൊണ്ട് ഇവിടെ വരികയോ നിന്റെ രൂപമൊത്തുനോക്കുകയൊ ഉണ്ടായിട്ടുണ്ടോ? ഒന്നിന്നും കൊള്ളരുതാത്ത കണവനെ ഭരിച്ചുംകൊണ്ടു അധികകാലം ജീവിച്ചിരിക്കുന്നതിനെക്കാൾ സ്ത്രീകൾക്കു അനുരൂപനായ ഭൎത്താവൊന്നിച്ചു ഒരു ദിവസമെങ്കിലുമിരുന്നു മരിക്കുന്നതു ഉത്തമമായിരിക്കും. അതിനാണ് സ്ത്രീകൾ ഭാഗ്യം ചെയ്യേണ്ടത്. ഈ രാമൻ സാധുവാണ്. എന്നു തന്നെയല്ല, രാമൻ ദശരഥരാജാവിന്റെ അകാലസന്തതിയുമാണ്. എന്തു ചെയ്യും നിന്റെ കൎമ്മം ഇങ്ങിനെയായല്ലൊ. എന്നിങ്ങിനെയുള്ള സന്യാസിയുടെ വാക്കിനെക്കേട്ടു ജാനകി പറയുന്നു.

ജാനകി—ഹേ സന്യാസിവൎയ്യ! അങ്ങ് പറഞ്ഞു പറഞ്ഞു ഇങ്ങനെയാണൊ വിഷയം അവസാനിപ്പിച്ചത്? രാക്ഷസന്മാരെയാണൊ ഇത്ര നേരവും പുകഴ്ത്തിയത്. എന്റെ കണവൻ രാക്ഷസന്മാരെ വധിപ്പാനാണ് ആയുധപാണിയായി വനത്തിലേക്കു വന്നതെന്ന വിവരം അങ്ങ് അറിഞ്ഞിട്ടില്ല അല്ലേ? രാക്ഷസന്മാരെക്കുറിച്ച് ഇത്രയും പുകഴ്ത്തുന്ന അങ്ങു എന്റെ ഭൎത്താവ് മടങ്ങിവരുന്നതിന്ന് മുമ്പെ ഇവിടെനിന്നു പോവുകയാണ് നല്ലതു. ഇതു കേട്ടു സന്യാസി പറയുന്നു. ഹേ സുന്ദരി! ഒരു മുയൽചെന്നു സിംഹത്തെ വധി

ക്കമെന്നു പറയുമ്പോലെയാണ് ഇപ്പോൾ നീ പറയുന്നത്.
ഒരു മനുഷ്യൻ ഒരു രാക്ഷസനെ വധിക്കുമെന്നു പറയുന്നതു
കേട്ടാൽ എങ്ങിനെയാണ് അത്ഭുതപ്പെടാതിരിക്കുക? എ
ന്നിങ്ങിനെ പറഞ്ഞതിനെക്കേട്ട് ജാനകി പറയുന്നു. ഹേ
സന്ന്യാസി രാക്ഷസരാജാവായ രാവണനെ കൃതവീൎയ്യപുത്ര
നായ കാൎത്തവീൎയ്യൻ ജയിച്ചതു അറിയുമോ? അങ്ങിനെ ഉ
ള്ള കാൎത്തവീൎയ്യനെ പരശുരാമൻ ജയിക്കുകയും ആ പരശു
രാമനെ എന്റെ കണവൻ ജയിക്കുകയും ചെയ്തിട്ടുണ്ട്.
എന്നുതന്നെയല്ല വിരാധനെയും ഖരാദികളെയും എന്റെ
സ്വാമിയാണ് ജയിച്ചത്. നിന്തിരുവടി ഒരു കപടസന്ന്യാ
സിയാണെന്നിപ്പോൾ തീൎച്ചയായി. എന്നതിനെക്കേട്ടു സ
ന്ന്യാസവേഷത്തെ വിട്ടു തന്റെ യഥാൎത്ഥമായ രൂപത്തെ വ
ഹിച്ച് രാവണൻ ഇപ്രകാരം പറയുന്നു. എടീ ജാനകി! രാ
വണനെ നീ അറിയുമോ? നിന്റെ നാവു ഞാൻ കടപിടി
ച്ചുമുറിക്കും. എനി ഒരക്ഷരംപോലും നീ പറഞ്ഞുപോകരുത്.
എന്നു പറഞ്ഞു രാവണൻ അവളെ പിടിപ്പാൻ ശ്രമിച്ചപ്പോൾ പതിവ്രതാഗ്നിയാൽ അടുപ്പാൻ പാടില്ലാതെ വന്നു.
അതുകണ്ട് രാവണൻ ഒരു യോജന ഭൂമിയോടുകൂടി പൎണ്ണ
ശാലയെ കുത്തിപ്പുഴക്കി വിമാനത്തിൽവെച്ച് കൊണ്ടുപോകു
കയും ചെയ്തു. ജാനകി പിന്തിരിഞ്ഞിരുന്നു ജടായുവെ വി
ളിച്ച് ദുഃഖിക്കുകയും അതു കേട്ടു ജടായുവന്നു രാവണനെ
തടുത്ത് യുദ്ധംചെയ്കയും രാവണന്റെ കിരീടം കുണ്ഡലം
ബാഹുവലയം, മുതലായ ആഭരണങ്ങളും വില്ലും കൊത്തി
ഭൂമിയിൽ വീഴ്ത്തി ബഹുനേരം യുദ്ധംചെയ്കയും രാവണന്നു ജ
യമില്ലാത്തതുകണ്ടു പക്ഷിയോടു മൎമ്മം പറഞ്ഞ് പോർ ചെ
യ്യാമെന്നു തീൎച്ചപ്പെടുത്തിയതിൽ എടത്തേക്കാൽപെരുവിര
ലിലാണ് തന്റെ മൎമ്മമെന്നു രാവണൻ പറയുകയും അതു
സത്യമായിരിക്കുമെന്നു കരുതി വലത്തേപക്ഷത്തിലാണു എ
ന്റെ മർമ്മമെന്നു ജടായുവും പറഞ്ഞു. ഉടനെ ജടായു രാ

വണന്റെ മർമ്മത്തിൽ വക്രതുണ്ഡംകൊണ്ടു കൊത്തുവാനായി താണസമയം രാവണൻ ചന്ദ്രഹാസത്താൽ പക്ഷംവെട്ടുകയും ഉടനെ ജടായു ഭൂമിയിൽ വീണതിനെ ജാനകി കണ്ടു അത്യന്തം ദുഃഖിച്ചു, കണവനെക്കണ്ടു വൃത്താന്തം പറയുന്നവരെ പ്രാണൻ പോകരുതെന്നനുഗ്രഹിക്കുകയും ചെയ്തു. രാവണൻ ഭൂമിയിലൂടെ രഥം നടത്തരുതെന്നുകരുതി ആകാശമാർഗ്ഗമായി രഥംകൊണ്ടുപോയി ലങ്കയിൽകടന്നു അശോകവനത്തിൽ ശിംശപം എന്ന വൃക്ഷത്തിന്റെ അടിപ്പാട്ടിൽ ചിറവെച്ചു; അവിടെ ഉള്ള അശ്വമുഖി, ഗോമുഖി, നക്രമുഖി, സിംഹമുഖി മുതലായ രാക്ഷസികളെ വിളിച്ചു എടീ നിങ്ങൾ, ഒരു മാസത്തിന്നുള്ളിൽ ഈ സ്ത്രീയെ ഭയപ്പെടുത്തിയൊ, നയപ്പെടുത്തിയൊ എനിക്കു കയ്വശപ്പെടുത്തിത്തരേണമെന്നു പറഞ്ഞ് രാവണൻ രാജധാനിക്കു പോയതിന്റെ ശേഷം രാവണൻ പറഞ്ഞേല്പിച്ച വിവരം വിഭീഷണനറിഞ്ഞു തന്റെ മകളായ ത്രിജടയെ സഹായിയാക്കിവെച്ചു പോകുകയും ചെയ്തു. ലക്ഷ്മണൻ ഭഗവാനെ അന്വേഷിച്ചു ബഹു ദൂരംനടന്നു ബുദ്ധിമുട്ടി ദുഃഖിക്കുന്ന മദ്ധ്യേ സ്വാമിയെക്കാണുകയും ഭഗവാൻ സൌമിത്രിയെക്കണ്ടു എടാ ലക്ഷ്മണ! പർണ്ണശാലയിൽ ജാനകിക്കു തുണയാരാണ്? കഷ്ടം മോശംപിണഞ്ഞുവല്ലൊ. നീ എന്നെത്തിരഞ്ഞു വരുവാൻ കാരണമെന്തെന്നു ചോദിച്ചതിന്നു ലക്ഷ്മണൻ വണങ്ങി സ്വാമിൻ! ജാനകിയോടു എന്തു പറഞ്ഞാലും സമ്മതിക്കുന്നില്ല. ദേവി അഗ്നിയിൽ വീണു മരിക്കാൻ ഒരുങ്ങുന്നതിനെക്കണ്ടു അടിയൻ വന്നതാണു. കർണ്ണശൂലയായ ചില വാക്കുകളെപ്പറഞ്ഞതിനാൽ അതുകേട്ടു എങ്ങിനെ അവിടെ താമസിക്കുമെന്നു കരുതി ദേവിയുടെ കല്പനപ്രകാരം വന്നതാണെന്നു പറഞ്ഞതിനെ ഭഗവാൻ കേട്ടു, അല്ലയൊ ലക്ഷ്മണ! സ്ത്രീവാക്കു കേട്ടാണു നമ്മുടെ പിതാവു മരണത്തെ പ്രാപിച്ചതു. അതേപ്രകാരം സ്ത്രീവാക്കുകേട്ടു ഞാൻ മാനിൻ

പിന്നാലെവന്നു. നീ ജാനകിയെ കൈവിടുകയും ചെയ്തു. ഇതു ആലോചിക്കുമ്പോൾ സ്ത്രീകളുടെ വാക്ക കേൾക്കുന്നതു നമ്മുടെ ഗോത്രത്തിന്നു ഒരു പാരമ്പര്യമായിത്തീൎന്നിരിക്കുന്നു എന്നു തോന്നുന്നു. എന്തുചെയ്യാം. എന്നു പറഞ്ഞു രണ്ടുപേരുംകൂടി അതിവേഗത്തിൽ പഞ്ചവടിയിൽ വന്നുനോക്കുമ്പോൾ ജാനകിയേയും പൎണ്ണശാലയേയും കാണാതെ ഭഗവാൻ മോഹാലസ്യപ്പെട്ടു വീഴുകയും ലക്ഷ്മണൻ ഉപചാരവാക്കുകളാൽ സ്വാമിയുടെ മോഹാലസ്യം തീൎത്ത് രഥം പോയ ചാല് ലക്ഷ്യംപിടിച്ചു ദക്ഷിണമുഖന്മാരായി സീതാന്വേഷണം ചെയ്തുവരുന്ന മാൎഗ്ഗത്തിൽ അനേകം വില്ലുകളും ശരങ്ങളും രഥവും കിരീടങ്ങളും ബാഹുവലയങ്ങളും കൎണ്ണകുണ്ഡലങ്ങളും തകൎന്നുകിടക്കുന്നതിനെക്കണ്ടു ജാനകിയെ കളവുചെയ്തവൻ രാവണനാണെന്നു മനസ്സിലാക്കി. അവിടെനിന്നു പുറപ്പെട്ടു വരുമ്പോൾ ജടായുവെക്കണ്ടു ഭഗവാൻ അത്യന്തം ദുഃഖിച്ചു പറയുന്നു.

### ജടായുമോക്ഷം.

കവി.

അതിശയമൊരുവരാലമെക്കപ്പാലതൊ
തുതിശെയ്യുമ്പിറവിയിലിമ്പതുമ്പന്താൻ
വിതിവശമെമ്പതുമെക്കൊളുംവിടിൽ
മതിവലിവാൽവലിയെന്നെവെല്ലുമൊ.

അല്ലയൊ ജടായുദേവരേ! എന്റെ നിമിത്തം പിതാവായ ദശരഥരാജാവു മരണമനുഭവിച്ചു. എന്നു തന്നെയല്ല പിതൃസുഹൃത്തായ നിന്തിരുവടിയും മരിക്കേണ്ടിവന്നുവല്ലൊ. പിതാക്കന്മാൎക്കെല്ലാം ഞാൻ ഒരു കാലനായ്ഭവിച്ചതിൽ അത്യന്തം വ്യസനിക്കുന്നു. മേലിൽ ഞാൻ വില്ലും പിടിച്ചിരുന്നിട്ടു പ്രയോജനമെന്തു? എന്നും മററും പറഞ്ഞു ദുഃഖിക്കുന്നതിനെ ജടായു കണ്ടു ഹെ രാഘവ! നീ ഒരു കാലത്തും ദുഃഖിക്കരുതു. സുഖദുഃഖങ്ങൾ ആരെയും വിടുന്നതല്ല. സംഹാരമൂൎത്തിയായ പരമേശ്വരൻ

ബ്രഹ്മകപാലം കയ്യിലെടുത്തു പന്ത്രണ്ടു സംവത്സരം ഭിക്ഷയാചിച്ചുംകൊണ്ടു നടന്നില്ലെയൊ? സൃഷ്ടികൎത്താവായ ബ്രഹ്മാവു തന്റെ ഒരു ശിരസ്സു പോയപ്പോൾ തനിക്കതിനെ സൃഷ്ടിപ്പാൻ സാധിച്ചുവൊ? രാത്രിനാഥനായ ചന്ദ്രൻ തന്റെ കലകൾ നശിപ്പാനായ്ക്കൊണ്ടു ദക്ഷന്റെ ശാപം ഏല്ക്കേണ്ടിവന്നില്ലയൊ? ഇങ്ങിനെ മഹാന്മാരുംകൂടി അവരവരുടെ പ്രാരബ്ധത്തെ അനുഭവിച്ചല്ലെ കഴിഞ്ഞതു. നിന്റെ അത്ഭുതമായ സമ്പ്രദായമായ വിദ്യയെ അറിവാനായി ആരാൽ സാധിക്കും. ജന്മമെടുത്താൽ സുഖദുഃഖങ്ങൾ അനുഭവിക്കാതെ കഴിയുമോ? ജനനം മരണം എന്ന രണ്ടു കരയോടുകൂടിയ സംസാരാൎണ്ണവത്തിൽ നിമജ്ജനോന്മജ്ജനങ്ങളെ ചെയ്യു് വരുന്ന പാമരന്മാരെപ്പോലെ നടിക്കുന്ന നിന്റെ നാട്യം ജടായുവോടും കാട്ടേണമെന്നുണ്ടോ? രാവണൻ വിചാരിച്ചാൽ എന്നെ ജയിപ്പാൻ കഴിയുമോ? എന്റെ കൎമ്മമെന്നല്ലാതെ മറ്റെന്താണു് പറയുവാനുള്ളതു്. എങ്കിലും എന്റെ പ്രാണപ്രയാണകാലത്തു് നിന്റെ നീലമേഘശ്യാമളവൎണ്ണമായ യഥാൎത്ഥസ്വരൂപത്തെ കാണ്മാൻ എടവന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. അനിമേഷവൃത്തികളായ ദേവന്മാൎക്കുകൂടി ഇതു് അസാദ്ധ്യമായ കാൎയ്യമാണു്. ആയതുകൊണ്ടു വേഗത്തിൽ രാവണാദികളെ വധിച്ചു് ദേവന്മാരുടെ സങ്കടരക്ഷ ചെയ്തു അയോദ്ധ്യയിൽചെന്നു ചക്രവൎത്തിയായി സുഖമായ വസിക്കു. പ്രാണൻ പിരിയാതെകണ്ടു് എനിക്കു വളരെ വേദനയുണ്ടു. എന്നതിനെ കേട്ടു ഭഗവാൻ ക്രോധിച്ചു പറയുന്നു. ഹേ പിതാവേ! രാമന്റെ സാമൎത്ഥ്യം നോക്കുക! ക്ഷണമാത്രംകൊണ്ടു ഈരേഴുലോകവും ആഗ്നേയാസ്ത്രം തൊടുത്തു് ഞാൻ ഭസ്മീകരിക്കുന്നുണ്ടു. ഇങ്ങിനെയുള്ള ദു[illegible] ലോകത്തിൽ[illegible] [illegible]വേണ്ടുന്ന വരബലങ്ങളേയും വരായുധങ്ങളേയും ഹരിഹരവിരിഞ്ചാദികൾ കൊടുത്ത നിമിത്തമല്ലെ സജ്ജനങ്ങൾ ബുദ്ധിമുട്ടേണ്ടിവന്നതു്? ലക്ഷ്മണാ! വില്ലുകൊണ്ടുവാ എന്നു് ക്രോധിച്ചതിനെക്കണ്ടു ജടായു—അല്ലയോ രാഘവ! നീ ആരുടെമേൽ ക്രോധിക്കുന്നു? നീ അസ്ത്രംതൊ

ടുത്താൽ നിരപരാധികളായ സജ്ജനങ്ങൾ നശിക്കേണ്ടിവരും. തന്നിമിത്തം നീ നരകത്തിന്നധികാരിയായി വരും. നിന്റെ അടുക്കലാണ് തെറ്റ്. അതെന്തെന്നുവെച്ചാൽ; ഒരു സ്ത്രീയെ ഘോരാരണ്യമായവനത്തിൽ ഏകാകിനിയായിവെച്ച് നീ മാനിനെ പിടിപ്പാൻപോകാമോ? നീ പോയനിമിത്തമല്ലെ രാവണൻ ജാനകിയെക്കൊണ്ടുപോയത്? ആയത്കൊണ്ടു ലോകരെ എന്തിന്നു വൃഥാ ദൂഷ്യം പറയുന്നു. എന്നു പറഞ്ഞതിനോടുകൂടെ രാമസ്വാമിയുടെ ക്രോധം ശമിച്ചു രാവണൻ ജാനകിയെ ഏത് മാൎഗ്ഗത്തൂടെയാണ് കൊണ്ടുപോയത് എന്നു ചോദിക്കുകയും അതിന്നു സമാധാനം പറയാതെ ശ്രീരാമരാമ എന്ന് പറഞ്ഞു ജടായു മരിക്കുകയും ചെയ്തു. അനന്തരം ലക്ഷ്മണൻ ജടായുവിന്റെ ദേഹത്തെ എടുത്ത് ദഹിപ്പിച്ച് ഒരു മൃഗത്തിനെ വധിച്ച് ജടായുവിന്റെ മരണാനന്തരാപേക്ഷകളെ ചെയ്തു. അവിടെനിന്നു പുറപ്പെട്ടു ദക്ഷിണമുഖന്മാരായി നടക്കുമ്പോൾ ഭഗവാൻ ലക്ഷ്മണനോടു ദാഹശമനത്തിനായി ജലംകൊണ്ടു വരുവാൻ പറഞ്ഞയക്കുകയും ലക്ഷ്മണൻ ജലത്തിന്നായി പോകുന്നവഴിയിൽ ശൂരപത്മാവിന്റെ സോദരിയായ അയോമുഖിവന്ന് ലക്ഷ്മണനെ തടുത്ത് നീ എന്റെ മാരതാപം തീൎത്തുതരേണമെന്ന് പറയുകയും ലക്ഷ്മണൻ അയോമുഖിയുടെ പഞ്ച ഉറുപ്പുകളെയും അറുത്തയച്ചതിന്നു ശേഷം ജലംകൊണ്ടു ഭഗവാന്റെ അടുക്കൽവന്നു വിവരം പറയുകയും ഭഗവാൻ ജലപാനം ചെയ്ത് ദാഹം ശമിപ്പിച്ച് അവിടെനിന്നു പുറപ്പെടുകയും ചെയ്തു. പോകും വഴിക്ക് കബന്ധന്റെ കരത്തിൽപ്പെടുകയും വാളെടുത്ത് രണ്ടുപേരും രണ്ടുകരത്തെ വെട്ടിയ ഉടനെ ആ ദേഹത്തിൽനിന്നു ഒരു ദിവ്യപുരുഷൻ പുറപ്പെട്ട് ആകാശത്തിൽനിന്നു ഇപ്രകാരം സ്തുതിക്കുകയും ചെയ്തു.

### കബന്ധസ്തുതി.

കവി.

ആതിപിരമമുംനീആതിപിരമനുംനീ
ആതിയെന്നമ്പൊരുളുക്കപ്പാലുണൎവ്വുനീ
ചൊതിശ്ശുടപ്പിഴമ്പുനീയെൻറചൊല്ലുകിൻറ
വേതമുറൈശെയ്യാലുംവെൾകാരെരാവരള്ളർ.

ശരണം പരബ്രഹ്മ സ്വരൂപ! സ്വാമിൻ! നിന്തിരുവടി, ആദിയായി, അനാദിയായി, ആദിമദ്ധ്യാന്തരഹിതനായി, അഖിലാണ്ഡത്തിലുള്ള ജീവകോടികളുടെ അന്തർബ്ബഹിർവ്വ്യാപ്തനായി, സമസ്തകാരണനായി, സൎവ്വസാക്ഷിയായി, സജാതികവിജാതികസ്വഗതഭേദശൂന്യനായി, അവാങ്മാനസഗോചരനായുള്ള മൂൎത്തിയാണ്. നിന്തിരുവടിയെ ഇന്നവിധമെന്നറിയാഞ്ഞാൽ അങ്ങിനെ ഉള്ള ഭഗവാനെ അടിയൻ എങ്ങിനെ സ്തുതിക്കും. സ്വാമിൻ! കാട്ടുന്നതും കാണുന്നതും നിന്തിരുവടിതന്നെ. ഇങ്ങിനെ ഉള്ള മായാവിദ്യകളെ ആരറിയാൻ പോകുന്നു! കയ്യിലുള്ള പദാൎത്ഥത്തെ വലിച്ചെറിഞ്ഞ് അനന്തരം കാണ്മാനില്ലല്ലോ എന്നു ദുഃഖിക്കുന്ന നാട്യം അത്യൽഭുതംതന്നെ. സ്വാമിൻ! ശരണം. എന്നുള്ള സ്തുതിയെക്കേട്ട് ഭഗവാൻ നീ ആരാണെന്നു ചോദിച്ചതിന്നു ഗന്ധൎവ്വൻ പറയുന്നു. ശരണം, രാമഭദ്രാ! ഞാൻ ഗന്ധൎവ്വനാണ്. എന്റെ നാമം തനു എന്നാണ്. അഷ്ടവക്രന്റെ ശാപത്താൽ ഇങ്ങിനെ വന്നതാണ്. ശാപത്തിനുള്ള കാരണം എന്തെന്നാൽ:—ഒരു ദിവസം വനത്തിൽവെച്ചു മഹൎഷിയുടെ ശരീരത്തെക്കണ്ടു ഞാൻ പരിഹസിക്കുകയും അതു കേട്ട നീ ഒരു രാക്ഷസനായി ഭവിക്കുക എന്ന് എന്നെ ശപിക്കുകയും ഉടനെ ശാപമോചനം തരേണമെന്നു ഞാൻ അപേക്ഷിച്ചതിനാൽ രാമാവതാരകാലത്തിൽ ശാപമോചനം വരുമെന്നനുഗ്രഹിക്കുകയും ചെയ്തു. അതേപ്രകാരം വനത്തിൽ സഞ്ചരിക്കുന്ന മദ്ധ്യേ, കാമധേനുവിന്റെ പുത്രിയായ നന്ദിനിയെക്കണ്ട് അതിനെ ഭുജിപ്പാനായിപ്പിടിച്ചതിനെ ഇന്ദ്രൻ കണ്ടു തന്റെ കരത്തിലുണ്ടായിരുന്ന വജ്രംകൊണ്ടു എന്റെ ശിരസ്സിൽ അടിക്കുകയും അപ്പോൾ ശിരസ്സു കുക്ഷിയിലായി കരങ്ങൾ വളരുകയും ചെയ്തു. അന്നുമുതൽ ഇതുവരെ ഇങ്ങിനെ കാലം കഴിച്ച് നിന്തിരുവടിയുടെ വരവും പാൎത്തിരിക്കുകയാകുന്നു. എനി നിന്തിരുവടി ഇവിടെനിന്നു ഇരുപത്തഞ്ചു യോജന ദക്ഷിണമുഖനായിപ്പോയാൽ ശബരി എന്ന സ്ത്രീ തപസ്സുചെയ്യുന്ന തപസ്ഥാനത്തെക്കു പോകാം. ശബരിയാൽ സുഗ്രീവനിരിക്കുന്ന പൎവ്വതവും തന്നിമിത്തം ഉണ്ടാവുന്ന സഹായങ്ങളേയും അറിവാൻ ഇടവരും.

അവരാൽ സർവ്വകാര്യവും സാദ്ധ്യമാവുകയും ചെയ്യും എന്ന് പറഞ്ഞ് ഗന്ധർവ്വൻ അന്തർദ്ധാനം ചെയ്തു. അതിന്നുശേഷം സ്വാമിയും സൌമിത്രിയും നടന്ന് ശബരിയുടെ ആശ്രമത്തിൽ എത്തി.

## ശബരീമോക്ഷം.

### കവി.

ആണ്ടകൈവന്തായെങ്കളുന്തപക്കൻറംവന്തായി
മാണ്ടതുമായപാശം വന്തതുവരമ്പിൻകാലം
പൂണ്ടമാതപത്തിൻശെയ്യേപോലുള്ളപിറവിഅയ്യം
വേണ്ടിയതരുവെവന്തീർവിരുന്തിനിതമൈതിവെയ്പ്പായി.

ശബരി കൊടുത്ത ഫലമൂലങ്ങളെ ഭക്ഷിച്ച് അനന്തരം നീ ഇങ്ങിനെ തപസ്വിനിയായിരിപ്പാൻ അവകാശമെന്തെന്ന് ഭഗവാൻ ചോദിച്ചതിന്നു ശബരി പറയുന്നു. ശരണം സ്വാമിൻ! ചിത്രകവചൻ എന്ന ഒരു ഗന്ധർവ്വൻെറ പുത്രിയാണ് ഞാൻ. എന്നെ വേട്ടത്, വീതിഹോത്രൻ എന്ന ഗന്ധർവ്വനാണ്. അദ്ദേഹം ബ്രഹ്മജ്ഞാനിയാണ്. അങ്ങിനെയിരിക്കെ, കന്മാടൻ എന്ന ഒരു കിരാതനെ ഞാൻ സ്നേഹിച്ചു രമിച്ചു വരുന്നതിനെ എൻെറ നായകൻ അറിഞ്ഞു നീ ഒരു വേടനാരിയായ്പ്പോക എന്ന് ശപിക്കുകയും, അറിയായ്മയാൽവന്ന അബദ്ധങ്ങളെ ക്ഷമിച്ചു ശാപമോചനം നൽകണമെന്നു അപേക്ഷിച്ചതിൽ നാരായണസ്വാമിയുടെ രാമാവതാരകാലത്തിൽ മോചനം വരുമെന്നു അനുഗ്രഹിക്കുകയും ചെയ്തു. അപ്രകാരം സ്വാമിയുടെ വരവും കാത്ത് ഞാൻ ഇരിക്കുന്നവളാണ് എന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ അവളുടെ ശാപത്തെ മോചനം ചെയ്തതിന്നനന്തരം ശബരി സ്വാമിയെ നോക്കി ശരണം സ്വാമിൻ! ഇവിടെനിന്നു ദക്ഷിണമുഖന്മാരായി കുറെ ദൂരം പോയാൽ പമ്പാസരസ്സ് എന്ന തടാകം കാണാം. അവിടെ അടുത്തുതന്നെ പ്രസ്രവണാചലമെന്ന ഋശ്യമൂകാദ്രിയുണ്ട്. അതിൽ സൂര്യാത്മജനായ സുഗ്രീവൻ വസിക്കുന്നുണ്ട്. ആ സുഗ്രീവനെ സഖിയാക്കിച്ചേർത്താൽ സീതാന്വേഷണം ചെയ്ത് കാര്യനിവൃത്തി വരും. എന്നതിനെക്കേട്ടു ഭഗവാൻ ശബരിയെ സ്വർഗ്ഗത്തിലേക്കയച്ചു.

ആരണ്യകാണ്ഡം സമാപ്തം.

## കിഷ്കിന്ധാകാണ്ഡം.

അനന്തരം രണ്ടുപേരും ശബൎയ്യാശ്രമത്തിൽനിന്ന പുറപ്പെട്ടു പമ്പായാംസരസ്സിലേക്ക വന്ന സ്നാനപാനാദികളെച്ചെയ്തു ലക്ഷ്മണനോടു ഭഗവാൻ പറയുന്നു.

### പമ്പാവൎണ്ണന.

### കവി.

തേമ്പടിമലരത്തുചെങ്കൺവെൺകെമാ
താമ്പടികിൻറത്തുതെളിവുശാൻറത്തു
മീമ്പടിമേകമുംവിളിന്തുവീങ്കനീർ
വാമ്പടിന്തുലകിടൈക്കിടന്തമാണ്പതു.

അല്ലയോ സൌമിത്രേ! ഈ സരസ്സിൻെറ വൈഭവത്തെ നോക്കുക. അച്ഛജലപരിപൂൎണ്ണതയോടുകൂടിയ ഈ തടാകത്തിൻെറ നാലുഭാഗവും നവരത്നങ്ങളെക്കൊണ്ടു ഭിത്തികെട്ടി ഉയൎത്തിയിരിക്കുന്നു. സൂൎയ്യൻ ആകാശത്തൂടെ വരുമ്പോൾ സൂൎയ്യകിരണങ്ങൾ രത്നങ്ങളിൽ പ്രതിഫലിച്ചു രത്നകാന്തികൾ ജലത്തിൽ പ്രതിഫലിക്കുമ്പോൾ ഈ ധാവള്യമായ ജലം നാനാപ്രകാരമായ വൎണ്ണത്തെ അവലംബിക്കുന്നു. ഈൗന്ന പൊളിച്ച സ്ഫടികംപോലെയുള്ള ഈ ജലത്തിൽ ആകാശം പ്രതിഫലിച്ചു കാണുമ്പോൾ മത്തഗജങ്ങൾ വന്ന ജലത്തിൽ പതിഞ്ഞതുപോലെ തോന്നുന്നു. എന്നുതന്നെയല്ല, ഈ തടാകത്തിൽ ചില വേഷധാരികളെയും തിരശ്ശീലകളേയും പശ്ചിമഭാഗത്തു കാണുന്നുണ്ട്. എന്നുതന്നെയല്ല, പൂൎവ്വദിക്കിൽ നോക്കുക. ചില നൎത്തകിമാരേയും കാണുന്നു. അതാ ഉത്തരദിക്കിൽ ചില വാളഭ്യാസികളെ നോക്കുക. ഇതുകളെയെല്ലാം കണ്ടു രസിക്കുന്ന ചില സഭാവാസികൾ ദക്ഷിണദിക്കിൽ ഇരുന്നു ബലേ ബലേ എന്നു പറഞ്ഞു ശിരഃകമ്പനം ചെയ്യുന്നതിനെ നോക്കുക എന്നു പറഞ്ഞതിനെക്കേട്ടു ലക്ഷ്മണൻ ശരണം സ്വാമിൻ! അടിയൻ നോക്കുമ്പോൾ അങ്ങിനെ ഒന്നും കാണുന്നി

ഷ്ടം. ആയതിൻെറ യുക്തി എന്താണെന്നു ചോദിച്ചതിനെക്കേട്ടു ഭഗവാൻ പറയുന്നു. അത്യത്ഭുതമുണ്ടു. പശ്ചിമഭാഗത്തു വാളഭ്യാസികൾ ആരെന്നുവെച്ചാൽ:—പൂത്തു വികസിച്ചുനില്ക്കുന്ന ചെന്താമരയിൽ അരയന്നങ്ങൾ വന്നിരിക്കുന്ന അവസരത്തിൽ പുഷ്പത്തിലെ രേണുക്കൾ ജലത്തിൽ വീഴുകയും അതുകളെ ഭുജിപ്പാൻ വാളമത്സ്യങ്ങൾ വന്നു പൊന്തുകയും ഹംസങ്ങളെക്കണ്ടുതൽക്ഷണം ഭയപ്പെട്ടു ജലത്തിൽനിന്നു തുള്ളി മേല്പോട്ടുവന്നു മറിഞ്ഞു് ജലത്തിൽ വീഴുന്നതു കാണുമ്പോൾ അഭ്യാസികൾ വാളെടുത്തു കളരിയിൽ കളിക്കുമാറു തോന്നുന്നു. എന്നുതന്നെയല്ല, വേഷധാരികൾ എന്തെന്നുവെച്ചാൽ, ജലത്തിൽനിന്നു തുള്ളുന്ന വാളമത്സ്യങ്ങളെ പിടിപ്പാനായി അലകളുടെ ഇടയിൽ പൊങ്ങി മുഖം കാണിക്കുന്ന നീർനായ്ക്കളെക്കണ്ടു വേഷധാരികളെന്നും, അലകളെ തിരശീലകളെന്നും ശങ്കിച്ചതാണു്. പുഷ്പങ്ങളിലുള്ള മധുവെ ഭുജിപ്പാൻ ഷൾപ്പദങ്ങളായ വണ്ടുകൾ വന്നു മധുപാനം ചെയ്യുമ്പോൾ അവരുടെ ഝങ്കാരത്തെക്കേട്ടതിൽ നടനസ്ത്രീകൾ സഭയിൽവന്നു ശൃംഗാര, ലജ്ജ, കരുണാപാരവശ്യാദികളോടുകൂടി, സരിഗമപധനി എന്ന സപ്തസ്വരങ്ങളെപ്പാടുന്നതുപോലെ തോന്നിയതാണു്. എന്നാൽ ഇതുകളെയെല്ലാം കണ്ടു രസിക്കുന്ന സഭാവാസികളാരെന്നുവെച്ചാൽ:— അതാ നോക്കുക, താമരവളയങ്ങളിൽ വസിക്കുന്ന തവളകൾ തിരഘോഷങ്ങളാൽ ചലിക്കുന്ന സമയം മണ്ഡൂകങ്ങളുടെ ഗർജ്ജനങ്ങളെ കേൾക്കുമ്പോൾ സഭാവാസികൾ ബാലേ ബലേ എന്നു ശിരഃകമ്പനം ചെയ്യുമ്പോലെ തോന്നുന്നു. എന്നും മററും അനേകതരത്തിൽ സരസ്സിനെ വർണ്ണിച്ചു അവിടെനിന്നു പുറപ്പെട്ടു ദക്ഷിണമുഖന്മാരായി നടന്നുവരുന്നതിനെ പ്രശ്രവണാചലോപരിയിൽ വസിക്കുന്ന സൂര്യാത്മജനായ സുഗ്രീവൻ കണ്ടു ഭയപ്പെട്ടു തൻെറ മന്ത്രിയായ മാരുതിയെ വിളിച്ചുപറയുന്നു. അല്ലയോ മാരുതെ! കാമദേവനും, ഷണ്മുഖനുംപോലെ ശിലാബാണപാണികളായി അതാ രണ്ടുപേർ ഇവിടേക്കു വരുന്നതുപോലെ തോന്നുന്നു. അവരാരാണെന്നു മനസ്സിലാകുന്നില്ല. ബാലിയുടെ

കപടമായിരിക്കുമോ എന്നു ശങ്കയുണ്ടു. ആയതുകൊണ്ടു നീ ഒരു ബ്രാഹ്മണവേഷം പൂണ്ടു, ചെന്ന് അവരുടെ പരമാൎത്ഥമറിഞ്ഞുവരിക എന്നതിനെക്കേട്ടു ഹനുമാൻ ഒരു ബ്രാഹ്മണവേഷം പൂണ്ടുവന്നു ഭഗവാൻ വരുന്നതിന്നു സമീപമായി നില്ക്കുന്ന കടമ്പുവൃക്ഷത്തിൽ മറഞ്ഞുനിന്നു രാമലക്ഷ്മണന്മാരെക്കണ്ടു ഹനുമാൻ ഊഹിക്കുന്നു.

## ഹനുമദ്ദൎശനം.

ഓഹോ ഇവരെ നോക്കുന്ന അവസരത്തിൽ ദേവനാഥനായ ഇന്ദ്രനും അല്ല, ത്രിമൂൎത്തികളും അല്ല, മന്മഥനെപ്പോലെ ശരീരസൌന്ദൎയ്യമുള്ളവരാണു. കരത്തിൽ ചാപതൂണീരങ്ങളുണ്ടു. മാൎവ്വിൽ യജ്ഞസൂത്രവും കാണുന്നു. വല്ക്കല കെട്ടി മരവുരികളെ ധരിച്ച ജടാമകുടധാരികളായ സന്ന്യാസലക്ഷണങ്ങളും കാണുന്നു. ത്രിമൂൎത്തികളും ഇവൎക്കു ശരിയല്ല. എന്തൊ ഇവരുടെ ഒരു സാധനം കൈവിട്ടുപോയിയെന്നു തോന്നുന്നു. തന്നിമിത്തം മനോവേദനയോടുകൂടി വരുന്നവരാണ്. നല്ല ധൎമ്മതല്പരന്മാരാണ്. ആശ്രിതവാത്സല്യവും കാണുന്നുണ്ട്. നല്ല വാഗ്മികളായ ഈ മഹാന്മാരെ ഇവിടെനിന്നു ആലോചിച്ചാൽ പരമാൎത്ഥം മനസ്സിലാക്കത്തക്ക ബുദ്ധി എനിക്കില്ല. ഏതായാലും സമീപത്തുചെന്നു കാൎയ്യം മനസ്സിലാക്കുന്നതാണ് ഉത്തമമെന്നു കരുതി വന്നു സ്വാമിപാദത്തിൽ മാരുതി വീണു നമസ്കരിക്കുകയും അതു കണ്ടു ഭഗവാൻ ഹേ ബ്രാഹ്മണ! ക്ഷത്രിയന്മാരെ ബ്രാഹ്മണർ നമസ്കരിക്കുന്നതു ശരിയല്ല നീ ആരാണ്. എവിടെനിന്നു വരുന്നു. എന്നെ നമസ്കരിച്ചു കാരണം എന്തെന്നു പറയുക? എന്നു ചോദിച്ചു. ഇതിനെക്കേട്ടു ഹനുമാൻ പറയുന്നു. ശരണം സ്വാമിൻ! അടിയൻ വായുപുത്രനാണ്. മാതാവു അഞ്ജന എന്ന സ്ത്രീയാണ്. സൂൎയ്യാത്മജനായ സുഗ്രീവൻ അതാ കാണുന്ന ഋശ്യമൂകാദ്രിയിൽ വസിക്കുന്നുണ്ട്. നിന്തിരുവടിയുടെ വരവിനെക്കണ്ടു ആരാണെന്നുമനസ്സിലാക്കുവാൻ വേണ്ടി സുഗ്രീവാജ്ഞപ്രകാരം അടിയൻ വന്നതാണ്. അടിയന്റെ നാമം ഹനുമാനെന്നാണ്. ശത്രുവെ ഭയപ്പെട്ടു ഈ പൎവ്വതത്തിൽവന്നു താമസിക്കുകയാണ്. അടിയൻ സുഗ്രീവന്റെ മ

ത്രിയാണ്. ആയതുകൊണ്ടു സ്വാമിമാർകൾ എവിടെനിന്നു വരുന്നു എന്നും ആരാണെന്നും, ഈ മാർഗ്ഗത്തൂടെ വരേണ്ടുന്നാവശ്യമെന്തെന്നും പറഞ്ഞുകേൾപ്പാൻ അപേക്ഷിക്കുന്നു. എന്നതിനെ കേട്ടു ലക്ഷ്മണൻ പറയുന്നു. ഹെ മാരുതെ! ഞങ്ങൾ ഉത്തരകോസലവാസിയായി ക്ഷത്രിയഗോത്രസംജാതനായ ദശരഥന്റെ ആത്മജന്മാരാണ്. ഇത് എന്റെ അഗ്രജനാണ്. രാമനെന്നാണു തിരുനാമം. എന്റെ പേര് ലക്ഷ്മണനെന്നാണ്. പിതൃവാക്യപരിപാലനത്തിന്നായി വനത്തിലേക്കു വന്നതാണ്. സ്വാമിപത്നിയെ രാവണൻ കളവു ചെയ്തുകൊണ്ടു പോയിരിക്കുന്നു. തന്നിമിത്തം ഞങ്ങൾ സീതാന്വേഷണം ചെയ്തുവരുന്ന അവസരമാണ്. സൂര്യാത്മജനായ സുഗ്രീവനെക്കാണണമെന്നു കരുതി ഈ മാർഗ്ഗത്തൂടെ വന്നതാണ്. എന്നതിനെക്കേട്ട് ഹനുമാൻ ബ്രാഹ്മണവേഷത്തെ ത്യജിച്ച് സ്വാമിപാദത്തിൽ വണങ്ങി സ്വാമീ! സമസ്താപരാധം ക്ഷമിക്കേണമേ അടിയൻ ചെന്നു സുഗ്രീവനെക്കൂട്ടിക്കൊണ്ടുവരാമെന്നു പറഞ്ഞുപോകുന്ന സമയം ഹനുമാന്റെ കർണ്ണകുണ്ഡലത്തെക്കണ്ടു ഭഗവാൻ അല്ലയൊ ലക്ഷ്മണാ! ഹനുമാന്റെ കർണ്ണത്തിൽ ശോഭിക്കുന്ന കുണ്ഡലത്തെ നോക്കുക. ആദിത്യരശ്മിയെ തിരസ്കരിക്കുന്ന ഈ കുണ്ഡലത്തിന്നു ശരിയായ ഒരു ആഭരണം ഈ ബ്രഹ്മാണ്ഡത്തിലുണ്ടെന്നു ശങ്കിക്കേണ്ട. എന്തത്ഭുതമാണ് ത്തു എന്നു പറഞ്ഞതിനെക്കേട്ടു ഹനുമാൻ മടങ്ങി സ്വാമിപാദത്തിൽ നമസ്കരിച്ചു ശരണം രാമഭദ്രാ! അടിയന്റെ കർണ്ണകുണ്ഡലത്തെ യാതൊരു ശരീരികാണുന്നുവോ അവരെ പരാപരഗുരുവാണെന്നു വിശ്വസിക്കേണമെന്നു അടിയന്റെ ഗുരുവായ സൂര്യദേവൻ അടിയന്നു അനുഗ്രഹിച്ചിട്ടുണ്ടു. ആയതുകൊണ്ടു അടിയനെ രക്ഷചെയ്യേണമേ സ്വാമിൻ! എന്ന് പറഞ്ഞു മടങ്ങി സുഗ്രീവന്റെ അടുക്കൽചെന്നു ഹനുമാൻ ഹെ സുഗ്രീവരാജൻ, നിന്തിരുവടിയുടെ ഭാഗ്യമെന്നല്ലാതെ മറ്റെന്തൊന്നാണ് പറവാനുള്ളത്. അവർ ദശരഥാത്മജന്മാരായ രാമലക്ഷ്മണന്മാരാണ്. രാമനെന്ന തിരുനാമത്തോടുകൂടിയ സ്വാമി സാക്ഷാൽ നാരായണസ്വാ

മികലാംശജാതനാണ്. തന്റെ പത്നിയെ രാക്ഷസരാജാവായ രാവണൻ കളവുചെയ്കതിനാൽ സീതാന്വേഷണംചെയ്ത് ഈ മാർഗ്ഗത്തൂടെ വന്നതാണ. നിന്തിരുവടിയെക്കാണേണമെന്ന ആഗ്രഹിക്കുന്നു. ആയതുകൊണ്ട അതിവേഗത്തിൽപോയി സ്വാമിയെനമസ്കരിക്കുക എന്നാൽ ശത്രുവെ നിഗ്രഹിച്ച രാജ്യത്തെ വാങ്ങിത്തരും എന്നതിനൊക്കട്ടു സുഗ്രീവൻ അന്ധന്ന കനകകുംഭം ലഭിച്ചപോലെ സന്തോഷിച്ചപുറപ്പെട്ടുവന്ന സ്വാമിപാദത്തിൽവീണു നമസ്കരിച്ച ശരണം രാമചന്ദ്രപ്രഭോ! സ്വാമിൻ, ശത്രുവെ നിഗ്രഹിച്ച അടിയനെ രക്ഷിക്കേണമേ സ്വാമിൻ, നിന്തിരുവടിയല്ലാതെ മററാരും അടിയന്ന ആശ്രയമില്ല. വളരെക്കാലമായി അത്യന്തം സങ്കടത്തെ അനുഭവിക്കുന്നു. രക്ഷ രക്ഷ മഹാപ്രഭോ! എന്നു നമസ്കരിച്ച വിനയാന്വിതനായി നില്ക്കുന്ന സുഗ്രീവനോടു ഭഗവാൻ പറയുന്നു. ഹെ സുഗ്രീവ! നീ മേലിൽ യാതൊന്നുകൊണ്ടും ഭയപ്പെടേണ്ട നിന്നെ ഞാൻ രക്ഷിക്കുന്നുണ്ട. എന്നെപ്പോലെ നീയും ഭാൎയ്യാവിയോഗിയാണെന്ന മനസ്സിലായി. ആയതുകൊണ്ട നീ വസിക്കുന്ന സ്ഥാനത്തേക്കപോയി വേണ്ടുന്നതുകളെ തീൎച്ചപ്പെടുത്താം. എന്നതിനൊക്കട്ട് ഹനുമാൻ ഭഗവാനെ ചുമലിൽ എടുത്തു ഋശ്യമൂകാദ്രിക്കുകൊണ്ടുവന്ന് മൃദുതരങ്ങളായ പല്ലവങ്ങളെ ഒടിച്ച ആസനമിട്ട് ഭഗവാനോടു ഇരിക്കേണമെന്നപേക്ഷിക്കുകയും അതിൽ ഭഗവാൻ ഇരുന്നു സുഗ്രീവനോടു പറയുകയും ചെയ്യുന്നു.

## സു ഗ്രീ വ സ ഖ്യം .

അല്ലയോ സഖെ! ഇന്നുമുതൽക്ക നിന്റെ ശത്രു എന്റെ ശത്രുവും നിന്റെ ബന്ധു എന്റെ ബന്ധുവും നിന്റെ കുടുംബം എന്റെ കുടുംബവും ആകുന്നു. നിന്റെ ശത്രുവെ നിഗ്രഹിച്ച ഭാൎയ്യയേയും രാജ്യത്തേയും വാങ്ങിത്തരുന്നുണ്ട എന്നു അഗ്നിസാക്ഷിയായി ഭഗവാൻ സത്യംചെയ്ത് കൊടുക്കുകയും അനന്തരം സുഗ്രീവൻ, സ്വാമി! നിന്തിരുവടിയുടെ പത്നി ഈ ബ്രഹ്മാണ്ഡത്തിൽ എവിടെ ഉണ്ടെന്നു വരികിലും അന്വേഷിച്ച ഇന്ന ദിക്കിലുണ്ടെന്നറിഞ്ഞുവിവരം വന്നുപറയാമെന്നു അഗ്നിസാക്ഷിയായി സത്യം

ചെയ്യുകയുംചെയ്യു. അനന്തരം ഭഗവാൻ സുഗ്രീവനോടു നിന്റെ ശത്രു ആരാണെന്നു പറയുക. എന്നതിനെക്കേട്ടു ഹനുമാനോടു പരമാർത്ഥമെല്ലാം ഭഗവാനെ കേൾപ്പിക്കുവാൻ കല്പിക്കുകയും അതുകേട്ടു ഹനുമാൻ ഭഗവാനോടു സുഗ്രീവനുള്ള ശത്രുവിന്റെ വിവരംപറയുകയും ചെയ്യുന്നു. ശരണം രാമചന്ദ്രാ! സുഗ്രീവന്റെ ശത്രു, ഇന്ദ്രാത്മജനായ ബാലി എന്ന വാനരരാജാവാണ്. സുഗ്രീവന്റെ നേരെ അഗ്രജനാണ്. അങ്ങിനെയുള്ള ബാലിയുടെ വൈഭവങ്ങളെ അറിഞ്ഞവണ്ണം പറയുന്നു. ശരണം സ്വാമിൻ! ബാലി പരമേശ്വരസ്വാമിയുടെ പ്രധാന ശിഷ്യനാണ്. നിത്യതയായി ചതുസ്സമുദ്രങ്ങളിലും പോയി ഏഴരനാഴികക്കിടയിൽ പരമേശ്വരസ്വാമിയെക്കുറിച്ചു സേവചെയ്യുന്നുണ്ട്. ആകാശമൊഴിയെ നാലുഭൂതങ്ങളുടെ ബലമുള്ളവനാണ്. സ്വതേ പതിനായിരം മത്തഗജത്തിന്റെ ശക്തിയുണ്ട്. തന്നോടെതിർക്കുന്നവരുടെ പകുതിബലം താൻ ആകർഷിക്കുന്ന വരശക്തി ഉപന്നുണ്ടു. ക്ഷീരാബ്ധിയെ മഥിച്ച കരബലമുണ്ട്. ജാനകീചോരനായ രാവണനെ തന്റെ പുച്ഛംകൊണ്ടു കെട്ടി ചതുസ്സമുദ്രവും ചാടി പരമേശ്വരസ്വാമിയെക്കുറിച്ചു തർപ്പണംചെയ്യു വാൽബലമുണ്ട്. ഇന്ദ്രൻ ബാലിക്കു പിതാവായി വരുവാനുള്ള കാരണം പറയാം.

## ബാലിസുഗ്രീവന്മാരുടെ ഉത്ഭവം.

### കവി.

തിറപ്പനെഞ്ചരുതാച്ചവനെനവുറെക്കം
തീരുവകവിക്കുലവന്തൻ
അരനടെവടപാൽമകളിറാന്തടത്തിൽ
അണ്ണലുമണങ്കരവയ്യി
വിരൽകെഴുമകവാൻ മുന്നരുമിരവിപിന്നരമണ
ത്തലൊലന്തോൻ
വിരൽകെഴുവാറിതന്നൊടുവിളങ്കും
സുക്കരീവനെറ്റന്തനാൻ.

ബ്രഹ്മാത്മജനായ ഇരുക്ഷതാശ്വൻ എന്ന വാനരൻ വനത്തിൽ

സഞ്ചരിച്ച് നടക്കുമ്പോൾ മേരുവിന്റെ ഉത്തരഭാഗത്തിലുള്ള മകളിരംതട എന്ന പേരായ തടാകത്തിന്നു സമീപമുള്ള ഒരു ജമ്മുവൃക്ഷത്തിൽ കയറി അതിലുള്ള പഴങ്ങളെ അറുത്തു ഭക്ഷിക്കകയും ഉദരതൃപ്തിവന്നു ശാഖയിൽ വസിക്കുമ്പോൾ തടാകത്തിലുള്ള ജലത്തിൽ തന്റെ ഛായ പ്രതിഫലിച്ചു കാണുകയും അതുകണ്ട് തന്റെ ശത്രുവാണെന്നു കരുതി ഇരകതാശഌൻ ജലത്തിൽ ചാടുകയും മുങ്ങിപ്പൊങ്ങിയ ഉടനെ സ്ത്രീയായ്യന്നു കരയിൽ ഇരിക്കുമ്പോൾ ഇന്ദ്രൻ കണ്ടു രാഗം വദ്ധിച്ചു തന്റെ ബീജം സ്ഖലിക്കുകയും ആ ബീജത്തെ എടുത്തു ഈ സ്ത്രീയെ ലക്ഷ്യംപിടിച്ചു എറിയുകയും ആ ബീജം വാൽപ്രദേശത്തിൽ വീണ മുഹൂത്തമാത്രേണ ഒരു സന്തതി ഉത്ഭവിക്കുകയും അനന്തരം ആദിത്യൻ ഈ സ്ത്രീയെക്കണ്ടു രാഗാധിക്യത്താൽ ബീജം സ്ഖലിക്കുകയും ആ ബീജത്തെ എടുത്തു എറിഞ്ഞതിൽ ബീജം ഈ സ്ത്രീയുടെ ഗ്രീവമെന്ന ഗളത്തിൽ വീണു അവിടെനിന്നു വേറെ സന്തതി ഉണ്ടാവുകയും ചെയ്തു. അനന്തരം ഈ രണ്ടു പുത്രന്മാരെയും കൂട്ടി തന്റെ പിതാവായ ബ്രഹ്മാവിന്റെ അടുക്കൽചെന്നു സംഗതികളെ മനസ്സിലാക്കി തന്റെ ശാപത്തെ മാററി അവിടെനിന്നു പുറപ്പെട്ടു സ്വൎഗ്ഗത്തിൽചെന്നു ഇന്ദ്രനെക്കണ്ടു ഇരകതാശഌൻ സംഗതികളെപ്പറഞ്ഞതിൽ ഇന്ദ്രൻ സന്തോഷിച്ചു തന്റെ മകനു ബാലി എന്നും സൂയ്യാത്മജന്നു സുഗ്രീവൻ എന്നും നാമദ്ധയം നല്കി അവിടെനിന്നു പുറപ്പെട്ടു വിശ്വകൎമ്മാവിനെ വരുത്തി കിഷ്കിന്ധ എന്ന വനത്തിൽവന്നു സ്വൎഗ്ഗതുല്യമായ ഒരു പട്ടണം നിൎമ്മിച്ചു അതിന്നു കിഷ്കിന്ധ എന്നു പേരിട്ടു തന്റെ മകനെ വാനരങ്ങൾക്കെല്ലാം രാജാവാക്കി സുഗ്രീവനെ ഇളയ രാജാവാക്കി വാഴിച്ചു താൻ സ്വൎഗ്ഗത്തിലേക്കു പോകുകയും ചെയ്തു. എന്നാൽ ഇരകതാശഌൻ മകളിരംതടത്തിൽ ചാടിയ ഉടനെ ഒരു സ്ത്രീയാവാൻ കാരണം എന്തെന്നുവെച്ചാൽ, പാൎവ്വതി സാധാരണയായി സ്നാനം ചെയ്യുവരുന്ന തടാകം അതാണു. ഒരു ദിവസം താൻ സ്നാനംചെയ്യുന്ന മദ്ധ്യേ വൈരോചനൻ എന്ന അസുരൻ ദൂരത്തുനിന്നു പാൎവ്വതിയെക്കണ്ടു

ഓഹോ പാൎവ്വതിയല്ലെ നഗ്നരൂപിയായി സ്നാനംചെയ്യുന്നതു സമീപത്തുചെന്നു അവയവങ്ങളെ നല്ലവണ്ണം കണ്ടു രസിക്കേണമെന്നു കരുതി താൻ ഒരു സ്ത്രീവേഷംപൂണ്ടു തടാകത്തിൽ ഇറങ്ങി സ്നാനം ചെയ്യുന്നതിനെ പാൎവ്വതികണ്ടു ഇതുവരെ എന്നോടൊപ്പം ഒരു സ്ത്രീമടികൂടാതെ ഇവിടെ വന്നു സ്നാനം ചെയ്യുകണ്ടിട്ടേയില്ല. ഇന്നിങ്ങിനെ വരുവാൻ സംഗതി എന്തെന്നു ആലോചിച്ചതിൽകാൎയ്യം മനസ്സിലാക്കി. ഓഹോ ഇവൻ അസുരനല്ലെ. എന്റെ അവയവങ്ങളെക്കണ്ടു രസിപ്പാൻവേണ്ടി സ്ത്രീവേഷം ധരിച്ചു വന്നതാണ്. ആയതുകൊണ്ടു ഇവൻ സ്ത്രീയായ്വരട്ടെ. മേലിൽപുരുഷന്മാർ ഈ തടാകത്തിലുള്ള ജലത്തെ തൊട്ടാൽ സ്ത്രീയായ്വരട്ടെ എന്നു ശപിക്കുകയും ചെയ്തിട്ടുണ്ടു. തന്നിമിത്തമാണു ഇരകതാശപൻ സ്ത്രീയാവാനുള്ളകാരണം. മേല്പറഞ്ഞപ്രകാരം ബാലിയും സുഗ്രീവനും കിഷ്കിന്ധയിൽ പ്രജാപരിപാലനംചെയ്തു സുഖമായ്വസിക്കുന്ന കാലത്തിൽ മായാപി എന്ന അസുരൻ ബാലിയെ യുദ്ധത്തിന്നു വിളിക്കുകയും ബാലി മായാപിയോടുകൂടി അതികഠിനമായ യുദ്ധംചെയ്യുകയും ആ യുദ്ധത്തിൽ ജയമില്ലെന്നുകണ്ടു മായാപി ഒരു ബിലദ്വാരത്തിൽ ഓടി ഒളിക്കുകയും അതുകണ്ടു ബാലി സുഗ്രീവനെ വിളിച്ചു ഹേ സുഗ്രീവാ! മായാപി ബിലദ്വാരത്തിൽ ഒളിച്ചിരിക്കുന്നു. അവനോടു ഞാൻ യുദ്ധത്തിന്നു പോയി അവനെ നിഗ്രഹിച്ചുവരുന്നുണ്ട്. ഞാൻ വരുന്നവരെ ബിലമുഖം കാത്തിരിക്കുക. അസുരൻ മരിച്ചാൽ രക്തം വരും. ഞാൻ മരിച്ചാൽ ക്ഷീരം വരും ക്ഷീരം വന്നുവെന്നു കണ്ടാൽ ബിലമുഖമടച്ചുകളക. പ്രജകളെ നല്ലവണ്ണം സങ്കടംകൂടാതെ രക്ഷിക്കുകയെന്നുപറഞ്ഞു അസുരനോടു യുദ്ധത്തിന്നുപോയി. ബിലമുഖം സുഗ്രീവൻ കാത്തിരുന്നു. ബാലി പതിന്നാലു സംവത്സരം യുദ്ധംചെയ്തുഅസുരനെ നിഗ്രഹിച്ചു. അസുരന്റെ മായാധിക്യത്താൽ ക്ഷീരം ബിലമുഖത്തു കാണുകയും ബാലി മരിച്ചു എന്നു സങ്കടപ്പെട്ടു ബിലമുഖമടച്ചുകെട്ടി പോന്നു. അതിന്റെ ശേഷം രാജകാൎയ്യങ്ങൾനടത്തുവാൻ സുഗ്രീവനോടുജ്യേഷ്ഠൻ പറഞ്ഞപ്രകാരം സുഗ്രീവൻ പ്രജകളെപ്പരിപാലിച്ചുവന്നു. അങ്ങിനെ ഇരിക്കെ അസുരനെ നിഗ്രഹിച്ചു മടങ്ങി ബാലി ബി

ഖമുഖത്തുവന്നു നോക്കിയതിൽ ബിലമുഖം അടച്ചുകെട്ടിയിരിക്കുന്നതിനെക്കണ്ടു അധികമായകോപത്തോടുകൂടി പാദതാഡനംചെയ്തു ബിലമുഖം പൊടിപെടുത്തി ബഹിർഭാഗത്തു വന്നപ്പോൾ സുഗ്രീവൻ ബാലിയുടെ പാദത്തിൽവീണു നമസ്കരിച്ചു പരമാർത്ഥങ്ങളെ കേൾപ്പിക്കുകയുംചെയ്തു. അതുകേട്ടു ബാലി വിശ്വസിക്കാതെ നീയാണോ എന്റെ രാജ്യഭാരം വഹിക്കുന്നവൻ എന്നു സുഗ്രീവനെ ആട്ടിത്തുരത്തുകയും ലോകങ്ങളിൽ ആരും രക്ഷിപ്പാനില്ലാതെ ബുദ്ധിമുട്ടി ഈ പർവ്വതോപരിയിൽ എത്തുകയുംചെയ്തു. ബാലിക്കു മതംഗമഹർഷിയുടെ ശാപം നിമിത്തം ഇവിടെ വരുവാൻ പാടുള്ളതല്ല. തന്നിമിത്തം സുഗ്രീവൻ ഇതുവരെ ജീവിച്ചിരുന്നതാണ്. എന്നാൽ ബാലിക്കു ഈ പർവ്വതത്തിലേക്കു വരുവാൻ പാടില്ലെന്നു മതംഗൻ ശപിപ്പാൻ നിമിത്തം എന്തെന്നാൽ ദുന്ദുഭി എന്ന അസുരൻ പണ്ടു ബാലിയോടു യുദ്ധംചെയ്യുകയും യുദ്ധത്തിൽ ബാലി ദുന്ദുഭിയെപ്പിടിച്ചു നിലത്തടിച്ചു മഹിഷമുഖമായ തലയെ വലിച്ചു ആകാശത്തിൽ എറിയുകയും മന്ദിരാകാരമായ ശിരസ്സു മതംഗമഹർഷിയുടെ പർവ്വതോപരിയിൽഉള്ള ആശ്രമത്തിൽ വീഴുകയും അതുകണ്ടു മഹർഷി, ഓഹോ ബാലിയുടെ സാഹസമല്ലേ ഇതു. മേലിൽ ബാലി ഈ പർവ്വതത്തിൽ വന്നാൽ അവന്റെ ശിരസ്സ് പൊട്ടിത്തെറിക്കട്ടെ എന്നു ശപിച്ചതിനാൽ ബാലിക്കു ഇവിടെ വരുവാൻ പാടില്ല. തന്നിമിത്തം സുഗ്രീവൻ രക്ഷപ്പെട്ടതാണ്. എന്നുതന്നെയല്ല, സുഗ്രീവനെ രാജ്യത്തിൽനിന്നു ആട്ടിത്തുരത്തുമ്പോൾ സുഗ്രീവന്റെ ഭാര്യ രുമ എന്നവൾ കണവനോടുകൂടിഞാനും പോകുന്നു എന്നു പുറപ്പെട്ടതിനെക്കണ്ടു ബാലി സമ്മതിക്കാതെ രുമയെപ്പിടിച്ചു തന്റെസ്വാധീനത്തിൽ വെച്ചിരിക്കുന്നു. ആയതുകൊണ്ടു് സുഗ്രീവനു രാജ്യത്തെയും ഭാര്യയെയും കൊടുക്കാതെ അത്യന്തം സങ്കടത്തിൽ പെടുത്തി ഉപദ്രവിച്ചിരിക്കുന്നു. ജ്യേഷ്ഠാനുജന്മാർ തമ്മിൽ സ്പർദ്ധ വരുവാനുള്ള സംഗതി ഇപ്രകാരമാണ്. എന്നതിനെക്കേട്ടു ഭഗവാൻ സുഗ്രീവനെ വിളിച്ചു അല്ലയോ സുഗ്രീവ! ശത്രുവായ ബാലി വസിക്കുന്ന രാജധാനിയെക്കാണിക്കുക

അവിടെ ഞാൻ ചെന്നു ബാലിയെ വധിച്ചുവരുന്നുണ്ട് എന്നു പറഞ്ഞതിനെക്കേട്ടു സുഗ്രീവൻ, ശരണം സ്വാമിൻ! അടിയന്നു മന്ത്രികളോടു ആലോചിപ്പാനുണ്ട്. ആയതിന്നുശേഷം ബാലിയെക്കാണിച്ചുതരാമെന്നും മന്ത്രാലോചനക്കു സമ്മതം തരേണമെന്നും അപേക്ഷിച്ചതിനെക്കേട്ടു ഭഗവാൻ സമ്മതം കൊടുക്കുകയും സുഗ്രീവൻ സമ്മതം വാങ്ങിവരുന്നതിനെ മാരുതികണ്ടു സുഗ്രീവനോടു ശരണം സുഗ്രീവരാജൻ! നിന്തിരുവടി ഊഹിച്ച കാൎയ്യംഎനിക്കു മനസ്സിലായി.ബാലിയെ വധിപ്പാൻ ശക്തനല്ല രാമസ്വാമി എന്നല്ലെ നിന്തിരുവടിയുടെ ധാരണ. അങ്ങിനെ വിചാരിക്കരുത് സൎവ്വേശ്വരനായ ഭഗവാൻ ശ്രീനാരായണസ്വാമി അവതാരപുരുഷനാണീരാമനെന്നതിലേക്കു ചില ലക്ഷണങ്ങളെ പറഞ്ഞു കേൾപ്പിക്കാം. അതെന്തെന്നുവെച്ചാൽ: രാമസ്വാമിയുടെ കരത്തിലും പാദത്തിലും ശംഖ് ചക്രരേഖകൾ പ്രതിഫലിച്ചു കാണുന്നുണ്ടു. ആ രേഖ വിഷ്ണുകലാംശജാതന്മാൎക്കല്ലാതെ ഇതരശരീരികൾക്കു കാണുന്നതല്ല. ആയതിന്നു ഒരു ലക്ഷ്യവുംകൂടെപ്പറയാം. ത്ര്യംബകം പള്ളിവില്ല് ഖണ്ഡിച്ചതു ഈ സ്വാമിയാണ്. അതും നാരായണസ്വാമിയുടെ അംശജാതന്മാൎക്കല്ലാതെ ഇതരന്മാൎക്കു അസാദ്ധ്യമാണ്. ഇനി നിന്തിരുവടിക്കു അനുഭവമാകുന്ന ഒരു യുക്തിയുംകൂടെ പറയാം. എന്തെന്നാൽ: ബാലി, ഭുജങ്ങളുടെ തിമിരം തീൎപ്പാനായി മല്പൊരുതുന്ന സപ്തസാലങ്ങളെ ഭഗവാനോടു അസ്ത്രം തൊടുത്തു ഭേദിപ്പാൻ പറയുക. എന്നാൽ ഭഗവാൻ സാലഭേദനം ചെയ്യും. തന്നിമിത്തം നിന്തിരുവടിയുടെ ശങ്കക്കു നിവാരണം വരും. എന്നതിനെക്കേട്ടു സന്തോഷിച്ചു സുഗ്രീവൻ സ്വാമിയുടെ സമീപത്തിൽ വന്നു വണങ്ങി പറയുന്നു. ശരണം രാമചന്ദ്ര! ബാലി മല്പൊരുതുന്ന, ഏഴു വൃക്ഷങ്ങളുണ്ടു. ആ സാലങ്ങളെ നിന്തിരുവടി അസ്ത്രം തൊടുത്തു ഭേദിച്ചു എന്നു വെച്ചാൽ അടിയന്റെ മനസ്സിലുള്ള ശങ്കാനിവൃത്തി വരും. സുഗ്രീവൻ ഇങ്ങിനെ പറഞ്ഞുവല്ലൊ എന്നു അന്യഥാത്വം വിചാരിക്കരുതു. എന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ ആവട്ടെ വൃക്ഷങ്ങളെ വിടെയാണ് കാണിക്കുക എന്നുപറഞ്ഞു. സുഗ്രീവൻ രാമലക്ഷ്മ

ണന്മാരെ സാലങ്ങളുടെ അടിപ്പാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി കാണിച്ചുകൊടുത്തു. ഭഗവാൻ മരാമരങ്ങളെക്കണ്ടു അതിശയിച്ചു ലക്ഷ്മണനോടു പറയുന്നു.

സാലഭേദനം.

കവി.

കലെകണ്ടൊാങ്കിയമതിയമുംകതിരവന്താനു
തലെകണ്ടൊാടുതക്കറന്തപം തുടങ്കുറാംചാലെ
മലെകണ്ടൊാമെമ്പതല്ലതുമലർമിശെയവക്കും
ഇലെകണ്ടല്ലതുമരമെനത്തെരികിലതേയം.

ഹേ ലക്ഷ്മണ! സുഗ്രീവൻ പറഞ്ഞ വൃക്ഷങ്ങളെ നോക്കുക. അത്യത്ഭുതമുണ്ട്. വൃക്ഷങ്ങളാണെന്നു സുഗ്രീവൻ പറഞ്ഞ ഒരു ലക്ഷ്യമല്ലാതെ വൃക്ഷത്തിൻെറ ലക്ഷണങ്ങളൊന്നും ഇതിൽ കാണുന്നില്ല. എന്നാൽ ആദിത്യചന്ദ്രന്മാർ മഹാമേരുവെ പ്രദക്ഷിണം ചെയ്യുന്നു എന്നു സകല ഗ്രന്ഥങ്ങളിലും ഘോഷിക്കുന്നുണ്ടു. യഥാത്ഥം ആലോചിച്ചാൽ ഈ വൃക്ഷങ്ങളുടെ അഗ്രത്തെ കാണേണമെന്നുകരുതിയാണു അക്കചന്ദ്രന്മാർ പ്രദക്ഷിണം ചെയ്യുന്നതു. ഈ വൃക്ഷത്തിൻെറ ശാഖകൾ ചന്ദ്രമണ്ഡലത്തെയും തുളച്ചുപോയിരിക്കുന്നു. എന്നാൽ ചന്ദ്രന്ന് ഒരു കളങ്കം ഉള്ളത് ഈ വൃക്ഷങ്ങളിലുള്ള ശാഖകളുടെ ഇടയിൽക്കൂടി ദിനംപ്രതി ഗതാഗതം ചെയ്കയാൽ തൻെറ ദേഹം ഉരഞ്ഞുള്ള വടുവാണ്. എന്നുതന്നെയല്ല ഇത്ര ഉയരത്തിൽ പോയിരിക്കുന്ന ഈ വൃക്ഷങ്ങളുടെ വേരുകൾ, അതലാദികളായ ഏഴു ലോകത്തെയും തുളച്ച് അനന്തൻെറ ഫണങ്ങളുടെ ഇടയിൽ ഇറങ്ങി ചുററിപ്പിടിച്ചിരിക്കുന്നതിനാലാണ് വായു അടിക്കുമ്പോൾ ഈ വൃക്ഷങ്ങൾ വീഴാതിരിക്കുന്നത്. നോക്കുക. സപ്തകുലപൎവ്വതങ്ങൾ ഒരു ദിക്കിൽ കൂടിയത് പോലെ തോന്നുന്നു. ബാലിസുഗ്രീവന്മാർ തമ്മിലുള്ള മത്സരംപോലെ ഈ വൃക്ഷങ്ങൾ ഒന്നിനൊന്നു അധികമധികമായി അഹങ്കരിച്ചുനില്ക്കുന്നതിനെനോക്കുക. ഇത്ര ഉയരത്തിൽ പോയിരിക്കുന്ന വൃക്ഷങ്ങളുടെ ഫലങ്ങൾ ഇതിൻെറ ചുവട്ടിൽ കാണാതിരിപ്പാൻ കാരണമെ

ന്തെന്നാൽ: ഈ വൃക്ഷങ്ങളുടെ വലിപ്പത്തിന്നനുസരിച്ച് വലിപ്പമുള്ളവയായിരിക്കും അവയുടെ ഫലങ്ങൾ. അവകൾ ഭൂമിയിൽ വീണാൽ ഭൂകമ്പമുണ്ടാകും എന്നു നിശ്ചയിച്ച്, ആകാശഗംഗയിൽ വീണ് വായു അടിച്ച് സമുദ്രത്തിൽ ചേക്കുന്നതിനാൽ അവ ഭൂമിയിൽ കാണാത്തതാണ്. ഇത്ര യോഗ്യത ഈ വൃക്ഷങ്ങൾക്കു വരുവാനുള്ള കാരണം എന്തെന്നുവെച്ചാൽ: ചന്ദ്രവംശരാജാവായ മണിഭദ്രനു, കവിക എന്ന തന്റെ ഭാൎയ്യയിൽ, ഒമ്പതു് പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഏഴുപേർ കൂടി വനത്തിൽ നായാട്ടിന്നു വന്ന അവസരത്തിൽ മയന്റെ അടുക്കൽനിന്നു മായാവിദ്യകളെ അഭ്യസിച്ചു. അനന്തരം, മായത്താൽ ഒരു സൎപ്പത്തെ സൃഷ്ടിച്ച് അവർ വാഹനമാക്കി സഞ്ചരിക്കുമ്പോൾ കുംഭസംഭവനായ അഗസ്ത്യമഹൎഷി വരുന്നതിനെക്കണ്ടു ഇവർ ഏഴുപേരും താലങ്ങളായി നിന്നു മാൎഗ്ഗവിരോധം ചെയ്കയും അഗസ്ത്യൻ ജ്ഞാനദൃഷ്ടിയാൽ പരമാൎത്ഥം അറിഞ്ഞ് ഈ നിലയിൽത്തന്നെ നിങ്ങൾ താലങ്ങളായി ഭവിക്കുക എന്ന് ശപിക്കുകയും അത് കേട്ടു ശാപമോചനം തരേണമെന്നും അറിയാതെ പിഴച്ചുപോയതാണെന്നും അപേക്ഷിച്ചതിനെ അഗസ്ത്യൻ കേട്ട്, ആവട്ടെ, ഒരു കാലത്തു നാരായണസ്വാമി മനുഷ്യാവതാരമെടുത്തു നിങ്ങൾക്കു ശാപമോചനം വരുത്തിത്തരുമെന്നു പറഞ്ഞുപോയതായി ചില ഗ്രന്ഥങ്ങളിൽ ഘോഷിച്ചു കേട്ടിട്ടുണ്ട്. അത് എങ്ങിനെയെങ്കിലും ആവട്ടെ, എന്നു പറഞ്ഞു വില്ലെടുത്തു ആകൎണ്ണാന്തം വലിച്ച് ഞാണേററി അസ്ത്രം തൊടുത്തുവിടുകയും വൃക്ഷങ്ങളേഴും ഭേദിച്ചു അസ്ത്രം മടങ്ങിവരികയും ചെയ്തു. അതുകണ്ടു സുഗ്രീവൻ അതിശയപ്പെട്ടു സ്വാമിയെ നമസ്കരിച്ചു. ഭഗവാൻ ബാലിയെ നിശ്ചയമായും വധിക്കും എന്നു തീൎച്ചയാക്കി സുഗ്രീവൻ അവിടെനിന്നു പുറപ്പെട്ടു. കിഷ്കിന്ധക്കു പോകുന്ന പുരാതനവഴി ദുന്ദുഭിയുടെ അസ്ഥിയാൽ മുടങ്ങിക്കിടക്കുന്നതിനെ സ്വാമിയെക്കൊണ്ടു നിവൃത്തിക്കേണമെന്നു കരുതി ആ മാൎഗ്ഗത്തൂടെ പോകുകയും വഴിയിൽ കിടക്കുന്ന അസ്ഥിയെക്കണ്ടു ഭഗവാൻ സുഗ്രീവനോടു: അല്ലയോ സുഗ്രീവ! ഇതു എന്തൊരു ജന്തുവാണ്? കാലന്റെ വാഹനമായ മഹി

ഷമോ? അഷ്ടഗജങ്ങളിൽ ഒന്നോ? മകരമത്സ്യമോ? എന്താണിത്
എന്നുചോദിച്ചതിനെക്കേട്ടു സുഗ്രീവൻ ദുന്ദുഭിയുടെ അസ്ഥിയാ
ണെന്നു പറഞ്ഞു. അസ്ഥി ചാടിക്കടപ്പാൻ പാടില്ലല്ലോ. മാൎഗ്ഗം
വേറെ ഇല്ലെ എന്നു ചോദിച്ചതിന്നു സുഗ്രീവൻ: സ്വാമിൻ! കി
ഷ്കിന്ധക്കു എളുപ്പത്തിൽ പോകേണ്ടുന്ന പുരാതനമാൎഗ്ഗമാണിത്.
ഈ മാൎഗ്ഗവിരോധത്തിനെത്തീൎത്തുതരുവാൻ അപേക്ഷിക്കുന്നു. എ
ന്നു അപേക്ഷിച്ചതിനെക്കേട്ടു ഭഗവാൻ: ഹേ സുഗ്രീവ! നീ മു
മ്പെ മരം മുറിക്കേണമെന്നു പറഞ്ഞു. ഇപ്പോൾ ശവം എടുക്കേ
ണമെന്നാണോ പറയുന്നതു. എടാ! ഞാൻ ഒരു ക്ഷത്രിയനല്ലെ.
എന്റെ മാൎവ്വിൽ യജ്ഞസൂത്രം നീ കണ്ടില്ലയോ? എനിക്കു ശവം
തൊടാമോ? എന്തുചെയ്യാം. സഖ്യവും വിവാഹവും ആഭിജാത്യ
സദൃശന്മാരോടു വേണമെന്നുണ്ടു്. എന്നുപറഞ്ഞു് ലക്ഷ്മണനോടു
അസ്ഥിയെ അകററുക എന്നു ഭഗവാൻ പറഞ്ഞതിനെക്കേട്ടു ല
ക്ഷ്മണൻ എടത്തെ കാൽപെരുവിരലുകൊണ്ടു എടുത്തെറിയുകയും
അതുചെന്നു സമുദ്രത്തിൽ വീഴുകയും ചെയ്തു. അനന്തരം സുഗ്രീ
വൻ തനിക്കു ലഭിച്ച ആഭരണപ്പൊതിയെക്കൊണ്ടുവന്നു ഭഗവാ
ന് കാഴ്ചവെച്ചുപറയുന്നു. ശരണം രാമചന്ദ്രപ്രഭോ! സ്വാമിൻ!
കുറെദിവസത്തിന്നുമുമ്പു മഹാപാപിയായ രാവണൻ ഒരു സ്ത്രീയെ
രഥത്തിൽവെച്ചു ആകാശമാൎഗ്ഗേണ കൊണ്ടുപോകുന്ന അവസരത്തിൽ
ആ സ്ത്രീ അനേക ദുഃഖോദ്ഗാരത്തോടുകൂടി ഈ പൊതിയെ ഞങ്ങ
ളുടെ നേൎക്കു നിക്ഷേപണം ചെയ്തു. ഒരു കാലത്തു നിന്തിരുവടി
ക്കു കാണ്മാനിടവരും എന്നു കരുതി ഈ പൊതിയെ ഞങ്ങളുടെ
അടുക്കലേക്കു ഇട്ടതായിരിക്കാം. നിന്തിരുവടിയുടെ പത്നിയാണ്
രാവണൻ കൊണ്ടുപോകുന്നതെന്നു ഞങ്ങൾക്കു മനസ്സിലായിരു
ന്നുവെങ്കിൽ അപ്പോൾ തന്നെ രാവണവധം കഴിക്കുമായിരുന്നു.
എന്തു ചെയ്യാം മനസ്സിലായില്ലല്ലോ. എന്നു പറഞ്ഞതിനെക്കേട്ടു
ഭഗവാൻ ലക്ഷ്മണൻ പക്കൽ ആഭരണപ്പൊതിയെ കൊടുത്ത് ജാ
നകിയുടെ ആഭരണമോ നോക്കുക. എന്നതിനെക്കേട്ടു ലക്ഷ്മണൻ
പൊതിയെ വാങ്ങി അഴിച്ചുനോക്കിയതിൽ ജാനകിയുടെ പാദ
ത്തിൽ ഇടുന്ന കാൽത്തള ഇതിൽ ഉണ്ടു. ബാക്കിയുള്ള ആഭരണ

ങ്ങളും ഞാനറിയുന്നതല്ല. എന്നതിനെ കേട്ട ഭഗവാൻ വാങ്ങിനോക്കി അത്യന്തം ദുഃഖിക്കുകയും സുഗ്രീവൻ സ്വാമി! ഒരു കാലത്തും ദുഃഖിക്കരുതെന്നുപറഞ്ഞതിനെ കേട്ട ഭഗവാൻ പറയുന്നു. അയ്യോ സുഗ്രീവ! ഭർത്താവു ജീവനോടുകൂടി ഇരിക്കെ ഭാര്യ ആഭരണങ്ങളെ ഉപേക്ഷിച്ചതു ആലോചിച്ചാൽ മേലിൽ ഞാൻ പ്രാണനെ വെച്ചിരുന്നിട്ടു പ്രയോജനമില്ല. എന്റെ പൂർവ്വികന്മാരിൽ ചിലർ ആകാശഗംഗയെ പാതാളത്തെക്കു കൊണ്ടുവന്നവരുണ്ടു്. സമുദ്രത്തെ ഉണ്ടാക്കിയവരുണ്ടു്. വ്യാഘ്രവും പശുവും ഒരു തടാകത്തിലിറങ്ങി മിത്രങ്ങളായി ജലപാനം ചെയ്യത്തക്ക നീതിയോടെ രാജ്യഭാരം വഹിച്ചുവന്നിരുന്ന ക്ഷത്രിയഗോത്രത്തിൽ ഞാൻ ജനിച്ചിട്ടും എന്റെ പത്നിയെ രക്ഷിപ്പാൻ ശക്തിയില്ലാതെ അന്യന്നു കൊടുക്കേണ്ടിവന്നുവല്ലൊ. എന്നതിനെ കേട്ട സുഗ്രീവൻ പറയുന്നു. സ്വാമിൻ! ബാലിവധം ഇപ്പോൾ വേണമെന്നില്ല. രാവണവധം കഴിഞ്ഞതിൽപ്പിന്നെ മതി. എന്നതിനെ കേട്ട ഹനുമാൻ പറയുന്നു. ശരണം രാമചന്ദ്രാ! ബാലിവധമാണു് മുമ്പെ വേണ്ടതു. എന്തുകൊണ്ടെന്നാൽ സീതാന്വേഷണം ചെയ്യണമെങ്കിൽ പടകൾ കൈവശം വേണം. ബാലിയെ വധിച്ചാൽ പടകൾ നമ്മുടെ കൈവശം വരും. എന്നാൽ സീതാന്വേഷണത്തിനു എളുപ്പമായി. എന്നതിനെ കേട്ട കാര്യം ശരിയാണെന്നു സമ്മതിച്ചു. എന്നാൽ ബാലിയെച്ചെന്നു യുദ്ധത്തിന്നു വിളിക്കുക എന്നു സുഗ്രീവനോടു ഭഗവാൻ പറയുകയും യുദ്ധമദ്ധ്യത്തിൽ അസ്ത്രംതൊടുത്തു ബാലിയെ വധിച്ചുകൊടുക്കേണമെന്നു ഹനുമാന്റെ അപേക്ഷയുംകേട്ടു ഒരു വൃക്ഷത്തിൽ മറഞ്ഞു് ശിലാബാണപാണിയായി ശ്രീരാമസ്വാമി നില്ക്കുകയും സുഗ്രീവൻ കിഷ്കിന്ധാഗോപുരത്തിൽ ചെന്നു ബാലിയെ പോൎക്കുവിളിച്ചതിനെ ബാലി കേട്ടു സുഗ്രീവനോടു യുദ്ധത്തിന്നായി പുറപ്പെടുകയും അതുകണ്ടു ബാലിയുടെ പത്നിയായ താര വന്നു് തടുത്തു ബാലിയോടു ശരണം ബാലീശ്വരാ! നിന്തിരുവടി സുഗ്രീവനോടു യുദ്ധത്തിന്നു പോകരുതു കാരണം:—ദശരഥാത്മജനായ രാമൻ നിന്തിരുവടിയെക്കൊന്നു രാജ്യത്തെ വീണ്ടുതരാമെന്നു സുഗ്രീവന്നു അഗ്നിസാക്ഷിയായി സ

ത്യംചെയ്തുകൊടുത്തിരിക്കുന്നു. എന്നു നമ്മുടെ കുമാരനായ അംഗദനോടു നഗരവാസികളിൽ ചിലർ പറഞ്ഞതായി എന്നോടു പറഞ്ഞിരിക്കുന്നു. ആയതുകൊണ്ടു പോരിൽ തോററുപോയ സുഗ്രീവൻ രണ്ടാമത് യുദ്ധത്തിന്നു വരേണമെങ്കിൽ പിൻബലമില്ലാതെ വരുന്നതല്ല. നഗരവാസികളുടെ വാക്കും സുഗ്രീവൻെറ വരവുംകൂടി ആലോചിക്കുമ്പോൾ കാൎയ്യം ശരിയായിരിക്കുന്നു. എന്നതിനെ കേട്ട് ബാലി പറയുന്നു. പത്നീ! ദശരഥാത്മജനായ രാമനെ നീ ആരെന്നറിയുമോ? ഞാനറിയും, സൎവ്വേശ്വരനായ നാരായണസ്വാമി കലാംശജാതനാണ്. ഒരുവൻെറ പേരിൽ പക്ഷവും മറെറാരുവൻെറ പേരിൽ പരപക്ഷവും വിചാരിക്കുന്നവനല്ല. അങ്ങിനെയുള്ള രാമനാണ് വന്നിട്ടുള്ളതെങ്കിൽ ഞാൻ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുവരാം. എന്നു പറഞ്ഞ് താരയെ അയച്ച അനന്തരം സുഗ്രീവനോട് യുദ്ധമേററു സുഗ്രീവനെപ്പിടിച്ചു ഭൂമിയിൽവീഴ്ത്തി നിഗ്രഹിപ്പാനായി ഉദ്യോഗിച്ചപ്പോൾ വൈവശ്യം പിടിപെട്ടു സുഗ്രീവൻ ഓടിവന്നു ഭഗവാൻെറ പാദത്തിൽ വീണു. ശരണം സ്വാമിൻ! ബാലിയെപ്പേടിച്ചു ഋശ്യമൂകാദ്രിയിൽ ഒളിച്ചു കാലം കഴിച്ചുവരുന്ന പാപിയായ അടിയനോടു ബാലിയോടു യുദ്ധത്തിന്ന് പോകുക, യുദ്ധമദ്ധ്യത്തിൽ അസ്ത്രം തൊടുത്തു ബാലിയെ നിഗ്രഹിച്ചുതരാമെന്നു സത്യം ചെയ്തപ്രകാരം അടിയൻ ആ വാക്കിനെ വിശ്വസിച്ചു യുദ്ധത്തിന്നുപോയി. തമ്മിൽ യുദ്ധം ചെയ്യുതിൽ ബാലി ഭൂമിയിൽ ഇട്ടു അടിച്ചുകൊല്ലുവാൻ ശ്രമിച്ചപ്പോൾ എന്തോ ഈശ്വരാനുഗ്രഹത്താൽ അവൻെറ പക്കൽനിന്നു തെററി നിൎജ്ജീവനായി വരേണ്ടിവന്നുവല്ലോ. ബാലിയുടെ കരംകൊണ്ടു അടിയൻെറ മാറത്തുകിട്ടിയ ഇടിയുടെ വേദന എത്രകാലത്തു ശമിക്കുന്നുവോ! ദൈവത്തിന്നറിയാം. അയ്യോ സ്വാമിൻ! ശത്രുകയ്യിൽ കൊടുത്തു അടിയനെ കൊല്ലിക്കുന്നതിനേക്കാൾ നിന്തിരുവടി ഒരസ്ത്രം തൊടുത്തു കൊല്ലാമായിരുന്നു. എൻെറ പ്രാണൻ കിടുകിടവിറക്കുന്നു. അടിയന്നു പെണ്ണുംവേണ്ട മണ്ണുംവേണ്ട. ഋശ്യമൂകാദ്രിക്കുപോകാൻ നിന്തിരുവടി ഒരു കല്പന തരേണമേ! എന്ന് അത്യന്തം വേദനയോടുകൂടി പറ

ഇതിനെ ഭഗവാൻ കേട്ടു, സുഗ്രീവാ! നീ പരിഭവിക്കരുത്. നീയും ബാലിയും തമ്മിൽ യുദ്ധംചെയ്യുന്ന മദ്ധ്യേ ഞാൻ അസ്ത്രംതൊടുക്കാതിരിപ്പാനുള്ള കാരണം എന്തെന്നുവെച്ചാൽ: നിങ്ങൾ രണ്ടുപേരും ഉയരത്തിലും യൌവനത്തിലും നിറത്തിലും ഒരുപോലെ തോന്നുകയാൽ നിങ്ങൾ രണ്ടുപേരെയും തിരിച്ചറിവാൻ സാദ്ധ്യമാവാത്തതിനാൽ അസ്ത്രം തൊടുക്കാതെ ഇരുന്നതാണ്. ബാലിയാണെന്നു കരുതി നിന്റെ പേരിൽ അസ്ത്രം തൊടുത്താൽ മിത്രഘാതിത്വം എന്ന നരകം ഞാൻ അനുഭവിക്കേണ്ടിവരും. ആളറിയാതെ അസ്ത്രം തൊടുത്തതിനാൽ എന്റെ പിതാവായ ദശരഥരാജാവിന്നു പണ്ടു ഒരു മോശം പിണഞ്ഞിട്ടുണ്ട്. അത് എന്തെന്നാൽ മൃഗവേട്ടക്കായി വനത്തിൽ ചെന്നു ഗജങ്ങളെ വധിപ്പാൻ നദീതീരത്തു ഒളിയിരിക്കുകയും ആ അവസരത്തിൽ ഗുരുപുത്രൻ എന്ന മഹർഷി നേത്രവൈകല്യം ഭവിച്ച തന്റെ മാതാപിതാക്കന്മാരെ കാവാക്കി കെട്ടിയെടുത്തു കൊണ്ടുവരികയും ദാഹം സഹിപ്പാൻ പാടില്ലാതെ വന്നപ്പോൾ പുത്രനോടു ജലം വേണമെന്നു പറഞ്ഞതിനെ കേട്ടു നദീതീരത്തു കാവിറക്കി കരകമെടുത്തു നദിയിൽ വന്നു ജലം മുക്കുകയും കരകത്തിൽ ജലം നിറയുമ്പോൾ കുടുകുടു എന്ന ശബ്ദം കേട്ടു ദശരഥൻ ഗജമാണെന്നു കരുതി ഒളിയമ്പു തൊടുക്കുകയും അതു പെട്ടു ഗുരുപുത്രൻ വീഴുകയും അതുകണ്ടു പിതാവു ഓടിവന്നു സങ്കടപ്പെടുന്നതിനെ കണ്ടു കമുണ്ഡലനെന്ന ഗുരുപുത്രൻ എന്റെ അച്ഛനെ നോക്കി ഹേ രാജാവേ! വൃഥാ ദുഃഖിച്ചിട്ടിനി ഫലമില്ല. എന്റെ പ്രാരബ്ധം ഞാൻ അനുഭവിക്കാതെ കഴിയുമോ? എന്റെ മാതാപിതാക്കന്മാർ അതാ ദാഹപരവശന്മാരായിരിക്കുന്നു. അവർക്കു ഈ ജലം കൊണ്ടുപോയി കൊടുക്കുക എന്നുപറഞ്ഞു പ്രാണനെ ത്യജിക്കുകയും ഉടനെ എന്റെ അച്ഛൻ അത്യന്തം ഭയത്തോടുകൂടി ജലം കൊണ്ടുവന്നു കമുണ്ഡലന്റെ മാതാപിതാക്കന്മാർക്കു കൊടുത്തു വൃത്താന്തം പറയുകയും അതുകേട്ടു അയ്യോ കഷ്ടം എന്റെ പുത്രന്റെ കൈകൊണ്ടു ജലംകിട്ടാതെ ഞാൻ മരിക്കേണ്ടിവന്നുവല്ലോ. നീയും ഇതുപോലെ പുത്രശോ

കത്താൽ മരിക്കുമാറാകട്ടെ എന്നു ശപിച്ചു അവർ പ്രാണനെ ത്യജിച്ചു. തന്നിമിത്തം പ്രഥമപുത്രനായ എന്റെ കൈകൊണ്ടു എന്റെ പിതാവിന്നു ജലം കിട്ടാതെ മരിക്കേണ്ടിവന്നു. അതുപോലെ ആളറിയാതെ അസ്ത്രം തൊടുത്താൽ ആയതു നിന്റെ പേരിൽ പെട്ടു നീ മരിച്ചാൽ മിത്രഘാതിത്വം എന്ന നരകം ഞാൻ അനുഭവിപ്പാനിടവരും. എന്നു വിചാരിച്ചു അസ്ത്രം തൊടുക്കാതിരുന്നതാണ്. ആളെത്തിരിച്ചറിവാനായി ഒരു മാല്യം ഞാൻ തരാമെന്നു പറഞ്ഞു ലക്ഷ്മണനോടു ഒരു മാല്യം സുഗ്രീവന്റെ ഗളത്തിലിടുവാനായി പറയുകയും അതുപ്രകാരം സുഗ്രീവന്നു മാലയിട്ടു ബാലിയോടു തിരികെ യുദ്ധത്തിന്നയക്കുകയും സുഗ്രീവൻ ബാലിയെ രണ്ടാമതു യുദ്ധത്തിന്നു വിളിച്ചു തമ്മിൽ അന്യോന്യം യുദ്ധം തുടങ്ങുകയും അവസാനത്തിൽ സുഗ്രീവനെപ്പിടിച്ചു നിലത്തടിപ്പാൻ ഉയർത്തിയതിനെ കണ്ടു ഹനുമാൻ സ്വാമിയോടു വിവരം പറയുകയും ഭഗവാൻ ബാലിയുടെ വക്ഷോദേശത്തെ ലക്ഷ്യം പിടിച്ചു ഒളിബാണം തൊടുക്കുകയും അസ്ത്രം പെട്ടു ഉടനെ ബാലിയുടെ വക്ഷോദേശത്തെ ഭേദിച്ചു മറുപുറം പായാതെ മാറിൽ തറച്ചു മോഹാലസ്യപ്പെട്ടു വീഴുകയും ഉടനെ ആലസ്യം തെളിഞ്ഞു അസ്ത്രത്തിന്റെ പീടിനെ പിടിച്ചു വലിക്കുമ്പോൾ പ്രാണനെ ആകർഷിക്കുന്നതു കണ്ടു ബാലി പറയുന്നു.

### ബാലിമോക്ഷം

ക വി .

നെമിതാങ്കലൊനീലകണ്ഡനെടുഞ്ചൂലമൊ
ആമിതാങ്കലൊഅൻറനിൽക്കൻറവയിലൊ
നാമവിന്തിരൻവച്ചിരപ്പാടെകൊലൊനാട്ടുവിൽ
പൊമൊന്നെംപടികണ്ടിലെൻയാതെൻറവുകൽവെൻ.

ഞാനും എന്റെ സോദരനായ സുഗ്രീവനും കൂടി ക്രോധത്താൽ തമ്മിൽ കൈകലൎന്നു യുദ്ധംചെയ്യുന്ന മദ്ധ്യേ എന്റെ നടുമാൎവ്വിൽ ഒരു ഒളിബാണമല്ലെ വന്നുപെട്ടിരിക്കുന്നത്. ഈ സായകം ആരയച്ചതാണ്. സൎവ്വേശ്വരനായ ശ്രീനാരായണസ്വാമി കരത്തിലുള്ള ചക്രായുധമൊ എന്നാലോചിക്കുമ്പോൾ അല്ല. നാരായണൻ ദുഷ്ടന്മാരെ വധിച്ചു സജ്ജനങ്ങളെ രക്ഷിക്കു

ന്ന മുദ്രയെ വഹിച്ച ജീവേശ്വരജഗത്തെ രക്ഷിക്കുന്നതുകൊണ്ടു നാരായണസ്വാമി എന്റെ പേരിൽ അസ്ത്രമയപ്പാൻ കാരണമില്ല. എന്നാൽ പരമേശ്വരസ്വാമിയുടെ ശൂലമൊ എന്നാലോചിച്ചാൽ പരമേശ്വരസ്വാമിക്കു ഞാൻ ഭക്തനാണ്. ഭക്തന്മാരെ സ്വാമി ഉപദ്രവിക്കുന്നതല്ല. പക്ഷെ പണ്ടു ശൂരാദികളെ നിഗ്രഹിപ്പാൻവേണ്ടി നിൎമ്മിച്ചതായ ശക്തി എന്ന സുബ്രഹ്മണ്യന്റെ വേലായുധമായിരിക്കുമൊ എന്നാലോചിക്കുമ്പോൾ ഷണ്മുഖൻ നിരപരാധികളുടെ മേൽ തന്റെ ആയുധം പ്രയോഗിക്കുന്നതല്ല. പിന്നെ ദേവനാഥനായ ഇന്ദ്രന്റെ വജ്രായുധമൊ എന്നാൽ അതുമല്ല. ഇന്ദ്രൻ എന്റെ പിതാവാണ്. കൂടാതെ ക്ഷീരാബ്ധിമഥനം ചെയ്തു പിതാവിന്നുണ്ടായിരുന്ന ജരാനരകളെ തീൎത്തു കൊടുത്തവനാണ് ഞാൻ. ആയതുകൊണ്ടു, ഇന്ദ്രനും എന്റെ പേരിൽ അസ്ത്രം തൊടുപ്പാൻ കാരണമില്ല. ആയതുകൊണ്ടു, മുൻപറയപ്പെട്ട, ഹരിചക്രവും, ഈശൻശൂലവും സുബ്രഹ്മണ്യരുടെ വേലും, ഇന്ദ്രന്റെ വജ്രവും ഇതല്ല. എന്നാൽ പിന്നെ ആർ ചെയ്ത കൊടുമയാണിതെന്നു ഞാൻ ആലോചിക്കുമ്പോൾ ഇതു ഒരു കണയായിട്ടാണ് കാണുന്നത്. ഇതിന്റെ പീടിൽ രേഫം മകാരം എന്ന രണ്ടക്ഷരങ്ങൾ ലിഖിതംചെയ്തു കാണുന്നുണ്ട്. ആയതുകൊണ്ടു രാമരാമ എന്ന ശിവശക്തി യുക്തമായ ദ്വയാക്ഷരത്തിന്റെ വൈഭവത്തെ ആലോചിച്ചാൽ അനന്തനാലും വൎണ്ണിപ്പാൻ അസാദ്ധ്യമാണ്. അന്തരീക്ഷം ഭൂമി പാതാളമായ മൂന്നുലോകത്തിലും അധിവസിക്കുന്ന ജീവികളുടെ പ്രാണനായി ശോഭിക്കുന്നതാണ്. യാതൊരുത്തരുടെവാക്കിന്നും മനസ്സിന്നും അവിഷയമാണ്. ഇങ്ങിനെ ഉള്ള രാമ-രാമ എന്നുള്ള തിരുമന്ത്രത്തെ ജപിക്കുന്നവർ ജനനം മരണം എന്ന ഇരുകരയോടുകൂടിയ ജനനാൎണ്ണവത്തിന്റെ മറുകരയായ സാമ്രാജ്യപുരിയിൽ പോയി അവിടെയുള്ള സായൂജ്യമെന്ന കൈവല്യപദത്തിൽ ബ്രഹ്മാനന്ദമെന്ന അഖണ്ഡാനന്ദത്തെ അനുഭവിപ്പാൻ അധികാരികളായിത്തീരത്തക്ക വൈഭവമുള്ള പഞ്ചാക്ഷരത്തിൽ രണ്ടാം അക്ഷരമായ രാ എന്നും, അഷ്ടാക്ഷരത്തിൽ രണ്ടാം അക്ഷരമായ മ എന്നും ഇങ്ങിനെ രാമ-

രാമ-രാമ-രാമ-രാമ എന്ന മൂലമന്ത്രം. ഈ മൂലമന്ത്രമായ ദ്വയാ
ക്ഷരമല്ലെ ഈ അസ്ത്രത്തിന്റെ കടയിൽ പ്രകാശിച്ചുകാണുന്നത്.
എന്റെ ഈ പ്രാണപ്രയാണകാലത്തു എന്റെ നേത്രത്താൽ ദ്വ
യാക്ഷരത്തെ കണ്ടു മരിപ്പാൻ യോഗം വന്നതിനെ വിചാരിക്കു
മ്പോൾ അത്യാശ്ചര്യംതന്നെ. എന്നാൽ ഈ അസ്ത്രത്തിന്നധി
കാരിയായ രാമൻ ചെയ്തു അന്യായമാണിത്. ആയതുകൊണ്ടു രാ
മനെ ഒന്നു കാണട്ടെ എന്നു നേത്രം മിഴിച്ചു പുരോഭാഗമായി നോ
ക്കുമ്പോൾ ഭഗവാൻ വില്ലും പിടിച്ചു നേരിട്ടു നില്ക്കുന്നതിനെക്ക
ണ്ടു ബാലി പറയുന്നു: അല്ലയോ രാഘവാ! നിന്റെ കേശാദിപാ
ദം നോക്കുമ്പോൾ അഞ്ജനാദ്രിയുടെ മുകളിൽ ചെന്താമരപ്പൂ വി
കസിച്ചതുപോലെ നീലമേഘശ്യാമളവർണ്ണമായ ശരീരത്തിൽ മുഖം
ചെന്താമരപോലെ ശോഭിക്കുന്നുവല്ലോ. എന്റെ മാറിനെ ഇങ്ങ
നെ വ്രണപ്പെടുത്തി തദ്വാരേണ രക്തത്തെ പ്രവഹിപ്പിച്ചു പ്രാ
ണവായുവിനെ ആകർഷിക്കുന്ന ഈ അസ്ത്രം തൊടുപ്പാൻ ഞാൻ
നിണക്കെന്തു പിഴ ചെയ്തു. രാക്ഷസനായ രാവണൻ നിന്റെ
പത്നിയെ കൊണ്ടുപോയാൽ വാനരരാജാവായ ബാലിയെ വധി
ക്കേണമെന്നു നിന്റെ മാനവസ്മൃതിയിൽ വിധിച്ചിട്ടുണ്ടോ? ഞാൻ
യാതൊരു അനീതിയും നിണക്കു ചെയ്തിട്ടില്ല. ഉണ്ടെങ്കിൽ പറ
യുക. ഇങ്ങിനെയുള്ള അനീതികളെ പ്രവൃത്തിപ്പാൻ ആരംഭി
ച്ചാൽ ആരെങ്കിലും നിന്നെ മാനിക്കുമോ? മൃഗങ്ങളെ വധിച്ചു ഉ
ദരതൃപ്തിചെയ്യുന്ന വേടന്മാരുടെ പ്രവൃത്തിയാണു ഒളിയമ്പു തൊ
ടുക്കുന്നത്. എന്നെ ഭക്ഷിപ്പാൻ വേണ്ടിയാണെങ്കിൽ തരക്കേടി
ല്ലായിരുന്നു. വാനരമാംസം എല്ലാ മാംസങ്ങളിലുംവെച്ചു നികൃ
ഷ്ടമാണ്. ഭുജിപ്പാൻ പാടില്ലെന്നു സർവ്വശാസ്ത്രങ്ങളും തടുത്തിട്ടു
ണ്ടോ, നീ അറിയുന്നവനല്ലെ. എന്നിട്ടും ഇങ്ങിനെ പ്രവൃത്തി
ച്ചതു കഷ്ടമല്ലെ. ഗുരുത്വം നീ നടന്ന നാട്ടിൽ നിലനില്ക്കുമോ?
നിന്റെ പിതാവു മരിക്കുമ്പോൾ നീ സമീപത്തിലുണ്ടായിരുന്നു
വോ? പിതാവിനെ ജലംകൊടുത്തു മരിപ്പിക്കാൻ നിണക്കു യോഗ
മുണ്ടായോ? പിതൃവാക്യത്തെ പരിപാലിപ്പാൻ വനത്തിലേക്കു വ
ന്നവെന്ന വേഷവുംകെട്ടി നിരായുധന്മാരെ കൊലചെയ്യുന്നതു ശരി

യോ? നാട്ടിൽ പൊറുപ്പാൻ പാടില്ലെന്ന നീതിയാണ് നീ കാണിച്ചത്. അതെപ്രകാരം കാട്ടിലും ചെയ്യണമെന്നുണ്ടോ? ഈ അനീതികളെ ചെയ്യുന്നതിനെ അടക്കുവാൻ ലോകത്തിൽ ആരുമില്ലെന്നോ നിന്റെ വിചാരം? നിന്നെപ്പോലെ എത്ര ദുർമ്മാർഗ്ഗികൾ ഭസ്മമായിപ്പോയിട്ടുണ്ട്. സൂര്യകുലത്തിന്നു യാതൊരു കളങ്കവും ഇല്ലാതെയിരിക്കുമ്പോൾ നീ ഒരുവൻ ദശരഥന്നു അകാലസന്തതിയായി ജനിക്ക നിമിത്തം ചന്ദ്രഗോത്രംപോലെവന്നു സംഭവിച്ചതാശ്ചര്യം! നിന്നെപ്പറഞ്ഞിട്ടു ഫലമെന്ത്. ഇല്ലറം, വില്ലറം, ചൊല്ലറം, നല്ലറം എന്നിങ്ങിനെ നാലു ധർമ്മമാണു ക്ഷത്രിയഗോത്രത്തിനുള്ളത്. തന്റെ രാജധാനിയിൽ രാജാധിപത്യം വഹിച്ചു പ്രജകളെ രക്ഷിക്കുന്നതു ഇല്ലറമാണ്. ഗുരുമുഖേന ധനുർവ്വേദത്തിന്റെ നാലു ഘട്ടങ്ങളേയും നല്ല പാഠം ചെയ്തു നിയമാനുസരണം ശത്രുക്കളോടു യുദ്ധം ചെയ്യുന്നതു വില്ലറമാണ്. പ്രാണൻപോയാലും അസത്യം പറയാതെ സത്യത്തെ രക്ഷിക്കുന്നതു ചൊല്ലറമാണ്. വേദോക്തമായ, മുപ്പത്തിരണ്ടു ധർമ്മങ്ങളേയും നടത്തിവരുന്നതു നല്ലറമാണ്. ഇങ്ങിനെയുള്ള നാലു ധർമ്മവും നിന്റെ അടുക്കൽനിന്നു പോയിരിക്കുന്നു. എങ്ങിനെയെന്നുവെച്ചാൽ ദശരഥന്നു പ്രഥമപുത്രനായിരുന്നും രാജ്യത്തെ ഭരിപ്പാൻ ശക്തിയില്ലാതെ എപ്പോൾ രാജ്യത്തെ ഉപേക്ഷിച്ചുവോ അപ്പോൾ ഇല്ലറം നശിച്ചു. നേരിട്ടു യുദ്ധം ചെയ്യാതെ മറഞ്ഞുനിന്നു കിരാതന്മാരെപ്പോലെ എപ്പോൾ നിരായുധനായ എന്റെ മേൽ അസ്ത്രം തൊടുത്തുവോ അപ്പോൾ വില്ലറവും നശിച്ചു. നിരപരാധികളെ ശിക്ഷിക്കരുതെന്നുള്ള ഗുരുവാക്യത്തെ എപ്പോൾ ഉപേക്ഷിച്ചുവോ അപ്പോൾ ചൊല്ലറമെന്ന സത്യവും നശിച്ചു. ഭൂപാലന്മാർ മുപ്പത്തിരണ്ടു ധർമ്മങ്ങളെ ചെയ്യാതെ എപ്പോൾ ആഹാരാദികളെ കഴിക്കുന്നുവോ അന്നു നല്ലറവും നശിച്ചു. ഇങ്ങിനെ യാതൊരു പുണ്യവും ചെയ്യാതെ, ഒട്ടുമേ ചണ്ഡാളന്മാരുടെ സ്വഭാവത്തെ അനുസരിച്ചു കെട്ടിയ പെണ്ണിനെയുംകൂടെ രക്ഷിപ്പാൻ സാമർത്ഥ്യമില്ലാതെ അന്യനു കൊടുത്തു മൃഗപ്രായേണ കാട്ടിൽസഞ്ചരിക്കുന്ന നിന്റെ വിഷയത്തിൽ അത്ഭുതമുണ്ട്. സുഗ്രീവൻ നിന്നോടു വല്ലതും പറഞ്ഞിരുന്നാൽ

എന്നെയുംകൂടെ വരുത്തി കഷ്ടത്തിൻെറ ഗുണദോഷങ്ങളെ ബോ
ധിച്ചു മനസ്സിലാക്കി തെററചെയ്യുവനെ സമ്മതിപ്പിച്ച ശേഷമ
ല്ലെ അവനെ ശിക്ഷിക്കേണ്ടത്? യുദ്ധമദ്ധ്യെ ഞങ്ങൾ രണ്ടുപേരെ
യും നീ പ്രത്യക്ഷമായ്ക്കണ്ടുവല്ലൊ. കണ്ടതിന്നശേഷവും ഒരുവൻെറ
പേരിൽ പക്ഷവും മററൊരുവൻെറപേരിൽ പരപക്ഷവും വിചാ
രിച്ചു എന്നെ ഇങ്ങിനെ കഷ്ടത്തിലാക്കിയതു ധമ്മമോ? ഇങ്ങിനെ
വരുവാൻ സംഗതി എന്തെന്നാലോചിക്കുമ്പോൾ നിൻെറ പിതാ
വായ ദശരഥൻ പണ്ടു കാട്ടിൽ വെച്ചു മത്തഗജമാണെന്നു കരുതി
ഗുരുപുത്രനെ ഒളിയമ്പെയ്തു കൊന്ന ആ ദശരഥൻെറ പുത്രനല്ല
യോ നീ. അതുപോലെ നിരായുധനായ എന്നെ മറഞ്ഞുനിന്നു നി
യും കൊലപ്പെടുത്തി. മറഞ്ഞുനിന്നു അസ്ത്രം തൊടുക്കുന്നതു നിങ്ങൾ
ക്കു ഒരു പാരമ്പയ്യമായിത്തീന്നിരിക്കുന്നു. എന്നാൽ സീതയെ രാ
വണൻ കൊണ്ടുപോയതിൽ നിണക്കു അപമാനമുണ്ടോ എന്നാ
ലോചിക്കുമ്പോൾ അതും ഇല്ല. എന്തുകൊണ്ടെന്നുവെച്ചാൽ—പ
ണ്ടു നിൻെറ ഗോത്രസംജാതനായ ഹരിശ്ചന്ദ്രൻ എന്ന ഒരുവൻ
വിശ്വാമിത്രൻെറ കടംതീപ്പാൻവേണ്ടി തൻെറ പത്നിയേയും ലോ
ഹിതാശ്വൻ എന്ന മകനേയുംകൂടി ഒരു വയസ്സനായ കാലകണ്ഠൻ
എന്ന ബ്രാഹ്മണന്നു വിലക്കുവിററിട്ടുണ്ട്. ഒരു കാലത്തും ഞാൻ
അയോദ്ധ്യക്കു മടങ്ങുകയില്ലെന്നും വിശ്വാമിത്രന്നു രാജ്യം ഞാൻ
കൊടുത്തുപോയിയെന്നും പറഞ്ഞാണു ശ്വപചന്നു ഹരിശ്ചന്ദ്രൻ
ചെന്നിട്ടു അടിമയായത്. കുറെ കാലം കഴിഞ്ഞപ്പോൾ വിററപെ
ണ്ണിനേയുംകൂട്ടി ആദ്യം പറഞ്ഞ വാക്കിന്നെതിരായി മടങ്ങി അയോ
ദ്ധ്യക്കുവന്നു. ആയതുകൊണ്ടു സത്യവും ഇല്ല, മാനവും ഇല്ല, കഷ്ട
മെന്നേ പറവാനുള്ളു. എൻെറ പ്രാണനെ നഷ്ടംവരുത്തിയാൽ സീ
തയുടെ കഷ്ടം തീരുമോ? ഭരതൻെറ ജ്യേഷ്ഠൻ നീ അല്ലാതെ ആയി
ത്തീരുമോ? സാലങ്ങളെ ഭേദിച്ചു, എന്നിട്ടും ശക്തി എന്നിൽ നി
ണക്കു താണുപോയോ? ക്ഷത്രിയഗോത്രമായ വിളയുടെ മനുസ്മൃതി
യായ വേലിയെ നീ പൊളിച്ചുകളഞ്ഞുവല്ലൊ. എന്നിങ്ങിനെ ബാ
ലി പറഞ്ഞതിനെ കേട്ടു രാമൻ പറയുന്നു: ഹേ ബാലി! മതി മതി.
ഞാൻ നിന്നെ അറിയും. അന്യനെ അയോഗ്യനാണെന്നു പറയേ

ണമെങ്കിൽ പറയുന്നവൻ യോഗ്യനായിരിക്കണം. നീ യോഗ്യനാണെന്നു ചില കുരങ്ങന്മാർ പറയും എന്നല്ലാതെ നീ ഇതേവരെ ചെയ്തുവന്നതു മഹാ അനീതിയല്ലെ. കുറെക്കാലമായി നിന്നെ അടക്കുവാൻ ആളില്ലാതെ നീ അഹങ്കരിച്ചു മദിച്ചു നടക്കുന്നു. സാധുക്കൾക്കും കഴിഞ്ഞുകൂടണ്ടെ. എടാ ബാലി! സുഗ്രീവൻ നിനക്കെന്തു് തെററുചെയ്തു. ബിലദ്വാരത്തിൽവെച്ചു മായാവിയോടു യുദ്ധം ചെയ്വാൻ പോകുന്ന സമയം സുഗ്രീവനോടു നീ പറഞ്ഞുപോയപ്രകാരം സുഗ്രീവൻ നടന്നില്ലയോ? നീ വരുന്നവരെ പ്രജകളെ രക്ഷിച്ചില്ലയോ? നീ വന്നപ്പോൾ രാജ്യഭാരം മടങ്ങിത്തന്നില്ലയോ? വല്ല ദോഷവും അവൻ പറഞ്ഞുവോ? എന്നുതന്നെയല്ല സുഗ്രീവനെ കിഷ്കിന്ധയിൽ നിന്നാട്ടിത്തുരത്തുമ്പോൾ അവൻെറ ഭാൎയ്യയായ രുമയെ എന്തുകൊണ്ടു കൂടെ നീ അയച്ചിട്ടില്ല. നീ എന്തിനു അവളെ പിടിച്ചുവെച്ചു. അനുജൻെറ ഭാൎയ്യയും അമ്മയും ഭേദമില്ലെന്നു നീ അറിഞ്ഞവനല്ലയോ? ഇത്രയും ശാസ്ത്രങ്ങളൊക്കെ പറയുന്ന നിനക്കു ആ ഒരു കാൎയ്യം അറിവാൻ എടയുണ്ടായില്ലയോ? അനുജൻെറ ഭാൎയ്യയും നീയും കൂടെ കഴിഞ്ഞതു ആലോചിച്ചാൽ നിന്നെ ഇങ്ങിനെയല്ല ചെയ്യേണ്ടതു്. ചിത്രവധം ചെയ്കയാണു് വേണ്ടിയിരുന്നതു്. നിന്നെപ്പോലെ എത്ര കുരങ്ങന്മാരു് ലോകത്തിൽ ഉണ്ടു്. അവരിൽ ആരെല്ലാമാണു് നിന്നെപ്പോലെ, വേദപാഠം ദേവപൂജ, എന്നിവ ചെയ്കയും ശൌചം നടത്തുകയും തീൎത്ഥാടനം മഹത്തീദൎശനം, ക്ഷേത്രോപവാസം മുതലായതു ചെയ്തുവരുന്നതു്, ഗുരുമുഖേനയല്ലാതെ വല്ലവരും വിദ്യാഭ്യാസം ചെയ്തിട്ടുണ്ടോ? നിനക്കു ആരാണു് ഗുരു? മതംഗാശ്രമമെന്ന ഒരു പവിത്രം ഇല്ലെങ്കിൽ സുഗ്രീവൻ ഇപ്പോൾ ഉണ്ടോ. ആരായാലും അടുത്തതേ പ്രവൃത്തിക്കാവു. പാപം ഇന്നതു പുണ്യം ഇന്നതെന്നറിഞ്ഞാൽ അനന്തരം പാപം ചെയ്യാമൊ? മൃഗങ്ങളായാൽ വിശേഷബുദ്ധി വന്നുകൂടായെന്നുണ്ടോ? എന്നതിനെക്കേട്ടു ബാലി പറയുന്നു—ഹേ രാമ! നീ വൃക്ഷം മറഞ്ഞു ബാണംതൊടുപ്പാൻ കാരണമെന്താണു്. എന്നു ചോദിച്ചതിനെക്കേട്ടു രാമൻ പറയു

നു: ഹേ ബാലി! നീ എന്റെ പരമാത്ഥം അറിയുന്നവനാണ് നിന്നെ വധിച്ചുതരാം എന്നു ഞാൻ സുഗ്രീവനോടു സഖ്യം ചെയ്തിട്ടുണ്ട്. നീ എന്നെ നേരിട്ടു കണ്ടാൽ ഉടനെ വന്നു ശരണം പ്രാപിക്കും. അപ്പോൾ സുഗ്രീവന്നു ഞാൻ ചെയ്തുകൊടുത്ത സത്യത്തിന്നു ലംഘനം വരും. എന്നു കരുതിയാണ് വൃക്ഷം മറഞ്ഞു അസ്ത്രം തൊടുത്തത്. എന്നതിനെ കേട്ടു ബാലി പറയുന്നു: ശരണം സ്വാമിൻ, അടിയൻ ഇതുവരം അറിയാതെകണ്ട് അധിക്ഷേപമായ ചില വാക്കുകളെ പറഞ്ഞുപോയി. ആയതു കുരങ്ങന്മാരുടെ സ്വഭാവമാണെന്നു കരുതി സമസ്താപരാധം ക്ഷമിക്കേണമേ സ്വാമിൻ, സർവ്വേശ്വരനായ നിന്തിരുവടിയുടെ മായാവിദ്യകളെ ആരറിവാൻ പോകുന്നു. രാക്ഷസരാജാവായ രാവണനോടു അടിയൻ ഒരു വാക്കു ചിലവുചെയ്താൽ നിന്തിരുവടിയുടെ പത്നിയെ ക്ഷണം കൊണ്ടുവന്നു തരുന്നതാണല്ലോ. അങ്ങയുടെ പത്നിയെ വീണ്ടുതരുവാനുള്ള ഭാഗ്യം ഞാൻ ചെയ്തില്ലല്ലോ. പ്രാണപ്രയാണസമയത്തിൽ പറഞ്ഞിട്ട് ഫലമെന്താണ്. ഇനി നിന്തിരുവടിക്കു കാൎയ്യം സാധിപ്പിക്കേണമെങ്കിൽ ഈ വാനരസംഘത്തിൽ ഹനുമാനുണ്ട്. അവനാൽ കാൎയ്യങ്ങൾ നിവൃത്തി വരും. സുഗ്രീവൻ ബുദ്ധിയില്ലാത്തവനും നിരക്ഷരകുക്ഷിയുമാണ്. വല്ലതെറ്റും അവൻ ചെയ്തുവെന്നു വരികിലും എന്റെ നേരെ അയച്ചതുപോലെ ഉള്ള അസ്ത്രങ്ങൾ സുഗ്രീവന്റെ നേരെ അയക്കാതിരിപ്പാൻ അപേക്ഷിക്കുന്നു. നിന്തിരുവടി ഹനുമാനെ നിന്തിരുവടിയുടെ അസ്ത്രംപോലെ വിശ്വസിക്കണം. എനിക്ക് ഒരു മകനേ ഉള്ളൂ. പുത്രദുഃഖം സഹിക്കുന്നില്ല. ഇതുവരെ എന്റെ മകനായിരുന്നു. ഇന്നുമുതൽ നിന്തിരുവടിയുടെ മകനാണ്. അവന്നു ചെറുപ്പമാണ്. കാൎയ്യാകാൎയ്യങ്ങളുടെ വിവരം നല്ലവണ്ണം ആയിട്ടില്ല. എന്നു പറയുന്ന ബാലിയുടെ അടുക്കൽ അംഗദൻ വന്ന് മേൽ വീണ് ദുഃഖിക്കുന്നതിനെ ബാലി കണ്ടു, അംഗദാ! നീ ദുഃഖിക്കരുത്. മകനെ! സർവ്വേശ്വരനായ സ്വാമിക്കു നിന്നെ അടക്കലമായി ഞാൻ കൊടുക്കുന്നുണ്ട്. ഇതുവരെ കളിച്ച് നട

ന്നതുപോലെ മേലിൽ കളിച്ച് നടക്കരുത്. രാമ രാമ എന്ന തിരുനാമത്തെ ധ്യാനിച്ച് സുഖമേ വസിക്കുക. എന്നു പറഞ്ഞു ബാലി മകനെപ്പിടിച്ച് ഭഗവാന്റെ കയ്യിൽ കൊടുത്തതിനെക്കണ്ടു ഭഗവാൻ, അല്ലയോ ബാലി ഞാൻ തൊടുത്ത അസ്ത്രത്തെ പിൻവലിക്കാം. നീയും അനുജനും കൂടി സുഖമായ്വസിക്കുക. എന്നു പറഞ്ഞതിനെക്കേട്ടു ബാലി ശരണം രാമഭദ്രാ! മായാമയനായ നിന്തിരുവടിയുടെ കാരുണ്യത്താൽ എമ്പത്താറായിരം സംവത്സരം ഞാൻ രാജ്യഭാരം വഹിച്ചു. മേലിൽ ബാലി എന്നത് പോയി വട്ടബാലി എന്നു കേൾപ്പാൻ എനിക്കു മോഹമില്ല. ആയതുകൊണ്ടു നിന്തിരുവടിയുടെ യഥാൎത്ഥരൂപത്തെ കാട്ടിത്തന്നു അസ്ത്രം പറിച്ച് മോക്ഷം തരേണമേയെന്നപേക്ഷിക്കുകയും ഭഗവാൻ അംഗദനെ അടക്കലമായി സ്വീകരിച്ച് അസ്ത്രം പറിച്ച് ബാലിക്കു മോക്ഷം കൊടുക്കുകയും രാമ രാമ രാമ രാമ എന്നു ധ്യാനിച്ചു സ്വൎഗ്ഗം പ്രാപിക്കുകയും ചെയ്തു. അതു കേട്ടു ബാലിയുടെ ഭാൎയ്യയായ താര വന്ന് ഹെ രാഘവ! കണവനെ അയച്ച വഴിക്ക് എന്നെയും അയക്കുക. എന്നാൽ കന്യാകാദാനഫലം നിനക്കു സിദ്ധിക്കും. എന്നതിനെക്കേട്ട് താരയെ സമീപത്തിൽ വരുത്തി അവളുടെ കൎണ്ണത്തിൽ താരകോപദേശംചെയ്തു അനന്തരം സുഗ്രീവനെ വിളിച്ചു ബാലിയുടെ ശവസംസ്കാരാദികളെച്ചെയ്ത് വരുവാൻ ഭഗവാൻ ഏല്പിച്ചു. അപ്രകാരം സുഗ്രീവനും അംഗദനും താരയും ബാലിയുടെ മരണാനന്തരക്രിയകളെ ജാത്യാചാരംപോലെ ചെയ്തുവന്നു. ഭഗവാൻ ലക്ഷ്മണനെ വിളിച്ച് സുഗ്രീവനു പട്ടാഭിഷേകം ചെയ്തുവരുവാൻ കല്പിച്ചയക്കുകയും ലക്ഷ്മണൻ സുഗ്രീവനോടുകൂടി കിഷ്കിന്ധയിൽ പോയി സുഗ്രീവനെ സിംഹാസനത്തിലിരുത്തി അരിയിട്ടു വാഴ്ചകഴിച്ചു പട്ടാഭിഷേകം ചെയ്ത് അവിടെനിന്നു മടങ്ങി സ്വാമിയെ വന്നു വണങ്ങി വിവരം അറിയിച്ചു.

## ചാതുൎമ്മാസ്യം.

എന്നതിന്നുശേഷം ഭഗവാൻ സുഗ്രീവനോട് അല്ലയോ സു

ഗ്രീവാ! നീ ഇവിടെനിന്നു നിന്റെ രാജധാനിയായ കിഷ്കിന്ധയ്ക്കു പോയി നിന്റെ ജാത്യാചാരമൎയ്യാദപോലെയുള്ള രാജരീകം നടത്തുക. അങ്ങിനെ പ്രജാപരിപാലനം ചെയ്യുന്നതിൽ നല്ലവണ്ണം ദൃഷ്ടിവെയ്ക്കണം. പ്രജകൾ പ്രബലന്മാരും ദുൎബ്ബലന്മാരും ഉണ്ടാവുന്നത് സാധാരണയാണ്. സത്യത്തെ സാധുക്കളാൽ തെളിയിപ്പാൻ കഴിയാതെ വരുമ്പോൾ അത് അസത്യം എന്നു രാജാവിന്നു തോന്നും. പ്രബലന്മാരാൽ അസത്യത്തെ സാമൎത്ഥ്യംകൊണ്ടു സത്യമെന്നു തോന്നിക്കുവാൻ സാധിക്കുന്നതുമാണ്. ഇങ്ങിനെ സത്യാസത്യങ്ങളുടെ വിവരമില്ലാതെ ശിക്ഷാരക്ഷകളെച്ചെയ്യുകയാൽ ലോകാപവാദവും മരണശേഷം നരകത്തിന്നധികാരിയായും ഭവിക്കും. നിസ്സാരന്മാരാണെന്നു കരുതി അവരുടെ കാൎയ്യത്തെ ആലോചിക്കാതിരുന്നാൽ തന്നിമിത്തം രാജാവിന്നു അത്യന്തമായ ആപത്തുകൾ നേരിടുവാൻ സംഗതി വന്നേക്കും. അതിന്നു ദൃഷ്ടാന്തം എന്തെന്നുവെച്ചാൽ എന്റെ ചെറുപ്പത്തിൽ കൂനിയെന്ന മന്ഥരയെ ഞാൻ ഉപദ്രവിച്ച നിമിത്തം ഞാനിങ്ങിനെ കാട്ടിൽ വസിക്കേണ്ടിവന്നു. അന്യസ്ത്രീകളെ മാതാവെപ്പോലെ കരുതേണ്ടതാണ്. അല്ലെങ്കിൽ തന്നിമിത്തം മരണമാണ് അനുഭവം. ആയതിന്നു ദൃഷ്ടാന്തം നിന്റെ അഗ്രജനായ ബാലിയുടെ അനുഭവത്തെ ഓൎത്താൽ മതിയാവുന്നതാണ്. ആയതുകൊണ്ടു കാൎയ്യാകാൎയ്യങ്ങൾ വിവരമുള്ള മന്ത്രികളോടു ആലോചന ചെയ്ത് ശിക്ഷാരക്ഷകളെ ചെയ്യണം. മന്ത്രി, പുരോഹിതൻ, ഒററകാരൻ, ദൂതൻ സൈന്യാധിപൻ ഇവരെ എപ്പോഴും പിരിയാതെ വസിക്കണം. തന്റെ സഭയിൽ തന്നോടൊത്ത സ്നേഹിതന്മാരും ബ്രാഹ്മണരും പടകളും പഞ്ചായതരും ജ്യോത്സന്മാരും വേണം. ആയതുകൊണ്ടു പറഞ്ഞ കാൎയ്യങ്ങളെ എല്ലാം ഓൎമ്മവെച്ചു പ്രജകളെ രക്ഷചെയ്യുക. ഇപ്പോൾ ഇന്ദ്രൻ വില്ലെടുത്ത വൃഷ്ടികാലമാണ്. ക്ഷത്രിയൻ വില്ലു വെക്കണം. ഈ വൃഷ്ടികാലമായ ചാതുൎമ്മാസ്യം കഴിഞ്ഞ് വേനൽക്കാലം വരും. ആ സമയത്തിൽ നീ പടകളോടുകൂടെ വന്നു സീതാന്വേഷണം ചെയ്യുതരിക. എന്നതിനെക്കേട്ടു സുഗ്രീവൻ, ശര

ണം സ്വാമിൻ! അടിയൻ സിംഹാസനത്തിൽ ഇരുന്നും നിന്തിരു
വടി തൃണാഗ്രത്തിൽ ഇരുന്നും കഴിക്കുന്നതായാൽ വലിയ കഷ്ടമാ
ണ്. കിഷ്കിന്ധ എന്ന രാജധാനി കുരങ്ങന്മാരുടെ വാസസ്ഥലം
എന്ന ഒരു കുററമല്ലാതെ വേറെ ഒന്നും കുറവില്ല. സ്വൎഗ്ഗത്തിന്നു
തുല്യമാണ്. ആയതുകൊണ്ടു ഈ മഴക്കാലമായ നാലു മാസം കഴി
യുന്നവരെ നിന്തിരുവടി കിഷ്കിന്ധയിൽവന്നു വസിക്കണം. എന്നു
പറഞ്ഞതിനെക്കേട്ടു ഭഗവാൻ സുഗ്രീവനോടു, ഹെ സുഗ്രീവാ! നി
ന്റെ രാജധാനിക്കു തെററുണ്ടായതിനാൽ ഞാൻ വരാതിരിക്കുന്നതല്ല
പതിന്നാലു സംവത്സരം വനദീക്ഷ കൈക്കൊള്ളേണ്ടതാണ് അതംഗീകരിച്ചി
ട്ടു ഞാൻ വന്നിട്ടുള്ളൂ. ആയതുകൊണ്ടു രാജാക്കൾ വസിക്കുന്ന രാ
ജധാനിക്കു വരുവാൻ പാടുള്ളതല്ല. നീ അംഗദനെ എളയ രാ
ജാവാക്കി വാഴിക്കുക. അവനെ നീ വല്ലതും ഉപദ്രവിച്ചാൽ അ
ത് എന്നെ ഉപദ്രവിച്ചതുപോലെയാണ്. എന്നു പറഞ്ഞു സു
ഗ്രീവനെയും അംഗദനെയും അയച്ചു ഹനുമാനെ വിളിച്ചു ഭഗ
വാൻ ഹെ മാരുതെ! നീ സുഗ്രീവനോടുകൂടി, കിഷ്കിന്ധയിൽ
പോയി നാലു മാസംവരെ പ്രജകളെ രക്ഷിച്ചു ശരൽക്കാലം പിറ
ന്നാലുടനെ പടകളോടുകൂടിവന്നു സീതാന്വേഷണം വൃത്തിപ്പിക്ക
ണം. ഭാരമെല്ലാം നിന്റെ പക്കലാണ്. സുഗ്രീവൻ നിരക്ഷരകു
ക്ഷിയാണ്. നിന്റെ ഭാവം കാണുമ്പോൾ നിനക്കു എന്നെ പി
രിയുന്നതിൽ സങ്കടമുണ്ടെന്നു തോന്നുന്നു. അങ്ങിനെ ആയാൽ വി
രോധമുണ്ട്. എന്തെന്നുവെച്ചാൽ നിന്റെ ഗുരുവായ ആദിത്യ
നോടു സുഗ്രീവനു മന്ത്രിയായിരിക്കാമെന്നു നീ സത്യം ചെയ്തു
കൊടുത്തിട്ടുണ്ട്. ആയതു തെററിച്ചാൽ ഗുരുദ്രോഹം എന്ന ദോഷം
അനുഭവിക്കേണ്ടിവരും. എന്നു പറഞ്ഞു ഹനുമാനെയും കിഷ്കിന്ധ
ക്കയച്ചു ഭഗവാനും ലക്ഷ്മണനും മാല്യവാൻ ഗിരിയുടെ മുകളിൽ
വസിച്ചു. സുഗ്രീവൻ കിഷ്കിന്ധയിൽ പോയി രാജ്യഭാരമെല്ലാം ഹ
നുമാനെ ഏല്പിച്ചു മദ്യപാനവും ചെയ്തു രുമയോടുകൂടി കേളീഗൃഹം
പ്രവേശിച്ചു. ഇവിടെ ഭഗവാൻ മാല്യവാൻ ഗിരിയുടെ മുകളിൽ
ഘനാഘനങ്ങളായ മേഘങ്ങളുടെ വൃഷ്ടിയേററു പത്നിയെപ്പിരി
ഞ്ഞ വേദനയാൽ അത്യന്തം സങ്കടത്തെ അനുഭവിച്ചു നാലു മാ

സം കഴിച്ചു കൂട്ടുകയും വൃഷ്ടികാലം കഴിഞ്ഞിട്ടും സൂൎയ്യാത്മജനായ സുഗ്രീവൻ പടകളോടുകൂടി വന്നുകാണായ്കയാൽ ഭഗവാൻ ലക്ഷ്മണനോടു, അല്ലയോ സൌമിത്രേ! ചാതുൎമ്മാസ്യം കഴിഞ്ഞിട്ടും സുഗ്രീവന്റെ വരവു കണ്ടില്ല. നാം ചെയ്ത നന്ദിയെ ലേശംപോലും ആലോചിയാതെ രാജാവെന്നുള്ള അഹംകാരത്തെ വഹിച്ചിരിപ്പായിരിക്കാം. അങ്ങിനെയുള്ളവനെ വധിക്കുകയാണ് വേണ്ടത്. അങ്ങിനെ ചെയ്താൽ നമുക്കു ക്ഷാത്രധൎമ്മത്തിന്നു ലഘുത്വമല്ലെ. ആയതുകൊണ്ടു അവന്റെ അഭിപ്രായത്തെ മനസ്സിലാക്കിയതിന്റെ ശേഷം ആവാം. നീ പോയി സുഗ്രീവനോടു ബാലിയെ ധൎമ്മരാജപുരിക്കയച്ച അസ്ത്രം പോയിട്ടില്ല. രാമന്റെ കയ്വശം ഇരിപ്പുണ്ട്. എന്നു മാത്രമല്ല സീതാന്വേഷണംചെയ്തുതരാമെന്നു അഗ്നിസാക്ഷിയായി നീ സത്യം ചെയ്തു തന്നിട്ടുണ്ട്. ആ സത്യത്തിന്നു വ്യത്യാസമില്ലെന്നുവന്നാൽ വാനരങ്ങളെന്നുള്ള നാമമല്ലാതെ മേലിൽ രൂപം കാണ്മാനിടവരുന്നതല്ലെന്നും മററും പറഞ്ഞു മനസ്സുണ്ടെങ്കിൽ സുഗ്രീവൻ ഒരുമിച്ചുവരട്ടെ അല്ലെങ്കിൽ വേഗത്തിൽ മടങ്ങിവരികയെന്നു പറഞ്ഞപ്രകാരം ലക്ഷ്മണൻ ശിലാബാണപാണിയായി പുറപ്പെട്ടു കിഷ്കിന്ധാഗോപുരത്തിന്നടുത്തപ്പോൾ ഘോരവാനരങ്ങൾ പൎവ്വതങ്ങളെക്കൊണ്ടു വന്നു ഗോപുരദ്വാരം അടെക്കുകയും അതു കണ്ട് ലക്ഷ്മണൻ ഞാണിൽ ഇടിക്കുകയും വില്ലിന്റെ ഞാണൊലിചെയ്യുകയും ആ ശബ്ദത്തെക്കേട്ടു അംഗദൻ നോക്കിയപ്പോൾ ലക്ഷ്മണനാണെന്നറിഞ്ഞു ഉടനെ സുഗ്രീവന്റെ നിദ്ര ഉണൎത്തി വിവരം പറഞ്ഞതിനെക്കേട്ടു സുഗ്രീവൻ പറയുന്നു. ഓഹോ മദ്യപാനം ചെയ്തനിമിത്തം കാലം അതീതമായ കഥ അറിഞ്ഞില്ലല്ലൊ. മേലിൽ ഭഗവാന്റെ കാൎയ്യം അവസാനിച്ചല്ലാതെ പിതാവായ ആദിത്യന്റെ പാദം തന്നാണ് മദ്യപാനം ചെയ്യുന്നതല്ലെന്നു സത്യം ചെയ്തു ലക്ഷ്മണന്റെ ക്രോധം ശമിപ്പാൻ എന്താണ് വേണ്ടതെന്നു ഹനുമാനോടു ആലോചിക്കുകയും അതുകേട്ടു ഹനുമാൻ പറയുന്നു. പുരുഷന്മാർ അതികഠിനമായി കോപിക്കുന്ന സമയം സാരാസാരങ്ങളെപ്പകുത്തറിയുന്ന സൌന്ദൎയ്യസ്ത്രീകൾ ചെന്നു ഉപചാരമായ വാക്കുകളെപ്പറഞ്ഞാൽ ക്രോധശ

മനം വരും. ആയതുകൊണ്ടു ലക്ഷ്മണന്റെ കോപശാന്തിക്കായ്ക്കൊണ്ടു താരമാതാവിനെ അയച്ചാൽ വേണ്ടില്ല. എന്നതിനെ കേട്ടു സുഗ്രീവൻ അംഗദനെ അയച്ചു താരയെ വരുത്തി വിവരം പറഞ്ഞു താരയെ ലക്ഷ്മണന്റെ അടുക്കലേക്കു അയക്കുകയും താര ഭക്തിശ്രദ്ധാബഹുമാനവിനയങ്ങളോടുകൂടി ലക്ഷ്മണന്റെ അടുക്കൽ ചെന്നതിനെക്കണ്ടു ലക്ഷ്മണൻ സുമിത്രമാതാവോ എന്നു ശങ്കിച്ചു നില്ക്കുകയും താര ലക്ഷ്മണന്റെ പാദത്തിൽചെന്നു നമസ്കരിച്ചു നില്ക്കുന്നതിനെക്കണ്ടു ലക്ഷ്മണൻ എന്താണിതു സുഗ്രീവനെവിടെ നാട്ടിലുണ്ടോ. സൈന്യങ്ങളോടുകൂടി വന്നു അന്വേഷിച്ചു ജാനകി ഇന്നേടത്തിലുണ്ടെന്നു പറയാമെന്നു സത്യം സുഗ്രീവൻ ചെയ്തുപോന്നവനല്ലേ. പറഞ്ഞ അവധി കഴിഞ്ഞു. അവധിക്കു വരാതിരിപ്പാൻ കാരണമെന്തെന്നറിവാൻ ഭവനിയാണ് ഞാൻ വന്നതു. മേലിൽ എന്തെല്ലാം സംഭവിപ്പാൻ പോകുന്നുവോ എന്നു എനിക്കു അറിവാൻ കഴികയില്ല. സുഗ്രീവന്റെ വല്ല വിവരവും ഉണ്ടോ എന്നതിനെ കേട്ടു താര പറയുന്നു. ശരണം സ്വാമിൻ! അയ്യോ അങ്ങിനെ ഒന്നും കരുതരുതെ മറന്നിട്ടില്ല. സുഗ്രീവൻ ബാലിയായുള്ള യുദ്ധത്തിൽ വാനരങ്ങളെല്ലാം ഭയപ്പെട്ടു അവർ പല ദിക്കുകളിലും ചെന്നു ഒളിച്ചിരിക്കുന്നു. അവരെ വരുത്തുവാനായി പല ദ്വീപുകളിലേക്കും ദൂതന്മാരെ അയച്ചിട്ടുണ്ടു. അവർ മടങ്ങി എത്താത്തതിനാലാണ് അവിടെ വന്നു ചേരാൻ ഇത്രയും വൈകിയതു. അല്ലയോ സ്വാമിൻ! നന്ദിചെയ്യുവരെ ഒരു കാലത്തും മറക്കുന്നതാണോ? അങ്ങിനെ മറക്കുന്നവർ മരിച്ചതിനു തുല്യമല്ലേ? അമ്മ, അച്ഛൻ, ഗുരു, ബ്രാഹ്മണൻ, പശു, ബാലൻ, സ്ത്രീ എന്നിവരെ വധിക്കുന്നവൎക്കു അതുനിമിത്തമുള്ള പാപത്തിന്നു പ്രതിക്രിയയുണ്ടു. നന്ദിചെയ്യുവരെ മറക്കുന്നവന്റെ പാപത്തിന്നു പ്രതിക്രിയയില്ല. എന്നിരിക്കെ അങ്ങിനെയുള്ള പാപം ചെയ്വാൻ ആരെങ്കിലും ആഗ്രഹിക്കുമോ? അതുകൊണ്ടു സ്വാമിൻ ഭഗവാനെ! നിന്തിരുവടി ഒരിക്കലും കോപിക്കരുതെ. നിന്തിരുവടി ഇങ്ങിനെ കോപിച്ചാൽ ലോകം നിലനില്ക്കുമോ? എന്നു

റം ശാന്തവാക്കുകളെപ്പറഞ്ഞു ലക്ഷ്മണന്റെ ക്രോധത്തിന്നു അല്പം ശാന്തി വരുത്തിയതിന്നുശേഷം സുഗ്രീവൻ, അംഗദൻ ഹനുമാൻ എന്നു മൂന്നുപേർ ലക്ഷ്മണനെ സാഷ്ടാംഗമായി നമസ്കരിക്കുകയും അതിന്നുശേഷം അവർ ലക്ഷ്മണനെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോകയും ചെയ്തു. രാജധാനിയിൽ എത്തിയ ഉടനെ ലക്ഷ്മണനെ കാൽ കഴുകിച്ചു ആസനമിട്ടിരുത്തി മധുരപദാൎത്ഥങ്ങളായ പക്വഫലാദികളെ കൊടുക്കുകയും അതുകൾ ഭുജിക്കേണമെന്നപേക്ഷിക്കുകയും ചെയ്തു. അതുകണ്ടു ലക്ഷ്മണൻ, അല്ലയോ സുഗ്രീവ! ഭഗവാൻ ഭുജിച്ചു ഉച്ഛിഷ്ടമല്ലാതെ ഞാൻ ഒന്നും ഭക്ഷിക്കുയില്ലെന്നാണ് എന്റെ വ്രതം. അങ്ങിനെ ഭുജിച്ചാൽ അതു ശ്വാവു ഭക്ഷിച്ചു ഉച്ഛിഷ്ടം ഭുജിച്ചവൎക്കുള്ള നരകത്തിന്നു ഞാൻ അധികാരിയായിത്തീരും എന്നുതന്നെയല്ല വയറു നിറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾക്കു ഇങ്ങിനെ ഉള്ള അപമാനം സിദ്ധിച്ചുവല്ലോ എന്നുള്ള വേദനയും രാമന്റെ പത്നിയെ രാവണൻ കൊണ്ടുപോയി എന്ന അപവാദവും ഇങ്ങിനെ രണ്ടുകാൎയ്യവും ആമാശയം പക്വാശയമെന്ന ഉദരത്തിൽ നിറഞ്ഞിരിക്കുന്നു. ആയതുകൊണ്ടു എപ്പോൾ നീ ജാനകി ഇന്ന ദിക്കിലുണ്ടെന്നു കാട്ടിത്തരുന്നുവോ അതു അമൃത് ഞങ്ങളെക്കൊണ്ടു ഭുജിപ്പിച്ചതിന്നു തുല്യമായിരിക്കും. അന്നൊക്കെ ഞങ്ങൾക്കു പ്രാണനുള്ളു. അതേവരെ ഞങ്ങൾ ജീവച്ഛവങ്ങളാണെന്നറിയണം എന്നുപറഞ്ഞ് അനന്തരം സുഗ്രീവൻ ഹനുമാനെ വിളിച്ചു ഹേ മാരുതേ! നീ സൈന്യങ്ങളെ ശേഖരിച്ചു നാളെ എത്തുക ഇവിടെ തെയ്യാറുള്ള പടകളോടുകൂടി ഭഗവാനെക്കാണ്മാൻ ഞാൻ പോകുന്നു. എന്നുപറഞ്ഞു അവിടെ ഉണ്ടായിരുന്ന ഒമ്പത് കോടിപ്പടയോടുകൂടി സുഗ്രീവൻ പുറപ്പെട്ടുവന്നു രാമസ്വാമിയുടെ പാദത്തിൽ നമസ്കരിച്ച് വിനയാന്വിതനായി നിന്നു താമസത്തിന്നുള്ള സംഗതിയെക്കേൾപ്പിച്ചു. അതുകേട്ടു സുഗ്രീവൻ പറഞ്ഞതിനെ സമ്മതിച്ചു ഹേ സുഗ്രീവ രാജ്യഭരണമെല്ലാം സുഖമായി നടത്തി വരുന്നില്ലെ എന്നു ചോദിച്ചതിന്നു താൻ മറുവടി പറഞ്ഞും അന്നു കഴിഞ്ഞു. പി

ററദിവസം ഹനുമാൻ ബാക്കി പടകളോടുകൂടി വന്നു ഭഗവാനെ കണ്ടു നമസ്കരിച്ചു. പടകളെ മാല്യവാൻ ഗിരിയുടെ മുകളിൽ കയററി പടകളുടെ ആദ്യവസാനം കാണ്മാൻ പ്രയാസമായി എങ്കിലും അത്യന്തം സന്തോഷിച്ചതിൽ സുഗ്രീവൻ പടകളുടെ സംഖ്യയെ കേൾപ്പിക്കുന്നു. പത്ത് കോടിപ്പടയോടുകൂടി ശതവലിയും, ഒരുനൂറായിരംകോടിപ്പടയോടുകൂടി സുഷേണനും, പതിമൂ പതിന്നാലു നൂറായിരം കോടിപ്പടയും, ഇടവൻ ഓരായിരം കോടിപ്പടയും, പനസൻ പന്തീരായിരം കോടിപ്പടയും, നീലൻ പതിനയ്യായിരം കോടിപ്പടയും, ഹനുമാൻ ഇരുപത്തയ്യായിരം കോടിപ്പടയും, ദധിമുഖൻ മുപ്പത്തയ്യായിരം കോടിപ്പടയും, ജാംബവാൻ ആയിരത്തറുനൂറു കോടിപ്പടയും, ത്രമിതൻ നൂറുനൂറായിരം കോടിപ്പടയും, മൈന്ദൻ ഇരുപതിനായിരം കോടിപ്പടയും, കേസരി അമ്പതിനായിരം കോടിപ്പടയും, ഗവയാക്ഷൻ ആയിരം കോടിപ്പടയും, ദുർമ്മുഖൻ ഇരുനൂറായിരം കോടിപ്പടയും, വിരൂപാക്ഷൻ ഒമ്പതിനായിരം കോടിപ്പടയും, കുമുദൻ നാല്പത്തെണ്ണായിരം കോടിപ്പടയും, നളൻ ഒരുനൂറായിരം കോടിപ്പടയും ആകെ എഴുപതുവെള്ളം വാനരങ്ങൾ നിന്തിരുവടിക്കു സൈന്യങ്ങളായുണ്ട് എന്നതിനെക്കേട്ടും പടകളെക്കണ്ടും ഭഗവാൻ അത്യന്തം സന്തോഷിക്കുകയും ചെയ്തു. സുഗ്രീവനോടു സീതാന്വേഷണത്തിന്നു പടകളെ ഭാഗിച്ചു നാലു ദിക്കിലേക്കും അയക്കുവാൻ ഭഗവാൻ കല്പിച്ചു. അതുപ്രകാരം സുഷേണൻ പശ്ചിമദിക്കിലേക്കും ശതവലി ഉത്തരദിക്കിലേക്കും പിനിതൻ പൂർവ്വദിക്കിലേക്കും എന്നിങ്ങിനെ പടനായകന്മാർ സൈന്യങ്ങളോടുകൂടി പുറപ്പെട്ടു സീതാന്വേഷണം ചെയ്തു. ഒരു മാസത്തിന്നുള്ളിൽ മടങ്ങി എത്തേണമെന്നും അല്ലെങ്കിൽ തല വെട്ടി കാട്ടിലെറിയും എന്നും കല്പിച്ചയച്ചു.

## സീതാന്വേഷണം.

കവി.

തെൻറിശെക്കണിരാവണൻചേനകർ
എൻറിശെക്കിൻറതെന്നറിവിന്നലം

വൻറിശെക്കിനിമാരുതിനീയലാൽ
വെൻറിശെക്കിനിയാർചൊലവേണ്ടുമേ.

അനന്തരം ഹനുമാനെ വിളിച്ചു സുഗ്രീവൻ, അല്ലയോ മാരുതേ! ഇവിടെനിന്നു ദക്ഷിണഭാഗമാണ് രാവണന്റെ രാജധാനിയായ ലങ്കയെന്നു കേൾവിയുണ്ട്. ആയതുകൊണ്ട് ദക്ഷിണദിക്കിലേക്കു നീ തന്നെ പോകണം. എന്നാൽ നിണക്കു സഹായികളായി താരേയനായ അംഗദനേയും ബ്രഹ്മാത്മജനായ ജാംബവാനോടും പ്രബലന്മാരായ രണ്ടു വെള്ളം വാനരങ്ങളേയും തരുന്നുണ്ട്. ആയതുകൊണ്ട് സഹായികളോടുകൂടി സീതാന്വേഷണം ചെയ്തു ഒരു മാസത്തിനുള്ളിൽ മടങ്ങി എത്തണം. രാമകാൎയ്യം വ്യൎത്ഥമായി പോകാതിരിപ്പാൻ വേണ്ടുന്ന യത്നം ചെയ്യുക എന്നു പറഞ്ഞു. സൎവ്വേശ്വരനായ സ്വാമിയെ നമസ്കരിച്ച് അനുഗ്രഹം വാങ്ങി യാത്രപറഞ്ഞു പോകുക എന്നതിനെക്കേട്ടു മാരുതി ഭഗവാനെ നമസ്കരിച്ച് സുഗ്രീവാജ്ഞയെ കേൾപ്പിച്ചു. അതു കേട്ടു ഭഗവാൻ ഹനുമാൻകയ്യിൽ സ്വനാമചിഹ്നമായ കണയാഴി എന്ന മോതിരം ദേവിക്കടയാളമായി കൊടുത്തു ജാനകിയുടെ കേശാദിപാദങ്ങളായ അവയവലക്ഷണങ്ങളെ പറഞ്ഞ് ചില രഹസ്യവാക്കുകളേയും പറയുന്നു. ഹേ മാരുതി! സീതയോടു യാത്ര പറയുവാനായി അയോദ്ധ്യയിൽ അന്തഃപ്പുരത്തിൽ ചെന്നു ജാനകിയെക്കണ്ടു എടീ നീ മൂന്നു അമ്മായിമാൎക്കു വേണ്ടുന്ന പ്രവൃത്തികളെ ചെയ്തു സന്തോഷിച്ചിരിക്കുക. ഞാൻ പതിനാലുസംവത്സരം വനദീക്ഷസ്ഥനായിപ്പോകുന്നു എന്നും മററും പറഞ്ഞതിനെക്കേട്ടു ഉടുത്ത വസ്ത്രത്തോടുകൂടി പുറപ്പെട്ടു ഞാനും വനത്തിലേക്കു ഉണ്ടെന്നു പറഞ്ഞ് ഒരു ദ്വേഷ്യഭാവത്തോടെ എണീററുനിന്നു. അതു ഞാൻ മാത്രമേ കണ്ടിട്ടുള്ളൂ. ഈ സംഗതി ഒരു രഹസ്യമാണ്. എന്നുതന്നെയല്ല രാജ്യത്തെ ഉപേക്ഷിച്ച് വരുന്നവഴിക്ക് അയോദ്ധ്യക്കടുത്ത ചില കുറുങ്കാടുകളെക്കണ്ടു സ്വാമീ! വനവാസത്തിന്നു വേണ്ടി ഈ കാട്ടിൽ വസിച്ചാൽ പോരെയോ? കാടു എവിടേയും ഒന്നുപോലെയല്ലേയെന്നു ജാനകി എന്നോടു സുമന്ത്രൻ തെളിച്ചുവന്ന രഥത്തിൽവെച്ചു സ്വകാൎയ്യമായി ചോദിച്ചിട്ടുണ്ട്. അതും

ഞാൻ മാത്രമേ കേട്ടിട്ടുള്ളു. ഇതും ഒരു രഹസ്യമായ സംഗതിയാണ്. എന്നിങ്ങിനെ രഹസ്യവാക്കുകളെപ്പറഞ്ഞു അനുഗ്രഹിച്ച് ഹനുമൽപ്രഭൃതികളെ അയച്ചു. ഹനുമൽപ്രഭൃതികൾ അവിടെനിന്നു പുറപ്പെട്ടു ദക്ഷിണമുഖന്മാരായി പഥിപട്ടണനഗരഗ്രാമതീർത്ഥക്ഷേത്രവനവാപികൂപതടാകങ്ങളായ പ്രദേശങ്ങളെല്ലാം കടന്നു സീതയെത്തിരഞ്ഞു നടക്കുകയും അങ്ങിനെ ഇരിക്കെ, പൊയ്ക്കാവലനായ ദുർമ്മുഖനെക്കണ്ടു അവനെ കുലചെയ്തു. പിന്നെയും സീതാന്വേഷണം ചെയ്തു ദാഹം ശമനമല്ലാതെ വന്നപ്പോൾ ഒരു ഗുഹയെ കണ്ടു തദ്വാരത്തൂടെ ഇറങ്ങി നോക്കിയപ്പോൾ അവിടെ ഒരു നഗരവും അതിൽ ഒരു യോഗിനിയേയും കണ്ടു. ആ സ്ത്രീയോടു നീ ആരെന്നും ഇവിടെ ഏകാകിനിയായിരിപ്പാൻ കാരണമെന്തെന്നും വാനരങ്ങൾ ചോദിച്ചതിനെക്കേട്ടു അല്ലയോ വാനരന്മാരേ! ഞാൻ ഒരു യോഗിനിയാണ്. എന്റെ നാമം സ്വയംപ്രഭ എന്നാകുന്നു. മാന്മുകൻ എന്ന അസുരനുവേണ്ടി ഈ നഗരം വിശ്വകർമ്മാവാൽ സൃഷ്ടമാണ്. ഇവിടെനിന്നു ഭൂമിക്കു ഒരു നൂറു യോജന ഉണ്ട്. ആദിത്യരശ്മി ഇവിടെ ആവശ്യമില്ല. എല്ലാം രത്നങ്ങളുടെ പ്രകാശമാണ് ശോഭിക്കുന്നത്. എന്തു പദാർത്ഥങ്ങൾ വേണമെങ്കിലും ഇവിടെ ഉണ്ട്. ഞാൻ രംഭ എന്ന ദേവസ്ത്രീയുടെ ദാസിയായിരുന്നു. മാൻമുഖൻ എന്ന അസുരൻ രംഭയെ രമിപ്പാൻ സ്വാധീനിച്ചുതരേണമെന്നു എന്നോടാവശ്യപ്പെടുകയും അതുപ്രകാരം രംഭയെ ഞാൻ സ്വാധീനിച്ചുകൊടുക്കുകയും ചെയ്തു. അങ്ങിനെ അവർ മാരനും, രതിയുംപോലെ ക്രീഡാദിസുഖങ്ങളെ അനുഭവിച്ചുവരുന്ന മദ്ധ്യേ ഇന്ദ്രൻ രംഭയെ അന്വേഷിച്ചു ഇവിടെവന്നു മാൻമുഖാസുരനെ കൊന്നു രംഭയെക്കൂട്ടി സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ ഒരാളും സഹായിപ്പാനില്ലാതെ നീ ഇവിടെ കിടക്കുക എന്നു എന്നെ ശപിക്കുകയും ശാപമോചനം തരേണമെന്നപേക്ഷിച്ചതിൽ സീതാന്വേഷണം ചെയ്തു വാനരന്മാർ ഈ മാർഗ്ഗത്തൂടെ വരുമ്പോൾ അവർക്കു വേണ്ടുന്ന ഭക്ഷണപദാർത്ഥങ്ങളെ കൊടുത്തു അനന്തരം സ്വർഗ്ഗത്തിലേക്കു വരും എന്നനുഗ്രഹിച്ചുപോയതിനാൽ ഞാൻ ഇവിടെ നിങ്ങളുടെ വരവും പാർത്തിരിക്കുകയാണെന്നു പറഞ്ഞു. ഭക്ഷണപദാർത്ഥങ്ങളെ ഭുജിച്ചു അ

നന്തരം യോഗിനിയെ സ്വർഗ്ഗത്തിലേക്കയച്ച വാനരന്മാർ ഭൂമിയെ
പിളന്നു ബഹിർഭാഗത്തിൽവന്നു പിന്നെയും അനേക ദിക്കുകളെ
ല്ലാം തേടി മഹേന്ദ്രമെന്ന പർവ്വതംവരെ തിരഞ്ഞു ജാനകിയെ കാ
ണാതെ ജാംബവാൻ മുതലായവരെല്ലാം ഉഴലുമ്പോൾ സമീപം സ
മുദ്രത്തെ കാണുകയും മേലിൽ സീതാന്വേഷണം ചെയ്വാൻ സ്ഥ
ലവുമില്ലാതെ സമുദ്രതീരത്തും വന്നെത്തി. ദിവസവും അടുത്തു
പോയി. ഇതുവരെ പ്രയത്നം ചെയ്തതിൽ യാതൊരു പ്രയോജന
വും ഉണ്ടായില്ലെന്നു മാത്രമല്ല, ദേവിയെ കണ്ടില്ലെന്നു ചെന്നു ഭ
ഗവാനോട്ട പറയുന്നതിനേക്കാൾ ദേവിക്കായ്ത്തന്നെ ജടായുദേവൻ
മരിച്ചതുപോലെ നാം എല്ലാവരും മരിക്കുന്നതാണ് നല്ലതെന്നുറ
ച്ച സകല വാനരന്മാരും സാഗരതീരത്തിൽ ദർഭ വിരിച്ച അതിൽ
നിരാഹാരമായി കിടക്കുകയും അപ്പോൾ പക്ഷരഹിതനായിക്കിട
ക്കുന്ന സമ്പാതി ഗുഹയിൽനിന്നു പുറത്തുവന്നു വാനരങ്ങളെക്ക
ണ്ടു ഹേ വാനരന്മാരേ! എന്റെ അനുജനാണ് ജടായു. ജടായു മ
രിച്ചുവെന്നാരാണ് പറഞ്ഞത്. മരിപ്പാനുള്ള കാരണം എന്തെ
ന്നു ചോദിച്ചതിനെക്കേട്ടു വാനരങ്ങൾ പറയുന്നു: ഞങ്ങൾ സീതാ
ന്വേഷണം ചെയ്തു നടക്കുന്ന രാമഭൃത്യന്മാരാണ്. സർവ്വേശ്വരനാ
യ രാമസ്വാമി പത്നിയായ ജാനകിയോടുകൂടി വനദീക്ഷയ്ക്കായി പ
ഞ്ചവടിയിൽ പർണ്ണശാല കെട്ടി വസിക്കുമ്പോൾ രാക്ഷസരാജാവാ
യ രാവണൻ ദേവിയെ കട്ടുകൊണ്ടുപോകുകയും അപ്പോൾ ജടായു
എന്ന പക്ഷി വന്നു തടുത്തു യുദ്ധംചെയ്കയും യുദ്ധമദ്ധ്യേ രാവണ
ന്റെ ചന്ദ്രഹാസംകൊണ്ടു പക്ഷിയുടെ പക്ഷം വെട്ടി വീഴ്ത്തുകയും
ചെയ്തു. ഇങ്ങിനെയാണ് ജടായുവിന്റെ മരണം. എന്നതിനെ
കേട്ടു സമ്പാതി അത്യന്തം വ്യസനിക്കുകയും മാറത്തടിച്ചു കരയുക
യും ചെയ്തു. അതുകേട്ടു സമ്പാതിയോടു വാനരന്മാർ, നീ ആരാ
ണ്? ജടായു എങ്ങിനെ നിന്റെ അനുജനായിവന്നു? നിങ്ങളുടെ
മാതാപിതാക്കന്മാരാരാണ്? നീ ഇങ്ങിനെ പക്ഷരഹിതനായി ഈ
പർവ്വതത്തിന്റെ ചുവട്ടിൽ കിടപ്പാനുള്ള കാരണമെന്ത്? എന്നു
ചോദിച്ചതിന്നു സമ്പാതി പറയുന്നു: ഞങ്ങളുടെ മാതാവ് ശ്യേനി
എന്ന സ്ത്രീയാണ്. പിതാവ് അരുണനാണ്. എന്റെ അനുജനാ

യ ജടായുവോടുകൂടിഞാനും സൂര്യ്യനെക്കാണേണമെന്നനുഗ്രഹിച്ചു ഉപരിയായി പറക്കുകയും എന്നേക്കാൾ അതിശക്തനായജടായുഎ ൻെറ മുമ്പിൽ പറന്ന ആദിത്യമണ്ഡലത്തെ അതിക്രമിക്കുകയും ഉഷ്ണാധിക്യത്താൽ ചൂടു സഹിക്കാതെ നിലവിളിക്കുന്നതിനെ ഞാൻ കേട്ടു അതിവേഗത്തിൽ ജടായുവിന്റെ ഉപരിയായി ഞാൻ പറന്ന പക്ഷങ്ങളെ വിരുത്തി ജടായുവിന്ന നിഴൽ കൊടുക്കുകയും ആ അവസരത്തിൽ അനുജൻ രക്ഷപ്പെടുകയും ചെയ്തു. അന ന്തരം ആദിത്യൻെറ ആതപോഷ്ണം പെട്ട എൻെറ പക്ഷങ്ങൾ ക രിഞ്ഞു ഞാൻ ഈ പർവ്വതത്തിൻെറ ചുവട്ടിൽ വീഴുകയും അങ്ങി നെ പക്ഷവിരഹിതനായി കിടക്കുന്ന അവസരത്തിൽ നിശാകര നെന്ന മഹർഷി എന്നെക്കണ്ടു വൃത്താന്തങ്ങളെല്ലാം മനസ്സിലാക്കി ആവട്ടെ ദുഃഖിച്ചതിനാൽ ഫലമില്ല. രാമാവതാരകാലത്തു സീതാ ന്വേഷണം ചെയ്ത് വാനരന്മാർ ഈ മാർഗ്ഗത്തൂടെ വരും. ആ അവ സരത്തിൽ രാമനാമം അവരെക്കൊണ്ടു ജപിപ്പിച്ചു നീ അതിനെ കേൾപ്പാനിടവരും. എന്നാൽ നിൻെറ പക്ഷങ്ങൾ രണ്ടാമതും മുള ച്ച് സുഖപ്പെടുമെന്നും അനുഗ്രഹിച്ച് മഹർഷി പോയമുതൽ നി ങ്ങളുടെ വരവും പാർത്ത് ഞാൻ ഇവിടെ ഇരിക്കുകയാണ്. നികൃഷ്ട മായ കഴുക്കൾക്കു ഞാൻ രാജാവാണ്. എനിക്കു മൃഗണ്ഡപാൻ എ ന്ന ഒരു മകനുണ്ട്. ദിനംപ്രതി എനിക്കു ഭക്ഷണപദാർത്ഥങ്ങളെ അ വൻകൊണ്ടുവന്നുതരുന്നതു പതിവാണ്. ഒരു ദിവസം ആകാശവീ ഥിയിൽവെച്ചു കലശലായ ഒരു നിലവിളി കേൾക്കുകയും എന്താ ണെന്നു ഗുഹയിൽനിന്നു ഞാൻ പുറത്തുവന്നു ആകാശത്തിൽ നോ ക്കിയപ്പോൾമൃഗണ്ഡപാൻആണെന്നു ഞാൻ മനസ്സിലാക്കി.എന്താ ണത്? ആരോടാണ് നീ ശണ്ഠകൂട്ടുന്നതു എന്നു മകനോടു ചോദിച്ച തിൽമകൻ എന്നെ നോക്കി അല്ലയോ പിതാവേ!രാക്ഷസനായ രാ വണൻ ഏതോ ഒരു സ്ത്രീയെ കട്ടുകൊണ്ടുപോകുന്നു. ആ സ്ത്രീ തല യിലും മാറത്തും അടിച്ചു നിലവിളിക്കുന്നു. ആയതുകൊണ്ടു ആ സ്ത്രീയെ രക്ഷപ്പെടുത്തേണമെന്നു ഞാൻ വിചാരിച്ചു തടുക്കുകയാ ണ് എന്നു പറഞ്ഞതിനെക്കേട്ടു ഞാൻ അവനോടു എടാ മകനെ! രാവണൻ വലിയ ദുർമ്മാർഗ്ഗിയാണ്. അവനു സാധാരണ അന്യ

സ്ത്രീകളെ അപഹരിക്കുകയാണ് പ്രവൃത്തി. നീ ഇങ്ങോട്ടു പോരിക എന്നു പറഞ്ഞതിനെക്കേട്ടു മൃഗണ്ഡവാൻ രാവണനെ വിട്ടു എൻെറ അടുക്കലേക്കു വന്നു. അതു ജാനകിയാണെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ രാവണവധം അപ്പോൾ കഴിച്ചിരുന്നു. എന്തുചെയ്യും. ആയതുകൊണ്ടു നിങ്ങൾ എന്നെ എടുത്തു സാഗരതീരത്തിൽ കൊണ്ടുപോയി വെക്കുവിൻ. എന്നു സമ്പാതി പറഞ്ഞപ്രകാരം വാനരങ്ങൾ എടുത്തു സാഗരതീരത്തിൽ കൊണ്ടുപോയി വെക്കുകയും സമ്പാതി ജടായുവിന്നു വേണ്ടുന്ന മരണാനന്തരകൎമ്മങ്ങളെച്ചെയ്തശേഷം എല്ലാവരോടും രാമനാമം ജപിപ്പാനായിപ്പറയുകയും വാനരങ്ങൾ കണ്ണടച്ചു രാമനാമം ജപിക്കുകയും ചെയ്തു. ഉടനെ സമ്പാതിയുടെ പക്ഷങ്ങളെല്ലാം മുളച്ചു സുഖപ്പെട്ടു. അനന്തരം സമ്പാതി, ഞാൻ നിങ്ങൾക്കു ഒരു വാക്സഹായം ചെയ്യാമെന്നു പറഞ്ഞു ആകാശമാൎഗ്ഗമായി പറന്നു ജാനകിയെ നോക്കിക്കണ്ടു വാനരങ്ങളെ നോക്കിപ്പറയുന്നു. ഹെ വാനരന്മാരെ! ജാനകിയെ രാവണൻ കൊണ്ടുപോയി അശോകവനത്തിൽ ചിറവെച്ചിരിക്കുന്നു. ആയതുകൊണ്ട്, നിങ്ങളിൽ സമൎത്ഥനായ ഒരുത്തൻ സമുദ്രതരണംചെയ്തു ലങ്കക്ക് പോയാൽ ജാനകിയെക്കാണാം. ഇവിടെനിന്നു ഒരു നൂറുയോജന ചാടിയാൽ ലങ്കയുടെ ഉത്തരഗോപുരത്തേക്കു പോകാം. ജാനകിയെക്കണ്ടു മടങ്ങി രാമസ്വാമിയോടുചെന്നു സംഗതി പറയുമ്പോൾ സമ്പാതിയുടെ വാക്‌സഹായത്താൽ ലങ്കക്കു പോവാൻ ഇടവന്നതാണെന്നു ഭഗവാനോടു പറയണം. എന്നിങ്ങിനെ പറഞ്ഞ് സമ്പാതി പറന്നുപോയതിന്നനന്തരം ജാംബവാൻ വാനരങ്ങളോടു പറയുന്നു.

## സമുദ്രതരണം.

ഹെ വാനരന്മാരെ! സൎവ്വേശ്വരനായ സ്വാമിയുടെ തിരുനാമം ജപിച്ചപ്പോൾ ഉണ്ടായ അത്യത്ഭുതം കണ്ടില്ലെ? സമ്പാതി എന്ന പക്ഷി പറഞ്ഞപ്രകാരം സമുദ്രമദ്ധ്യത്തിലാണ് ലങ്ക എന്ന രാജധാനി. ജാനകി അവിടെ പ്രാണനോടുകൂടി അശോകവനത്തിൽ ചിറയിലിരിക്കുന്നു. ആയതുകൊണ്ടു സമുദ്രം ചാടുവാൻ

നമ്മുടെ സംഘത്തിൽ ആരാണ് സമത്ഥൻ, എന്നതിനെക്കേട്ട് വാനരങ്ങൾ ശരണം ജാംബവരാജ! പക്ഷി പറഞ്ഞതിനെ വിശ്വസിപ്പാൻ തരമില്ല. കാരണം, ജലനസ്വഭാവത്തോടുകൂടിയ ഈ സമുദ്രമദ്ധ്യത്തിൽ ഒരു രാജധാനിയുണ്ടെന്നു പറഞ്ഞാൽ ആക്കെങ്കിലും തൃപ്തിവരുമോ? സമ്പാതിയുടെ വാക്കിനെ വിശ്വസിച്ച് ചാടി അവിടെ രാജധാനി കണ്ടില്ലെന്നുവരികിൽ പിന്നെ ചാടിയവക്കെന്താണൊരാരസ്യമുള്ളത്? വെള്ളത്തിൽ വീണ് മരിക്കുക എന്നല്ലാതെ വേറെ വല്ല നിവൃത്തിയും ഉണ്ടോ. സമ്പാതി പറഞ്ഞത് വ്യാജമാണെന്നതിന്നു സംശയമില്ല. എന്നതിനെക്കേട്ടു ജാംബവാൻ പറയുന്നു. ഹേ അംഗദരാജൻ! സമ്പാതിയുടെ വാക്ക അസത്യമാണെന്നു ഒരു കാലത്തും പറയുവാൻ പാടുള്ളതല്ല. രാമസ്വാമിയുടെ തിരുനാമമന്ത്രത്താൽ ജീവിച്ചവനാണ് സമ്പാതി. എന്നുതന്നെയല്ല സ്വാമികാര്യാത്ഥം ജടായു പ്രാണനെ ഉപേക്ഷിച്ചിരിക്കുന്നു. സ്വാമിവിഷയത്തിൽ അവർ പരമഭക്തന്മാരാണ്. ലങ്കയെന്ന രാജധാനി സമുദ്രമദ്ധ്യത്തിലാണെന്നു മുമ്പുതന്നെ എനിക്കറിവുണ്ട്. ആയതുകൊണ്ടു ഈ സംഘത്തിൽ സമുദ്രം ചാടുവാൻ ആൎക്ക കഴിയും എന്നു അറിയുകയാണ് വേണ്ടത്. എന്നതിനെക്കേട്ടു, വാനരങ്ങൾ, പത്തു മുതൽ നൂറ് യോജനവരെ ചാടാമെന്നും അംഗദൻ അങ്ങോട്ടു ചാടാം, ഇങ്ങോട്ടു ചാടുവാൻ എന്നാൽ അസാദ്ധ്യമാണെന്നും പറഞ്ഞു. അതുകേട്ടു ജാംബവാൻ ഹനുമാനോടു ഹേ ഹനുമൻ! നീ എന്താണ് ഒന്നുംതന്നെ പറയാതിരിക്കുന്നത്. ഞങ്ങൾ നിന്നെ സഹായത്തിന്നായി വന്നുവെന്നല്ലാതെ ഭാരമെല്ലാം നിൻെറ പക്കലാണ്. ഭഗവാൻ നിന്നെ വിളിച്ചു കുറി അടയാളമായ കണയാഴി നിൻെറ പക്കലാണ് തന്നിട്ടുള്ളത്. ഇപ്പോൾ സമ്പാതി പറഞ്ഞ വാക്കുകളെ കേട്ടില്ലെ? എന്നു ചോദിച്ചു. അതിനെക്കേട്ടു ഹനുമാൻ ശരണം ജാംബവരാജൻ! സാദ്ധ്യമല്ലാത്ത കാൎയ്യത്തിൽ സംസാരിച്ച് ഫലമെന്താണ്. എന്നാൽ സമുദ്രം ചാടുവാൻ അസാദ്ധ്യമാണെന്നു പറഞ്ഞതിനെക്കേട്ടു ജാംബവാൻ ആലോചിച്ചു മാരുതിയുടെ പൂൎവ്വചരിത്രങ്ങളെപ്പറഞ്ഞു കേൾപ്പിക്കുകയും

അത് കേട്ട ഹനുമാൻ വിശ്വരൂപമെടുത്തു മഹേന്ദ്രത്തിന്റെ മുകളിൽനിന്നു ചാടുകയും ചെയ്തു.

കിഷ്കിന്ധകാണ്ഡം സമാപ്തം

# സുന്ദരകാണ്ഡം

## ലങ്കാപ്രവേശനം.

ഹനുമാൻ സമുദ്രത്തിന്റെ മുകൾഭാഗത്തിൽ ആകാശമാർഗ്ഗമായി പോകുമ്പോൾ നാഗജനനിയായ സുരസ എന്ന സ്ത്രീവന്നു തടുക്കുകയും വായ പിളൎന്നു ഹനുമാനെ വിഴുങ്ങുവാനായി അടുത്തു ചെല്ലുകയും ചെയ്തു. ഹനുമാൻ പലവിധമായ വാക്കുകളെപ്പറഞ്ഞിട്ടും അവൾ പിൻമാറാഞ്ഞതിനാൽ തന്റെ ശരീരത്തെ വണ്ണംവെപ്പിക്കുകയും അതുകൊണ്ടൊന്നും ഫലിക്കാഞ്ഞതിനാൽ ഒടുവിൽ ഹനുമാൻ തന്റെ ദേഹത്തെ ഏറ്റവും ചെറുതാക്കി സുരസയുടെ വദനത്തിൽ പ്രവേശിച്ചു കടിപ്രദേശത്തുകൂടി പുറത്തുവരികയും ചെയ്തു. 'ഇതുകണ്ടു ഏറ്റവും സന്തോഷിച്ചു സുരസ ഇപ്രകാരം പറഞ്ഞു: ഹേ ഹനൂമൻ! നിന്റെ ബലത്തെ പരീക്ഷിപ്പാനായി എന്നെ ദേവന്മാർ അയച്ചിട്ടാണ് ഞാൻ വന്നത്. എനിക്കു വളരെ സന്തോഷമായി. നീ സുഖമായി പോയ്ക്കൊള്ളുക. ഞാൻ ദേവകളോടു വിവരം പറവാൻ പോകുന്നു'എന്നു പറഞ്ഞു സുരസപോയി. ഹനുമാൻ പിന്നെയും ആകാശമാൎഗ്ഗമായി പോയ്ക്കൊണ്ടിരിക്കുമ്പോൾ ഛായാഗ്രാഹിണി എന്ന അസുരസ്ത്രീ ഹനുമാന്റെ നിഴൽ പിടിച്ചു നിൎത്തിക്കളകയും, ഹനുമാൻ അവളെകാലുകൊണ്ടു ചവിട്ടിക്കൊന്നു അവളുടെ കുടൽമാല കഴുത്തിലണിഞ്ഞുംകൊണ്ടു പിന്നെയും യാത്രയാകയും ചെയ്തു. അനന്തരം സമുദ്രത്തിൽ കിടക്കുന്ന മൈനാകമെന്ന പൎവ്വതം സമുദ്രത്തിൽനിന്നു ഉയൎന്നു ഹനുമാന്റെ മാൎഗ്ഗമദ്ധ്യേ വന്നു ഹനുമാനോടു ഇപ്രകാരം പറഞ്ഞു. ഹേ മാരുതേ! പണ്ടു ഇന്ദ്രൻ പൎവ്വതങ്ങളുടെ പക്ഷങ്ങൾ വെട്ടുവാൻ ശ്രമിച്ചപ്പോൾ നിന്റെ അച്ഛനായ വായുദേവൻ എ

ന്നെ കൊണ്ടുവന്നു ഈ സമുദ്രത്തിലാക്കി രക്ഷിച്ചതിനാൽ ഞാൻ ഇന്നും ഇവിടെ സുഖമായി പാൎക്കുന്നു. എന്നാൽ അതിന്നു പ്രത്യുപകാരമായി നിന്റെ പിതാവിന്നുവേണ്ടിയാതൊന്നുംചെയ്വാൻ എനിക്കു ഇതുവരെ സാധിച്ചിട്ടില്ല. അതിനാൽ നീ എന്റെ മേൽ ഇരുന്നു ഞാൻ തരുന്ന പക്വഫലങ്ങളെ ഭക്ഷിച്ചു ക്ഷീണം മാററി പോകേണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്നിങ്ങിനെ മൈനാകത്തിന്റെ വിനയാദരങ്ങളോടുകൂടിയ ഈ വാക്കുകളെക്കേട്ടു ഹനുമാൻ പറയുന്നു. ഹേ മൈനാകമേ! ഞാൻ ഇപ്പോൾ സ്വാമിയുടെ കാൎയ്യത്തിന്നായി പോകുകയാണ്. അതു സാധിച്ചല്ലാതെ, ഭക്ഷിക്കുകയൊ ജലപാനം ചെയ്കയൊ, വിശ്രമിക്കയൊ ചെയ്കയില്ലെന്നാണ് എന്റെ നിശ്ചയം. അതിനാൽ മടങ്ങി വരുമ്പോൾ ഞാൻ നിന്റെ സല്ക്കാരം സ്വീകരിച്ചു കൊള്ളാം. ഇപ്പോൾ എന്നെ നിൎബ്ബന്ധിക്കരുത് എന്നു പറഞ്ഞു ഹനുമാൻ അവിടെനിന്നു യാത്ര പുറപ്പെടുകയും ഉടനെ ലങ്കയുടെ ഉത്തരഗോപുരത്തിൽ എത്തുകയും ചെയ്തു. ആ ഗോപുരമാൎഗ്ഗത്തൂടെ ലങ്കയിൽ പ്രവേശിപ്പാൻ തുടങ്ങുമ്പോൾ ലങ്കാശ്രീ എന്ന ഭദ്രകാളി വന്നു ഹനുമാനെ തടുത്തുനിൎത്തി ഇപ്രകാരം പറയുന്നു. ഹേ മൎക്കട! നീ ആരാണ്? എവിടെ നിന്നു വരുന്നു? ഹരിഹരവിരിഞ്ചാദികൾപോലും എന്റെ അനുവാദംകൂടാതെ ഈ ലങ്കയ്ക്കകത്തു കടക്കുകയില്ല. എന്നിരിക്കെ ഒരു മൎക്കടനായ നീ എന്നെ ബഹുമാനിക്കാതെ ഈ വഴി ലങ്കയിൽ കടപ്പാൻ ഭാവിക്കുന്നത് ആരുടെ കല്പനപ്രകാരമാണ്? എന്നിങ്ങിനെ കോപിച്ചുകൊണ്ടു ലങ്കാശ്രീ ചോദിച്ചതു കേട്ടു ഹനുമാൻ അവളോടു പറയുന്നു. എടി! നീ അഷ്ടബാഹുക്കളോടും ചതുരാനനങ്ങളോടും കൂടി എന്നെ ഭയപ്പെടുത്തിയാൽ ഞാൻ പേടിക്കുമെന്നു നീ വിചാരിക്കേണ്ട. നീ എന്നെ ഇനി തടുക്കുന്നുവെങ്കിൽ നിന്നെ ഞാൻ അന്തകഭവനത്തിലേക്കയക്കും. നല്ലവണ്ണം ഓൎമ്മയിരിക്കട്ടെ. എന്നു പറഞ്ഞതിനെക്കേട്ടു അവൾ അലറിയുംകൊണ്ടു ഹനുമാനെ തടുക്കുകയും ഉടനെ ഹനുമാൻ അവളെ ബലമായി പ്രഹരിക്കുകയും, ഹനുമാന്റെ കരസ്പൎശത്താൽ അവൾക്കു ശാപമോചനം വന്നു ഹനുമാനെ തൊഴുതുംകൊണ്ടു അവൾ ഇപ്രകാരം പറഞ്ഞു.

അല്ലയോ ഹനുമൻ! ഞാൻ അഷ്ടലക്ഷ്മികളിൽവെച്ചു വിജയലക്ഷ്മിയാണ്. കമലോത്ഭവനായ ബ്രഹ്മദേവന്റെ ഭണ്ഡാരത്തിൽ വസിച്ചിരുന്നവളാണ്. ഞാൻ ബ്രഹ്മാവിന്റെ സമ്മതം കൂടാതെ ഭണ്ഡാരം തുറപ്പാൻ വാണിമാതാവിന്നു സമ്മതം നൽകിയനിമിത്തം ബ്രഹ്മാവു അറിഞ്ഞു നീ രാവണന്റെ കോട്ട കാക്കവാൻ പോകുക എന്നു എന്നെ ശപിച്ചതാണ്. ശാപമോചനം തരേണമെന്നപേക്ഷിച്ചതിൽ രാമാവതാരകാലത്തു സീതാന്വേഷണംചെയ്വു ഹനുമാൻ എന്ന ഒരു വാനരൻ ലങ്കയ്ക്കു വരും. അവന്റെ അടിപെട്ടാൽ ശാപമോചനം വരും. അനന്തരം നീ ഇവിടേക്കു വരിക എന്നു അനുഗ്രഹിച്ചപ്രകാരം ഈ അമ്പതുലക്ഷം സംവത്സരമായി ഞാൻ ഇവിടെ വസിക്കുന്നു. നീ ഇനി ലങ്കയിൽ വന്നകാൎയ്യം സാധിച്ചുപോരുന്നതിന്നു യാതൊരു വാദവും ഇല്ല. എന്നു പറഞ്ഞു ലങ്കാശ്രീ സത്യലോകത്തേക്കും ഹനുമാൻ ലങ്കയിലേക്കുംകടന്നു. ഹനുമാൻ കടന്നു നോക്കുമ്പോൾ സകല രാക്ഷസന്മാരും ജാഗ്രതയോട്ടുകൂടി സഞ്ചരിക്കുന്നതിനാൽ ഇടയിൽ കടന്നു സീതാന്വേഷണം ചെയ്വാൻ മാൎഗ്ഗമില്ലാതെ വരികയും അപ്പോൾ ഒരു മന്ത്രമെഴുതി ലങ്കയിൽഇടുകയും തന്നിമിത്തം ലങ്കയിലുള്ളഎല്ലാവരും നിദ്രയെപ്രാപിക്കുകയുംചെയ്തു. അനന്തരം താൻ ഓരോ ഗൃഹങ്ങളിൽകടന്നു തേടുകയും അതിൽ കുംഭകർണ്ണന്റെ നിദ്രാശാലയെ കണ്ടുപറയുന്നു. ഓഹോ ഇവൻ ഒരു മഹാപുരുഷനാണ്. ദീൎഘനിദ്രയല്ലെ ഇപ്പോൾ ചെയ്യുന്നത്. ഇവന്റെ നിദ്രാശാല ഏഴുയോജന ഇരുപത്തെട്ടുകാതം സമചതുരമുണ്ട്. സ്വൎഗ്ഗത്തെയും കബളിക്കത്തക്ക ഉയരമുണ്ട്. മന്ത്രഔഷധങ്ങളാൽ തടസ്ഥപ്പെട്ട സൎപ്പംതന്നെയാണെങ്കിലും സമീപത്തിൽചെല്ലുവാൻ ശരീരികൾക്കു ഭയമുണ്ടാകും. എന്നതുപോലെ നിദ്രയാൽ തടസ്ഥപ്പെട്ട ഇവന്റെ അടുക്കൽ ചെല്ലുന്നതിന്നു ശങ്കയുണ്ടാകും. എന്നു വിഭീഷണന്റെ ഗൃഹത്തിൽ ചെന്നുനോക്കുകയും അവിടെ വേദപാഠം ദേവപൂജ സഹസ്രനാമം മുതലായതുകളാലും വിഗ്രഹാരാധനകളാലും ബ്രാഹ്മണാലയംപോലെ ശോഭിക്കുന്നതിനേയും വിഭീഷണനേയും കണ്ടു ഇവൻ രാമസ്വാമിയുടെ പാദാരവിന്ദസേവകനായി ഭവിക്കും എ

ന്നു വിശ്വസിച്ചു രാവണന്റെ പള്ളിയറയിൽ കടന്നുനോക്കി രാവണനെക്കണ്ട് ഈ ദ്രോഹി ജാനകീചോരനാണല്ലൊ. ഇവനെ വിട്ടി ഇവന്റെ ശിരസ്സു പൊട്ടിക്കയല്ലെ വേണ്ടതെന്നാലോചിച്ചപ്പോൾ അല്ല, അങ്ങിനെ ഞാൻ ചെയ്യാൽ രാമസ്വാമിയുടെപാദ കോദണ്ഡത്തിന്നു ലഘുത്വമായിത്തീരുമെന്നു കരുതി ക്ഷമിക്കകയും ഇടത്തെ ഭാഗം നോക്കിയതിൽ മണ്ഡോദരിയെക്കണ്ടു ജാനകിയൊ എന്നു ശങ്കിക്കകയും കേശാദിപാദം നോക്കിയതിൽ ഭഗവാൻ പറഞ്ഞ ലക്ഷണങ്ങളൊന്നും ഒത്തുകാണാത്തതിനാലും സ്വപ്നത്തിൽ ഭ്രാന്തുവാക്യങ്ങളെപ്പറയുന്നതിനെക്കേട്ടും ഇവളുടെ ഭർത്താവ് ഉടനെ മരിച്ച് ഇവൾ വൈധവ്യദുഃഖം അനുഭവിപ്പാനിടവരും എന്നു മനസ്സിൽ കരുതി ഇന്ദ്രജിത്തിന്റെ ഗൃഹത്തിൽ കടന്നു ഇന്ദ്രജിത്തിനെക്കണ്ടു. ഓഹോ ഇവൻ ലക്ഷ്മണനായി ഉടനെ യുദ്ധം ഉണ്ടാവും. അന്നു ഇവന്റെ പരമാർത്ഥങ്ങളെല്ലാം അറിവാനിടവരും എന്നും കരുതി അവിടം വിട്ടു ഓരോ ആലയങ്ങളുമായി മൂന്നുന്നൂറായിരക്കോടി തെരുവീഥികളുംതേടി ദേവിയെ കാണാതെ അത്യന്തം വ്യസനിച്ചിരിക്കെ അശോകവനത്തിൽനിന്നു മന്ദമാരുതനായ വായുവാൽ കൊണ്ടുവരപ്പെട്ട സൌരഭ്യവാസനകളെ ഹനുമാൻ എല്ക്കുകയും ആ വാസനകേട്ടു ആ സൌരഭ്യവാസന വഴിയായി അശോകവനത്തിൽ കടന്നു പലെ ദിക്കിലും തിരഞ്ഞു പശ്ചിമഭാഗം ജാനകി വസിക്കുന്ന വൃക്ഷത്തിന്റെ മുകളിൽ വന്നു രാക്ഷസസ്ത്രീകളെയും മദ്ധ്യത്തിൽ ജാനകിയേയും കണ്ടു ഭഗവാൻ പറഞ്ഞ കുറി അടയാളങ്ങൾ ഈ സ്ത്രീപക്കൽ ഉണ്ടാകമോയെന്നു നോക്കി ആലോചിച്ചിരുന്നു. അങ്ങിനെ ഇരിക്കെ ജാനകി ത്രിജടയോട്, അല്ലയോ ത്രിജടയേ മാൻ പിടിപ്പാൻ പോയ ഭഗവാനു വല്ല അബദ്ധവും നേരിട്ടുവോ എന്നുതന്നെയല്ല ലക്ഷ്മണനോടു ഞാൻ പറഞ്ഞ വാക്കുകളെ കണവനോടു ലക്ഷ്മണൻപറഞ്ഞു പരിഭവിച്ചു മേലിൽ അവൾ നമുക്ക് ആവശ്യമില്ലെന്നു പറഞ്ഞു അയോദ്ധ്യക്കു രണ്ടു പേരും മടങ്ങിയൊ എന്നും അറിയുന്നില്ല. ഈ സമുദ്രമദ്ധ്യേ ലങ്ക എന്ന രാജധാനിയുണ്ടെന്നറിയാതെ വല്ല ദിക്കിലും തേടി നടക്കുന്നുവോ എന്നും അറിയുന്നില്ല. അന്യൻ കൊണ്ടുപോയ പെണ്ണിനെ

മേലിൽ വരുക വേണ്ടെന്നു നിശ്ചയിച്ചു ഉപേക്ഷിച്ചുപോയോ എന്നും അറിയുന്നില്ല. യൌവനയുക്തന്മാരായ കണവന്മാരോടുകൂടി പതിമാർ സുഖഭോഗങ്ങളെ അനുഭവിപ്പാനാണു ഭാഗ്യം ചെയ്യേണ്ടതു്. എന്റെ അവസ്ഥ നോക്കുക. എന്റെ കണവനെപ്പിരിഞ്ഞു് അന്യന്റെ കരത്തിൽപ്പെട്ടു ദുഃഖിക്കാനല്ലെ ദൈവം ശിരോലേഖനം ചെയ്തതു്. എന്നുതന്നെയല്ല ഭഗവാൻ മിഥിലയിൽവന്നു വില്ലുമുറിപ്പാൻ ശ്രമിച്ചപ്പോൾ എനിക്കു് ഇടത്തേഭാഗം മിടിച്ചു, വനത്തിലേക്കു വരുവാൻ ശ്രമിച്ചപ്പോൾ വലത്തെ ഭാഗം മിടിച്ചു. ഇപ്പോൾ ഇതാ ഇടത്തെ നേത്രവും പുരികവും മിടിക്കുന്നു. ആയതുകൊണ്ടു് ഇന്നു സ്വാമി എങ്കിലും സ്വാമിയുടെ ദൂതനെങ്കിലും വരുവാൻ ഇടയുള്ളതായി കാണുന്നു. എന്നതിനെ കേട്ടു ത്രിജട പറയുന്നു. ശരണം ജാനകി! ഞാൻ കണ്ട ചില സ്വപ്നാവസ്ഥകളെ പറയാം. എന്തെന്നു വെച്ചാൽ രാവണൻ അഭ്യംഗം ചെയ്തു രക്തവസ്ത്രത്തെ ധരിച്ചു തന്റെ കുഡുംബങ്ങളോടുകൂടി കാലപുരിക്കു ഗർദ്ദഭമെന്ന കഴുതപൂണ്ട രഥമേറി പോകുന്നതായിട്ടുണ്ടു. എന്നുതന്നെയല്ല സഹസ്രദീപം എപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കുന്ന മണിമണ്ഡപത്തിൽനിന്നു ലക്ഷ്മീഭഗവതി ഒരു ദീപത്തെ എടുത്തു ബാക്കിയുള്ള ദീപങ്ങളെ കെടുത്തു വിഭീഷണന്റെ ഗൃഹത്തിലേക്കു വന്നതായും മണ്ഡോദരി വൈധവ്യം ഭവിച്ചു ദുഃഖിക്കുന്നതായും കണ്ടു. മാംഗല്യസ്ത്രീകളുടെ ഗളസൂത്രങ്ങളെ വിധവസ്ത്രീകൾ പിടിച്ചു വലിച്ചു ശിരസ്സിൽ അഗ്നിപിടിപെട്ടു ഓടുന്നതായും കണ്ടു. എന്നുമാത്രമല്ല മധുപാനം ചെയ്യുന്ന ഒരു വണ്ടു് വന്നു എന്റെ കർണ്ണത്തിൽ ശുഭം ശുഭം എന്നു ഝീങ്കാരം ചെയ്തുപോയി. ഇതുകളെ ആലോചിച്ചാൽ നിന്തിരുവടിക്കു ശുഭവും രാവണാദികൾക്കു് അശുഭകാലവുമാണു്. എന്നിങ്ങിനെ പറഞ്ഞിരിക്കുന്ന മദ്ധ്യേ രാവണൻ വന്നു ജാനകിയെ നോക്കി അനേക പരിഭവവാക്കുകളെ പറഞ്ഞുപോകുകയും അനന്തരം ജാനകി മേലിൽ ഈ പാപിയുടെ കർണ്ണശൂലയായ വാക്കുകളെ കേട്ടു ജീവിച്ചിരിപ്പാൻ അസാദ്ധ്യമാണെന്നു കരുതി സമീപത്തിൽ ഉണ്ടായിരുന്ന ഒരു ലതയെ കഴുത്തിൽ കെട്ടിത്തൂങ്ങി മരിപ്പാൻ ഉദ്യോഗിക്കുകയും അതു കണ്ടു ഹനുമാൻ അതിവേഗത്തിൽ

വന്ന ലതയെ കടിച്ചുമുറിച്ചു ശരണം ശരണം ലോകജനനീ! എ
ന്നു നമസ്കരിച്ചു പറയുന്നു. സവ്വേശ്വരിയായ നിന്തിരുവടി പ്രാണ
ത്യാഗം ചെയ്യുാൽ നിന്തിരുവടിയാൽ ജന്യമായ ലോകമെല്ലാം ന
ശിച്ചുപോകും. അടിയൻ രാമദൂതനാണ്. ഭഗവാൻ തന്റെ മുദ്ര
മോതിരം നിന്തിരുവടി കാണ്മാൻ അടിയൻ കൊണ്ടുവന്നിട്ടുണ്ട്.
മേലാൽ നിന്തിരുവടിക്കു ശോഭനകാലമാണെന്നു പറഞ്ഞു കണ
യാഴി ജാനകിയുടെ കരത്തിൽ കൊടുക്കുകയും ആയതിനെ ജാനകി
വാങ്ങി നേത്രത്തിൽ വെച്ചു ഹനുമാനോടു ജാനകി ഹേ വീര! നീ
ഒരു മനുഷ്യനല്ല, ദേവനല്ല, രാക്ഷസനല്ല ഒരു വാനരനായി
ട്ടാണ് കാണുന്നത്. നീ ആരാണ്. സ്വാമിദ്രോഹനെ വെച്ചാൽ
സ്വാമിയെ എവിടെ വെച്ചുകണ്ടു. എന്നു ചോദിച്ചതിനെക്കേട്ടു ഹ
നുമാൻ അല്ലയോ ജഗന്മാതാകെ അടിയൻ വായുപുത്രനാണ്. അ
ഞ്ജന എന്ന സ്ത്രീ എന്റെ മാതാവാണ്. എന്റെ നാമം ഹനു
മാനെന്നാണ്. ഭഗവാനും ലക്ഷ്മണനും സീതാന്വേഷണം ചെ
യ്തു ദക്ഷിണമുഖന്മാരായി വരുന്ന വഴിയിൽ ഋശ്യമൂകാദ്രിയിൽ
വെച്ചു സൂര്യാത്മജനായ സുഗ്രീവനെ കണ്ടു. അദ്ദേഹത്തിന്റെ
മന്ത്രിയാണ് അടിയൻ. സുഗ്രീവശത്രുവായ ബാലിയെ വധി
ച്ച് അനന്തരം എഴുപതുവെള്ളം കപികളെ സഹായികളായി
കൂട്ടി നിന്തിരുവടിയെ അന്വേഷിപ്പാൻ പൂവ്വദക്ഷിണപശ്ചിമോ
ത്തരമായ നാലു ദിക്കുകളിലേക്കും സമത്ഥന്മാരായ വാനരങ്ങൾ
പോയിട്ടുണ്ട്. അതിൽ ദക്ഷിണദിക്കിലേക്കു രണ്ടു വെള്ളം വാന
രങ്ങൾ തിരഞ്ഞുവന്നിട്ടുണ്ട്. അതിൽ നിസ്സാരനായ ഒരുവനാണ്
അടിയൻ. ഈ സമുദ്രമദ്ധ്യേ ലങ്കയുണ്ടെന്നും ആയതിൽ നിന്തി
രുവടി ഉണ്ടെന്നും അറിഞ്ഞിരുന്നുവെങ്കിൽ സമുദ്രജലം ദാഹത്തി
ന്നു മതിയാവുന്നതല്ലായിരുന്നു. എന്നതിനെക്കേട്ടു ജാനകി, ഹേ
മാരുതി! ഇത്ര ചെറുതായ രൂപത്താൽ ഈ സമുദ്രത്തെ എങ്ങിനെ
ചാടിക്കടന്നു. ആയതിന്റെ യഥാത്ഥം കേൾപ്പാൻ ആഗ്രഹിക്കു
ന്നു എന്നതിനെക്കേട്ടു ഹനുമാൻ ശരണം ത്രിലോകജനനീ! സം
സാരസാഗരത്തെ കടക്കുവാൻ സമത്ഥനായ ഭഗവാന്റെ കാരു
ണ്യമുണ്ടെങ്കിൽ ഈ ലവണസമുദ്രം കടക്കുന്നതു ഒരു ഭാരമൊ. അ

ടിയൻ ചാടിക്കടന്നാണ് വന്നതു എന്നു പറഞ്ഞതിനെക്കേട്ടു ജാനകി ഹേ മാരുതെ! നിന്റെ അവസ്ഥകൾ ഞാൻ എഴാംസമുദ്രത്തിന്റെ മറുകരയിൽ ഇരിക്കേണ്ടിയിരുന്നു. എന്നാലെ നിന്റെ ശക്തികൾ മതിയാവുകയുള്ളൂ. ആയതുകൊണ്ടു എന്റെ പ്രാണരക്ഷ ചെയ്യു നീ എന്നേക്കും ദീൎഘായുഷ്മാനായ്ഭവിക്കുക എന്നനുഗ്രഹിച്ചു തന്റെ കയ്യിൽ ഉണ്ടായിരുന്ന ചൂഡാരത്നത്തെ ഭഗവാനു കാണ്മാനായി ഹനുമാൻ പക്കൽ കൊടുത്തു സ്വാമിയെ എന്നെക്ക് കാണ്മാൻ എടവരുമൊ എന്നു ദുഃഖിക്കുന്നതിനെ കണ്ടു ഹനുമാൻ ശരണം ദേവി! നിന്തിരുവടി ദുഃഖിക്കേണമെന്നില്ല നിന്തിരുവടിയെ ഇവിടെ നിന്നെടുത്തു സ്വാമിവശം കൊണ്ടുപോയി വെച്ചുകളയാം എന്നുപറഞ്ഞതിനെക്കേട്ടു ജാനകി ഹനുമാനോടു, അതിന്നു പാടില്ല. നീ സ്വാമിഭക്തനായാലും ഒരു പുരുഷനല്ലെ. ഭഗവാനൊഴികെ മററാരും എന്നെത്തൊടുവാൻ പാടുള്ളതല്ല. എന്നതന്നെ അല്ല കണ്ണവനറിയാതെ രാവണൻ എന്നെ കളവു ചെയ്തുകൊണ്ടുവന്നിരിക്കെ അതുപോലെ നീയും ചെയ്താൽ നമുക്കതു ലഘുത്വമാണ്. ആയതുകൊണ്ടു ഒരു മാസംകൂടെ നിന്നെക്കണ്ട നിമിത്തം പ്രാണനോടുകൂടി ഞാൻ വസിക്കാം. എന്നിട്ടും കണവൻ എന്നെ വീണ്ടുകൊണ്ടു പോകാത്ത പക്ഷം ഞാൻ പ്രാണനെ ത്യജിക്കാം. എന്നാൽ ഭഗവാൻ അയച്ച സുനാമചിഹ്നമായ കണയാഴിയും രഹസ്യവാക്കുകളും നീ എന്നെ കേൾപ്പിച്ചതിനാലും നീ സ്വാമിയുടെ അടുക്കൽ ദാസനായിക്കൂടിയതിന്നു ശേഷം നടന്ന സംഭവങ്ങളെ കേട്ടതിനാലും സന്തോഷമായി. എന്നെ നീ കണ്ടുവെന്നു സ്വാമിക്കു വിശ്വാസം വരുവാൻ ചില രഹസ്യവാക്കുകളെ നിന്നോടു ഞാൻ പറയാം. ആയതിനെ നീ മറക്കാതെ കണവനെ കേൾപ്പിക്കുകയെന്നു പറഞ്ഞു ജാനകി പറയുന്നു. സൎവ്വേശ്വരനായ ഭഗവാൻ മിഥിലക്കു വരുന്ന അവസരത്തിൽ കന്യകാമാടത്തിന്നരികെയുള്ള തടാകത്തിൽ ഇറങ്ങി മുഖക്ഷാളനം ചെയ്യുകയും ഞാനിരിക്കുന്നതിന്നു സമീപം പതിച്ചുള്ള വിശാലദൎപ്പണത്തിൽ ഭഗവാന്റെ ഛായ പ്രതിഫലിച്ചു ഞാൻ കാണുകയും ഇത്ര കോമളനായ രാജകുമാരൻ ആരാണിതെന്നു നോക്കുകയെന്നു വി

ചാരിച്ച പങ്ങി കിളിവാതിലൂടെ ഞാൻ പുറത്തെക്ക നോക്കുകയും എന്റെ മുഖം ജലത്തിൽ പ്രതിബിംബിച്ചതിനെ ഭഗവാൻ കണ്ടു ഇതാരാണെന്നറിയേണമെന്ന ഊൎദ്ധ്വമുഖമായി നോക്കുമ്പോൾ എന്നെക്കണ്ടു പുഞ്ചിരിയോടുകൂടി സഭയിലേക്ക പോകുകയും ചെയ്തു. അതു ഞാനും സ്വാമിയും മാത്രമെ അറിഞ്ഞിട്ടുള്ളു, ആയ്തും സ്വാമിയോടു പറയുക. ഭഗവാൻ എന്നെ മംഗല്യധാരണം കഴിഞ്ഞു കയ്യപിടിച്ച നില്ക്കുമ്പോൾ ബ്രാഹ്മണസ്ത്രീകൾ വന്നു മംഗളം പാടുകയും അവൎക്ക സമ്മാനിപ്പാൻ വേണ്ടി എന്റെ കഴുത്തിൽക്കിടന്നിരുന്ന മുത്തുമാലക്കായി ഭഗവാൻ എന്റെ കുചത്തിൽ മെല്ലെ ഒന്നു നുള്ളുകയും അതിനെ ഞാൻ മനസ്സിലാക്കി മുത്തുമാലയെടുത്തു കൊടുക്കുകയും ഉടനെ ഭഗവാൻ ബ്രാഹ്മണസ്ത്രീകൾക്ക സമ്മാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സഭാവാസികളാരും അറിഞ്ഞിട്ടില്ല. ഇതും കണവനോടു പറയുക. എന്നുതന്നെയല്ല. കല്യാണം കഴിഞ്ഞു നാലാംദിനം ഞാനും കണവനും പള്ളിയറയിൽ പ്രവേശിക്കുകയും കാലമൎത്തണമെന്നു എന്നോടു ഭഗവാൻ പറഞ്ഞപ്പോൾ എന്റെ കയ്യിൽക്കിടന്നിരുന്ന മോതിരങ്ങളെ ഊരിവെച്ചു ഞാൻ കാലമൎത്തിയതു ഭഗവാൻ കണ്ടു. എടി എന്റെ പാദശുശ്രൂഷയിൽ വെച്ച ഉപരിയൊ നിന്റെ മോതിരം എന്നു പറഞ്ഞതിനെക്കേട്ടു സ്വാമി! മോതിരത്തിന്റെ വൈഭവത്താലല്ല. നിന്തിരുവടിയുടെ പാദവൈഭവമാലോചിച്ച ഭയത്തിനാലാണ്. നിന്തിരുവടി മിഥിലക്കു വരുന്ന വഴിയിൽ ഭഗവാന്റെ പാദസ്പൎശനത്താൽ കല്ലായ്ക്കിടന്ന ഒരു പാറ പെണ്ണായി എന്നു കേട്ടിട്ടുണ്ട്. അതുപോലെ എന്റെ കയ്യിൽ കിടക്കുന്ന മോതിരങ്ങളിൽ രത്നക്കല്ലുകൾ പതിച്ചിട്ടുണ്ടാകകൊണ്ടു ആയതും പാദസ്പൎശനത്താൽ പെണ്ണായി വന്നാൽ ഞാൻ കുടിക്കുന്ന കഞ്ഞിയിൽ മണ്ണായിപ്പൊകുമെന്നു ഭയപ്പെട്ടു മോതിരം കഴിച്ചുവെച്ചതാണ്. എന്നു ഞാൻ പറഞ്ഞതിനെ കേട്ടു ഭഗവാൻ എടീ ജാനകീ! ഈ ജന്മത്തിൽ നീയല്ലാതെ അന്യസ്ത്രീകളെ എന്റെ മനസാ വാചാ കൎമ്മണാ ഞാൻ തീണ്ടുന്നതല്ലെന്നു എനിക്കു ഒരു വരം പള്ളിയറയിൽ വെച്ചു തന്നിട്ടുണ്ട്. ആയതും സ്വാമിയുംഞാനുമല്ലാതെ മററാരും അ

റിഞ്ഞിട്ടില്ല. ഇതും പറയുക. എന്നുതന്നെയല്ല അയോദ്ധ്യയിൽ വസിക്കുമ്പോൾ കണവൻ ഒരു ആൺകിളിയേയും ഞാൻ ഒരു പെൺകിളിയേയും വളൎത്തിവരുന്ന മദ്ധ്യേ ഞാൻ രജസ്വലയായി ഭഗവാനെപ്പിരിഞ്ഞു പള്ളിയറയിൽനിന്നു പുറത്തുവന്നപ്പോൾ ശുകപ്പൈതലും എന്റെ കൂടെ പുറത്തേക്കു വന്നതിനെക്കണ്ടു ഭഗവാന്റെകിളി നീ പുറത്തു പോവാൻ പാടില്ല. മനുഷ്യൎക്കാണു് രജസ്വല മുതലായ വ്യവഹാരങ്ങൾ. പക്ഷികളായ നമുക്ക അങ്ങിനെയൊന്നുമില്ല. എന്നതിനെക്കേട്ടു പെൺകിളി സമ്മതിക്കാതെ തമ്മിൽ മത്സരിക്കുകയും ആ മത്സരത്തെ ഭഗവാൻ തന്റെ കിളിയോടു സമാധാനം പറഞ്ഞുതീൎക്കുകയും ചെയ്തിട്ടുണ്ടു്. ഇതു പള്ളിഅറയിൽ വെച്ച നടന്ന സംഗതിയാണു്. ആയതും പറയുക. എന്നതന്നെയല്ല, ചിത്രകൂടത്തിൽ വെച്ച ഒരു ദിവസം ഭഗവാൻ എന്റെ മടിയിൽ ശിരസ്സുവെച്ച നിദ്ര ചെയ്യുന്ന സമയം ഇന്ദ്രാത്മജനായ ജയന്തൻ കാകാകൃതിയായ്വന്നു തന്റെ കയ്യിനാൽ എന്റെ കുചത്തിനെ തൊടുകയും നഖം പെട്ടു കുചാഗ്രത്തിൽനിന്നു രക്തം ഒലിക്കുകയും അതു കണവനറിഞ്ഞു സമീപത്തിൽ ഉണ്ടായിരുന്ന ഒരു തൃണത്തെപ്പറിച്ച അയക്കുകയും അതു കാക്കയുടെ നേത്രത്തിൽ പാഞ്ഞു് ഓടിപ്പോകുകയും ചെയ്തു. തന്നിമിത്തം കാക്കകൾക്ക ഇപ്പോഴും ഒരു ഭാഗത്തെ കാഴ്ചയുള്ളു. ഇതും ഭഗവാനും ഞാനും മാത്രമേ അറിഞ്ഞിട്ടുള്ളു. ഇങ്ങിനെയുള്ള രഹസ്യവാക്കുകളെ പറയുക. എന്നുതന്നെയല്ല, അന്യൻ കരസ്ഥമാക്കിയ സ്ത്രീയെ മേലിൽ നമുക്ക ആവശ്യമില്ലെന്നു കരുതി എന്നെ ഉപേക്ഷിക്കുന്നുവെങ്കിലും ഭഗവാന്റെ ക്ഷത്രിയചൈതന്യത്തെ ഉപേക്ഷിക്കരുതെന്നു പറയുക. ലക്ഷ്മണനോടു ഒരു വാക്ക നീ പറയേണ്ടതുണ്ടു്. അതെന്തെന്നുവെച്ചാൽ എന്നെ കാത്തിരുന്നതിന്നായി രാവണനെ കുലചെയ്തു എന്നെ ചിറ വീണ്ടുകൊണ്ടു പോരേണമെന്നു ഞാൻ പറഞ്ഞതായി പറയുക. കൈകേയി, കൌസല്യ സുമിത്ര എന്ന മൂന്നു മാതാക്കൾക്കും സീത നമസ്കാരം ചെയ്തതായും പറയുക. മുപ്പതു ദിവസത്തിന്നുള്ളിൽ വന്നു ചിറ വിടുത്താഞ്ഞാൽ പക്ഷം മേലിൽ ഇവിടേക്ക വരേണ്ടുന്നാവശ്യമില്ല. നദീതീരത്തിൽ

പോയി ജാനകിയുടെ മരണാനന്തരാപേക്ഷകളെ ചെയ്തുകൊള്ളുവാൻ ഭഗവാനോടു പ്രത്യേകം പറയണം. എന്നതിനെക്കേട്ടു ഹനുമാൻ ശരണം സൎവ്വേശ്വരി! ഇങ്ങിനെ ഒന്നും പരിഭവവാക്കുകൾ പറയേണമെന്നില്ല. ഒരു മാസത്തിന്നുള്ളിൽ ഞങ്ങൾ വന്നു നിന്തിരുവടിയെ ചിറ വീണ്ടും കൊണ്ടുപോകുന്നതിന്നു യാതൊരു വാദവും ഇല്ല. ഉടനെ സ്വാമിയോടു വിവരങ്ങളെ പറഞ്ഞ് അവിടെ നിന്നു പുറപ്പെട്ടു ലങ്കയിൽ വരുന്നുണ്ട്. വന്ന ഉടനെ വാനരങ്ങളുടെ ആൎപ്പുനാദവും സ്വാമിയുടെ ശിലധ്വാനിയും നിന്തിരുവടിയെ കേൾപ്പിക്കും. മേലിൽ യാതൊന്നിനും ഭയപ്പെടേണമെന്നില്ല. അടിയന്നു പോകുവാൻ കല്പന തരുവാൻ അപേക്ഷിക്കുന്നു. എന്നതിനെക്കേട്ടു പോവാൻ ജാനകി കല്പന കൊടുക്കുകയും അതു കേട്ടു മാരുതി ശരണം സൎവ്വേശ്വരി! ഭഗവാനെ പിരിഞ്ഞ മുതൽ ഇതുവരെ അടിയൻ ആഹാരാദികളൊന്നും ചെയ്തിട്ടില്ല. ഇതാ കാണുന്ന കദളീവനത്തിൽ കടന്നു ഫലപാകങ്ങളെ ഭുജിപ്പാൻ സമ്മതം തരേണമെന്നതിനെക്കേട്ട് ജാനകി സമ്മതം കൊടുത്തു രാക്ഷസന്മാർ അറിയരുതെന്നു പറഞ്ഞയക്കുകയും ചെയ്തു.

## ലങ്കാമൎദ്ദനം.

അനന്തരം മാരുതി കദളീവനത്തിൽ കടന്നു രാവണൻ കണികാണുന്ന പൊന്മലയെടുത്ത് സമുദ്രത്തിൽ എറിയുകയും വൃക്ഷങ്ങളെല്ലാം പറിച്ചു ഒന്നോടൊന്നടിച്ച് തിലസദൃശപ്പെടുത്തുകയും അതുകണ്ട് വരുന്ന രാക്ഷസന്മാരെയെല്ലാം അടിച്ചു നിഗ്രഹിക്കുകയും അനന്തരം തോരണത്തിൽ കയറി ഇരുന്നതിനെ കണ്ട് ദൂതന്മാർ ചെന്നു രാവണനോട് പറയുകയും അതു കേട്ടു രാവണൻ ജമ്പുമാലിയെ അയക്കുകയും ഹനുമാൻ ജമ്പുമാലിയെ കയ്യിൽ ഉണ്ടായിരുന്ന പാശത്താൽ അവനെ കൊലചെയ്കയും അനന്തരം പഞ്ചസേനാധിപന്മാർ യുദ്ധത്തിന്നു വരികയും അവരേയും ഹനുമാൻ നിഗ്രഹിക്കുകയും ചെയ്തു. ആ വിവരം രാവണൻ അറിഞ്ഞു തന്റെ എളയ മകനായ അക്ഷകുമാരനെ അയച്ചപ്പോൾ ഹനുമാൻ അവനെ ഭൂമിയിൽ പുട്ടരച്ച് തിലകം തൊടുകയും ആ വിവരം രാവണൻ അറിഞ്ഞു ഇന്ദ്രജിത്തിനെ അയക്കുകയും ഇന്ദ്രജിത്ത് വ

എന്നതിനെക്കണ്ട ഹനുമാൻ രാമസ്വാമിയെ മനസ്സിൽ ധ്യാനിച്ചു നില്ക്കുകയും ഇന്ദ്രജിത്തു അടുത്ത് യുദ്ധം തുടങ്ങുകയും ഇന്ദ്രജിത്ത് കൊണ്ടുവന്ന പടകളെയെല്ലാം താൻ അടിച്ചു നിഗ്രഹിച്ചു അനന്തരം ഇന്ദ്രജിത്തായി നേരിട്ടു യുദ്ധം തുടങ്ങി ഇന്ദ്രജിത്തിനെ രഥത്തോടുകൂടി ആകാശത്തെക്കെറിയുകയും അതുകണ്ട് രാവണിയും ആകാശത്തിൽനിന്നു ബ്രഹ്മാസ്ത്രം തൊടുത്തു ഹനുമാനെ വീഴ്ത്തി നാഗപാശത്താൽ കെട്ടി രഥത്തിൽവെച്ചു പിതാവായ രാവണന്റെ അടുക്കൽ കൊണ്ടുവന്നു കാഴ്ച വെക്കുകയും ചെയ്തു. രാവണൻ ഹനുമാനെക്കണ്ട് ക്രോധിച്ചു എടാ മർക്കടാ! നീ ആര്? എവിടെനിന്നു വന്നു. കദളിവനം തകൎപ്പാൻ കാരണം എന്ത്? രാക്ഷസന്മാരെ വധിക്കേണ്ടുന്നാവശ്യമെന്ത് പറയുക? എന്നതിനെക്കേട്ടു ഹനുമാൻ രാവണനോടു: ഹേ രാക്ഷസാധമാ! ഞാൻ സൎവ്വേശ്വരനായ രാമസ്വാമി ദൂതനാണ്. രാമസ്വാമി ആരെന്നറിയേണമെങ്കിൽ പറയാം കേൾക്കുക. പരമേശ്വരസ്വാമി പക്കൽനിന്നു നാലു കലയും, ബ്രഹ്മദേവൻ പക്കൽനിന്നു നാലു കലയും, നാരായണസ്വാമി പക്കൽനിന്നു ആറു കലയും ഇങ്ങിനെ പതിന്നാലു കലകളോടുകൂടി ത്രിമൂൎത്തിസ്വരൂപനായി ഭഗവാൻ തിരു അവതാരം ചെയ്തു. അനന്തരം ഭാൎഗ്ഗവരാമൻ പക്കൽനിന്നു രണ്ടു കലയേയും വാങ്ങി മായാമാനുഷനായി ദേവരക്ഷാൎത്ഥം അവതരിച്ചതാണ്. ഞാൻ ആ രാമസ്വാമിയുടെ ദൂതനാണ്. എന്റെ നാമം ഹനുമാനെന്നാണ്. എന്നെ ഉപദ്രവിപ്പാൻ വന്ന രാക്ഷസന്മാരെ ഞാൻ കൊല ചെയ്തതാണ്. ആയതുകൊണ്ട് സൎവ്വേശ്വരനായ രാമസ്വാമിയുടെ പത്നിയെ നീ കളവുചെയ്തു വെച്ചിരിക്കുന്നതു ശരിയായ മൎയ്യാദക്കു കൊണ്ടുവന്ന് രാമൻ പാദത്തിൽവെച്ചു നമസ്കരിക്കുന്നതാണ് നല്ലത്. അല്ലാത്തപക്ഷം നിന്റെ കുടുംബനാശം വരുത്തുന്നതാണെന്നു ബാലിസൂനുവായ അംഗദൻ പറഞ്ഞയച്ചിരിക്കുന്നു. അംഗദനെ നീ അറിവാൻ എടയുണ്ട്. ബാലിയെ നീ അറിയുമല്ലോ. ബാലിയുടെ വാലിനുള്ള ശക്തിയും നീ അറിയും. എടാ രാവണാ! ഒരു സ്ത്രീ നിമിത്തം വൃഥാ വംശനാശം വരുത്തേണ്ടാമെന്നില്ല എന്നതിനെക്കേട്ട് മർക്കടന്റെ വായ്ത്തകൂതി

കേമമായിരിക്കുന്നു. ആരെടാ ഇവിടെ ഇവനെപ്പിടിച്ച് മതിലു കടത്തി വെട്ടുക എന്നു കല്പിച്ചതിനെ വിഭീഷണൻ കേട്ട രാവണനോടു പറയുന്നു: ശരണം രാവണേശ്വര! ഇവനെ ഒരിക്കലും കുലപ്പെടുത്തുവാൻ പാടുള്ളതല്ല. മററാരെ വധിച്ചാലും ദൂതരെ വധിക്കരുത്. ഇവൻ ഒരു ദൂതനല്ലെ വാനരങ്ങൾക്കു വാലിലാണ് ശൌൎയ്യം. ആയതുകൊണ്ടു ഇവന്റെ വാലിൽ ശീല ചുററി തൈലം നനച്ച് അഗ്നി കൊളുത്തി അയക്കുക. എന്നതിനെക്കേട്ട രാവണൻ സമ്മതിച്ച് ഹനുമാന്റെ വാലിൽ ശീല ചുററുകയും ചുററുന്തോറും വാല് നീണ്ടു വൎദ്ധിക്കുന്നതിനെ രാവണൻ കണ്ടു വാലിന്മേൽ ചുററുവാൻവേണ്ടി ജാനകിയുടെ വസ്ത്രം അഴിച്ചുകൊണ്ടു വരുവാൻ ദൂതന്മാരോടു കല്പിക്കുകയും അതുകേട്ട ഹനുമാൻ തന്റെ വാലിനെ ചുരുക്കുകയും ചെയ്തു. അനന്തരം വാലിനെ തൈലം നനച്ച് അഗ്നി കൊളുത്തിവിടുകയും ഹനുമാൻ ഉടനെ രാവണന്റെ മീശകേശങ്ങളെ കരിച്ചു ലങ്കയിൽ ഉള്ള മൂന്നൂറായിരം തെരുവീഥികളെ ചുടുകയും, ചുട്ടു നശിപ്പിക്കുന്നേടത്തോളം വിശ്വകൎമ്മാവു സൃഷ്ടിക്കുകയും ചെയ്യുന്നതുകണ്ടു ഹനുമാൻ വിശ്വകൎമ്മാവിനു ഒരു ഹനുമൽക്കൊടി സമ്മാനിച്ച് ഞാൻ ചുട്ടുപോകുന്നവരെ സൃഷ്ടിക്കരുതെന്നു മുടക്കി. അനന്തരം വിഭീഷണന്റെ ആലയം മാത്രം ചുടാതെ ബാക്കിയെല്ലാം ഭസ്മമാക്കി. ജാനകിയെക്കണ്ട് വ്യസനിക്കരുതെന്നും പറഞ്ഞവണ്ണം നിവൃത്തിക്കാമെന്നും പറഞ്ഞു സമുദ്രത്തിൽ വാലിനെ മുക്കി അഗ്നി കെടുത്തി അവിടെനിന്നു ചാടി മൈനാകന്റെ വിരുന്നു സ്വീകരിച്ചു അവിടെനിന്നു ചാടി ജാംബവാന്റെ അടുക്കൽവന്നു ജാനകിയെ കണ്ടുവെന്നു പറഞ്ഞ് അവിടേനിന്നു പുറപ്പെട്ടു മധുവനത്തിൽ കടന്നു ഫലപാകങ്ങളെ ഭുജിച്ചു. അനന്തരം സുഗ്രീവനെക്കണ്ട് സംഗതിയെ പറയുകയും സ്വാമിയോടു പറയുക എന്നു സുഗ്രീവൻ പറഞ്ഞതിനെക്കേട്ടു ഹനുമാൻ സ്വാമിയെ വണങ്ങി പറയുന്നു. ശരണം രാമചന്ദ്രാ! കണ്ടു. സൎവ്വേശ്വരിയെ കണ്ടു. സ്വാമിൻ! ലങ്കയിൽ അശോകവൃക്ഷത്തിന്റെ അടിപ്പാട്ടിൽ രാമ രാമ എന്നു തിരുനാമമന്ത്രത്തെ ധ്യാനിച്ചുകൊണ്ടിരിക്കുന്നു. ഒരു മാസത്തിന്നുള്ളിൽ ചിറ

വീണ്ടുകൊള്ളണമെന്നും അല്ലാത്തപക്ഷം പ്രാണനെ ത്യജിക്കുമെന്നും പറഞ്ഞയച്ചിരിക്കുന്നു. നിന്തിരുവടിക്കു കാണ്മാനായി സർവ്വേശ്വരിയായ ജാനകി ചൂഡാരത്നമെന്ന തിരു ആഭരണം തന്നയച്ചിരിക്കുന്നു. എന്നുപറഞ്ഞു ഹനുമാൻ മാല്യത്തെ സ്വാമികയ്യിൽ കൊടുത്തു ജാനകി പറഞ്ഞയച്ച രഹസ്യവാക്കുകളെ ഭഗവാനോടു ഉണർത്തിക്കുകയും ചെയ്തതിൽ ഭഗവാൻ അത്യന്തം സന്തോഷിക്കുകയും ചെയ്തു. അനന്തരം ഭഗവാനെ ഹനുമാനും ലക്ഷ്മണനെ അംഗദനും എടുത്തു ബാക്കി പടകളോടുകൂടി നടന്നു പന്ത്രണ്ടുദിവസം അവധിയായി സാഗരതീരത്തിൽ വരികയും ചെയ്തു.

സുന്ദരകാണ്ഡം സമാപ്തം.

# യുദ്ധകാണ്ഡം

രാവണന്റെ മന്ത്രാലോചന.

കവി.

ചുട്ടുകുരങ്കെരിച്ചുവറെയംടിട
കെട്ടുകൊടിനകർകിളയുതൺ വരും
പട്ടുപരിപവംപടർന്തതെന്നനീ
ഇട്ടനീയരിയണെഇരുന്തതെന്നുടൻ.

ഹേ മന്ത്രികളേ! വടതീരവാസിയായ രാമന്റെ, ഭാര്യയായ ജാനകിനിമിത്തം ഒരു വാനരൻ വന്നു ലങ്കാദഹനം ചെയ്തത് ആലോചിക്കുമ്പോൾ ഇതിൽപ്പരം നഷ്ടകഷ്ടങ്ങളും മാനഹാനിയും അനുഭവിപ്പാൻ പാടില്ല. ആയതുകൊണ്ട് നീതിവിശാരദന്മാരായ നിങ്ങളുടെ അഭിപ്രായമെന്തെന്നു രാവണൻ ചോദിച്ചതിന്നു മന്ത്രികളിൽ പ്രധാനിയായ മഹോദരൻ പറയുന്നു. സ്വാമിൻ, കൃമികീടസദൃശന്മാരായ രാമാദികളുടെ കാര്യത്തിൽ മന്ത്രാലോചനതന്നെ വേണമെന്നില്ല. ചിറവിട്ടുവാനാണോ ജാനകിയെ കൊണ്ടുവന്നത്. യുദ്ധത്തിന്നു കല്പന തരണം. ഞാൻ പോയി രാമാദിക

ളെ ജയിച്ചു വരാമെന്നു പറഞ്ഞതിനെ കേട്ടു രാവണൻ സന്തോഷിക്കുകയും ദേവാന്തക, നരാന്തക, തേജാന്തക, വക്രതുണ്ഡ, വികട, കുംഭോദര, പിശാച, പൊന്മത്ത, ബലമത്ത, മദത്ത, മാതംഗമത്ത, പ്രഹസ്തപ്രഭൃതികളായ മററുള്ള മന്ത്രികളും മഹോദരന്റെ ഈ അഭിപ്രായത്തെ അനുസരിക്കുകയും ചെയ്തു. ആയതിനുശേഷം രാവണൻ തന്റെ അനുജനായ കുംഭകർണ്ണനോടു നിന്റെ അഭിപ്രായമെന്തെന്നു ചോദിച്ചതിന്നു മന്ത്രികളുടെ ആലോചന ശരിയല്ല. കാരണം, രാമൻ ദശരഥാത്മജനാണ്. കൃമികീടസദൃശനായ മനുഷ്യനാണെന്നുള്ള വിചാരം തെററാണ്. യഥാർത്ഥം ആലോചിക്കുമ്പോൾ രാമൻ സാക്ഷാൽ ജഗദീശ്വരനായ വിഷ്ണുവാണ്. ലോകത്തിൽ അധർമ്മത്തെപ്പോക്കിധർമ്മത്തെ രക്ഷിപ്പാനായിട്ടുണ്ടുള്ള അവതാരമാണ്. ലോകത്രയം ഏകീകരിച്ചാലും രാമനെ യുദ്ധത്തിൽ ജയിപ്പാൻ അസാദ്ധ്യമാണ്. ജ്യേഷ്ഠൻ ഇത്രകാലം ചെയ്ത അനീതികളെ ആലോചിക്കുമ്പോൾ, സജ്ജനങ്ങളെ ദ്വേഷിച്ചും ദുർജ്ജനങ്ങളെ രസിപ്പിച്ചും പരദാരങ്ങളെ പരിഗ്രഹിച്ചും ബ്രാഹ്മണാദി ദേവന്മാരെ ഹനിച്ചും ആണ് ഇക്കണ്ട 50 ലക്ഷം സംവത്സരങ്ങളും കഴിഞ്ഞുപോയത്. മഹോദരപ്രഭൃതികളായ ദുഷ്ടമന്ത്രികളുടെ ഇഷ്ടമായ വാക്കുകളെക്കേട്ടു നമ്മുടെ സർവ്വകുടുംബങ്ങളും നഷ്ടമായ്പോവാൻ ഒരുങ്ങുന്നതു അത്യന്തം കഷ്ടമാണ്. ആയതുകൊണ്ടു കഴിയുന്ന വേഗത്തിൽ ജാനകിയെ ചിറവിട്ടു രാമസേവ ചെയ്യുന്നതാണ് നല്ലത്. എന്നു കുംഭകർണ്ണൻ പറയുകയും ആയതിനെ രാവണൻ സമ്മതിച്ചു ജാനകിയെ ചിറവിടുവാനായി നഗാരി അടിപ്പിക്കുകയും അനന്തരം കുംഭകർണ്ണൻ ശയ്യാഗൃഹത്തിലേക്കു പോകുകയും ചെയ്തു. വാദ്യഘോഷം കേട്ടു രാവണപുത്രനായ ഇന്ദ്രജിത്തു വന്നു പിതാവിന്റെ പാദത്തിൽ നമസ്കരിച്ചു ഉണർത്തിക്കുന്നതു എന്തെന്നാൽ, ജാനകിയെ ഒരിക്കലും ചിറവിടരുതു. മാനം 'ആചന്ദ്രതാരകം' എന്നുണ്ട്. രാമാദികളുടെ കാര്യം ആലോചിക്കുമ്പോൾ ദശരഥന്റെ അകാലസന്തതിയാണ്. രാജ്യത്തെ ഭരിപ്പാൻ ശക്തിയില്ലാതെ അയോദ്ധ്യയെ ഉപേക്ഷിച്ചു വനത്തിൽ കടന്നു ഫലമൂലപകങ്ങളെ ഭക്ഷിച്ചു മൃഗപ്രായേണ നിരക്ഷരകുക്ഷി

കളായ ശാഖാമൃഗങ്ങളോടുകൂടി സഞ്ചരിക്കുന്നവനാണ്. രാമന്നു രഥ, ഗജ, തുരഗ, പദാതികളായ പടകളില്ല. ക്ഷാത്രധൎമ്മമായ ധനുൎവ്വേദത്തിൽ നൈപുണ്യമില്ല. ഇന്നൊ, നാളെയൊ മരിച്ചു പോകുന്ന അല്പായുസ്സോടുകൂടിയവനാണ്. നിൎഭാഗ്യനായ ചെറിയച്ഛന്റെ നിസ്സാരമായ വാക്കു കേട്ടു ഭ്രമിപ്പാൻ അവകാശമില്ല. ത്രൈലോക്യപുരന്ദരനായ നിന്തിരുവടിയും വില്ലാളിയായ അടിയനും ഇരിക്കെ ഈ ജളപ്രഭുക്കളെ മാനിക്കേണമൊ? ആയതുകൊണ്ടു ഇപ്പോൾത്തന്നെ യുദ്ധത്തിന്നു കല്പന തരണം. ഞാൻപോയി രാമാദികളെ ജയിച്ചു വരാം. എന്നു പറഞ്ഞതിനെക്കേട്ടു രാവണൻ സന്തോഷിച്ചു വേണ്ടത്തക്ക പടകളോടുകൂടിപ്പോയി രാമാദികളെ ജയിച്ചു വരുവാൻ കല്പന കൊടുക്കുകയും രാവണി യുദ്ധസന്നദ്ധനായി സഹായികളായ സൈന്യങ്ങളോടുകൂടിപ്പുറപ്പെട്ടു രാമാദികളെ അന്വേഷിച്ചു വരുന്ന മാൎഗ്ഗത്തിൽ ഇന്ദ്രജിത്തിന്റെ ചെറിയ പിതാവായ വിഭീഷണൻ കാണുകയും ഹേ കുമാരാ! നീ പടകളോടുകൂടി എവിടേക്കു പോകുന്നുവെന്നു ചോദിക്കുകയും അതു കേട്ടു രാവണി വിഭീഷണനെ വണങ്ങി മന്ത്രാലോചനയിൽ ഉണ്ടായ വൃത്താന്തങ്ങളെല്ലാം കേൾപ്പിക്കുകയും രാവണന്റെ കല്പനപ്രകാരം രാമനോടുള്ള യുദ്ധയാത്രയാണെന്നു പറയുകയും അതു കേട്ടു ഹേ കുമാരാ! ഞാൻ നിന്റെ ചെറിയച്ഛനല്ലയോ. എന്റെ വാക്കിനെക്കേൾക്കുക. എന്തെന്നുവെച്ചാൽ രാമനെ ജയിക്കാമെന്നുള്ള നിന്റെ പുറപ്പാടും ജയിപ്പാൻ ശക്തനാണ് എന്റെ മകൻ എന്നുള്ള നിന്റെ അച്ഛന്റെ വിചാരവും ആലോചിക്കുമ്പോൾ അത്യത്ഭുതമുണ്ട്. അതെന്തുപോലെ എന്നു വെച്ചാൽ ആയതിന്നു ഒരു സാമ്യം പറയാം. കേൾക്കുക. സാരാസാരങ്ങളെ വിഭാഗിച്ചറിവാൻ ബുദ്ധിക്കു ശക്തിയില്ലാതെ വിചാരശൂന്യനായ ഒരുവൻ ഒരു ചിത്രമെഴുതി നേത്രശൂന്യനായ ഒരുവന്റെ കയ്യിൽ കൊടുത്തു ഈ ചിത്രത്തിന്റെ ലക്ഷണങ്ങളെല്ലാം ശരിയായൊ എന്നു ചോദിച്ചാൽ അതു എപ്രകാരമൊ അതുപോലെ ആയിനിങ്ങളുടെ മന്ത്രാലോചന. കാരണം, ഒരു മന്ത്രാലോചനയിൽ പഞ്ചവൃദ്ധന്മാർ വേണം. വിദ്യാവൃദ്ധൻ, ധനവൃദ്ധൻ, വയോവൃദ്ധൻ, കുലവൃ

ദ്ധൻ, ജ്ഞാനവൃദ്ധൻ എന്നിങ്ങിനെ അഞ്ച് വൃദ്ധന്മാരാകുന്നു. ഈ വൃദ്ധതയിൽപ്പെട്ടവർ ആരെങ്കിലും ഇന്നത്തെ സദസ്സിൽ ഉണ്ടായിരുന്നുവോ? മദ്യപാനം, സജ്ജനദ്വേഷം, പരസ്ത്രീഹരണം, ഗുരുനിന്ദ മുതലായ അനീതികളെച്ചെയ്തു അധൎമ്മത്തെ വളൎത്തുന്ന ദുഷ്ടമന്ത്രികളും സീതപ്പിത്തം തലക്കു പിടിച്ചതിനാലുണ്ടായ മാരതാപാഗ്നിക്കു ഒരു ഇന്ധനമായ രാവണീശ്വരനുംകൂടി മന്ത്രവിചാരം ചെയ്തു രാമാദികളോടു യുദ്ധമാണ് നല്ലതെന്നു തീൎച്ചപ്പെടുത്തുകയും യാതൊരു ശാസ്ത്രങ്ങളുടെ അനുഭവമില്ലാതെയും ദേശകാലാവസ്ഥകളെ ആലോചിക്കാതെയും ശത്രുക്കളുടെ ദുൎബ്ബലപ്രബലതകളെ ആലോചിക്കാതെയും പെട്ടന്നവെ രാമാദികളെ ജയിച്ചുവരാനോക്കാമെന്നുള്ളതിൻെറ ഉദ്ദേശവും ആലോചിക്കുമ്പോൾ രാവണീശ്വരന്നു വിരഹതാപാഗ്നിയാൽ വിചാരശൂന്യത്വവും ശാസ്ത്രപഠനത്തിൽ അനുഭവമില്ലായ്കയാൽ നിണക്കു നേതൃവൈകല്യവും വന്നതാണ്. ആയതുകൊണ്ടു ഇപ്പോൾ യുദ്ധയാത്രക്കു പാടുള്ളതല്ല. രാവണീശ്വരൻ നിണക്കു പിതാവെങ്കിലും എനിക്കു ഗുരുത്വത്തിൽ ഉയൎന്ന ജ്യേഷ്ഠനാണ്. പിതൃതുല്യനുമാണ്. തന്നിമിത്തം ഈ അവസരത്തിൽ എനിക്കു അനേക സംഗതികൾ ജ്യേഷ്ഠനെ കേൾപ്പിക്കേണ്ടതുണ്ട്. ആയതുകൊണ്ടു ഞാൻ ജ്യേഷ്ഠനെക്കണ്ടു സംഗതികൾ ഉണൎത്തിച്ചു അവസാനം യുദ്ധം ചെയ്യേ മതിയാവൂ എന്നു വന്നാൽ ഞാനുംകൂടെ നിണക്കു കല്പന തരാം. അതുവരെ നീ ഗൃഹത്തിൽ പോയിരിക്കുകയെന്നു ഇന്ദ്രജിത്തിനെ അയച്ചു വിഭീഷണൻ രാവണൻെറ അടുക്കലേക്കു പോയി ഉണൎത്തിക്കുന്നു.

## വി ഭീ ഷ ണ മ ന്ത്രം.

### ക വി.

കൊനകർമ്മുഴവത്തുംനമത്തുകൊററമും
ജാനകിഎന്നബെയരുലകിൻനമ്മനെ
മാനവൾകൽപ്പിനാൽവെന്തതല്ലതൊർ
വാനരംചുട്ടതെൻറുണർതൽമാക്ഷിയൊ.

കമലാസനതനയസുതസൂനസുന്ദര! ശരണം ലങ്കേശ്വര! അടിയന്നു മാതാപിതാഗുരുദൈവം നിന്തിരുവടി തന്നെയാണ്. ഈ അവസരത്തിൽ നിന്തിരുവടിയോടു അനേകസംഗതികൾ ഉണർത്തിപ്പാനുണ്ട്. അതിൽ പ്രത്യേകം അനേകശാപകോപാദികളും വരും. അങ്ങെക്കു ഹിതമായും അഹിതമായും ഉള്ള കാൎയ്യങ്ങൾ വന്നേക്കാം. ഏതു നിലയിലും ഞാൻ പറവാൻ പോകുന്ന വാക്കുകൾ മുഴുവൻ അവസാനിച്ചല്ലാതെ എന്റെ പേരിൽ സന്തോഷിക്കയാവട്ടെ ക്രോധിക്കുകയാവട്ടെ ചെയ്കയില്ലെന്നു മുമ്പെ ഒരു വരം തരേണമെന്നപേക്ഷിക്കുകയും രാവണൻ പുഞ്ചിരിയോടുകൂടി ഹേ വിഭീഷണാ! നീ എന്റെ അനുജനല്ലെ? എന്നു മാത്രമല്ല സൎവ്വശാസ്ത്രപാരംഗതനും ഭാഗവതോത്തമനുമല്ലെ? നിന്റെ വാഗ്വൈഭവം എനിക്കു കൎണ്ണാമൃതമാണ്. നിന്റെ അഭിപ്രായങ്ങളെപ്പറയുക. എന്നുതന്നെയല്ല നിന്റെ വാക്കു അവസാനിക്കുന്നതിന്നു മുമ്പു ഞാൻ സന്തോഷിക്കുകയൊ കോപിക്കുകയൊ ചെയ്യുന്നില്ലെന്നു പറയുകയും അനന്തരം വിഭീഷണൻ പറയുകയും ചെയ്യുന്നു.

അല്ലയോ ജ്യേഷ്ഠാ!

നമ്മുടെ രാജധാനിയായ ലങ്കയെ ഹനുമാന്റെ വാലഗ്നിയാൽ ദഹിപ്പിച്ചുവെന്നുള്ള നിന്തിരുവടിയുടെ അഭിപ്രായം ശരിയല്ല. കാരണം, ലങ്ക നവരത്നങ്ങളായ പച്ച, മുത്തു, വൈരം, വൈഡൂൎയ്യം, ഗോമേദകം, പുഷ്യരാഗേന്ദ്രനീലപത്മരാഗ, മരതകമാണിക്യങ്ങളാലും 1008 മാറ്റോടുകൂടിയ കനകത്തകിടുകൾകൊണ്ടും പരിശോഭിതമായി പതിപട്ടണനഗരഗ്രാമതീൎത്ഥക്ഷേത്രവനവാപികൂപതടാകങ്ങളായ മുന്നൂറായിരം തെരുവീഥികളാൽ അലങ്കാരയുക്തമായി ശോഭിക്കുന്നതാണ്. സാധാരണയായി അഗ്നിയിൽ സ്വൎണ്ണം തപിച്ചു ജലപ്രായമാകുകയും രത്നങ്ങൾ പഴുക്കുകയും ചെയ്യുന്നതല്ലാതെ ഭസ്മമായിപ്പോവാൻ കാരണമില്ല. ഇച്ഛാജ്ഞാനക്രിയാശക്തിസ്വരൂപിണിയായി ലോകജനനിയായ ജാനകിയുടെ പതിവ്രതാഗ്നിയാൽ ലങ്ക ദഹിച്ചുപോയതാണ്. നിങ്ങൾക്കു 16 ശാപങ്ങൾ ഉണ്ട്. അതിൽ എനിക്കു ഓൎമ്മയുള്ളതിനെ ഉണൎത്താം.

1. സമ്മതമില്ലാത്ത സ്ത്രീകളെ തൊട്ടാൽ ശിരസ്സ് പൊട്ടി ത്തെറിക്കട്ടെയെന്ന ബ്രഹ്മാവിൻെറ ശാപം.

2. ഹിമവാൻെറ താഴ്വരയിൽ വെച്ച ദേവസ്ത്രീയായ രംഭയെ പ്പിടിച്ച അധരപാനം ചെയ്കയും വിവരം തൻെറ ഭർത്താവായ വൈശ്രവണപുത്രനായ നളകൂബരൻ കേട്ട അത്യന്തം ക്രോധത്തോടെ വന്ന ഹേ ദുഷ്ടാ നിൻെറ ജ്യേഷ്ഠൻ എൻെറ പിതാവല്ലയോ തന്നിമിത്തം ഞാൻ നിണക്ക മകൻെറ സ്ഥാനമല്ലെ. എൻെറ പത്നി ആകയാൽ നിണക്ക മരുമകളല്ലെ. ഇതുകളെ ഒന്നും ആലോചിയാതെ നീ, രംഭയെ അധരപാനം ചെയ്തു ഭീതിപ്പെടുത്തുകയാൽ നിൻെറ ശിരസ്സ പത്തും ഏഴേഴ ഭാഗമായി പിളൎന്നു നീ മരിക്കട്ടെയെന്ന ശപിച്ചിട്ടുണ്ട്.

3. നിങ്ങൾ ദിഗ്വിജയ ചെയ്തു ലങ്കക്ക മടങ്ങുമ്പോൾ മയൂരപൎവ്വതത്തിൻെറ താഴ്വരയിൽവെച്ച കുശദ്ധ്വജൻ എന്ന ബ്രാഹ്മണൻെറ മകളായ വേദവതിയെ കാണുകയും അവളുടെ സൌന്ദൎയ്യത്തെക്കണ്ട സഹിക്കാതെ രതിക്കായ്ക്കൊണ്ട ബലാൽക്കാരേണ അവളെ തീണ്ടിയപ്പോൾ ഹേ ദുഷ്ടാ! വിശ്വംഭരനായ നാരായണൻ എനിക്ക ഭൎത്താവായി വരേണമെന്നുള്ള ധ്യാനത്തോടുകൂടി ഇരിക്കുന്ന എന്നെ പാതിവ്രത്യഭംഗം ചെയ്കയാൽ ഞാൻ നിമിത്തം നീയും നിൻെറ സകല കുഡുംബങ്ങളും എൻെറ ഉപാസനാമൂൎത്തിയായ നാരായണസ്വാമിയാൽ നശിക്കട്ടെയെന്ന ശപിച്ചതു ഓൎമ്മ ഉണ്ടായിരിക്കുമല്ലൊ. അനന്തരം വേദവതി പതിവ്രതാഗ്നിയിൽ ദേഹത്യാഗം ചെയ്തു നിങ്ങൾക്ക നേത്രദൃഷ്ടാന്തമാക്കി

വേദവതിയുടെചരിത്രം

കവി.

കൊതിൽനീതികശത്രുവശനെനും
മാതാപ്പെരിയെനവൻമററമൗ
ഓത്തുംവേതത്തിനപ്പവിത്തനെനിൻ
താതൈവേതപതിയെനച്ചാററിനാൻ.

ദ്രാവിഡദേശാധിപതിയായ കുശധ്വജനെന്ന ബ്രാഹ്മണൻ തനിക്ക സന്തതിയില്ലായ്കയാൽ ബ്രഹ്മാവിനെക്കുറിച്ച തപസ്സചെയ്കയും ബ്രഹ്മാവ് പ്രത്യക്ഷമായി ഹേ ബ്രാഹ്മണാ! നീ മഝ്യംപേച്ചത്തിന്റെ താഴ്വരയിൽ ഇരുന്ന അകാരമുകാരമകാരമായ പ്രണവത്തിനെ ദിനമ്പ്രതി പന്തീരായിരം സംഖ്യ ജപിക്കുക എന്നാൽ അധികതാമസം കൂടാതെ ആ വേദത്തിൽ നിന്ന ഒരു സന്തതി ലഭിക്കുമെന്ന അനുഗ്രഹിച്ചതുപ്രകാരം കുശധ്വജൻ വേദാദ്ധ്യയനം ചെയ്തുവരികയും അതിൽനിന്ന ഒരു പുത്രി ജാതയാകയും അവൾക്ക വേദവതിയെന്ന പേരിട്ട വളൎത്തിവരികയും ചെയ്തു. എന്നതന്നെയല്ല എന്റെ മകൾക്ക നാരായണസ്വാമി ഭൎത്താവായി വരേണമെന്ന ഭജിച്ചുംകൊണ്ടിരിക്കെ ശംഭുവെന്ന ഒരു ദൈത്യൻ വന്ന നിന്റെ മകളെ എനിക്ക കല്യാണം കഴിച്ചുതരേണമെന്ന കുശധ്വജനോട ആവശ്യപ്പെടുകയും അതിന്ന ബ്രാഹ്മണൻ വിരോധം പറഞ്ഞതിനെ കേട്ട തൽക്കാലം മടങ്ങി അന്ന രാത്രി വന്ന കുശധ്വജനെ തന്റെ ആവശ്യം നടക്കാത്തതിനാൽ കൊലചെയ്തുപോകുകയും ചെയ്തു. അത കണ്ട തന്റെ പത്നിയായ ശ്രീമതി ഭൎത്താവ് മരിച്ച് വൈധവ്യദുഃഖം അനുഭവിപ്പാൻ കഴികയില്ലെന്ന തീൎച്ചപ്പെടുത്തി. ഉടനെ അഗ്നിവളൎത്തി അതിൽ ചാടി താനും മരണത്തെപ്രാപിച്ചു. വേദവതി വ്യസനിച്ച എന്റെ വിധിയല്ലെ. ദൈവഗതിയെ ആൎക്കും തടുപ്പാൻ കഴികയില്ലല്ലൊ എന്ന പറഞ്ഞ മാതാപിതാക്കളുടെ പ്രാൎത്ഥനയെ പൂൎത്തിയാക്കേണമെന്നുള്ള നിശ്ചയത്തിന്മേൽ വേദവതി നാരായണൻ എനിക്ക ഭൎത്താവായി വരേണമെന്ന വ്രതത്തോടുകൂടി വസിക്കുന്ന മദ്ധ്യെ നിങ്ങൾ അവളെ പാതിവ്രത്യഭംഗം ചെയ്കയും അവൾ തന്നിമിത്തം നിങ്ങളെ ശപിച്ച പ്രാണത്യാഗം ചെയ്കയും ചെയ്തു. വേദവതി അഗ്നിയിൽ ഹോമിച്ച വിവരം അനു പരാസികനായ നാരദൻ അറിഞ്ഞ ഉടനെ ഹോമിച്ച സ്ഥലത്തുവന്ന വേദവതിയുടെ അസ്ഥിയെടുത്ത തന്റെ യോഗദണ്ഡിന്മേൽ വെച്ച് നിങ്ങളുടെ അടുക്കലേക്ക വന്ന ലൌകികങ്ങളെ അന്യോന്യം പറഞ്ഞ മടങ്ങുമ്പോൾ യോഗദണ്ഡം മറന്നതുപോലെ വെച്ചുപോകു

കയും ആയതെടുത്തു യോഗശാലയിൽ കൊണ്ടുപോയി സൂക്ഷിപ്പാ
നായി നിങ്ങൾ പരിചാരകന്മാരോടു കല്പിക്കുകയും ചെയ്തതിന്നു
ശേഷം ൪൰-ാം ദിനം യോഗശാലയിൽനിന്നു ഒരു ശിശുരോദനം
കേൾക്കുകയും ആയതെന്തെന്നു ചെന്നുനോക്കിയതിൽ ഒരു സ്ത്രീ
പ്രജയെക്കണ്ടത് പരിചാരകന്മാർ തിരുവടിക്കു കാഴ്ചവെച്ചുവൃ
ത്താന്തം കേൾപ്പിച്ചപ്പോൾ കുലഗുരുവായ ശുക്രമഹർഷിയെ വരു
ത്തി ഈ ശിശുവിന്റെ ജാതകവിശേഷമെന്തെന്നു ചോദിച്ചു
തിൽ ഈ ശിശുവിനെ ലങ്കയിൽ വളർത്തിയാൽ ലങ്ക നശിക്കും
ആയതുകൊണ്ടു കനകത്താൽ ഒരു പെട്ടികൂട്ടി അതിൽ ഇട്ടു അട
ച്ചു സമുദ്രത്തിലിട്ടുകളയേണമെന്നുള്ള ഗുരുവാക്യത്തെ കേട്ടു അവ്വ
ണ്ണം ചെയ്കയും ആ പെട്ടി അലതിരകളാൽ അടിച്ചുമറിഞ്ഞു ജന
കരാജ്യത്തിൽ ചെന്നു കരയിൽ ഒതുങ്ങി മണ്ണിനാൽ മറയപ്പെട്ടു
കിടക്കുകയും ചെയ്തു. അങ്ങിനെയിരിക്കെ മിഥിലാധിപനായ
ജനകരാജാവ് സന്തത്യർത്ഥം പുത്രകാമേഷ്ടിയെന്നുള്ള യാഗം തുട
ങ്ങുകയും പര്യവസാനം യാഗശാല ഉഴുതപ്പോൾ കൊഴുമുന തട്ടി
പെട്ടി വെളിവിലാകയും ആയതിനെ യാഗഹോതാക്കന്മാർ രാജാ
വിന്നു കാഴ്ചവെക്കുകയും രാജാവ് അതിനെ തുറന്നു നോക്കിയ
തിൽ സൌന്ദര്യശിരോമണിയായ ഒരു സന്തതിയെക്കണ്ടു അതി
സന്തോഷത്തോടുകൂടി സീതയെന്നു പേരിട്ടു വളർത്തിവരികയും
ചെയ്തു. അങ്ങിനെയിരിക്കെ പരമേശ്വരസ്വാമി ശൈവസംബ
ന്ധമായ ത്ര്യംബകം പള്ളിവില്ലിനെ ഖണ്ഡിച്ചവൎക്കു മകളെ പാ
ണിഗ്രഹണം ചെയ്തുകൊടുക്കാമെന്നു ലോകപ്രസിദ്ധം ചെയ്കയും
ആയതു കേട്ടു അംഗ, വംഗ, കലിംഗ, കാശ്മീര, കാംബോജ, ഗാന്ധ്ര
ച, സൗവീര, സൌരാഷ്ട്ര, മഹാരാഷ്ട്ര, വിരാഡ, ഗുജ്ജര, മാഗ,
മാളവ, ചേര, ചോള, പാണ്ടി, പാഞ്ചാല, ദ്രാഡ, ദ്രൌഡ, ദ്രാ
വിഡ, വിരാഡ, കുജ്ജര, മദ്ര, കേകയ, സൂര, സേന, കേരള, കാ
ശി, കോസല, അയോദ്ധ്യയെന്ന രാജധാനിയിലെ ചക്രവർത്തിക
ളെല്ലാം വിദേഹപുരത്തിൽ വന്നുകൂടുകയും അയോദ്ധ്യരാജാവായി
നമ്മുടെ ശത്രുവായ രാമൻ വിശ്വാമിത്രമഹർഷിയുടെ യാഗരക്ഷ
കഴിഞ്ഞു ചാപഭഞ്ജനം കാണ്മാനായി മഹർഷി ഒരുമിച്ചു മിഥില

യിൽ വന്ന മഹാചക്രവൎത്തികളാൽ അസാദ്ധ്യമായുള്ള പരമേശ്വരസ്വാമിചാപഭഞ്ജനവും ഭാൎഗ്ഗവരാമന്റെ ഗൎവ്വശമനവും ചെയ്ത മായാമനുഷനാണ് രാമൻ. ആ രാമന്റെ പത്നി ജാനകിയെയാണ് നിങ്ങൾ ചിറയെടുത്തു ഒരു വത്സരമായി ലങ്കയിൽ വെച്ചിരിക്കുന്നത്. ഇങ്ങിനെയാണ് ജാനകിയുടെ പൂൎവ്വചരിത്രം.

### രാവണന്നുണ്ടായ ശാപങ്ങൾ

**ക വി .**

മെലുയർകയിലയെവെൻറമെലെനാൾ
നാലുതൊൾനന്തിതാനവിൻറശാപത്താൽ
കുലവാൽകുരങ്കിനാൽകുറകുങ്കൊള്ളത്തു
വാലിപാൽക്കണ്ടനംവരമ്പിനാററലായി.

എന്നുതന്നെയല്ല ഈ രാമന്റെ പൂൎവ്വികന്മാരിൽ ഒരുവനായ അനരണ്യനെന്ന മഹാരാജാവിനെ നിങ്ങൾ ഒരുകാലത്തു യുദ്ധത്തിന്നു വിളിക്കുകയും അദ്ദേഹം വാൎദ്ധക്യം ഭവിച്ചതിനാൽ നിങ്ങളെ കണ്ട ഉടൻ എന്നാൽ യുദ്ധത്തിന്നു അസാദ്ധ്യമാണ്. ഞാൻ വയോധികനാണ്. സന്തതികൾക്കു ബാല്യകാലമാണ. തന്നിമിത്തം ഞാൻ കീഴടങ്ങുന്നു എന്നു അനരണ്യൻ അപേക്ഷിക്കുകയും ആയതു നിങ്ങൾ സമ്മതിക്കാതെ എടാ ക്ഷത്രിയനായാൽ പ്രാണാവസാനംവരെ ഒരുവന്നു കീഴടങ്ങാമൊ എന്നു ക്രോധിച്ചു൰ കരവും ചുരുട്ടി അനരണ്യന്റെ മാൎവ്വിൽ ഇടിക്കുകയും ആയതു സഹിപ്പാൻ ശക്തിയില്ലാതെ അനരണ്യൻ ഭൂമിയിൽ വീണ് പ്രാണപ്രയാണസമയത്തിൽ എടാ ദുഷ്ടാ! ദ്രോഹി; കാലഗതിയെ ആൎക്കും കടപ്പാൻ സാധിക്കുന്നതല്ല. എന്റെ പരമാൎത്ഥങ്ങളെല്ലാം നിന്നോടു പറഞ്ഞും കേൾക്കാതെ വയോധികനായ എന്നെ ഹിംസിച്ചതിനാൽ ഇതിന്റെ ശേഷം ചോദിപ്പാൻ എന്റെ ഗോത്രത്തിൽ രാമനെന്ന തിരുനാമത്തോടുകൂടി ഒരുവൻ ദശരഥന്നു പുത്രനായിപ്പിറന്നു നിന്നെയും നിന്റെ സകല കുഡുംബങ്ങളെയും ദിവ്യസായകങ്ങളാൽ കൊലചെയ്യുന്നതുകൂടാതെ രാമസായകത്താൽ നിന്റെ പത്തുശിരസ്സും താലഫലംപോലെ വീണുപൊട്ടിത്തെറിക്കുമ്പോ

ലെ മിന്നിച്ചിതറിപ്പോകട്ടെയെന്നു ശപിച്ചു പ്രാണത്യാഗം ചെയ്തതു നിങ്ങൾക്കു ഓർമ്മയില്ലേ?

5. നിങ്ങൾ ദിഗ്വിജയം ചെയ്തുനടക്കുന്ന കാലത്തിൽ വിമാനാരൂഢനായി കൈലാസത്തിന്റെ പൂർവ്വഗോപുരത്തിൽ വരികയും അതു ശിലാദപുത്രനായ നന്ദികേശ്വരൻ കണ്ടു ഹേ രാവണ! നിന്റെ പ്രവൃത്തി സാഹസമാണു്, യാതൊരു ശരീരികളും വിമാനാരൂഢന്മാരായി കൈലാസത്തേക്കുവരുന്ന പതിവില്ല. വിമാനം പുറത്തു നിറുത്തി പാദചാരേണ നടന്നുവരുവാൻ വിരോധമില്ലെന്നു നന്ദികേശ്വരൻ പറഞ്ഞതിനെ നിങ്ങൾ സ്വീകരിക്കാതെ പോടാ കുരങ്ങാ എന്നു അസഭ്യമായി നിങ്ങൾ അദ്ദേഹത്തോടു വാക്കുപറയുകയും അതു കേട്ടു എടാ നിശാചരാധമ എന്നെ കുരങ്ങയെന്നു വിളിച്ചതുകൊണ്ടു നിന്റെ രാജധാനി കുരങ്ങന്മാരാൽ നശിക്കട്ടെ എന്നു മാത്രമല്ല മാനഹാനിയും ദേഹദണ്ഡവും മർക്കടങ്ങളാൽ നീയും അനുഭവിപ്പാനിടവരട്ടെയെന്നു നന്ദികേശ്വരൻ ശപിക്കയും അതുപ്രകാരം വാനരരാജാവായ ബാലിയുടെ വാലിൽപ്പെട്ടു വശംകെട്ടു കിടന്നതും അനുഭവമല്ലെ സ്വാമിൻ.

6. വരുണനെ ജയിച്ചു് മടങ്ങിവരുമ്പോൾ സാഗരസ്നാനത്തിന്നായി വന്നിരുന്ന അനേകം ബ്രാഹ്മണസ്ത്രീകളെ നിങ്ങൾ പിടിച്ചു രഥത്തിൽ കയററി ക്രീഡക്കാരംഭിക്കുകയും കന്യകമാർ നിലവിളിക്കുന്നതിനെ കേട്ടു അവരുടെ മാതാക്കൾ ഓടിവന്നു ഹേ രാവണാ! ഞങ്ങളുടെ മക്കളെ വിട്ടുതരണം അല്ലാത്തപക്ഷം ഞങ്ങൾ ഇതു നിമിത്തം നിന്റെ മുമ്പിൽ പ്രാണത്യാഗം ചെയ്യുമെന്നു സങ്കടം പറകയും അതിനെ കേൾക്കാതെ മാതാക്കളുടെ മുഖേന മക്കളെ ബലാൽസംഗം ചെയ്കയും മാതാക്കൾ നെഞ്ഞത്തടിച്ചും നിലത്തുവീണു് ഉരുണ്ടും പ്രാണനെ ത്യജിക്കുമ്പോൾ എടാ ദുഷ്ടാ! നിന്റെ മുഖേന നിന്റെ കുടുംബങ്ങളെ അന്യന്മാർ മാനഭംഗംചെയ്തു തന്നിമിത്തം നീ യുദ്ധത്തിന്നുപോയി നീയും നശിക്കട്ടെ എന്നു ശപിച്ചതും ജ്യേഷ്ഠാ ഓർമ്മയില്ലയോ?

7. നിങ്ങൾ അഗ്നിദേവനെ ജയിച്ചു് അവസാനം ഭാര്യയായ സ്വാഹയെ പിടിച്ചു് ബലാൽസംഗം ചെയ്യുന്നതിനെ അ

ന്ദിദേവൻ കണ്ടു ഹേ മഹാപാപി എന്റെ മുഖേന അഹിതയി ല്ലാത്ത അനീതിയല്ലേ നീ ചെയ്യുത്. ഒരു കാലത്തു എന്റെ ബാ ധയാൽ നിന്റെ രാജ്യം അഗ്നി പിടിപെട്ടു അതിൽ നിന്റെ കു ടുംബങ്ങൾ നശിക്കുന്നതിനെ നീ കണ്ടു ദുഃഖിപ്പാൻ എടവരട്ടെ യെന്നു ശപിച്ചതും ഓൎമ്മയില്ലയോ? ആ ശാപം ഇപ്പോൾ അനുഭ വമായില്ലേ.

8. മരുതമെന്ന വനത്തിൽ ഇന്ദുവൎമ്മൻ എന്ന ഒരു വൈ ശ്യൻ തന്റെ ഭാൎയ്യയായ മതനകുഞ്ചിരിയോടുകൂടി വാനപ്രസ്ഥാ ശ്രമം ദീക്ഷിച്ച് വസിക്കും കാലം നിങ്ങൾ സത്യലോകത്തിൽനി ന്നു മടങ്ങി ലങ്കക്കു വരുന്ന സമയം ഇന്ദുവൎമ്മനെയും തന്റെ പ ത്നിയേയും കാണുകയും ആ സ്ത്രീയുടെ രൂപലാവണ്യങ്ങളെക്കണ്ടു നിങ്ങൾ കടന്നുപിടിച്ചു ബലാൽസംഗം ചെയ്കയും അതുകണ്ടു ഇ ന്ദുവൎമ്മൻ ഭയപ്പെട്ടു നിലവിളിക്കുകയും നിങ്ങൾ മുഷ്ടി ചുരുട്ടി അ വന്റെ മാറത്തിടിച്ചു അവനെ കൊലചെയ്കയും മരണസമയത്തു ഒരു മനുഷ്യൻ നിന്നെ മരണപ്പെടുത്തട്ടെയെന്നു ശപിച്ചു മരണ മടകയും അതിനുശേഷം നിങ്ങൾ ആസ്ത്രീയെ സംഗംനിമിത്തം കൊ ലചെയ്തതും ഓൎമ്മയില്ലയോ?

9. സൎവ്വസംഗപരിത്യാഗിയായ നാരദമഹൎഷി ഒരു ദിവസം നൎമ്മദാനദീതിരത്തിൽവെച്ചു നിങ്ങളെ കാണുകയും നിങ്ങൾ പ്ര ണവത്തിന്റെ അൎത്ഥമെന്തെന്നാദ്ദേഹത്തോടു ചോദിച്ചതിൽ നി ങ്ങൾ തൃപ്തിയില്ലാതെ നാരദനെ പരിഹസിച്ചു മേലിൽ സഭ സ്സിൽവെച്ചു വല്ല സംഭാഷണവും നീ ചെയ്യുതായി ഞാനറി ഞ്ഞാൽ നിന്റെ നാവു മുറിച്ചു കളയും ഓൎമ്മവെച്ചോയെന്നു നി ങ്ങൾ പറഞ്ഞതിനെക്കേട്ടു, ഹേ രാവണ! ഇപ്പോൾ നിന്റെ കാ ലബലം എങ്കിലും ഒരു കാലത്തു ഒരു മനുഷ്യന്റെ ചോദ്യത്തി ന്നു നീ സമാധാനം പറവാൻ നിന്റെ ജിഹ്വ സാധകമല്ലാതെ വ രട്ടെ എന്നു നാരദൻ ശപിച്ചതിനെ ഓൎമ്മവെക്കുവിൻ.

10. പുഷ്കരദ്വീപിലുള്ള കദംബവനത്തിൽവെച്ചു മൌൽഗല്യ നെന്ന മഹൎഷി ഹഠയോഗത്തെ യോജിച്ചു സ്വസ്തികാസനത്തിൽ ഇരുന്നു യോഗദണ്ഡു പിരടിയിൽക്കൊടുത്തിരിക്കുന്നതിനെ നി

ങ്ങൾ കണ്ടു കയ്യിലുണ്ടായിരുന്ന ചന്ദ്രഹാസംകൊണ്ടു മഹർഷിയുടെ യോഗദണ്ഡു വെട്ടിമുറിച്ച സമാധിയിളക്കിയതിനാൽ എടാ ദുഷ്ടാ നിന്റെ ചന്ദ്രഹാസം ശത്രുവിന്റെ അടുക്കൽ വശപ്പെടാതെ പോകട്ടെയെന്നു ശപിച്ചതും ഓർമ്മയുണ്ടായിരിക്കുമല്ലോ.

11. കൂർമ്മശൈലത്തുവെച്ചു് സനാതനമഹർഷികൾ അഭിഷേകാർത്ഥം മന്ത്രതന്ത്രങ്ങളാൽ പൂർത്തിപ്പെടുത്തിയ ബ്രഹ്മകലശം ശിഷ്യനായ ദത്താത്രേയൻ ഗുരുവിന്റെ ശിരസ്സിൽ അഭിഷേകം ചെയ്യാൻ പോകുന്നതിനെക്കണ്ടു നിങ്ങൾ കലശത്തെ തട്ടിപ്പറിച്ചു നിങ്ങളുടെ ശിരസ്സിൽ ഒഴിക്കുകയും അതുകണ്ടു ദത്താത്രേയൻ ഹേ പാപി! എന്റെ ഗുരുവിന്നു അഭിഷേകം ചെയ്യാൻ ഒരുക്കിയുള്ള കലശം നിന്റെ ശിരസ്സിലല്ലെ ഒഴിച്ചതു അതുകൊണ്ടു ഒരു കാലത്തു മർക്കടന്മാരാൽ അശുദ്ധി ബാധിച്ചുവെന്നു കരുതി ശുദ്ധികലശം ചെയ്യാനായി ബ്രാഹ്മണരെ വരുത്തി നിന്റെ ശിരസ്സിൽ അഭിഷേകം ചെയ്യുമ്പോൾ നീ നശിക്കട്ടെ, ശിരസ്സു ഉടനെ പൊട്ടിത്തെറിപ്പാൻ ഇടവരട്ടെയെന്നുള്ള ബ്രാഹ്മണരുടെ സങ്കല്പം നീ അറിയാതെ പോകട്ടെയെന്നു ദത്താത്രേയൻ ശപിച്ചതു ഓർമ്മയുണ്ടായിരിക്കുമല്ലോ.

12. ആദികാലത്തിൽ മണ്ഡോദരിയെ കല്യാണം കഴിച്ചു ലങ്കക്കു വരുന്ന മാർഗ്ഗമദ്ധ്യേ കോലാഹലപർവ്വതത്തിൽ വെച്ചു ആണിമാണ്ഡവ്യൻ എന്ന മഹർഷിയെ കാണുകയും നിങ്ങളെക്കണ്ടു മാനിച്ചില്ല എന്നു ക്രോധിച്ചു ഇരുപതു കരവും ചുരുട്ടി മഹർഷിയുടെ വക്ഷോദേശത്തിൽ ഇടിക്കുകയും തന്നിമിത്തം മർമ്മക്ഷോഭമുണ്ടായി മോഹിച്ചു വീഴുകയും തത്സമയം, ഹേ ദുഷ്കർമ്മി നിരപരാധിയായ എന്നെ അഹേതുവായി മർമ്മക്ഷോഭം വരുത്തിയതുകൊണ്ടു നിരായുധനായി മർക്കടനായ ശ്രീഹനുമാനാൽ അഷ്ടഗജങ്ങളെ ജയിച്ചുള്ള നിന്റെ മാർവ്വ്ബലം നശിക്കട്ടെയെന്നു ശപിച്ചതും ഓർമ്മയുണ്ടായിരിക്കുമല്ലോ.

13. ഹേ! ജ്യേഷ്ഠാ! ശ്ലേഷ്മാതകോടവിയിൽവെച്ചു അഷ്ടവക്രമഹർഷിയെ കാണുകയും ഹേ രസിക! നല്ല സൌന്ദര്യമുണ്ടു്, ശരീരം എത്ര വളവാണ് എട്ടേ, പോര; കഷ്ടം വല്ലവരും കാണില്ലേ ഞാൻ ഈ കണ്ട വളവ് നിവൃത്തിത്തരാം എന്നു പറഞ്ഞു മഹ

ഷിയെ പാദതാഡനം ചെയ്കയും മഹർഷിയും സങ്കടപ്പെട്ട ഹേ മഹാപാപി! നിർദ്ദോഷിയായ എന്നെ നീ ചവിട്ടിയതുകൊണ്ട നിന്നെ നിരക്ഷരകുക്ഷികളായ ശാഖാമൃഗങ്ങൾ കേശാദിപാദം ചവട്ടി നിൻെറ ശരീരമെല്ലാം രക്തം പ്രവഹിച്ച മാനഭംഗം ഭവിപ്പാനിടവരട്ടെ എന്നുള്ള ശാപവും ഓൎമ്മയുണ്ടല്ലൊ.

14. ദ്വൈപായനൻ എന്ന ഒരു വിശിഷ്ടബ്രാഹ്മണൻ തൻെറ സോദരിയോടുകൂടി കാശ്മീരമെന്ന ദേശത്തേക്ക വരുമ്പോൾ മാൎഗ്ഗത്തിൽവെച്ച നിങ്ങൾ കാണുകയും ഉടനെ മോഹനാംഗിയെപ്പിടിച്ച നിങ്ങൾ മാരലീല ചെയ്കയും ആ സ്ത്രീ അത്യന്തം നിലവിളിക്കുകയും തത്സമയം നിങ്ങൾ ആ സ്ത്രീയുടെ അധരത്തെ കടിച്ച വ്രണപ്പെടുത്തുകയും ചെയ്തതിനെ ദ്വൈപായനൻ കണ്ട ഹേ! മഹാദ്രോഹി! എൻെറ മുമ്പിൽവെച്ച സോദരിയെ നീ അവമാനിച്ചതു ഞാൻ കാണേണ്ടിവന്നതിനാൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. എങ്കിലും ഒരു കാലത്തിൽ കൃമികീടസദൃശനായ ഒരു മനുഷ്യനാൽ നിൻെറ സോദരിയുടെ അധരം മുതലായ അവയവങ്ങൾ നശിച്ച നീ കണ്ട ദുഃഖിപ്പാനിടവരട്ടെ, എന്നു ശപിച്ചതും ഓൎമ്മയുണ്ടായിരിക്കുമല്ലൊ. തന്നിമിത്തം നമ്മുടെ സോദരിയുടെ പഞ്ചഉറപ്പുകളും നശിച്ച കാണ്മാൻ ഇടയായതും ഓൎമ്മയുണ്ടല്ലൊ. ഇങ്ങിനെയുള്ള ശാപങ്ങളിൽ ഏതാനും ചില ശാപങ്ങൾ അനുഭവമായിട്ടില്ലയോ. കൃതവീൎയ്യപുത്രനായ കാൎത്തവീൎയ്യനോട നിങ്ങൾ തോററതും ഓൎമ്മവെക്കേണ്ടതാണ്.

ദശരഥാത്മജനായ ഈ രാമൻെറ പൂൎവ്വികന്മാരുടെ കഥയെ ആലോചിക്കുമ്പോൾ 101 തലമുറയിൽ 21 പേർ ചക്രവൎത്തികളും 6 പേർ സാൎവ്വഭൌമന്മാരുമാകുന്നു. ഇതിൽ ദശരഥൻെറ യോഗ്യത എൻെറ അറിവിൽപ്പെട്ടതു കുറഞ്ഞൊന്നു പറയാം. ജ്യേഷ്ഠാ! പണ്ട ശമ്പരൻ എന്ന അസുരൻ സ്വൎഗ്ഗത്തെ അടക്കി ഇന്ദ്രനെ സ്വൎഗ്ഗത്തിൽനിന്നു ആട്ടിക്കളകയും ഇന്ദ്രനും അവനിപഞ്ചകം എന്ന വനത്തിൽവന്നു അസുരകളറിയാതെ ഒളിച്ച താമസിച്ചു വരികയും ശമ്പരൻ, സ്വൎഗ്ഗത്തിൽ ഇന്ദ്രതുല്യനായി സുഖമനുഭവിച്ച് ആനന്ദിച്ചിരിക്കുകയും അങ്ങിനെയിരിക്കെ ഒരു ദിവസം ദ

ദശരഥൻ കൈകേയി എന്ന പത്നിയോടുകൂടി രഥാരോഹണം ചെയ്തു വൃക്ഷപക്ഷിമൃഗങ്ങളാൽ നിബിഡീകരിച്ചുള്ള വനവേട്ടക്കായി പുറപ്പെട്ടുകയും വനത്തിൽ കടന്നു സഞ്ചരിക്കുന്നതിനെ ഇന്ദ്രൻ അറിഞ്ഞു അതിവേഗത്തിൽ വന്നു ദശരഥന്റെ പാദാഭിവാദ്യം ചെയ്തു ശമ്പരനാൽ ഉണ്ടായ ഉപദ്രവങ്ങളെല്ലാം പറഞ്ഞറിയിപ്പിക്കുകയും ദശരഥൻ അത് കേട്ട ഉടനെ, വ്യസനിക്കേണമെന്നില്ലം. ഞാൻ രാജ്യത്തെ വീണ്ടുതരുമെന്നു ശപഥം ചെയ്തു താൻ അയോദ്ധ്യക്കു മടങ്ങാതെയും യാതൊരു സൈന്യങ്ങളുടെ സഹായങ്ങളെ കാംക്ഷിക്കാതെയും താൻ ഏകവില്ലോടുകൂടി സ്വൎഗ്ഗത്തിലേക്കു രഥം നടത്തി ശമ്പരനോടു യുദ്ധമററ സമയം, ഇന്ദ്രൻ, അഗ്നി, യമൻ, നിരൃതി, വായു, വരുണൻ, കുബേരൻ, ഈശാനൻ, എന്നുള്ള ദിക്പാലകന്മാർ വസിക്കുന്ന എട്ടു ദിക്കുകളിൽനിന്നും ആകാശഭൂലോകം എന്ന രണ്ടു ദിക്കുകളിൽനിന്നും, ഇങ്ങിനെ പത്തുദിക്കുകളിൽനിന്നും പത്തു ശമ്പരനായി മായയാൽ ദശരഥനോടു യുദ്ധം ചെയ്കയും ശരവൎഷം ചെയ്യുതിൽ പത്തു ശമ്പരന്മാരോടും ഏകകാലത്തിൽ തന്റെ രഥത്തെ ഇടം വലം തിരിച്ചു പത്തു ദിക്കുകളിൽനിന്നും വരുന്ന ശരങ്ങൾക്കു പ്രത്യസ്ത്രം തൊടുത്തു പശ്ചവസാനം ശമ്പരനെ വധിച്ചതു കണ്ടു അംബരചാരികളായ ദേവന്മാർ ദശരഥൻ എന്നു കീൎത്തിക്കുകയും ഇന്ദ്രനെ സ്വൎഗ്ഗത്തിൽ ഇരുത്തി താൻ അയോദ്ധ്യക്കു മടങ്ങുകയും ചെയ്തു.

ക്ഷത്രിയരാജാക്കന്മാൎക്കു സത്യത്തിന്നു എത്രത്തോളം ഉറപ്പുണ്ടെന്നാലോചിക്കുന്നതിൽ ഹരിശ്ചന്ദ്രൻ എന്ന ഒരു ചക്രവൎത്തി വിശ്വാമിത്രനോടു ചെയ്തു വാഗ്ദത്തത്തിനെ രക്ഷിപ്പാനായി തന്റെ രാജ്യവും പത്നിയെയും മകൻ ലോഹിതനേയും ഒരു ബ്രാഹ്മണന്നു വിലക്കു വില്ക്കുകയും എന്നിട്ടും പോരാതെ വന്ന സംഖ്യക്കു താനും ശ്വപചന്നു അടിമയായിത്തീൎന്നു. എന്നിട്ടും സത്യം വെടിഞ്ഞിട്ടില്ല.

പണ്ട് സൂൎയ്യകേതു എന്ന ഒരു അസുരൻ ഇന്ദ്രനെ സ്വൎഗ്ഗത്തിൽനിന്നു ആട്ടിക്കളകയും ഇന്ദ്രനും അതിവേഗത്തിൽ അയോദ്ധ്യയിൽ വന്നു അന്നത്തെ രാജാവായ പുരഞ്ജയൻ എന്ന ചക്ര

വൎത്തിയോടു സൂൎയ്യകേതുവാലുണ്ടായ കഷ്ടനഷ്ടങ്ങളെയെല്ലാം പറഞ്ഞു സങ്കടപ്പെടുകയും അതു കേട്ട നീ എനിക്കു ഒരു വാഹനമായി വന്നാൽ സൂൎയ്യകേതുവെ വധിച്ചുതരാമെന്നു വാഗ്ദത്തം ചെയ്കയും ഇന്ദ്രൻ ഉടനെ ഒരു എരുതായി വരികയും പുരഞ്ജയൻ ആയെരുവിന്റെ കകുസ്ഥ, എന്ന പൂഞ്ഞക്കുന്നിൽനിന്നു യുദ്ധം ചെയ്തു സൂൎയ്യകേതുവെ വധിച്ചു ഇന്ദ്രന്നു സ്വൎഗ്ഗത്തെ വീണ്ടുകൊടുത്തതും നിന്തിരുവടി അറിയുമല്ലോ. എന്നാൽ ഇന്ദ്രനെ വാഹനമാക്കുവാനുള്ള കാരണം വേറെ യാതൊരു വാഹനമാവട്ടെ രഥങ്ങളാവട്ടെ സൂൎയ്യകേതുവിനെ അടുത്താൽ സൂൎയ്യകേതുവിന്റെ ഒരു ഹുംകാരത്താൽ അതുകൾ ദഹിച്ചുപോകുന്നതാണ്. അതു ബ്രഹ്മാവിനാൽ ദത്തമായ അനുഗ്രഹത്താലാണ്. എന്നാൽ ഇന്ദ്രൻ ദഹിക്കാതിരിപ്പാനുള്ള കാരണം അമൃത് ഭക്ഷിച്ചതിനാലാണ്.

പൃഥുവെന്ന ഒരു മഹാരാജാവ് വില്ലെടുത്തു ഭൂമീദേവിയോടു യുദ്ധം ചെയ്കയും ഭൂമീദേവിയും ഗോരൂപമെടുത്തു തന്റെ അകിട്ടിൽനിന്നു വിത്തുകളായ വിളകളെല്ലാം പൃഥുമഹാരാജാവിന്നു ദാനം ചെയ്തിട്ടുണ്ട്.

പ്രിയവ്രതൻ എന്ന ഒരു മഹാരാജാവു ആദിത്യനോടു മത്സരിച്ചു ഏകരഥമേറി മേരുവെ പ്രദക്ഷിണം ചെയ്കയും ആ രഥത്തിന്റെ ചക്രം പോയമാൎഗ്ഗങ്ങളാണിപ്പോൾക്കാണുന്ന ഈ സാഗരങ്ങൾ.

ഈ ലവണസമുദ്രം എത്രാനും ഭാഗം സഗരന്മാരാൽ കുഴിച്ചുണ്ടാക്കപ്പെട്ടതാണ്. ഭഗീരഥൻ എന്ന ഒരു മഹാരാജാവു ആകാശഗംഗയെ പാതാളത്തിലേക്കു കൊണ്ടുപോയി പിതൃപ്രസാദം വരുത്തീട്ടുണ്ട്. ത്രിശങ്കുവെന്ന മഹാരാജാവു ഇപ്പോഴും സ്വൎഗ്ഗത്തിൽ ദേഹത്തോടുകൂടിയിരിക്കുന്നുണ്ട്. പണ്ടു ത്രിപുരന്മാരെ വധിപ്പാനായ്ക്കൊണ്ടുണ്ടാക്കിയ വില്ലും നാരായണാസ്ത്രവുമാണ് മുണ്ടകത്തുറയിൽവെച്ചു കുംഭസംഭവനായ അഗസ്ത്യൻ രാമാദികൾക്കു കൊടുത്തിട്ടുള്ളത്. നമ്മുടെ കയ്യിലുള്ള വില്ലുകൾ ഇരുമ്പിനാലും ഉറപ്പുള്ള വൃക്ഷം മുളകളെക്കൊണ്ടും ഉണ്ടാക്കപ്പെട്ടതാണ്. രാമൻ കയ്യിലുള്ള വില്ല് ലോഹങ്ങളാലോ വൃക്ഷാദികളിനാലോ ഉണ്ടാക്കപ്പെട്ട

താനെന്നു ആൎക്കും പറവാൻ സാധിക്കുന്നതല്ല. മേരുവെന്ന മഹാമാദ്രിയേക്കാളും ശക്തിയുണ്ടെന്നു പറയണം. നമ്മുടെ വില്ലിൽ ആകൎണ്ണാന്തം വലിച്ചു മുറുക്കുന്ന ഞാണ് ഇടക്കിടെ അറ്റുപോകുമാറുണ്ട്. രാമന്റെ വില്ലിൽ കെട്ടിയ ഞാണ് യാതൊരുകാലത്തും അറ്റുപോകുന്നതല്ല. ഇങ്ങിനെയുള്ള വൈഭവങ്ങളെല്ലാം ക്ഷത്രിയരാജാക്കന്മാൎക്കുണ്ട്. ആ വംശത്തിൽ ജാതനാണ് ദശരഥരാമൻ. സാക്ഷാൽ നാരായണസ്വാമി കലാംശജാതനാണ്. ധൎമ്മരക്ഷാൎത്ഥം അവതാരപുരുഷനായ രാമന്റെ ചരിത്രങ്ങൾ വല്ലവണ്ണും നിന്തിരുവടി അറിഞ്ഞും അറിയാത്തതുപോലെ നടിക്കുന്നതു നിന്തിരുവടിക്കു ഉചിതമല്ല. ആയതുകൊണ്ടു ലോകജനനിയായ ജാനകിയെ കൊണ്ടുപോയി ചിറവിട്ടു രക്ഷപ്പെടുന്നതാണ് യോഗ്യതാപക്ഷം. എന്നു വിഭീഷണൻ പറഞ്ഞതിനെക്കേട്ടു രാവണൻ പറയുന്നു: എടാ രണഭീരു! എന്റെ അഭിപ്രായത്തിന്നു യോജിച്ചതായ വാക്കുകളെ പറയുമെന്നാണ് ഞാൻ വിചാരിച്ചു നിണക്കു സംസാരിപ്പാൻ എടതന്നത്. എന്റെ വിലയേറിയ സമയമെല്ലാം വൃഥാ പോയിയെന്നല്ലാതെ യാതൊരു പ്രയോജനവും കണ്ടില്ല. രാമൻ പ്രബലനാണെന്നു നിന്റെ പല വാക്കുകളാലും വെളിപ്പെടുന്നുണ്ട്. എടാ, ശത്രുപക്ഷി! രാമൻ ചെയ്യു പ്രബലത ആലോചിക്കുമ്പോൾ, മുമ്പുതന്നെ ഊനപ്പെട്ടു കിടന്നിരുന്ന ഒരു വില്ലു മുറിച്ചു. വളരെ ധാൎഷ്ട്യ ഭവിച്ച താടകയെന്ന ഒരു സ്ത്രീയെ വധിച്ചു. മൂലത്തിൽ വൃതലായ സാലങ്ങളെ ഭേദിച്ചു. രാജ്യത്തെ ഭരിപ്പാൻ സമൎത്ഥനല്ലാതെ രാജരികം അനുജന്നു കൊടുത്തു. ശ്രീനാരായണന്റെ കലാംശജാതനാണ് ഈ രാമൻ എന്നല്ലേ നീ പറയുന്നത്. സാക്ഷാൽ നാരായണനെ ഞാൻ ജയിച്ചിരിക്കെ ഇവൻ വേഷംകെട്ടി വന്നാലും എപ്രകാരം എന്നെ ജയിക്കും. സാരമില്ലാത്ത വാക്കുകളെ പറഞ്ഞാൽ നിന്നെ ചന്ദ്രഹാസത്തിന്നു ഇരയാക്കുന്നുണ്ടെന്നും മറ്റും രാവണൻ ക്രോധിക്കുന്നതിനെ കേട്ടു വീണ്ടും വിഭീഷണൻ രാവണനെ വണങ്ങി ശരണം ജ്യേഷ്ഠാ! അവിവേകികളെപ്പോലെ അഭിമാനിക്കുന്നതിൽ പ്രയോജനമില്ല. പണ്ടു ഹിരണ്യകശിപുവെന്ന അസുരേശ്വരൻ ത്രൈ

ലോകൃങ്ങളും കീഴടക്കി സൎവ്വശരീരികളും രാമകൃഷ്ണേത്യാദികളായ തിരുനാമങ്ങളെ വിട്ടു ഹിരണ്യായനമ എന്നു സ്തുതിക്കേണമെന്നു കല്പിക്കുകയും അതേപ്രകാരം എവരും നടന്നു വരുന്ന മദ്ധ്യേ തനിക്കു പ്രഹ്ലാദൻ എന്ന ഒരു പുത്രൻ പിറന്നു പഞ്ചവയസ്സു തികഞ്ഞപ്പോൾ കുലഗുരുവായ ശുക്രമഹൎഷിയെ വരുത്തി വിദ്യാഭ്യാസം ചെയ്വാൻ ഏല്പിച്ചു വിദ്യാശാലയ്ക്കയക്കുകയും ശുക്രമഹൎഷി പള്ളിക്കൂടത്തിലേക്കു കൂട്ടിക്കൊണ്ടുപോയി പ്രഹ്ലാദനെ മടിയിലിരുത്തി ഹിരണ്യായനമയെന്നു ഉപദേശിക്കുകയും അതുകേട്ടു [illegible] ഹ്ലാദൻ ഹരി ഹരിയെന്നു വചനിക്കുകയും അതുകേട്ടു ശുക്ര[illegible] കിടുകിടെ വിറച്ചു അല്ലയോ ബാല! നിന്റെ അച്ഛൻ ഹി[illegible]ണ്യകശിപുവിന്റെ ശത്രുവാണ് നീ പറയുന്ന ശ്രീ ഹരി. ആ[illegible]കൊണ്ടു ആ ശബ്ദം അച്ഛൻ കേട്ടുപോയാൽ നിന്നെയും എ[illegible]ന്ന [illegible]കൊലപ്പെടുത്തും. മേലിൽ നീ അതു പറയരുതെന്നു പ[illegible] [illegible]ഹിരണ്യനാമം ഉപദേശിച്ചു. അപ്പോഴും ശ്രീഹരി എന്[illegible] [illegible]ത്തോടെ സ്തുതിച്ചു. അതുകേട്ടു മഹൎഷി അത്യന്തം ഭയപ്പെട്ടു. [illegible]പതരത്തിലും പ്രഹ്ലാദനോടു പറഞ്ഞും കേൾക്കാതെ [illegible] പ്രഹ്ലാദനേയുംകൂട്ടി ഹിരണ്യന്റെ അടുക്കലേക്കു വ[illegible] [illegible]ഹിരണ്യൻ മകനെ കണ്ടു ഉടനെ വാരിയെടുത്തു ആശ്ലേഷിച്ചു [illegible]ാദികളെ ചെയ്തു മടിയിലിരുത്തി ബാലാ! നിണക്കു ഗുരു[illegible]ദേശിച്ച വിദ്യയെന്തു? പറയുക. എന്നതിനെ കേട്ടു പ്രഹ്ല[illegible] ശ്രീഹരി എന്നു വചനിക്കുകയും അതു കേട്ടു ഉടനെ [illegible]ന്റെ നേത്രം ചുവന്നു മുഖം വിശത്ത് ദന്തം കടിച്ചു എടാ [illegible] ഈ വിദ്യയാണ് ശുക്രൻ ഉപദേശിച്ചതു എന്നുചോ[illegible]ന്റെ മുഖത്തേക്കു നോക്കുകയു[illegible] ശുക്രനും ഭയപ്പെട്ടു ഹേ രാ[illegible]ാൻ ഉപദേശിച്ചതു അങ്ങയുടെ തിരുനാമമാണ്. എന്[illegible]ത്യം ഉപദേശിച്ചാലും ശത്രുവിന്റെ നാമമാണ് മകൻ [illegible]ന്നത്. എന്നാൽ യാതൊരു കഴിവുമില്ലാതെ ഇവിടത്തെ [illegible]വിലേക്കു വന്നതാണ്. എന്നു വിനയാന്വിതനായി [illegible] അതു കേട്ടു ഉടനെ മകനെ നോക്കി എടാ കുട്ടീ: നമ്മുടെ ശത്രു[illegible]ന്ന് ഹരി ഓൎമ്മവെക്കണം. മേലിൽ ഹരിയെന്നു ശബ്ദിക്കരുത്. ഹി

ണ്യായനമ എന്നു പറയുക എന്നു പ്രഹ്ലാദനു ഉപദേശിച്ചു. അപ്പൊഴും യാതൊരു ചലനഭാവവുംകൂടാതെ ശ്രീഹരിയെന്നു പറഞ്ഞു. അതുകേട്ടു ഉടനെ മടിയിലിരുന്ന കുട്ടിയെ എടുത്തു എറിയുകയും അവിടെച്ചെന്നു വീഴുമ്പൊഴും കുട്ടി ശ്രീഹരിയെന്നു സ്തുതിക്കുകയും പിന്നെ അഷ്ടനാഗങ്ങളെ വരുത്തി വിഷം കുടിപ്പിച്ചും ഗജങ്ങളെക്കൊണ്ടു തലയെരടിച്ചും, കല്ലുകെട്ടി സമുദ്രത്തിലിട്ടും, ചെമ്പുകിടാരം പഴുപ്പിച്ചു അതിലിട്ടും, കാൽകരം കൂട്ടിക്കെട്ടി ഏഴുനിലമേടയുടെ മുകളിൽനിന്നു അധോഭാഗമായി തള്ളിയും നാനാപ്രകാരമായ ഉപദ്രവങ്ങളെ ചെയ്തും പ്രഹ്ലാദനു യാതൊരു അപായങ്ങളും നേരിടാത്തതുകണ്ടു ഹിരണ്യൻ ആശ്ചൎയ്യപ്പെട്ടു മകനെ സമീപത്തിലിരുത്തി എടാ നിൻെറ ഹരി എവിടെയാണെന്നു നീ അറിയുമൊ പറയുക എന്നതിനെകേട്ടു പ്രഹ്ലാദൻ ഞാൻ സ്തുതിക്കുന്ന എൻെറ ഉപാസനമൂൎത്തിയായി ജഗദീശ്വരനായുള്ള ശ്രീഹരി എള്ളിൽ എണ്ണപോലെ. പഴത്തിൽ മധുരംപോലെ ചന്ദനത്തിൽ ഗന്ധംപോലെ, കരുമ്പിൽ രസംപോലെ, ഇരുമ്പിൽ മൂൎച്ചപോലെ, വിത്തിൽ മുളപോലെ, സൎവ്വ ചരാചരപരിപൂൎണ്ണനായിരിക്കുന്നവനെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നു മറുവടിപറയുകയും അതുകേട്ടു ഹിരണ്യൻ എടാ പിതൃദ്വേഷി! എന്നാൽ ഈ സ്തംഭത്തിൽ നിൻെറ ഹരിയുണ്ടായിരിക്കുമൊ? എന്നതിനെക്കേട്ടു സ്തംഭത്തിലെന്നുവേണ്ട തുരുമ്പിലുമുണ്ടാകുമെന്നു പറയുകയും അതുകേട്ടു ഉടനെ ഹിരണ്യൻ ക്രോധാഗ്നിയെ ജ്വലിപ്പിച്ചു തൻെറ മുഷ്ടി ചുരുട്ടി പുരോഭാഗത്തിലുള്ള വജ്രസ്തംഭത്തിൽ ഇടിക്കുകയും ഇടികൊണ്ടു വജ്രസ്തംഭം തിലസദൃശമായ്പ്പൊടിഞ്ഞമാത്രയിൽ ലോകങ്ങൾ ഞെട്ടുമാറു ഒരു അട്ടഹാസം കേൾക്കുകയും ആ സിംഹഗൎജ്ജനത്താൽ അസുരന്മാർ ഏവരും മോഹാലസ്യപ്പെട്ടു സൂത്രക്കയററപ്രതിമപോലെ ഭൂമിയിൽ പതിക്കുകയും ആ അവസരത്തിൽ സ്തംഭത്തിൽനിന്നു സാക്ഷാൽ ശ്രീനാരായണനായ ശ്രീഹരി ഭക്തനായപ്രഹ്ലാദൻെറ രക്ഷാൎത്ഥം നരസിംഹമായി വെളിയിൽപുറപ്പെട്ടു. ഭക്തനായ പ്രഹ്ലാദനെ പിൻഭാഗത്താക്കി തന്നോടെതിരേററ ഹിരണ്യനായ് പലേ തരത്തിലും ത്രിസന്ധ്യാസമ

സംവരെ യുദ്ധംചെയ്തു തന്റെ മടിയിൽ മലൎത്തിക്കിടത്തിനഖശിഖരങ്ങളാൽ ഹിരണ്യന്റെ മാറു് പിളൎന്നു താൻ രക്താഭിഷേകം ചെയ്തു കുടൽമാലചൂടി പശ്ചാവസാനം വധിക്കകയുംചെയ്തു. ഭക്തനായ പ്രഹ്ലാദന്നു അഭീഷ്ടംപോലെയുള്ളവരങ്ങളെ ദാനം ചെയ്തു താൻ അന്തൎദ്ധാനം ചെയ്തു. അക്കാലത്തു പ്രഹ്ലാദന്റെ വാക്കിനെ ഹിരണ്യൻ ധിക്കരിക്കയാൽ ഉണ്ടായ അനുഭവംപോലെ എന്റെ വാക്കിനെ ഈ അവസരത്തിൽ കേൾക്കാത്തപക്ഷം നിങ്ങളും പുത്രമിത്രകളത്രഗോത്രങ്ങളും രാമസായകത്താൽ മരിക്കേണ്ടിവരും. ആയതുകൊണ്ടു ജന്മം വൃഥാ പാഴപെടുത്താതെ ജാനകിയെച്ചിറവിട്ടു രക്ഷപ്പെടുന്നതും ഏററവും ശുഭപ്രദമാണെന്നു പറഞ്ഞവസാനിക്കുന്നതിന്നുമുമ്പു ചന്ദ്രഹാസമെടുത്തിളക്കി രാവണൻ പറയുന്നു. എടാ ശത്രുപക്ഷി! ഈ 50 ലക്ഷസംവത്സരമായി ഞാൻ നിണക്കു സൎവ്വവും തന്നു രക്ഷിക്കുന്നു. നിന്നാൽ എനിക്കു യാതൊരുപകാരവും ഉണ്ടായിട്ടില്ല. നീ കൃത്രിമശത്രുവായിട്ടാണു് ഭവിച്ചതു്. ക്ഷീരം കൊടുത്തു വളൎത്തിയാലും ഒടുവിൽ സൎപ്പം വിഷത്തിനെ ദാനം ചെയ്യുന്നതുപോലെ നിന്നെ അനുജനെന്നുള്ള സ്നേഹനിലയിൽ ലങ്കയിൽ വെച്ചിരുന്നാൽ എന്റെ കുടുംബത്തിന്നു ദ്രോഹമാണു് നിന്റെ ഉദ്ദേശം എന്നിപ്പോഴാണു വെളിവിലായതു്. ഹിരണ്യനാൽ ആൎജ്ജിതമായ സകല ഭാഗ്യവും അനുഭവിക്കണമെന്നുള്ള ഉദ്ദേശത്താൽ 'നാരായണനെക്കൊണ്ടു പിതാവിനെക്കൊല്ലിച്ച പുത്രൻ സിംഹാസനാരൂഢനായിരുന്നതുപോലെ രാമനെക്കൊണ്ടു എന്നെ കൊല്ലിച്ചു ആൎജ്ജിതമായ രാജ്യാഭിഷേകം മുതലായ സകല ഭാഗ്യങ്ങളും നിണക്കനുഭവിക്കേണമെന്നുള്ള നിന്റെ ആത്മവിശ്വാസം എനിക്കു മനസ്സിലായി. ആയതിന്നു നീയും നിന്റെ സഹായിയായ രാമനും കൂടിയാൽ ഈ ജന്മത്തു സാധിക്കുന്നതല്ല. ആയതുകൊണ്ടു നീ ഇപ്പോൾ ലങ്കയെ വിട്ടുപോകണം. അല്ലെങ്കിൽ നിന്നെ ഞാൻ ചന്ദ്രഹാസത്തിന്നിരയാക്കും. നിന്നെ മേലിൽ ലങ്കയിൽ കണ്ടാൽ ചമ്മട്ടിയെന്നു ചെരുപ്പെടുത്തു അടിക്കണമെന്നു പരിചാരകന്മാരോടു കല്പിക്കയും അതുകേട്ടു വിഭീഷണൻ വീണ്ടും രാവണന്റെ

പാദത്തിൽ നമസ്കരിച്ചു ശരണം രാവണീശ്വരാ! അങ്ങയുടെ കല്പനയ്ക്കു ആരാലും തടസ്ഥം പറവാൻ കഴിയുന്നതല്ല. എങ്കിലും യഥാൎത്ഥം പറഞ്ഞതിനാൽ മേലിൽ ലങ്കയിൽ കാണരുതെന്നല്ലൊ കല്പിച്ചത്. ബ്രഹ്മകല്പനയെ ലംഘനം ചെയ്വാൻ ലോകത്തിൽ ഒരു ശരീരിയും സമൎത്ഥനാവുന്നതല്ല. ഇതാ ഞാൻ ലങ്കയെ വിട്ടുപോകുന്നു. നിന്തിരുവടിയും കുടുംബങ്ങളും രാമസായകമേററു മരിക്കുന്നതിന്നു യാതൊരു സംശയവുമില്ല. അങ്ങയുടെ പത്തു ശിരസ്സും അററു മണ്ണിൽ പുരളുമ്പോൾ അടിയൻ വരാം. ഇപ്പോൾ പോകുന്നു എന്നു പറഞ്ഞു ആലോചനസഭയെ വിട്ടു വെളിയിൽ വന്നു തന്റെ മന്ത്രികളായ അനിലൻ, നീലൻ, അരൻ, സമ്പാതി എന്നിങ്ങിനെ നാലു മന്ത്രികളെക്കൂട്ടി ഒരു ഗൂഢസ്ഥലത്തിരുന്നു മേലിൽ ചെയ്യേണ്ടുന്ന മാൎഗ്ഗമെന്തെന്നാലോചിക്കുകയും ആലോചനയുടെ പൎയ്യവസാനം സൎവ്വേശ്വരനായ ശ്രീരാമസ്വാമിയെ അഭയം പ്രാപിക്കുകയാണ് ഉത്തമമെന്നു തീൎച്ചപ്പെടുത്തി മന്ത്രിപ്രവരന്മാരോടുകൂടി സമുദ്രത്തിന്റെ വടതീരത്തിൽ വരികയും അവിടെ സുഗ്രീവാദിവാനരങ്ങളെക്കാണുകയും അതിൽ സമ്പാതിയെന്നമന്ത്രി സുഗ്രീവന്റെ സമീപം വരുന്നതിനെക്കണ്ടു സുഗ്രീവൻ ചോദിക്കുന്നു. നിങ്ങൾ ആര്? എന്തിന്നായി വന്നു. യുദ്ധം ചെയ്യുന്നുവോ, വേറെ വല്ല സംഗതിവശാലൊ പറയുവിൻ. എന്നതിനെക്കേട്ടു സമ്പാതി, ഹേ വാനരാധിപ! ലങ്കാധിപനായ രാവണൻ തന്റെ മന്ത്രികളോടുകൂടി സ്വാമിപത്നിയെ വിടുന്നതൊ നല്ലത് അല്ല യുദ്ധത്തിന്നു ആരംഭിക്കുന്നതോ നല്ലത് എന്നുള്ള മന്ത്രാലോചനയിൽ മന്ത്രികളെല്ലാം എജമാനപ്രീതിയായ വാക്കുകളെപ്പറയുകയും തന്റെ സോദരനായ വിഭീഷണൻ അഗ്രജനെ നമസ്കരിച്ചു ശാസ്ത്രാനുസരണമായ അനേക നീതിന്യായങ്ങളെയും രാവണന്നു ഇതുവരെ സിദ്ധിച്ചതായ ശാപകോപാദികളെയും ക്ഷത്രിയ രാജാക്കളുടെ വൈഭവങ്ങളേയും സാക്ഷാൽ ജഗദീശ്വരനായ ശ്രീരാമസ്വാമിയുടെ അവതാരശേഷമുണ്ടായ അത്ഭുതങ്ങളെയും അഗസ്ത്യനാൽ ദത്തമായ അസ്ത്രമോക്ഷണ്യങ്ങളെയും രാവണനെ കേൾപ്പിച്ചു, സൎവ്വേശ്വരിയായ ജാനകിയെ വിട

വിടേണമെന്നും അല്ലാത്തപക്ഷം രാമസായകത്താൽ രാക്ഷസഗോത്രം നശിച്ചുപോകുമെന്നും പറഞ്ഞതിനെ രാവണൻ കേട്ടു ക്രോധാന്ധനായി മേലിൽ ലങ്കയിൽ നിന്നെ കാണരുതെന്നും കണ്ടാൽ ചമ്മട്ടികൊണ്ടു സമ്മാനിക്കേണമെന്നു പരിചാരകന്മാരോടു കല്പിക്കുകയും തന്നിമിത്തം വിഭീഷണനും ഞങ്ങൾ നാലുപേർ മന്ത്രികളും കൂടി ആലോചിച്ചു പരാപരഗുരുവായ ഭഗവാനെക്കണ്ടു അഭയം പ്രാപിപ്പാൻ വന്നതാണ്. അല്ലാതെ വേറെ യാതൊരു സംഗതിക്കും വന്നവനല്ല. ഈ സംഗതി ഭഗവാനെ ഉണർത്തിക്കേണമെന്നു സമ്പാതി പറഞ്ഞതിനെ സുഗ്രീവൻ കേട്ടു അങ്ങിനെയാണെങ്കിലും ഈ വസ്തുത ഭഗവാനെ കേൾപ്പിച്ചു മറുവടിപോലെ ആവാം അതുവരെ നിങ്ങൾക്കു യാതൊരു ദിക്കിലേക്കും പോവാൻ പാടില്ലെന്നു തന്റെ മന്ത്രിയായ മാരുതിയെ വരുത്തി ഇവരെ എവിടെക്കും വിട്ടയക്കരുത്. ഈ വിവരം ഭഗവാനെ കേൾപ്പിച്ചു വരട്ടെയെന്നു സുഗ്രീവൻ ശ്രീരാമസ്വാമിയെ നമസ്കരിച്ചു വിഭീഷണന്റെ മന്ത്രി സമ്പാതി പറഞ്ഞ വിവരങ്ങളെല്ലാം ഉണർത്തിക്കുകയും ആ വിവരം ഭഗവാൻ കേട്ടു തന്റെ സൈന്യങ്ങളും സഹായികളുമായ സുഗ്രീവാദികളോടു ആലോചന തുടങ്ങി.

## ഭഗവാൻ സുഗ്രീവാദികളോടുള്ള മന്ത്രവിചാരം.

ഹേ സുഗ്രീവാ! ഇപ്പോൾ ഞാൻ പറയുന്നതിനെ എല്ലാവരും കേൾക്കണം. ജാനകീചോരനായ രാവണന്റെ സോദരൻ അഭയം പ്രാപിപ്പാൻ വന്നിട്ടുണ്ട്. ആയവന്നു അഭയം കൊടുക്കുന്നതിനു ലക്ഷ വല്ല വിരോധവുമുണ്ടോ. നിങ്ങളുടെ അഭിപ്രായമെന്താണെന്നറിവാൻ ആഗ്രഹിക്കുന്നു. എന്നു ഭഗവാൻ ചോദിച്ചതിന്നു വാനരാധിപനായ സുഗ്രീവൻ ഭഗവാനെ നോക്കി കോടി മാർത്താണ്ഡവിജയി കിരീടമണിമകുടവിലസൽ ശ്രീവീരരാഘവസ്വാമിൻ! ഒരു കാര്യം തീർച്ചപ്പെടുത്തേണമെങ്കിൽ നിരക്ഷരകുക്ഷിയായ അടിയനോട് നിന്തിരുവടി ആലോചിച്ചു വേണമെന്നില്ല എങ്കിലും അടിയന്റെ അഭിപ്രായം ഉണർത്തിക്കാം. സ്വാമിൻ! ഈ വിഭീഷണൻ ശത്രുപക്ഷത്തിൽനിന്നു ശരണം പ്രാപിപ്പാൻ വന്നവ

നാണെന്നു തന്നെയല്ല, ജാനകീചോരനായ രാവണസോദരനാണ്. ശത്രുക്കളെ ചാൻ കൊല്ലണം എന്നു കരുതി വന്നവനായിരിക്കുമെന്നാണ് അടിയൻെറ അഭിപ്രായം എന്നു കേൾപ്പിച്ചു.

## പടനായകനായ നീലൻ.

സ്വാമിൻ രാവണൻ നിന്തിരു പടിക്കു മാത്രം വിരോധിയല്ല. പണ്ടു അങ്ങയുടെ പൂർവ്വികന്മാരിൽ അനരണ്യനെന്ന മഹാചക്രവൎത്തി രാജാവിനെ കൊലചെയ്യുവനാണ്. എന്നുതന്നെയല്ല നമ്മുടെ സൈന്യങ്ങൾക്കു മായത്തിൽ യാതൊരു നൈപുണ്യവുമില്ല. തന്നിമിത്തം പടയിടയിൽ എപ്പോഴാണു വഞ്ചനാൎത്ഥമായ കാൎയ്യങ്ങളെ ഇവൻ പ്രയോഗിക്കുന്നതു എന്നു അറിവാൻ പ്രയാസമായിരിക്കും. ആയതുകൊണ്ടു അടിയൻെറ അഭിപ്രായം സുഗ്രീവരാജൻെറ അഭിപ്രായത്തെ പിന്താങ്ങുന്നു എന്നു കേൾപ്പിച്ചു.

അംഗദൻ ഭഗവാനോടു സ്വാമിൻ! വിഭീഷണൻ അങ്ങയുടെ പരമാൎത്ഥത്തെ അറിഞ്ഞ് അഭയസ്ഥാനം വഹിപ്പാൻ വന്നവനായിരുന്നാൽ ഇതിന്നുമുമ്പു വരേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാതെ ഈ അവസരത്തിൽ വന്നതിനെ ആലോചിക്കുമ്പോൾ രാക്ഷസന്മാരുടെ ജാതാചാരമായ മായാകാൎയ്യങ്ങളെക്കൊണ്ടു സംഘത്തിൽ കടന്നു കാൎയ്യം നിവൃത്തിപ്പാൻ വന്നവനായിരിക്കുമെന്നാണ് അടിയൻെറ ഊഹം എന്നു ഉണൎത്തിച്ചു.

ജാംബവാൻ, സ്വാമിൻ! ഒരു കാലത്തും വിഭീഷണന്നു അഭയസ്ഥാനം കൊടുപ്പാൻ പാടുള്ളതല്ല. രാവണൻെറ [illegible]ണ്. രാവണനെയും ഇവനെയും ഒന്നുപോലെ കരുതേണ്ടതാണ്. അഭയസ്ഥാനം കൊടുക്കുന്നപക്ഷം രാവണവധം കഴിഞ്ഞതിന്നു ശേഷമാവാമെന്നല്ലാതെ ഇപ്പോൾ ഒരിക്കലും പാടുള്ളതല്ലെന്നാണ് എൻെറ അഭിപ്രായം. ഭഗവാനെ നോക്കി ഹനുമാൻ പറയുന്നു സ്വാമിൻ, ഈ വാനരസംഘത്തിൽവെച്ചു അടിയൻ നാല്പത്തിരണ്ടാമത്തെ ഒരു മന്ത്രിയാണ്. സുഗ്രീവൻ മുതൽ 21 രാജാക്കളും നാല്പത്തൊ

ന്നു മന്ത്രികളും വിഭീഷണനെ സ്വീകരിപ്പാൻ പാടില്ലെന്നു പറഞ്ഞിരിക്കെ അടിയന്നു ഇതിനെപ്പററി എന്തൊന്നാണു പറവാനുള്ളത്. എങ്കിലും സർവ്വേശ്വരനായ തിരുവടി ചോദിച്ചതുകൊണ്ടു കുറഞ്ഞൊന്നു പറയാം. രാമചന്ദ്രാ; അടിയൻ സർവ്വേശ്വരിയായ ജാനകിയെ അന്വേഷിച്ചു ലങ്കയിൽ കടന്നു എല്ലാ ഗൃഹങ്ങളിലും നോക്കുന്ന സമയം അനേക കുംഭങ്ങളിൽ മദ്യവും മാംസവും നിറച്ചുവെച്ചതായി കാണുകയും ഈ വിഭീഷണൻെറ ആലയത്തിൽ കടന്നാറെ ഇവൻ വേദപാഠം, ദേവപൂജ, രാമകൃഷ്ണത്യാദികളായ സഹസ്രനാമങ്ങളെ ജപിച്ചു രാമായണഭാരതഭാഗവതാദികളായ ഇതിഹാസങ്ങളെ വായിച്ചു അനേക ധർമ്മദാനങ്ങളെച്ചെയ്തു തൻെറ ആലയം ബ്രാഹ്മണാലയംപോലെ ശോഭിച്ചതായും കണ്ടിരിക്കുന്നു. എന്നുമാത്രമല്ല അങ്ങെയുടെ പത്നിയെ രാവണൻ കൊണ്ടുപോയി ചിറവെച്ച് ഭയപ്പെടുത്തി സ്വാധീനിപ്പാൻ അശ്വമുഖി, ഗോമുഖി, നക്രമുഖി, മുതലായ രാക്ഷസികളെ കാവൽ വെച്ചുപോകുകയും അതിനെ അറിഞ്ഞു വിഭീഷണൻ തൻെറ മകളായ ത്രിജടയെക്കൂടി ദേവിക്കു സഹായത്തിന്നായി സമീപത്തിൽ ആക്കിപ്പോകയും ത്രിജട ജാനകിയോടു ഭയപ്പെടേണ്ട ഞാനുണ്ട്. രാവണൻ സമ്മതമില്ലാത്ത സ്ത്രീകളെത്തൊട്ടാൽ ശിരസ്സു പൊട്ടിത്തെറിക്കേണമെന്നു ബ്രഹ്മാവു ശപിച്ചിട്ടുണ്ട്. തന്നിമിത്തം രാവണന്നു നിങ്ങളെ യാതൊന്നും ചെയ്വാൻ സാധിക്കുന്നതല്ലെന്നും മററും ധൈര്യവാക്കുകളെപ്പറഞ്ഞു സമാധാനപ്പെടുത്തി വരുന്നുണ്ട്. അനന്തരം എന്നെ രാവണപുത്രനായ രാവണി നാഗാസ്ത്രബന്ധനംചെയ്തു രാവണൻെറ പാദത്തിൽ കൊണ്ടുപോയി വെക്കുകയും രാവണൻ അടിയനെ വെട്ടുവാനായി ഭടന്മാക്കു കല്പന കൊടുക്കുകയും എന്നെ വെട്ടുവാനായി കൊണ്ടുപോകുന്ന മദ്ധ്യേ വിഭീഷണൻ വന്നു രാവണനെക്കണ്ടു ഹേ ജ്യേഷ്ഠാ! ഇവനെ കൊല്ലുന്നതു ധർമ്മമല്ല മാത്രമല്ല ദൂതരെക്കൊല്ലുന്നതു ശാസ്ത്രവിരോധമായ കാര്യമാണെന്നും മററും അനേക ന്യായങ്ങളെപ്പറഞ്ഞു രാവണനെ സമ്മതിപ്പിച്ചു അടിയൻെറ പ്രാണരക്ഷ ചെയ്തവനാണ്. ഇങ്ങിനെയുള്ള സഹായങ്ങൾ ഇവനാൽ അടിയ

ന്നും ഇവന്റെ മകൾ ത്രിജടയാൽ അമ്മയുടെ പത്നിക്കും സിദ്ധിച്ചിട്ടുണ്ട്. മായാവികളാണ് അസുരരാക്ഷസന്മാർ; അതു ലോകപ്രസിദ്ധമാണെന്നിരിക്കിലും ആദിത്യരശ്മിയിൽ അന്ധകാരം നിലനില്ക്കുമോ സ്വാമിൻ! നിരക്ഷരകുക്ഷിയായ അടിയനാൽ ആവാമെന്നും അല്ലെന്നും പറവാൻ അസാദ്ധ്യമാണ്. എന്നു പറഞ്ഞതിനെ ഭഗവാൻ കേട്ടു അത്യത്ഭുതപ്പെട്ടു പറയുന്നു.

ഹേ സുഗ്രീവാ! നിന്റെ പ്രധാനമന്ത്രിയായ മാരുതിയുടെ വാണീവൈഭവം കേട്ടുവോ? ഇതുകേട്ടു നീ പരിഭവിക്കരുത്. ഇതിലേക്കു ദൃഷ്ടാന്തമായി ചില ഉദാഹരണങ്ങളെ പറയുന്നതു കേൾക്കുക. പണ്ട് ക്ഷീരാബ്ധിയിൽ മന്ദിരം മന്താക്കി വാസുകിയെ കയറാക്കി ചന്ദ്രനെ തറിയാക്കി കാർക്കോടകനെ വടമാക്കിവേണുക്കുഴലെ കണയാക്കി ഇങ്ങിനെ നാട്ടിപ്പൂട്ടിക്കൂട്ടിക്കെട്ടി എന്ത്രം മുറുക്കി മഥിച്ചപ്പോൾ തന്നെ ഉപദ്രവിച്ചുവെന്നു കരുതാതെ ആശ്രിതവാത്സല്യത്തോടുകൂടി ആശ്രിതന്മാരായ ഇന്ദ്രാദിദേവകൾക്കു ക്ഷീരാബ്ധി അമൃതുകൊടുത്ത ചരിത്രം കേട്ടിട്ടില്ലേ. എന്നതന്നെയല്ല സർപ്പരാജാവായ വാസുകിയുടെ വായിൽനിന്നു ഹാലാഹലമെന്ന കാളകൂടവിഷം ഛർദ്ദിക്കുകയും അതുകണ്ടു ദേവാസുരകൾ പരമേശ്വരനെ ശരണം പ്രാപിക്കുകയും പരമേശ്വരൻ ദേവരക്ഷാർത്ഥമായി തനിക്കപായംവന്നാലും വിരോധമില്ല. ആശ്രയിച്ചവരെ രക്ഷിക്കേണമെന്നു ലോകദേഹനം ചെയ്യുവാൻ പ്രവാഹിച്ചെഴുന്ന വിഷത്തിനെ താൻ ആചമനം ചെയ്തു കഥ അറികയില്ലയോ. പണ്ട് എന്റെ പൂർവ്വികന്മാരിൽവെച്ചു ശിപിചക്രവർത്തിയെന്ന മഹാരാജാവ് ഒരു പക്ഷിയെ രക്ഷിപ്പാനായി തന്റെ ദേഹത്തിൽനിന്നു അസ്ഥിയൊഴികെയുള്ള മാംസങ്ങളെല്ലാം വജ്രത്താൽ ഈർന്നെടുത്തു വേടന്നു ദാനംചെയ്തു ആ ഗോത്രസംജാതനല്ലയോ ഞാൻ. എന്നുമാത്രമല്ല പണ്ടു ഒരു വേടൻ രണ്ടു കപോതങ്ങളെ പിടിപ്പാനായി യന്ത്രംവെക്കുകയും അതിൽ ഒരു പക്ഷിപെട്ടു യന്ത്രത്തോടുകൂടി വൃക്ഷാഗ്രത്തിൽനിന്നു കീഴ്പോട്ടു വീഴുകയും അതിനെപ്പിടിച്ചു ജീവഹാനി വരുത്തി അഗ്നിയിലിട്ടു പാകംചെയ്വാൻ ആ

ലോഠാിച്ചിരിക്കെ കഠാരം മഴയും വന്നു ഇവനെ ഉപദ്രവിക്കുകയും വേടൻ വൃഷ്ടിയേററ സഹിയാതെ വിറച്ച് അയ്യോ കഷ്ടം എൻെറ ക്ഷുത്തടക്കുവാൻ ഇതിൻെറ എണപക്ഷിയും കൂടെക്കിട്ടിയാൽ എൻെറ ക്ഷുത്തടങ്ങുമായിരുന്നു. ആയതിനെ ദൈവം തന്നില്ലയെല്ലോ കിട്ടിയപക്ഷിയെ പാകംചെയ്യാൻ ഈ ഘനാഘനങ്ങളായ മേഘവർഷത്തിന്നിടയിൽ അഗ്നിയും ലഭിപ്പാൻ പ്രയാസമായല്ലൊ കാണുന്നത്. എന്തുചെയ്യും ദൈവമേയെന്നും മററും പറഞ്ഞു വ്യസനിക്കുന്നതിനെക്കേട്ടുകൊണ്ടു വൃക്ഷാഗ്രത്തിലിരിക്കുന്ന മററെ കപോതം ഓഹോ! വലിയകഷ്ടം; വേടൻെറ വിശപ്പിനെക്കാൾ അല്ല എൻെറ പ്രാണൻ എന്നു കരുതി പക്ഷിയും ഇന്ധനങ്ങളെ ശേഖരിച്ചു ബഹുദൂരംപോയി അഗ്നികൊണ്ടുവന്നു അഗ്നിജ്വലിപ്പിച്ചു വേടൻെറ വൃഷ്ടിയേററതിനാലുണ്ടായ ശീതങ്ങളെ മാററി അവസാനം താനും തൻെറ ദേഹത്തെ വേടൻെറ ക്ഷുത്ത് ബാധ ശമിപ്പാനായ്ക്കൊണ്ടു അഗ്നിയിൽവീണ് പ്രാണത്യാഗം ചെയ്കയും വേടൻ സന്തോഷിച്ചു പക്ഷികളെ ഭക്ഷിച്ച് ക്ഷുത്ത്ബാധശമിച്ചു പോകകയും പക്ഷികൾക്കു അപ്പോൾതന്നെ സായൂജ്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നുമാത്രമല്ല ആതപോഷ്ണമററ പർവ്വതങ്ങൾ തപിച്ചിരിക്കെ തന്നെ ആശ്രയിച്ചിരിക്കുന്ന പക്ഷിമൃഗങ്ങൾക്കു ജലവും നിഴലും കൊടുത്തു രക്ഷിക്കുന്നതു നമുക്കനുഭവമല്ലെ. ആയതുകൊണ്ടു നമ്മുടെ അടുക്കൽ ശരണം പ്രാപിപ്പാൻ വരുന്ന വിഭീഷണനെ സ്വീകരിക്കുന്നതല്ലാതെ ഒരു കാലത്തും ഉപേക്ഷിപ്പാൻ പാടുള്ളതല്ലെന്നു ഭഗവാൻ പറഞ്ഞതിനെ കേട്ടു സുഗ്രീവൻ മുതലായ വാനരങ്ങൾ സന്തോഷിക്കുകയും സുഗ്രീവാ നീ ചെന്നു വിഭീഷണനെ കൂട്ടിക്കൊണ്ടുവരുവാൻ കല്പനകൊടുത്തയക്കുകയും അതുപ്രകാരം സുഗ്രീവൻ പോയി വിഭീഷണനെ കണ്ടു വൃത്താന്തം പറഞ്ഞു കൂട്ടിക്കൊണ്ടുവരികയും വിഭീഷണൻ വന്നു ഭഗവൽച്ചരണാരവിന്ദം വണങ്ങുന്നു. കോടിമാർത്താണ്ഡ വിജയികിരീട മണിമകുടവിലസൽ ശ്രീവീരരാഘവാ ശരണം. സർവ്വേന്ദ്രിയഭ്രമോപശാന്തസിദ്ധയോഗി, ജനവിശുദ്ധ മാനസ, സരോജനി വാസഹംസരാജശ്രീ വീരരാഘവ! ശരണം. സർവ്വജീവിതമനോമോഹനവശീ

കരതാരക പരബ്രഹ്മമൂൎത്തയെ ശരണം. ഫണിചികടമാലികാഭരണവന്ദികപദ കമലയുഗള ശ്രീവീരരാഘവ ശരണം. ഘനവിജയ ഉഗ്രതൂണീരകോദണ്ഡപാണെ ശരണം. തൂണഭരതലക്ഷ്മണസഹോൽഭൂതതാരകപരബ്രഹ്മമൂൎത്തയെ ശരണം. എന്നിങ്ങിനെവണങ്ങി ഭക്തി ശ്രദ്ധ ബഹുമാനവിനയങ്ങളോടുകൂടി നില്ക്കുന്നതിനെ കണ്ടു ഭഗവാൻ പറയുന്നു. ഹേ വിഭീഷണ; നിണക്കു ഞാൻ അഭയസ്ഥാനം തന്നു നിന്നെ രക്ഷിച്ചിരിക്കുന്നു. അക്കചന്ദ്രന്മാരും രാമനാമവും എത്രകാലം ലോകത്തിൽ നിലനില്ക്കുന്നുവോ അതുവരെക്കും നീ ലങ്കേശ്വരനായി ഭവിക്കുക എന്നുതന്നെയല്ല എന്റെ അനുജന്റെ സ്ഥാനവും നിണക്കു തന്നിരിക്കുന്നു മേലിൽ സകല വാനരങ്ങളും വിഭീഷണനെ ലങ്കേശ്വരൻ എന്നു വിളിക്കണമെന്നും രാവണാദികളെ വധിച്ചു നിന്നെരാക്ഷസരാജാവായി ലങ്കയിൽ വാഴിക്കുന്നുണ്ടെന്നു അനുഗ്രഹിച്ചു സകല സുഗ്രീവാദി വാനരങ്ങളും ലങ്കേശ്വരൻ എന്നു സ്ഥാനാനുസരണം വിളിച്ചുവരികയും ചെയ്തു. അനന്തരം ലങ്കേശ്വരനോടു ഭഗവാൻ ചോദിക്കുന്നു.

## ലങ്കാവൃത്താന്തം.

കവി

ആർകലിയിലങ്കയുമരണമഴ്വ്വഴി
വാർകെഴുകനകഴലരക്കർവഞ്ചിയും
താർകെഴുതാനയിനളവുന്തനചയവും
നീർകെഴുതഞ്ചെയുംതികഠന്തുവായരൊ.

അല്ലയോ ലങ്കേശ്വര! ലങ്കായെന്നു ഇതേവരെ കേട്ടതല്ലാതെ അതിന്റെ ചരിത്രത്തെപ്പറ്റി യാതൊരു വിവരവും എനിക്കില്ല. ലങ്ക ഏതു കാലത്തിലുണ്ടായി. ഈ സാഗരമദ്ധ്യേ ഇങ്ങിനെ ഒരു സ്വൎണ്ണഭൂമി ഉണ്ടാവാൻ കാരണമെന്തു? ആരാൽ ഉണ്ടാക്കപ്പെട്ടു. ലങ്ക എത്ര യോജന വിസ്താരമുണ്ടു. മുമ്പു ഈ രാജധാനി ആരുടേതായിരുന്നു. രാവണന്നു കൈവശം കിട്ടിയിട്ടു എത്ര കാലമായി. പരമാൎത്ഥം പറയുകയെന്നതിനെക്കേട്ടു വിഭീഷണൻ, ശരണം സ്വാമിൻ! പണ്ടു സൎപ്പരാജാവായ വാസുകിയും വായുദേവ

നും തങ്ങളിൽ ഒരു മത്സരം ഉണ്ടായി. കാരണം, സൎവ്വശരീരിക
ളുടെ പ്രാണൻ ഞാനാകുന്നു. എന്റെ സഞ്ചാരമില്ലെങ്കിൽ പ്രാ
ണികൾ സൂത്രക്കയററ പ്രതിമപോലെ നിൎജ്ജീവികളായിത്തീരും.
തന്നിമിത്തം ലോകത്തിൽവെച്ചു ഞാനാണു യോഗ്യൻ എന്നു വാ
യുദേവനും അതുകേട്ടു വാസുകി വായുദേവനെ നോക്കി കാൎയ്യം അ
ങ്ങിനെതന്നെയാണെങ്കിലും നീ എനിക്കു ഭക്ഷണപദാൎത്ഥമാണു.
തന്നിമിത്തം നിന്നെക്കാൾ യോഗ്യത എനിക്കുതന്നെയാണു. എ
ന്നിങ്ങിനെ തമ്മിൽപ്പറഞ്ഞു മത്സരിക്കുന്നതിനെ ദേവകൾ അറി
ഞ്ഞു ബ്രഹ്മാവു സമാധാനപ്പെടുത്തേണമെന്നു ഇരുഭാഗക്കാരോടും
പറയുന്നു. നിങ്ങൾതമ്മിൽ വൃഥാ ശണ്ഠകൂടേണമെന്നില്ല. നി
ങ്ങൾ തമ്മിലുള്ള മത്സരം ഞങ്ങൾ തീൎത്തുതരാം. എങ്ങിനെയെ
ന്നുവെച്ചാൽ മേരുവെന്ന ഹേമാദ്രി ലക്ഷം യോജന ഉയരവും പ
തിനായിരം യോജന കുഴിനാട്ടും പതിനാറായിരംയോജന അടി വ
ണ്ണവും മുപ്പത്തീരായിരം യോജന മുകൾപ്പരപ്പും തൊണ്ണൂററാറായിരം
യോജന ചുററളവും 1008 കൊടുമുടിയും മന്ദിരം, മേരുമന്ദിരം, ശ്രു
വാശ്വം, കുമുദം എന്നിങ്ങിനെ നാലു ഊന്നുപൎവ്വതങ്ങളും ഹരിഹ
രിവിരിഞ്ചാദികളുടെ വാസസ്ഥാനവുമായ ഹേമാദ്രിയുടെ ആയിര
ത്തെട്ടു കൊടുമുടികളെ നിന്റെ 1000 ഫണങ്ങളാലും ദേഹത്താ
ലും അമൎത്തുക. വായുദേവൻ തന്റെ ശക്തിയാൽ ഒരു ശിഖര
ത്തെ അടിച്ചുമറിച്ചാൽ വായുതന്നെ യോഗ്യനെന്നും അല്ലാത്തപ
ക്ഷം നീ തന്നെ യോഗ്യനെന്നും രണ്ടാളോടും പറഞ്ഞു തീൎച്ചപ്പെടു
ത്തുകയും അതുകേട്ടു ഇരുകക്ഷികളും സമ്മതിച്ചു വാസുകി തന്റെ
ഫണത്താലും ദേഹത്താലും ആയിരത്തെട്ടു ശിഖരത്തെ അമൎത്തു
കയും വായുദേവൻ തന്റെ പൂൎണ്ണശക്തിയോടുകൂടി മേരുവെ ചലി
പ്പിക്കുകയും ലേശംപോലും ചലനമില്ലാതെ വരികയും ആ അവ
സരത്തിൽ വായുദേവൻ ഒരു കുഹരത്തിൽ ഒളിക്കുകയും അപ്പോ
ൾ വാസുകി ഓഹോ വായു എന്നോടു തോററുപോയി എന്നു കരു
തി സന്തോഷത്തോടുകൂടി തന്റെ ഒരു ഫണത്തെ ഉയൎത്തി വായു
എവിടെയെന്നു നോക്കുകയും ആ തക്കം നോക്കി വായുദേവൻ ഉയ
ൎത്തിയ ഫണത്തിനു താഴെയുള്ള ശിഖരത്തെ അടിച്ചുമറിച്ചു അതി

നെ വേഗമായി ഈ സാഗരമദ്ധ്യേ 100 യോജന ആഴത്തോടുകൂടി ജലത്തിൽ നില്ക്കുന്ന ത്രികൂടമെന്ന പൎവ്വതോപരിയിൽ കൊണ്ടു വന്നിടുകയും ചെയ്തു. ആയതുകൊണ്ടു വായു അടിച്ചുകൊണ്ടു വന്ന മേരുപൎവ്വതത്തിന്റെ ഒരു ശിഖരമാണ ഈ ലങ്ക. ഇതിന്നു സഖേലം, സുമേചലം, സുബേലം എന്നിങ്ങിനെ മൂന്നു കൊടുമുടികളുണ്ടു ഇതുകൾ വെള്ളത്തിൽ 100 യോജന താഴെ ആണ്ടുകിടക്കുന്നു. ലങ്ക നവരത്നങ്ങളാലും കനകത്താലും ശോഭിക്കുന്നതാണ. എഴുനാകിരുപത്തെട്ടു ഗോപുരങ്ങളുണ്ട്. എഴു മതിലുണ്ട്. അത്യഗാധമായ അകഴിയെന്ത്രപ്പാലങ്ങളുണ്ടു. എഴു മതിലുകളും ആദിത്യമണ്ഡലത്തെ അതിക്രമിച്ചിട്ടുണ്ട്. നവരത്നഖചിതമായ മൂന്നന്തൂറായിരം തെരുവീഥികളുണ്ട്. അനേകം എഴു നിലമേടകൾക്ക മദ്ധ്യേ മുത്തുഎന്ന എികരത്നത്താൽ ചെയ്തു രാവണ രാജധാനിയായ പങ്ക്തികണ്ഠസദനമുണ്ട്. ഈ ലങ്കാദ്വീപു 700 യോജന ?800 കാതം വിസ്താരമുണ്ട്. രാവണന്നു 64 മന്ത്രികളുണ്ടു 1000 വെള്ളം പട്ടാളങ്ങളുണ്ടു. അതിൽ വടഗോപുരത്തിൽ 16 കോടി സൈന്യങ്ങളും പശ്ചിമഗോപുരത്തിൽ 16 കോടിയും ദക്ഷിണഗോപുരത്തിൽ 16 കോടിയും പൂൎവ്വഗോപുരത്തിൽ 16 കോടിയും ഇങ്ങിനെ 64 കോടി സൈന്യങ്ങൾ നാലു ഗോപുരങ്ങളിലും ഇപ്രകാരം 28 ഗോപുരവാതിലുകളിലും കാവലുണ്ടു. കൂടാതെ 50 കോടിപ്പടകൾ അധോമുഖമായി പാതാളവാസികളായ ശത്രുക്കളുടെ വരവിനെ നോക്കി പ്രദക്ഷിണമായും 50 കോടി സൈന്യങ്ങൾ ഊൎദ്ധ്വമുഖമായി ആകാശവാസികളായ ദേവന്മാരുടെ വരവുനോക്കി അപ്രദക്ഷിണമായും മതിലുകൾക്ക പുറമെ സഞ്ചരിക്കുന്നുണ്ട്. 30 കോടിപ്പടകൾ രാജധാനിയിൽ ഹാജരുണ്ട്. 30 കോടിപ്പടകൾ ഭണ്ഡാരം കാവലുണ്ട്. ഓരൊ മന്ത്രികൾക്ക അമ്പതീത് കോടിപ്പടകളുണ്ട്. ഇതിൽ പ്രഹസ്ഥൻ എന്ന മന്ത്രി സൈന്യാധിപനാണ. മന്ത്രി, പുരോഹിതൻ, ദൂതൻ, സൈന്യാധിപൻ, ഓഠൻ, ബ്രാഹ്മണർ, പഞ്ചായക്കാർ, ജോത്സ്യൻ, ഗുരു ഇവർ എപ്പൊഴും സഭയിലുണ്ടു. രാവണന്നു കുംഭകൎണ്ണനെന്ന ഒരു അനുജൻ അടിയന്ന ജ്യേഷ്ഠനായുണ്ട്. ആയവന്നു 6 മാസം

നിദ്രയും 6 മാസം ഊണുമാണ്. ലക്ഷ്മണനാൽ വൈരൂപ്യം ഭവിച്ച ശൂൎപ്പണഖ ഞങ്ങൾ മൂന്നാൾക്കും താഴെയാണ്. അച്ഛൻ വിശ്രവസ്സ് മഹൎഷിയാണ്. അമ്മ കൈകസിയെന്ന രാക്ഷസിയാണ്. രാവണനു രാവണി, അതികായൻ, അക്ഷയകുമാരൻ, ത്രിശിരസ്സ് എന്നിങ്ങിനെ 4 മക്കളുണ്ട്. അതിൽ രാവണിയെന്ന സീമന്തപുത്രൻ ഇന്ദ്രനെ ജയിക്കയാൽ ഇന്ദ്രജിത്ത് യെന്ന പ്രസിദ്ധി സമ്പാദിച്ചവനും 64 കലാവിദ്യകളിൽ നിപുണനുമാണു. അതികായനെന്നവൻ കനിഷ്ഠപുത്രനാണു. പരമേശ്വരന്റെ പ്രധാനശിഷ്യനും സത്യസന്ധനുമാണ്. 12000 ജാരസന്തതികളുണ്ടു. മണ്ഡോദരി, ധന്യമാലയെന്നു രണ്ടു പാണിഗ്രഹണംചെയ്ത പത്നിമാരുണ്ടു. അതിൽ ധന്യമാല വന്ധ്യയാണു. അതികായൻ ധന്യമാലക്കു ദത്തുപുത്രനാണു. മാലി സുമാലി മാല്യവാൻ എന്നവർ രാവണന്റെ മുത്താതകളായിരുന്നു. അവർ മുമ്പ് ഈ ലങ്കയിൽ രാജ്യഭാരം വഹിച്ചിരുന്നു. അവരിൽ ഇപ്പോൾ മാല്യവാൻ ലങ്കയിലുണ്ടു. മാലി സുമാലികൾ സാക്ഷാൽ ശ്രീനാരായണനാൽ വധിക്കപ്പെട്ടു. കുറെക്കാലം വിശ്രവസ്സു പുത്രനായ വൈശ്രവണൻ ലങ്കയിൽ അധിവസിച്ചിരുന്നു. അന്നു 350 യോജന വിസ്താരമേ ലങ്കയിൽ നഗരവീഥികളാക്കിയിരുന്നുള്ളു. ബാക്കി ജ്യേഷ്ഠനാലാണു 700 യോജനയാക്കിയതു. മുമ്പു വിശ്വകൎമ്മാവു ലങ്കയെ സൃഷ്ടിച്ചു അഗ്നികോണിലാണു അവസാനപ്പലക തറച്ചതു്. ഇപ്പോൾ മരണസൂത്രത്തിലാണു നിരത്തീട്ടുള്ളത്. ഹരിഹരവിരിഞ്ചാദികളായ ത്രിമൂൎത്തികളും രാവണന്റെ കല്പനയില്ലാതെ ലങ്കയിൽ കടക്കുന്നതല്ല. ഈ ലങ്കക്കു അകഴിയായി ശോഭിക്കുന്ന ലവണസമുദ്രത്തിന്നു രത്നാകരമെന്നു ഒരു പേരുണ്ട്. കാരണം ലങ്കാസ്ത്രീകൾ തങ്ങളുടെ കണവന്മാരുമായി ഏഴുനില മേടയുടെ മുകളിൽ മാരലീലചെയ്യുന്ന സമയം രത്നഹാരങ്ങൾ ശരീരസ്പൎശത്തിന്നു വിരോധമായി തോന്നുകയും തത്സമയം മാല്യങ്ങളെ കഴിച്ചു എറിയുകയും അതു സമുദ്രത്തിൽ വന്നുവീഴുകയും തന്നിമിത്തം സമുദ്രത്തിൽ എവിടങ്ങളിലും തപ്പുന്ന സ്ഥലത്തെല്ലാം രത്നങ്ങൾ ലഭിക്കുന്നതിനാൽ രത്നാകരമെന്ന പേർ വ

ന്നതാണു. രാവണന്റെ ദിനചര്യം ഒമ്പതുകോടി ശിവലിംഗങ്ങളെ പൂജിക്കുന്നുണ്ടു. പുറമെ ലങ്കയിൽ മൂവ്വായിരം ഭദ്രകാളിക്ഷേത്രങ്ങളുണ്ട്. ഈ കാളികൾക്കെല്ലാം മാതാവായി ലങ്കാശ്രീയെന്ന ഒരു ദുർഗ്ഗയുമുണ്ടു. ഇങ്ങിനെ അനേക വൈഭവങ്ങൾ ലങ്കക്കുണ്ടെന്നു വിഭീഷണൻ പറഞ്ഞതിനെക്കേട്ടു ഭഗവാൻ ഹേ ലങ്കേശ്വരാ! ഇത്ര ആയിരം പടകളേയും വില്ലാളികളായ രാവണപുത്രന്മാരെയും ജയിച്ചല്ലാതെ ജാനകിയെ വീണ്ടുകൊണ്ടുവരുവാൻ യാതൊരു വഴിയും കാണുന്നില്ല. ഈ ജന്മത്തിൽ സാധിക്കുന്ന ഒരു കാര്യമല്ലെന്നാണു തോന്നുന്നതു. താമരത്തടാകത്തിൽ ഒരു കുമുദം പിറന്നതുപോലെ ക്ഷത്രിയവംശത്തിൽ നിസ്സാരനായ ഞാൻ ജനിച്ചു ലോകാപവാദം ഏററിരിക്കേണ്ടിയല്ലേ വന്നനുഭവിച്ചതു. വില്ലാളികളും മായാവികളുമായ രാക്ഷസന്മാരോടു നിരായുധന്മാരായ നമ്മുടെ വാനരങ്ങളാൽ എന്തു കഴിയും? എന്റെ കർമ്മമെന്നല്ലാതെ മറെറാന്നും പറവാൻ കാണുന്നില്ലെന്നുപറഞ്ഞു വ്യസനിക്കുന്നതിനെ വിഭീഷണൻ കണ്ടു. സ്വാമിൻ! അങ്ങുന്നു ദുഃഖിപ്പാൻ അവകാശമില്ല. കാരണം നിന്തിരുവടിയുടെ ദൂതനായി സീതാന്വേഷണം ചെയ്തു ലങ്കയിൽവന്ന ശ്രീഹനുമാൻ കാളിവനത്തിൽ കടന്നു അവിടെ കാവലാളികളായ ഓരോരുത്തന്നു സഹസ്രഗജങ്ങളുടെ ശക്തിയോടുകൂടിയ എമ്പതിനായിരം ഭടന്മാരെയും പ്രധാന പടനായകനായ ജംബുമാലിയേയും പഞ്ചസേനാധിപന്മാരേയും രാവണന്റെ എളയപുത്രനായ അക്ഷകുമാരനേയും കൊന്നു. രാവണൻ കണികാണുന്ന പൊന്മല എടുത്തു സാഗരത്തിലെറിഞ്ഞു, തോരണത്തിൽ കയറിയ ഹനുമാനെ രാവണി നാഗാസ്ത്രത്താൽ കെട്ടി ബ്രഹ്മാസ്ത്രത്താൽ മോഹാലസ്യപ്പെടുത്തി രാവണൻ സന്നിധാനത്തിൽ കൊണ്ടുപോയി വെക്കുകയും മാരുതിയുടെ വാലിൽ ശീല ചുററി തൈലം നനച്ചു അഗ്നികൊളുത്തിവിടുകയും ഉടനെ ഹനുമാൻ ലങ്ക എഴുനൂറയോജനയിൽ ഉൾപ്പെട്ട സകല തെരുവീഥികളേയും ചുട്ട് അതിൽ വസിച്ചിരുന്ന അനേകം സ്ത്രീപുരുഷന്മാരെ അഗ്നിയിലിട്ടു കരിച്ചു നാശപ്പെടുത്തുകയും തനിക്കു യാതൊരു അഗ്നിബാധയും ഭവിക്കാതെ ഹനുമാൻ നി

ന്തിരുവടിയുടെ അടുക്കലേക്കു മടങ്ങിപ്പോരുകയും ചെയ്തു. ആകയാൽ പ്രകൃതിയിൽ അധികം പടകളെ നിരായുധനായ ഏക ഒരുവൻ കുലപ്പെടുത്തിയിരിക്കെ നിന്തിരുവടിയുടെ 70 വെള്ളം വാനരസംഘം ലങ്കയിൽ കടന്നാൽപ്പിന്നെയെത്തക്കഥയെന്താണു. സാഗരതീരത്തിൽനിന്നു വ്യസനിക്കേണമെന്നില്ല. കഴിയുന്നവേഗത്തിൽ സാഗരം കടപ്പാനുള്ള മാൎഗ്ഗത്തെ ചിന്തിക്കുകയെന്നു വിഭീഷണൻ പറയുന്നതിനെക്കേട്ടു ഭഗവാനും ഓഹോ; മാരുതി ലങ്കയിൽച്ചെന്നു ഇപ്രകാരം പ്രവൃത്തിച്ചതൊന്നും ഇവിടെ മനസ്സിലായിട്ടില്ല. ലങ്കേശ്വരാ ഇപ്പോൾ നീ പറഞ്ഞപ്പോൾ മാത്രം മനസ്സിലായി. അവനവന്റെ യോഗ്യത അവനവൻതന്നെ പറയുന്നതായാൽ തന്നെത്താൻ പുകഴ്ത്തിയാലുള്ള ദോഷം അനുഭവിപ്പാനിടവരുമെന്നു ശാസ്ത്രമുണ്ടു; തന്നിമിത്തം പറയാതിരുന്നതായിരിക്കുമെന്നു ഹനുമാനെപ്പുകഴ്ത്തി സാഗരം കടപ്പാൻ സാഗരരാജാവായ വരുണനെ ധ്യാനിപ്പാൻ തുടങ്ങുന്നു.

### വരുണമന്ത്രം

ഭഗവാൻ ലക്ഷ്മണനോടു, ഹേ! സൌമിത്രേ; സമുദ്രരാജാവായ വരുണനെ ധ്യാനിപ്പാനായി ശാസ്ത്രോക്തമായ ഒരു ദൎഭാസനം ഉണ്ടാക്കി ആ ആസനത്തിൽ കിടന്നു വരുണധ്യാനം ചെയ്യണമെന്നു പറയുകയും ലക്ഷ്മണൻ അവ്വണ്ണമേ നിയമാനുസരണം ദൎഭകൊണ്ടു ആസനമുണ്ടാക്കുകയും അതിൽ ഭഗവാൻ ശയിച്ചു ഏഴു ദിവസം അഹോരാത്രം വരുണനെ ധ്യാനിക്കുകയും വരുണൻ വരായ്കയാൽ സൌമിത്രിയോടു ധ്യാനിപ്പാൻ കല്പിക്കുകയും അതുപ്രകാരം ലക്ഷ്മണനും ധ്യാനിച്ചും വരുണൻ വരാത്തതു കണ്ടു ഭഗവാൻ ലക്ഷ്മണനോടു അല്ലയോ ലക്ഷ്മണ! വരുണൻ വരാതിരിപ്പാനുള്ള കാരണം എന്തെന്നാലോചിക്കുമ്പോൾ നമ്മുടെ പേരിൽ ചില ഹാസ്യങ്ങളെക്കരുതിയാണെന്നു തോന്നുന്നു. അതു എന്തെന്നു വെച്ചാൽ ദാശരഥി രാമൻ ക്ഷത്രിയഗോത്രത്തിൽ ജാതനെന്നല്ലാതെ യാതൊരു വൈഭവവും രാമനിൽ ഇല്ലെന്നും രാമന്റെ കയ്യിലുള്ള പാരകോദണ്ഡമായ വില്ലിന്നു ലേശംപോലും ശക്തിയുണ്ടെന്നുല്ലതികിൽ തന്റെ പത്നിയെ അന്യനായ രാവണൻ കൊണ്ടുപോ

വാൻ ഇടവരാത്തതും ആണെന്നു മാത്രമല്ല അയോദ്ധ്യയെ വിട്ടു വനത്തിൽ വന്നു ഫലമൂല പക്വങ്ങളെ ഭക്ഷിച്ചു ശാഖാമൃഗങ്ങളായ വാനരങ്ങളെ സഹായികളാക്കി ലങ്കയിൽ കടന്നു ജാനകിയെ വീണ്ടുകൊണ്ടു പോകാമെന്നുള്ള അഭിപ്രായത്താൽ എന്നെ ആശ്രയിക്കുകയാണെന്നും വനത്തിൽ സഞ്ചാരം തുടങ്ങിയതിനുശേഷം നടപ്പാൻ തന്നെ ശക്തിയില്ലാത്തവനായിത്തീർന്നിരിക്കുന്നു എന്നും രാജ്യഭ്രഷ്ടനായ രാമൻ വിളിച്ചാൽ എനിക്കു പോകേണ്ടുന്നാവശ്യമില്ലെന്നും മറ്റും കരുതിയിരിക്കുന്ന ഈ ജലപ്രഭുവായ വരുണനെ മേലാൽ സാഗരത്തിൽ ഞാൻ വെച്ചിരിക്കുന്നതല്ല. സാഗരനാഥനാണെന്നുള്ള വരുണന്റെ അഭിമാനത്തെ രാജ്യഭ്രഷ്ടനായ രാമനാൽ ശമിപ്പിക്കുവാൻ കഴിയുമോ എന്നു പരീക്ഷിക്കുവാൻ വില്ലു എന്റെ കയ്യിൽ തരികയെന്നു ലക്ഷ്മണനോടു പറഞ്ഞ് കോദണ്ഡത്തെ വാങ്ങി ആകർണ്ണാന്തം വലിച്ചു ഞാണേറ്റി ആഗ്നേയാസ്ത്രം പൂട്ടി സാഗരത്തിൽ തൊടുക്കുകയും അഗ്നിജ്വാലാമാലകൾ കത്തിജ്വലിച്ചു ചിന്നിച്ചിതറി സമുദ്രത്തിൽ പായുകയും തന്നിമിത്തം സമുദ്രജലം തിളച്ചു മറിയുകയും ജലചരങ്ങളായ മത്സ്യ, കമഠ, നക്ര, ചക്ര, ജളൂക, മണ്ഡൂക, കർക്കടക, പരദ്പ്രഭൃതികളെല്ലാം നശിക്കുകയും ഭഗവാന്റെ ക്രോധം സഹിക്കായ്കയാൽ ബ്രഹ്മാസ്ത്രമെടുത്തു ശിലയിൽ അനുസന്ധാനം ചെയ്യുകയും ചെയ്തു. ഉടനെ വരുണൻ അഗ്നിബാധയാൽ അവശനായി ഒരു രത്നമാല്യത്തെയെടുത്തുവന്നു സർവ്വേശ്വരനായ ഭഗവാന്റെ പാദത്തിൽ കാഴ്ചവെച്ചു സാഷ്ടാംഗം നമസ്കാരം ചെയ്തു സ്തുതിക്കുന്നു.

### വരുണസ്തുതി

ശ്രീമന്നാരായണാ! പരബ്രഹ്മസ്വരൂപാ! അഖിലാണ്ഡകോടിബ്രഹ്മാണ്ഡനായകാ! കൗസല്യാഗർഭാധിവാസാ! ദശരഥരാജനന്ദനാ! വിശ്വാമിത്രയജ്ഞപരിപാലനാ! താടകാസംഹാരാ! അഹല്യാശാപവിമോചനാ! മിഥിലാരാജ്യഗമനാ! ത്ര്യംബകചാപഖണ്ഡനാ! സീതാപാണിഗ്രഹണമൂർത്താ! ഭാർഗ്ഗവരാമഗർവ്വശമനാ! അയോദ്ധ്യാധിവാസാ! പട്ടാഭിഷേകവിഘ്നസഹനാ! ഘോരാരണ്യഗമനാ! അഭയമഭയരക്ഷകരാമമമ ത്രിപ്രാണാ! സ്വാമിൻ അ

ടിയൻ മനസ്സിൽ ആലോചിക്കാതെ കാര്യങ്ങളെ നിന്തിരുവടി ഊഹിച്ച് പരിഭവിക്കരുതെ. അങ്ങയുടെ വൈഭവത്തെ ആലോചിക്കുമ്പോൾ സജാതീയ, വിജാതീയ, സ്വഗത, ഭേദശൂന്യനായി ദേശകാലവസ്തു പരിച്ഛേദരഹിതനായി, നിഷ്കളങ്കനായി, നിർമ്മലനായി, അവാങ്മനസഗോചരനായി, സർവ്വലോകശരണ്യനായുള്ള നിന്തിരുവടി പണ്ടു ഇന്ദ്രദ്യുമ്നനെന്ന പാണ്ഡ്യരാജാവ് അഗസ്ത്യൻ ശാപത്താൽ മത്തഗജമായി വനത്തിൽ അനേക പിടികളോടുകൂടി സഞ്ചരിക്കുകയും ഒരുദിവസം നീരണിപ്പൊയ്കയെന്ന മടുവിൽ ജലം കുടിപ്പാനായി ഗജേന്ദ്രൻ ആയിരംപിടികളോടുകൂടി ഇറങ്ങുകയും ആ മടുവിൽ ദേവലമഹർഷിയുടെ ശാപത്താൽ നക്രമായിക്കിടക്കുന്ന ഹൂഹൂയെന്ന ഗന്ധർവ്വൻ ഗജേന്ദ്രൻ ജലത്തിൽ ഇറങ്ങിയ ഉടനെ വന്നു കാൽ പിടിച്ചു വലിക്കുകയും അതു കണ്ടു കരീന്ദ്രനും തന്റെ സഹായികളായ ആയിരം പിടികളും കരയിലേക്കു വലിക്കുകയും ഇങ്ങിനെ ആയിരം സംവത്സരം അന്യോന്യം വലിച്ച് തന്റെ സഹായികളായ പിടിയാനകൾ തന്നെ തന്നെ വിട്ടുപോകയും തനിക്കു ആരും സഹായമില്ലെന്നു കണ്ടു പൂർവ്വസ്മരണ ഉണ്ടാകുകയും സർവ്വേശ്വരനായ അങ്ങയെ താമരപ്പുഷ്പങ്ങളെക്കൊണ്ടു അർച്ചനചെയ്ത് ആദിമൂലമെ അഭയം എന്നുള്ള സ്തുതിയെക്കേട്ടു കാരുണ്യവാരാന്നിധിയായ നിന്തിരുവടി പക്ഷിരാജാവായഗരുഡന്റെ ഗളത്തിൽകയറിവന്നു നക്രത്തെ ചക്രത്താൽവധിച്ചു ഇന്ദ്രദ്യുമ്നനെ രക്ഷ ചെയ്ത് ശാപത്തെ മാററി ഗന്ധർവ്വന്റെ യഥാസ്ഥാനത്തിലേക്കു നിന്തിരുവടി അനുഗ്രഹി[illegible]വല്ലെ സ്വാമിൻ! നിരക്ഷരകുക്ഷിയായ അടിയനെ നി[illegible] രക്ഷിക്കേണമെ! ആഗ്നേയാസ്ത്രത്താൽ അടിയനും ജ[illegible] ജലവും ഇതിൽപ്പരം നഷ്ടകഷ്ടങ്ങളെ [illegible]ഭവിപ്പാൻ [illegible] ഭക്തവത്സലനായ അങ്ങുന്നല്ലാതെ അടിയനു [illegible]മില്ല സ്വാമിൻ! എന്ന വരുണന്റെ സ്തുതിയെക്കേട്ടു ഭഗ[illegible] അല്ലയോ വരുണ! ഞാനും എന്റെ സഹാ[illegible]കളായ സു[illegible] വാനരങ്ങളും ഈ സമുദ്രതീരത്തിൽ വ[illegible] ഏഴു ദിവ[illegible]ഹാരം ത്രം ധ്യാനിച്ചും നീ വരാതിരിപ്പാനും ക്രോധിച്ചു വ[illegible]പ്പോൾ

വരുവാനും കാരണമെന്ത്? നീ സാഗരത്തിൽ ഉണ്ടായിരുന്നില്ലേ? പരമാൎത്ഥം പറയുക. നിന്റെ ഇത്രനേരം എന്നിലുണ്ടായ സ്തുതിയെക്കേട്ടു നിന്റെ പേരിലുള്ള ക്രോധം ശമിച്ചിരിക്കുന്നു. മേലിൽ നീ ഭയപ്പെടേണ്ട. നിണക്കു ഞാൻ അഭയാസ്ഥം തന്നിരിക്കുന്നു. എന്നതിനെക്കേട്ടു വരുണൻ പറയുന്നു. ശരണം രാമചന്ദ്രപ്രഭോ! സൎവ്വേശ്വരനായ അങ്ങയുടെ പത്നിക്കു ഒരകപ്പെട്ട ദുഃഖത്തിനെ നിവൃത്തിപ്പാനായി വാനരസംഘത്തോടുകൂടി നിന്തിരുവടി സമുദ്രതീരത്തിൽ വന്നു അടിയനെ വിളിച്ചത് ലേശംപോലും അടിയൻ അറിഞ്ഞിട്ടില്ല. കാരണം, പുഷ്കരദ്വീപിനെ ചുററിക്കിടക്കുന്ന ശുദ്ധാൎണ്ണവത്തിൽ ധിമി, ധിമിംഗലമെന്ന രണ്ടു മത്സ്യങ്ങൾ തങ്ങളിൽ അതികഠിനമായ ശണ്ഠ ഉണ്ടാവുകയും തന്നിമിത്തം ഇതരജലജന്തുക്കൾക്കു നാശം ഭവിക്കുകയും അലതിരകൾ കലശലായി പലേ ദ്വീപുകളിലും അടിച്ചു ഓരോ ഭാഗങ്ങൾ ഇടിഞ്ഞു ചാടുകയും ചെയ്തു വിവരം അടിയനറിഞ്ഞു മത്സ്യങ്ങൾതമ്മിലുള്ള മത്സരത്തെ തീൎത്തു പ്രജകളെ രക്ഷിപ്പാനായി ഞാൻ പോയ നിമിത്തം നിന്തിരുവടി വിളിച്ചതു അറിവാനിടവരാഞ്ഞതാണ്. ഇതു അങ്ങയുടെ പാദം തന്നാണ് സത്യമാണ്. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. ഹെ വരുണ! നീ പറയപ്പെട്ട മത്സ്യങ്ങൾ ഏത് കാലത്തുണ്ടായതെന്നു അറിവാൻ ആഗ്രഹിക്കുന്നു. സ്വാമിൻ! പണ്ടു സാക്ഷാൽ ശ്രീനാരായണൻ മത്സ്യാവതാരമെടുത്തു ഹയഗ്രീവനെ വധിച്ച കഥ അങ്ങേക്കറിവാണല്ലൊ. ആ അവസരത്തിൽ മത്സ്യങ്ങളോടുള്ള ജലക്രീഡയിൽ ഉത്ഭവിച്ചവരാണെന്നു മറവടി പറഞ്ഞതിനെക്കേട്ടു ഭഗവാൻ, വരുണനെ നോക്കി, നിന്നെ ഞാൻ വിളിച്ച അവസരത്തിൽ കാണാഞ്ഞയാൽ എന്റെ വില്ലിൽ ബ്രഹ്മാസ്ത്രം അനുസന്ധാനം ചെയ്തിരിക്കുന്നു. രാമസായകം വൃഥാ മടങ്ങുന്നതല്ല. ഈ അസ്ത്രത്തിന്നു ഒരു ലക്ഷ്യം നീ തരണമെന്നു ചോദിക്കുകയും, സ്വാമിൻ അങ്ങയുടെ ബാണത്തിന്നു അടിയനാൽ ലക്ഷ്യം തരുവാൻ അസാദ്ധ്യമാണ്. എങ്കിലും ഒരു ലക്ഷ്യം ഉണൎത്തിക്കാം. ഈ ലവണാബ്ധിയുടെ പശ്ചിമോത്തരമായി ഗാന്ധാരമെന്ന ഒരു ദ്വീപുണ്ട്. അതിൽ ശ

നൂറുകോടി രാക്ഷസന്മാർ അധിവസിക്കുന്നുണ്ട്. അവരുടെ പരാക്രമം സഹിക്കുന്നില്ല. അന്തരം മദ്ധ്യ പാതാളങ്ങളായ ത്രൈലോക്യങ്ങളും രാക്ഷസന്മാരാൽ വളരെ നഷ്ടകഷ്ടങ്ങളെ അനുഭവിക്കുന്നുണ്ട്. ഇടക്കിടെ സാഗരങ്ങളിലും വന്നു ജലചരങ്ങളെപ്പിടിച്ചു ഭക്ഷിച്ചു നശിപ്പിക്കുന്നുണ്ട്. ആയതുകൊണ്ടു മുമ്പറഞ്ഞ ബ്രഹ്മസായകം അധർമ്മതല്പരന്മാരായ രാക്ഷസന്മാരെ നശിപ്പിപ്പാനായിട്ടു അയച്ചു അടിയനെ രക്ഷിക്കേണമെന്നപേക്ഷിക്കുകയും ഭഗവാൻ അപ്രകാരം ചെയ്തതിന്നുശേഷം വരുണനോടു പറയുന്നു. ഹേ വരുണാ! എനിക്കും എന്റെ സൈന്യങ്ങൾക്കും ലങ്കയ്ക്കു പോകണം. ആയതിന്നു മാർഗ്ഗവിരോധമായി ശോഭിക്കുന്ന ഈ സാഗരത്തൂടെ ഒരു മാർഗ്ഗം ലഭിക്കണം. ആയതു നിന്റെ സഹായത്താൽ വേണം. അതിന്നുവേണ്ടി നിന്നെ വരുത്തിയതാണെന്നു പറഞ്ഞതിനെക്കേട്ടു സ്വാമിൻ! ഈ സമുദ്രത്തിന്റെ ആഴവിസ്തൃതങ്ങളെപ്പറവാൻ അടിയനാൽ സാധിക്കുന്നതല്ല. ലക്ഷം യോജന വിസ്താരമെന്ന ഒരു കണക്കുണ്ട്. അത് സൃഷ്ടികാലത്തിലുള്ളതാണ്. ആയതിൽപ്പിന്നെ തിരഘോഷങ്ങളുടെ സംഘട്ടനങ്ങളാൽ ചില ഭാഗങ്ങൾ കുറഞ്ഞും വന്നിട്ടുണ്ട്. എന്നുതന്നെയല്ല ജലത്തെ അങ്ങുമിങ്ങും നീക്കി ഇടയൂടെ സൈന്യങ്ങൾ ഇറങ്ങിപ്പോകുന്നതായാൽ വളരെക്കാലതാമസവും ബുദ്ധിമുട്ടും സംഭവിക്കും. വേണ്ടുന്നതു അടിയൻ ഉണർത്തിക്കാം. അങ്ങയുടെ സൈന്യങ്ങളായ വാനരങ്ങളാൽ കൽമലപർവ്വതങ്ങളെ എടുപ്പിച്ചുകൊണ്ടുവന്നു സേതുബന്ധിക്കുകയും തന്മദ്ധ്യേ പോകുന്നതാണ് സുഖവും എളുപ്പവും. അടിയൻ സമുദ്രത്തിൽ താണ് ജലത്തിൽ ഇടുന്ന പർവ്വതങ്ങൾ അങ്ങുമിങ്ങും പോകാതെ തടുത്തുകൊള്ളാം. എന്നു പറഞ്ഞതിനെക്കേട്ടു എന്നാൽ അങ്ങിനെയാവട്ടെ എന്നു വരുണനെ അനുഗ്രഹിച്ചയച്ചു. അനന്തരം സുഗ്രീവനെ വിളിച്ചു സേതുബന്ധിപ്പാനായി വാനരങ്ങൾക്കു കല്പന കൊടുക്കുകയെന്നു കല്പിച്ചതിനെക്കേട്ടു സുഗ്രീവൻ സൈന്യങ്ങളെ അറിയിച്ചു.

## സേതുബന്ധനം.

### കവി.

കുമുദനിട്ടകുലവരെക്കൂത്തരിൽ
തിമിതമിട്ടുത്തിരിയുംതിരെകടൽ
ത്തുമിതമൂർപ്പുകവാനവർത്തുള്ളിനാർ
അമൃതമിന്നുമെഴുമെന്നുമാശയാൽ.

ജാംബവാൻ വാനരങ്ങളോടു പറയുന്നു. ഹെ സ്നേഹിതന്മാരെ! ഇതിൽ സേതുബന്ധിപ്പാനായി നാലു പേർ ഒഴികെ ബാക്കി എല്ലാവരും പോകണം. സർവ്വേശ്വരനായ രാമസ്വാമിയും തന്റെ അനുജനായ ലക്ഷ്മണനും ലങ്കേശ്വരനായ വിഭീഷണനും നമ്മുടെ രാജാവായ സുഗ്രീവനും ഇങ്ങിനെ നാലു പേർ രാജാക്കളാകുന്നു. അവർ ഒഴികെ മററുള്ള എല്ലാവരും ജാഗ്രതയായി അങ്ങുമുതൽ മേരുപർയ്യന്തമുള്ള പർവ്വതങ്ങളെക്കൊണ്ടു വരണം. ഇതുകൾ വാങ്ങിപ്പടവ് ചെയ്വാൻ വിശ്വകർമ്മാത്മജനായ നളൻ വരണമെന്നു ജാംബവാൻ പറയുകയും അവ്വണ്ണം സമ്മതിച്ചു സകല ലോകത്തെ പർവ്വതങ്ങൾ കൊണ്ടുവരികയും കുമുദൻ ഒമ്പത് പർവ്വതങ്ങളെയും കൊണ്ടുവന്നു പ്രഥമമായി മുഹൂർത്തക്കല്ലിടുകയും സേതുബന്ധനം കണ്മാൻ ആകാശമാർഗ്ഗേ നിരനിരയായി നില്ക്കുന്ന ഇന്ദ്രാദിദേവകൾ കുമുദൻ മുഹൂർത്തക്കല്ലിട്ടതിനെക്കണ്ടു അത്യത്ഭുതപ്പെട്ടു പറയുന്നു. അല്ലയോ ദേവകളെ നോക്കുവിൻ സേതുബന്ധനത്തിന്നു മുഹൂർത്തക്കല്ലായി കുമുദനെന്ന വാനരശ്രേഷ്ഠൻ ഒമ്പതു പർവ്വതങ്ങളെ ഒന്നായിക്കൊണ്ടുവന്നു സമുദ്രത്തിൽ ഇട്ടപ്പോൾ ആയതു വെള്ളത്തിൽ മുങ്ങിപ്പോകാതെ നാട്യസ്ത്രീകളുടെ നിത്യംപോലെ തിമിധിയെന്ന താളാനുസരണനൃത്തം കണ്ടില്ലയോ. എന്നു മാത്രമല്ല പർവ്വതങ്ങൾ ജലത്തിൽ വീണ ഉടനെ തജ്ജന്യമായ തുള്ളികൾ നമ്മുടെ മേൽ വന്നു സ്പർശിച്ചതു കാണ്മിൻ. പണ്ടു ക്ഷീരാബ്ധിമഥനത്തിന്നായി മന്ദിരമെന്ന ഒരു പർവ്വതത്തിനെയിട്ടപ്പോൾ നമ്മുടെ ജരാനര തീരുവാനായി അമൃത് സിദ്ധിച്ചു നാം രക്ഷപ്പെട്ടതു ഓർമ്മയില്ല. ഇന്നു ഒമ്പതു പർവ്വതമല്ലെ ഇട്ടിരിക്കുന്നത്. ഇന്നും അ

മുത് സിദ്ധിക്കും എന്നു ആനന്ദിക്കുകയും സൌന്ദൎയ്യകലാതിലകസന്തോഷചിന്താമണികളായ രംഭ, ഉൎവ്വശ്യാദികൾ രേതനാട്ട്യം നടിക്കുകയും ചെയ്തു. അനന്തരം വാനരങ്ങളെല്ലാം പൎവ്വതങ്ങൾകൊണ്ടു വന്നു നളൻപക്കൽ കൊടുക്കുകയും ആയതിനെ വാങ്ങി താൻ പടവു ചെയ്തു അഞ്ചുദിവസം അവധിയായി 100 യോജന നീളം, 10 യോജന വണ്ണമായി ലങ്കയുടെ വടഗോപുരത്തിൽ മുട്ടിക്കുകയും സേതുബന്ധിച്ച വിവരം ഭഗവാനെ കേൾപ്പിച്ച എല്ലാവരും സന്തോഷപരിമഗ്നമായി ലങ്കയിൽ കടക്കുകയും വടഗോപുരത്തിന്റെ സമീപമുള്ള സുവേലത്തിന്റെ അടിപ്പാട്ടിൽ ചെന്നു പടനായകനായ നീലനെ വിളിച്ചു പടകൾക്കു താമസിപ്പാൻ പാടി വീടു കെട്ടുവാനായി ഭഗവാൻ കല്പിക്കുകയും നീലൻ അവസ്ഥാനുസരണം പാടി വീട് നിൎമ്മിക്കുകയും അതിൽ വാനരങ്ങൾ താമസിക്കുകയും ആയതിന്നുശേഷം ഭഗവാൻ തമ്പിയുംകൂടി ശിലധ്യാനി ചെയ്കയും ഹനുമൽപ്രഭൃതികളായ വാനരങ്ങൾ ആൎപ്പ് നാദം ചെയ്കയും ചെയ്തു.

### ശുകചാരണന്മാരുടെ പ്രവേശനം.

രാവണന്റെ ഒററന്മാരായ ശുകചാരണന്മാർ ശിലധ്വാനിയും ആൎപ്പുനാദവും കേട്ടു കിടുകിടെ വിറച്ച് എടോ ശുകനെ ഈ ശബ്ദം എവിടുന്നുണ്ടായി. വല്ല ഇടിമുഴക്കമോ വെടിമുഴക്കമോ ലോകം ഞെട്ടുമാറ് മുഴങ്ങുന്ന ശബ്ദം എന്താണിതെന്നറിയണമെന്നു രണ്ടുപേരും അന്വേഷിച്ചു വടഗോപുരത്തിന്നടുത്ത സുവേലത്തിന്നടുത്തു വരികയും അവിടെ മനുഷ്യരെയും വാനരങ്ങളേയും കണ്ടു അത്ഭുതപ്പെട്ടു ഇടയിൽ അഞ്ജനാദ്രിയെപ്പോലെ നില്ക്കുന്ന മാരുതിയെക്കണ്ടു എടോ നോക്കുക കുറെ ദിവസം മുമ്പു ലങ്കയിൽ അധികം പടകളെയും കൊന്നു രാജ്യത്തെയും ചുട്ടുപോയ മന്തി ആതാ നില്ക്കുന്നു. ആവട്ടെ ഇവരുടെ അഭിപ്രായം മനസ്സിലാക്കി നമ്മുടെ രാവണീശ്വരനോടു അറിയിക്കണം. അതിന്നു ദൂരെ നിന്നാൽ ഉദ്ദേശം മനസ്സിലാക്കുവാൻ അസാദ്ധ്യമാണ്. അതിനാൽ നാം പടയുടെ ഇടയിൽ ഉപായരൂപേണ കടന്നു കാൎയ്യം മനസ്സിലാക്കി മടങ്ങണം. അതിന്നു ചെറുവാനരങ്ങളുടെ വേഷ

ഒത്ത മയത്താലെട്ടക്കണം. ഈ വേഷത്തോടെ പോയാൽ ആ മ
ന്തിക്ക ഒരു സമ്മന്ധിക്ക നാം പോര. വാനരരൂപികളായി പട
യിടയിൽ കടന്ന ആരെന്ന കേട്ടാൽ ഞങ്ങൾ കാട്ടുനികളായ ഫ
ലമൂലപകപങ്ങൾക്ക വനത്തിൽ പോയിരുന്നു എന്നും ആ സമയം
വേറെ ചിലർ രഹസ്യമായ ചില സംഗതികളെപ്പറഞ്ഞു എന്നും
അതു കഴിയുന്ന വേഗത്തിൽ നിങ്ങളോട്ട അറിയിക്കണമെന്നുള്ള
അത്യുത്സാഹത്താൽ ഞങ്ങൾ വരുന്ന വഴിയാണിതെന്നും മറ്റും
തക്കടിവാക്കകളെപ്പറഞ്ഞു കാൎയ്യം പറിച്ചു പാടാമെന്ന നിശ്ച
യിച്ചു ചാരണന്മാര് വാനരരൂപികളായി പടയിടയിൽ കടക്കക
യും ഉടനെ വാനരവീരന്മാർ ഇവരെപ്പിടിച്ചു അടിക്കകയും തല്ലു
കൊണ്ടു സഹിയാതെയായപ്പോൾ അഭയമഭയമെന്ന നിലവിളി
ക്കകയും അതു കേട്ടു ഭഗവാൻ ഹേ സുഗ്രീവ നമ്മുടെ പടകളിൽ
ആരാണ് അഭയം എന്ന പറയുന്നത്. അവരെ ഉപദ്രവിക്കരു
ത്. എന്റെ അടുക്കലേക്ക അയക്കകയെന്നതിനെക്കേട്ടു ഇവ
രെ ഭഗവാന്റെ അടുക്കൽ കൊണ്ടുപോയി നിൎത്തുകയും സ്വാമി
കണ്ടു ഹേ നിങ്ങൾ ആരാണ് എവിടന്ന വരുന്നു. പടയുടെ ഇ
ടയിലേക്ക വരേണ്ടുന്നാവശ്യമെന്തെന്ന ചോദിക്കകയും അതിനു
മറുവടിയായി അവർ ശരണം സ്വാമിൻ ഞങ്ങൾ പാവ വാനരങ്ങ
ളാണ്. ഫലമൂലപകപങ്ങൾക്കായി വനത്തിൽ പോയിരുന്നു.
അവിടെ ചിലര് ഞങ്ങളോട്ട രഹസ്യമായ ചില സാരവാക്കകൾ
പറയുകയുണ്ടായി. ആയത്തുകളെ സമക്ഷത്തിൽ ഉണൎത്തുവാനായി
വന്നവരാണ്. അതെന്തെന്നാൽ നമ്മുടെ സംഘത്തിൽ രാവണ
സോദരനായ വിഭീഷണൻ വന്ന ചേൎന്നതു നമുക്ക ദോഷമാണ്.
അങ്ങയുടെ പാദകോദണ്ഡത്തിന്റെ ശക്തിയും വാനരങ്ങളുടെ ക
രബലവും കണ്ടു ഇവരെ വല്ലപ്രകാരവും ഉള്ളിൽ കടന്നുകൂടി ച
തിയിൽക്കൊല്ലണമെന്നും അകലെനിന്ന നേരിട്ടു യുദ്ധം ചെയ്തു
കൊല്ലുന്ന കാൎയ്യം പ്രയാസമാണെന്നും ആലോചിച്ചു രാവണന്റെ
സമ്മതപ്രകാരം ഇവിടെക്ക വന്നവനാണ്. ഈ വിഭീഷണൻ
മഹാ കള്ളനും മായാവിയുമാണ് എന്ന ചിലര് ഞങ്ങളോട്ട പറ
ഞ്ഞതിനാൽ വിഭീഷണനെ കഴിയുന്ന വേഗത്തിൽ സംഘത്തിൽ

നിന്നു ഉപേക്ഷിക്കണം എന്നുതന്നെയല്ലഞങ്ങളുടെ വിഷയത്തിൽ തിരുവടിക്കു ശങ്ക വേണമെന്നില്ല. ഞങ്ങൾ ശുദ്ധാത്മ കുരങ്ങന്മാരാണ് എന്നു പറഞ്ഞതിനെ ഭഗവാൻ കേട്ടു ലങ്കേശ്വരനെ വരുത്തി ഹേ വിഭീഷണാ! നീ ഇവരെ അറിയുമോ? ഇവർ നിന്നെപ്പററി വളരെ ദുഷ്യമായ വാക്കുകൾ പറയുന്നു എന്നു ഭഗവാൻ പറഞ്ഞതിനെക്കേട്ടു വിഭീഷണൻ ഇവരുടെ പരമാത്ഥം മനസ്സിലാക്കി ഭഗവാനെ കേൾപ്പിക്കുന്നു.

സ്വാമിൻ ഇവര് വാനരങ്ങളല്ല രാവണന്റെ ചാരന്മാരാണ്. മായാവിദ്യയാൽ തല്ക്കാലം വാനരന്മാരായതാണ്. ഇവരുടെ നാമം ശുകനെന്നും ചാരണനെന്നുമാണെന്നുള്ള പരമാത്ഥം പറഞ്ഞു അവരുടെ ശിരസ്സിൽ വിശ്വമന്ത്രം ജപിച്ചു തൊട്ടുകയും ഉടനെ വാനരവേഷം പോയി രാക്ഷസന്മാരാവുകയും ചെയ്തു. ഉടനെ ചാരണന്മാർ, അഭയം സ്വാമിൻ! അറിയാഞ്ഞുവാരം വന്ന അബദ്ധത്തിനെ ക്ഷമിച്ചു രക്ഷിക്കണമേ. ഭഗവാനെ എന്നു നമസ്കരിക്കുകയും അതു കണ്ടു എന്നാൽ നിങ്ങൾ ഭയപ്പെടണ്ട. രാവണന്റെ അടുക്കലേക്കു ഒരു ദൂതനെ അയക്കണമെന്നു കരുതിയിരുന്നു. ആയതുകൂടാതെ കഴിഞ്ഞു. രാവണനോടു പറവാനായി ചില വാക്കുകൾ നിങ്ങളോടു ഞാൻ പറയുന്നുണ്ട്. ആയതിൽ യാതൊരു വാക്കുകളും ലോപിക്കാതെ ചെന്നു പറയുമോ എന്നു ചോദിക്കുകയും അങ്ങുന്നു അരുളിച്ചെയ്യുന്ന വാക്കുകൾ ഒന്നും കുറയാതെ രാവണനെ കേൾപ്പിക്കാമെന്നു മറുവടി പറകയും ചെയ്തു. ഭഗവാൻ അവരോടു താഴെ പറയുന്നതിനെ രാവണനോടു പറവാൻ പറയുന്നു.

അലങ്കാരയുക്തമായ ലങ്കാരാജ്യവും രാജ്യത്തിൽ ഉൾപ്പെട്ട രാജപട്ടം, രാജചെങ്കോൽ രാജകിരീടം ഇത്തു മുതലായ സവ്വഭാഗ്യങ്ങളും രാവണന്റെ അനുജന എന്റെ ഭക്തനമായ വിഭീഷണന്നു ദാശരഥി രാമൻ കൊടുത്തു എന്നും ആയതു അക്കചന്ദ്രന്മാരും രാമനാമവും എത്രകാലം നിലനില്ക്കുമോ അതുവരെക്കും ലങ്കേശ്വരൻ എന്ന സ്ഥാനം കൊടുത്തിരിക്കുന്നു എന്നും പറയുക എന്നുമാത്രമല്ല. സാഗരമദ്ധ്യേ 100 യോജന നീളവും 10 യോജ

നവണ്ണ്യവുമായ ഒരു ചിറ കെട്ടി തന്മാൎഗ്ഗ മനുഷ്യരും വാനരങ്ങളും ലങ്കയിൽ കടന്നു യുദ്ധത്തിന്നു ഒരുങ്ങി വടഗോപുരത്തിന്റെ വടക്കുഭാഗം യുദ്ധകളം നിശ്ചയിച്ചു കൊടി കുത്തിയിരിക്കുന്നു എന്നും യുദ്ധകളത്തിൽവെച്ചു രാവണസഹായികളായി അതിഹരവിറിഞ്ചാദികൾ വന്നാലും അവരെ ഇടവിടക്കി രാവണനെന്ന ദുൎമ്മാൎഗ്ഗിയെ അസ്ത്രം തൊടുത്തു മുഖഗളകരചരണാദ്യവയവങ്ങളെല്ലാം വേറെ വേറെയാക്കി ബന്ധിച്ചു നികൃഷ്ടജാതികളായ കാക്ക, കഴുക്കൾക്കു ഭുജിപ്പാൻ കൊടുക്കുന്നുണ്ട്. രാവണനാൽ ആൎജ്ജിതമായ സൎവ്വഭാഗ്യങ്ങളും വിഭീഷണൻ അനുഭവിച്ചു സുഖിപ്പാനും രാവണൻ തന്റെ കുഡുംബങ്ങളോടുകൂടി രൌരവാദി നരകങ്ങളിൽ ദുഃഖമനുഭവിപ്പാനും ഇടവരുത്തും ദാശരഥി രാമൻ എന്നു പറയുവിൻ. എന്നു പറഞ്ഞു ചാരണന്മാരെ പടകടത്തി അയക്കുകയും ചെയ്തു.

## മാല്യവാൻ രാവണനോടുള്ള സംഭാഷണം.

സഭയിലേക്കു മാല്യവാന്റെ വരവിനെക്കണ്ടു രാവണൻ അവസ്ഥാനുസരണം ആസനമിട്ടിരുത്തി അങ്ങുന്നു എഴുന്നെള്ളുവാൻ കാരണം വിശേഷിച്ചു വല്ലതും ഉണ്ടായിരിക്കും. ആയതു അറിയിച്ചാൽ കൊള്ളാം. എന്നതിനെക്കേട്ടു മാല്യവാൻ പറയുന്നു. ഹെ പ്രഭോ രാവണ! ഉത്തരകോസലവാസിയായ രാമൻ സാഗരതീരത്തിൽ വന്നു വരുണനെ ധ്യാനിക്കുകയും കാണായ്കയാൽ ബഡവാഗ്നിക്കു തുല്യമായ ആഗ്നേയാസ്ത്രം തൊടുത്ത നിമിത്തം സമുദ്രവും ജലചരങ്ങളും നശിക്കുമാറാകയും വരുണൻ അത്യന്തം വേദനയോടുകൂടി ഒരു മുത്തുമാല്യത്തെ രാമന്റെ പാദത്തിൽ കാഴ്ചവെച്ചു രക്ഷിക്കണമെന്നപേക്ഷിക്കുകയും രാമൻ രക്ഷിക്കുകയും ചെയ്തശേഷം അത്യഗാധമായ സമുദ്രമദ്ധ്യേ സേതുബന്ധിച്ചു സേതോപരിമാൎഗ്ഗമായി രാമാദികൾ ലങ്കയിൽ വന്നു സുബേലമലയുടെ സമീപം പടവീടു കെട്ടി താമസിക്കുന്ന കഥ ആലോചിക്കുമ്പോൾ അത്യന്തം വ്യസനകരമെന്നേ പറയേണ്ടതുള്ളു. അഷ്ടദിൿപാലകന്മാരെ നീ ജയിച്ചവനാണെന്നുവരികിലും അതിൽ ഒരുവനായ അഗ്നിക്കു നിന്നെ ഭയമുണ്ടെങ്കിൽ നിന്റെ രാ

ക്ക്യം അഗ്നി പിടിപെട്ടുമൊ? സംഗരത്തിൽ ആഗ്നേയാസ്ത്രം തൊടു ത്തതും ലങ്കയിൽ തീ വെച്ചതും സേതുബന്ധിച്ചതും ഇത്യാദി കാ ര്യങ്ങളെ ആലോചിക്കുമ്പോൾ രാമനെ ശത്രുവായ്യരിക്കുന്നതു ന മുക്കു അനൎത്ഥമാണെന്നുള്ളതിലേക്കു വേറെ വല്ല ദൃഷ്ടാന്തവും വേ ണമെന്നുണ്ടോ രാവണാ? എന്നു മാല്യവാൻ പറയുന്നതിനെക്കേ ട്ടു രാവണന്റെ മന്ത്രിയായ പ്രഹസ്തൻ മാല്യവാനോടു പറയുന്നു ഹെ വയസ്സാ! അങ്ങക്കു ഇത്ര ബുദ്ധിയില്ലല്ലൊ. സമുദ്രരാജാവാ യ വരുണൻ രാമനെ വണങ്ങിയെന്നാണ് രാമന്നു ഒരു വൈഭവം പറയുന്നത്. കഷ്ടം! മററുള്ള ദിൿപാലകന്മാർ എവരും നമ്മു ടെ രാവണീശ്വരന്നു ദാസ്യപ്രവൃത്തി ചെയ്യുന്നതു ഓൎമ്മയില്ലെ? പിന്നെ വാനരങ്ങൾ മലയെടുത്തുവെന്നും തന്നിമിത്തം കുരങ്ങന്മാ രും സമൎത്ഥന്മാരാണെന്നാണ് പറയുന്നത്. ആശ്ചൎയ്യം തന്നെ. നമ്മുടെ രാവണീശ്വരൻ പണ്ടു പരമേശ്വരസ്വാമി അധിവസി ക്കുന്ന കൈലാസപൎവ്വതത്തെയും അതിൽ വസിക്കുന്ന ഗണപ തി, സുബ്രഹ്മണ്യനെയും നന്ദി, നന്തി, മഹാകാളവേതാള, ച ണ്ഡമുണ്ഡ, ചാമുണ്ഡ, കുണ്ഡോദര, കുംഭോദര, മഹോദര, വീരഭ ദ്ര, ക്രൂരഭദ്ര, ഭൃംഗി, ഭൃംഗിരിടി, കരടികൎണ്ണാകൎണ്ണൻ മുതലായ ഭൂ തഗണങ്ങളേയും ഒന്നായി എടുത്തു അമ്മാനമാടിയതു മറന്നുപോ യോ? വയസ്സന്മാരുടെ കാൎയ്യമൊക്കെ അങ്ങിനെതന്നെ. സമയം വെറുതെ കളയണ്ട, നേരത്തെ വീട്ടിലേക്കു പോകാം എന്നു പറ ഞ്ഞു മാല്യവാനെ അയക്കുകയും പ്രഹസ്തൻ രാവണനോടു സ്വാ മിൻ! പ്രഭോ, അന്ന് മന്ത്രാലോചനയിൽവെച്ചു അടിയൻ അങ്ങ യോടു യുദ്ധത്തിന്നു കല്പന തരണമെന്നും രാമാദികൾ സാഗര ത്തിന്റെ മറുകരയിലുണ്ടെന്നും അവിടെ ചെന്നു ജയിച്ചുവരാമെ ന്നും ഉണൎത്തിച്ചപ്പോൾ സമയം വന്നാൽ നിണക്കുതന്നെ യുദ്ധ ത്തിന്നു കല്പന തരാമെന്നു അടിയനോട് കല്പിച്ചിട്ടുണ്ടല്ലൊ. ശത്രു ക്കളായ രാമാദികളെ ഇപ്പോൾ അന്വേഷിച്ചുപോകാതെ കഴിഞ്ഞു. ലങ്കയിൽ കടന്നിരിക്കുന്നുവെന്ന് കേട്ടതിനാൽ അത്യന്തം സന്തോ ഷിക്കുന്നു എന്നു പറഞ്ഞ മന്ത്രിയുടെ വാക്കിനെക്കേട്ടു രാവണൻ സന്തോഷിച്ചു മന്ത്രി സമയം വന്നാൽ നിണക്കു കല്പന തരാമെ

ന്നു പറയുകയും മന്ത്രി തന്റെ ഗൃഹത്തിലേക്കു പ്രവേശിക്കുകയും ചെയ്തു.

## രാമൻ പറഞ്ഞയച്ച വാക്കിനെ രാവണ നോടു ചാരണന്മാർ പറയുന്നു.

ചാരണന്മാർ വന്നു രാവണന്റെ പാദത്തിൽ നമസ്കരിച്ചു വിനയാനമിതന്മാരായി നില്ക്കുകയും രാവണൻ കണ്ട് ഇന്നു വല്ല വിശേഷവർത്തമാനങ്ങൾ ഉണ്ടോയെന്നു ചോദിക്കുകയും; ഉണ്ട്, കേൾപ്പിക്കാം എന്തെന്നുവെച്ചാൽ ഞങ്ങൾ ഇന്നു വടഗോപുരത്തിന്റെ സമീപത്തിൽ പോകുകയും അവിടെ മനുഷ്യരും സുഗ്രീവാദിവാനരങ്ങളും സുവേലത്തിന്റെ അടിവാരത്തിൽ പടവീടു കെട്ടി അധിവസിക്കുന്നതിനെക്കണ്ടു അവരുടെ ഉദ്ദേശം മനസ്സിലാക്കുവാനായി ഞങ്ങൾ വാനരരൂപികളായി പടയിടയിൽ കടക്കുകയും വാനരങ്ങൾ ഞങ്ങളെപ്പിടിച്ചു അടിച്ചും മാറത്തിടിച്ചും നിലത്തിഴച്ചും ഉപദ്രവിക്കുമ്പോൾ പ്രാണഹാനി വരുമായെന്നു കരുതി നിലവിളികൂട്ടുകയും അപ്പോൾ മനുഷ്യരായ രാമാദികളുടെ അടുക്കലേക്കു ഞങ്ങളെപ്പിടിച്ചു കെട്ടിക്കൊണ്ടുപോയി രാമൻവശം ഏല്പിക്കുകയും ചെയ്തു. ആയതു ആരാണു ഞങ്ങളുടെ മായം വെളിപ്പെടുത്തിയത് എന്നുള്ളതിലേക്കു ഒരു സാമ്യം പറയാം അതു മുമ്പേതന്നെ:—പണ്ടു ശ്രീമതിയെന്ന ഒരു വിദ്യാധരസ്ത്രീ വേണുവീണകളെയെടുത്തു അപ്രാകൃതമെന്ന പരിമപദത്തിൽ പോയി സർവ്വേശ്വരിയായ ലക്ഷ്മീഭഗവതിയെ സ്തുതിച്ചുവരികയും ഇങ്ങിനെ പുലരുവാൻ (ഏഴരനാഴിക) ഒരു യാമമുള്ളപ്പോൾ ദിനചര്യമായിരുന്നായിരം സംവത്സരം സ്തുതിച്ചു പര്യവസാനം ലക്ഷ്മീഭഗവതി പ്രത്യക്ഷമാവാനായി കേശാദിപാദം പാദാദികേശമായി ധ്യാനിക്കുകയും ചെയ്തു.

## ലക്ഷ്മിയുടെ പാദാദികേശം

കനകകന്ദുപുരകാന്തി വിളങ്ങും തിരുമേനിയും, ഝലഞ്ഝലംഝലിതപാദകടക ഖചിത പാദാരവിന്ദങ്ങളും വരാൽമത്സ്യത്തെപ്പഴിത്ത കണങ്കാലുകളും, കരീന്ദ്രകരപരിഹാസി സുന്ദരോരുദണ്ഡ

ങ്ങളും, ഇടിമിന്നലൊളിക്കും നവരത്ന ഖചിതകാഞ്ചിദാമമെല്ല സൽപീതാംബര പരിവൃതമായ ഇടകൂടുകിന, കട്ടന്തുടി നടുവടിവൊടിടയും, കടിതടവടിവും, ചെമ്പോൽനിറംപെകന്ന അരയാലിലതോല്ക്കും, വലിത്രയീ ശോഭിതമായ, തിരു ഉദരവും ഗംഗനീർച്ചുഴിപോലെ വിളങ്ങും വലഞ്ചുഴി ഉന്തിക്കമലത്തിൽ നിന്നെഴുന്ന ഊർദ്ധ്വരോമപങ്ക്തിയാലൊന്നി തോന്നിരണ്ടാകിയ പങ്കജമുകുളംപോലെ കുങ്കുമസ്തനങ്ങളും പച്ചമൂങ്ങിൽക്കഴിയെപ്പരിഹസിച്ച തോളിണ അഴകും, പുസ്തകഭൃതഹസ്തകമലങ്ങളും, നവരത്നഖചിതമാലാലംകൃത ഗളശോഭയും; പൂഗതാമ്പൂലമുക്തചൂർണ്ണചർവ്വണാരുണിതരദന പംക്തിഭിമ്മന്ദസ്മിത സുന്ദരാനന സരോരുഹവും; നവവിദ്രുമകാന്തിയെ തിരസ്കരിക്കും ഉത്തരാധരോഷ്ഠങ്ങളും തിലപുഷ്പതുലിതനാസികാ ഗ്രോദഞ്ചിതമൗക്തികാ ഭരണവും; സൂർയ്യസോമാഗ്നികളെ തിരസ്കരിക്കും രത്നകുണ്ഡലങ്ങളും; ഭക്തരക്ഷണദാക്ഷിണ്യകടാക്ഷവീക്ഷണവും; മല്ലീശരവില്ലിനെ വെല്ലും ചില്ലിവല്ലീവിലാസവും; മയൂരഗളജല ദാഭമഴകിയ ചൂർണ്ണകുന്തളശോഭയും, നീരുണ്ട മേഘത്തെ തിരസ്കരിക്കും കേശഭാരവും മയിൽപോലെ ചായലും; കുയിൽപോലെ മൊഴിയും; ഹംസപ്പിടപോലെ നടയഴകോടുകൂടിയ പത്മനാഭപ്രിയേ ജഗന്മാതൃകേയെന്നു ഏകാഗ്ര മാനസിയായി ധ്യാനിക്കുകയും ഉടനെ ഭഗവതിയും പ്രത്യക്ഷമായി അത്യന്തം സന്തോഷത്തോടുകൂടി സർവ്വപാപഹരമായും സകല മോക്ഷപ്രദവുമായുള്ള ചെമന്തിയെന്ന പുഷ്പത്താൽ പരിശോഭിതമായ ഒരു മാല്യത്തെ ശ്രീമതിക്കു ദാനംചെയ്കയും ചെയ്തു. ആയതു വാങ്ങി തന്റെ വിദ്യാധരമണ്ഡലത്തേക്കു മടങ്ങി വരുമ്പോൾ സത്യലോകത്തുവെച്ചു, അനുഭവരസികനായ ദുർവ്വാസാവിനെക്കാണുകയും ഓഹോ ലക്ഷ്മീഭഗവതിയുടെ അനുഗ്രഹത്തെ വഹിച്ചുവരുന്നവളാണെന്നു മഹർഷി വന്ദനംപറയുകയും അതുകണ്ടു ശ്രീമതിയും സർവ്വസംഗപരിത്യാഗിയായ മഹർഷി നമ്മെ മാനിച്ചതുകൊണ്ടു നാം മഹാനെ മാനിക്കേണ്ടതത്യാവശ്യമാണെന്നു വിചാരിച്ചു തന്റെ കയ്യിലുണ്ടായിരുന്ന മാല്യത്തെ ദുർവ്വാസാവിന്നു നല്കി താൻ തന്റെ യഥാസ്ഥാനത്തേക്കു വിടകൊണ്ടു.

അനന്തരം മഹൎഷി ഈ മാല്യത്തെ ആൎക്കാണു കൊടുക്കേണ്ടതെന്നു ആലോചിച്ച് ഇന്ദ്രന്നു കൊടുത്താൽ ശുഭമായി ഭവിക്കും എന്നു സങ്കല്പിച്ചു സ്വൎഗ്ഗത്തിലേക്കു ചരികയും സ്വൎഗ്ഗത്തിൽ ഇന്ദ്രൻ തന്റെ വാഹനമായ ഐരാവതാരൂഢനായി വജ്രപാണിയായി ത്രയസ്ത്രിംശൽകോടി ദേവകളും തന്നെ സേവിച്ചു ഇരുഭാഗവും രംഭ ഉൎവ്വശി തിലോത്തമ നന്ദിനി വാഹിനി കന്ദൎപ്പമാലിനി പരിമളവല്ലി പങ്കേരുഹാക്ഷി മദനപ്പെട മദനകഞ്ചരി അതിരസലീല ആനന്ദവേണി കാമനെമയക്കി മോഹനമധുരക്കി ശൃംഗാരലീല ശ്രീമഞ്ജുലാക്ഷി എന്നിങ്ങിനെയുള്ള ദേവസ്ത്രീകൾ നൃത്തനാട്യം നടിച്ചും അനന്തകോലാഹലത്തോടുകൂടി നഗരി വലം വരുന്ന ആശ്ചൎയ്യങ്ങളെല്ലാം കണ്ടു കുറെനേരം നില്ക്കുകയും അനന്തരം ശ്രീമതിയാൽ ദത്തമായ പുഷ്പമാല്യത്തെ ഏറ്റുകൊള്ളുവാനായി മഹൎഷി ഇന്ദ്രനോടു പറയുകയും ഇന്ദ്രൻ ആനയെ നടത്തുന്ന കരട്ടിയെന്ന തോട്ടി നീട്ടി വാങ്ങി ഐരാവതത്തിന്റെ മസ്തകത്തിൽ വെച്ചു തന്റെ കചഭാരത്തെ ചിക്കലത്തുകയും ആ അവസരത്തിൽ സൌരഭ്യംഹേതുവായി ഷഡംഘ്രികൾ മാല്യത്തിൽവന്നു ഝങ്കാരം ചെയ്കയും അതുകേട്ടു ഗജേന്ദ്രനും ക്രോധിച്ചു തുമ്പിക്കരത്താൽ മാല്യത്തെയെടുത്തു നിലത്തിട്ടു പാദതാഡനം ചെയ്കയും ഇതുകളെയെല്ലാം കണ്ടുനില്ക്കുന്ന ദുൎവ്വാസാവും ഹേ ഇന്ദ്ര! നീ മാല്യത്തിന്റെ ഗുരുത്വത്തെയും എന്റെ വൈഭവത്തെയും ലേശംപോലും ആലോചിയാതെ ആനയുടെ മസ്തകത്തിൽ വെച്ചതുകൊണ്ടല്ലൊ മാല്യം നശിക്കേണ്ടിവന്നതു. ഇതു നിന്റെ ഐശ്വൎയ്യാധിക്യത്താലാണ. തന്നിമിത്തം നിന്റെ സൎവ്വഭാഗ്യങ്ങളും ക്ഷീരാബ്ധിയിലൊളിക്കട്ടെ നിണക്കും നിന്റെ പ്രജകൾക്കും ജരാനരയും ബാധിക്കട്ടെയെന്നു ശപിച്ചു മഹൎഷി അന്തൎദ്ധാനം ചെയ്കയും ചെയ്തതിന്നുശേഷം ഇന്ദ്രാദികൾക്കു ജരാനരബാധിക്കകയും ഭാഗ്യങ്ങളായ അറുപതുകോടി അപ്സരസ്ത്രീകൾ കല്പകവൃക്ഷം, നവനിധി, അമൃത്, സുരഭി, ഉച്ചൈശ്രവസ്സ് എന്ന അശ്വം ഐരാവതം മുതലായ എല്ലാഭാഗ്യങ്ങളും ക്ഷീരാബ്ധിയിലൊളിക്കകയും ദേവലോകം അരാജകത്വം ഭവിക്കകയും ചെയ്തതിന്നുശേഷം മഹ-

വൻ ദേവസമൂഹത്തോടുകൂടി സത്യലോകവാസനായ ബ്രഹ്മാവി ൻെറ അടുക്കൽ ചെന്നു് ഉണ്ടായ പരമാത്ഥമെല്ലാം ഉണത്തിക്ക കയും എന്നാൽ യാതൊരു നിവൃത്തിയും ഇതിലേക്ക ചെയ്യാൻ അസാദ്ധ്യമാണ്. പരമേശ്വരൻെറ അടുക്കൽ ചെന്നു ഉണത്തു വിൻ എന്നാൽ നിവൃത്തി ഉണ്ടാവുമെന്നു ഇന്ദ്രാദികളെ കൈലാ സത്തിലേക്ക കൂട്ടി താനും പുറപ്പെട്ടു പരമേശ്വരസ്വാമിയെ വന്നു കാണുകയും ഇന്ദ്രൻ രുദ്രമൂത്തിയെ നമസ്കരിച്ചു ദുവ്വാസാവാൽ വ ന്ന ആധിവ്യാധികളെ ആദ്യന്തം കേൾപ്പിക്കുകയും സ്വാമിയും ഇ ന്ദ്രനെ നോക്കി ഹെ പുരന്ദര! രാക്ഷസമൂത്തിയായ നാരായണൻ വിചാരിച്ചല്ലാതെ ഇതിന്നു വേറെ മാഗ്ഗം ഞാൻ ആലോചിക്കു ന്നപാറ കാണുന്നില്ല. ആയതുകൊണ്ടു ഞാനും നിങ്ങളുടെ കൂടെ വരുന്നുണ്ടു എന്നു പറഞ്ഞു തൻെറ ഭൂതവൃന്ദങ്ങളോടും ഇന്ദ്രാദിദേ വകളോടും കൂടി ക്ഷീരാബ്ധിതീരത്തിൽ വരികയും പുരുഷസൂക്തം എന്ന മന്ത്രംകൊണ്ടു നാരായണസ്വാമിയെ അനുലോമപ്രതിലോ മമായി സ്തുതിക്കുകയും ചെയ്യാറെ വിശേശ്വരനായ ശ്രീനാരായ ണൻ അതു കേട്ടു ഗരുഡാരൂഢനായി പുറപ്പെട്ടു ദേവസംഘ ത്തിൽവന്നു പ്രത്യക്ഷീകരിക്കുകയും ഇന്ദ്രാദികൾ സാഷ്ടാംഗനമ സ്കാരം ചെയ്തു വിനയാന്വിതന്മാരായി നില്ക്കുകയും നാരായണൻ ഇന്ദ്രനെക്കണ്ടു ഹെ മഘവൻ ഈ ജരാനര എവിടെനിന്നു സ മ്പാദിച്ചു. എന്തിന്നധികം പ്രയത്നം ചെയ്യുന്നു. ഞാൻ പലപ്പോ ഴും പറയുന്നുണ്ടു മതിയാവട്ടെ. അഹങ്കാരികൾക്കുള്ള അനുഭവ മാണിതു. പണ്ടു ബൃഹസ്പതിയുടെ ശാപത്താൽ അനുഭവിച്ച ന ഷ്ടകഷ്ടങ്ങൾ ഇത്രവേഗം മറന്നുപോയോ? നിങ്ങളാൽ ചിലർ വ ല്ലതും ഉണ്ടാക്കിത്തീത്താൽ പോരെ. ബുദ്ധിമുട്ടാൻ മററുള്ളവരു ണ്ടല്ലൊ, എന്നും മററും പറഞ്ഞതിനെ പരമേശ്വരൻ കേട്ടു് ഹെ ഭഗവൻ! ചെറുപ്പമായാൽ അങ്ങിനെയൊക്കെ വന്നേക്കാം. കഴിഞ്ഞ കാൎയ്യത്തെ കഥിച്ചു പ്രയോജനമെന്തു്. മേലിൽവേണ്ടു ന്നമാഗ്ഗത്തെ ചിന്തിക്കുക. ദുവ്വാസാവിൻെറ അവസ്ഥ നമുക്കു അനുഭവമല്ലെ. തെററിന്നുതക്ക ശിക്ഷയല്ല അദ്ദേഹം ചെയ്യുക. വികൃതിയാണ് ഇന്ദ്രൻ. അതു ഞാനും അറിയും എന്നും

ററം അസൌമ്യവാക്കുകളാൽ നാരായണസ്വാമിയുടെ ക്രൊധ ത്തെ ശമിപ്പിച്ചതിന്നശേഷം ശ്രീനാരായണൻ പറയുന്നു ഇ ന്ദ്രാദികളുടെ ജരാനര തീരുവാനും ഭാഗ്യങ്ങളെല്ലാം ലഭിപ്പാനു മായി ക്ഷീരാബ്ധി മഥിക്കണം. മഥിക്കണമെങ്കിൽ നല്ല ശക്തന്മാ രാവണം ജരാനര ബാധിച്ചതുകൊണ്ടു നിങ്ങൾ ദുർബ്ബലന്മാരായി ത്തീൎന്നിരിക്കുന്നു. ശക്തന്മാരായ അസുരന്മാരെ സഹായികളായി വരുത്തണം അവർ പൂൎവ്വവൈരികളും പുരന്ദരന്റെ ഭയാദികളുമാ ണു്. തല്ക്കാലം കാൎയ്യസാദ്ധ്യത്തിന്നായി അസുരകളെ വരുത്തു ന്നതിലേക്ക ഉള്ള യുക്തിയെന്തെന്നു പരമേശ്വരസ്വാമിയോടു നാരായണൻ ചോദിക്കകയും ആവട്ടെ ഞാൻ അസുരകളെ വരുത്താം എന്നു പറഞ്ഞു തന്റെ ഭൂതങ്ങളിൽ ഒരുവനായ വീര ഭദ്രനെ അയക്കുകയും വീരഭദ്രൻ അതിവേഗത്തിൽ ചെന്നു അ സുരരാജാവായ മഹാബലിയെക്കണ്ടു മാനിച്ചു നില്ക്കുകയും മഹാ ബലി കണ്ടു എടോ നീയെവിടെനിന്നു വരുന്നു. സ്വാമി കൈ ലാസത്തിലില്ലെ. വിശേഷാൽ വല്ലതും ഉണ്ടോയെന്നു ചോദി ച്ചു ഉണ്ടു്; ഇന്നു ക്ഷീരാബ്ധി ഹരിഹരവിരിഞ്ചാദികളായ ത്രിമൂ ൎത്തികൾക്കൂടി മഥനം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു. ആയതി ന്നു നിങ്ങളുംകൂടി വേണമെന്നും നിങ്ങളെക്കൊണ്ടു അമൃതു ഭുജിപ്പി ക്കണമെന്നും നമ്മുടെ സ്വാമി നിശ്ചയിച്ചിരിക്കുന്നു. എന്നുമാ ത്രമല്ല വേഗം അസുരകളോടുകൂടി നിങ്ങളോടു കഴിയുന്ന വേഗ ത്തിൽ വരുവാൻ കല്പിച്ചിരിക്കുന്നു. ആകയാൽ ഒരുമിച്ചു അസു രസമേതം നിങ്ങൾ പുറപ്പെടുവിൻ എന്നു അപേക്ഷിച്ചതിനെ കേട്ടു അസുരേശ്വരനായ മഹാബലി തന്റെ പരിവാരങ്ങളോടും കൂടി അത്യന്തം സന്തോഷത്തോടുകൂടി ക്ഷീരാബ്ധിതീരത്തിൽ വന്നു പരമേശ്വരസ്വാമിയെക്കണ്ടു നമസ്കരിച്ചു വിനയാന്വിതന്മാരായി നിന്നു. മഹാബലിയെ പരമേശ്വരൻ കണ്ടു അല്ലയോ അസുരേ ശ്വരാ! ഇന്നു ക്ഷീരാബ്ധി മഥിക്കേണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആയതിലേക്ക നിങ്ങളും ദേവകളും യോജിക്കണം തമ്മിൽ മത്സരി ക്കരുതു്. രണ്ടു കക്ഷികളും അമൃതു ഭുജിച്ചാൽപിന്നെ മരണമെ ന്ന അവസ്ഥയില്ലല്ലോ, ഒരു സമയം യുദ്ധംതന്നെ ഉണ്ടായാലും

സമത്ഥമായിരിക്കും എന്നു തന്നെയല്ല നിങ്ങൾ ജ്യേഷ്ഠജ്ഞാതിമക്കളല്ലേ, എന്നു പറഞ്ഞതിനെ കേട്ടു സന്തോഷിക്കുകയും അനന്തരം അമൃതമഥനത്തിന്നായി ഒരു മത്ത് വേണം. ആയതിലേക്കു ശാകദ്വീപിലുള്ള മന്ദരത്തെക്കൊണ്ടു വരണം എന്നു കല്പിച്ചതിനെ അംഗീകരിച്ചു ദേവാസുരകൾ യോജിച്ചു 32 ലക്ഷം യോജന വിസ്താരമായ ശാകദ്വീപിന്റെ ദക്ഷിണഭാഗത്തിൽ ലക്ഷം യോജന ഉയരത്തോടുകൂടി നില്ക്കുന്ന മന്ദരത്തിന്റെ അടുക്കൽ പോയി പർവ്വതത്തെ കുത്തിപ്പുഴക്കി എടുക്കുകയും തങ്ങളാൽ കൊണ്ടുവരുവാൻ അസാദ്ധ്യമാണെന്നു കണ്ടു മന്ദരത്തെ അവിടെത്തന്നെയിട്ടു മടങ്ങി വന്നു മന്ദരത്തെ കൊണ്ടുവരുവാൻ തങ്ങളാൽ പ്രയാസമാണെന്നു വിവരം പറഞ്ഞു. അനന്തരം നാരായണനും തന്റെ വാഹനമായ ഗരുഡനെ കടാക്ഷിച്ചയച്ചു. ഗരുഡൻ പക്ഷപുടങ്ങളെ കുലുക്കി അതിവേഗത്തിൽ പറന്നു ശാകദ്വീപിൽ പോയി പുഴങ്ങിമറിഞ്ഞുകിടന്നിരുന്ന മന്ദരത്തെ ഗളത്തിലേററി സാഗരതീരത്തിൽ കൊണ്ടുവന്നു വെച്ചു ദേവാസുരകളാൽ അസാദ്ധ്യമായ കാര്യത്തെ ഞാൻ നിവൃത്തിച്ചുവല്ലോയെന്നഭിമാനിച്ചു നിന്നു. ആ അഭിമാനത്തെ നശിപ്പിക്കേണമെന്നു ശ്രീനാരായണൻ ആലോചിച്ചു ഹേ ഗരുഡാ മന്ദരത്തെ ചുററി വലിപ്പാനായി ഒരു പാശം വേണം. ആയതു പാതാളത്തിലുള്ള പന്നഗേശ്വരനായ വാസുകിയെ കൊണ്ടുവരേണമെന്നു കല്പിക്കുകയും ആയതു കേട്ടു ഉടനെ മഹാമേരുവിന്റെ കൊടുമുടികളിൽ മനോപതിയെന്ന നടുക്കൊടുമുടിയുടെ അഗ്രഭാഗത്തൂടെ പാതാളത്തേക്കു പോകുന്ന കുഹരത്തിൽകൂടെ ഗരുഡൻ ചെന്നു സർപ്പരാജാവായ വാസുകിയുടെ മദ്ധ്യപ്രദേശം തന്റെ വക്രതുണ്ഡത്താൽ കൊത്തി ഉപരിയായി പറക്കുകയും എത്ര ഉന്നതത്തിൽ പറന്നാലും വാൽതല ഭൂമിയെ വിട്ടു എളകാതിരിക്കുന്നതിനെ കണ്ടു വാസുകിയെ അവിടെത്തന്നെയിട്ടു വലിയ ലജ്ജയോടുകൂടി മടങ്ങി വിഷ്ണുഭഗവാന്റെ അടുക്കൽവന്നു തലതാഴ്ത്തി നില്ക്കുകയും ഭഗവാൻ ഗരുഡാ, പാശമെവിടെയെന്നു ചോദിക്കുകയും സ്വാമിൻ അടിയനാൽ പാശത്തെ കൊണ്ടുവരുവാൻ അസാദ്ധ്യമാ

ണെന്നുള്ള ക്ഷീണഭാവത്തോടുകൂടി പറഞ്ഞതിനെ കേട്ടു എല്ലാടാ ആരും അഭിമാനിക്കരുതു്. അഭിമാനിച്ചാലുള്ള അവസ്ഥയാണിതു്. എന്നു പറഞ്ഞതിനനന്തരം പരമേശ്വരസ്വാമി തന്റെ കരത്തെ പാതാളത്തിലേക്കു നീട്ടി അതിൽ വാസുകി അദ്ധ്വകടകമായി ഭവിച്ചു ക്ഷീരാബ്ധിക്കു വരികയും പിന്നെ മന്ദിരത്തെ മന്താക്കി ചന്ദ്രനെ തറിയാക്കി വേണുകുഴലെ കണയാക്കി കാർക്കോടകനെ വടമാക്കി ദേവന്മാർ വാസുകിയുടെ പുച്ഛം പിടിക്കുകയും അസുരകൾ ശിരസ്സു പിടിക്കുകയും ഇങ്ങിനെ ഇരുകക്ഷികളും വാൽ തല പിടിച്ചു മഥനം തുടങ്ങുകയും ദേവാസുരന്മാരുടെ ബലം സമത്വമല്ലാതെ വരികയാൽ മന്ദിരം പകഴിമറിയാതെ ജലത്തിൽ ആണ്ടുപോകയും അതു വിഷ്ണുഭഗവാൻ കണ്ടു താൻ കൂർമ്മാവതാരമെടുത്തു മന്ദിരത്തെ തന്റെ മുതുകിനാൽ ഉയർത്തിക്കൊടുക്കുകയും ജരാനര ബാധിച്ചു് ഇന്ദ്രാത്മജനായ ബാലിയെവരുത്തി ദേവകളുടെ ഭാഗത്തിൽ സഹായിപ്പിക്കുകയും തൽസമയം വാസുകിയുടെ നേത്രത്തിൽ നിന്നു അഗ്നിയും നാസികയിൽനിന്നു ധൂമവും പുറപ്പെടുകയും ആയതു കണ്ടു വായുവെയും വരുണനെയും വരുത്തി വഹ്നിധൂമങ്ങളെ മാററുകയും പിന്നെയും മഥനം തുടങ്ങുകയും ആ അവസരത്തിൽ വാസുകി മന്ദിരത്തോടു ദേഹം ഉരഞ്ഞുള്ള വേദന സഹിയാതെ തന്റെ ജിഹ്വയിൽ നിന്നു കാളകൂടവിഷം ഛർദ്ദിക്കുകയും അതു ലോകമെല്ലാം ഭസ്മീകരിക്കുമെന്നുള്ള ഭയത്താൽ ദേവാസുരകൾ വാൽതല വിട്ടു ഓടി പരമേശ്വരസ്വാമിയെ സ്തുതിക്കുകയും നാരായണസ്വാമിയും ഞാൻ ഓടിയാൽ ലഘുത്വമാമെന്നു കരുതി തൻ നവദ്വാരങ്ങളെ അടക്കി അഭിമുഖീകരിച്ചു നില്ക്കുകയും തന്നിമിത്തം നാരായണസ്വാമിയുടെ മേൽ കേശാദിപാദം വിഷം തട്ടുകയും വിഷം അകത്തു കടപ്പാൻ പാടില്ലായ്കയാൽ ഭഗവാന്റെ ശരീരം നീലമേഘശ്യാമളവൎണ്ണമായി ഭവിക്കുകയും മുമ്പുണ്ടായിരുന്ന വസ്ത്രത്തിന്റെ നിറം പോകുകയും അന്നുമുതല്ക്കു ശ്രീനാരായണസ്വാമിക്കു നീലമേഘശ്യാമളൻ എന്ന കീൎത്തി ലഭിക്കുകയു ചെയ്തു. പരമേശ്വരസ്വാമി ദേവാസുരകളെ രക്ഷിപ്പനായി വിഷത്തെ ആമലകപ്രമാണം ഉരുട്ടി താൻ ആചമനം

ചെയ്കയും അതു കണ്ടു പാർവ്വതിയും വിഷപാനം ചെയ്താൽ എന്റെ ഭർത്താവ് മരിച്ച് ഞാൻ വൈധവ്യദുഃഖം അനുഭവിക്കേണ്ടി വരും എന്നു കരുതി കണവന്റെ അടിക്കഴുത്തിൽ പിടിക്കുകയും അതുകണ്ടു നാരായണസ്വാമി ഈ വിഷം ഭൂമിയിൽ വീണാൽ ലോകത്രയം നശിച്ചുപോകുമെന്നു കരുതി ആമൂർത്തിയുടെ വായ പൊത്തുകയും അപ്പോൾ വിഷം കീഴുംമേലും പോകാതെ ഗളത്തിൽ 1. നീലകണ്ഠമെന്നും, 2. കറുകണ്ഠമെന്നും, 3. കാളകണ്ഠമെന്നും ഇങ്ങിനെ മൂന്നു രേഖകളായി ഭവിച്ചു. തന്നിമിത്തം പരമേശ്വരസ്വാമിക്കു അന്നുമുതൽ നീലകണ്ഠൻ എന്ന കീർത്തി ലഭിച്ചു. ആയതിനുശേഷം മഥനം തുടങ്ങുകയും പ്രഥമമായി ജ്യേഷ്ഠ പിറക്കുകയും ആയതിനു വസിപ്പാനായി 5 സ്ഥാനം കല്പിക്കുകയും പിന്നെ ഇന്ദ്രന്റെ ഭാഗ്യങ്ങളെല്ലാം ജാതമായതിനുശേഷം ധന്വന്തരമൂർത്തി രണ്ടു കരത്തിൽ ദണ്ഡകമണ്ഡലുവും രണ്ടുകരത്തിൽ അമൃതകലശവും എടുത്തുവന്ന് ദേവസംഘത്തിൽ അമൃതകലശത്തെ വെച്ച് താൻ അന്തർദ്ധാനം ചെയ്തു. ആ സമയത്തിൽ സിംഹികേയൻ എന്ന അസുരൻ കലശത്തെയുമെടുത്തു അസുരപുരിക്കു കൊണ്ടുപോകയും ശ്രീനാരായണൻ ഹേ ദേവകളെ! നമ്മുടെ പ്രയത്നം പ്രയോജനമില്ലാതെയായല്ലൊ വന്നതു്. നിർഭാഗ്യവാന്മാരുടെ കാര്യത്തിൽ എത്ര ഭഗീരഥപ്രയത്നം ചെയ്താലും കാര്യം സഫലമായി വരുന്നതല്ല. ഏതായാലും ഒന്നുംകൂടെ പരീക്ഷിക്കട്ടെ എന്നു പറഞ്ഞു താൻ ഒരു ദിവ്യമോഹിനിയുടെ വേഷത്തെ കെട്ടി ശൃംഗാരലജ്ജ കരുണാപാരവശ്യാദികളായ അഭിനയങ്ങളെ നടിച്ചു അസുരപുരിക്കു പോകയും അവിടെ 66 കോടി അസുരകളോടി അമൃതകലശത്തെ മദ്ധ്യത്തിൽവെച്ചു പക്ഷഭേദം കൂടാതെ വിളമ്പുന്നതിനു സമർത്ഥനും പരിചയമുള്ളവനും ആരാണെന്നും ആലോചിച്ചിരിക്കുന്ന മദ്ധ്യേ വിശ്വമോഹിനിയുടെ വരവിനെക്കണ്ടു അസുരകളെല്ലാം മദനമദാന്ധന്മാരായി വിസ്മയപ്പെട്ടു ഹേ സ്ത്രീയെ! സുന്ദരി! നീ ആർ? എവിടുന്നു വരുന്നു? ഇവിടേക്കു വരുവാൻ കാരണമെന്തു? എന്നു ചോദിച്ചതിനെ വിശ്വമോഹിനി കേട്ടു: ഹേ, അസുരകളെ! എനിക്കു പുരുഷന്മാരോടു വശ്യാദം

ചെയ്യുള്ള പരിചയമില്ല. ഇന്നു പാല്ക്കടൽ മഥനമുണ്ടായിരുന്ന ആ മഥനത്തിൽനിന്നു അമൃതോടുകൂടി ഞാൻ ജാതയാണ്. ദേവലോകത്തേക്കു പോകുന്നവളാണ്. മാർഗ്ഗം പിഴച്ചു ഇവിടെ വന്നു പെട്ടിട്ടുള്ളതാണ്. എനിക്കുതക്ക ഒരു കാന്തനെ വരിക്കേണ്ടുമെന്നുള്ള ഉദ്ദേശമാണ്. ദേവലോകത്തേക്കു വഴി തിരിച്ചുതന്നാൽ നന്നായിരുന്നു. എന്നു മോഹിനി പറഞ്ഞതിനെക്കേട്ടു അസുരകൾ പറയുന്നു. ഹേ ജഗന്മോഹിനി! ഒരു കാന്തനെ വരിക്കേണ്ടുന്ന ആവശ്യത്തിലേക്കായി നീ ദേവലോകത്തേക്കു പോകേണ്ടുമെന്നില്ല. ദേവകളെല്ലാം ജരാനര ബാധിച്ചു മരണതുല്യന്മാരായിരിക്കുന്നു. ഞങ്ങളുടെ ഈ സംഘത്തിൽ നിന്റെ ഇഷ്ടംപോലെയുള്ള പുരുഷന്മാരുണ്ടു ആരെ വേണമെങ്കിൽ വരിക്കുന്നതിനു വിരോധമില്ല. എന്നു മാത്രമല്ല ഞങ്ങൾക്കു അമൃതു വിളമ്പിത്തരണം. പക്ഷഭേദംകൂടാതെ ഇരിക്കണം ഇങ്ങിനെയാണ് സാധിക്കുമോയെന്നു ചോദിച്ചതിലേക്കു മോഹിനിയും ഹേ അസുരകളേ! നിങ്ങളുടെ ഉദ്ദേശം നോക്കുമ്പോൾ പ്രത്യേകം എനിക്കെനിക്കു കിട്ടണം എന്നേയെന്നു തോന്നുന്നു. ആയതിനു സാധിക്കുമോ? ഇത്ര ആയിരം ശരീരികൾക്കു ഏകാകിനിയാകിയ ഞാൻ എങ്ങിനെ പത്നിയായിരിക്കും. ഞാൻ നിമിത്തം നിങ്ങൾ തമ്മിൽ മത്സരിപ്പാനുള്ള എടയായിത്തീരും, അതു വേണ്ട, ഞാൻ പറയുംപോലെ കേൾക്കുന്നതായാൽ അമൃതും വിളമ്പാം, പത്നിയുമായിരിക്കാമെന്നു മോഹിനി പറയുകയും അസുരകൾ ഹേ സന്തോഷചിന്താമണേ! നീ പറയുന്നതുപോലെ ആവാം. എന്നതിനെക്കേട്ടു മോഹിനി അവരെ നോക്കി നിങ്ങൾ എവരും പന്തിയായിരുന്നു കണ്ണടച്ചു വട്ടകയും കാട്ടി ഇരിക്കുക. ഞാൻ സകല പേൎക്കും അമൃതു വിളമ്പുകയും അവസാനത്തിൽ കൺമിഴിക്കുന്നവനു പത്നിയായിരിക്കുകയും ചെയ്യാമെന്നു പറഞ്ഞു ഉടനെ അസുരകൾ സമ്മതിച്ചു എല്ലാവരും കണ്ണടച്ചു വട്ടകയും കാട്ടിയിരിക്കുകയും ആയവസരത്തിൽ വിഷ്ണുഭഗവാനായ മോഹിനി അമൃതുകലശത്തെയുമെടുത്തു ദേവപ്പന്തിക്കുവരികയുംചെയ്തു. അസുരന്മാർ വളരെനേരം കഴിഞ്ഞും വട്ടകയിൽ അമൃതു കാണുന്നില്ലെന്നു മനസ്സിലാക്കി ഹേ കൂട്ടരെ! എന്നു

ന്റിളു അമൃതു നിണക്കകിട്ടിയൊ നിണക്ക കിട്ടിയൊ എന്നുചൊ
ദിക്കുകയും എനിക്കും എനിക്കും ലഭിച്ചിട്ടില്ലെന്നു പറഞ്ഞു വട്ട
കയിൽ തപ്പിനോക്കുകയും അതിൽ ചിലർ എടൊ സ്ത്രീ പുതിയവ
ളുണ്ടു്. അമൃതു വിളമ്പി പരിചയം പോരാ. മെല്ലെ മെല്ലെ വി
ളമ്പുകയായിരിക്കും അഞ്ചുപത്താളല്ലല്ലൊ. ബദ്ധപ്പെടാതിരി
പ്പിൻ എന്നും മറ്റും പറഞ്ഞു് പിന്നെയും വളരെനേരം വൃഥായി
രിക്കുകയും എന്നിട്ടും അമൃതു സിദ്ധിക്കാത്തതു കണ്ടു മുമ്പാരത്തെ സിം
ഹികേയനെന്ന അസുരൻ മെല്ലെ വസ്ത്രത്തെ നീക്കി ഓട്ടക്കണ്ണിട്ടു
നോക്കുകയും സ്ത്രീയെയും അമൃതു കലശത്തെയും കാണാഞ്ഞുചാൻ
ചാടിപ്പുറപ്പെട്ടു ഹേ അസുരകളെ കാര്യം പിഴച്ചുപോയി. മോ
ഹിനിയെക്കാണുന്നില്ല. നിങ്ങളുടെ കല്ലുകൂട്ടി കയ്യുംനീട്ടി
കണ്ണുംകെട്ടി വട്ടകയും കാട്ടിയിരുന്നു യാതൊരു പ്രയോജനവുമി
ല്ല. കാര്യം മോശം പിണഞ്ഞു. നാരായണൻ ദേവപക്ഷിയാ
ണു്. സകല പേരും പുറപ്പെട്ടു പിൻ. നമുക്ക ദേവപുരിക്കുപോ
കാം എന്നതിനെക്കേട്ടു മറ്റുള്ള അസുരകൾ എടൊ അവൻ കണ്ണു
മിഴിച്ചുപോയി. കണ്ണുമിഴിച്ചുവന്നു പെണ്ണില്ലയെന്നല്ലെ നിശ്ചയം
ആയതുകൊണ്ടു നമ്മെയും വിഡ്ഢികളാക്കിതീർപ്പാനാണു് ആ വിഡ്ഢി
യുടെ പുറപ്പാടെന്നുപറഞ്ഞു കണ്ണഴിക്കാതെയിരിക്കുകയും സിംഹി
കേയൻ അതിവേഗത്തിൽ ക്ഷീരാബ്ധിയിലേക്കവന്നു കാര്യം മന
സ്സിലാക്കി താൻ ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തെക്കെട്ടി ദേ
വസംഘത്തിൽ ചെന്നുകൂടി. മോഹിനിയും ത്രയസ്ത്രിംശൽക്കോടി
ദേവന്മാരെയും പന്തിയായിരുത്തി. എടത്തെകയ്യിൽ കലശവും
വലത്തെകയ്യിൽ ചട്ടകവും എടുത്തു ആദിത്യചന്ദ്രന്മാരെ ഇടംവ
ലം നിൎത്തി ദേവകൾക്ക അമൃതു വിളമ്പുവാൻ ആരംഭിച്ചതിനെ
വേഷധാരനായ ബ്രാഹ്മണൻ കണ്ടു ഞാൻ ഒരു വൃദ്ധബ്രാഹ്മണ
നാണു് സ്വല്പം അമൃതു എനിക്ക തരേണമെയെന്നു യാചിക്കുക
യും ഭഗവാൻ സ്വല്പം അമൃതു ബ്രാഹ്മണന്റെ കരത്തിൽ വിളമ്പു
കയും ഉടനെ ഭുജിച്ചു നാരായണനെ ഞാൻ കാര്യത്തിൽ പറ്റിച്ചു
വെന്നു മന്ദഹാസം ചെയ്യുമ്പോൾ അസുരന്റെ വക്രദംഷ്ട്രം വെ
ളിയിൽക്കണ്ടു ആദിത്യചന്ദ്രന്മാർ സ്വാമിൻ ഇവൻ അസുരനെ

ണെന്നു പറഞ്ഞതിനെ സിംഹികേയൻ കേട്ടു സർപ്പാകൃതിയായി ചട്ടുകയുടെ ചുവട്ടിൽപ്പാറുകയും അതുകണ്ടു ഭഗവാനും ചട്ടകംകൊണ്ടു എറികയും ചട്ടകം മദ്ധ്യത്തിൽപ്പെട്ടു സർപ്പം രണ്ടു ഖണ്ഡമായ്പ്പിരികയും ചെയ്തു. അമൃതു ഭക്ഷിച്ചതിനാൽ മരണം ഭവിക്കാതെ സർപ്പഖണ്ഡങ്ങൾ ആദിത്യചന്ദ്രന്മാരല്ലെ നമ്മുടെ പരമാർത്ഥം വെളിവിലാക്കിയതു ഇവരെ മേലിൽ വെച്ചിരിക്കരുതെന്നു ആട്ടിപ്പായിപ്പിക്കുകയും ആദിത്യചന്ദ്രന്മാർ ശ്രീനാരായണസ്വാമി പക്കൽ അഭയം വീഴുകയും ഭഗവാൻ സർപ്പഖണ്ഡങ്ങളെ നോക്കി ഹെ ഉരഗങ്ങളെ! നിങ്ങൾ അർക്കചന്ദ്രന്മാരെ ഉപദ്രവിക്കരുതു. അവർ ത്രൈലോക്യദീപങ്ങളാണ് ഞാൻ ഒരു മാർഗ്ഗമുണ്ടാക്കിത്തരാം അതെന്തെന്നുവെച്ചാൽ മേടംമുതൽ മീനംവരെ 12 രാശി ചക്രമാണ്. അതിൽ ആദിത്യചന്ദ്രന്മാർ മുതലായ സപ്തഗ്രഹങ്ങൾ പ്രദക്ഷിണമായി സഞ്ചരിക്കുന്നുണ്ട്. നിങ്ങളെ ഞാൻ ഗ്രഹങ്ങളാക്കിത്തീർക്കാം. അർക്കചന്ദ്രന്മാർ പ്രദക്ഷിണമായും നിങ്ങൾ അപ്രദക്ഷിണമായും സഞ്ചരിക്കുവിൻ അങ്ങിനെ സഞ്ചരിക്കുമ്പോൾ ഒരു ഗ്രഹത്തിൽ എപ്പോൾ നിങ്ങൾക്കു അണയുവാൻ ഇടവരുന്നുവോ അന്നു ഗ്രഹണം എന്നു ഒരു വ്യാപാരം ലോകത്തിൽ നടക്കട്ടെ. നിങ്ങളുടെ ഫണങ്ങളാൽ അന്നു നിങ്ങൾ അർക്കചന്ദ്രന്മാരെ മറച്ചു നിങ്ങൾക്കുണ്ടായ ക്രോധത്തെ ശമിപ്പിച്ചു അതിനാൽ അവരുടെ പ്രകാശം അപ്രകാശമായ് ഭവിക്കട്ടെയെന്നനുഗ്രഹിച്ചു രാഹുകേതു എന്നു പേരിട്ട് രാശി ചക്രത്തിൽ ചേർക്കുകയും അനന്തരം ദേവകളെക്കൊണ്ടു അമൃതു ഭുജിപ്പിച്ച് ജരാനരകളെത്തീർത്ത അമൃതമഥനംകഥാ രാവണീശ്വരാ! അങ്ങേക്കു ഓർമ്മയുണ്ടല്ലൊ അന്നു അസുരനാണിവൻ ദേവനല്ല എന്നു അർക്കചന്ദ്രന്മാർ വിഷ്ണുവിനു എങ്ങിനെ കാട്ടിക്കൊടുത്തുവൊ അതുപോലെ ഞങ്ങൾ വാനരരൂപികളായി രാമാദികളുടെ പടയിൽ കടന്നപ്പോൾ ഇവർ വാനരങ്ങളല്ല ശുദ്ധമെ രാക്ഷസന്മാരാണ്. രാവണന്റെ ഒററന്മാരാണ് എന്നു ഞങ്ങളുടെ മായവേഷത്തെ മാററിച്ചു സ്വന്തേ രൂപമാക്കി വടതീരവാസിയായ രാമന്റെ പക്കൽ കൊണ്ടുപോയി ഞങ്ങളെ അങ്ങയുടെ അനുജൻ വിഭീഷണൻ ഏല്പിച്ചുകൊടുത്തു. ഇവിടെ

യിരിക്കുമ്പോൾ അങ്ങയുടെ ശത്രുക്കളെപ്പുകൾത്തിയും അങ്ങയെ താഴ്ത്തിയുമാണ് പറഞ്ഞത്. തന്നിമിത്തം നാട്ടിൽക്കാണരുതാതെന്നു ആട്ടിപ്പായിപ്പിക്കുകയും ആ കുഡുംബദ്രോഹി രാമൻെറ അടുക്കൽ ചെന്നുകൂടി രാമനാൽ ലങ്കേശ്വരൻ എന്നുള്ള സ്ഥാനത്തെ വഹിച്ചു വാനരങ്ങളെല്ലാം ലങ്കേശ്വരാ എന്നു വിളിക്കുമ്പോഴെക്കു വലിയ അഭിമാനത്തെ നടിച്ചു രാമൻെറ സർവ്വാതികാര്യസ്ഥനായിത്തീൎന്നിരിക്കുന്നു. വിഭീഷണന്നു ലങ്കാധിപത്യവും അങ്ങക്കു നരകാധിപത്യവും ആണെന്നു രാമൻ നിങ്ങളോടു പറയുവാനായി ഞങ്ങളോടു പറഞ്ഞിരിക്കുന്നു. ബ്രഹ്മദത്തവരപ്രതാപിയെന്നു അങ്ങയുടെ സർവ്വവരബലങ്ങളും രാമസായകത്താൽ പൊടിപെട്ടുത്തുമെന്നും പറഞ്ഞു. എങ്കിലും രാമൻ കൃപാലുവാണ്. കാരണം ഞങ്ങളെ കൊല്ലേണമെന്നു ഒരുങ്ങിയ വാനരന്മാരെ സമാധാനിച്ചു ഞങ്ങളെ രക്ഷപ്പെടുത്തിയതു രാമനാണ്. അല്ലെങ്കിൽ മേലിൽ ഞങ്ങളുടെ നാമമല്ലാതെ രൂപം കാണ്മാനിടവരുന്നതല്ലായിരുന്നു ഇത്യാദി കാൎയ്യങ്ങളാണ് ഇന്നുണ്ടായതു. ഇനിയും ഉണ്ടാവുന്ന കാൎയ്യങ്ങളെ അങ്ങക്കു സമയംപോലെ കേൾപ്പിച്ചുകൊള്ളാം എന്നുപറഞ്ഞു ചാരണന്മാർ വിടകൊണ്ടു.

മാല്യവാൻെറ രാവണനോടുള്ള സംഭാഷണം.

മാല്യവാൻ വരുന്നതിനെ രാവണൻ കണ്ടു അവസ്ഥാനുസരണം ആസനമിട്ടിരുത്തി. എന്താണ് എഴുന്നെള്ളിയതെന്നു അറിഞ്ഞില്ല. വല്ല വിശേഷവൎത്തമാനങ്ങളും ഉണ്ടെങ്കിൽ കേൾക്കട്ടെയെന്നു പറഞ്ഞതിനെക്കേട്ടു മാല്യവാൻ പറയുന്നു. ഹേ പ്രഭോ രാവണ! നീ ശാസ്ത്രപാരംഗതനല്ലെ. അന്യന്മാരാൽ അറിയേണ്ടതു യാതൊന്നുമില്ലല്ലൊ. ഈ അമ്പതുലക്ഷം സംവത്സരമായി യാതൊരു ശത്രുബാധയുമില്ലാതെ ത്രിമൂൎത്തികളും മാനിക്കത്തക്ക നിലയിൽ ലങ്കേശ്വരൻ, ത്രിലോകപുരന്ദരൻ എന്നുള്ള പ്രസിദ്ധിയോടുകൂടി രാജ്യഭാരം വഹിച്ചിരിക്കേ നീ ഇപ്പോൾ ലഘുതരമായ ഒരു സ്ത്രീ നിമിത്തം അനുഭവിപ്പാൻ പോകുന്ന നഷ്ടകഷ്ടങ്ങൾ കുറച്ചൊന്നുമല്ല. ഇപ്പോൾ നമുക്കു ആഗതമായ ശത്രുത അല്പമല്ല. ദശരഥാത്മജനായ രാമനെ നീ ആരെന്നു വിചാരിച്ചി

ിക്കുന്നു. എന്റെ അറിവില്പെട്ടേടത്തോളം രാമന്റെ വിശേഷത്തെപ്പറയാം. രാമൻ കൃമികീടസദൃശന്മാരായ മനുഷ്യരിൽ ഒരുവനാണെന്നു വിചാരിക്കരുത്. ശ്രീരാമൻ നാരായണസ്വാമികലാംശജാതനാണ്. ബ്രഹ്മാവിൽനിന്നു നാലു കലയും പരമേശ്വരനിൽനിന്നു ആറു കലയും വിഷ്ണുവിൽനിന്നു നാലു കലയും ഭാൎഗ്ഗവരാമനിൽനിന്നു വിഷ്ണ്വംശമായ രണ്ടു കലയും ഇങ്ങിനെ പതിനാറു കലയോടുകൂടി അവതരിച്ചവനാണ്. ദേശകാലവസ്തുപരിച്ഛേദരഹിതനാണ്. പരമേശ്വരസ്വാമി ചാപഭഞ്ജനവും ഭാൎഗ്ഗവരാമഗൎവ്വശമനവും ചെയ്യുവനാണ്. എന്നുമാത്രമല്ല സഹായികളായ വാനരങ്ങൾ സാധാരണ മൎക്കടങ്ങളാണെന്നു ശങ്കിക്കരുത്. ബാലിപുത്രനായ അംഗദൻ എന്ന ഒരുവനുണ്ട്. അവൻ ഇന്ദ്രാംശസംഭവനാണ്. പടനായകനായ നീലൻ എന്ന ഒരുവനുണ്ട് അവൻ അഗ്നിയുടെ അംശജാതനാണ്. വായുസൂനുവായ ഹനുമാനെന്നൊരുവനുണ്ട്. അവൻ ബാഹ്യത്തിൽ വായുപുത്രനും ആന്തരത്തിൽ പരമേശ്വരസ്വാമിബീജസന്തതിയുമാണ. ബ്രഹ്മാത്മജനായ ജാംബവാൻ എന്നൊരുവനുണ്ട്. ഇനിയത്തെ ബ്രഹ്മപട്ടം ഈ ഹനുമാനാണ് അനുഗ്രഹത്താൽ ലഭിച്ചിരിക്കുന്നത്. മററുള്ള വാനരങ്ങളെല്ലാം ദേവാംശസംഭവന്മാരാണ്. എന്നുതന്നെയല്ല ഈ രാമന്റെ ചെറുപ്പം മുതല്ക്കെ ഞാനറിയും. താടകയേയും വിരാധനേയും ഖരദൂഷണത്രിശിരാക്കളേയും ഇവനാണ് കൊലചെയ്തത്. ഇപ്പോൾ നീയാണ് യുദ്ധത്തിൽ നേരിടുവാൻ പോകുന്നത്. ഈ ജന്മത്ത് രാമനെ ജയിച്ചു സീതയെ രമിക്കാമെന്നു നീ വിചാരിക്കേണ്ട. ദുഷ്ടന്മാരുടെ വാക്കിനെ കേട്ടു നീ നഷ്ടമായ്പോകരുത്. കഷ്ടം! ഒരു സ്ത്രീ നിമിത്തം ശരീരപ്രയത്നം ചെയ്തു സമ്പാദിച്ച വിഖ്യാതകീൎത്തികളും അനേക ഐശ്വൎയ്യങ്ങളും വൃഥാ നശിപ്പിക്കരുത്. ആയതുകൊണ്ട് രാമപത്നിയായ ജാനകിയെ ചിറവിടുന്നതാണ് നല്ലത്. എന്നുപറഞ്ഞതിനെ കേട്ടു രാവണൻ ക്രോധിച്ചു പറയുന്നു. ഹേ മാതുലാ! നിങ്ങളുടെ വാക്ക എന്നിൽ ഹാസ്യത്തെ വളൎത്തുന്നു. കാരണം ശൂലപാണിയായ

പരമേശ്വരൻ ഒരു കുരങ്ങന്റെ വേഷത്തെകെട്ടി എന്നോടെതൃൎപ്പാൻ വന്നിരിക്കുന്നുവെന്നാണ് നിങ്ങൾ പറയുന്നത്. സ്വതേരൂപത്തോടുകൂടി തന്നെ എന്നെ ഒന്നും ചെയ്വാൻ കഴിഞ്ഞിട്ടില്ല. ഇനി ഒരു വേഷം കെട്ടിയാൽ എന്നോടു വല്ലതും ഫലിക്കുമോ. പരമേശ്വരന്നു ക്ഷീരാബ്ധിമഥനകാലത്തിൽ ഞാൻ വിഷപാനം ചെയ്യുവനാണെന്നൊരു അഹമ്മതിയുണ്ട് എന്നാൽ എന്റെ കയ്യിലുള്ള ഒരു അസ്ത്രം വിഴുങ്ങുവാൻ അവന്നു കഴിയുമോ? സാരമില്ല. പിന്നെ വൈകുണ്ഠവാസനായ നാരായണൻ ഒരു മനുഷ്യനായി അവതരിച്ചിരിക്കുന്നുയെന്നാണ് പറയുന്നത്. നാരായണനെ ഞാൻ യുദ്ധം ചെയ്തു വില്ലും ശരവും ഇട്ടു ഓടിച്ചത് നിങ്ങൾക്കു ഓൎമ്മയില്ലെ. എന്റെ അസ്ത്രംകൊണ്ടുപെട്ട വ്രണങ്ങൾ ഇനിയും നാരായണന്റെ ദേഹത്തിൽ സുഖപ്പെടാതെയിരിക്കുന്നുണ്ട്. ആ നാരായണന് ജന്മനാ എന്നോടു യുദ്ധത്തിന്നു വരുമോ കൌസ്തുഭം മാറിൽ അണിവാൻ സമൎത്ഥനാണെന്നു നാരായണന്നു ഒരഭിമാനമുണ്ടെങ്കിൽ എന്റെ കയ്യിലുള്ള ഒരു അസ്ത്രത്തെ അണിവാൻ കഴിയുമോ. അവാക്കു സാരമില്ല. പിന്നെ ഇന്ദ്രൻ ഒരു കുരങ്ങന്റെ വേഷത്തെ കെട്ടി വന്നിരിക്കുന്നുയെന്നാണ് നിങ്ങൾ പറയുന്നത് എന്റെ മകൻ രാവണിയെ നിങ്ങൾ മറന്നുവോ അത്ര പറഞ്ഞാൽ പോരെ ഒരു കാലത്തിൽ പൎവ്വതങ്ങളുടെ പക്ഷങ്ങളെ വെട്ടിയവനാണ ഞാനെന്നുള്ള ഒരഭിമാനം ഇന്ദ്രനുണ്ടെങ്കിൽ ആ വജ്രായുധംകൊണ്ട് എന്റെ ഭുജത്തിനെ ഒന്നു വെട്ടട്ടെ. ഇത്ര വയസ്സായും നല്ലാരകാൎയ്യങ്ങളെ പറയു എന്നു വെച്ചാൽ എന്തു ചെയ്യും. വയസ്സായിട്ടു ഒരു ഫലവുമില്ല. സീതയെ വിടണം എന്നു പറയുന്ന നിങ്ങളുടെ ഉദ്ദേശമെന്താണ്. നിങ്ങൾക്കു വല്ല നഷ്ടവുമുണ്ടോ. മേലിൽ ഇങ്ങിനെ പറയുന്നതായാൽ ഞാൻ മാതുലൻ എന്നു ഗുരുത്വമാലോചിക്കുന്നതല്ല. വയസ്സുകാലത്തിൽ കണ്ഠക്ഷോഭവും ചെയ്തു ബുദ്ധിമുട്ടേണമെന്നില്ല. എന്നു പറഞ്ഞു മാല്യവാനെ അയച്ചു താൻ പള്ളിയറയിൽ പ്രവേശിച്ചു.

## ലങ്കാവൎണ്ണനം.

### കവി.

നന്തിരുനകരെയാതി വേറത്തു നകർകൾക്കെല്ലാം
വന്തപേരുപമൈക്കുറവെഴുത്തുവാനാമെന്തകാലെ
ഇന്തിരനിരുക്കൈക്കയെമ്പാരിലങ്കലെ എടുത്തുക്കാട്ടുൾ
അന്തരമറിതറോരാരതുങ്കവിപ്പുലവരന്മാ.

ശ്രീരാമസ്വാമിയും ലക്ഷ്മണനും ലങ്കേശ്വരനായ വിഭീഷണനും വാനരങ്ങളോടുകൂടി സുവേലാരോഹണം ചെയ്തു ലങ്കാനഗരിയെക്കണ്ടു ഭഗവാൻ ലക്ഷ്മണനോടു പറയുന്നു. ഹേ സൌമിത്രേ നോക്കുക. ലങ്കാലങ്കായെന്നു നാം ഇത്ര കാലം കേട്ടതല്ലാതെ ഇതുവരെ കണ്ടിട്ടില്ല. ഈ ലങ്കയുടെ വൈഭവത്തെ വൎണ്ണിക്കേണമെങ്കിൽ സഹസ്രഫണ സംയുക്തനായ അനന്തനാലും അസാദ്ധ്യമാണെന്നിരിക്കെ ഭാൎയ്യാവിയോഗിയായ എന്നാൽ പ്രയാസമെന്നേ പറയേണ്ടതുള്ളൂ. അല്ലയോ ലക്ഷ്മണാ! വീൎയ്യലക്ഷ്മി വിജയലക്ഷ്മി ധാന്യലക്ഷ്മി ധനലക്ഷ്മി ഐശ്വൎയ്യലക്ഷ്മി മുതലായ ലക്ഷ്മീകടാക്ഷത്തോടുകൂടിയ കല്യാണീനഗരം, സ്കടരുചീനഗരം, വിശല്യാനഗരം, അവന്തീനഗരം, മാൎത്താണ്ഡനഗരം, ഭാരതീനഗരം, പരശ്രുപാണീനഗരം, വികൎണ്ണനഗരം എന്ന അഷ്ടമഹാനഗരങ്ങൾ 56 രാജധാനികളിൽവെച്ചു പ്രധാനവും മധുര, മായാപുരി, അവന്തി, ദ്വാരകാ, നാരായണപുരി, മഗീഷ്മപുരിയെന്ന സപ്തപുരികൾ അഷ്ടനഗരങ്ങളിൽ വെച്ചു പ്രധാനവും അതിലും പ്രധാനമായി ശോഭിക്കുന്നു. കാശി കോസല അയോദ്ധ്യയെന്ന നമ്മുടെ രാജധാനിയിലെക്കു അനുഭവരസികന്മാരായ ആണിമാണ്ഡവ്യൻ, അദ്രിധന്വാവ്, പരാശരൻ, വാത്മീകി, ശൌനകൻ, ദത്താത്രേയൻ, ശുകൻ, കാശ്യപൻ, ഭൃഗു, മാൎക്കണ്ഡേയൻ, മുതലായ മഹത്തുക്കൾ വന്നു അന്യരാജധാനിയിലെ നിവാസികളുടെ സത്യാസത്യങ്ങളേയും രാജാവിന്റെ പ്രജാപരിപാലനത്തെ പതിപട്ടണനഗരഗ്രാമതീൎത്ഥക്ഷേത്രമൂൎത്തിവൈഭവങ്ങളേയും ശിക്ഷാരക്ഷാനിയമങ്ങളേയും ദാനധൎമ്മങ്ങളേയും കണ്ടു വൎണ്ണിക്കുന്നതിൽ നമ്മുടെ രാജധാനിക്കു ശ്ര

രിയല്ലെന്നും നമ്മുടെ രാജധാനിയിലുള്ള നിവാസികളേയും 32 ാംനധൎമ്മങ്ങളേയും മാനവസ്മൃതിയിലെ നിയമാനുസരണങ്ങളേയും ക്ഷത്രിയരാജാക്കളുടെ യുദ്ധപരാക്രമത്തേയും ആശ്രിതവാത്സല്യത്തേയും കണ്ടു് അയോദ്ധ്യക്കു പോറ ഒരു രാജധാനിയെ ഉപമിക്കുന്നത് ഇന്ദ്രന്റെ രാജധാനിയായ സ്വൎഗ്ഗത്തെയല്ലെ ലക്ഷ്മണാ. അയോദ്ധ്യ ഭൂസ്വൎഗ്ഗമാണെന്നാണ് സകല ഗ്രന്ഥങ്ങളും ഘോഷിക്കുന്നത്. ഇപ്പോൾ നമുക്കു നേത്രദൃഷ്ടാന്തമായ ഈ ലങ്കാരാജ്യത്തിന്റെ വൈഭവം ആലോചിക്കുമ്പോൾ നമ്മുടെ രാജ്യവും സ്വൎഗ്ഗവും ഇതിന്നു ശരിയല്ല. കാരണം രാവണന്റെ പൂൎവ്വഗോപുരോപരിയിൽ ആദിത്യൻ തന്റെ പുത്രമിത്രകളത്രങ്ങളോടുകൂടി അധിവസിക്കുന്നു. സൎവ്വഗ്രന്ഥങ്ങളിലും സൂൎയ്യൻ മാനസോത്തരമെന്ന പൎവ്വതത്തൂടെയാണ് സഞ്ചരിച്ചു മേരുവെ പ്രദക്ഷിണം ചെയ്യുന്നതെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുകയും അതിനെ അനുസരിച്ചു നമ്മുടെ കുലഗുരുവായ വസിഷ്ഠർ ആദിയായി പറഞ്ഞുവെച്ചതും അങ്ങിനെയാണ്. എന്നാൽ യഥാൎത്ഥം അങ്ങിനെയല്ല. രാവണന്റെ കല്പനപ്രകാരം പൂൎവ്വഗോപുരോപരിയിലാണ് വസിക്കുന്നത്. എന്നതിനെ കേട്ടു ലക്ഷ്മണൻ പറയുന്നു. ജ്യേഷ്ഠാ സജ്ജനങ്ങളാൽ ഘോഷിക്കപ്പെട്ട ശാസ്ത്രം അസത്യമായി വിചാരിപ്പാൻ തരമില്ല. നിന്തിരുവടിയുടെ വാക്കിനെ കേട്ടു അടിയൻ നോക്കുമ്പോൾ ഗോപുരോപരിയിൽ സൂൎയ്യന്മാരെ കാണുന്നതുമില്ല. നിന്തിരുവടി എന്തിനെക്കൊണ്ടാണ് ഇങ്ങിനെ പറഞ്ഞതെന്നു മനസ്സിലാവുന്നില്ല. എന്നു പറഞ്ഞതിനെ കേട്ടു ഭഗവാൻ പറയുന്നു. ഹേ ലക്ഷ്മണാ ഭാൎയ്യാവിയോഗിയായ എന്റെ ബുദ്ധിചപലത ഭവിച്ചുപോയതിനാൽ അങ്ങിനെ ഭ്രമിച്ചുപോയതാണ് സൂക്ഷ്മം ആലോചിച്ചതിൽ ആദിത്യന്മാരല്ല. രാവണന്റെ പൂൎവ്വഗോപുരം ശുദ്ധസ്ഫടികക്കല്ലുകളിൽ നിൎമ്മിച്ചുയൎത്തിയതാണ്. അതിൽ ചെറിയതും വലിയതുമുണ്ട്. ആദിത്യൻ തന്റെ രഥത്തെ ലങ്കക്കുപരിയായി നടത്തിവരുമ്പോൾ സൂൎയ്യകിരണങ്ങൾ സ്ഫടികങ്ങളിലും സ്ഫടികകാന്തികൾ സൂൎയ്യനിലും തമ്മിൽ അന്യോന്യം പ്രതിഫലിക്കുമ്പോൾ ചെറിയതും വ

ഖിയത്തുമായ സ്ഫടികക്കല്ലുകളെല്ലാം സൂൎയ്യന്മാരാണെന്നു തോന്നിപ്പോയതാണ്. സ്ഫടികക്കാന്തികൾ സൂൎയ്യകിരണങ്ങളോടു മത്സരിച്ചതിന്റെ പ്രകാശം ഇവിടെ വേണമെന്നില്ല. ഞങ്ങളുടെ പ്രഭമാത്രം ലങ്കയിൽമതിഎന്നു ആകാശത്തോളം ആട്ടിത്തുരത്തുന്നതു നോക്കുക. അത്യത്ഭുതമെന്നേ പറവാനുള്ളു. എന്നുതന്നെയല്ല, രാവണന്റെ രഥവീഥിയെ നോക്കുക. കല്പാന്തകാലാനലഭ്രമബാധവാഗ്നിചിതറിന ചെമ്പുകടാരത്തുലിതകഠോരനേത്രനായ ശ്രീഹനുമാൻ വാലാഗ്നിയാൽ ലങ്കയെല്ലാം ദഹിപ്പിച്ചു എന്നു നമുക്കറിവുണ്ട്. ആ അഗ്നി ഇനിയും കെട്ടിട്ടില്ല. അതാ നോക്കുക നമ്മുടെ നേരിട്ടു അഗ്നിജ്വാലാമാലകൾ കത്തിജ്വലിച്ചു വരുന്നു. രാവണന്റെ കല്പനക്കു നമ്മെ ദഹിപ്പിപ്പാൻ വരുന്നതായിരിക്കുമെന്നു പറയുകയും അതിനെക്കേട്ടു ലക്ഷ്മണൻ പറയുന്നു സ്വാമിൻ ഹനുമാനാൽകൊളുത്തപ്പെട്ട വാലാഗ്നി വരുണനാൽ കെടുത്തു രണ്ടാമതു ലങ്കയെ സൃഷ്ടിചെയ്തു എന്നു ലങ്കേശ്വരൻ പറഞ്ഞതിനു ഇപ്പോൾ നിന്തിരുവടി പറയുന്ന വാക്കു വിരുദ്ധമാണ്. അടിയൻ നോക്കുമ്പോൾ അഗ്നി കാണുന്നില്ല എന്നു പറഞ്ഞതിനെ ഭഗവാൻ കേട്ടു സൂക്ഷിച്ചുനോക്കി കാൎയ്യം മനസ്സിലാക്കി ലക്ഷ്മണനോടു പറയുന്നു. ഹേ സൌമിത്രേ! കാൎയ്യം ശരി; അഗ്നിയല്ലാ, അഗ്നിയോ എന്നു ശങ്കിപ്പാൻ അവകാശമെന്തെന്നുവെച്ചാൽ രഥവീഥിയിൽ ദേവരഥം ദൈവരഥം വായുരഥം ക്രൂരരഥം ശകടരഥം അന്ത്യാളിരഥം ഇങ്ങിനെയുള്ള അനേകരഥങ്ങൾ നിരനിരയായി നില്ക്കുകയും രഥോപരിയിൽ കെട്ടി ആകാശത്തോളം ഉയൎന്നുനില്ക്കുന്ന ഉത്സ്യക്കൊടി, ഗരുഡക്കൊടി, വേണുക്കൊടി, വീണക്കൊടി, ഉരഗക്കൊടി, മുതലായ കൊടിക്കൂറകൾ കനകത്തകിടുകളിനാൽ പണിചെയ്തു വായുമണ്ഡലത്തെ അതിക്രമിച്ചു നില്ക്കുകയും വായുവിന്റെ സംഘടനത്താൽ മറിഞ്ഞു മറിഞ്ഞു കൊണ്ടിരിക്കുകയും കൂറകളുടെ അഗ്രത്തിൽ ഗോമേദകമെന്ന രത്നങ്ങൾ താക്കി പണിചെയ്തിരിക്കയാൽ ആയതിൽ സൂൎയ്യകിരണങ്ങൾ പ്രതിഫലിക്കുമ്പോൾ അനേകായിരം കൊടിക്കൂറകൾ എല്ലാം ഏകകാലത്തു ഉ

തുപോലെ പ്രകാശിക്കുന്നതുകൊണ്ട് അഗ്നിയോ എന്നു ശങ്കിച്ചു പോയതാണ്. എന്നുതന്നെയല്ല രാവണന്റെ ഗജപ്പന്തിയെ നോക്കുക. അനേകായിരം മത്തഗജങ്ങൾ ഗജപാലന്മാരോടുകൂടി അഞ്ജനാദ്രിയെപ്പോലെ അച്ഛജലപരിപൂർണ്ണതയോടുകൂടിയ തടാകത്തിലേക്കു വരികയും സ്നാനംകഴിഞ്ഞു മടങ്ങിപ്പോകുകയും ചെയ്യുമ്പോൾ ഹേമാദ്രിയെപ്പോലെ സ്വർണ്ണഗജങ്ങളായ്പ്പോകയും ചെയ്യുന്നതിനെ നോക്കുക. ഇങ്ങിനെ വരുവാൻ, സംഗതിയെന്താണെന്നാലോചിക്കുമ്പോൾ തടാകത്തിലുള്ള ജലം സ്വർണ്ണനീരായിരിക്കുമോ. അല്ല ഗജങ്ങൾക്കു മായങ്ങളുണ്ടോ ലക്ഷ്മണാ? സ്വർണ്ണനീരാണ് ജലമെന്നു വരികിൽ ഗജപാലന്മാർ ആ ജലത്തിലാണ് സ്നാനം ചെയ്യുത്. അവർക്കു ശരീരത്തിന്നു യാതൊരു പ്രകൃതവ്യത്യാസവും കാണുന്നില്ല. സൂക്ഷ്മം ആലോചിക്കുമ്പോൾ മത്തഗജങ്ങൾ എത്രതന്നെ അച്ഛജലത്തിൽ സ്നാനം ചെയ്താലും സന്തോഷത്തിന്നായ്ക്കൊണ്ടു പാംസുസ്നാനമാണ് അവർക്കു മുഖ്യം തന്നിമിത്തം ലങ്കയിൽ മുത്തിന്നു ദാരിദ്ര്യമായതിനാൽ കനകങ്ങളിനാലും രത്നങ്ങളാലും നൂൽ നടത്തിപ്പണിചെയ്തുയർത്തിയ പടവുകളെ തങ്ങളുടെ നഖശിഖരങ്ങളാൽ ഉടച്ചു പൊടിച്ചുണ്ടായ കനകപ്പൊടികളെ തുമ്പിക്കരത്താലെടുത്തു ശരീരത്തിൽ വീശുകയും നനഞ്ഞുള്ള ശരീരത്തിൽ ആയതു പതിഞ്ഞു ആതപോഷ്ണത്താലുലന്നതിനാൽ സ്വർണ്ണപച്ചതുപോലെ തോന്നിപ്പോയതാണ്. എന്നതന്നെയല്ല രാവണന്റെ കല്പനപ്രകാരം നമ്മോടു യുദ്ധംചെയ്യാൻ ശൂലപാണിയായ പരമേശ്വരൻ പുലിത്തോലുടുത്തു ആനത്തോൽ പോർച്ചയിട്ടു പശ്ചിമഗോപുരത്തിൽ നില്ക്കുന്നതിനെ നോക്കുക. രാവണനോടു യുദ്ധംചെയ്താൽ മേലിൽ നമുക്കു ജയമുണ്ടാവുന്നതല്ല. സുഗ്രീവാദികളായ സൈന്യങ്ങളെ കൂട്ടി സാഗരം കടന്നുപോകുന്നതാണ് നല്ലതെന്നു പറയുകയും, ലക്ഷ്മണൻ പറയുന്നു; ശരണം പ്രഭോ പരമേശ്വരൻ ഒരു കാലത്തും നമ്മോടു യുദ്ധത്തിന്നു വരുവാനവകാശമില്ല. അടിയൻ നോക്കുമ്പോൾ കാണുന്നതുമില്ല. യാതൊന്നിനെയാണ് പരമേശ്വരൻ എന്നു സങ്ക

ള്ളിക്കുന്നത് എന്നു ചോദിക്കുകയും ഭഗവാൻ സൂക്ഷിച്ചുനോക്കി ഹെ സൌമിത്രേ! കാൎയ്യം പിഴച്ചുപോയി പരമേശ്വരനല്ല ലങ്കയിലുള്ള രാക്ഷസസ്ത്രീകൾ വികാരവൎദ്ധനക്കാരെല്ലാമുണ്ടു അതിൽ ചന്ദനം മട്ടിപ്പാലുമുതലായ വാസനാദ്രവ്യങ്ങൾ ഗൃഹങ്ങൾതോറും ധൂമിക്കുകയും ആ ധൂമങ്ങൾ ആകാശമാൎഗ്ഗ ഉയരുകയും ചെയ്യുന്നു. പശ്ചിമഗോപുരം പവിഴമെന്ന ഏകപദാൎത്ഥത്താൽ ഭിത്തി ഉയൎത്തി പണിചെയ്തു ഏഴുനില മേടയായുയൎന്നിരിക്കുന്നതിൽ മുമ്പറഞ്ഞ ധൂമങ്ങൾ ചെന്നു ചുറ്റിനിറഞ്ഞു കാണുമ്പോൾ പവിഴവൎണ്ണമായ ഗോപുരം പരമേശ്വരനാണെന്നും അതിൽ ചുറ്റിയിരിക്കുന്ന ധൂമം ആനയുടെ ചൎമ്മമാണെന്നും ശങ്കിച്ചതാണ്. ഇതെല്ലാം വിശ്വകൎമ്മാവിന്റെ അത്യത്ഭുതമായ കരകൌശലമെന്നേ പറയേണ്ടതുള്ളു. എന്നതിനെക്കേട്ടു ലക്ഷ്മണൻ ചോദിക്കുന്നു ശരണം രാമചന്ദ്രാ! ഇതാ നോക്കുവിൻ! അനേകായിരം മാടമാളികകൂടഗോപുരങ്ങളുടെ ഇടയിടയിൽ ഇന്ദ്രനീലമെന്ന ഏകരത്നത്താൽ ഓരോ മേടകളെ സൃഷ്ടിചെയ്തുകാണുന്നുണ്ട്. ആയതിനു കാരണമെന്തെന്നു മനസ്സിലാകുന്നില്ല. എന്നുള്ള ലക്ഷ്മണന്റെ ചോദ്യത്തിനെ ഭഗവാൻ സമാധാനിക്കുന്നു. ഹേ സൌമിത്രേ! ജാനകീചോരനായ രാവണൻ ഈ അമ്പതുലക്ഷം സംവത്സരമായി സമ്പാദിച്ചുള്ള പ്രത്യേകദ്രവ്യങ്ങൾ പാപമെന്ന നിക്ഷേപമാണ്. ആയതിന്റെ വൎണ്ണം കറുപ്പാണ്. കറുത്ത വൎണ്ണത്തോടുകൂടിയ തന്നാൽ ആൎജ്ജിതമായ ദ്രവ്യത്തെ സൂക്ഷിപ്പാൻ കറുത്ത വൎണ്ണത്തോടുകൂടിയ ഭണ്ഡാരങ്ങളായ ഏടയിടയിൽ ഈ കാണുന്ന ഏഴുനിലമേടകൾ ഇന്ദ്രനീലക്കല്ലുകളാൽ പണിചെയ്തതാണ്. എന്നുതന്നെയല്ല ഈ മൂന്നുനൂറായിരം തെരുവീഥികളുടെ മദ്ധ്യത്തിൽ ശോഭിക്കുന്ന പങ്ക്തികണ്ഠസദനമായ രാവണരാജധാനി നോക്കുക. മാണിക്യത്താൽ അസ്ഥിവാരമിട്ടു മരതകത്താൽ ഭിത്തി ഉയൎത്തി പവിഴത്താൽ കാൽനിൎത്തി വൈരത്താൽ ഉത്തരംകെട്ടി ഗോമേദകത്താൽ വിട്ടമിട്ടു പുഷ്യരാഗത്താൽ പലക ചേൎത്തി ഇന്ദ്രനീലത്താൽ ഇടയിടുക്കി കനകത്താൽ വിതാനിച്ചു ഗരുഡപ്പച്ചയാൽ ജഗതിക്കുമേം

വളൎത്തി ആസ്ഥാനമണിമണ്ഡപം ഏഴുനില മേടയായുയൎത്തിയിരിക്കയും മുഖമണ്ഡപത്തിലുള്ള രാജധാനിയുടെ ചതുൎഭാഗങ്ങളിലും ഇടവിടാതെ നാട്യസ്ത്രീകൾ നടനനാട്യങ്ങളെ ചെയ്യുവരുന്നതിനെക്കണ്ടുംകൊണ്ടിരിക്കുന്ന ശുകപ്പൈതങ്ങളുടെ സംഗീതപുരസ്സരമായ നടനങ്ങളെ നോക്കുക. അതിശയമതിശയം! അത്യത്ഭുതമെന്നേ പറയേണ്ടതുള്ളു. നവരത്നഖചിതമായ മേടകളുടെ മദ്ധ്യേ രാവണരാജധാനി ശോഭിക്കുന്നതു ഏതുപോലെയെന്നാൽ വൈകുണ്ഠവാസനായ ശ്രീനാരായണസ്വാമി വക്ഷോദേശത്തിലണിഞ്ഞുള്ള കൌസ്തുഭമാലപോലെ ശോഭിക്കുന്നു. അല്ലയോ ലക്ഷ്മണ! പന്നഗേശ്വരനാലും അവൎണ്ണ്യമായ ലങ്കയെ ഭാഗ്യാവിയോഗിയായ എന്നാൽ വൎണ്ണിപ്പാൻ അസാദ്ധ്യമാണ്. അല്ലനേരം നാം ലങ്കയുടെ അത്യത്ഭുതങ്ങളെക്കണ്ടു നില്ക്കാമെന്നു നിശ്ചയിക്കയും ആ അവസരത്തിൽ രാമാദികൾ സുവേലാരോഹണം ചെയ്തു ലങ്കയെക്കണ്ടു ഓരോ അസൂയകളെപ്പറഞ്ഞു നില്ക്കുന്നതായി ദൂതന്മാരാൽ രാവണൻ അറിഞ്ഞു രാമാദികളെ ഇതുവരെക്കാണ്മാനിടവന്നിട്ടില്ല. ജാനകിയുടെ പഴയ ഭൎത്താവിനെ ഒന്നു കണ്ടേക്കാമെന്നു പറഞ്ഞു അനേക ഉൽകൃഷ്ടാദികളോടുകൂടെ സൈന്യയുക്തനായി വടഗോപുരത്തിൽ പ്രവേശിച്ചു നിൽക്കുന്ന അവസരത്തിൽ രാവണദൂതന്മാർ രാമാദികളെ രാവണനു കാട്ടിപ്പറയുന്നു.

ശരണം പ്രതാപലങ്കേശ്വരാ! അതാ സുവേലത്തിന്റെ മുകളിൽ ഒന്നാമനായി നില്ക്കുന്നവൻ ജാനകിയുടെ പഴയ കണവനായ രാമനെന്നവനാണ്. ആയവന്റെ ഇടത്തെ വശം നില്ക്കുന്നവൻ ശൂൎപ്പണഖമാതാവിന്റെ പഞ്ചെളുപ്പുകളേയും വൈരൂപ്യം ചെയ്ത ലക്ഷ്മണനാണ്. വലത്തുവശം നില്ക്കുന്നവൻ വാനരരാജാവായ സുഗ്രീവനാണ്. അതാ അങ്ങയെക്കണ്ടു രൌദ്രഭാവത്തെ നടിക്കുന്നവൻ ബാലിസൂനുവായ അംഗദനാണ്. അതാ നോക്കുവിൻ പടകൾക്കു പുറമെ നടന്നുംകൊണ്ടിരിക്കുന്നവൻ പടനായകനായ നീലനാണ്. അതാ കരടി മുഖത്തോടുകൂടി വളരെ വയസ്സനാസ്സുണ്ടെന്നവൻ ബ്രഹ്മാത്മജനായ ജാംബവാനാണ്. അതാ

സൂക്ഷിച്ചുനോക്കുവിൻ വെടിമരുന്നരച്ച അമ്മിക്കുഴവിപോലെ പടയിടയിൽ നിൽക്കുന്നതു ആരെന്നു മനസ്സിലായൊ. നമ്മുടെ ലങ്കയെ കൊള്ളിവെച്ചുപോയ കള്ളനായ ഹനുമാനാണ്. പിന്നെ പിൻഭാഗത്തു നിൽക്കുന്നതു 70വെള്ളം വാനരസൈന്യങ്ങളാണ് എന്നു പറഞ്ഞതിനെക്കേട്ടു രാവണൻനിൽക്കുന്ന അവസരത്തിൽ ഭഗവാൻ തൻെറ ഭക്തനായ വിഭീഷണനോട്ടു ചോദിക്കുന്നു. ഹെ ലങ്കേശ്വരാ ലങ്കാനഗരിയുടെ വൈഭവങ്ങളെക്കണ്ടുനിൽക്കുന്ന ഈ അവസരത്തിൽ വടക്കെഗോപുരോപരിയിൽ വന്നു നിൽക്കുന്നവനാരാണെന്നു ചോദിച്ചതിന്നു വിഭീഷണൻ പറയുന്നു. സ്വാമിൻ രാമചന്ദ്രപ്രഭൊ; ജാനകീചോരനായ രാവണൻ അനേക ദേവസ്ത്രീകളോട്ടുകൂടി അങ്ങയെ കാണേണ്ടതിലേക്കായി വന്നു നിൽക്കുന്നതാണെന്നു പറയുകയും അതു കേട്ടു ഭഗവാൻ വ്യസനിച്ചു ഹെ ലങ്കേശ്വരാ; എൻെറ ഒരവസ്ഥ നോക്കുക ധനുർവ്വേദപാരംഗതനായി ശത്രുനിഗ്രഹാത്ഥം ശിലാബാണപാണിയായ എൻെറ അനുജൻ സമീപത്തിരുന്നും അതിജാഗ്രതയോട്ടുകൂടി സുഗ്രീവപ്രഭൃതികളായ എഴുപതു വെള്ളം പടകൾ എനിക്കു സ്വാധീനമായിരിപ്പാനും ആജീവനാന്തം പിരിയരുതെന്നുള്ള സങ്കല്പത്തോട്ടുകൂടി പാണിഗ്രഹണംചെയ്തു എൻെറ പത്നി എന്നെപ്പിരിഞ്ഞു ഒരു സംവത്സരമായി ചിറയിലിരിപ്പാനും ലങ്കാധിപനായ രാവണൻെറ ശിരസ്സിൽ 10 കിരീടവും വഹിച്ചു എൻെറ മുന്നിൽവന്നു വലുതായ പുഞ്ചിരിയോട്ടു നില്പാനും വലുതായ ഒരു വില്ലും പിടിച്ചു രാവണൻെറ മുമ്പിൽ വലുതായ ഒരു വിഡ്ഢിവേഷത്തോട്ടുകൂടി ഞാനും നില്പാനുമല്ലെ ബ്രഹ്മാവ് എൻെറ ശിരസ്സിൽ ലിഖിതം ചെയ്തത്. എന്തു ചെയ്യാം. മേലിൽ ഞാൻ പ്രാണനോട്ടുകൂടിയിരുന്നു വല്ല പ്രയോജനവും ഉണ്ടോ എന്നു ഭഗവാൻ സുഗ്രീവനെ നോക്കി പറഞ്ഞു.

## മകുടഭംഗം.

ഭഗവാൻ സുഗ്രീവനെ വിളിച്ചു ജാനകീചോരനായ രാവണൻെറ നിത്ഥം നോക്കുക എന്നു പറഞ്ഞ ഉടനെ സുഗ്രീവൻ

പശുകുലങ്ങളിൽ വ്യാഘ്രം ചാടി തച്ചുതകൎത്തുകൊല്ലുന്നതിനെയൊ അതുപോലെ വടഗോപുരത്തിൽ ചാടി രാവണന്റെ മുടിപിടിച്ചു വലിച്ചു താഴത്തിട്ടു പത്തു മുഖത്തും ചവിട്ടി മുഷ്ടി ചുരുട്ടി മാറത്തടിച്ചു അടിച്ചുരുട്ടി നഖശിഖരങ്ങളാൽ മാറത്തു രക്തം പ്രവാഹിപ്പിച്ചു അവസാനം കൂട്ടകിരീടമായ പത്തു കിരീടത്തെയും നാഗരാജാവിന്റെ ഫണാഗ്രത്തിലുള്ള രത്നം പക്ഷിരാജാവു തട്ടിപ്പറിച്ചുകൊണ്ടുപോകുമ്പോലെ തട്ടിപ്പറിച്ചു. ഭഗവാൻ സുഗ്രീവൻ വടഗോപുരത്തിലേക്കു ചാടിയതിനെക്കണ്ടു അല്ലയോ പ്രാണസഖിയെ സുഗ്രീവ! ശത്രുനിഗ്രഹാൎത്ഥം ചന്ദ്രഹാസമെന്ന വാൾ അനവരതകാലത്തും രാവണന്റെ കരത്തിലുണ്ട് എന്നുതന്നെയല്ല വലിയ ദുൎമ്മാൎഗ്ഗിയും മായാവിയുമാണ് അങ്ങിനെയുള്ള രാവണൻ ശത്രുപക്ഷിയായ നിന്നെ വധിക്കാതെയിരിക്കയില്ല നീ നിരായുധനല്ലെ. ഏതുതരത്തിൽ രാവണൻ പക്കൽനിന്നു നീ മടങ്ങി വരും. ഈരേഴു പതിന്നാലുലോകം ജയിച്ചാലും നീ മടങ്ങിവരാത്ത പക്ഷം ഞാൻ മേലിൽ ജീവിച്ചിരിക്കുമോ. നീ എന്റെ പ്രാണസഖിയല്ലെ. മന്ദരപൎവ്വതത്തെ എടുത്ത ഭുജബലപരാക്രമിയായ ഹെ സുഗ്രീവ; നിന്നെ ആ നിൎദ്ദയനായ രാവണൻ ഒരു സമയം വധിച്ചുപോയിയെന്നുവരികിലും, ഞാൻ രാവണനോടു യുദ്ധംചെയ്തു അവനെ ജയിച്ചുയെന്നു വരികിലും തോററ പരിഭവമല്ലാതെ ജയിച്ചവനായി വരുന്നതല്ല. അയ്യയ്യൊ സങ്കടം സഹിക്കുന്നില്ലല്ലൊ. എന്നു തന്നെത്താൻ പറഞ്ഞിരിക്കുന്ന അവസരത്തിൽ സുഗ്രീവൻ ഭഗവാൻ പാദത്തിൽ രാവണന്റെ കൂട്ടകിരീടം കൊണ്ടുവന്നു കാഴ്ചവെച്ചു നമസ്കരിച്ചതിനെക്കണ്ടു ശ്രീരാമസ്വാമി അത്യന്തം സന്തോഷിച്ചു പറയുന്നു. ഹെ സുഗ്രീവ നീ ഒരുവൻ ഇല്ലെങ്കിൽ ഈ ജന്മമുള്ള എന്റെ പത്നിയെ എന്നാൽ കാണ്മാൻ സാധിക്കുന്നതല്ല. മേലിൽ വേണ്ടുന്ന കാൎയ്യവും വഴിപോലെ ചിന്തിച്ചുകൊള്ളുക. എന്നു കീൎത്തിക്കുകയും അതു കേട്ടു സുഗ്രീവൻ പറയുന്നു. സ്വാമിൻ നിസ്സാരനായ എന്നെ കീൎത്തിക്കത്തക്കവിധം നിങ്ങൾക്കു യാതൊരു സഹായവും ഞാൻ ചെയ്തിട്ടില്ല ചെ

ച്ചാൻ സമൎത്ഥന്മാരല്ല. കീൎത്തിക്കേണ്ടവർ വേറെ ചിലരെയാണ്. സൎവ്വേശ്വരിയായ ജാനകിയെ രാവണൻ ചതി കൊണ്ടുപോകുമ്പോൾ ജടായുവായ പക്ഷി ചെയ്ത സഹായത്തോളം ഞാൻ വല്ല സഹായവും ചെയ്തിട്ടുണ്ടോ. അങ്ങയുടെ ദൂതനായ മാരുതി ലങ്കയിൽ ചെന്നു പകുതിയിലധികം പടകളെ കൊന്നു ലങ്ക കെട്ടിച്ചു ജാനകിയെ കണ്ടു വന്നു. ശൃംഗിവേരാധിപനായ ഗുഹൻ അങ്ങേക്കു വേണ്ടതാക സഹായങ്ങളെ ചെയ്തു. അവരെയൊക്കെയാണു കീൎത്തിക്കേണ്ടതു്. ഞാൻ ഇവിടെനിന്നു വടഗോപുരത്തിലേക്കും വടഗോപുരത്തിൽനിന്നു ഇവിടെക്കും ചാടിയെന്നല്ലാതെ ജാനകിയെക്കണ്ടു വന്നുവൊ വീണ്ടുകൊണ്ടുവരുവാൻ സമൎത്ഥനായൊ അങ്ങെക്കു ഇതുവരെ യാതൊരു സഹായവും എന്നാൽ ചെയ്യാൻ കഴിഞ്ഞുവൊ എന്നു പറഞ്ഞു സുഗ്രീവൻ പിൻവാങ്ങുകയും വിഭീഷണനെ വിളിച്ചു ഭഗവാൻ പറയുന്നു. സുഗ്രീവൻ കൊണ്ടുവന്ന ഈ പദാൎത്ഥമെന്താണെന്നു ചോദിക്കുകയും വിഭീഷണൻ ഭഗവാനെ നോക്കി സ്വാമിൻ രാവണൻ ശിരസ്സിൽ വഹിച്ചുവരുന്ന ചൂഡാകിരീടമാണിതു്. രാവണന്റെ ശക്തി ആലോചിക്കുമ്പോൾ പാതാളവാസിയായ അനന്തന്റെ ഫണാഗ്രത്തിലുള്ള നംഗീരക്കല്ലിനെ പാദതാഡനത്താൽ ഭൂമിയെപ്പിളൎന്നു തട്ടിപ്പൊറിച്ചു കൊണ്ടുവരുവാൻ ശക്തനാണ്. ആയവന്റെ കിരീടം തട്ടിപ്പറിച്ചു കൊണ്ടുവന്ന സുഗ്രീവന്റെ ശക്തി ആലോചിക്കുമ്പോൾ അത്ഭുതമായിരിക്കുന്നു. സംഹാരമൂൎത്തിയായ പരമേശ്വരനാലും അസാദ്ധ്യമായ കൃത്യമാണ് മകുടഭംഗം. സുഗ്രീവന്റെ ഈ പ്രവൃത്തി രാവണന്റെ ശിരസ്സ് രാമസായകത്താൽ അററ് മണ്ണിൽ പുരളുവാനുള്ള ഒരു ദുൎന്നിമിത്തക്കല്ലാണെന്നു വാദമില്ല. എന്നു പറഞ്ഞ ഉടനെ ഭഗവാൻ ഈ കിരീടം നിണക്കു വേണ്ടതാണ്. നീയെടുത്തു സൂക്ഷിച്ചുകൊൾക എന്നു പറഞ്ഞു വിഭീഷണൻ പക്കൽ കൊടുത്തു എല്ലാവരും സുവേലത്തിൽനിന്നു കീഴ്പോട്ടിറങ്ങി അവരവരുടെ സ്ഥാനസ്ഥാനത്തിരിക്കുകയും ചെയ്തു.

വടഗോപുരത്തിൽനിന്നു രാവണൻ വലിയ ലജ്ജയോടുകൂടി

കീഴിറങ്ങി തന്റെ രാജധാനിയിലേക്കു വന്നു രാക്ഷസശ്രേഷ്ഠന്മാരെ വരുത്തി ശുദ്ധികലശം ചെയ്യിച്ച് കോട്ടയിലേക്കു പ്രവേശിക്കുകയും ചെയ്തു.

## പ ട ക ളു ടെ അ ണി വ കു പ്പ്.

ഭഗവാൻ പറയുന്നു. ഹെ സുഗ്രീവാ കാലവിളംബനം വരുന്നു. എത്ര കാലമാണ് സുബേലത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത്. പൂർവ്വികന്മാരാൽ ഘോഷിക്കപ്പെട്ട മാനവസ്മൃതിയുടെ സിദ്ധാന്തം ആലോചിക്കുമ്പോൾ വില്ലും പിടിച്ചിങ്ങിനെയിരിക്കുകയല്ല വേണ്ടത്. ചെയ്യേണ്ടുന്ന പ്രവൃത്തി വേറെ ഉണ്ട്. അതെന്തെന്നുവെച്ചാൽ. പതിനേഴു വെള്ളം പടകളോടുകൂടി ഹനുമാൻ പശ്ചിമഗോപുരത്തിലേക്കും പതിനേഴു വെള്ളം പടയോടുകൂടി അംഗദൻ ദക്ഷിണഗോപുരത്തിലേക്കും പതിനേഴു വെള്ളംപടകളോടുകൂടി സുഗ്രീവൻ വടഗോപുരത്തിലേക്കും പോരിന്നു പോകണം. ബഹിർഭാഗത്തിൽനിന്നു കോട്ടയുടെ അന്തർഭാഗത്തിലേക്കും അന്തർഭാഗത്തിൽനിന്നു ബഹിർഭാഗത്തിലേക്കും ആരെയും കടപ്പാനയക്കരുത്. ഗതാഗതവിരോധം ചെയ്യണം എന്നു കല്പിച്ചയക്കുകയും ബാക്കിയുള്ള രണ്ടു വെള്ളം ചെറുവാനരങ്ങളെ ഫലമൂലപാകങ്ങൾ കൊണ്ടുവന്നു യുദ്ധത്തിന്നയച്ച വാനരന്മാൎക്കു കൊടുപ്പാൻ കല്പിച്ചയക്കുകയും വല്ല മായങ്ങൾ രാക്ഷസന്മാർ പ്രവൃത്തിക്കുന്നുണ്ടെങ്കിൽ അതു ഞങ്ങൾക്കറിവുതരണം. നാലു ഗോപുരങ്ങളുടെയും ചുറ്റി സഞ്ചരിക്കുകയെന്നു വിഭീഷണനോടു കല്പിക്കുകയും അനുജനും താനും ശിലാബാണപാണികളായി യുദ്ധസന്നദ്ധന്മാരായി നില്ക്കുകയുംചെയ്തു. ആ വിവരം ദൂതന്മാരാൽ രാവണനറിഞ്ഞു തന്റെ സൈന്യങ്ങളോടു പറയുന്നു. സൈന്യാധിപനായ പ്രഹസ്തൻ 200 വെള്ളം പടയോടുകൂടി പൂർവ്വഗോപുരത്തിൽ യുദ്ധത്തിന്നു വന്നിട്ടുള്ള നീലനോടും; 200 വെള്ളം പടയോടുകൂടി മഹാപാർശ്വൻ ദക്ഷിണഗോപുരത്തിലുള്ള അംഗദനോടും 200 വെള്ളം സൈന്യങ്ങളോടുകൂടി ഇന്ദ്രജിത്തു പശ്ചിമഗോ

പുരത്തിൽ യുദ്ധത്തിന്ന വന്ന ഹനുമാനോടും യുദ്ധം ചെയ്തു. 200 വെള്ളം പടകളോടുകൂടി ഉത്തരഗോപുരത്തിൽ ചെന്ന രാമനോടും അവന്റെ അനുജൻ ലക്ഷ്മണനോടും ഞാൻ യുദ്ധം ചെയ്യുന്നുണ്ട്. രാജധാനിയിലുള്ള ഭണ്ഡാരങ്ങൾ നഗരവീഥികൾ മുതലായതിന്ന കാവലായി വിരൂപാക്ഷനും നിത്യതയായുള്ള സൈന്യങ്ങളും പോകട്ടെയെന്ന രാവണൻ പറഞ്ഞതിനെക്കേട്ടു പ്രഹസ്ഥൻ പറയുന്നു. രാവണീശ്വരാ; നിന്തിരുവടി യുദ്ധത്തിന്ന പുറപ്പെട്ടുന്നതായാൽ കരങ്ങന്മാര് നേരിട്ടുനില്ക്കുമൊ രാക്ഷസന്മാരുടെ കയ്യിൽ പതിനെട്ടു വരായുധങ്ങളുണ്ടു വാനരന്മാൎക്ക ആയുധമുണ്ടോ. നമുക്ക 1000 വെള്ളം സൈന്യങ്ങളുണ്ട്. അവര് നശിക്കണമെങ്കിൽ 100 യുഗം രാത്രി പകൽ ഇടവിടാതെ യുദ്ധം ചെയ്താലും സാധിക്കുന്നതല്ല. സിംഹത്തിനെക്കണ്ട നായയെപോലെയെന്നല്ലാതെ പിന്നെ യെന്തൊന്നാണ് പറയേണ്ടത്. എന്നതിനെക്കേട്ടു മാല്യവാൻ പറയുന്നു. ഹെ പ്രഹസ്ഥാ! ശത്രുക്കളുടെ ദുൎബ്ബലത പ്രബലതകളെ ആലോചിപ്പാൻ നിങ്ങക്ക ബുദ്ധിയില്ലല്ലൊ. വാനരങ്ങൾ സാരമില്ല നിരായുധന്മാണ് അവര് വിചാരിച്ചാൽ നമ്മോടു എന്തുകഴിയും എന്നു നിങ്ങക്ക രാവണനോടു പറയുവാൻ ലജ്ജയില്ലല്ലൊ. കുറെ ദിവസം മുമ്പെ നമ്മുടെ രാജ്യത്തിൽ ഹനുമാനെന്ന ഒരുവൻ വന്ന പകുതിയിലധികം പടകളെയും ലങ്കയെയും കൊള്ളിവെച്ചുപോയതു കണ്ടില്ലെ അതുതന്നെയല്ല സുഗ്രീവനെന്ന ഒരുവൻ രാവണന്റെ കിരിടം തട്ടിപ്പറിച്ചു കൊണ്ടുപോയില്ലെ. അവരുടെ കയ്യിൽ ചക്രമുണ്ടോ, ശൂലം വാൾ ഗദ മുതലായ പരായുധങ്ങളുണ്ടോ, പെരുമന്താ; കള്ളു കുടിച്ചു കാമപരവശന്മാരായി നടക്കുകയല്ലാതെ കാൎയ്യവിവരം വല്ലതും നിങ്ങൾക്കാൎക്കെങ്കിലും ഉണ്ടോ, എന്നു പറഞ്ഞു പ്രഹസ്ഥനെ വിട്ടു മാല്യവാൻ രാവണനോടു പറയുന്നു. ഹേ രാവണാ! നീയും നിന്റെ കുഡുംബങ്ങളും നഷ്ടകഷ്ടങ്ങളെ അനുഭവിച്ചാൽ ഇവൎക്കെന്തു ചേതം. ആയതുകൊണ്ടു രാമസഹായകം നേരിടുന്നതിന്നുമുമ്പെ ജംഭാരി കുംഭക

ഡാശ പരിഭാവിഹേമകുംഭ സമാനസമുജ്ജൃംഭിതകുചകുംഭയുഗള
ത്തോടുകൂടിയ ജാനകിയെ ചിറവിട്ടു രക്ഷപെടുന്നതാണ് നല്ലതെന്നു
മാല്യവാൻ പറഞ്ഞപ്പോൾ മാല്യവാനെ നോക്കി അസംബന്ധം
പറയാതെ എഴുനീററുപോകുക എന്നു രാവണൻ പറഞ്ഞതിനെ
കേട്ടു ഹേ രാവണാ! കുലവൃദ്ധനായ എൻെറ വാക്കിനെ നിഷേ
ധിക്കുന്നതിൽ രാമസായകം നിൻെറ തലയെ ഛേദിപ്പാനിടവരു
മെന്നു പറഞ്ഞു മാല്യവാൻ സഭയിൽ നിന്നു പോകുകയും ചെയ്തു.

## അംഗദൻദൂത്.

### കവി.

വൃതനായകതീർച്ചൂഡന്തപുവിക്കിനായകനിപ്പുമെൽ
സീതെനായകൻവെറള്ളതെയവനായകനിചെപ്പും
വേതനായകൻമെൽനിൻറവിതിക്കിനായകന്താൻവിട്ട
ദൂതൻയാൻപണിത്തമാററം ചൊല്ലിടവാന്തനിൻെറ

ഭഗവാൻ വിഭീഷണനെ വിളിച്ചു പറയുന്നു. ഹേ, ലങ്കേ
ശ്വരാ; നാം ഈ രാജധാനിക്കു അകഴിയായി ശോഭിക്കുന്ന സാഗ
രതരണം ചെയ്തു അനന്തരം ലങ്കയിൽ വന്നു പടവീടു നിശ്ചയിച്ചു.
നമ്മുടെ ഉദ്ദേശത്തെ രാവണദൂതന്മാരാൽ രാവണനു അറിവു കൊ
ടുത്തു. എന്നു മാത്രമല്ല രാവണൻെറ മകുടഭംഗം ചെയ്തു. പ
ശ്ചിമവാസനം പടകളെ നാലു ഗോപുരങ്ങൾക്കും യുദ്ധത്തിന്നയച്ചു
മാർഗ്ഗവിരോധം ചെയ്തു. ഈ അവസരങ്ങളിലെല്ലാം രാവണനെ
ങ്കിലും പടകളെങ്കിലും യുദ്ധത്തിന്നു വരേണ്ടതാണ്. നാം ഇതുവ
രെ കാത്തിരുന്നും രാവണനെ കാണ്മാൻ കഴിഞ്ഞില്ല. വരാതിരി
പ്പാൻ കാരണമെന്താണെന്നു മനസ്സിലാവുന്നില്ല. ആയതുകൊ
ണ്ടു എൻെറ മനസ്സിൽ ഒരാലോചനയുണ്ടു അതിനെ പറയാം.
എന്തെന്നുവെച്ചാൽ നാം ഇവിടെനിന്നു രാവണൻെറ അടുക്ക
ലേക്കു ഒരു ദൂതയച്ചു രാവണൻെറ അഭിപ്രായത്തെ അറിയേണ്ട
താണ്. യുദ്ധത്തിന്നു വരാതിരിപ്പാനുള്ള കാരണമെന്ത് ജാന
കിയെ ചിറവിടുവാൻ മനസ്സുണ്ടോ അല്ല യുദ്ധത്തിന്നു വരുന്നു
വോ ഇതിൽ രണ്ടാലൊന്നു ചെയ്യാതെ കോട്ടയടച്ചു ഇരുന്നാൽ

മേലിൽ ദാശരഥിരാമൻ സമ്മതിക്കുന്നതല്ല എന്നു രാവണനെ അറിയിപ്പാനായി ഒരുവനെ അയക്കേണമെന്നു വിചാരിക്കുന്നു. സന്ധി, വിഗ്രഹം, യാനം, ദ്വൈധീഭാവം, സമാശ്രയം മുതലായ ഷൺനീതികളിൽ സന്ധിയെന്നുള്ള ഒരു നീതി നടത്താതെ ഇരുന്നാൽ അതു നമ്മുടെ അടുക്കൽ ബാക്കിയാണ്. പൂർവ്വികന്മാരാൽ നിശ്ചയിക്കപ്പെട്ട മാനവസ്മൃതി മുതലായ ഗ്രന്ഥങ്ങളിലും ഇങ്ങിനെ ഘോഷിക്കുന്നുണ്ട്. പൂർവ്വികന്മാരുടെ പന്ഥാവിൽനിന്നു തെറ്റിനടപ്പാൻ പാടുള്ളതല്ല. കാലത്രയത്തിലും രാക്ഷസവൃത്തിയെ ഉപേക്ഷിച്ച രാമായണഭാരതഭാഗവതാദികളായ ഇതിഹാസങ്ങളെയും രാമകൃഷ്ണത്യാദികളായ തിരുനാമങ്ങളെയും ജപിച്ച ആബ്രഹ്മസ്സംബപര്യന്തം ദീർഘായുഷ്മാനായി പരമഭാഗവതോത്തമനായുള്ള നിൻെറ അഭിപ്രായമെന്തെന്നതിലേക്ക വിഭീഷണൻ പറയുന്നു. സർവ്വേശ്വരനായ അങ്ങയുടെ അഭിപ്രായത്തിലേക്ക യോജിച്ചതാണ് എൻെറ അഭിപ്രായം എന്നു സമാധാനിക്കുകയും ചെയ്തു. ഇതുകളെയെല്ലാം സമീപത്തിൽ നിന്നു കേട്ടിരുന്ന ലക്ഷ്മണൻ ഭഗവാനെ നമസ്കരിച്ച പറയുന്നു. ശരണം സ്വാമിൻ. രാവണനു ദൂതയക്കേണമെന്നാണ് നിന്തിരുവടി ഉദ്ദേശിക്കുന്നത്. അതിൽ അടിയനു ചില സംഗതികളെ ഉണർത്തിപ്പാനുണ്ട്. എന്തെന്നാൽ രാവണൻെറ നടവടിയെപ്പറ്റി കുറഞ്ഞൊന്നു പറയാം. അങ്ങയുടെ പത്നിയായ ജാനകിയെ കളവുചെയ്തു ഒരു സംവത്സരമായി ലങ്കയിൽ ചിറ വച്ചിരിക്കുന്നു. 2. സ്വർഗ്ഗവാസികളായ ദേവന്മാരെ എപ്പോഴും ഉപദ്രവിച്ച വരുന്നു. 3. ഭൂസുരന്മാരായ ബ്രാഹ്മണന്മാർ ചെയ്തുവരുന്ന യാഗാദിഹോമങ്ങളെ മുടക്കുന്നു. 4. അനേക പ്രാണികളെ പിടിച്ച ഭക്ഷിക്കുന്നു. 5. ലോകത്രയത്തെ കീഴടക്കി അനീതികളെ നടത്തിവരുന്നു. 6. ഇന്ദ്രൻെറ ഭാഗ്യങ്ങളെയെല്ലാം കുത്തിക്കവന്ന ലങ്കയിൽ കൊണ്ടുവന്നു വെച്ചിരിക്കുന്നു. ഇതുകളെയെല്ലാം ആലോചിക്കുമ്പോൾ രാവണൻ വലിയ ദുർമ്മാർഗ്ഗിയാണെന്നു അടിയൻ പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഈ ദ്രോഹിക്ക നിന്തിരുവടി ദൂതയക്കുന്ന കാര്യം

ത്തിൽ അടിയന്നു പലേ ശങ്കകളുമുണ്ട്. ജാനകിയെ കൊണ്ടുവ ന്നു ചിറ വിടുവാൻ മനസ്സുണ്ടോയെന്നുള്ള ദൂതന്റെ ഒന്നാമതാ യ ചോദ്യത്തിന്നനുസരിച്ചു സർവ്വേശ്വരിയെ ചിറവിടുന്ന ഭാഗം രാവണനെ രക്ഷിക്കേണ്ടിവരുന്നതിലേക്കു വാദമില്ലല്ലൊ. അങ്ങി നെ ചെയ്യുന്നതായാൽ പൂർവ്വാപരവിരുദ്ധമായി ചില സത്യലം ഘനങ്ങൾക്കിടവരും. സാഗരതീരത്തിൽ വെച്ചു വിഭീഷണനോ ടു ലങ്കാധിപൻ നീയാണ് അത് അക്കചന്ദ്രന്മാരും രാമനാമവും ഉള്ള കാലംവരെ നീ രാജാവായിരിക്കുക എന്നു അനുഗ്രഹിച്ചിട്ടു ണ്ട് എന്നു മാത്രമല്ല മുണ്ഡകത്തുറയിൽവെച്ചു അഗസ്ത്യാദിമഹ ഷികളോടു അധമ്മതല്പരനായ രാവണനെ സംഹാരം ചെയ്യു ത രാമെന്നും ശപഥം ചെയ്തിട്ടുണ്ട്. രാവണൻ രക്ഷപ്പെട്ടാൽ ആ യവന്നു രാജധാനി കൊടുക്കേണ്ടിവരും അപ്പോൾ വിഭീഷണനോ ടുള്ള സഖ്യത്തിന്നു വിഘ്നമല്ലെ സ്വാമിൻ എന്നുള്ള ലക്ഷ്മണന്റെ വാക്കുകളെ കേട്ടു ഭഗവാൻ പറയുന്നു. ഓഹോ ലക്ഷ്മണാ! നി ന്റെ ശങ്ക അത്യാവശ്യം തന്നെ. എങ്കിലും ദാശരഥി രാമൻ ധ മ്മത്തെ ഉപേക്ഷിച്ചു നടക്കുമെന്നു വിചാരിക്കണ്ട. അങ്ങിനെ ധമ്മത്തെ ഉപേക്ഷിക്കുന്നതായാൽ നാം അയോദ്ധ്യയെ ഉപേക്ഷി ച്ചു കാട്ടിലേക്കു വരേണമെന്നുണ്ടോ. നമ്മുടെ ദൂതുപ്രകാരം ജാന കിയെ കൊണ്ടുവന്നു വിടുന്നതായിരുന്നാൽ ലങ്കാരാജ്യം വിഭീഷ ണന്നു കൊടുത്തുപോയി എന്ന വാക്കിന്നു വിലയില്ലാതെ പോകു മെന്നല്ലേ നീ പറയുന്നത്. എന്നാൽ ഒരുവന്നു ദത്തം ചെയ്ത ഭൂ മിയെ വീണ്ടെടുക്കുന്നതു ക്ഷത്രിയധമ്മമല്ല. അങ്ങിനെ രാവണൻ ദേവിയെ ചിറയിൽനിന്നു വിടുന്നതായാൽ നമ്മുടെ ഭരതൻ രാജ്യ ഭാരം വഹിച്ചുവരുന്ന അയോദ്ധ്യയെ രാവണന്നു കൊടുക്കുമെന്ന ല്ലാതെ വിഭീഷണന്നു ലങ്കയെ കൊടുത്തതിലേക്കു യാതൊരു വി ഘ്നവും വരുമെന്നു നീ ശങ്കിക്കേണ്ട. എന്നുതന്നെയല്ല രാവണൻ പ്രാണാവസാനംവരെ ജാനകിയെ ചിറവിടുന്നവനല്ല അഭിമാന മെന്ന ഏകധനത്തെ മാത്രം രക്ഷിക്കുന്നവനാണ്. പിന്നെ മഹ ഷികളുടെ അടുക്കൽ രാവണനെ കൊന്നുതരാമെന്നു സത്യംചെയ്തു

എന്നാണ രണ്ടാമത്തുണ്ടായ ശങ്ക. അധൎമ്മമെന്ന മാൎഗ്ഗത്തിൽ സഞ്ചരിക്കുന്നവനാരെ അവനെ വധിച്ചതരാമെന്നാണ് എന്റെ ശപഥം. രാവണൻ എന്നിൽ കീഴടങ്ങുന്നതായാൽ ഞാൻ പറയുംപ്രകാരം അവൻ കേൾക്കേണ്ടിവരും അപ്പോൾ മേലാൽ രാവണനെക്കൊണ്ടു യാതൊരു ഉപദ്രവവും ലോകത്തിന്നു ബാധിക്കുന്നതല്ല. ഞാൻ രാവണന്നു യശോഹാനിയും സ്ഥാനഭ്രംശവും വരുത്തും. കൂടാതെ ശവശരീരിയാക്കി സ്വംഭസദൃശമായി അവനെ ഞാൻ ഒരു ദിക്കിൽ വെക്കും. ഇതിന്റെ പശ്ചി സാനം ഞാൻ മേൽപ്രകാരം ചെയ്യാൻ തീൎച്ചയാക്കീട്ടുണ്ട്. എന്നാൽ ദൂതയക്കേണ്ടതാവശ്യമാണ രാവണൻ ദുൎമ്മാൎഗ്ഗിയായാലും നമ്മുടെ ധൎമ്മം നമുക്കു വിട്ടുനടപ്പാൻ പാടുള്ളതല്ല. എന്നു പറഞ്ഞു ലക്ഷ്മണനെ സമാധാനപ്പെടുത്തി ദക്ഷിണഗോപുരത്തിൽ യുദ്ധത്തിന്നു പോയിരുന്ന അംഗദനെ വരുത്തി ഭഗവാൻ "ഹേ അംഗദാ! നീ രാവണന്റെ അടുക്കലേക്ക് ഒരു ദൂതുപോയി വരേണമെന്നു പറഞ്ഞതിനെ കേട്ടു അംഗദൻ പറയുന്നു. സ്വാമിൻ ഹേ പാപിയായ രാവണനോടു ചെന്നു അടിയൻ പറയേണ്ടുന്ന കാൎയ്യമെന്ത്? എന്നതിന്നു ഭഗവാനും ഹേ കുമാരാ! നീ രാവണനോടു പറയേണ്ടതു എന്തെന്നുവെച്ചാൽ ജാനകിയെ കൊണ്ടുവന്നു ...റവിട്ടുവാൻ മനസ്സുണ്ടോ. അല്ല യുദ്ധത്തിന്നു വരുന്നുവോ എന്നു രണ്ടാലൊരു കാൎയ്യം തീൎച്ചപ്പെടുത്തു വരണം. ഇതു രണ്ടും ചെയ്യാതെ കോട്ടയടച്ച് ഇരുന്നാൽ അയോദ്ധ്യാരാമൻ സമ്മതിക്കുന്നതല്ലെന്നും പറയുക. രാവണനോടു സംസാരിക്കുമ്പോൾ ... ഷ്ടപ്പെടരുത്. രാവണനെ ഒരു തൃണപ്രായമായി കരുതുക. ...ന്റെ ഗളത്തിൽ ഇരിക്കുന്ന പുരുഷന്ന് ഒരു ശാവിനെ ഭയപ്പേണ്ടമൊ. രാവണരാജധാനിയിൽവെച്ചു നിന്നോടു സമ്പ്രദായികമല്ലാതെ അനീതിയായി രാവണൻ സംസാരിക്കുകയൊ വല്ല ഉപദ്രവവും ചെയ്യാൻ ആരംഭിക്കുകയും ചെയ്യുൽ ആ സമയത്തിൽ നീ ഒരു സിംഹനാദംചെയ്ക, തൽക്ഷണം ഞാൻ അവിടെ വന്നു ചെരണ്ടാക്കണ്ടി ചവിട്ടിപ്പൊട്ടിക്കുംപോലെ അവന്റെ പത്തു ശിരസ്സും ചവിട്ടിപ്പൊട്ടിക്കുന്നുണ്ട്. എന്നു പറഞ്ഞ് അംഗദനെ അ

നുഗ്രഹിച്ചയക്കുകയും ചെയ്തു. അംഗദൻ ഭഗവാൻെറ അടുക്കൽ നിന്നു വിടകൊണ്ട് അതിവേഗത്തിൽ രാവണരാജധാനിയിൽ ചെന്നു രാമരാമ എന്നു തിരുനാമത്തെ ഉച്ചരിച്ചു നില്ക്കുന്നതിനെ രാവണൻ കണ്ടു ഹെ മർക്കടാ നീ ആര്? എവിടെനിന്നു വരുന്നു? എന്നു ചോദിക്കുകയും അതു കേട്ട് അംഗദൻ പറയുന്നു. ഹെ രാവണാ! നിൻെറ സദസ്സിൽ ഒരുവൻ വന്നാൽ അവസ്ഥാനുസരണം ആസനം നല്കിയശേഷമല്ലെ വിവരം ചോദിച്ചറിയുക. അതു ചെയ്യാത്തതിൻെറ മൎയ്യാദ കാൽറേസ്സ് വിലയില്ലയെന്നു പറഞ്ഞതിനെക്കേട്ടു രാവണൻ പറയുന്നു: മർക്കടങ്ങൾക്ക് ആസനം മരക്കൊമ്പാണ്. സഭയറിയാതെ സംസാരിച്ചാൽ ചന്ദ്രഹാസത്തിന്നിരയാവും ഓർമ്മവെച്ചോ. നീ വന്ന കാര്യം പറയുക എന്നതിനെക്കേട്ട് അംഗദൻ പറയുന്നു. ഹെ രാവണാ! നിൻെറ സിംഹാസനത്തിന്നു ശരിയായി എൻെറ വാലു ചുരുട്ടി അതിൻെറ മുകളിൽ ഇരുന്നു വിവരം പറയുന്നു, കേൾക്കുക. ഹെ രാവണാ! ഉത്തരകോസലവാസിയായി ദശരഥാത്മജനായി രാക്ഷസകുലകാലനായി മിത്രജനകമലദിവാകരനായിരിക്കുന്ന രാമസ്വാമിയുടെ ദൂതനാണു ഞാൻ. എന്നെ അയക്കപ്പെട്ട രാമസ്വാമിയുടെ വൈഭവം പറയുന്നതായാൽ അനുഭവരസികന്മാൎക്കും അവിഷയമാണ്. പൃഥിവി, അപ്പു, തേജസ്സ്, വായു, ആകാശമെന്ന പഞ്ചഭൂതങ്ങൾക്കും, വാക്കു, പാണി, പാദ, പായു, ഉപസ്ഥമെന്ന കർമ്മേന്ദ്രിയങ്ങൾക്കും, വചന, ഗമന, ദാന, വിസൎഗ്ഗ, ആനന്ദമെന്ന ജ്ഞാനേന്ദ്രിയങ്ങൾക്കും കാമ, ക്രോധ, ലോഭ, മോഹ, മദ, മത്സരം, ഈൎഷ്യാ, അസൂയയെന്ന അഷ്ടരാഗങ്ങൾക്കും അർത്ഥേഷണ, പുത്രേഷണ, ദാരേഷണയെന്ന ഏഷണത്രയങ്ങൾക്കും, അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയമെന്ന പഞ്ചകോശങ്ങൾക്കും; സ്ഥൂല, സൂക്ഷ്മ, കാരണമെന്ന ശരീരത്രയങ്ങൾക്കും, വിലക്ഷണനായി സജാതിക, വിജാതിക സ്വഗതഭേദശൂന്യനായി ദേശകാലാവസ്ഥാപരിച്ഛേദ്യരഹിതനായി സുരനരമൃഗ, പശു, പക്ഷി, പന്നഗാദികളിലും ജീവാത്മാവായി ആദിമദ്ധ്യാന്തരഹിതനായി കാലാതീതനായി പഞ്ചഭൂത ഭൗതികമായുള്ള സർവ്വജീവചരാചര

ങ്ങൾക്കും താൻ നായകനാണ്. ദുഷ്ടനിഗ്രഹം ശിഷ്ടപരിപാലനം നിമിത്തം ചതുസ്സമുദ്ര പൎയ്യന്തം രാജ്യഭാരം വഹിക്കുന്ന മഹാ ചക്രവൎത്തിയാകയാൽ ഭൂമിക്കും നായകനാണ്. എന്നുതന്നെയല്ല. നീ കട്ടുകൊണ്ടുവന്നു വെച്ചിരിക്കുന്ന ജാനകിക്കും നായകനാണ്. ലോകത്തിൽ 1008 ശിവാലയം 108 വിഷ്ണു ആലയം ഇങ്ങിനെയുള്ള ദൈവീശഗണങ്ങൾക്കും താൻ നായകനാണ്. നീ ഓതിവരുന്ന 1000 ശാഖയോടുകൂടിയ സാമവേദത്തിന്നും നായകനാണ്. ഇങ്ങിനെ സൎവ്വലോക ചരാചര രക്ഷകനായ രാമസ്വാമി എന്നോടു ചില കാൎയ്യങ്ങളെ കല്പിച്ചു നിന്നോടു പറവാൻ ഏല്പിച്ചിട്ടുണ്ട്. ആ സംഗതികളെ നിണക്കു മനസ്സിലാക്കി അതിന്നു പ്രത്യുത്തരമായ നിന്റെ അഭിപ്രായത്തെ അറിവാൻവന്ന ഒരു ദൂതനാണു ഞാൻ. ആയതുകൊണ്ടു വിലയേറിയ സമയം വൃഥാ കളവാനിടവരുത്താതെ ഞാൻ പറയുന്ന സാരോപദേശത്തെ ഏകാഗ്രമാനസനായിരുന്നു കേട്ടു മനസ്സിലാക്കുക. എന്നതിനെകേട്ടു രാവണൻ ഹാസ്യത്തോടുകൂടെ പറയുന്നു.

ഹെ മൎക്കടാ! നല്ലകാൎയ്യം. കൃമികീടസദൃശനായ രാമനെ നീയല്ലാതെ വേറെ ആരെങ്കിലും നായകൻ എന്നു പറയുമൊ? ലോകത്തിൽവെച്ചു നായകത്വം ആൎക്കെല്ലാമാണെന്നു നീ അറിയുമൊ. ഹരിഹരവിരിഞ്ചാദികളായ ത്രിമൂൎത്തികളെ ഒരു സമയം നായകന്മാരെന്നു പറയാം. അവരെയൊന്നും പറയാതെ ചില കുരങ്ങന്മാരെ സഹായികളായിക്കൂട്ടി സമുദ്രത്തിൽ സേതുബന്ധിച്ചു കടന്നു ലങ്കയിൽവന്നു നോക്കിയതിൽ രാവണനെ ജയിപ്പാൻ പ്രയാസമാണെന്നു കണ്ടു വാനരങ്ങളെ വിളിച്ചു എടൊ കൂട്ടരെ; യുദ്ധം ചെയ്തു രാക്ഷസന്മാരെ ജയിച്ചു ജാനകിയെ വീണ്ടുകൊണ്ടുവരുന്ന കാൎയ്യം പ്രയാസമായി കാണുന്നതുകൊണ്ട് ഈ വാനരസംഘത്തിൽ എരന്ന് പരിചയമുള്ളത് ആൎക്കാണെന്നു ചോദിക്കുകയും എനിക്കു നല്ല പരിചയമുണ്ട് ഞാൻ രാവണനെ യാചിച്ചു ജാനകിയെ വീണ്ടുകൊണ്ടുവന്നു തരാം എന്നു ചാടിപ്പുറപ്പെട്ട പൊട്ടക്കുരങ്ങനല്ലെ നീ. അങ്ങിനെയുള്ള നിന്നെ അയച്ച രാമനെ ലോകനായകനാണു ദൈവനായകനാണെന്നു പറവാൻ ലജ്ജയില്ലെ മൎക്കടാധ

മം. എന്നതിനെക്കേട്ട് അംഗദൻ പറയുന്നു. ഹെ രാക്ഷസാധമാ; നിന്നെപ്പോലെ കള്ളന്മാര് ലോകത്രയത്തിലുണ്ടോ; പണ്ടാരങ്ങളുടെ വേഷവുംകെട്ടി പൊക്കണവും ചുമലിലിട്ടു ഒളിച്ചുമാറിവന്നു സർവ്വേശ്വരിയായ ജാനകിയെ കട്ടുകൊണ്ടുപോയ കള്ളനല്ലെ നീ? സ്ത്രീകളെ കളവുചെയ്തു നടക്കുന്നവൻ പുരുഷനാണൊ. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. ഹെ മർക്കടാ; സഭയറിയാതെ സംസാരിച്ചാൽ തലവെട്ടി തൊട്ടിയിൽ നാട്ടും, ഓർമ്മവെക്കുക. എന്റെ അവസ്ഥ നീ അറിയുമോ? ഹരിഹരവിരിഞ്ചാദികളായ ത്രിമൂർത്തികൾ എന്റെ കല്പനകൂടാതെ ഈ ലങ്കയിൽ കടക്കുന്നതല്ല. അങ്ങിനെയിരിക്കെ രാമദൂതനാണെന്നു പറഞ്ഞുവന്ന നീ ആര്? നിന്റെ മാതാപിതാക്കളാര്? നിന്റെ പേരെന്ത്? എന്നോടു പറവാനായി രാമൻ നിന്നോടു പറഞ്ഞയച്ച സംഗതിയെ പറയുക. എന്നതിനെക്കേട്ടു അംഗദൻ പറയുന്നു: ഹേ രാക്ഷസാ! എന്റെ അച്ഛൻ ഇന്ദ്രാത്മജനായും വാനരരാജാവായും ഉള്ള കിഷ്കിന്ധാധിപനായ ബാലിയാണ്. മാതാവു ക്ഷീരാബ്ധിയിൽനിന്നു ജാതയായ താരയെന്ന സ്ത്രീയാണ്. രാവണീശ്വരൻ പണ്ടു ബാലിയെ ജയിപ്പാനായി കിഷ്കിന്ധയിൽ ചെന്നു അന്വേഷിച്ചതിൽ ബാലി ശിവപൂജക്കായി സമുദ്രതീരത്തിലേക്കു പോയിരിക്കുന്നുവെന്നറിഞ്ഞ് അതിവേഗത്തിൽ സാഗരതീരത്തിൽ ചെന്നു നോക്കുകയും ബാലിയും ശിവങ്കൽ ഏകാഗ്രമാനസനായി കണ്ണടച്ചു ധ്യാനിക്കുന്നതിനെ കണ്ടു രാവണൻ ഇരുപതു കയ്യും ബാലിയുടെ കക്ഷപ്രദേശത്തിൽ ഇട്ടുഞെക്കുകയും ബാലി രാവണനെ ഒരുമശകത്തിന്നു തുല്യമാക്കരുതി തന്റെ പുച്ഛംകൊണ്ടു രാവണനെ കേശാദിപാദം വരിഞ്ഞുകെട്ടി താൻ ഒരു ഗരുഡനെപ്പോലെയും രാവണൻ ഒരു സർപ്പംപോലെയും ആയി ചതുസ്സമുദ്രത്തിലും ചെന്നു ശിവതർപ്പണം കഴിച്ചു കിഷ്കിന്ധക്കു വരികയും ആ അവസരത്തിൽ എന്റെ അമ്മയും ഞാനും വന്നു കണ്ടു അയ്യോ അങ്ങയുടെ വാലിന്മേൽ ബന്ധനായിക്കിടക്കുന്ന ജന്തു എന്താണിത്? അഞ്ചുപത്തു തലയും പത്തിരുപതു കയ്യും വായനിറച്ചു വളഞ്ഞുകൊണ്ടുള്ള വക്രദംഷ്ട്രങ്ങളുമായ കൊന്ത്രമ്പല്ലുകളും കാണുന്നു. ആരാണിത്? എന്നു ചോദിച്ചപ്പോൾ

എന്റെ പിതാവു തിരിഞ്ഞുനോക്കി എടോ, ആരാണിത്? രാവണ നല്ലേ, എന്താണിങ്ങിനെ വന്നതു എന്നു എരട്ടക്കഷ്ടംവെച്ചു വാ ലിൽനിന്നു അഴിച്ചുവിടുകയും ഉടനെ രാവണനും ബാലി പാദ ത്തിൽ നമസ്കരിച്ചു സമസ്താപരാധംക്ഷമിക്കേണമേ, എഷണിപ്രി യനായ നാരദനാൽ എനിക്കിങ്ങിനെ ഒരു ബുദ്ധിമോശം വന്നതാ ണെന്നു പറഞ്ഞതിനെകേട്ടു ഒരുമാസംവരെ രാവണനു ഭക്ഷണാ ദികളെ കൊടുത്തു ക്ഷീണം മാററി ലങ്കക്കു അയച്ചിട്ടുണ്ടു. അന്നു എനിക്കു ചെറുപ്പമാണ് ആ രാവണനല്ലേ നീ! നിന്നെ ബന്ധിച്ചു വാൽബലവും ദേവാസുരന്മാരാൽ അസാദ്ധ്യമായുള്ള ക്ഷീരാബ്ധിമ ഥിതകരബലവുമുള്ള ബാലിപുത്രനാണ് ഞാൻ. നല്ലവണ്ണം ഓൎമ്മവെച്ചു സംസാരിക്കുക എന്നതിനെക്കേട്ടു രാവണൻ പറയു ന്നു: നല്ല കാൎയ്യം ബാലിയെ ഞാൻ നല്ലവണ്ണം അറിയും ബാലി യും ഞാനുമായി ജ്യേഷ്ഠാനുജന്മാർ എന്ന സ്ഥാനത്തെ വഹിച്ചവ രാണ് ബാലി എന്നെ വാലിൽ കെട്ടിയെന്നുള്ളതു നിന്റെ ഓ ൎമ്മതെററാണ്. സാഗരം ചാടുമ്പോൾ ബാലിയുടെ ചുമലിൽ ഞാൻ ഇരുന്നതു ശരിയാണു. അതിന്റെ പരമാൎത്ഥം ബാലിയും ഞാനും മാത്രമേ അറിയുകയുള്ളു. ഇന്നിന്നലെ കഴിഞ്ഞ കാൎയ്യമ ല്ലല്ലൊ. എതായാലും ബാലി സൂനുവാണെന്നല്ലേ നീ പറയുന്ന തു. അപ്പോൾ എനിക്കും നീ മകന്തന്നെ. ബാലിക്കു ക്ഷേമം തന്നെയോ എന്നതിനെക്കേട്ടു അംഗദൻ പറയുന്നു. ബാലിയെ ശ്രീരാമസ്വാമി നിഗ്രഹിച്ചു. കാരണം നിയ്യും ബാലിയും ജ്യേഷ്ഠാ നുജന്മാരാണെന്നറിഞ്ഞതിനാൽ ദുഷ്ടനോടു വിശിഷ്ടൻ ചേൎന്നാലു ള്ള അനുഭവത്തെ കാണിക്കേണ്ടതാണെന്നുള്ള ഉദ്ദേശത്താൽ ഹ തം ചെയ്യുതാണു. അതെന്തുപോലെ എന്നുവെച്ചാൽ, നിൎദ്ദോ ഷിയായ അഗ്നി ഇരുമ്പിനോടു ചേൎന്നപ്പോൾ കൊല്ലനാൽ അഗ്നി യും തല്ലുകൊള്ളുന്നു. അതുപോലെതന്നെ ഹേമവ്യാപാരികൾ സ്വൎണ്ണത്തെ അഗ്നിയിലിട്ടു തപിപ്പിക്കുകയും പഴുത്ത ഉടനെ ജലം തളിച്ചു അഗ്നിയെ ശമിപ്പിച്ചതിന്നുശേഷം സ്വൎണ്ണത്തെ അടിച്ചു പരത്തുന്നു. ആയതുപോലെ ദുഷ്ടനായ നിന്നോടു സംസൎഗ്ഗംചെ യ്യു നിമിത്തം എന്റെ അച്ഛനും ദുഷ്ടനായി. എന്നു പറഞ്ഞതി

നെക്കേട്ടു രാവണനൻ പറയുന്നു: ഹേ കുമാര! നിണക്കു ചെറുപ്പമാ ണ് വിവരം പോരാ. നിൻെറ പ്രവൃത്തി വലിയ വിഡ്ഢിത്വമാ യ്പ്പോയി. എന്തെന്നുവെച്ചാൽ നീ പറയുന്ന രാമൻെറ കഥ നീ അറിയുമോ? ദശരഥനു അകാലസന്തതിയാണ്. താമരതടാക ത്തിൽ ഒരു കുമുദം ഉണ്ടായതുപോലെ ക്ഷത്രിയഗോത്രത്തിൽ ഇങ്ങി നെ ഒരുവൻ ജനിച്ചുവെങ്കിലും രാജ്യത്തെ ഭരിപ്പാൻ ശക്തിയില്ലാ തെ അനുജനു കൊടുത്തു താൻ രാജ്യഭ്രഷ്ടനായി വനത്തിൽ വന്നു പോന്നതാണ്. രാമൻെറ പത്നിയായ ജാനകിയെ രക്ഷിപ്പാൻ ക ഴിയാതെ കാട്ടിൽവിട്ടു എവിടെക്കോപോയി. ആ സ്ത്രീയുടെ സ ങ്കടത്തെക്കണ്ടു ഞാൻ കൊണ്ടുവന്നു രക്ഷപ്പെടുത്തി. ഉടുപ്പാൻ ഒ രു വസ്ത്രവുംകൂടിയില്ലാതെ രാമൻ വല്ല വൃക്ഷങ്ങളുടെതോലും ചുററി നടക്കുന്നു. എന്തിന് അവൻെറ കഥ വെറുതെ പറഞ്ഞു സമ യം കളയുന്നു. ഇത്ര നിസ്സാരനായ രാമനെ അടിയൻ അരാൻ എന്നും മററും പറഞ്ഞു വണങ്ങി വലിയ സ്വാമിയാണെന്നു നടി ച്ചു നീ ഇതുവരെ നടന്നതു വലിയ തെററായിപ്പോയി. നിൻെറ അച്ഛനുണ്ടെങ്കിൽ ഒരു കാലത്തും ഇതിന്നൊന്നും ഇടവരുന്നതല്ല. നീ തന്നെ ആലോചിച്ചുനോക്കുക. പിതാവിനെ കൊന്നവനു കൂലിവേല ചെയ്തുനടക്കുവാൻ നീയല്ലാതെ വേറെ ആരെങ്കിലും ഒരുങ്ങുമോ. പിതാവിനെ കൊന്നവനോടു കഴിയുമെങ്കിൽ നേരിട്ടു ശേഷം ചോദിക്കണം അതിന്നു ശക്തിയില്ലെങ്കിൽ കഴിയുന്നവരെ ക്കൊണ്ടു ചോദിപ്പിക്കണം. ഇതു രണ്ടും ചെയ്യാതെ ശത്രുവെ വ ണങ്ങുന്നതു ആർ ചെയ്യുന്ന പ്രവൃത്തിയാണ്. നിൻെറ അച്ഛ നും ഞാനും നിനക്കു ഭേദമുണ്ടോ. എൻെറ മകൻ രാവണിയും നീയും എനിക്കു ഭേദമുണ്ടോ, പുലിക്കു ജനിച്ചു നഖമില്ലാതെ വരു ന്നതായാൽ അതിൽപരം കഷ്ടം വേറെയെന്താണ്. ആയതുകൊ ണ്ടു നിൻെറ ശനിപ്പിഴ തീൎന്നു, മേലിൽ നീ ആരേയും ഭയപ്പെടേ ണമെന്നില്ല. നിൻെറ അച്ഛൻ വഹിച്ചിരുന്ന വാനരാധിപത്യം ഞാൻ നിണക്കു തരുന്നുണ്ട്. നാളെത്തന്നെ നിന്നെ സിംഹാസ നത്തിലിരുത്തി ദേവന്മാരാൽ അരിയിട്ടു വാഴ്ച മുതലായതു കഴിപ്പി ച്ചു മകുടാഭിഷേകം ചെയ്യിപ്പിക്കാം. നിന്നെ മകനായും സീതയെ

ഭാൎയ്യയായും ഞാൻ വഹിച്ചിരിക്കുന്നു. എന്നു പറഞ്ഞതിനെ കേട്ടു
അംഗദൻ പറയുന്നു. ഹേ പൊട്ടരാവണാ! എന്റെ സ്വാമിയെ
തൊറപാവാൻ ഈന്ന ലോകത്രയത്തിൽ ആരുണ്ടു. വന്ധ്യ പ്രസ
വവേദന അറിയുമൊ. അതുപോലെ മദനമദാന്ധനായ നീ എ
ന്തറിയും. നിന്റെ അടുക്കൽ ദൂതനായിവന്ന എന്നോടു തക്കാരമാ
യ ചില വാക്കുകളെ പറഞ്ഞു സ്വാധീനപ്പെടുത്താമെന്നൊ നീ
ആലോചിക്കുന്നത്. ജളപ്രഭു! നീ രാജ്യഭാരം തരാമെന്നു പറയു
ന്നതും ഞാൻ നിന്റെ അടുക്കൽ രാജ്യഭാരം വാങ്ങുന്നതും എതു
പോലെ എന്നുവെച്ചാൽ അമേധ്യഭക്ഷണം ചെയ്യുനടക്കുന്ന ശ്വാ
വ് മൃഗരാജാവായ സിംഹത്തിന്റെ അടുക്കൽചെന്നു ഹേ! സിം
ഹമേ! ഞാൻ നിന്നെ രാജാവാക്കി അഭിഷേകം ചെയ്യിക്കാം എ
ന്നു പറയുകയും അതുകേട്ടു സിംഹവും സമ്മതിച്ചു. നായുടെ വ
ക്കൽനിന്നു കിരീടം വാങ്ങി ധരിച്ചാൽ എങ്ങിനെയൊ അപ്രകാര
മാണ് നീ എനിക്കു രാജ്യഭാരം തരാമെന്നുപറയുന്നതും ഞാൻ നി
ന്നോടു വാങ്ങുന്നതും എന്നു പറഞ്ഞതിന കേട്ടു രാവണൻ പറ
യുന്നു. എടാ നിരക്ഷരകുക്ഷി നിന്നെ ഇപ്പോൾ ചന്ദ്രഹാസത്താൽ
വെട്ടി രണ്ടു കഷണമാക്കുകയാണ് വേണ്ടത്. അങ്ങിനെ ചെ
യ്താൽ രാവണൻ കുരങ്ങിനെ തൊട്ടുവെന്നു ലോകവാസികൾ പരി
ഹസിക്കും എന്നുതന്നെയല്ല ചന്ദ്രഹാസത്തിന്നിരയും പോര. ഇ
ന്നൊ നാളയൊ മരിപ്പാൻ ഒരുങ്ങിനിൽക്കുന്ന രാമന്നുവേണ്ടി നീ
യും മരിക്കുന്നതായാൽ അങ്ങിനെയാവട്ടെ. നീ വന്ന സംഗതിക
ളെ അറിയിക്കുക എന്നതിനെ കേട്ടു അംഗദൻ പറയുന്നു. രാവ
ണാ! ഞാൻ നിന്റെ ദക്ഷിണഗോപുരത്തേക്കു സൈന്യങ്ങളോടു
കൂടി യുദ്ധത്തിന്നു പോയിരുന്നവനാണ്. അവിടെനിന്നു എന്നെ
വിളിച്ചു ശ്രീരാമസ്വാമി ചില സംഗതികൾ നിന്നെ അറിയി
പ്പാൻ എന്നോടു പറഞ്ഞയച്ചിട്ടുണ്ട്. അതെന്തെന്നുവെച്ചാൽ
തന്റെ പുത്രമിത്രകളത്രഗോത്രങ്ങളായ സകുഡുംബത്തെയും കൊല
പ്പെടുത്തുവാൻ ഒരുങ്ങിയിരിക്കുന്ന മഹാപാപിയായ രാവണൻ യു
ദ്ധത്തിന്നു പേടിച്ചു കോട്ട അടച്ചിരുന്നാൽ സമ്മതിക്കുന്നതല്ല. എ

ന്നൊ ജാനകിയെ കൊണ്ടുവന്നു ചിറവിട്ടു രക്ഷപ്പെട്ടുവാൻ മനസ്സുണ്ടെങ്കിൽ അങ്ങിനെ ആവട്ടെ അല്ലാത്തപക്ഷം പടകളോടു യുദ്ധത്തിന്നു വരട്ടെ എന്നുള്ള രണ്ടാലൊരു കാൎയ്യം അറിഞ്ഞുവരേണമെന്നാണ് സ്വാമിയുടെ കല്പന. ആയതിന്നു നീ എന്തുപറയുന്നു. സ്ത്രീനിമിത്തം അനേകം പേർ മരിച്ചതായുള്ള ലോകാപവാദം ലോകത്തിൽ നടന്നുവരുന്നുണ്ട്. നിന്റെ അവസ്ഥകളെ ആലോചിക്കുമ്പോൾ നീ ആ അപവാദസംഘത്തിൽ ചേരേണ്ടവനല്ല. രാമരാമയെന്നുള്ള ശിവശക്തിയുക്തമായ ദ്വയാക്ഷരത്തിന്റെ മഹിമ അറിയാതെ മരണപ്പെട്ടുപോകുന്നതിൽ യാതൊരു ഫലവുമില്ല. എന്നുംമററും ന്യായങ്ങളെ ആവുന്നേടത്തോളമെല്ലാം പറഞ്ഞതിനെ കേട്ടു രാവണൻ പറയുന്നു. എടാ അംഗദാ! കുരങ്ങന്റെ ഉപദേശത്താലല്ല ഇക്കണ്ട ഭാഗ്യങ്ങളെല്ലാം ഞാൻ സമ്പാദിച്ചതു. മേലിലും ആയതിന്നു ഞാൻ ഒരുങ്ങുന്നില്ല. ജാനകിയെ ചിറവിട്ടുവാനും യുദ്ധത്തിന്നു വരുവാനും എനിക്കു മനസ്സില്ല എന്നു പറഞ്ഞതിനെ കേട്ടു അംഗദൻ പറയുന്നു. എടാ രാവണാ! നിന്റെ മാതാവിന്നും മാതാവായ താടകയെ വധിച്ചപ്പോഴും ശൂൎപ്പണഖയുടെ അംഗഭംഗം വരുത്തിയപ്പോഴും മാരീചനെ വധിച്ചപ്പോഴും സേതുബന്ധനം ചെയ്തപ്പോഴും മകുടഭംഗംചെയ്തു മാനഭംഗം വരുത്തിയപ്പോഴും ഈ അവസരങ്ങളിലെല്ലാം നീ യുദ്ധത്തിന്നു വരേണ്ടുന്നവനാണ്. മാനമുള്ളവനല്ലെന്നതിനാൽ ഞങ്ങൾ മനസ്സിലാക്കീട്ടുണ്ട്. അതുപോലെ ഇന്നും വരാതിരുന്നാൽ അംഗദൻ സമ്മതിക്കുന്നതല്ല. നിന്റെ മുടിപിടിച്ചു വലിക്കും ഞാൻ. എന്നതിനെക്കേട്ടു രാവണൻ തന്റെ ഭടന്മാരെ വിളിച്ച് അംഗദനെപ്പിടിച്ചു മതിൽ കടത്തി വെട്ടുവാൻ കല്പിച്ചു. അതു കേട്ടു ഉടനെ രാക്ഷസന്മാർ പിടിച്ചു വെട്ടുവാൻ ഉത്സാഹിക്കുകയും തന്നെപ്പിടിച്ച രാക്ഷസന്മാരെ കുലചെയ്തു രാജ്യധാനിയിൽനിന്നു വെളിയിൽ ചാടി ലങ്കയെ നോക്കി പറയുന്നു. ഈ ലങ്കയിൽ സാധുക്കളായ രാക്ഷസന്മാരും യുദ്ധത്തിന്നു ഭയപ്പെട്ടവരും കൂനൻ, കുരുടൻ മൊണ്ടി, മുടയൻ എന്നിങ്ങനെയുള്ള സകലരും രാമാസ്ത്രം വ

ന്നു വീഴുന്നതിന്നു മുമ്പുതന്നെ ലങ്കയെ വിട്ടു പോകുവിൻ. എന്നു ധൎമ്മവാക്കു പറഞ്ഞു അവിടംവിട്ടു ഭഗവാൻ പക്കൽ വന്നു നമസ്കരിച്ചു ശരണം സ്വാമിൻ! രാമസായകത്താൽ പത്തു തലയും അററു ഭൂമിയിൽ വീണല്ലാതെ ജാനകി പേരിലുള്ള രാഗം ശമിക്കുന്നതല്ലെന്നും തന്നിമിത്തം ജാനകിയെ വിടുന്നതല്ലെന്നും യുദ്ധത്തിന്നു വരുവാൻ ഇപ്പോൾ അവസരമില്ലെന്നും രാവണൻ പറഞ്ഞതായി കേൾപ്പിച്ചതിനെകേട്ടു ഭഗവാൻ വാനരങ്ങളോടു കല്പിക്കുന്നു.

## പ്രഥമയുദ്ധം

സുഗ്രീവാംഗദ, നള, പനസ, കേസരി, കുമുദ, കുമുദാക്ഷ, ഗന്ധമാദന; ശ്രുചേടണോം; ടിടപ, മൈന്ദ, വിവിദ, താമ, ധൂമ്ര, സമ്പ, ശതവലി, ജാംബവന്ത, ഹനുമല്പ്രഭൃതികളായ വാനരങ്ങളെ നോക്കി ഭഗവാൻ പറയുന്നു. നിങ്ങൾ വൃക്ഷജാലങ്ങളെ മുറിച്ചെടുത്തു പുറപ്പെട്ടു രാക്ഷസന്മാരെ പോർവിളി കൂട്ടി മതിലടിച്ചു അകഴിതൂത്ത് കൊള്ളിയും പന്തവും എടുത്തു കോട്ടയിൽ കടന്നു കൊള്ളയിട്ടു രാവണന്റെ മുടി പിടിച്ചു യുദ്ധക്കളത്തിലേയ്ക്കു കൊണ്ടുവരുവിൻ. എന്നു കല്പിച്ചതിനെക്കേട്ടു വാനരങ്ങൾ അപ്രകാരം ചെയ്യുതുകണ്ടു രാവണൻ മഹാരഥമേറി 200 വെള്ളം സൈന്യങ്ങളോടുകൂടി യുദ്ധത്തിന്നു വരികയും രാവണന്റെ പടകളെയെല്ലാം ഹനുമാൻ നിഗ്രഹിച്ചു രാവണനും മാരുതിയുമായി യുദ്ധം തുടങ്ങുകയും അപ്പോൾ രാവണൻ 20 കരവും ചുരുട്ടി ഹനുമാന്റെ മാറത്തിടിക്കുകയും ഹനുമാൻ അതിനെ ഏററു രാവണന്റെ മാറത്തിടിക്കുകയും ആ ഇടിപെട്ടു പണ്ടു അഷ്ടഗജങ്ങളുടെ ദന്തങ്ങൾ മാൎവ്വിൽ പതിഞ്ഞിരുന്നതെല്ലാം ഉതിൎന്നു യുദ്ധക്കളത്തിൽ വീഴുകയും ചെയ്തു. അനന്തരം ലക്ഷ്മണനും രാവണനും തമ്മിൽ യുദ്ധം ചെയ്കയും അവസാനം മയൻ കൊടുത്ത വേലായുധം ലക്ഷ്മണന്റെ വക്ഷഃപ്രദേശത്തിൽ എറിയുകയും തന്നിമിത്തം ലക്ഷ്മണൻ വീഴുകയും ലക്ഷ്മണനെ പിടിച്ചു ലങ്കയ്ക്കു കൊണ്ടുപോകണമെന്നുള്ള നിലയിൽ എടുത്തപ്പോൾ ശരീരം പൊന്താതെ വരികയും അതു കണ്ടു ഭഗവാൻ രാവണന്റെ രഥവും വില്ലും മുറി

ച്ചു മോഹിപ്പാനായി രാവണന്റെ നെററിയിൽ ഒരു മോഹക്കണ തൊടുക്കുകയും അതു ഏററ രാവണൻ ഭഗവാന്റെ മുമ്പിൽ തല താഴ്ത്തി നില്ക്കുകയും ചെയ്തു. എന്നതിന്നു ശേഷം ഭഗവാൻ രാവണനോടു പറയുന്നു. ഹേ രാവണാ! ധർമ്മത്തെ വിട്ടു നടക്കുന്നവൻ യാവനൊരുത്തനായാലും അവനാൽ ആരെയും ജയിപ്പാൻ സാധിക്കുന്നതല്ല. നീ യുദ്ധത്തിന്നു വരുമ്പോൾ 200 വെള്ളം പടകളെ സഹായികളായിക്കൊണ്ടു വന്നു അവരെല്ലാം നശിച്ചുപോയി. അതുകൊണ്ടു ബാക്കിയുള്ള പടകളെയും കൂട്ടി നീ നാളെ യുദ്ധത്തിന്നു വരിക. ഇന്നു ലങ്കക്കു പോകുക. ലേശംപോലും നാണമില്ലാതെ സ്ത്രീകളെപ്പോലെ തലതാഴ്ത്തി എന്റെ മുമ്പിൽ നില്ക്കണമെന്നില്ല. എടാ രാവണാ! നീ രക്ഷപ്പെടേണമെങ്കിൽ നീ ചെയ്യേണ്ടുന്ന പ്രവൃത്തികളെപ്പറയുന്നു. കേൾക്കുക. ജാനകിയെ എന്റെ പാദത്തിൽ കൊണ്ടുവന്നു വിടണം. മേലിൽ ദേവന്മാരെ ഉപദ്രവിക്കരുത്. പരസ്ത്രീകളുടെ പാതിവ്രത്യഭംഗം ചെയ്യരുത്. നിന്റെ അനുജനായ എന്റെ ഭക്തൻ വിഭീഷണനെ ലങ്കയിൽ ഞാൻ രാജാവാക്കിവെച്ചിട്ടുണ്ട്. അവന്നു നീ ദാസനായിരിക്കണം. ഇപ്രകാരമെല്ലാം ചെയ്താൽ നിന്നെ ഞാൻ വധിക്കുന്നില്ല. ഇങ്ങിനെ ചെയ്വാൻ മനസ്സുണ്ടോ എന്നുള്ള ഭഗവാന്റെ ചോദ്യത്തിന്ന് യാതൊരു സമാധാനവും പറയാതെ രാവണൻ നില്ക്കുന്നതിനെക്കണ്ടു ധർമ്മത്തിന്നായി ഭഗവാൻ വിട്ടയക്കുകയും ചെയ്തു. രാവണൻ അസ്തമാനസമയത്തു വലിയ ലജ്ജയോടുകൂടി തന്റെ രാജധാനിയിൽ വന്നു കോട്ടയിൽ പ്രവേശിച്ചു. അങ്ങിനെയിരിക്കെ മാല്യവാൻ രാവണന്റെ അടുക്കലേക്കു വരുന്നതു കണ്ട് രാവണൻ എഴുനീററ എതിരേററകൊണ്ടുവന്നു സിംഹാസനത്തിലിരുത്തി അല്ലയോ മാതുല! നാലഞ്ചുദിവസമായി അങ്ങുന്ന് സഭക്കു വരാതിരിപ്പാനുള്ള കാരണം എന്തെന്നു മനസ്സിലാവുന്നില്ല. അടിയന്റെ പേരിൽ വല്ല പരിഭവവും ഉണ്ടോ? അടിയൻ അറിവില്ലായ്മയാൽ വല്ല അബദ്ധവും പറഞ്ഞിട്ടുണ്ടെങ്കിൽ ആയതു മരുമകനാണെന്നുള്ള സ്നേഹാധിക്യത്താൽ ക്ഷമിപ്പാൻ അപേക്ഷ. എന്നു പറഞ്ഞതിനെക്കേട്ടു മാല്യവാൻ പറയുന്നു: ഹേ രാവണ!നീ ത

ന്ന ആസനത്തിൽ സന്തോഷമായിരുന്ന് നിന്നെ നോക്കുമ്പോൾ
നിന്റെ ശരീരത്തിൽ ചില വ്രണാദികളും അത്യന്തം ക്ഷീണവും
കാണുന്നുണ്ട്. ശത്രുക്കളോടു യുദ്ധത്തിന്നു പോയതായും ആ യു
ദ്ധത്തിൽ നീ തോറ്റതായും കാണപ്പെടുന്നു. വല്ലവരാലും യുദ്ധമു
ണ്ടായൊ പറയുക? എന്നതിനെക്കേട്ടു രാവണൻ പറയുന്നു:—അ
ല്ലയോ മാതുലാ! ഇന്നലെ എന്റെ അടുക്കലേക്കു രാമദൂതനായി
അംഗദൻ എന്ന ഒരു വാനരൻ വന്നു ജാനകിയെ ചിറവിടുവാൻ
മനസ്സുണ്ടോ അല്ല യുദ്ധത്തിന്നോ വരുന്നതു എന്നു ചോദിക്കുക
യും രണ്ടിന്നും മനസ്സില്ലെന്നു ഞാൻ പറഞ്ഞയക്കുകയും ചെയ്തു.
ആയതിൽപ്പിന്നെ രാമൻ എഴുനൂറു വെള്ളം സൈന്യങ്ങളോടുകൂ
ടി എന്നോടു യുദ്ധത്തിന്നു വരികയും അതു കണ്ടു 200 വെള്ളം പ
ടകളോടുകൂടി ഞാൻ ചെന്നു രാമാദികളോടു യുദ്ധം തുടങ്ങി. എ
ന്റെ പടകളെല്ലാം നശിച്ചതിന്നുശേഷം ഞാനും രാമനും അഭിമു
ഖീകരിച്ചു അന്യോന്യം അസ്ത്രങ്ങളെ ശരവർഷം ചെയ്കയും ഞാൻ
ആരോഹിച്ച രഥവും ഇരുപതു കരത്തിലെടുത്ത പത്തു വി
ല്ലും രാമൻ തകൎക്കുകയും ആ അവസരത്തിൽ രാമന്നും എനിക്കും
ചിലർ സഹായിക്കുകയും ചെയ്തു. രാമന്നു സഹായിച്ചവരാരെ
ന്നാൽ, ഗഗനചാരികളായ ദേവന്മാർ മന്ദാരകൽഹാരകരവീര
പാരിജാതാദികളായ ദിവ്യപുഷ്പങ്ങളെ കുലകുലയായി അറുത്തു രാ
മന്റെ മൂൎദ്ധനിയിൽ പുഷ്പവൃഷ്ടി ചെയ്കയും ദേവവാദ്യം മുഴക്കി രാ
മൻ ജയിക്കേണമെന്നും രാവണൻ തോല്ക്കേണമെന്നും അനുഗ്രഹി
ച്ചതിനെക്കേട്ടു അയ്യോ കഷ്ടം! എനിക്കു കീഴടങ്ങിയ ഈ ദേവന്മാ
രെല്ലാം ശത്രുവായ രാമനെയല്ലൊ സഹായിക്കുന്നത്. മേലാൽ ആ
ലോചിക്കാം എന്നു പറഞ്ഞു ഞാൻ നിൽക്കുന്നതിന്നു മദ്ധ്യെ എ
നിക്കും ചിലരുടെ സഹായമുണ്ടായി. എനിക്കു സഹായിച്ചവ
രാരെന്നാൽ, നികൃഷ്ടജാതികളായി മാംസഭക്ഷകളായുള്ള കാക്ക, ക
ഴുകൻ രാമശരമേറ്റു വീണുകിടക്കുന്ന ശവശരീരങ്ങളിൽ ചെ
ന്നിരുന്നു തങ്ങളുടെ വക്രതുണ്ഡങ്ങളാൽ മാംസങ്ങളെ കൊത്തിവ
ലിക്കുമ്പോൾ തങ്ങളുടെ പക്ഷങ്ങൾ രക്തത്തിൽ നനയുകയും അ
വിടെനിന്നു ആകാശമാൎഗ്ഗെ പറക്കുമ്പോൾ പക്ഷികൾ അന്യോന്യം

ൾക്കു പിണയുകയും തൽസമയം അവരുടെ കൊക്കുകളിലുള്ള മാംസഖണ്ഡങ്ങളും പക്ഷപുടങ്ങളിലുള്ള രക്തവൃഷ്ടികളും എൻെറ ശിരസ്സിൽ വീഴുകയും ചെയ്തു. ഇതുകളെ ഞാൻ അനുഭവിക്കേണ്ടി വന്നുവല്ലോ. ഇരുനൂറു വെള്ളം സൈന്യങ്ങളോടുകൂടി വന്നുഞാൻ ഒരുവനെങ്കിലും കൂടെയില്ലാതെ ഇങ്ങിനെ ഏകാകിയായി പോകേണ്ടിവന്നില്ലേ എന്നതന്നും ഞാൻ വ്യസനിച്ചു നിൽക്കുന്നതിനെ രാമൻ കണ്ടു എനിക്കു രണ്ടു സഹായികളെ രാമൻ എൻെറ കൂടെ അയച്ചുതന്നു. അവരുടെ സഹായമെന്തെന്നുവെച്ചാൽ, ഓരോരുത്തൻ എൻെറ പതിപ്പത്തു കയ്യിനെ താങ്ങി എന്നെ ഈ കോട്ടയിൽ കൊണ്ടുവന്നാക്കി. ഒരുവനു മാനഭംഗനെന്നും മറേറവന്നു ദൃഷ്ടിത്തിയെന്നും ഇങ്ങിനെ രണ്ടുപേരുള്ളവരെയാണ് എനിക്കു രാമൻ അയച്ചുതന്നതു്. രാമൻെറ യുദ്ധപരാക്രമത്തെ ആരാൽ പറയാൻ സാധിക്കും. എങ്കിലും കുറഞ്ഞൊന്നു പറയാം. പണ്ടു കൈലാസപതിയായ പരമേശ്വരനോടു ഞാൻ യുദ്ധം ചെയ്തതിൽ പരമേശ്വരൻെറ അഷ്ടഭുജങ്ങൾക്കു എത്ര ശക്തിയുണ്ടെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ട്. വൈകുണ്ഠവാസനായ നാരായണന്നു ആയിരം കരങ്ങളുണ്ട്. ആ സഹസ്രകരങ്ങൾക്കുള്ള ശക്തിയും, ഇന്ദ്രന്നു രണ്ടു കരത്തിന്നുള്ള ശക്തിയും ഞാൻ അറിഞ്ഞിട്ടുണ്ട്. മേല്പടിയന്മാരുടെ ശക്തിയും ഇ[illegible]ൻെറ രണ്ടു കരത്തിന്നുള്ള ശക്തിയുംകൂടെ ആലോചിച്ചാ[illegible]ണ്ണു രുദ്ര, ഇന്ദ്രൻ ഇവരു[illegible] ശക്തി ഈ രാമൻെറ [illegible] ശരിയല്ല. എന്തി[illegible]കം പറയുന്നു രാമൻെറ അനുജ[illegible] ലക്ഷ്മണൻ എന്ന ഒരു[illegible]ട്. അവൻെറ ശിലവല്ലി[illegible] ത്തുമെന്നു പറവാ[illegible] പാടുള്ളു. ഹരിഹരന്മാരിൽവെച്ചു നാരായണനെ യുദ്ധത്തിൽ ഞാൻ കുറച്ചു മാനിച്ചിരുന്നു. [illegible] കൃതവീര്യപുത്രനായ കാർത്തവീര്യനോടു യുദ്ധമുണ്ടായ കാലത്തി[illegible] നാരായണനെക്കാൾ യോഗ്യത കാർത്തവീര്യന്നുണ്ടെന്നാണ് എൻെറ വിചാരമുണ്ടായിരുന്നത്. ആ വിചാരം ശരിയല്ല കാരണം, ലക്ഷ്മണനും ഞാനും തമ്മിലുണ്ടായ യുദ്ധത്തിൽ ലക്ഷ്മണൻെറ പാദധൂളിക്കു ശരിയല്ല കാർത്തവീര്യൻെറ പരാക്രമം എന്നേ പറയേണ്ടതുള്ളു. ബ്രഹ്മാണ്ഡകടാഹം

ഏകീകരിച്ചാലും ലക്ഷ്മണനനു ഒരു തൃണപ്രായമായിരിക്കും. ഇതുമാത്രമല്ല രാമൻറ കരകൌശലത്തെ കുറഞ്ഞൊന്നു പറയാം.

രാമൻറ കരത്തിലുള്ള വില്ലു ആകൎണ്ണാന്തം വലിച്ചു ഞാണേററി ശരം തൊടുപ്പാനായി ആവനാഴികയിലുള്ള ശരത്തിനെ കരത്താൽ തൊടുമ്പോൾ ബാണം ഒന്നും, അതിനെ ഊരുമ്പോൾ പത്തും, ഞാണിൽ യോജിപ്പിക്കുമ്പോൾ നൂറും, ഞാണും ശരത്തിൻറ പിടും കൂടി ആകൎണ്ണാന്തം വലിക്കുമ്പോൾ ആയിരവും, അവിടെനിന്നു വിടുമ്പോൾ പതിനായിരവും, ശത്രുക്കളെ അടുക്കുമ്പോൾ ലക്ഷവും, ശരീരത്തിൽപ്പെടുമ്പോൾ ഇത്രയെന്ന സംഖ്യയില്ലാതെയും ആയിത്തീരുന്നു. എന്നാൽ ദേവന്മാരുടെ പേരിൽ എനിക്കൊരു ശങ്കയുണ്ടായിരുന്നു കാരണം—നമ്മെപ്പോലെ അവൎക്കു നേത്രം മൂടുക, മിഴിക്കുക; എന്ന വ്യവഹാരമില്ല. എപ്പോഴും അനിമേഷവൃത്തികളാണ് എന്നാൽ ഇപ്പോളെൻറ ശങ്കാനിവൃത്തി വന്നു. അങ്ങെക്കു ഒരു അത്യത്ഭുതം കേൾക്കണമെ. രാമൻ അമ്പറാത്തൂണിയിൽ നിന്നുശരംഊരുന്നതും ഞാണിൽ യോജിപ്പിക്കുന്നതു ആകൎണ്ണാന്തം വലിക്കുന്നതും ഇന്നു സമയങ്ങളിലാണെന്നു മനസ്സിലാക്കുവാനാണ് ദേവകളെ ബ്രഹ്മാവ് അനിമേഷവൃത്തികളായി സൃഷ്ടിച്ചിരിക്കുന്നതു. അങ്ങിനെയുള്ള ദേവന്മാരാലും രാമൻറ കരകൌശലത്തെ അറിവാൻ അസാദ്ധ്യമെന്നുവന്നാൽ നിമേഷങ്ങളോടുകൂടിയ നേത്രങ്ങളാൽ നാം എങ്ങിനെ കണ്ടറിയുന്നു. എന്നുതന്നെയല്ല, രാമശരത്തിന്നു പ്രത്യേകം ഒരു ധൎമ്മമുണ്ട്. അതു നമ്മുടെ ബാണങ്ങൾക്കില്ല. എന്തെന്നാൽ, ശരം വന്നു് ഗളത്തെ മുറിച്ചു് പടക്കളത്തിൽ വീഴ്ത്തിയതിന്നുശേഷം ശരങ്ങൾ മടങ്ങുന്നില്ല. ശരീരത്തിൽ വല്ല ദിക്കിലും പ്രാണൻ ഒളിച്ചിരിക്കുന്നുണ്ടോ, പിരിഞ്ഞുപോയ പ്രാണൻ രണ്ടാമതു് മടങ്ങി ശരീരത്തെ അവലംബിക്കുന്നുണ്ടോ എന്നു സായകങ്ങൾ ശരീരത്തിൽ കടന്നു തിരിയുകയും പ്രാണൻ പിരിഞ്ഞു എന്നു കണ്ടാൽ ആകാശവീഥിയിൽ സഞ്ചരിച്ചു പിരിഞ്ഞുപോകുന്ന പ്രാണനെ ധൎമ്മരാജപുരിക്കു ഓട്ടിത്തുരത്തുന്നു. ആകയാൽ ഈ രാമാദികളോടു് ആർ യുദ്ധം ചെയ്വാൻ സമൎത്ഥന്മാരാവും. എന്നുതന്നെയല്ല, പടന

ഖത്തിൽ വെച്ചു എനിക്കു ഒരു ദിഗ്ഭ്രമം ഉണ്ടായി. ആ അത്ഭുതമല്ലേ കേൾക്കേണ്ടതു. രാമനും ഞാനുമായി യുദ്ധത്തിന്നൊരുങ്ങി അടുത്തു ഞാൻ പശ്ചിമദിക്കിലും രാമൻ പൂർവ്വദിക്കിലും നിന്നു യുദ്ധം തുടങ്ങി. രാമന്റെ കരവേഗശരവേഗത്താൽ ഇന്നദിക്കിലാണ് നില്ക്കുന്നതെന്നു വിവരമാകുന്നില്ല. രാമൻ ഇന്ദ്രകോണിലോ ഞാൻ യമകോണിലോ, അല്ല രാമൻ വായുകോണിലോ ഞാൻ വരുണകോണിലോ, രാമൻ അഗ്നികോണിലോ ഞാൻ നിരൃതികോണിലോ, രാമൻ ഉത്തരദിക്കിലോ ഞാൻ ദക്ഷിണദിക്കിലോ, എന്റെ ഇടത്തുഭാഗം രാമനോ രാമന്റെ ഇടത്തുഭാഗം ഞാനോ, രാമൻ ഇടത്തെ കയ്യിൽ വില്ലെടുത്തു വലത്തെ കയ്യിൽ ശരം തൊടുക്കുന്നുവോ അല്ല വലത്തെ കയ്യിൽ വില്ലെടുത്തു ഇടത്തെ കയ്യിൽ ശരം തൊടുക്കുന്നുവോ, ഞാൻ ആകാശത്തിലോ രാമൻ ഭൂലോകത്തിലോ എന്നു യുദ്ധസമയത്തിൽ യാതൊരു വിവരവും ഉണ്ടായില്ല. എന്നുതന്നെയല്ല, ഇതുവരെ ആലോചിച്ചും മനസ്സിലാവുന്നില്ല. എന്ത് ആശ്ചര്യമാണിതു! ആരോടു പറിച്ചു. ഇങ്ങിനെ ഒരു വില്ലഭ്യാസം ഞാൻ കണ്ടിട്ടില്ല. എന്നാൽ ഞാൻ ആയിരം അശ്വങ്ങളെപ്പൂണ്ട മഹാരഥമേറി ശിലാബാണപാണിയായി രാമനോടു യുദ്ധത്തിന്നു പോകുമ്പോൾ എനിക്കു രാമന്റെ പേരിൽ ഒരു ഹാസ്യമുണ്ടായിരുന്നു. കാരണം, രാമന്നു വാഹനമില്ലാതെ രാമൻ പടനിലത്തും ഞാൻ രഥോപരിയിലും നിന്നു യുദ്ധം ചെയ്യേണ്ടിവന്നാൽ രാമരാവണയുദ്ധത്തിന്നു വൈഭവമുണ്ടാവുന്നതല്ലെന്നു വിചാരിച്ചതു എന്റെ മേൽ വലിയതെറ്റായി. രാമന്നു വാഹനമുണ്ട്. രാമന്റെ വാഹനത്തിന്റെ ശക്തി കണ്ടപ്പോൾ പക്ഷിരാജാവായ ഗരുഡനോ എന്നു ശങ്കിച്ചു. സൂക്ഷിച്ചുനോക്കിയതിൽ വാഹനത്തിന്റെ അതിവേഗതയെ കണ്ടു വായുവോ എന്നും അടുത്തു ചെല്ലുന്ന പടകൾ ഒന്നെങ്കിലും മടങ്ങാത്തതു കണ്ടപ്പോൾ അഗ്നിയോ എന്നും വാഹനം അനേക ദേഹദേഹികളെ വേർപ്പെടുത്തുന്നതു കണ്ടപ്പോൾ ധർമ്മരാജാവോ എന്നും കരുതി അടുത്തുചെന്നു നോ

ക്കിയതിൽ മുൻപറയപ്പെട്ടവരാരുമല്ല. നമ്മുടെ ലങ്കയെ കൊള്ളിവെച്ചുപോയ ഹനുമാനെന്ന കുരങ്ങന്റെ ഗളത്തിലാണ് രാമൻ കയറി എന്നോട്ടു യുദ്ധം ചെയ്തത്. ഇങ്ങിനെയുള്ള ഒരു യുദ്ധം ഇതിന്നു മുമ്പും ഇനി മേലും ഉണ്ടാവുന്നതല്ല. ആയതുകൊണ്ടു എന്റെ ബുദ്ധിയില്ലായ്മയാൽ ഞാൻ രാമനെ ശത്രുവായി വരിച്ചുപോയതാണ്. ആയതുകൊണ്ടു മേലിൽ രാമനോട്ടു യുദ്ധം ചെയ്വാൻ എന്നാൽ അസാദ്ധ്യമാണ്. വാനരങ്ങളും രാമാദികളും ലങ്കയിൽനിന്നു പോകുവാൻ ഒരു മാൎഗ്ഗം നിന്തിരുവടി ഉണ്ടാക്കിത്തരേണമെന്നു പറഞ്ഞതിനെ കേട്ടു മാല്യവാൻ പറയുന്നു. ഹേ രാവണാ! നിന്നോട്ടു എന്തുതന്നെ പറഞ്ഞാലും നീ കേൾക്കുന്നവനല്ല. നിന്റെ അമ്മാമനായ മാരീചൻ നിന്നോട്ടു രാമന്റെ യഥാൎത്ഥം അറിഞ്ഞേടത്തോളം പറഞ്ഞപ്പോൾ നീ സമ്മതിക്കാതെ മാൻവേഷമെടുപ്പിച്ചയച്ചു അവനെ കൊല്ലിപ്പിച്ചു. രണ്ടാമത് നിന്റെ അനുജനായ വിഭീഷണൻവന്നു നിണക്കുള്ള ദോഷകോപാദികളെ പറഞ്ഞപ്പോൾ അവനെ ലങ്കയിൽ കാണാതെ നാട്ടിൽപുറത്താക്കിയതിനാൽ രാമന്റെ അടുക്കൽ ചെന്നു രക്ഷപ്പെട്ടു. ഇനി ഞാൻ പറഞ്ഞതിനാൽ നിണക്കു വിലയായിത്തീരുമോ. എജമാനപ്രീതിയായ വാക്കുകളെ ആരാണ് പറയുന്നത് അവരെ നീ സന്തോഷിക്കും. മേലിൽ യുദ്ധംകൂടാതെ കഴിയേണമെങ്കിൽ രാമപത്നിയായ ജാനകിയെ കൊണ്ടുപോയി രാമൻ പാദത്തിൽവെച്ചു നമസ്കരിച്ചു രാമ! ഞാൻ അറിയായ്കയാൽ പിഴച്ചുപോയതാണ്. സമസ്താപരാധം പൊറുത്തു രക്ഷിക്കണമെന്നു നീ പറയുന്നതായാൽ രാമാദികൾ ലങ്കയിൽനിന്നു പിൻവാങ്ങും. എന്നാൽ മേലിൽ യാതൊരു അനൎത്ഥവും കൂടാതെ സുഖമായിരിക്കാമെന്നു പറഞ്ഞതിനെ കേട്ടു രാവണൻ പറയുന്നു. എന്നാൽ ഇപ്പോൾതന്നെ നിന്തിരുവടിയുമൊന്ന ജാനകിയെ ചിറചാട്ടുകളയാമെന്നു പറഞ്ഞു വാദ്യമടിപ്പിച്ചു രാവണൻ പുറപ്പെട്ടപ്പോൾ മന്ത്രിയായ മഹോദരൻ വന്നു ഹേ ലങ്കേശ്വര! ഈ കിഴവന്റെ വാക്കിനെ കേട്ടു ജാനകിയെ വിടുവാൻ ശ്രമിക്കരുത്. രാമനോട്ടു നിന്തിരുവടി യുദ്ധത്തിന്നു പോയത് തെറ്റാണ് എന്നുതന്നെ

യല്ല യുദ്ധത്തിൽ പ്രഥമത്തിൽ തോററാൽ രണ്ടാമത്തേതിൽ ജയിക്കും പ്രഥമത്തിൽ ജയിച്ചവൻ രണ്ടാമത്തേതിൽ തോല്ക്കും എന്നു ശാസ്ത്രമുണ്ട്. രാമാദികളോട് യുദ്ധത്തിന്നു അങ്ങയുടെ അനുജനായ കുംഭകൎണ്ണനെ നിദ്ര ഉണൎത്തി പോരിന്നയച്ചാൽ രാമാദികളെ കൎണ്ണന്നു ഒരു നേരത്തെ ഭക്ഷണത്തിന്നു മതിയാവുന്നതല്ല. ത്രിലോകപുരന്ദരനായ തിരുവടി ദൂതന്മാരെ അയച്ച കുംഭകൎണ്ണന്റെ നിദ്രയെ ഉണൎത്തി കഴിയുന്ന വേഗത്തിൽ യുദ്ധത്തിന്നയക്കണമെന്ന് പറഞ്ഞതിനെക്കേട്ടു രാവണൻ സന്തോഷിച്ചു ദൂതന്മാൎക്കു അനുജന്റെ നിദ്ര ഉണൎത്തുവാൻ കല്പന കൊടുക്കുകയും ദൂതന്മാർ ചെന്നു ആനയുടെ കയ്യിൽ ഇരുമ്പുലക്ക കൊടുത്തു കൎണ്ണന്റെ മാറത്തടിപ്പിക്കുകയും അപ്പോൾ കൎണ്ണൻ നിദ്ര ഉണൎന്നു. 600 ശകടത്തിൽ അന്നവും 1000 കുടത്തിൽ മദ്യവും അനേകം കാട്ടുപോത്തുകളെയും ഭുജിച്ചു കഴുത്തടങ്ങി രാവണന്റെ അടുക്കൽ വരികയും രാവണൻ അനേക വസ്ത്രാഭരണങ്ങളാൽ അലങ്കരിച്ച് സിംഹാസനത്തിലിരിപ്പാൻ കല്പനകൊടുക്കുകയും കുംഭകൎണ്ണൻ സിംഹാസനത്തിലിരിക്കുകയും ചെയ്തു.

### കുംഭകൎണ്ണന്റെ രാവണനോടുള്ള സംഭാഷണം.

ഹേ ജ്യേഷ്ഠാ! അങ്ങയുടെ സന്തോഷാധിക്യത്താൽ എനിക്കു വേണ്ടുന്ന അലങ്കാരങ്ങളെയെല്ലാം ചെയ്തു അങ്ങയുടെ മുമ്പിൽ ശരിയായി സിംഹാസനത്തിലിരുത്തിയപ്പോൾ എനിക്കു ചില ആപൽസൂചകമായ ലക്ഷണങ്ങൾ കാണുന്നു. എന്തെന്നാൽ എന്റെ ഭുജവും നേത്രവും ഇടത്തുഭാഗമായി മിടിക്കുന്നു. പുരുഷന്മാൎക്കു ഇടത്തുഭാഗവും സ്ത്രീകൾക്കു വലത്തുഭാഗവും ഇടിച്ചാൽ ഉടനെ ദുഃഖകരമായ ചില ആപത്തുകളെ അനുഭവിപ്പാനിടവരുമെന്നു ശാസ്ത്രവും നമുക്കു ചില കാലങ്ങളിൽ അനുഭവവുമല്ലെ. ആയതുകൊണ്ട് ലങ്കാരാജ്യത്തിലുള്ള കാലാവസ്ഥകളെന്തെന്നും എന്റെ നിദ്രയെ ഉണൎത്തുവാൻ കാരണമെന്തെന്നും കേൾപ്പാൻ ആഗ്രഹിക്കുന്നു എന്നതിനെ കേട്ടു രാവണൻ പറയുന്നു. ഹേ കൎണ്ണാ ഇപ്പോൾ വടതീരവാസികളായ മനുഷ്യരും വാനരങ്ങളും വന്നു നമ്മുടെ ലങ്കയെ വളഞ്ഞു യുദ്ധത്തിന്നു വിളി

ക്കുന്നു. ആയതുകൊണ്ടു വേണ്ടുന്ന പടകളോടുകൂടി ചെന്നു രാമാദികളെ ജയിച്ചുവരണം തന്നിമിത്തമായി നിന്റെ നിദ്ര ഉണൎത്തിവരുത്തിയതാണെന്നു പറഞ്ഞതിനെ കേട്ടു കൎണ്ണൻ പറയുന്നു. അല്ലയോ രാവണീശ്വര! നിദ്ര ഉണൎന്നു വന്ന ഉടനെ എനിക്കു ലഭിച്ചതു യുദ്ധമാണല്ലോ. അതിന്നു കാരണം ജാനകി നിമിത്തമാണ്. ജാനകിയെ ഇനിയും ചിറവിടാതെ കരണ്ടായിരിക്കുന്നത്. മന്ത്രാലോചനയിൽവെച്ചു ജാനകിയെ വിടേണമെന്നു പറഞ്ഞതല്ലേ ഞാൻ നിദ്രക്കുപോയത്. എന്റെ വാക്കിനിന്തിരുവടിക്കു വിലയില്ലാതെ വന്നതിനാൽ ഇപ്പോൾ യുദ്ധം വേണ്ടിവന്നില്ലേ. പതിവ്രതാശിരോരത്നമായ ജാനകിയുടെ പതിവ്രതാഗ്നിയാൽ നമ്മുടെ വംശം ദഹിപ്പിപ്പാനൊ ഒരുങ്ങിയിരിക്കുന്നത്. നമ്മുടെ ശിരോലേഖനമെന്നല്ലാതെ മറെറന്തൊന്നുണ്ട് പറയേണ്ടത്. ശത്രുവായ രാമനെ ജയിക്കാമെന്നും ജാനകിയെ രമിക്കാമെന്നും ഇങ്ങിനെ രണ്ടുകാൎയ്യവും നമ്മളാൽ അസാദ്ധ്യമാണ്. ആയതുകൊണ്ടു ജാനകിയെ വിട്ടു വിഭീഷണനെ ചേൎത്തു തമ്മിൽ അന്യോന്യം സ്നേഹഭാവത്തോടുകൂടി ശുഭപ്രദമായി കഴിയുന്നതാണ് നമുക്കു ഉത്തമം. മായാവിയായ ഇന്ദ്രജിത്തിരിക്കു ഈ രാമാദികളെ മാനിക്കേണമോ എന്നുള്ള നിന്തിരുവടിയുടെ അഭിമാനം വൃഥാവിലാണ്. കാരണം രാമന്റെ അനുജൻ ലക്ഷ്മണനെന്ന ഒരുവനുണ്ട്. ഇന്ദ്രജിത്തും ലക്ഷ്മണനുമായി ഉടനെ യുദ്ധമുണ്ടാകും. ആ യുദ്ധത്തിൽ രാവണിയുടെ മായകളെല്ലാം പുല്ലിൽ തൂത്ത തവിടുപോലെ നിഷ്ഫലമായ്പോകും. ആയതുകൊണ്ട് ജാനകിയെ വിട്ടു രക്ഷപ്പെടുന്നതാണ് നന്മയെന്നതിനെ കേട്ടു രാവണൻ പറയുന്നു. എടാ നിദ്രപ്പിത്തം! എനിക്കു ബുദ്ധി ഉപദേശിപ്പാനൊ നിന്നെ വിളിച്ചത്. യുദ്ധ ക ന്നത്തെപക്ഷം രാത്രി പകൽ ഇടവിടാതെ ശയ്യാഗൃഹത്തിൽ പോയി നിദ്രചെയ്തുകൊള്ളുക. എഴുനീററുപൊയ്ക്കൊള്ളുക. എന്നതിനെ കേട്ടു കൎണ്ണൻ പറയുന്നു. ശരണം പ്രഭോ രാവണീശ്വരാ! ക്രോധിക്കേണമെന്നില്ല. കാൎയ്യം പറഞ്ഞപ്പോൾ നിന്തിരുവടിക്കു വ

രോധമല്ലെ തോന്നിയത്. നാം തമ്മിലുള്ള ജ്യേഷ്ഠാനുജന്മാരെന്നുള്ള ദേഹബന്ധം ഇന്നോടുകൂടി അവസാനിച്ചുവല്ലൊ. എന്റെ നില ഭംഗപ്പെട്ടു ഉണൎന്നതുകൊണ്ട് ഇന്നക്ക എന്റെ മരണമാണ്. ബ്രഹ്മാവിന്റെ അനുഗ്രഹം ഓൎമ്മയില്ലെ? ആയതുകൊണ്ട് ഞാൻ ഇതാ യുദ്ധത്തിന്നു പോകുന്നു. ഞാൻ മരിച്ചതിന്നുശേഷമെങ്കിലും ജാനകിയെ വിട്ടു രക്ഷപ്പെടുക. എന്നു പറഞ്ഞ് പതിമൂവ്വായിരംകോടി പടകളോടുകൂടി യുദ്ധത്തിന്നു പുറപ്പെടുകയും യുദ്ധക്കളത്തിൽ വന്നതിനെ ഭഗവാൻ കണ്ട് വിഭീഷണനോടു ആരാണിത് വന്നതു എന്നു ചോദിക്കുന്നു.

കുംഭകൎണ്ണന്റെ പെരുമ.

കവി.

ആഴിയായിവനാകുവാൻ
ഏഴെവാഴ്വുടെഎമ്മുനൊൻ
താഴ്വിലൊരുതമ്പിയാൻ
ഊഴിനാളുമുറങ്കുവാൻ.

അല്ലയോ വിഭീഷണ! ഇപ്പോൾ ബ്രഹ്മാണ്ഡം നടുങ്ങുമാറു രണഭേരിയടിച്ചു ഒരു മഹാപുരുഷൻ അനേകസൈന്യങ്ങളോടുകൂടി യുദ്ധകളത്തിൽ വന്നിരിക്കുന്നത് നോക്കുക. ആ വിശ്വപുരുഷന്റെ ഒരു ചുമലിൽനിന്നു മറ്റൊരു ചുമലെക്കാണേണമെങ്കിൽ അനേകദിവസം വേണമെന്നു തോന്നുന്നു. അത്ര വിശാലമുണ്ട്. രണ്ടു ഭുജത്തിന്നും മദ്ധ്യെ കാണുന്നത് ഭൂമിക്കു മദ്ധ്യഗതമായ മേരുപൎവ്വതം കരചരണാദികളോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടാലുള്ള വൈഭവം എപ്രകാരമോ അതുപോലെ തോന്നുന്നു. മാതാവിന്റെ ഗൎഭത്തിൽനിന്നു അൎഭകനായ ഒരു ശരീരിയാണെന്നു തോന്നുന്നില്ല. ഇന്നലെ ഉണ്ടായ പ്രഥമയുദ്ധത്തിൽ തോറ്റുപോയ രാവണൻ സുഗ്രീവാദികളെ ഭയപ്പെടുത്തുവാനായി വേഷം മാറി വന്നതായിരിക്കുമോ എന്നും ശങ്കയുണ്ട്. എന്തായാലും ഇവന്റെ പരമാൎത്ഥം നീ പറഞ്ഞല്ലാതെ എന്നാൽ അറിവാൻ അസാദ്ധ്യമാണ്. എന്നതിനെക്കേട്ടു വിഭീഷണൻ യുദ്ധകളം നോക്കി ഭഗവാനോടു പറയുന്നു. കോടിമാൎത്താണ്ഡ വിജയികിരീടമ

ണിമകുടവിലസൽശ്രീവീരരാഘവ ശരണം! ഇപ്പോൾ യുദ്ധത്തി ന്നു വന്നവൻ രാവണന്റെ അനുജനും അടിയന്റെ ജ്യേഷ്ഠനുമായ ഒ രുവനാണ്. കുംഭകൎണ്ണൻ എന്നാണ് നാമം. കൎണ്ണം കുംഭാകൃതി യായിരുന്നതുകൊണ്ട് കുംഭകൎണ്ണൻ എന്ന പേർ വന്നതാണ്. ധ ൎമ്മരാജാവുംകൂടെ ഇവനെക്കണ്ടാൽ ഭയപ്പെടണം. അത്ര നിൎദ്ദയ നാണ്. ശത്രുനിഗ്രഹാൎത്ഥം പരമേശ്വരസ്വാമിയെ സേവ ചെ യ്തു ഒരുവരായുധം സമ്പാദിച്ചിട്ടുണ്ട്. ആയത് ആയിരം ഭാരം ഘനത്തോടുകൂടിയും മൂന്നു മുനയോടുകൂടിയും ഉള്ള ഒരു ശൂലമാണ്. മൂന്നു മുനകളും മൂന്നു ഗുണമാണ്. കാലം, കാലൻ, വ്യാധി എ ന്നിങ്ങിനെയാണ്. ഒരു ശരീരി മരിക്കേണമെങ്കിൽ ശരീരം നശി പ്പാനുള്ള കാലം വരേണം. ആ കാലാവസാനത്തിൽ ദേഹദേ ഹികളെ വേർപെടുത്തുന്ന കാലൻ വരേണം. ആ സമയത്തിൻ നിമിത്തമായ ഒരു വ്യാധിയും വരേണം. ഈ ശൂലം ശത്രുവിന്റെ നേരിട്ടുത്താൽ അവന്നു കാലവും കാലനും വ്യാധിയും വേണ്ട. അതു അന്തരം മൎത്ത്യപാതാളവാസികൾ ആരായാലും ശരി. ഈ വരായുധത്തിനു ഇത്ര വൈഭവമുണ്ട്. ഹിമവാന്റെ താഴ്വരയിൽ വെച്ച് മൂന്നുമാസം പരമേശ്വരസ്വാമിയെക്കുറിച്ച് സേവചെയ്ക യും പരമേശ്വരസ്വാമിപ്രത്യക്ഷമായി മുമ്പറഞ്ഞ ശൂലവും ഒരു കവ ചവും കൊടുത്തനുഗ്രഹിച്ചു. ഈ ശൂലത്താൽ അനേകം കൎമ്മദേവ ന്മാരുടെ കാലത്തെ അവസാനിപ്പിച്ചവനാണ്. പണ്ടു ഇന്ദ്രനെ ജയിപ്പാനായി സ്വൎഗ്ഗത്തിലേക്കു പോകുകയും ഇന്ദ്രൻ ഐരാവതാ രൂഢനായി യുദ്ധത്തിന്നു വരുന്നതിനെ കൎണ്ണൻ കണ്ട് മത്തഗ ജത്തിന്റെ പുച്ഛം പിടിച്ചു കുലാലന്റെ (കുശവന്റെ) തികിരിക്ക ണ്ണിപോലെ ഇടംവലമായി ചുഴററുകയും ഐരാവതം ചുററുന്ന വേഗത്താൽ ഇന്ദ്രൻ ഗജോപരിയിൽനിന്നു വീഴാതെ സ്തംഭിക്ക യും ചെയ്തപ്പോൾ ഇന്ദ്രനെ ആകാശമാൎഗ്ഗേ എറികയുംചെയ്തു. ഇന്ദ്രൻ ബഹുദൂരം പോയി വീണ് അവിടുന്നു എഴുനീററ കൎണ്ണ നെ വന്നു ശരണം പ്രാപിച്ച് കീഴടങ്ങുകയും ചെയ്തു. അതു കേ ട്ടു ഭഗവാൻ ചോദിക്കുന്നു. അല്ലയോ ലങ്കേശ്വര! പരമേശ്വര

സ്വാമി ശൂലപാണിയെന്നു ശാസ്ത്രം പറയുന്നുണ്ടു്. ആ ശൂലം കുംഭകൎണ്ണന്നു കൊടുത്താൽ ശൂലപാണിയെന്ന പേരിരിക്കുമോ? എന്നതിനെക്കേട്ടു വിഭീഷണൻ പറയുന്നു. ശരണം സ്വാമിൻ! ഇതു പരമേശ്വരസ്വാമി കയ്യിലുള്ള സാക്ഷാൽ ശൂലമല്ല. പണ്ടു് താരുകവനത്തിലുള്ള മഹൎഷികളുടെ പത്നിമാരെ പരമേശ്വരസ്വാമി പാതിവ്രത്യഭംഗം ചെയ്തിട്ടുണ്ടു്. തന്നിമിത്തം മഹൎഷികൾ ശിവനെ സംഹരിപ്പാനായി ഒരു ആഭിചാരം ചെയ്കയും അതിൽനിന്നു ആദ്യം മാനും മഴുവും ഉത്ഭവിക്കുകയും അതുകളെ ശിവനെ കൊല്ലുവാൻ അയക്കുകയും ശിവൻ അതുകളെപ്പിടിച്ചു വെക്കുകയും അവസാനം ഒരു ഗജം പിറക്കുകയും അതിനെ അയച്ചപ്പോൾ ആ ഗജത്തിനെക്കൊന്നു ചൎമ്മമെടുത്തു പൊൎവ്വയാക്കുകയും സിംഹം പിറക്കുകയും അതിനെക്കൊന്നു ചൎമ്മത്തെ എടുത്തു ഉടുക്കുകയും ശൂലം പിറക്കുകയും ആ ശൂലത്തെ താൻ ആയുധമാക്കി സൂക്ഷിച്ചു വെച്ചിരിക്കുകയും ചെയ്തു. ആ ശൂലമാണു് കൎണ്ണന്നു കൊടുത്തതു്. അതാണിപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. ഇവന്നു പ്രത്യേകമായ ഒരു വൃത്തിഗുണം വേറെയുണ്ടു്. അതിനേയും പറയാം. സകാമം നിഷ്കാമം മുതലായ തപസ്വീശ്വരന്മാരും വേദാധികാരികളായ ബ്രാഹ്മണരും കൈലാസപതിയായ പരമേശ്വരനും-സത്യലോകവാസനായ ബ്രഹ്മദേവനും വിചാരിക്കത്തക്ക ഉപാസനമൂൎത്തിയായ നാരായണസ്വാമിയുടെ യോഗനിദ്രയെപ്പോലെ ഈ കൎണ്ണനും ദീൎഘനിദ്രയുള്ളവനാണു്. നാരായണസ്വാമിയുടെ യോഗനിദ്രയിൽനിന്നു ഉത്ഥാനകാലത്തിൽ അസുരന്മാർ സജ്ജനോപദ്രവം ചെയ്യുന്നുണ്ടോ എന്നുള്ള വിചാരത്തോടുകൂടി ഉണരും. അതുപോലെ കുംഭകൎണ്ണന്റെ മോഹനിദ്രയിൽനിന്നു ഉത്ഥാനകാലത്തിൽ ദേവന്മാർ ഇനിയും അവസാനിച്ചില്ലേ അവരുടെ നാമമല്ലാതെ രൂപം കാണരുതെന്നുള്ള വിചാരത്തോടുകൂടി നിദ്ര ഉണരും. ഇങ്ങിനെ ഇവന്നു നിദ്ര വരുവാനുള്ള നിമിത്തത്തെയും ഉണൎത്താം. ജ്യേഷ്ഠനായ രാവണനും ഈ കൎണ്ണനും അടിയനും ഇങ്ങിനെ മൂന്നുപേരുംകൂടി കൊന്നവനമെന്ന ഗോകൎണ്ണത്തുപോയി ബ്രഹ്മാവിനെക്കുറിച്ചു തപസ്സുചെയ്കയും രാവണ

ന്റെ അഭീഷ്ടംപോലെയുള്ള വരബലങ്ങളെ വാങ്ങി പോയതിന്നശേഷം കരുണൻ നിൎദ്ദേവത്വം വേണമെന്നു തപം ചെയ്കയും ആ വിവരം ഇന്ദ്രാദികൾ കേട്ടു കിടുകിട വിറച്ചു അവർ സത്യലോകത്തേക്കു പോയി കമലാസനകുടുംബിനിയായ വാണിമാതാവെക്കണ്ടു നമസ്കരിച്ചു വിനയാനതന്മാരായി നിൽക്കുകയും ഭാരതിയും ദേവകളെ നോക്കി എന്താണ് ഇന്ദ്രാദികൾ എല്ലാവരും കൂടി പുറപ്പെട്ടത്? വിശേഷാൽ വല്ലതും ഉണ്ടോയെന്നു ചോദിക്കുകയും അതുകേട്ടു വാഗീശ്വരി! അങ്ങയുടെ കണവൻ നാളെ രാക്ഷസനായ കുംഭകരുണന്നു വരം കൊടുപ്പാനായി പോകുന്നുണ്ട്. സൎവ്വേശ്വരിയുംകൂടെ എഴുന്നള്ളണം. കാരണം, നിൎദ്ദേവത്വം വേണമെന്ന ഇച്ഛയോടുകൂടിയാണ് അവൻ തപസ്സ് ചെയ്യുന്നത്. ആ വരത്തെ ദാനം ചെയ്താൽ മേലാൽ ദേവന്മാരെന്ന നാമമല്ലാതെ രൂപം കാണ്മാൻ സാധിക്കുന്നതല്ല. ആയതുകൊണ്ടു ഭാരതി ചെയ്യേണ്ടുന്ന സഹായം എന്തെന്നുവെച്ചാൽ അങ്ങയുടെ കണവൻ 'അഭീഷ്ടമെന്താണ് പറയുക'യെന്നു കരുണനോടു ചോദിക്കുന്ന അവസരം നോക്കി കരുണന്റെ നാവിന്മേൽ ഭാരതി പ്രവേശിച്ചു നിൎദ്ദേവത്വം എന്നതിനെ നിദ്രാവത്വം എന്നാക്കിത്തരേണം. ഇതാണു ഞങ്ങൾക്കു ചെയ്യേണ്ടുന്ന ഒരു സഹായം എന്നു ദണ്ഡനമസ്കാരം ചെയ്ത് അപേക്ഷിക്കുകയും ആയതിനെക്കേട്ടു സന്തോഷിച്ച് അങ്ങിനെ ആവാമെന്നു ഭാരതി അനുഗ്രഹിച്ചയക്കുകയും ചെയ്തു. പിറ്റെന്നാൾ ബ്രഹ്മാവും സരസ്വതീസമേതനായി കരുണന്റെ തപസ്ഥാനത്തേക്കു വന്നു തപസ്സണത്തി നിന്റെ അഭീഷ്ടമെന്തെന്നു ചോദിക്കുകയും ആ അവസരത്തിൽ വാണിമാതും കരുണന്റെ ജിഹ്വാഗ്രത്തിൽ പ്രവേശിച്ചു നിൎദ്ദേവത്വം വേണമെന്ന ഇച്ഛയെ നിദ്രാവത്വമാക്കിത്തീൎക്കുകയും അതുപ്രകാരം നിദ്രാവത്വം വേണമെന്നു കരുണൻ അപേക്ഷിക്കുകയും ബ്രഹ്മാവ് അപ്രകാരം അനുഗ്രഹിച്ചു പോകുകയും ചെയ്തു. ആ അനുഗ്രഹപ്രകാരം ദീൎഘനിദ്രയെ പ്രാപിച്ചു കിടക്കുകയും രാവണൻ ഇതു അറിഞ്ഞു വീണ്ടും ഒരു സംവത്സരം ബ്രഹ്മാവിനെക്കുറിച്ചു തപസ്സുചെയ്തു ബ്രഹ്മാവിനെ വരുത്തി കരുണന്റെ നിദ്രയെ മാററിത്തരേണ

മെന്നപേക്ഷിക്കകയും കൊടുത്ത വരം മാററുന്നതു പതിവില്ല. എങ്കിലും കൂടാതെ കഴികയില്ലയെന്നുള്ള നിലയാണെങ്കിൽ 6 മാസമൂണും 6 മാസം ഉറക്കവുമായി ഭവിക്കട്ടെ എന്നു വീണ്ടും അനുഗ്രഹിക്കുകയും 6 മാസം ഉറക്കത്തിൽ വല്ല നിമിത്തവും നിദ്രയെ ഭംഗപ്പെടുത്തിയാൽ അന്നു മരണം ഭവിക്കുമെന്നും ആകാശമാൎഗ്ഗ പറഞ്ഞു മറഞ്ഞു. ഇതാണു ദീൎഘനിദ്ര വരുവാനുള്ള കാരണം. എങ്കിലും നിന്തിരുവടിയുടെ പത്നിയെ മച്ചിവിടണമെന്നു മന്ത്രാലോചനയിൽ വെച്ചു രാവണനോടു പറഞ്ഞു നിദ്രക്കു പോയവനാണ്. ഇന്നേക്കു നിദ്രയിൽ പ്രവേശിച്ചു ഒമ്പതു ദിവസമേ ആയിട്ടുള്ളൂ. അടിയൻ വരുമ്പോൾ കൎണ്ണൻ നിദ്രയിലാണ്. കാണ്മാൻ സാധിച്ചില്ല. നിന്തിരുവടിയുടെ ഭക്തനാണ്. ആയതുകൊണ്ടു കൎണ്ണനെ അങ്ങയുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവന്നു രക്ഷപ്പെടുത്തേണമെന്നു അടിയന്നു മോഹമുണ്ട്. അതു സാധിപ്പാനായി കൎണ്ണനെ കൂട്ടിക്കൊണ്ടുവരുവാൻ കല്പന തരേണമെന്നു വിഭീഷണൻ അപേക്ഷിക്കുകയും, എന്നാൽ നിന്റെ അഭീഷ്ടംപോലെ ആവാം. വരുമെങ്കിൽ എനിക്കു വിരോധമില്ലെന്നു ഭഗവാൻ പറഞ്ഞതിനെക്കേട്ടു സന്തോഷിച്ചു. അതിവേഗത്തിൽ കൎണ്ണന്റെ പാദത്തിൽ ചെന്നു നമസ്കരിച്ചു ഭക്തിശ്രദ്ധാബഹുമാനവിനയങ്ങളോടുകൂടി നില്ക്കുന്ന വിഭീഷണനെക്കണ്ടു വാത്സല്യാധിക്യത്താൽ ആലിംഗനം ചെയ്തു കൎണ്ണൻ വിഭീഷണനോടു പറയുന്നു.

### കുംഭകൎണ്ണവിഭീഷണസംവാദം.

അല്ലയോ വിഭീഷണ! സൎവ്വേശ്വരനായ രാമസ്വാമി പക്കൽനിന്നു അഭയസ്ഥാനം സമ്പാദിച്ചതിനെ ആലോചിച്ചാൽ അസുരകളെന്ന ദേവന്മാരാലും അസാദ്ധ്യമായ കാൎയ്യമല്ലയോ സോദര. രാവണസോദരൻ വിഭീഷണൻ സാക്ഷാൽ നാരായണസ്വാമി അവതാരപുരുഷനായ രാമസ്വാമി പക്കൽനിന്നു കൈവല്യപദത്തെ സമ്പാദിച്ചുവെന്നു ഭൂലോക ഭുവൎല്ലോകാദി വാസികളായ സജ്ജനങ്ങളാൽ നിന്നെ കീൎത്തിക്കുതിനെക്കേട്ടു ഞാൻ സന്തോഷസാഗരത്തിൽ നിമജ്ജനോന്മജ്ജനങ്ങളെ ചെയ്യുന്നു. നിന്റെ വൈഭവത്തെ ആലോചിക്കുമ്പോൾ നീ പരമ ഭാഗവതോത്തമ

നല്ലൊ വിഭീഷണ, കാലത്രയത്തിലും രാക്ഷസവൃത്തി ഉപേക്ഷ ചെയ്യുവനും നിന്റെ ഉപാസനമൂൎത്തിയായ രാമചന്ദ്രന്റെ പരമഭക്തനുമായ നീ. രാമ-രാമ-എന്ന ശിവശക്തിയുക്തമായ രസായനത്തെ പാനം ചെയ്തു മൃത്യുവെന്ന രോഗത്തെപ്പോക്കി ലോകമുള്ളവരെക്കും ആയുൎബ്ബലത്തെ സമ്പാദിച്ചിരിക്കുന്ന നീ ധൎമ്മരാജാവിന്റെ വലയിൽപ്പെട്ടു കാലപുരിക്കു പോകുന്ന എന്റെ അടുക്കലെക്കു വന്നതിനെ ആലോചിക്കുമ്പോൾ അത്യന്തം സങ്കടമെന്നെ പറയേണ്ടതുള്ളൂ. അതെത്രപോലെ എന്നുവെച്ചാൽ അമൃതപാനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ശരീരി അതു നന്നല്ലെന്നുവെച്ചു വിഷത്തെ പാനംചെയ്വാൻ ഉദ്യോഗിച്ചതുപോലെ ആയി നിന്റെ വരവ് എന്നുമാത്രമല്ല നീതിയും ധൎമ്മവും അതുകളെ നടത്തേണ്ടുന്ന ക്രമവും നിണക്കു നല്ല പരിചയമുണ്ടെന്നു മാത്രമല്ല നാരായണസ്വാമിയെ നിന്റെ ഉപാസനമൂൎത്തിയാക്കുകയും ബ്രഹ്മാവിന്റെ അനുഗ്രഹത്താൽ ചിരംജീവിയെന്നുള്ള സ്ഥാനത്തെയും നീ വഹിച്ചു എന്നുതന്നെയല്ല ശ്രീരാമൻ നിന്നെ രക്ഷപ്പെടുത്തീട്ടില്ലെന്നു വന്നാൽ രാമസായകത്താൽ രാക്ഷസഗോത്രം മുഴുവൻ നശിക്കും. ആയവരെല്ലാം നരകത്തിൽനിന്നു ഉത്ഥാനം ചെയ്യാൻ അവൎക്കുവേണ്ടി മരണാനന്തരാപേക്ഷകൾ ചെയ്വാൻ പിന്നെ നീയല്ലാതെ ആരുണ്ട്. ആയതുകൊണ്ടു നിന്റെ അവസ്ഥകളെ പറവാൻ നിരൂപിതനായ എന്നാൽ അസാദ്ധ്യമാണ്. ഈ അവസരത്തിൽ എന്നാൽ നിനക്കു സിദ്ധിക്കേണ്ടുന്ന കാൎയ്യമെന്തെന്നു ചോദിച്ചതിനെ കേട്ടു വിഭീഷണൻ പറയുന്നു. ശരണം അഗ്രജ! നമ്മുടെ ജ്യേഷ്ഠനായ രാവണനോടു മന്ത്രാലോചനയിൽ ഞാ

നിങ്ങൾ ജാനകിയെ ചിറ വിടേണമെന്നും അല്ലാത്ത പക്ഷം ഗോത്രനാശം വരുമെന്നും പറഞ്ഞതിനു ശേഷമല്ലെ നിങ്ങൾ നിദ്രശാലെക്കു പോയത്. അനന്തരം അടിയൻ ചെന്നു ജ്യേഷ്ഠനു സിദ്ധിച്ചതായ ശാപകോപാദികളെ അറിവിൽപ്പെടുത്തീടത്തോളം പാദത്തിൽ മേലിൽ എന്നെ ലങ്കാരാജ്യത്തിൽ കാണരുതെന്നും കണ്ടാൽ ചന്ദ്രഹാസത്തിന്നിരയാക്കുമെന്നും പരിചാരകന്മാരോടു എന്നെ കണ്ടാൽ ചമ്മട്ടിയെന്ന ചെരുപ്പടുത്തടിക്കേണമെന്നു

ഥാരം കല്പിച്ചു. ആയതിന്നുശേഷം ലങ്കയെ വിട്ടു പുറത്തുപോവാൻ
മന്ത്രികളോടുകൂടി ആലോചിച്ചു ഞാൻ പുറപ്പെട്ടുകയും ഈ വിവരം
അങ്ങയെ കേൾപ്പിക്കേണമെന്നാൽ നിദ്ര സമയമായതുകൊണ്ടു
നിവൃത്തിയില്ലാതെ അത്യന്തം വ്യസനത്തോടുകൂടി സമുദ്രം കടന്നു
മറുകരയിൽ ചെല്ലുമ്പോൾ സർവ്വേശ്വരനായ രാമസ്വാമിയെ സാ
ഗരതീരത്തിൽ വെച്ചു കാണുകയും ഉടനെ രാമചന്ദ്രപ്രഭുവിന്റെ
അടുക്കൽ ചെന്നു രക്ഷപ്പെട്ടുകയും ചെയ്തു. ഭക്തവാത്സല്യമുള്ള
സ്വാമിയുടെ അനുജനെന്നുള്ള സ്ഥാനവും അർക്കചന്ദ്രന്മാരുള്ളവ
രക്കും ലങ്കേശ്വരൻ എന്ന ലങ്കാധിപത്യവും തന്നു അടിയനെ ര
ക്ഷിച്ചു. അങ്ങിനെയിരിക്കെ നിന്തിരുവടി അനേക പടകളോടുകൂ
ടി സ്വാമിയോടു യുദ്ധംചെയ്യാൻ പടനിലത്തിൽ വന്നതിനെ ഭഗ
വാൻ കണ്ടു് ആരാണിപ്പോൾ യുദ്ധത്തിന്നു വന്നതു് എന്നും യുദ്ധ
പുരുഷന്റെ വരബലങ്ങളെന്തെന്നും വൃത്തിഗുണമെന്തെന്നും
ചോദിച്ചതിൽ അടിയൻ നിന്തിരുവടിയുടെ പരമാർത്ഥമെല്ലാം ആ
ദ്യവസാനംവരെ ഭഗവാനെ കേൾപ്പിച്ചു. ഓഹോ നിന്നെപ്പോ
ലെ എന്റെ പേരിൽ ഭക്തനാണു കുംഭകർണ്ണനെങ്കിൽ അവനെ
വധിക്കുന്ന കാര്യം സങ്കടമല്ലെ എന്നു അടിയനോടു സ്വാമി പറ
യുകയും ആയതിനെ കേട്ടു ജ്യേഷ്ഠനെ കൂട്ടിക്കൊണ്ടു വരുവാൻ ക
ല്പന തരണം എന്നു കേൾപ്പിച്ചു സ്വാമിയോടു കല്പന വാങ്ങി നി
ന്തിരുവടിയുടെ അടുക്കലേക്കു് അടിയൻ വന്നതാണു്. എന്നാൽ
രണ്ടു സംഗതികളെ നിന്തിരുവടിയെ ഉണർത്തിപ്പാനുണ്ടു്. അതെ
ന്തെന്നാൽ ഭഗവാൻ അടിയന്നു ലങ്കാധിപത്യം തന്നിട്ടുണ്ടെങ്കി
ലും നിന്തിരുവടി അതിനെ സ്വീകരിച്ചു് അങ്ങുന്നു ലങ്കേശ്വര
നെന്ന സ്ഥാനത്തിൽ രാക്ഷസരാജാവായിരിക്കണം. കൂടാതെ അ
ടിയനൊരുമിച്ചു സ്വാമിയുടെ പാദസേവക്കു നിന്തിരുവടി വര
ണം ഇങ്ങിനെ രണ്ടു കാര്യമാണു് അങ്ങയോടു് ഉണർത്തിപ്പാനുള്ള
തു്. നിന്തിരുവടിയെപ്പോലെ രാജ്യഭാരം വഹിപ്പാനുള്ള ദേഹ
ശക്തിയും വരബലവും അടിയൻ സമ്പാദിച്ചിട്ടില്ല. രാക്ഷസ
ഗോത്രം പാഴായിപ്പോകാതെ കഴിപ്പാനായി അഭിമാനത്തെ ഉപേ
ക്ഷിച്ചു ശത്രുവെന്നുള്ള ഭാവത്തെ വിട്ടു വൃഥാ മരിച്ചുപോകേണ്ടി

വരുമെന്നുള്ള മനോവേദനയെ ത്യജിച്ചു സുഖമായിരിപ്പാൻ നന്തിരുവടികളെ സാഷ്ടാംഗനമസ്കാരം ചെയ്യുന്നു. എന്നതിനെ കേട്ടു കർണ്ണൻ പറയുന്നു. അല്ലയോ വിഭീഷണാ! നിർഭാഗ്യമുള്ള എന്റെ കാര്യത്തിൽ നിന്റെ പ്രയത്നം സഫലമാവുന്നതല്ല. കാരണം മുമ്പു നിർദ്ദേവത്വം വേണമെന്നു ഇച്ഛയോടുകൂടി പത്തൊമ്പതിനായിരം വത്സരം ബ്രഹ്മാവിനെക്കുറിച്ചു ഏകാഗ്രമനസനായി തപസ്സു ചെയ്കയും ആയതു സാധിക്കാതെ നിർഭാഗ്യവശാൽ നിദ്രാവത്വമാണു് സിദ്ധിച്ചതു്. ആയതു നിനക്കു അനുഭവമല്ലെ. എന്നുതന്നെ അല്ല അർക്കചന്ദ്രന്മാരും രാമനാമവും നിലനില്ക്കുന്ന കാലംവരെക്കും ലങ്കേശ്വരനായി ഭവിക്കുക എന്നാണു് രാമൻ നിനക്കു് അനുഗ്രഹിച്ചിട്ടുള്ളതു്. നിനക്കു ഭഗവാനാൽ ഉത്തമമായ ഭാഗ്യങ്ങൾ നീ എനിക്കു എങ്ങിനെ തരും തന്നാൽ ഇരിക്കുമോ, അതിപ്രയത്നത്താൽ അസാദ്ധ്യമായ കാര്യം വൃഥാ ലഭിക്കുമോ സോദരാ. ആയതുകൊണ്ടു ആ കാര്യത്തിലേക്കു ഏതു തരമാലോചിച്ചാലും നിവൃത്തിയില്ലാത്ത ഭാഗമാണു്. അതിരിക്കട്ടെ രണ്ടാമതു രാമന്റെ പാദസേവക്കു വരണമെന്നാണു് നിന്റെ അപേക്ഷ. ആയതിനെപ്പറ്റി ആലോചിക്കുമ്പോൾ അതിന്നും മാർഗ്ഗം കാണുന്നില്ല. രാമപത്നി ജാനകിയെ ചിറവിടേണമെന്നു നിന്നെപ്പോലെ ഞാനും എന്നാൽ കഴിയുന്നേടത്തോളം രാവണീശ്വരനോടു പറഞ്ഞിട്ടും ജ്യേഷ്ഠൻ സമ്മതിച്ചില്ല. ആയതു അയാളുടെ ധർമ്മം. നാം നമ്മുടെ ധർമ്മം വിടുവാൻ പാടുണ്ടോ. എന്റെ പേരിൽ നിനക്കു് അത്യന്തം വാത്സല്യമുള്ളതുകൊണ്ടല്ലെ എന്നെ കണ്ടു ഉടനെ രാമന്റെ അടുക്കൽ പരമാർത്ഥങ്ങളെല്ലാം പറഞ്ഞു് സമ്മതം വാങ്ങി എന്നെ വന്നു വിളിക്കുന്നതു്. അതുപോലെ രാവണീശ്വരന്റെ പേരിൽ എനിക്കും സ്നേഹമുണ്ടായിരിക്കുകയില്ലയൊ. ഈ അമ്പതു ലക്ഷം സംവത്സരമായി എനിക്കു വേണ്ടുന്ന ആഹാരാദികളെത്തന്നു രക്ഷപ്പെടുത്തിവന്നതു് നിനക്കനുഭവമല്ലെ; വിഭീഷണ; ഇതുവരെ നിദ്രപ്പിത്തനായ എന്നാൽ വല്ല പ്രയോജനവും ജ്യേഷ്ഠന്നുണ്ടായിട്ടുണ്ടോ അങ്ങിനെയിരിക്കു

ഇപ്പോൾ ശത്രുക്കൾ ലങ്കയിൽ കടന്നു യുദ്ധത്തിന്നു വിളിക്കുമ്പോൾ
ജ്യേഷ്ഠൻ യോഗ്യനല്ല ദുഷ്ടനാണു് ജ്യേഷ്ഠനെ ത്യജിക്കണം; രാമ
ന്റെ അടുക്കൽ ഭക്തനായ്ത്തീരണം, രാജ്യഭാരം വഹിച്ചു രാജാ
വായിരിക്കണം, വൃഥാ ജന്മം നശിക്കരുതു് എന്നും മററും ന്യായങ്ങ
ളെ നീ പറഞ്ഞാൽ അതിൽ എനിക്കു തൃപ്തിവരുമൊ. രാവണനീ
ശ്വരൻ പുത്രന്മാരെപ്പോലെ വാത്സല്യത്തോടുകൂടിയാണു് എന്നെ
വളത്തിവന്നതു് വാത്സല്യത്തെ ആലോചിച്ചാൽത്തന്നെ ജ്യേഷ്ഠ
നെ ഉപേക്ഷിപ്പാൻ മാർഗ്ഗം കാണുന്നില്ല. എന്നതിനെക്കേട്ടു വിഭീ
ഷണൻ പറയുന്നു. അല്ലയോ ജ്യേഷ്ഠ! നിന്തിരുവടി രാവണനീശ്വ
രനെപ്പോലെ അഭിമാനത്തെ ദീക്ഷിക്കരുതു്. അഭിമാനത്താൽ
അസംഖ്യം ശത്രുക്കൾ ഗോത്രത്തോടുകൂടി നശിച്ചുപോയവരുണ്ടു്.
തെററുചെയ്യുന്നതായാൽ അവർ മാതാവാണു്, പിതാവാണു്, മ
കനാണു്, ജ്യേഷ്ഠനാണു് എന്നുള്ള ഗുരുത്വലഘുത്വങ്ങളെ സജ്ജ
നങ്ങൾ ആലോചിക്കാറില്ല. ധർമ്മത്തെ മാത്രമെ ചിന്തിക്കാറുള്ളൂ
ആയ്യകളെല്ലാം നിന്തിരുവടിക്കു അറിവുള്ള ഒരു കാര്യമാണു്. അ
ടിയൻ പ്രത്യേകം പറയേണ്ടതുമെന്നില്ലല്ലൊ. പരിശുദ്ധന്മാൎക്കു ലോ
കാപവാദം ബാധകമായി വരുമോ ജ്യേഷ്ഠാ. എന്നാൽ സ്നേഹാ
ധിക്യത്തെ ആലോചിക്കുന്നതായാൽ ജ്യേഷ്ഠാനുജന്മാർ തമ്മിലല്ല
വേണ്ടതു്. പിതാവിന്നു പുത്രവാത്സല്യത്തിന്നു ശരിയായ വാത്സ
ല്യം മറെറാന്നുമില്ല. വാത്സല്യത്തോടുകൂടിയുള്ള പുത്രൻ തെററു
ചെയ്യുമ്പോൾ വാത്സല്യത്തെ ഉപേക്ഷിച്ചു പിതാവു് പുത്രനെ കു
ല ചെയ്തിട്ടുണ്ടു്. അതാരാണെന്നും പുത്രൻ ചെയ്യ തെററെന്തെ
ന്നും നിന്തിരുവടിയെ അറിയിക്കാം. ഗുരുക്ഷേത്രമെന്ന രാജധാ
നിയിലെ ചക്രവത്തിയായ മഹീപാലൻ എന്ന രാജാവു അനേക
കാലം സന്തതിയില്ലാതെ വ്യസനിച്ചു. അനന്തരം ധർമ്മദേവങ്ക
ളാൽ തനിക്കു ഒരു സന്തതി ഉല്പാദനമാകയും ആ മകനെ അഞ്ചു
വയസ്സിൽ എഴുത്തുപള്ളിയിൽ വെച്ചു് അക്ഷരവിദ്യ, ആയുധവി
ദ്യ മുതലായ വിദ്യകളെല്ലാം പഠിപ്പിക്കുകയും മകനു ചിത്രരഥൻ
എന്നു പേരിടുകയും ചെയ്തു് അത്യന്തം വാത്സല്യത്തോടുകൂടി വള

ത്തി മകനു രാജ്യാഭിഷേകം ചെയ്യിക്കേണമെന്നു മുഹൂർത്തം നിശ്ചയിക്കുകയും ചെയ്തതിന്നുശേഷം ശിവദർശനത്തിന്നായി രഥമേറി നഗരവീഥിയൂടെ പോകുമ്പോൾ ഒരു പശുക്കുട്ടി മാർഗ്ഗത്തിൽ കിടന്നുറങ്ങുന്നതിനെ സൂക്ഷിച്ചു നോക്കാതെ രഥം നടത്തുകയും പശുക്കുട്ടിയുടെ ഗളപ്രദേശത്തൂടെ രഥം പോയതിനാൽ ചക്രം പെട്ടു കുട്ടി മരിച്ചുപോകുകയും ചെയ്തു. കുറെ നേരം കഴിഞ്ഞതിൽപ്പിന്നെ തള്ളപ്പശു വന്നു നോക്കുമ്പോൾ തന്റെ കുട്ടി മരിച്ചു കിടക്കുന്നതിനെക്കണ്ടു അത്യന്തം പ്രലാപിച്ച് അയ്യോ കഷ്ടം എന്റെ കുട്ടിയെ കൊലചെയ്തതു ആരാണ്. ഉരുക്ഷേത്രമഹാരാജാവിന്റെ രാജ്യഭരണകാലത്തിൽ ഇങ്ങിനെ പശുഹത്തിയായ ശിശുഹത്തിയും ചെയ്യുന്നവർ ജീവനോടുകൂടി അധിവസിക്കുമൊ. ശാസ്ത്രവിരോധവും സജ്ജനസമ്മതവുമല്ലാത്ത ഈ പശുഹത്തി ചെയ്തവർക്കു ചക്രവർത്തി തക്ക ശിക്ഷ കൊടുപ്പിക്കണം എന്നു കരുതി പശുവും അത്യന്തം നിലവിളിയോടുകൂടി പുറപ്പെട്ടു രാജധാനിയുടെ പശ്ചിമഗോപുരത്തിൽ നാട്ടിയുള്ള ദുഃഖഘണ്ടാമണിസ്തംഭത്തിൽ തന്റെ ശരീരത്തെ ഉരസ്സുകയും അപ്പോൾ ഘണ്ടാമണിയുടെ ധ്വനി രാജാവ് കേൾക്കുകയും ഉടനെ മന്ത്രികൾ പരിചാരകന്മാരോടു പറയുന്നു. ഹേ സേവകന്മാരെ ആരാണ് ദുഃഖപ്രദമായി ഗോപുരത്തിൽ വന്നിരിക്കുന്നത്. സഭയിലേക്കു കൂട്ടിക്കൊണ്ടുവരുവിൻ എന്നതിനെക്കേട്ടു സേവകന്മാർ ഗോപുരത്തിൽ ചെന്നു ദുഃഖത്തോടുകൂടി നില്ക്കുന്ന പശുവിനെ സഭയിലേക്കു കൂട്ടിക്കൊണ്ടുവരികയും ഈ പശു ദുഃഖിപ്പാനുള്ള അവകാശമെന്തെന്നു രാജാവിനോടു മന്ത്രികൾ പറയുന്നു. അല്ലയോ പ്രഭൊ ഞങ്ങളുടെ അന്വേഷണത്തിൽ നിന്തിരുവടിയുടെ മകൻ ചിത്രരഥൻ പശുക്കുട്ടിയെ കൊല ചെയ്തു എന്നാണ് മനസ്സിലായത് അതു കേട്ടു രാജാവും ഒഹൊ ചിത്രരഥന്റെ സാഹസം അതികഷ്ടമായി എന്നു വ്യസനിച്ചു തന്റെ സഭയിലുള്ള ബ്രാഹ്മണരെ നോക്കിപ്പറയുന്നു. ഹെ സഭാവാസികളെ എനിക്കു മകനായി ജനിച്ച ഈ ചിത്രരഥൻ ചെയ്ത ദുഷ്കർമ്മം കേട്ടില്ലെ. ഇങ്ങിനെ ഉള്ള പുത്രന്മാർ ഇരിക്ക

ന്നതിനെക്കാൾ മരിക്കുന്നതാണ് നന്മ എന്നെ പറവാനുള്ളൂ. ആയതു എന്റെ മകൻ ചെയ്തു അനീതിക്ക് പ്രതിക്രിയ എന്താണ്. ഞാൻ വല്ലതും പ്രവൃത്തിക്കേണ്ടതുണ്ടോ. അല്ല അന്യന്മാരെക്കൊണ്ടു പ്രവൃത്തിപ്പിക്കുകയൊ വേണ്ടത് എന്നു ചോദിക്കുകയും ആയ്തിനെക്കേട്ട് സഭാവാസികൾ പറയുന്നു. അല്ലയോ പ്രഭൊ കൎമ്മകാണ്ഡം എന്ന ഗ്രന്ഥത്തിനെ നോക്കിയതിൽ ശിക്ഷിക്കേണ്ടതായിട്ടാണ് വിധി കാണുന്നത്. രാജനീതിക്കു വിരോധമില്ലാതെയും പശുവിന്റെ സങ്കടം തീരുവാനുമായി നിന്തിരുവടി മകന്റെ കാൽകരം കൂട്ടിക്കെട്ടി മലത്തി കിടത്തി രഥത്തിൽ കയറി മകന്റെ ഗളപ്രദേശത്തൂടെ രഥം നടത്തി മകനെ വധിക്കണം. സഹസ്രഭോജനവും സഹസ്രപശുദാനവും ചെയ്യണം ഇതാണ് ഇതിന്റെ പ്രതിവിധി എന്നതിനെക്കേട്ടു രാജാവു പറയുന്നു. ഹെ ബ്രാഹ്മണരെ ബ്രഹ്മകല്പനയെ ലംഘനം ചെയ്വാൻ ആൎക്ക് സാധിക്കും ദുഷ്ടന്മാരായ പുത്രന്മാർ ഇരിക്കുന്നതിനെക്കാൾ മരിക്കുകയാണ് നല്ലത്. എങ്കിലും എന്റെ കൈകൊണ്ടു കൊല്ലപ്പെടേണ്ടിവന്നതിനെപ്പറ്റി ഞാൻ അത്യന്തം വ്യസനിക്കുന്നു. എന്നാൽ അധികപാപങ്ങളെ സമ്പാദിപ്പാൻ എടവരാതെ ഈ ഷോഡശവയസ്സിനുള്ളിൽ മരിപ്പാൻ എടവന്നതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. എന്നു പറഞ്ഞു മകന്റെ കാൽകരം കൂട്ടിക്കെട്ടി മലത്തിക്കിടത്തി താൻ രഥത്തിൽ കയറി ഗളപ്രദേശത്തൂടെ രഥം നടത്തി ഹിംസിക്കുകയും പശുവതിനെക്കണ്ടു സന്തോഷിക്കുകയും അനന്തരം വിധിയാംവണ്ണമുള്ള സഹസ്രഭോജനം പശുദാനം മുതലായ്തുകളെ ചെയ്കയും ചെയ്തു. ആയതുകൊണ്ടു പുത്രവാത്സല്യത്തെക്കാൾ വലുതല്ല ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള വാത്സല്യം എന്നു ജ്യേഷ്ഠനോടു പറഞ്ഞു. എന്നതിനെക്കേട്ടു കരുണൻ പറയുന്നു. വിഭീഷണാ; നീ പറയുന്ന ചരിത്രം ശരിയാണ് എന്നാൽ അതിൽ ഒരു വിരോധമുണ്ട് പുത്രൻ തെറ്റ് ചെയ്താൽ പിതാവിന്നു ശിക്ഷിപ്പാനുള്ള അധികാരമുണ്ട്. ഇതു അങ്ങിനെയല്ല ജ്യേഷ്ഠൻ തെറ്റു ചെയ്താൽ അനുജനു ശിക്ഷിപ്പാനുള്ള അധികാരമുണ്ടൊ ആയതുകൊണ്ടു ഇ

രുത്വത്തിന്നു ഇതൊക്കെ ലഘുത്വമാണു. ഗുരുത്വത്തിൽ താങ്ങനിന്റെ വാക്കിനെക്കേട്ടു ഗുരുത്വത്തിൽ ഉയൎന്നഅഗ്രജനെ ഉപേക്ഷിപ്പാൻ മനസ്സിന്നു ധൈൎയ്യം വരുന്നില്ല. എന്നതിനെക്കേട്ടു വിഭീഷണൻ പറയുന്നു. അല്ലയോ ജ്യേഷ്ഠാ ഗുരുത്വം ആലോചിക്കുന്നതായാൽ ജ്യേഷ്ഠാനുജന്മാർ തമ്മിലല്ല. ഗുരുത്വത്തിന്നാധിക്യം മകന്നു മാതാവിന്റെ പേരിലാണ്. അങ്ങിനെയിരിക്കുന്ന മാതാവ് തെറ്റു ചെയ്യുകാലത്തിൽ ലേശംപോലും ഗുരുത്വം ആലോചിക്കാതെ മകൻ മാതാവെ കുലചെയ്യിട്ടുണ്ട്. ഇതിൽ മാതാവ് ആരെന്നും പുത്രൻ ആരാണെന്നും മാതാവുചെയ്യ തെറ്റു എന്താണെന്നും ഉണൎത്താം. പണ്ടു ജമദഗ്നിഎന്നതാപസൻ തന്റെ പത്നിയായ രേണുകയോടുകൂടി നൎമ്മദാനദിയുടെ തീരത്തിൽ പൎണ്ണശാലകെട്ടിഅതിൽ വസിക്കുകയും ഒരുദിവസം കാലത്തെഴുന്നീറ്റ ആശ്രമത്തിൽ അടിതളികഴിഞ്ഞു താപസന്റെപൂജക്കു വേണ്ടുന്ന സംഭാരങ്ങളെല്ലാംഒരുക്കിനൎമ്മദക്കു ജലത്തിന്നായി രേണുക പോകയും നദീതീരത്തു ചെന്നപ്പോൾ കൃതവീൎയ്യപുത്രനായ കാൎത്തവീൎയ്യൻ തന്റെപത്നിമാരോടുകൂടി ജലക്രീഡചെയ്യുന്നതിനെക്കണ്ടു രേണുക, ഞാൻ ഇത്രപാപിയായിത്തീൎന്നുവല്ലൊ എന്റെ അച്ഛൻ പ്രസേനജിത്ത് എന്ന രാജാവായിരുന്നു.എന്നെ ഒരു സന്യാസിക്കു കൊടുത്തനിമിത്തം എന്റെ വിലയേറിയുള്ള ഈ യൌവ്വനകാലമെല്ലാം വ്യൎത്ഥം നശിച്ചു ഞാനും ഒരു താപസി ആയിതീൎന്നുവല്ലൊ. ഇങ്ങിനെ ഉള്ള രാജകുമാരന്മാൎക്കു എന്നെ അച്ഛൻ കല്യാണം കഴിച്ചുകൊടുത്തിരുന്നുവെങ്കിൽ ഞാനും ഇച്ഛാസമയങ്ങളിൽ ക്രീഡാദിസുഖങ്ങളെ അനുഭവിച്ചു സന്തോഷിക്കുമായിരുന്നു. എന്നു ബഹുനേരം രാജക്രീഡയെക്കണ്ടു ആനന്ദിച്ചു നില്ക്കയും തന്നിമിത്തം രേണുകയുടെ പാതിവ്രത്യഭംഗം വരികയും ചെയ്തു. അനന്തരം താപസന്റെ പൂജസമയം അതിക്രമിച്ചുപോയി എന്നു കരുതി അതിവേഗത്തിൽസാധാരണപോലെ ജലത്തെ ഉരുട്ടുകയും പാതിവ്രത്യം ഭംഗം വന്നതിനാൽ ജലം ഉരുളാത്തതുകൊണ്ടു വേഗത്തിൽ ഒരു ഘടത്തിൽ ജലം നിറച്ചെടുത്തു ആശ്രമത്തിലേക്കു വരുന്നതിന്നു മുമ്പെ; ജമദ്

ഗ്നി പ്രാതസ്സ്നാനം കഴിഞ്ഞു ആശ്രമത്തിൽ വന്നു നോക്കിയതിൽ പത്നിയെയും ജലത്തെയും കാണാഞ്ഞതിനാൽ ഇങ്ങിനെവരുവാൻ കാരണമെന്തെന്നു തന്റെ ദിവ്യദൃഷ്ടിയാൽ ആലോചിച്ചു നോക്കിയതിൽ കണ്ടും മനസ്സിലാക്കി ക്രോധിയായിരിക്കുന്ന അവസരത്തിൽ രേണുകയുടെ വരവും ഘടത്തിൽ ജലവും കണ്ടു എടീ കുലടേ! നീ പുണ്യശാലയിൽക്കടക്കരുതെന്നു കല്പിച്ചു തന്റെ പുത്രരായ വസു, വിശ്വാവസു, കണ്ഡ്വാൻ, സുഗോത്രൻ, പരശുരാമൻ എന്നവരിൽ ഒന്നുമുതൽ നാലുപുത്രന്മാരോടും തന്റെ പത്നി ചെയ്ത അനീതിയെ മനസ്സിലാക്കി മാതാവെ കൊലചെയ്യുവാനായി കല്പിച്ചു. അതുകേട്ടു പുത്രന്മാർ മാതാവു് തെറ്റു ചെയ്താൽ ശിക്ഷിപ്പാനുള്ള അധികാരം പിതാവായ അങ്ങേക്കുണ്ടു്. പുത്രന്മാരായ ഞങ്ങൾക്കു അർഹതയില്ല. തന്നിമിത്തം മാതാവെ വധിപ്പാൻ ഞങ്ങളാൽ അസാദ്ധ്യമാണെന്നു പറഞ്ഞതിനെക്കേട്ടു ജമദഗ്നി നാലു പുത്രന്മാരെയും നോക്കി എടാ പിതാവായ എന്റെ കല്പനയെ ലംഘിച്ചു നിമിത്തം നിങ്ങൾ ചണ്ഡാളന്മാരായിപ്പോവിൻ എന്നു ശപിച്ചു. അനന്തരം അഞ്ചാംപുത്രനായ പരശുരാമനെ നോക്കി ജമദഗ്നി പറയുന്നു: ഹേ കുമാരാ! നിന്റെ മാതാവായ രേണുക അന്യന്മാരുടെ ക്രീഡയിൽ മനസ്സുവെച്ചതുകൊണ്ടു പാതിവ്രത്യഭംഗം വന്നിരിക്കുന്നു. ആയതുകൊണ്ടു മേലാൽ എനിക്കു അവൾ പത്നിയായും നിനക്കു മാതാവായും ഇരിപ്പാൻ യോഗ്യതയില്ല. ആകയാൽ നിന്റെ അമ്മയാണെന്നുള്ള ഗുരുത്വം ആലോചിയാതെ നീ അവളെ ഹിംസിക്കേണമെന്നു കല്പിച്ചു. അതുകേട്ടു പരശുരാമൻ കർമ്മകാണ്ഡമായ ഗ്രന്ഥങ്ങളെ പരിശോധിച്ചതിൽ തെറ്റുചെയ്താൽ മാതാവായാലും ഗുരുത്വം ആലോചിയാതെ പുത്രന്മാർ ഹിംസിക്കാമെന്നുള്ള വിധിയെ കാണുകയും ഉടനെ സമചേദനമെന്ന ശസ്ത്രമെടുത്തു രേണുകയുടെ ഗളമറുത്തു നിലത്തിട്ടു. ഉടനെ ജമദഗ്നി മഹർഷിക്കു പുത്രന്റെ പേരിൽ അതി സന്തോഷമുണ്ടായി. നിന്റെ ധൈര്യത്തിന്നു അത്യന്തം അത്ഭുതപ്പെടുന്നു. വേണ്ടുന്ന വരങ്ങളെ വരിച്ചുകൊള്ളുക എന്നു കല്പിച്ചു. ഉടനെ പരശുരാമൻ പിതാവേ

നമസ്കരിച്ച സ്വാമിൻ! നിന്തിരുവടി വരം തരുന്നതായിരുന്നാൽ മരണത്തെ അനുഭവിച്ച മാതാവിന്നു പ്രാണനെ ദാനംചെയ്തു മുമ്പിലത്തെ സ്ഥിതിപോലെ ഉണൎത്തുകയും എന്റെ ജ്യേഷ്ഠന്മാരുടെ ശാപത്തെ മാററുകയും വേണമെന്നുള്ള പരശുരാമന്റെ അപേക്ഷയെ സ്വീകരിച്ച രേണുകയുടെ മരണത്തെപ്പോക്കിയും പുത്രന്മാരുടെ ശാപത്തെ മാററിയും മുമ്പിലത്തെ സ്ഥിതിയിലിരുന്നു. എന്നാൽ മാതാവെ കുല ചെയ്‌വാനുള്ള കാരണം ക്ഷത്രിയതേജസ്സ പരശുരാമൻവശം ഉണ്ടായിരുന്നതുകൊണ്ടാണ്. ആയതിന്നു നിമിത്തമെന്തെന്നുവെച്ചാൽ ആയതും പറയാം. ഋചീകന്റെ പത്നിയുടെ അപേക്ഷപ്രകാരം രജോഗുണത്തെ അവലംബിച്ച ഒരു പിണ്ഡവും സാത്വികഗുണത്തെഅവലംബിച്ച ഒരുപിണ്ഡവും ഇങ്ങിനെ സന്തത്യൎത്ഥം രണ്ടു പിണ്ഡങ്ങളെ മന്ത്രസങ്കല്പമായുണ്ടാക്കി, ഭാൎയ്യക്കും മകൾക്കും ഭക്ഷിപ്പാനായിക്കൊടുക്കുകയും ആയതിനെ മാറി ഭക്ഷിക്കുകയും ആ വിവരം ഋചീകൻ അറിഞ്ഞു നിന്റെ പുത്രന്റെ പുത്രനായ പൌത്രനു രജോഗുണയുക്തമായ ക്ഷത്രിയതേജസ്സ് അനുഭവിക്കട്ടെ എന്നനുഗ്രഹിക്കയും ചെയ്തപ്രകാരം പുത്രപൌത്രനായ പരശുരാമനു അനുഭവിച്ചതാണ്. അങ്ങിനെയുള്ള പരശുരാമൻ തന്നെ പൊറ് വളൎമ്മചെയ്തു മാതാവെന്നുള്ള ഗുരുത്വം ആലോചിയാതെ എങ്ങിനെ ഹിംസിച്ചുവോ അതിനേക്കാൾ വലുതല്ല ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള ഗുരുത്വലഘുത്വങ്ങൾ. എന്നു പറഞ്ഞതിനെക്കേട്ടു കുംഭകൎണ്ണൻ പറയുന്നു: അല്ലയോ സോദരാ! പിതാവായ ജമദഗ്നിയുടെ വാക്കിനെ ധിക്കരിക്കുന്നതായാൽ ഗുരുത്വത്തിന്നു ലഘുത്വമാണ് എന്നുതന്നെയല്ല ഗുരുത്വത്തിൽ ഉയൎന്ന പിതാവിന്റെ കല്പനപ്രകാരം മാതാവെ ഹിംസിച്ചതാണ്. അതുപോലെ ഗുരുത്വത്തിൽ ഉയൎന്ന ഒരുവൻ എന്നോടു ജ്യേഷ്ഠനെ ഉപേക്ഷിക്കണമെന്നു പറയുന്നതായിരുന്നാൽ ഈ പ്രമാണം അതിന്നു ഉദാഹരിക്കാം. നീ ഗുരുത്വത്തിൽ എന്നിൽ താഴ്ന്നവനാണ്. നിന്റെ വാക്കിനെക്കേട്ടു ഗുരുത്വത്തിൽ ആധിക്യത്തോടുകൂടിയുള്ള ജ്യേഷ്ഠനെ ഉപേക്ഷിപ്പാൻ മന

സ്സിന്നു ധൈൎയ്യം വരുന്നില്ല. എന്നു പറഞ്ഞതിനെക്കേട്ടു വിഭീഷണൻ പറയുന്നു. അല്ലയോ ജ്യേഷ്ഠാ എന്നാൽ ഇനി ഒരു ചരിത്രവുംകൂടെ അടിയൻ ഉണൎത്തിക്കാം. പിതാവു തെറ്റചെയ്തതിന്നു പുത്രൻ ശിക്ഷിച്ച ഒരു ചരിത്രമുണ്ട്. അതിൽ പിതാവാരാണെന്നും പുത്രൻ ആരാണെന്നും പുത്രന്നു പിതാവു ചെയ്തു തെറ്റ എന്താണെന്നും ഉണൎത്തിക്കാം. പണ്ടു സൃഷ്ടികാലത്തിൽ ബ്രഹ്മാവിന്റെ പുരികത്തിൽനിന്നു രുദ്രൻ ജനിച്ചു വിവരം അങ്ങയെ പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. മേരുവിന്റെ നടുക്കൊടുമുടിയായ മനോവതി പട്ടണമെന്ന സത്യലോകത്തിൽവെച്ചു ഒരുദിവസം ഹരിഹരവിരിഞ്ചാദികളും ത്രയസ്ത്രിംശക്കോടി ദേവകളും നാല്പത്തെണ്ണായിരംകോടി മഹൎഷികളുംകൂടി ഒരു ബ്രഹ്മവിചാരം ചെയ്തു. എന്തെന്നുവെച്ചാൽ ഹരിഹരവിരിഞ്ചാദികളിൽവെച്ചു മുതൽമൂൎത്തി ആരാണെന്നാക്ഷേപിക്കുകയും അതുകേട്ടു ബ്രഹ്മദേവൻ, സൎവ്വചരാചരങ്ങളേയും സൃഷ്ടിക്കേണ്ടുന്ന ഒരു മുദ്ര എനിക്കാണ്. ആയതുകൊണ്ടു ചരാചരങ്ങൾക്കെല്ലാം ഞാൻ പിതൃതുല്യനാണ്. തന്നിമിത്തം ഞാനാണ് മുതൽമൂൎത്തി എന്നുപറഞ്ഞു. അതു കേട്ടു ഉടനെ നാരായണൻ, ബ്രഹ്മാവു ചരാചരങ്ങളെ സൃഷ്ടിക്കുന്നുണ്ടെങ്കിൽ ആയതുകളെല്ലാം രക്ഷിക്കേണ്ടുന്ന മുദ്ര എനിക്കാണ്. എന്നുതന്നെയല്ല, ബ്രഹ്മാവു എന്റെ നാഭിസരോജത്തിൽനിന്നു ജാതനാണ്. തന്നിമിത്തം ബ്രഹ്മാവിന്റെ പിതൃവു ഞാനായതുകൊണ്ടു ഞാനാണ് മുതൽമൂൎത്തി എന്നു പറഞ്ഞു. അങ്ങിനെ നാരായണനും ബ്രഹ്മാവും ഞാൻ ഞാൻ വലിയവൻ എന്നു അഭിമാനിക്കുന്നതിനെക്കേട്ടു ദേവകൾ, ഹേ ഹരി ഹരന്മാരെ! നിങ്ങളുടെ യോഗ്യത നിങ്ങൾതന്നെ പറയുന്നതിൽ ആത്മപ്രശംസ എന്ന ദോഷമുണ്ടു. ആയതുകൊണ്ടു വേദങ്ങൾ ഒരു കാലത്തും അസത്യം പറയുന്നവരല്ല. വേദങ്ങളെ വരുത്തി ആരാണ് മുതൽമൂൎത്തിയെന്നു ചോദിച്ചു തീൎച്ചയാക്കാം എന്നുപറഞ്ഞ് വേദങ്ങളോടു മുതൽമൂൎത്തി ആരാണെന്നു ചോദിക്കുകയും ആയതു കേട്ടു വേദങ്ങൾ ബ്രഹ്മാവും വിഷ്ണുവും അല്ല മുതൽമൂൎത്തികൾ. സൃഷ്ടിസ്ഥിതിസംഹാര

മെന്ന മൂന്ന തൊഴിലിന്നും അധികാരി പരമേശ്വരനാണ്. ആയ തുകൊണ്ടു മുതൽമൂൎത്തി പരമേശ്വരനാണെന്നു പറഞ്ഞതിനെ ക്കേട്ടു ബ്രഹ്മാവു ഹെ വേദങ്ങളുടെ വാക്ക ശരിയല്ല വേദങ്ങൾ എൻെറ മുഖത്തിൽനിന്നുത്ഭവിച്ചവരാണ്. എൻെറ പുത്രന്മാരെ ന്നുള്ള സ്ഥാനം വേദങ്ങൾക്കിരിക്കും. തന്നിമിത്തം ഞാൻ അവരു ടെ വാക്കിനെ സമ്മതിക്കുന്നതല്ല എന്നു പറഞ്ഞതിനെക്കേട്ടു ദേവ ന്മാർ വേദമാതാവായും ഇരുപത്തിനാലക്ഷരസംയുക്തയായുമിരിക്കു ന്ന ഗായത്രിയെ വിളിച്ചു മുതൽമൂൎത്തി ആരെന്നു ചോദിക്കുകയും എ ൻെറ മക്കൾ പറഞ്ഞതാണ് ശരിയെന്നു പറഞ്ഞു ഗായത്രിപോ കുകയും അതിന്നുശേഷം ബ്രഹ്മാവു, അങ്ങിനെ ഒന്നും വേണ്ട. ഇ തുകൊണ്ടൊന്നും ഞങ്ങളുടെ കാൎയ്യം തീൎച്ചയാവുന്നതല്ല. നാരായ ണനും ഞാനുമായി തമ്മിൽ യുദ്ധംചെയ്തു ജയിക്കുന്നവനാരൊ അ വനെ ഒന്നാമനായി നിശ്ചയിക്കാം എന്നു പറഞ്ഞു ബ്രഹ്മാവും നാ രായണനും തമ്മിൽ യുദ്ധത്തിന്നൊരുങ്ങുകയും അതുകണ്ടു ദേവക ളെല്ലാം ഭയപ്പെട്ടു പരമേശ്വരനെക്കുറിച്ചു സ്തുതിക്കുകയും പരമേ ശ്വരസ്വാമി യുദ്ധത്തിന്നൊരുങ്ങിനില്ക്കുന്ന ഹരി അയന്മാരുടെ മ ദ്ധ്യെ ഒരു അഗ്നിമലയായി നിൽക്കുകയും ബ്രഹ്മാവു അതുകണ്ടു ഹെ പരമേശ്വരാ! നീ അഗ്നിമലയല്ലാ. വജ്രമലയായിനിന്നാൽ നിന്നെ ഞാൻ മാനിക്കുമോ. സാരമില്ലാത്ത ചുടലക്കളത്തിൽ നിൎത്തം ചെയ്യുന്ന നിന്നെ ആരു മാനിക്കും. എന്നു തൻെറ ഊ ൎദ്ധ്വശിരസ്സുകൊണ്ടു പരിഹസിക്കുകയും അതുകേട്ടു തൽക്ഷണം പര മേശ്വരൻ അഗ്നിമലയിൽനിന്നു ഒരു ഭൈരവമൂൎത്തിയായി അവ തരിച്ചു തന്നെപ്പരിഹസിച്ചു ബ്രഹ്മാവിൻെറ ഊൎദ്ധ്വശിരസ്സിനെ നഖശിഖരത്താൽ ഛേദിക്കുകയും ചെയ്തു. ആ ബ്രഹ്മകപാല ത്തിൽ, പന്ത്രണ്ടു സംവത്സരം അഹങ്കാരത്താൽ ആക്ഷേപിച്ച ദേവമഹൎഷികളുടെ അടുക്കൽ ചെന്നു അഹങ്കാരത്തിന്നു ഹേതു വായ രക്തത്തെ ഭിക്ഷയേററ കപാലംനിറച്ചു ഭൂകൈലാസമായ കാശിയിൽ പോയി തന്നെ ബാധിച്ച ബ്രഹ്മഹത്യയെത്തീൎത്തു ക പാലത്തെ ഗംഗയിൽ ഒഴുക്കി ഭൈരവമൂൎത്തി അന്ധമിൎത്തിലിയ

ചെന്നു അധിവസിക്കുകയും ചെയ്തു. ആയ്തുകൊണ്ടു പിതാവായ ബ്രഹ്മാവു തെറ്റുചെയ്ത കാലത്തിൽ ഗുരുത്വമാലോചിയാതെ തന്റെ സ്വന്തേ മനസ്സോടുകൂടി പുത്രനായ പരമേശ്വരൻ തലയറത്തിരിക്കുന്ന ചരിത്രം നിന്തിരുവടി മനസ്സിലാക്കിയിരിക്കുന്നവരാണല്ലൊ. അതിലും വലുതല്ല അഗ്രജനായ ജ്യേഷ്ഠനെ ഉപേക്ഷിക്കുന്ന കാൎയ്യം എന്നതിനെക്കേട്ടു കരുണൻ പറയുന്നു. ഹെ വിഭീഷണ! നീപറയുന്ന ചരിത്രങ്ങളെല്ലാം ശരിതന്നെ. എങ്കിലും ഞാനും രാവണീശ്വരനുമായി ജ്യേഷ്ഠാനുജന്മാർ എന്നുള്ള ഒരു ഉടൽപ്പിറപ്പെന്ന ദേഹബന്ധം എന്നെ വിടുന്നില്ല. അതിന്നു മാൎഗ്ഗമെന്തെന്നു ചോദിച്ചതിന്നു വിഭീഷണൻ പറയുന്നു. ആയതിന്നു അടിയൻ ഒരു യുക്തിപറയാം കേൾക്കുവിൻ. സാധാരണയായി ലോകത്തിൽ ശരീരികൾക്കു അനേക വ്യാധികളുണ്ടെങ്കിലും 'പിളവ' എന്ന രാജകുരു ദേഹത്തിനെ നശിപ്പിക്കുന്ന ഒരു മഹാവ്യാധിയാണ്. അങ്ങിനെ ഉള്ള കുരു ഉണ്ടായാൽ തക്കതായ വൈദ്യന്മാരെ വരുത്തി ക്ഷാരം മുതലായ കാരങ്ങളെവെച്ചു വ്രണത്തെപ്പഴുപ്പിച്ച് ദുഷ്ടരക്തങ്ങളെ കളവാനായി വജ്രംകൊണ്ട് ഛേദിച്ചു ദിവ്യ ഔഷധങ്ങളെവെച്ച് ഉണക്കി ശരീരത്തെ സുഖപ്പെടുത്തുന്നതാണ് ലോകവാസികളുടെ സമ്പ്രദായം. അതുപോലെനിന്തിരുവടിയുടെ ദേഹത്തെ നശിപ്പിക്കുന്നവനായിത്തീൎന്ന ഒരു രാജകുരുവാണ് രാവണനെന്ന ഒരു ഉടൽപ്പിറവ്വു. ആയതിനെ അറിഞ്ഞുവന്ന വൈദ്യനാണ് അടിയൻ. വൈദ്യനായ അടിയന്റെ വാക്കായ വജ്രംകൊണ്ടു ഉടൽപ്പിറപ്പയെന്ന ദേഹബന്ധമായ കുരുവിനെ ഛേദിച്ചു അഭിമാനമെന്ന ദുഷ്ടരക്തത്തെ കളഞ്ഞു രാമരാമ എന്ന ദിവ്യ ഔഷധരസായനത്താൽ വ്രണത്തെ ശമിപ്പിച്ചു കൈവല്യമെന്ന ജന്മസാഫല്യം വരുത്തുന്നതാണ് പുരുഷപ്രയത്നം. ആയതുകൊണ്ടു നിന്തിരുവടി അടിയനെ ക്ഷമിച്ചു സ്വാമിപാദസേവക്കു വരുവാനായി വീണ്ടും നമസ്കരിക്കുന്നു. എന്നതിനെക്കേട്ടു കരുണൻ പറയുന്നു, അല്ലയൊ സോദരാ! ഇത്രനേരം നീ എന്നോടുണ്ടായ വാഗ്വൈഭവത്തിനെക്കേട്ടു

അത്യന്തുതപ്പെടുന്നു· എങ്കിലും നിന്റെ അപേക്ഷയെ ഉപേക്ഷ ചെയ്യുവാനെ മാൎഗ്ഗം കാണുന്നുള്ളു. കാരണം ജ്യേഷ്ഠന്റെ പ്രവൃത്തി അനീതിതന്നെ അതിന്നു യാതൊരു വാദവുമില്ല. ഞാൻ നിന്റെകൂടെ രാമന്റെ അടുക്കലേക്കു വരുന്നതായിരുന്നാൽ ലോകവാസികൾ എന്നെ പരിഹസിക്കും. രാവണന്നു രണ്ടു അനുജന്മാരുണ്ടായിരുന്നതിൽ ഒരുവൻ ആദ്യമെ പോയി രാമന്റെ സേവനായി. മറ്റൊരുവൻ യുദ്ധത്തിന്നു പോകുന്നു എന്നു രാവണനോടു പറഞ്ഞു പടനിലത്തിലേക്കുപോയി അവിടെ രാമാദികളുടെ പരാക്രമങ്ങളെക്കണ്ടു ഭയപ്പെട്ടു രാമന്റെ അടുക്കൽ ചെന്നു കീഴടങ്ങി അനുജന്മാരുടെ സഹായം രാവണന്നു അതിവിശേഷമായി എന്നുള്ള ലോകാപവാദത്തിന്നു നിൎദ്ദോഷിയായ ഞാൻ പാത്രമാകേണ്ടിവരും. എന്നുതന്നെയല്ല. ഇതുവരെ രക്ഷപ്പെടുത്തിവന്ന ജ്യേഷ്ഠന്റെ മുഖേന രാമനോടു യുദ്ധത്തിന്നു പോകുന്നു എന്നു പറഞ്ഞാണ് ശിലാബാണപാണിയായിപ്പുറപ്പെട്ടത്. ആയതുകൊണ്ട് എന്നെ യുദ്ധത്തിന്നയച്ച രാവണന്നുവേണ്ടി ക്ഷണഭംഗുരമായ ഈ ദേഹത്തെ നശിപ്പിക്കാതെകണ്ടു ഞാൻ നിന്റെകൂടെ രാമപാദസേവക്കും വരുന്നതല്ല. ലങ്കക്കും മടങ്ങുന്നില്ല. എടാ വിഭീഷണാ നിനക്കിത്ര ബുദ്ധിയില്ലെ. എല്ലാം ബ്രഹ്മകല്പനപോലെ വരുമെന്നല്ലാതെ മറ്റെന്തൊന്നാണ് പറവാനുള്ളത്. രാമപാദസേവയാൽ നിനക്കു ജന്മസാഫല്യം വരുന്നതുപോലെ രാമസായകമേററ മരിച്ചാൽ ഒരു തരത്തിൽ എനിക്കും സുകൃതമുണ്ട്. നീ അറിയുന്നതുപോലെ രാമനെ ഞാനും അറിയും. എന്റെ പേരിൽ നിനക്കുള്ള സ്നേഹാധിക്യത്താൽ എന്തുതന്നെ പറഞ്ഞാലും നീ കേൾക്കുന്നില്ല. നിന്റെ വാക്കിനേയും നിന്റെ സങ്കടത്തേയും കാണുമ്പോൾ എനിക്കു സങ്കടം സഹിക്കുന്നില്ല. എന്റെ സമയമറിയാതെ നീ എന്നെ വൃഥാ വേദനിപ്പിക്കരുതു. സ്വാമിസമീപത്തേക്കു പോകുക എന്നു കുമ്പൻ പറഞ്ഞതിനെക്കേട്ടു വിഭീഷണൻ പറയുന്നു. അല്ലയോ ജ്യേഷ്ഠാ നിന്തിരുവടിയോടു അടിയൻ ഇതുവരെ പറഞ്ഞ വാക്കുകളെല്ലാം വൃഥാവി

ലായല്ലൊ. വിശ്രവസ്സു മഹൎഷിയുടെ ബീജസന്തതികളായ നാം തമ്മിലുള്ള ജേഷ്ഠാനുജന്മാർ എന്നുള്ള ഒരു ദേഹബന്ധം ഇന്നോടു കൂടി അവസാനിച്ചുവല്ലൊ. എന്നാൽ ഇത്രകാലം അടിയൻ അങ്ങെക്കു മനസാവാചാകൎമ്മണാ വല്ലതെററും ചെയ്യിട്ടുണ്ടെങ്കിൽ ആയതു സകലവും ക്ഷമിപ്പാനായ്ക്കൊണ്ടു നിന്തിരുവടിയുടെ പാദത്തിൽ സാഷ്ടാംഗനമസ്കാരം ചെയ്യുന്നു. എന്നുപറഞ്ഞു വിഭീഷണൻ മടങ്ങിവന്നു ഭഗവാനെ നമസ്കരിച്ചു പറയുന്നു.

ശരണം രാമചന്ദ്രാ! ജ്യേഷ്ഠനായ കുംഭകൎണ്ണനു മേലാൽ ജീവിച്ചിരിക്കേണമെന്നുള്ള വിചാരമുണ്ടെങ്കിലല്ലെ വാക്കുകളുടെ സാരാംശങ്ങളെ ആലോചിക്കുകയുള്ളു. എന്തുതന്നെ പറഞ്ഞാലും ജാത്യഭിമാനം ഉപേക്ഷിക്കുന്നില്ല. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. ഹേ വിഭീഷണാ! കുംഭകൎണ്ണവധം കഴിയുന്നവരെ നീ ഒരു വിടുതിയിലിരിക്കുക ജ്യേഷ്ഠന്റെ മരണത്തിൽ നിണക്കു വലിയ വേദന ഉണ്ടു. എന്നു പറഞ്ഞപ്രകാരം വിഭീഷണൻ ഒരു ഗുഹയിൽ പ്രവേശിച്ചിരുന്നു.

## കുംഭകൎണ്ണവധം.

അനന്തരം കുംഭകൎണ്ണന്റെ പടകളും വാനരങ്ങളും തമ്മിൽ യുദ്ധംതുടങ്ങി രാക്ഷസന്മാർ എല്ലാം നശിച്ചു അനന്തരം കരുണൻ യുദ്ധം തുടങ്ങി വസന്തനെയും രണ്ടുവെള്ളം വാനരങ്ങളെയും പിടിച്ചുഭക്ഷിച്ചു. അംഗദൻ ഒരു മലയെടുത്തെറിഞ്ഞു. ഹനുമാൻ പൎവ്വതങ്ങളെ അനേകമായിക്കൊണ്ടു വന്നെറിഞ്ഞു. അതുകളെയെല്ലാം കരുണൻ പൊടിപെടുത്തി. ലക്ഷ്മണൻ കരുണനോടു യുദ്ധം തുടങ്ങി അവസാനം കരുണൻ ശൂലമെടുത്തു ലക്ഷ്മണന്റെ വക്ഷോദേശത്തിലേക്കെറിഞ്ഞു. അതുകണ്ടു സുഗ്രീവൻ ശൂലത്തെക്കടിച്ചുമുറിച്ചു. കരുണൻ സുഗ്രീവനെപ്പിടിച്ചു ലങ്കക്കു കൊണ്ടുപോവാൻ ശ്രമിച്ചു. ആ വിവരം ഹനുമാൻ ഭഗവാനെ കേൾപ്പിച്ചു. അപ്പോൾ ഭഗവാൻ ശരക്കൂടംകെട്ടി മാൎഗ്ഗവിരോധം ചെയ്തു. കരുണൻ ലങ്കക്കു പോവാൻ മാൎഗ്ഗമില്ലാതെ മടങ്ങി പടനിലത്തിൽ വന്നു ഭഗവാനോടു പറയുന്നു. ഹേ രാഘവാ; നി

ന്നോട്ടു യുദ്ധം ചെയ്വാനാണ് ഞാൻ വന്നത്. നിന്നെ യുദ്ധക്കള ത്തിൽ എല്ലാദിക്കിലുംതിരഞ്ഞുനോക്കി കണ്ടില്ല.ഹനുമാൻ അംഗ ദൻ നിന്റെ അനുജനായ ലക്ഷ്മണൻ ഇവരെല്ലാം യുദ്ധത്തിന്നു വ ന്നുമടങ്ങി അവസാനം എനിക്കു കയ്യിൽകിട്ടിയതു ഈ സുഗ്രീവ നെയാണ്. നിന്നോട്ടു ഒരു പരീക്ഷ എനിക്കുണ്ട്. അതെന്തെന്നു വെച്ചാൽ എന്നാൽ ബദ്ധനായ ഈ സുഗ്രീവനെ എന്നിൽനിന്നു വിടുത്തി രക്ഷപ്പെടുത്തുവാൻ നിണക്കു കഴിയുമെങ്കിൽ എന്റെജ്യേ ഷ്ഠന്റെ കൈവശമുള്ള ജാനകിയെ വീണ്ടുകൊണ്ടുവരുവാൻ നീ സ മൎത്ഥനായിത്തീരും. അല്ലാത്തപക്ഷം കഴിയുന്നതല്ല എന്നതിനെക്കേ ട്ടു ഭഗവാൻ ഒരസ്ത്രം തൊടുക്കുകയും ആ ശരമേററുടനെ കരുണൻ സുഗ്രീവനെ വിടുകയും സുഗ്രീവൻ കരുണന്റെ നാസിക കടിച്ചു മാടുകയും ചെയ്തു. അനന്തരം കരുണൻ വാളും പരിചയുമെടു ത്തു ഭഗവാനോട്ടു അതികഠോരമായ യുദ്ധം നടത്തുകയും അവസാ നം കരുണന്നു പൂൎവ്വസ്മരണയുണ്ടാവാൻ നെററിയിൽ ഒരു മോഹ നാസ്ത്രം തൊടുക്കുകയും അതു പെട്ട ഉടനെ കരുണൻ ഭഗവാനെ വണങ്ങി പറയുന്നു. ശരണം രാമചന്ദ്ര! പ്രഭോ സ്വാമിൻ! അ ടിയന്നീ രണ്ടു വരം തരണം. അതെന്തെന്നാൽ, എന്റെ അനു ജനായ വിഭീഷണനെ സംബന്ധിച്ചു എനിക്കു അത്യന്തം സങ്കട മുണ്ട്. അവൻ വളരെ സാധുവും യുദ്ധത്തിൽ യാതൊരു പരി ചയമില്ലാത്തവനും ദേഹബലമില്ലാത്തവനുമാണ്. തന്നിമിത്തം രാവണനൊ രാവണപുത്രനായ ഇന്ദ്രജിത്തൊ വിഭീഷണനെ യു ദ്ധകളത്തിൽവെച്ചു കണ്ടുവെന്നു വരുകിൽ അപ്പോൾതന്നെ വധം കഴിക്കും. യാതൊരു സംശയവുമില്ല. ആയ്തുകൊണ്ടു രാവണവധം കഴിയുന്നവരെ നിന്തിരുവടിയെങ്കിലും അനുജൻ ലക്ഷ്മണനെങ്കി ലും ഹനുമാനെങ്കിലും ഇങ്ങിനെ മൂന്നിൽ ഒരാളുടെ സഹായമില്ലാ തെ വിഭീഷണൻ ഏകാകിയായി സഞ്ചരിക്കരുത്. സഞ്ചരിച്ചു വെങ്കിൽ സാധു മരിച്ചുപോകും. അങ്ങിനെതന്നെ വിഭീഷണ നെ രക്ഷിച്ചുകൊള്ളാമെന്നു ഒരു വരവും കൂടാതെ ഇന്ദ്രാദിദേവ ന്മാർ എന്നെക്കണ്ടാൽ ബ്രഹ്മദത്തപ്രതാപിയായ കുംഭകൎണ്ണ ന്റെ മുഖത്തു ഒരു കുരങ്ങൻ മാന്തി ഉത്തമാംഗമായ നാസികയെ

കടിച്ചു പറിച്ചുകൊണ്ടു പോകയാൽ എന്റെ നാസിക പൎവ്വതത്തി ന്റെ ഒരു കുഹരം പോലെ തോന്നുന്നുവെന്നു പറഞ്ഞു പരിഹസിക്കും. ആകയാൽ അതിന്നിടവരുത്താതെ വേഗത്തിൽ എന്നെ ബ്രഹ്മാസ്ത്രം തൊടുത്തു എന്റെ തലയറുത്തു വീണ ഉടനെ വായുക്കണ തൊടുത്തു കരപ്പോരകമെന്ന പെരുമ്പുറക്കടലിൽ എന്റെ തല മുങ്ങിക്കിടക്കത്തക്ക വിധത്തിൽ വെള്ളമില്ലെങ്കിലും അതിൽക്കൊണ്ടുപോയി മേക്കേണമെന്നുതന്നെയല്ല. സൎവ്വേശ്വരനായ നിന്തിരുവടിയെ പിരിഞ്ഞിരിക്കുന്നതിൽ വ്യസനമുണ്ട് അതുകൊണ്ടു കഴിയുന്ന വേഗത്തിൽ ഒരു ജന്മവും കൂടെത്തന്നു അനന്തരം മുമ്പില്ലാത്ത സ്ഥാനത്തിൽവെച്ചു രക്ഷിക്കേണമെ സ്വാമി, എന്നു പറഞ്ഞതിനെ കേട്ടു ഭഗവാൻ പറയുന്നു ഹെ കരുണാ! നിന്റെ അഭീഷ്ടംപോലെ ഉള്ള വരങ്ങളെ ഞാൻ ദാനം ചെയ്തിരിക്കുന്നു. നീ എന്റെ കേശാദിപാദം സ്വരൂപധ്യാനം ചെയ്തു കൊള്ളുക. ഞാൻ നിന്നെ നിഗ്രഹിക്കുന്നുണ്ട്. എന്നു പറഞ്ഞു അസ്ത്രം തൊടുത്തു, ശിരസ്സറുത്തു വായുക്കണയാൽ ശിരസ്സിനെ പെരുമ്പുറക്കടലിലേക്കയച്ചു ഭഗവാനും വാനരങ്ങളും പാടിവീട്ടിൽ സ്ഥിതിക്കുകയും ചെയ്തു.

### രാവണൻ സീതയോടുള്ള ഏകാന്തം.

രാവണൻ തന്റെ പ്രധാനമന്ത്രിയായ മഹോദരനെ വിളിച്ചു ഹേ മന്ത്രീ; ഈ ഒരു സംവത്സരകാലമായും ജാനകി എന്റെ കൈവശം വന്നിട്ടില്ലല്ലൊ. ആ സ്ത്രീ സ്വാധീനമാവാൻ വല്ല മാൎഗ്ഗവും ഉണ്ടോ പറക; എന്നതിനെക്കേട്ടു മഹോദരൻ പറയുന്നു. ശരണം ലങ്കേശ്വര ആശ്ചൎയ്യമെന്തേ പറവാനുള്ളൂ. ഐശ്വൎയ്യവാന്മാരിൽവെച്ചു അഗ്രേസരനായ നിന്തിരുവടി വിചാരിച്ചിട്ടു ഒരു സ്ത്രീയെ കൈവശപ്പെടുത്തുവാൻ സാധിച്ചില്ല എന്നു വന്നാൽ ഇതില്പരം കഷ്ടം വേറെ വല്ലതുമുണ്ടോ. ഈ വസ്തുത അടിയനോടു പറഞ്ഞിരുന്നാൽ അഞ്ചു നിമിഷത്തിന്നുള്ളിൽ ജാനകിയെ സ്വാധീനമാക്കിത്തരുമായിരുന്നു. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. മന്ത്രി! സ്ത്രീകൾ സ്വാധീനം വരുവാനുള്ള മാൎഗ്ഗമെന്താണ്

നീ മനസ്സിലാക്കീട്ടുള്ളത് ആവുന്നേടത്തോളം ഈ ഒരു കാര്യം അന്യന്മാരോടു പറയുന്നത് എന്റെ അവസ്ഥക്കനുസരിച്ച ഒരു കാര്യമല്ലല്ലൊ എന്നു കരുതിയാണ് ഞാൻ പുറത്തു പറയാതിരുന്നത്. എന്നാൽ യാതൊരു കഴിവും കാണാത്ത നിമിത്തമാണ് നിന്നോടു ഇപ്പോൾ പറവാൻ കാരണം എന്നതിനെക്കേട്ടു മന്ത്രി പറയുന്നു. ശരണം പ്രഭൊ! സ്വാധീനമല്ലാത്ത സ്ത്രീകൾ കൈവശം വരുവാനായി നെററിയിൽ തൊടുവാൻ ചില തിലകമുണ്ട്. ഒരു കത്തു കൊടുപ്പാൻ ഗുളികകളും ഉണ്ട്. എന്നാൽ അതിന്റെ യോഗവും ഫലഭാഗവും പറയാം എന്നു മരുന്നുകളുടെ വിവരം പറയുന്നു.

തിലകത്തിന്റെ യോഗം. താമരയല്ലി, അരത്ത, കോലരക്ക്, ആമ്പല്, എരട്ടിമധുരം, കൊട്ടം, വെളുത്ത കുന്നിയുടെ വടക്കോട്ടുപോയവേര്, വെളുത്ത മുക്കുററി, മയിലോശിക, ഗോരോചനം ഇവയെല്ലാം സമം ചേൎത്തു പൊടിച്ച ശീലപ്പൊടിയാക്കി പതിനാറുവയസ്സായും കടിഞ്ഞൂൽ പ്രസവിച്ചതായും ആയതു ആണ്കുട്ടിയായും ആ കുട്ടി മരിച്ചും, ആ സ്ത്രീ കറുത്ത നിറമായും ഉള്ള സ്ത്രീയുടെ, മുലപ്പാലിൽ മുമ്പറഞ്ഞ പൊടി ചേൎത്തു ഒരു യാമം ഇടവിടാതെ അരച്ച മഞ്ചാടിപ്രമാണം ഗുളിക ഉരുട്ടി നിഴലിലുണക്കി അതിൽനിന്നു, ഒരു ഗുളിക എടുത്തു സ്വാധീനമല്ലാത്ത സ്ത്രീയുടെ മുഖത്തു നോക്കി ഒരു പുരുഷൻ തന്റെ നെററിയിൽ ഒരു പൊട്ടു തൊട്ടാൽ തൽക്ഷണം ആ സ്ത്രീ വന്നു മാറത്തണയും ഇതിന്നു ദൃഷ്ടാന്തം. മരംകൊണ്ടു സ്ത്രീയും പുരുഷനുമായ് രണ്ടു പ്രതിമകളെ ഉണ്ടാക്കി സങ്കല്പരൂപേണ പുരുഷപ്രതിമയുടെ നെററിയിൽ ഒരു പൊട്ടു തൊട്ടാൽ നിശ്ചേഷ്ടയോടുകൂടിയ സ്ത്രീപാവ ചേഷ്ടയോടുകൂടി ഓടി വന്നു പുരുഷപാവയുടെ മാറത്തണയും. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. മന്ത്രി, കാൎയ്യം ശരിതന്നെ. അതിൽ ഒരു തകരാറുണ്ട്. എന്തെന്നുവെച്ചാൽ, ജാനകി ഈ പതിനൊന്നു മാസകാലമായി എന്റെ മുഖത്തു അവൾ നോക്കുന്നില്ല പിന്നെ തിലകംകൊണ്ടു പ്രയോജനമില്ലല്ലൊ. എന്നതിനെക്കേട്ടു മഹോദരൻ പറയുന്നു. ഹെ രാവണീശ്വര! ഇനി ഒരു ഗു

ളികയുണ്ടായതിൻെറ യോഗവും കൂടെ കേറംപ്പിൻ എന്ന ഔഷധ ങ്ങളെപ്പറയുന്നു. മാടപ്രാവിൻെറ മുട്ടകയിലുള്ള മഞ്ഞക്കരുവ് നീക്കി വെള്ളക്കരുവ്, മൈലോശിക, സൂചിക്കാന്തം, കൂറപ്പേൻ, മുലട്ട, ഇതുകളെ കാട എന്ന പക്ഷിയുടെ മുട്ടകയിലുള്ള മഞ്ഞ ക്കരുവിലരച്ചു മഞ്ചാടിപ്രമാണം ഗുളിക ഉരുട്ടി നിഴലിലുലത്തി വെക്ക. അതിൽനിന്നു ഒരു ഗുളിക എടുത്തു മുലപ്പാലിൽ ഉര സി വെററിലയിലൊ പഴത്തിലൊ ചേൎത്തു അകത്തു കൊടുത്താൽ പിന്നെ ആ സ്ത്രീ കൈവശം വരുമെന്നുമാത്രമല്ല, മരിച്ച ശവ ത്തെ എടുത്തുകൊണ്ടു പോകുമ്പൊഴും കൂടി ഒന്ന് ഈ പുരുഷനെ തിരിഞ്ഞുനോക്കും അത്ര സാരമായുള്ള ഔഷധമാണ് എന്നു പറ ഞ്ഞതിനെക്കേട്ടു രാവണൻ പറയുന്നു. ഹെ മന്ത്രി! അതിന്നംത മില്ല ജാനകി ഇവിടെ വന്നതിന്നുശേഷം യാതൊരു പദാൎത്ഥവും കഴിക്കുന്നില്ല. പിന്നെ എങ്ങിനെ നിവൃത്തിക്കും എന്നതിനെക്കേ ട്ടു മഹോദരൻ പറയുന്നു. സ്വാമിൻ രാവണീശ്വര, ഇനി ഒരു ഉപായമുണ്ട് അതിൽ കാൎയ്യം ഫലിക്കും എന്തെന്നുവെച്ചാൽ നി ന്തിരുവടി സൌന്ദൎയ്യയുക്തനായി ജാനകിയോടു സംസാരിപ്പാനാ യിപ്പോകുക. അങ്ങിനെ സംസാരിക്കുന്ന മദ്ധ്യേ നമ്മുടെ മായാ വിയായ മരുത്തനെക്കൊണ്ടു ജനകൻെറ വേഷം കെട്ടിപ്പിച്ചു ജാന കിയുടെ മുമ്പിൽ കൊണ്ടുവന്നു അടിച്ച് ഉപദ്രവിക്കുക. ആ ഉ പദ്രവത്തെക്കാണുമ്പോൾ ജാനകി ദുഃഖിക്കും ആ സമയത്തിൽ ജാനകിയോടു നിന്തിരുവടിക്കു പത്നിയായിരിപ്പാൻ മായാജനക നെക്കൊണ്ടു പറയിപ്പിക്കുക. അതു കേട്ടാൽ ഉടനെ ജാനകി സമ്മ തിക്കും നിന്തിരുവടിയുടെ ദുഃഖവും തീരും. എന്നതിനെക്കേട്ടു രാവണൻ സന്തോഷിച്ചു പറയുന്നു മന്ത്രി ഇതു ഫലിക്കുന്ന ഒരു യുക്തിയാണ്. എന്നാൽ ഞാൻ അപ്രകാരം ചെയ്യുമെന്നു പറ ഞ്ഞ് രാവണൻ സൌന്ദൎയ്യയുക്തനായി പരിചാരകന്മാർ പെട്ടി ഭണ്ഡാരങ്ങളെ എടുത്തും അനേകം ദേവസ്ത്രീകൾ വിളക്കെടുത്തും വാദ്യഘോഷങ്ങളോടുകൂടി പുറപ്പെട്ടു സീതയുടെ അടുക്കൽ വന്നു വണങ്ങിപ്പറയുന്നു.

ഹെ ജാനകി നീ സൌന്ദൎയ്യസ്ത്രീകൾക്കെല്ലാം ഒരു തൊടുകുറി

യായ സൌന്ദൎയ്യകുലതിലകസന്തോഷചിന്താമണിയല്ലെയാ. നിന്നെ ഞാൻ ചിറയെടുത്തുകൊണ്ടുവന്നതില്പിന്നെ ഈ ഒരു സംവത്സരമായി സമയോചിതമായ ആഹാരാദികൾക്ക മനസ്സില്ലാതെയും അഭ്യംഗം മുതലായതിന്ന മനസ്സില്ലാതെയും അത്യന്തം ബുദ്ധിമുട്ടുന്നു.ഇനിയും നീ ഇങ്ങിനെ കഠിനചിത്തമായിരുന്നാൽ രാവണൻ മരിച്ചുപോകുന്നതിന്ന യാതൊരു സംശയവുമില്ല.സ്ത്രീകൾ ഇപ്രകാരം കഠിനചിത്തകളായിത്തീൎന്നാൽ ലോകം എങ്ങിനെ നിലനില്ക്കും.എന്നാൽ നിന്റെ മനസ്സിൽ ഒരു വിചാരം ഞാൻ രാമന്റെ പത്നിയല്ലെ. ആജീവനാന്തം അന്യപുരുഷനെ കാംക്ഷിക്കരുതെന്നല്ലെ പതിവ്രതാധൎമ്മത്തിന്റെ മുറ അങ്ങിനെയിരിക്കെ ഇപ്പോൾ രാവണനെ പതിയായാൽപാതിവ്രത്യധൎമ്മത്തിന്നും ഭംഗമല്ലെ.എന്നും മറ്റും വിചാരിച്ചായിരിക്കും നീ എനിക്ക സ്വാധീനമാവാതെകണ്ടു വൃഥാ കാലം കഴിക്കുന്നത്.അങ്ങിനെവിചാരിപ്പാൻ ആവശ്യമില്ല. അതെന്തുകൊണ്ടെന്നുവെച്ചാൽ ചില ഉദാഹരണങ്ങളെപ്പറയാം. പണ്ടു ഗൌതമപത്നിയായ അഹല്യയെക്കണ്ട് ഇന്ദ്രൻ കാംക്ഷിക്കുകയും ഒരു ദിവസം അൎദ്ധരാത്രി സമയത്തിൽ ഇന്ദ്രൻ ഗൌതമന്റെ പൎണ്ണശാലയിൽപോയി കോഴിയെപ്പോലെ കൂവുകയും അതുകേട്ട ഗൌതമനും സ്നാനത്തിന്ന സമയമായി എന്നു കരുതി പൎണ്ണശാലയെ വിട്ടു ഗംഗാതീരത്തിലേക്ക പോവുകയും ആ തക്കത്തിൽ ഇന്ദ്രനും ഗൌതമന്റെ രൂപത്തെ ധരിച്ചു പൎണ്ണശാലയിൽ കടന്നു അഹല്യയെ പ്രാപിക്കുന്നതിന്നമദ്ധ്യെ ഗൌതമൻ ഗംഗാതീരത്തിൽ ചെന്നപ്പോൾ ഗംഗ ഉണരാതിരിക്കുന്നതിനെക്കണ്ടു ഇങ്ങിനെ വരുവാൻ സംഗതിയെന്ത്; കോഴിക്കൂവിയാൽപ്പിന്നെ പുലരുവാൻ ഒരു യാമമല്ലെ ഉള്ളു. ഒരു യാമത്തിന്നുമ്പെ ഗംഗ ഉണരുന്ന പതിവാണല്ലൊ. ഇങ്ങിനെ വരുവാൻ കാരണമെന്തെന്നു തന്റെ ദിവ്യദൃക്കിനാൽ ആലോചിച്ചു കാൎയ്യം മനസ്സിലാക്കി അതിവേഗത്തിൽ മടങ്ങിവന്നു പൎണ്ണശാലയിൽ കടക്കുന്നതിന്ന ഇന്ദ്രൻകണ്ടു മാൎജ്ജാരന്റെ രൂപത്തെ എടുത്തു പുറത്തു ചാടുന്നതിനെ ഗൌതമൻ നോക്കി ഹെ പുരന്ദര! നീ ഒരു ഭഗത്തിന്ന ഇച്ഛിച്ചല്ലെ എന്റെ പത്നിയെ രമിച്ചത്. നിന്റെ ശരീരമെല്ലാം

ഭംഗമാവട്ടെ എന്നു ശപിക്കുകയും അനന്തരം ഇന്ദ്രന്നു ശാപമോചനം ചെയ്കയുംചെയ്തു. ഗൌതമപത്നിയായ അഹല്യ പാതിവ്രത്യമുള്ള സ്ത്രീയല്ലയൊ? ആ സ്ത്രീ ഇപ്പോഴും ഭത്താവു് ഒരുമിച്ചു സുഖിച്ചിരിക്കുന്നില്ലയൊ. അന്യനെ രമിച്ച നിമിത്തം വല്ല കേടും ഭവിച്ചുവൊ. തന്റെ ഭത്താവു് ഉപേക്ഷിച്ചുവൊ. അതുപോലെ അനന്തസ്ത്രീകൾ തന്നെ കാംക്ഷിച്ച പുരുഷന്മാക്കു മാരതാപാഗ്നിയെ ശമനത ചെയ്തുകൊടുത്തിട്ടുണ്ടു്. ആയതുകളെയെല്ലാം അറിയത്തക്ക നീ ഒരു രാജകുമാരിയായിരുന്നും എന്റെ വൈഭവങ്ങളെയെല്ലാം നി അറിഞ്ഞിരുന്നും എന്നെ ഇത്തരത്തിൽ വേദനിപ്പിക്കുന്നതു നിനക്കു ധമ്മമൊ ജാനകി. നീ സ്വാധീനംവരേണമെന്നു വിചാരത്താൽ അനേക മന്ത്രശാസ്ത്രങ്ങളേയും അനേകം വശ്യശാസ്ത്രങ്ങളേയും പരിശോധിച്ചതിൽ നിന്നു സ്വാധീനിപ്പാനായി ഒരു മന്ത്രമെങ്കിലും ഒരു ഔഷധമെങ്കിലും ഇതേവരെ കാണ്മാൻ സാധിച്ചില്ല. മേലിൽ ഇങ്ങിനെ ചെയ്യാതെ എന്റെ പ്രാണൻ നിലനില്പാനായി തൊണ്ടിപ്പഴം മണ്ടുന്ന വണ്ണത്തോടുകൂടിയ നിന്റെ ചുണ്ടിനെത്തുറന്നു പുഞ്ചിരിക്കൊഞ്ചലോടുകൂടി എന്റെ മുഖത്തു നോക്കു. മധുരമായ ഒരു വാക്കുപറഞ്ഞാൽ മതി വേറെ ഒന്നും വേണമെന്നില്ല. എന്നതിനെക്കേട്ടു സീത ഒരു തൃണത്തിനെ നട്ടു രാവണപ്പുല്ലു് എന്നു സങ്കല്പിച്ചു് ആ തൃണത്തെ നോക്കിപ്പറയുന്നു. ഹെ രാവണപ്പുല്ലെ! ദ്രോഹി അന്യപുരുഷന്റെ പത്നിയാണു്. ഇത്തരം അനീതിയായ വാക്കുകളെപ്പറയരുതു്. അങ്ങിനെ പറയുന്നതായാൽ ലോകാപവാദവും മരണശേഷം നരകവുമാണു് എന്നു കരുതുന്നില്ലല്ലൊ നീചാ. എടാ ധമ്മാധമ്മത്തെപ്പകുത്തറിവാൻ നിന്റെ ബുദ്ധിക്കു ശക്തിയില്ലെ. നിന്റെ സകുഡുംബവും എന്റെ കണവന്റെ അസ്ത്രംപെട്ടു നശിച്ചില്ലെന്നു വരികിൽ ഞാൻ പാതിവ്രത്യത്തോടുകൂടിയിരുന്ന പ്രയോജനമെന്തു്? ധമ്മം ലോകത്തിൽ നിലനില്ക്കുമോ പാപി. കാക്ക കഴു മുതലായ പക്ഷികൾ, എന്നെക്കണ്ടു മോഹിച്ച നിന്റെ ഇരുപതു നേത്രവും കൊത്തി ഭുജിക്കുന്നതിനെ ഞാൻ കാണുമാറാകട്ടെ ദുഷ്ട, എന്നതിനെക്കേട്ടു രാവണൻ മഹോദരനെ വിളിക്കുകയും മഹോദരനും മരു

ത്തനെ മായാജനകനാക്കി പിടിച്ചു കെട്ടിക്കൊണ്ടുവന്നു ജാനകിയുടെ മുമ്പിൽവെച്ച് അടിക്കുകയും ആയതിനെക്കണ്ടു ജാനകി ദുഃഖിക്കുന്നു. അയ്യോ പിതാവെ! നിങ്ങൾക്കു ഞാൻ മകളായി ജനിച്ചതുകൊണ്ടു രാക്ഷസന്മാരുടെ കയ്യിൽപ്പെട്ട് ഇങ്ങിനെ ദുഃഖിക്കുമാറായല്ലൊ. ഞാൻ നിമിത്തം എന്റെ രാജ്യവാസികളും എന്നെ കല്യാണം ചെയ്യുനിമിത്തം അയോദ്ധ്യവാസികളും ദുഃഖിക്കുമാറായല്ലൊ. ഞാനെന്തിനിങ്ങിനെ രണ്ടുകൂട്ടൎക്കും ശേഷിയായി പ്രാണനോടുകൂടെ ഇരിക്കുന്നു. എന്നും മററും പറഞ്ഞു വ്യസനിക്കുന്നതിനെക്കണ്ട് രാവണൻ ജാനകിയോടു പറയുന്നു. അല്ലയൊ ദേവീ! നീ ഒരു കാലത്തും വ്യസനിക്കരുത്. നിന്റെ സങ്കടം കാണുമ്പോൾ എനിക്കും സങ്കടം സഹിക്കുന്നില്ല. നിന്റെ പേരിലുള്ള രാഗാധിക്യംനിമിത്തം നിന്റെ പിതാവിനെ ഇപ്രകാരം ചെയ്യുതാണ്. എന്നാൽ എന്നിൽ രാവണനു സ്നേഹമുണ്ടെങ്കിൽ എന്റെ പിതാവിനെ ഉപദ്രവിക്കാമൊ എന്നു നീ വിചാരിക്കുന്നപക്ഷം എന്റെ പേരിൽ തെററാണ്. ആയത് നീ ക്ഷമിക്കണം നിന്റെ പിതാവിനെ ഞാൻ മേലാൽ ഉപദ്രവിക്കുന്നില്ല. എന്നുതന്നെയല്ല നീ എനിക്കു സ്വാധീനമായാൽ ജനകനു ഞാൻ കൊടുപ്പാൻ വിചാരിക്കുന്ന ഭാഗ്യങ്ങളെപ്പററിയും കേൾക്കുക. ഈ ലങ്കാരാജ്യവും അതിലെ സൎവ്വഭാഗ്യങ്ങളും നിന്റെപിതാവിന്നു ഞാൻ കൊടുക്കുന്നുണ്ട് അങ്ങിനെ ലങ്ക നിന്റെ അച്ഛന്നു കൊടുക്കുന്നതായാൽ നമുക്കിരിപ്പാൻ ഒരു രാജധാനിയില്ലല്ലൊ എന്നു വിചാരിച്ചു നീ വ്യസനിക്കേണ്ടതില്ല. മൂന്നു ലോകവും എന്റെ കീഴിലാണ്. എനിക്കും നിണക്കുംകൂടി വേറെ വല്ല ദിക്കിലും ഇരിക്കാം. ഞാൻ പണ്ടു വൈശ്രവണനെ ജയിച്ചപ്പോൾ അവിടുന്നു നിധികളെക്കൊണ്ടുവന്നു വെച്ചിട്ടുണ്ട്. ആ നിധിയും പുഷ്പകവിമാനവും ലങ്കേശ്വരൻ എന്ന സ്ഥാനവും എന്റെ കരത്തിലുള്ള ചന്ദ്രഹാസത്തെയും നിന്റെ അച്ഛന്നു കൊടുക്കും എന്നുതന്നെയല്ല സ്വൎഗ്ഗഭോഗങ്ങളെയും അനുഭവിക്കും എന്നു പറഞ്ഞതിനെ കേട്ടു ജാനകി പറയുന്നു. ഹേ ദുഷ്ടാ! ലങ്കാധിപത്യം വഹിപ്പാൻ സ്വാമിഭക്തനായ വിഭീഷണനാണ്. സ്വൎഗ്ഗഭോഗം അനുഭവിപ്പാൻ ഇന്ദ്രനാണ്. നിങ്ങ

ക്കുള്ള അനുഭവമെന്തെന്നുവെച്ചാൽ സർവ്വേശ്വരനായ സ്വാമിയു
ടെ അസ്ത്രം പെട്ടു അതിനാലുണ്ടാവുന്ന സുഖം നീയും അനുഭവി
ക്കും എന്നുതന്നെയല്ല നിന്റെ മനസ്സിൽ ഇന്ദ്രജിത്തു പ്രാണനോ
ടുകൂടി ഇരിക്കുന്നവരെ മനുഷ്യരെ ഞാൻ മാനിക്കുമൊ എന്നുള്ള
നിന്റെ അഹങ്കാരം വൃഥാവിലാണ്. കാരണം സുമിത്രാത്മജനാ
യ ലക്ഷ്മണന്റെ അസ്ത്രംപെട്ട് ഇന്ദ്രജിത്തു മരിക്കും നീ അതറി
ഞ്ഞു വന്നു മകനെ എടുത്തു മടിയിൽവെച്ചു കാക്ക, കഴുക്കളെ, ആ
ട്ടി നെഞ്ചത്തടിച്ചു ദുഃഖിക്കുമാറാകും. എന്റെ മുന്നിൽനിന്നു
പോടാ ദ്രോഹിയെന്നതിനെ കേട്ടു മായാജനകനെ മഹോദരൻ അ
ടിക്കുകയും ജനകനും അടികൊണ്ടു സഹിയാതെ ജാനകിയോടു പ
റയുന്നു. അയ്യയ്യാ മകളെ നീ നിമിത്തം ഞാനിങ്ങിനെ രാക്ഷസ
ന്മാരുടെ പ്രഹരമേററു മരിക്കുമാറായല്ലൊ. എനിക്കുവേണ്ടി നീ
ഒരു കാര്യം ചെയ്യണം. അതെന്തെന്നുവെച്ചാൽ ത്രൈലോക്യപു
രന്ദരനായ ഈ രാവണന്നു നീ പത്നിയായിരിക്കണം. എന്നാൽ
മേലിൽ എനിക്കും നിണക്കും സുഖമായിരിക്കാം എന്നു പറഞ്ഞ
തിനെക്കേട്ടു ജാനകി ജനകനെ നോക്കിപ്പറയുന്നു. എടാ ഗതികെ
ട്ടവനെ നീ എന്തു പറഞ്ഞു? ഒരുത്തന്റെ പത്നിയോടു മറെറാരു
ത്തനു പത്നിയായിരിക്കേണമെന്നു നീയല്ലാതെ ആരെങ്കിലും ഈ
അന്യായമായ വാക്ക് പറയുമോ? ധർമ്മം നശിപ്പാനും വേദനിയമ
ങ്ങൾ തെററുവാനും രാജാക്കളുടെ സ്വധർമ്മം കെടുവാനും ലോകരീ
തിക്കു വിരോധമായ വാക്കുകളെ പറഞ്ഞതിനെ ആലോചിക്കു
മ്പോൾ മിഥിലാധിപനായ ജനകൻ നീ അല്ല തീർച്ചതന്നെ. എ
ന്നതിനെ കേട്ടു രാവണൻ ക്രോധിച്ചു ചന്ദ്രഹാസമെടുത്തു ജാന
കിയെ വെട്ടുവാൻ പുറപ്പെടുകയും അതു കണ്ടു മഹോദരൻ തടുത്തു
രാവണനോടു പറയുന്നു. ശരണം പ്രഭോ! ജാനകിയെ വെട്ടുന്ന
തിൽ അപകടമുണ്ട്. നിന്തിരുവടിയുടെ അനുജനായ കുംഭക
ർണ്ണൻ യുദ്ധത്തിന്നു പോയിട്ടുണ്ട് നിശ്ചയമായും രാമാദികളെ ജയി
ക്കാതെ മടങ്ങുന്നതല്ല. ആയതുകൊണ്ടു രാമൻ മരിച്ചു എന്നു കേ
ട്ടാൽ ജാനകി കൈവശം വരും. യുദ്ധവിവരം അറിഞ്ഞതിന്നുശേ
ഷം വേണ്ടതുപോലെ ആവാം എന്നതിനെ കേട്ടു രാവണൻ രാജ

ധാനിയിൽ വന്നിരുന്ന ദൂതന്മാരെ അയച്ചു കുംഭകൎണ്ണൻ മരിച്ചു എന്നറികയും ഉടനെ പടനിലത്തിൽ വന്നു കരുണനെക്കണ്ടു ദുഃഖിക്കുന്നു. അയ്യോ സോദര! നിന്റെ അവസ്ഥ ആലോചിക്കുമ്പോൾ ദുഃഖം സഹിക്കുന്നില്ലല്ലോ. നീ സംഗരത്തിൽ സ്ഥാനത്തിന്നായി ഇറങ്ങിയാൽ നിണക്കു പാദക്ഷാളനത്തിന്നുള്ള കല്ലു മഹാമേരുവാണല്ലോ. നിന്റെ ഭുജങ്ങളെക്കണ്ടു പൎവ്വതമാണെന്നുള്ള വിശ്വാസത്തിന്മേൽ മേഘങ്ങൾ സഞ്ചരിക്കുമല്ലോ. അത്ര ശക്തനായ നിന്നെ കൃമികീടസദൃശനായ ഒരു മനുഷ്യൻ വധിച്ചു എന്നുള്ള ഒരു വാക്കു് എന്റെ ഹൃദയത്തെ ചുട്ടുന്നു. പടനിലത്തിൽ വെച്ചു രാമൻ, അനുജൻ ലക്ഷ്മണൻ, സുഗ്രീവൻ, ജാംബവാൻ ഇങ്ങിനെ ഉള്ളവരിൽ ഒരുവനെയെങ്കിലും നിഗ്രഹിപ്പാൻ നിണക്കു സാധിച്ചില്ലല്ലോ എന്നു ദുഃഖിച്ചതിന്നനന്തരം ക്രോധിച്ചു രാവണൻ മന്ത്രികളോടു എടാ മന്ത്രികളേ! മുമ്പുണ്ടായ മന്ത്രാലോചനയിൽവെച്ചു രാമാദികളേ ഞാൻ ഞാൻ ജയിക്കാം എന്നു ആത്മപ്രശംസ പറഞ്ഞ ജളന്മാരായ നിങ്ങൾ ഒരുവനെങ്കിലും കുംഭകൎണ്ണനെ സഹായിപ്പാൻ സാധിച്ചുവൊ. ഇനി ഞാൻ തന്നെ യുദ്ധത്തിന്നു പോയി രാമാദികളെ ജയിച്ചു അവരുടെ ദേഹവും കൎണ്ണന്റെ ദേഹവും ഒന്നിച്ചുകൂട്ടി അഗ്നി കൊളുത്തുന്നുണ്ടു. സാരഥിയോടു രഥം കൊണ്ടുവരുവാൻ പറയുക എന്നു പറഞ്ഞതിനെ കേട്ടു തന്റെ കനിഷ്ഠപുത്രനായ അതികായൻ വന്നു പിതാവിനെ വണങ്ങി, ശരണം പിതാശ്രേ! നിന്തിരുവടിക്കു മകനായി അടിയനിരിക്കുമ്പോൾ അങ്ങുന്നു യുദ്ധത്തിന്നു പോകേണ്ടുന്നാവശ്യമില്ല. പടകളോടുകൂടി പോയി ശത്രുക്കളെ ജയിക്കുന്നതിൽ നിന്തിരുവടിയുടെ അനുജനെ കൊന്ന രാമന്റെ അനുജൻ ലക്ഷ്മണനെ ഞാൻ ഇന്നു വധിച്ചു രാമനെ ദുഃഖിപ്പിക്കാതെ അടിയൻ യുദ്ധക്കളം വിട്ടു മടങ്ങുന്നതായാൽ അതികായൻ അങ്ങയുടെ മകനല്ലെന്നു വിശ്വസിക്കണം. ആയതുകൊണ്ടു യുദ്ധത്തിന്നു ഉടനെ കല്പന തരേണമെന്നു പറഞ്ഞതിനെ കേട്ടു രാവണൻ സന്തോഷിച്ചു അതികായന്നു സഹായമായി മുപ്പായിരംകൂടി പടകളെയും രഥാളി കാക്കുന്നതിൽ സമൎത്ഥന്മാരായ കുംഭൻ, നികുംഭൻ,

അകമ്പൻ, എന്നവരെയും അയച്ചുകൊടുത്തു. അതികായൻ സൈന്യങ്ങളെ കൂട്ടി മഹാരഥമേറി ആദിശേഷൻ ഞെട്ടുമാറ അട്ടഹാസം ചെയ്തു രണഭേരി മുഴക്കി പടനിലത്തിൽ വന്ന തന്റെ ദൂതനായ മയിടനെ വിളിച്ചുപറയുന്നു. ഹേ മയിടാ! നീ അതിവേഗത്തിൽ ദശരഥാത്മജനായ ലക്ഷ്മണനെന്നവൻ അതാ വാനരങ്ങളുടെ ഇടയിൽ നിൽക്കുന്നു. അവന്റെ അടുക്കലേക്ക ഒരു ദൂതുപോയിവരണം. അവിടെ ചെന്നു ലക്ഷ്മണനോട്ട പറയേണ്ടുന്ന വാക്കുകൾ എന്തെന്നുവെച്ചാൽ രാവണന്റെ ദ്വിതീയ പുത്രനായ അതികായൻ നിന്നോട്ട യുദ്ധംചെയ്യാനായി സൈന്യയുക്തനായി യുദ്ധക്കളത്തിൽ വന്നിട്ടുണ്ട്. അതികായനോട്ട യുദ്ധം ചെയ്യാൻ ധൈര്യമുണ്ടെങ്കിൽ വേഗത്തിൽ യുദ്ധക്കളത്തിലേക്ക വരണം അല്ലാത്തപക്ഷം ആ വിവരം പറയണം. എന്ന പറഞ്ഞു ലക്ഷ്മണന്റെ അഭിപ്രായമറിഞ്ഞു വരുവാനായി മയിടനെ അയക്കയും മയിടൻ പടനിലം വിട്ടു രാമാദികളുടെ അടുക്കൽ വന്നു ലക്ഷ്മണനെക്കണ്ടു, ഹേ ലക്ഷ്മണാ! ഞാൻ രാവണപുത്രനായ അതികായന്റെ ദൂതനാണ്. മുപ്പായിരം കോടിപ്പടകളോട്ടുകൂടി നിന്നോട്ട യുദ്ധംചെയ്യാൻ രഥമേറി അതികായൻ പടനിലത്തിൽ വന്നിട്ടുണ്ട്. അതികായനോട്ട യുദ്ധംചെയ്യാൻ ധൈര്യമുണ്ടോ ഉണ്ടെങ്കിൽ എന്നോട്ടുകൂടി വരിക. എന്നതിനെ കേട്ട ലക്ഷ്മണൻ, എടാ മയിടാ ഇവിടെ എന്റെ അഗ്രജൻ രാമസ്വാമി ഉണ്ട്. സുഗ്രീവാദികളായ എഴുപതു വെള്ളം വാനരസൈന്യങ്ങളും ഉണ്ട്. അവരോട്ട യുദ്ധം ചെയ്യാതെ എന്നോട്ടുമാത്രം സിദ്ധാന്തമായി യുദ്ധം ചെയ്യേണമെന്നുള്ളതിന്നു കാരണമെന്തെന്നു ചോദിച്ചതിന്നു മയിടൻ മറുവടിയായി. കാരണം മറ്റൊന്നുമല്ല. ഇന്നലെ പടനിലത്തിൽ വെച്ചു നിങ്ങളുടെ അഗ്രജൻ രാമൻ രാവണന്റെ അനുജനായ കുംഭകർണ്ണനെ വധിച്ചുവെന്നുള്ള വിവരം രാവണനറിഞ്ഞു ദുഃഖിക്കുന്നതിനെ അതികായൻ കണ്ടു പിതാവു ദുഃഖിക്കരുതു, നിന്തിരുവടിയുടെ അനുജൻ മരിച്ച ദുഃഖം നിന്തിരുവടി അനുഭവിച്ചതുപോലെ രാമന്റെ അനുജൻ മരിച്ച ദുഃഖം രാമനെ ഞാൻ അനുഭവിപ്പിക്കാമെന്നുള്ള വാഗ്ദത്തം പിതാവിനോട്ട ചെ

യുണ്ട് അതികായൻ യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്നതു എന്നതിനെ കേട്ട ലക്ഷ്മണൻ, അങ്ങിനെ ആവട്ടെ ഞാൻ ജ്യേഷ്ഠന്റെ അടുക്കൽ വിവരം അറിയിച്ചു കല്പന വാങ്ങി വേഗത്തിൽ വന്നേക്കാം എന്നു പറഞ്ഞു മയിടനെ അയച്ചു രാമസ്വാമിയോടു വിവരം അറിയിക്കുകയും അതു കേട്ടു ഭഗവാൻ വിഭീഷണനെ വിളിച്ചു ഹേ ലങ്കേശ്വര! ഇതിന്നു മുമ്പു അനേകം രാക്ഷസന്മാർ യുദ്ധത്തിന്നു വന്നതു നാം കണ്ടുവല്ലോ അവർ ആരും ധൃതയച്ചു യുദ്ധം ഭേദിച്ചിട്ടില്ല. ഇന്നു വന്ന രാവണസുതനായ അതികായൻ ധൃതയച്ചു യുദ്ധത്തിന്നു വന്നിരിക്കുന്നു. ആയതുകൊണ്ടു അതികായന്റെ കായബലം, കരബലം, ചരണബലം, വരബലം അതികായൻ എന്ന പേരുവരുവാനുള്ള സംഗതി ഇതുകളെ നീ അറിയുംവണ്ണം പറയേണമെന്നതിനെ കേട്ടു വിഭീഷണൻ പറയുന്നു.

### അതികായന്റെ പെരുമ.

കലി.

രാവണനെട്ടമന്തപമൊൻറടെയാൻ
ദേവാസുരരാതിയർശെയിപെരുവിൽ
പാവാനിറയും പലിയാൽവലിയാൽ
മൂവാമുതൽനാന്മുകനാർമൊഴിയാൽ.

ശരണം രാമഭദ്ര! അതികായന്റെ വൈഭവങ്ങളെ പറയേണമെങ്കിൽ പന്നഗേശ്വരനാലും അസാദ്ധ്യമാണ്. സർവ്വേശ്വരനായ നിന്തിരുവടിയുടെ കാരുണ്യമുണ്ടെങ്കിൽ അടിയൻ അറിവുള്ളേടത്തോളം ഉണർത്തിക്കാം. ഈ അതികായനോടു ബ്രഹ്മാണ്ഡകടാഹം ഏകീകരിച്ചു യുദ്ധത്തിന്നു വന്നാലും അവനെ ജയിക്കുന്ന കാര്യം അസാദ്ധ്യമാണ്. ശത്രുക്കൾക്കു ഇവൻ ചിരാഞ്ജീവിയാണ്. അതികായൻ എന്ന നാമം വരുവാനുള്ള കാരണം മുമ്പെ ഉണർത്താം. ആദികാലത്തിൽ ജാനകീചോരനായ രാവണൻ കുബേരന്റെ രാജധാനിയിൽനിന്നു മടങ്ങുന്ന സമയം മയൂരമെന്ന പർവ്വതത്തിന്റെ താഴ്വരയിൽ വെച്ചു ഗന്ധർവ്വസ്ത്രീകൾ പുഷ്പമറക്കുന്നതിനെക്കണ്ടു വിമാനം നിറുത്തി സൌന്ദര്യയുക്തയായ ചി

ത്രാംഗദ എന്നവളെക്കണ്ടു മാരതാപം വൎദ്ധിച്ചു കടന്നു പിടിച്ചുമദനോത്സവം നടത്തുകയും തന്നിമിത്തം മുഹൂൎത്തമാത്രേണ ഗൎഭീകരിച്ചു ഒരു സന്തതിയെ പ്രസവിക്കുകയും അതുകണ്ടു ചിത്രാംഗദയും ഹേ രാവണാ! ഈ സന്തതിയോടുകൂടി എന്റെ കണവന്റെ അടുക്കലേക്കു പോയാൽ എന്നെ അയാൾ ഉപേക്ഷിക്കും ആയതുകൊണ്ടു നീ ഈ സന്തതിയെ കൊണ്ടുപോയി നല്ലവണ്ണം വളൎത്തുക എന്നു പറഞ്ഞു ഗന്ധൎവ്വസ്ത്രീ കുട്ടിയെ രാവണന്റെ രഥത്തിൽവെച്ചു പോകയും അനന്തരം രാവണൻ രഥത്തെ നടത്തുമ്പോൾ പൎവ്വതത്തിന്റെ കൊടുമുടിയിൽ രഥം തടഞ്ഞു രഥത്തിലുണ്ടായിരുന്ന കുട്ടി തെള്ളി ഭൂമിയിൽ പതിക്കുകയും അതുകണ്ടു രാവണൻ വ്യസനിച്ചു അതിവേഗത്തിൽ രഥം നിൎത്തി കുട്ടിയെ നോക്കുമ്പോൾ സന്തതി പുഞ്ചിരിയോടുകൂടി കിടക്കുന്നതിനെക്കണ്ടു സന്തോഷിച്ചു തന്റെ ഇരുപതുകരവും കുട്ടിയുടെ കക്ഷപ്രദേശത്തിലിട്ടു എടുത്തപ്പോൾ ശിശുവായ കുട്ടി പൊന്താതെ വന്നതിനെക്കണ്ടു ആശ്ചൎയ്യപ്പെട്ടു ഇതു എന്റെ ബീജത്തിന്റെ ഗുരുത്വമല്ലെയെന്നു സന്തോഷിച്ചു അതികായൻ എന്നു പേരിട്ടു നില്ലേ, മുമ്പു മഹാബലിയെ കീഴടക്കുവാൻ നാരായണസ്വാമി വാമനാവതാരമെടുത്തു മഹാബലിയുടെ യാഗശാലയിൽ ചെന്നു മൂന്നടി മണ്ണു തരേണമെന്നു ദാനവാരി വാങ്ങിയതിന്നുശേഷം ഭഗവാൻഎങ്ങിനെവിശ്വരൂപമെടുത്തുവോ അതുപോലെ! കുട്ടിയുടെ ശരീരം വളൎന്ന് കുട്ടി രഥത്തിൽ കയറിയിരിക്കുകയും രാവണൻ കായത്തിന്റെ ഗുരുത്വമാണെന്നുള്ള അത്യത്ഭുതത്തോടുകൂടെ ലങ്കയിൽവന്നു തന്റെ പത്നിയായ ധന്യമാലിക്കു ദത്തുപുത്രനായി വളൎത്തുവാൻ കൊടുത്തു. ഇതാണു അതികായൻ എന്ന നാമം വരുവാനുള്ള സംഗതി. എന്നാൽ ഇവന്റെ തപശ്ശക്തിയെപ്പറയാം. തപസ്സു എന്നാൽ മനസ്സിനെത്തപിപ്പിക്കുന്നതിന്നു തപസ്സ് എന്നു പറയും. അതിൽ സകാമം,നിഷ്കാമം എന്നിങ്ങിനെ രണ്ടുവകയാണ്. സകാമം—സ്വരൂപധ്യാനം. നിഷ്കാമം—അരൂപധ്യാനം. അതികായൻ, സകാമമെന്ന സ്വരൂപധ്യാനം ചെയ്യുവനാണ്. ബ്രഹ്മാവിന്റെ മൂലമന്ത്രം മുതലായ ഉപദേശങ്ങളെ കുലഗുരുവായ ശുക്രനോടു വാങ്ങി കൊ

നാവനമെന്ന ഗോകർണ്ണത്തിൽ പോയി അവിടെ ആയിരം അടി ആഴത്തോടുകൂടിയ അഗ്നികുണ്ഡം വെട്ടി അതിൽ ആയിരത്തെട്ടടി ഉയരത്തോടുകൂടിയ അയസ്തംഭം നാട്ടി സ്തംഭാഗ്രത്തിൽ വജ്രസൂചിയെ നാട്ടി സൂചി അഗ്രത്തിൽ തന്റെ വലത്തെ പാദാംഗുഷ്ഠത്തെ നാട്ടി. ഗുരുവരുളായ വീരാസനത്തിലിരുന്നു യമനിയമാസനപ്രാണായാമപ്രത്യാഹാരധാരണധ്യാനസമാധിയെന്ന അഷ്ടാംഗയോഗത്തെ അതികായൻ ചെയ്യുവാനാണ്. യമനിയമമെന്ന ബാഹ്യാന്തരശൌചങ്ങളെ ചെയ്തു അനന്തരം ആസനക്രമങ്ങളെ പരിചയിച്ച് പ്രാണായാമം ചെയ്തു. അതികായൻ ചെയ്ത പ്രാണായാമത്തെപ്പറയുന്നു. എൺചാൺ ശരീരത്തിൽ; മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ, എന്ന ഷഡാധാരങ്ങളുണ്ട്. അതിൽ ഗണേശ, ബ്രഹ്മ, രുദ്ര, വിഷ്ണു, മഹേശ്വര, സദാശിവൻ എന്ന അധിഷ്ഠാനദേവതകളുണ്ട്. അതിൽ കുഹ്യത്തിന്നും ഗുദത്തിന്നും മദ്ധ്യത്തിൽ മൂലാധാരം നില്ക്കുന്നു. ആയതിന്നു ഇരുവിരൽ മീതെ, നാഭിസ്ഥാനമെന്നു ഒരു കിഴങ്ങുണ്ടു. അതിൽനിന്നാണ് എഴുപത്തീരായിരം നാടികളുടെ ഉത്ഭവം. അതിൽ പ്രധാനനാഡി പത്തു. അതിലും പ്രധാനം, ഇഡ, പിംഗല, സുഷുമ്ന എന്ന മൂന്നു നാഡികളുണ്ട്. ഇഡ, എന്ന നാഡി വാമപാദാംഗുഷ്ഠത്തിൽനിന്നു പുറപ്പെട്ടു വീണാർതണ്ഡിൽ ചേർന്നു നീണ്ടു കപാലത്തെ പ്രദക്ഷിണമായി ചുററി നാസികാഗ്രത്തിൽ വന്നു തൂങ്ങിക്കിടക്കും. അതുപോലെ പിംഗല എന്ന നാഡി ദക്ഷിണപാദാംഗുഷ്ഠത്തിൽനിന്നു പുറപ്പെട്ടു വീണാർതണ്ഡിൽയോജിച്ച് കത്തിരപ്പൂട്ടുപോലെ പിണഞ്ഞു കപാലത്തെ അപ്രദക്ഷിണമായി ചുററി നാസികാഗ്രത്തിൽ വന്നു തൂങ്ങിക്കിടക്കും. സുഷുമ്നയെന്ന നാഡി നാഭിസ്ഥാനത്തിൽനിന്നു പുറപ്പെട്ടു തട്ടിന്നു മുട്ടിട്ടതുപോലെ കപാലത്തെ മുട്ടി നില്ക്കും. അതിൽ ഇഡയെന്ന നാഡിയുടെ ശ്വാസത്തെ രേചകം ചെയ്തു പതിനാറു മാത്ര പുറത്തുവിട്ടു പിംഗല എന്ന നാഡിയുടെ പൂരകം ചെയ്തു സുഷുമ്നയെന്ന നാഡിയിൽ കുംഭിക്കുന്നു ഇങ്ങിനെ വായുവിനെ ക്രമമായി രേചക, പൂരക, കുംഭക, താരാഷ്ടകവിധത്തിൽ ചാല്യ

പ്രമാണം അണുവശയാതെ ശുദ്ധി ചെയ്തു വന്നാൽ കുണ്ഡലിശക്തിയെന്ന സർപ്പം, നാഭിസ്ഥാനത്തെക്കവിട്ടി തന്റെ ശരീരംകൊണ്ടു ആറാധാരങ്ങളേയും അറമൂന്നു പതിനെട്ടു ചുറ്റ ചുറ്റി തന്റെ പുച്ഛത്തെ ബ്രഹ്മരന്ധ്രമായ ദ്വാദശാന്തത്തിന്റെ ദ്വാരമായ പുരിയമദ്ധ്യത്തിൽ അടച്ചിരിക്കുന്നതിനെവിട്ടു പുച്ഛത്തെ ഊരി ആധാരങ്ങളുടെ കെട്ടഴിഞ്ഞു സർപ്പം വാലു കീഴും, ഫണം മേലുമായി നില്ക്കും. അപ്പോൾ അധോമുഖമായുള്ള ആധാരപത്മങ്ങളെല്ലാം ഊർദ്ധ്വമുഖമാകയും തന്നിലുള്ള അധിദേവതകൾ ഉണർന്നു ദ്വാദശാന്തത്തിൽനിന്നു ഒഴുകുന്ന അമൃതിനെപ്പാനംചെയ്തു തൃപ്തന്മാരായിരിക്കും. പിന്നെ ജ്ഞാനദൃഷ്ടിയാൽ ഉപാസനാമൂർത്തിയെ ബ്രഹ്മരന്ധ്രത്തൂടെ കണ്ടു ധ്യാനിപ്പാനിടവരും അവിടെനിന്നു ഉപ്പ്, പുളി, കയ്പ്, എരിപ്പ്, ചവർപ്പ് മുതലായ പഞ്ചരസങ്ങളെ ശീലിച്ച് അനന്തരം ഉപാസനമൂർത്തിയെ ധാരണ ചെയ്തു ധ്യാനിക്കുന്നതിൽ സ്വരൂപധ്യാനത്തിൽനിന്നു അതീതമായി അരൂപധ്യാനമായ സമാധിസ്ഥിതനാവും. ഇങ്ങിനെ ഈ അതികായൻ പന്തീരായിരം സംവത്സരകാലം ബ്രഹ്മാവിനെക്കുറിച്ചു കഠിനമായ തപസ്സു ചെയ്കയും ബ്രഹ്മാവും പ്രത്യക്ഷമായി നോക്കിയാറെ അതികായൻ സമാധിയിൽ ഉറച്ചുപോയതറിഞ്ഞു നാസികാമാർഗ്ഗത്തൂടെ കടന്നു പ്രാണവായുവെ ചലിപ്പിച്ചസമയം ബാഹ്യേന്ദ്രിയങ്ങൾക്കശക്തിയുണ്ടായി ബ്രഹ്മാവിനെക്കണ്ടു ഉത്ഥാനംചെയ്തു പ്രദക്ഷിണാദിനമസ്കാരങ്ങളെച്ചെയ്തു വിനയാന്വിതനായി നില്ക്കുന്നതിനെക്കണ്ടു ബ്രഹ്മാവു സന്തോഷിച്ചു അതികായന്റെ അഭീഷ്ടംപോലെയുള്ള വരങ്ങളെ ദാനംചെയ്തു. ബ്രഹ്മാവാൽ അതികായനു ദത്തമായ അനുഗ്രഹങ്ങളെപ്പറയാം. അതികായനോടു യുദ്ധം ചെയ്വാനായി ദേവാസുരന്മാരും ഹരിഹരവിരിഞ്ചാദികളായ ത്രിമൂർത്തികൾ ഐകീകരിച്ചു വന്നാലും ആ യുദ്ധത്തിൽ മരണഭീതിയും ദാഹമോഹാദികളും അവനു ഉണ്ടാവുന്നതല്ല. അതിലേക്കായി ഒരു കഞ്ചുകവും ബ്രഹ്മാസ്ത്രവും ബ്രഹ്മാവാൽ അതികായനു ദത്തമായിട്ടുണ്ട്. ബ്രഹ്മദത്തവരപ്രതാപിയായ അതികായനെ പിതാവായ രാവണൻ എത്ര വാത്സല്യത്തോടുകൂടെയാണ് വളർത്തിവ-

ന്നത് എന്നു വെച്ചാൽ രാവണൻ ഒരു കാലത്തിൽ കൈലാസമെടുത്തവനാണ്. അതിനുള്ള കാരണം എന്തെന്നുവെച്ചാൽ പരമേശ്വരന്റെ പത്നിമാരായ പാൎവ്വതിയും ഗംഗാദേവിയും ഒരുദിവസം പന്ത് വിളയാടുകയും അതിൽ ഗംഗാദേവി തോററതിനെക്കണ്ടു പാൎവ്വതി ഗംഗാദേവിയോടു എടീ നീ എനിക്കു തോല്ക്കാതിരിക്കുമോ? കണവനായ ഭഗവാന്റെ അനുഗ്രഹം എനിക്കാണ് ലഭിച്ചിട്ടുള്ളത്. എന്നുതന്നെയല്ല, പരമേശ്വരസ്വാമിയുടെ പകുതി ദേഹം എനിക്കു ദത്തമാണ്. തന്നിമിത്തമാണ് അൎദ്ധനാരീശ്വരൻ എന്ന പേർ വന്നത്. എന്നെ എപ്പോഴും തന്റെ ഇടപുറത്തിൽവെച്ചു രക്ഷിക്കുന്നു. പാണിഗ്രഹണം ചെയ്യു പത്നിമാൎക്കു ഭഗവാന്റെ കാരുണ്യമുണ്ടാവുകയുള്ളൂ. എന്നെപോലെ നിന്നെ കല്യാണം ചെയ്തിട്ടുണ്ടോ. എന്നെപ്പേടിച്ചല്ലേ നിന്നെ കൃമിയെപ്പോലെ ജടയിൽ ഒളിച്ചുവെച്ചിരിക്കുന്നത്തു്. നീ എന്റെ വെള്ളാട്ടിയല്ലേ. എന്നും മററും പറഞ്ഞതിനെക്കേട്ടു ഗംഗ പറയുന്നു: പോടി, നിന്നെ ഞാനറിയും, വലിയ പതിവ്രതയാണെന്നുള്ള നാട്യം ഉണ്ട്. പണ്ട് നാരദന്റെ കഥയും ഓൎമ്മയില്ലേ. എന്നെ പരമേശ്വരസ്വാമി ശരീരത്തിൽ ഉത്തമാംഗമായ ശിരസ്സിലല്ലേവെച്ചു രക്ഷിക്കുന്നത്. നിന്നെ വെള്ളാട്ടിയെപ്പോലെ പുറത്തല്ലേയിട്ടിരിക്കുന്നത്. പന്തുകളി എന്താണ് ഒരു സമയം തോററം ജയിച്ചും വരുന്നതു പതിവല്ലേ. ഇതെല്ലാം സ്വാമിയുടെ അനുഗ്രഹമാണോ. മേലിൽ എന്നെ നിണക്കു ഇപ്രകാരം പറവാൻ സംഗതിവരുമെന്നു തോന്നുന്നില്ല. എന്നു പറഞ്ഞു അത്യന്തം സങ്കടത്തോടുകൂടി പരമേശ്വരസ്വാമിയുടെ അടുക്കൽപോയി ദുഃഖാശ്രുക്കളെ നേത്രത്തിൽനിന്നു ധാരധാരയായൊഴുക്കിക്കൊണ്ടു നില്ക്കുന്നതിനെ പരമേശ്വരൻ കണ്ടു ഗംഗയെ നോക്കിപ്പറയുന്നു. അല്ലയോ പ്രിയേ, നീ ഇതുവരെ എവിടെയായിരുന്നു. ഞാൻ എവിടെയെല്ലാം അന്വേഷിച്ചു. പാൎവ്വതിയെപ്പോലെ നിയ്യും ആയോ? എന്താണ് നിന്റെ മുഖമെല്ലാം വിശത്തിരിക്കുന്നതു വല്ലവരായിട്ടും ശണ്ഠപിണഞ്ഞുവോ. എന്നതിനെക്കേട്ടു ഗംഗ പറയുന്നു. അല്ലയോ കണവ! അങ്ങു

ക്കു എന്നെ വേണ്ടയെന്നുണ്ടെങ്കിൽ പാൎവ്വതിയെക്കൊണ്ട് ഇങ്ങിനെയെല്ലാം ശകാരിക്കേണമെന്നുണ്ടായിരുന്നില്ല. പാൎവ്വതിയെപ്പോലെ എന്നെ നിന്തിരുവടി പാണിഗ്രഹണംചെയ്തിട്ടില്ലെന്നും അങ്ങയെ മോഹിച്ച് ഞാൻ പിന്നാലെ വന്നവളാണെന്നും പാൎവ്വതിയെപ്പേടിച്ചാണ് എന്നെ ജടയിൽ ഒളിച്ചുവെച്ചിരിക്കുന്നതെന്നും പാൎവ്വതിയുടെ വെള്ളാട്ടിയാണ് ഞാനെന്നും അങ്ങയുടെ അനുഗ്രഹം എനിക്കില്ലെന്നും മററും അന്യന്മാർ കേൾപ്പാൻ ആകാതെകണ്ടുള്ള അനേകവാക്കുകളെപ്പറഞ്ഞു ശകാരിച്ചിരിക്കുന്നു. ഇങ്ങിനെയാണെങ്കിൽ എന്നാൽ പ്രയാസമാണെന്നു പറഞ്ഞു കേഴുന്നതിനെക്കേട്ടു പരമേശ്വരൻ പറയുന്നു. ആ ഹാ! ഇങ്ങിനെ എല്ലാം അവൾ പറഞ്ഞുവോ, കുറെ വാക്കു സാമൎത്ഥ്യമുള്ളവളാണ് പാൎവ്വതി എന്നു ഞാൻ പലേതുകൊണ്ടും മനസ്സിലാക്കുന്നുണ്ട്. നാവിന്റെ കടപിടിച്ചു മുറിക്കും ഞാൻ. അവളെപ്പോലെ ബുദ്ധിയില്ലാത്തവളാണൊ നീയ്യ്. നിന്റെ പേരലുള്ള പ്രേമാധിക്യത്താലല്ലെ നിന്നെ എപ്പോഴും ഞാൻ ശിരസ്സിൽവെച്ചുകൊണ്ടു നടക്കുന്നത്. പാൎവ്വതിയാണു വെള്ളാട്ടി. അവളെപ്പുറത്തല്ലെ ഞാൻ വെച്ചിരിക്കുന്നത്. എനിക്കു നിന്റെ പേരിലുള്ള പ്രേമം അവളറിയുമൊ പോകട്ടെ സാരമില്ല. നീ പോയി ഊണുകഴിച്ചു വരയെന്നുപറഞ്ഞു ഗംഗയെ ഭോജനശാലക്കയച്ചതിന്നനന്തരം പാൎവ്വതി അധികമായ സങ്കടത്തോടുകൂടി പരമേശ്വരന്റെ അടുക്കൽ വന്നുപറയുന്നു. സ്വാമിൻ ഈ ഗംഗയെക്കൊണ്ട് എനിക്കു യാതൊരു നിവൃത്തിയുമില്ലാതെകണ്ടായി. എന്തെല്ലാമാണ് എന്നെപ്പറഞ്ഞതെന്നു അങ്ങയോടു എനിക്കു പറവാൻ സാധിക്കുന്നതല്ല. അങ്ങേക്കു എന്നിൽ സ്നേഹമില്ലെന്നും ഗംഗയുടെ വെള്ളാട്ടിയാണ് ഞാനെന്നും അവളെ ശിരസ്സിൽ വഹിച്ചുകൊണ്ടാണ് നിന്തിരുവടി രക്ഷിക്കുന്നതെന്നും അങ്ങയെക്കൊണ്ട് എന്നെ ഉപേക്ഷിപ്പിക്കുമെന്നും എപ്പോഴെങ്കിലും ഒരു ദിവസം അങ്ങയെ എനിക്കു കാണേണമെങ്കിൽ ഗംഗയുടെ സമ്മതം വേണമെന്നും മേലിൽ അത്രപോലും ഉണ്ടാവുന്നതല്ലെന്നും മററും പറഞ്ഞതിനെ അന്യസ്ത്രീകൾ കേട്ടു എന്നെ പരിഹസിക്കുമാറായല്ലൊ.

എങ്ങാനും കിടക്കുന്ന വല്ല ചണ്ഡികളോടും ഇങ്ങിനെ ഉള്ള വാക്ക കളെല്ലാം കേൾക്കേണ്ടി വന്നതു എന്റെ ശിരോരേഖയുടെ വലു പ്പമാണ്. എന്തുചെയ്യാം. എന്നെ അങ്ങെക്ക തൃപ്തിയില്ലെങ്കിൽ എന്നെ എന്റെ വീട്ടിലേക്കയക്കുകയെന്നല്ലാതെ ഇവളെക്കൊ ണ്ടു പറയിപ്പിക്കുന്നതു അങ്ങെക്ക അത്ര ധൎമ്മമായില്ല. എന്നു പ റഞ്ഞതിനെക്കേട്ടു ഭഗവാൻ പറയുന്നു. അല്ലയോ പ്രിയെ നീ ഇ ത്ര വിഡ്ഢിയാണൊ. ഗംഗ വെള്ളാട്ടിയാണെന്നതിലേക്ക വല്ല സംശയവും ഉണ്ടൊ. പന്തു വിളയാടിയതിൽ നിണക്കല്ലെ ജ യം. അതുകൊണ്ടുതന്നെ കാൎയ്യം മനസ്സിലാക്കരുതെ, എന്തിനു പ ളരെപ്പറയുന്നു. നിനക്കിഷ്ടമില്ലെങ്കിൽ എനിക്കും അപ്രകാരം തന്നെ. പോയി ഊണു കഴിക്കുക എന്നുപറയുന്നതിനെ ഗംഗമറ ഞ്ഞുനിന്നുകേട്ടു കാൎയ്യം മനസ്സിലാക്കി സ്വാമിയോടു പരിഭവിച്ചു പ ശ്ചിമഗോപുരത്തിൽ ചെന്നിരിക്കുകയും ഗംഗയോടു പറഞ്ഞതെ ല്ലാം പാൎവ്വതി ദാസികളാൽ അറിഞ്ഞു പൂൎവ്വഗോപുരത്തിൽ ചെ ന്നിരിക്കുകയും പരമേശ്വരസ്വാമി കൈലാസത്തിൽ പത്നിമാരെ പിരിഞ്ഞിരിക്കുകയും ചെയ്തു. പരമേശ്വരസ്വാമിയോടു പരിഭവി ച്ചു വന്നതുകൊണ്ടു കണവൻ വിളിച്ചല്ലാതെ പോകുന്നതു ഭംഗി യല്ലെന്നു പത്നിമാരും പത്നിമാരെച്ചെന്നു നല്ല വാക്ക പറഞ്ഞു വിളിക്കുന്നതു അഭിമാനത്തിന്നു പോരായ്മയാണെന്നു പരമേശ്വ രനും നടിച്ചിരിക്കുന്ന മദ്ധ്യെയാണു ജ്യേഷ്ഠനായ രാവണൻ കൈ ലാസത്തെക്ക പോയത്. അവിടെച്ചെന്നു അന്വേഷിച്ചതിൽ പരമേശ്വരനും പത്നിമാരും തമ്മിൽ പ്രേമകലഹത്തോടുകൂടി പ്പിരിഞ്ഞിരിക്കുന്ന സമയമാണെന്നും ആയതിനെ നീക്കിയാൽ സ്വാമിക്ക എന്റെ പേരിൽ സ്നേഹമുണ്ടാവാനിടയുണ്ടെന്നും കരുതി കൈലാസത്തെ ഇളക്കുകയും പൎവ്വതം കിടുകിടവിറ ക്കുന്നതിനെക്കണ്ടു ഭയപ്പെട്ടു ഗംഗാപാൎവ്വതിമാർ ഓടിപ്പോയി ക ണവനായ സ്വാമിയെ ആലിംഗനംചെയ്തു രക്ഷപ്പെടുന്നതിനെ പരമേശ്വരസ്വാമി സന്തോഷിച്ചു ആരാണിതു ചെയ്തതെന്നു മന സ്സിലാക്കി രാവണനെക്കണ്ടു വേണ്ടുന്ന അനുഗ്രഹങ്ങളെച്ചെയ്തയ

ച്ചു. ഇതാണ കൈലാസത്തെ രാവണൻ എടുപ്പാനുള്ള കാരണം. രാവണൻ വിചാരിച്ചതാവിത്. ഞാൻ എടുത്ത കൈലാസത്തെ മകനായ അതികായനെക്കൊണ്ടെടുപ്പിച്ചാൽ അതികായന്ന കീൎത്തികിട്ടുന്നതല്ല. അതുകൊണ്ടു ആയിരത്തെട്ടു ശിഖരങ്ങളോടും ലക്ഷം യോജന ഉയരത്തോടും ഹരിഹരവിരിഞ്ചാദികളുടെ ഇരിപ്പിടമായും ആയ മഹാമേരുപൎവ്വതത്തെ മകനെക്കൊണ്ടു എടുപ്പിക്കേണമെന്നും അങ്ങിനെ ചെയ്യാൻ അതികായന്നു അത്ര ബലമുണ്ടെന്നും കരുതിയാണ രാവണൻ അതികായനെ വളൎത്തിവന്നത്. ഇനി അവന്റെ ചരണബലത്തെയും പറയാം. പണ്ടു ഇന്ദ്രാദികളുടെ ജരാനരതീരുവാനായി ക്ഷീരാബ്ധി മഥിച്ചു അമൃതു എടുപ്പാൻ നിശ്ചയിക്കുകയും ആയതിന്നു നാരായണസ്വാമിയും ദേവാസുരകളും മന്ദിരമെന്ന മന്തും വാസുകിയെന്ന പാശവും ചന്ദ്രനെന്നതറിയുംവേണക്കുഴലെന്ന കണയും കാൎക്കോടകനെന്ന വടവും ഇങ്ങിനെ അനേകസംഭാരങ്ങളെക്കൊണ്ടു ഭഗീരഥപ്രയത്നംചെയ്തു അമൃതെടുക്കുകയും ചെയ്തു. ഇക്കാലം വല്ല നിമിത്തവുമായി അമൃതുമഥനം വേണ്ടിവന്നാൽ ഈ അതികായനോടു അപേക്ഷിച്ചാൽ ആയവന്നു മുൻപറഞ്ഞ യാതൊരു പദാൎത്ഥങ്ങളും വേണമെന്നില്ല. അതികായൻ ക്ഷീരാബ്ധിയിൽചെന്നു തന്റെ വലത്തെക്കാൽ സമുദ്രത്തിലിട്ടു പ്രദക്ഷിണപ്രദക്ഷിണമായി ഒന്നു തിരിച്ചാൽ അമൃതുസിദ്ധിക്കുന്നതിലേക്കു യാതൊരു വാദവുമില്ല. അതികായന്നു ഇത്ര ചരണബലമുണ്ട്. എന്നുമാത്രമല്ല അതികായന്റെ കരബലത്തെയും പറയാം. ഐരാവതാദികളായ അഷ്ടഗജങ്ങളെ രാവണൻ ഒരു കാലത്തിൽ ജയിച്ചവനാണ്. അവകളെ അതികായൻ ജയിക്കുന്നതിൽ പ്രസിദ്ധിക്കു മതിയാവുന്നതല്ല. അഷ്ടഗജങ്ങളാൽ വഹിക്കപ്പെട്ട അഷ്ടദിക്കുകളേയും ചുററി ബ്രഹ്മാവാൽ സൃഷ്ടമായ ഈ അണ്ഡത്തിന്നു ഭിത്തിയായി പത്തുകോടിയോജന ഘനത്തോടുകൂടിയ ലോകാലോകമെന്ന ചക്രവാളഗിരിയെ തന്റെ കരത്തിലുള്ള പെരുവിരൽകൊണ്ടു തള്ളി തട്ടി നിരത്തത്തക്ക കരബലമുള്ളവനാണ്. ഈ അതികായന്റെ വി

ദ്യാഭ്യാസത്തിന്റെ യോഗ്യതയെപ്പറയാം. കുലഗുരുവായ ശുക്രനാൽ വിദ്യാഭ്യാസത്തിൽ അതികായന്നു തൃപ്തിയില്ലാതെ പരമേശ്വരനെ ഗുരുവായി വരിപ്പാൻ നിശ്ചയിച്ചു പരമേശ്വരനെ ധ്യാനിക്കേണ്ടുന്ന മൂലമന്ത്രങ്ങളെയെല്ലാം ശുക്രന്റെ അടുക്കൽനിന്നു മനസ്സിലാക്കി ധ്യാനത്തിന്നു പോവാൻ കൈലാസത്തിലേക്കു പോവാൻ രാവണന്റെ സമ്മതം വാങ്ങി പുറപ്പെട്ടു രജതഗിരിയുടെ പൂർവ്വഗോപുരത്തിൽ വന്നു നന്ദികേശ്വരനെക്കണ്ടു വിവരം പറകയും നന്ദികേശ്വരൻ ആ വിവരം പരമേശ്വരനെ കേൾപ്പിക്കകയും അതു കേട്ട ഭക്തവത്സലനായ ശിവൻ അതികായനെ മണ്ഡപത്തിലേക്കു വരുവാൻ കല്പിക്കകയും അതുപ്രകാരം അതികായൻ ചെന്നു ഭക്തിശ്രദ്ധ ബഹുമാനവിനയങ്ങളോടുകൂടി സ്വാമിയെ നമസ്കരിച്ചു വന്ന വിവരത്തെ ഉണർത്തിക്കകയുംചെയ്തു. പരമേശ്വരൻ സന്തോഷിച്ചു ശിഷ്യന്നു വേണ്ടുന്ന വിദ്യാഭ്യാസങ്ങളെയെല്ലാം ഉപദേശിച്ചു അതികായനോടു പൊയ്ക്കൊള്ളുവാൻ സമ്മതം കൊടുത്തതിനെക്കണ്ടു അതികായനും സ്വാമിവിദ്യാഭ്യാസാനന്തരം ദക്ഷിണ ചെയ്തില്ലെങ്കിൽ ഗുരു ലംഘ്യത്വമായിത്തീരുമെന്നതിനെക്കേട്ടു പരമേശ്വരസ്വാമി അതികായനോടു ഹേ അതികായ! നീ എനിക്കു ദക്ഷിണ ചെയ്യുന്നതായാൽ മറ്റൊന്നും വേണമെന്നില്ല. ശത്രുക്കളോടുള്ള യുദ്ധത്തിൽ പ്രാണൻപോകുമെന്നു കണ്ടാലും നിന്റെ ജാത്യാചാരമായ മായാവിദ്യകളെ പ്രയോഗിക്കരുത്. അതു ചെയ്കയില്ലെന്നു എന്റെ പാദം പിടിച്ചു സത്യംചെയ്തു തരേണമെന്നു പറഞ്ഞതിനെക്കേട്ടു അത്യന്തം സന്തോഷത്തോടുകൂടി സ്വാമിയുടെ പാദം തൊട്ടു മായാവിദ്യകളെ ചെയ്കയില്ലായെന്നു സത്യംചെയ്തു. അതുകണ്ടു പരമേശ്വരസ്വാമി ശത്രുനിഗ്രഹാർത്ഥം പാശുപതാസ്ത്രത്തെ ദാനം ചെയ്തു അനുഗ്രഹിച്ചയച്ചു. ഇങ്ങിനെയാണ് അതികായന്റെ വിദ്യാഭ്യാസം. പരമേശ്വരൻ വക്കൽനിന്നു അസ്ത്രം മുതലായതുകളെ വാങ്ങി ലങ്കയിൽവന്നു പിതാവിനോടു പരമേശ്വരനാൽ ദത്തമായ അനുഗ്രഹങ്ങളെപ്പറഞ്ഞു സന്തോഷിച്ചിരിക്കകയും അങ്ങിനെയിരിക്കെ തന്റെ മാതുലനാ

യ ചന്ദ്രരാക്ഷസൻ മരുമകനായ അതികായന്റെ വരബലങ്ങളെ
ക്കേട്ടു സന്തോഷിച്ചു ലങ്കയിൽ വന്നു അതികായനോടു ഞാൻ പ
ണ്ടു ഇന്ദ്രനോടു യുദ്ധം ചെയ്തതിൽ എന്നെ യുദ്ധത്തിൽ തോല്പിച്ചു
വലുതായ മാനഭംഗം വരുത്തുകയുണ്ടായിട്ടുണ്ട്. ആ അപമാനം
ഹേതുവായി അത്യന്തം വേദനയോടുകൂടിയിരിക്കുന്ന സമയമാ
ണ് നീ പരമേശ്വരനെ സേവചെയ്തു പാശുപതാസ്ത്രം വരിച്ചു
എന്നു കേട്ടത്. ആയതുകൊണ്ടു ഇന്ദ്രനോടു യുദ്ധം ചെയ്തു അവ
നെ ജയിച്ചു എന്റെ മാനഭംഗത്തെ നിവൃത്തിച്ചുതരണമെന്നു പ
റഞ്ഞതിനെക്കേട്ടു അതികായൻ സന്തോഷിച്ചു ഈ വസ്തുതകളെ
ല്ലാം പിതാവായ രാവണനെ അറിയിപ്പിക്കുകയും കഴിയുമെങ്കിൽ
സാധിപ്പിച്ചുകൊടുക്കുക എന്നു അച്ഛൻ പറഞ്ഞതിനെക്കേട്ടു അ
തികായൻ രാവണന്റെ അനുഗ്രഹത്തോടുകൂടി സൈന്യയുക്തനാ
യി രണഭേരിയടിച്ചു പുറപ്പെട്ടു സ്വർഗ്ഗത്തേക്കു പട നടത്തുകയും
സ്വർഗ്ഗത്തിൽ ചെന്നു സിംഹനാദം ചെയ്തു ഇന്ദ്രനെ യുദ്ധത്തിന്നു
വിളിക്കുകയും ഇന്ദ്രൻ പടകളോടുകൂടി പുറപ്പെടുന്നതിന്നു മദ്ധ്യ
രാജധാനിയുടെ ചതുർഭാഗങ്ങളിലും അഗ്നി കൊളുത്തുകയും മതില
ടിച്ചു അകഴി തൂർത്തു പശുകുലങ്ങൾക്കു മദ്ധ്യേ വ്യാഘ്രം ചാടിപ്പ
തിച്ചതുപോലെ വില്ലോടുകൂടി ദേവസംഘത്തിൽ ചാടി ദേവകളു
ടെ മേൽ ശരവർഷം ചെയ്തു ഇന്ദ്രനോടു പോരേൽക്കുകയും ഇന്ദ്രൻ
പല തരത്തിലും യുദ്ധം ചെയ്തു അതികായനെ ജയിപ്പാൻ അ
സാദ്ധ്യമെന്നു കണ്ടു സ്വർഗ്ഗത്തെവിട്ടു വൈകുണ്ഠത്തിലേക്കു ഓടുക
യും അഗ്നിബാധയാലുണ്ടായ ധൂമങ്ങളിൽപ്പെട്ടു ദേവകളെല്ലാം അ
വിടവിടെ വീണുപോകയും അതികായൻ ദേവഭാഗ്യങ്ങളെയെല്ലാം
കൊള്ളയിട്ടു രഥത്തിൽ നിറക്കുകയും ഇന്ദ്രൻ വൈകുണ്ഠത്തിൽ ചെ
ന്നു സർവ്വേശ്വരനായ നാരായണസ്വാമിയെക്കണ്ടു നമസ്കരിച്ചു അ
തികായനാൽ അനുഭവിച്ച നഷ്ടകഷ്ടങ്ങളെപ്പറകയും ചെയ്തതിനെ
ക്കേട്ടു ഭഗവാൻ പറയുന്നു. എന്നാൽ എനിക്കു അതികായനോടു
യുദ്ധം ചെയ്വാൻ അസാദ്ധ്യമാണ് എങ്കിലും ഞാൻ ഒന്നു പരീക്ഷി
ച്ചു നോക്കാമെന്നു പക്ഷിരാജാവായ ഗരുഡന്റെ ഗളമേറി പോ

യുധപാണിയായി സ്വർഗ്ഗത്തിൽ വന്നു ജയഭേരി അടിച്ചു നില്ക്കുന്ന അതികായനോടു പോരേല്ക്കുകയും അതികായനും ഹരിയുമായി അന്യോന്യം ശരവർഷം ചെയ്യുതിൽ നാരായണൻ നിവൃത്തിയില്ലെന്നു കണ്ടു തന്റെ ചക്രായുധമെടുത്തു അഭിമന്ത്രിച്ചു അതികായന്റെ തല കൊണ്ടുവരായെന്നനുഗ്രഹിച്ചയക്കുകയും അതുകണ്ടു അതികായൻ പരമേശ്വരസ്വാമിയാൽ ദത്തമായ പാശുപതാസ്ത്രത്തെ എടുത്തു അഭിമന്ത്രിച്ചു സുദൎശനത്തിന്നു നേരെ ഇരു കക്ഷികളും അയച്ചു അസ്ത്രങ്ങൾ ആകാശത്തിൽ ഉയൎന്നു അടുത്തുകൂടി തങ്ങളിൽ വാദപ്രതിവാദങ്ങളെ ചെയ്തു,

## വരായുധങ്ങൾ തമ്മിലുള്ള സംഭാഷണം.

ചക്രായുധം പാശുപതാസ്ത്രത്തിനോടുപറയുന്നു. അല്ലയോപാശുപതം നീ എന്റെ അനുജനാണ്. ഞാൻ നിന്റെ ജ്യേഷ്ഠനാണ്. ഞാനും നീയുമായി ഒരു ഗൃഹത്തിൽ ഏകഭാവനയോടുകൂടി വസിച്ചവരാണ്; ഓൎമ്മയുണ്ടോ. നിന്നെയും എന്നെയുംദാനംചെയ്തതു പരമേശ്വരസ്വാമിയാണ്. നിന്റെ എജമാനൻ നന്നായില്ല. കാരണം മാതൃഹത്തി, പിതൃഹത്തി, ബ്രഹ്മഹത്തി, ഗോഹത്തി, ശിശുഹത്തി, മദ്യപാനം മുതലായ മഹാപാപങ്ങളെ ചെയ്തുവരുന്ന രാക്ഷസന്മാരിൽ ഒരുവനാണ് അതികായൻ. ദുഷ്ടന്മാരോടു സഹവാസം ചെയ്യരുതെന്നു ശാസ്ത്രമുണ്ട്. അതികായൻ ചെയ്യുന്ന അനീതികൾക്കെല്ലാം നീ അനുകൂലമായിരിക്കേണ്ടിവരും. ആയതുകൊണ്ടു എന്നോടുകൂടെ വിശ്വംഭരനായ നാരായണസ്വാമിസമീപത്തിലേക്കു വരു. എന്നതിനെ കേട്ടു പാശുപതം പറയുന്നു.

ഹേ ചക്രം നിന്റെവാക്കിൽ അത്യത്ഭുതമുണ്ട്. നാം തമ്മിൽ ജ്യേഷ്ഠാനുജന്മാർ തന്നെ ആയിരിക്കും എനിക്കു അത്രയെ വിവരമുള്ളു. എങ്കിലും നീ പറയപ്പെട്ട എല്ലാ സംഗതികളേയും ഞാൻ നിഷേധിക്കുന്നു. കാരണം നിന്നെ പരമേശ്വരൻ പാദാംഗുഷ്ഠത്താൽ ഭൂമിയിൽ വരഞ്ഞു സൃഷ്ടിക്കുന്നതിന്നുമുമ്പു ഞാൻ സ്വാമിപക്കൽ സേവകനാണ്. എന്റെ എജമാനൻ രാക്ഷസനാണെന്നും മഹാവഞ്ചനാൎത്ഥികളാണെന്നും പറഞ്ഞത് നിന്റെ വിവരമില്ലായ്മയാണ്. ചെന്താമര ചേററിലല്ലെ മുളക്കുന്നത് അതിനെ

ഉൽകൃഷ്ടതയോടുകൂടി ത്രിമൂത്തികരം ശിരസ്സിൽച്ചൂടുന്നില്ലെ. പ്രഹ്ലാദൻ രാക്ഷസനല്ലെ. നിന്റെ സ്വാമിയല്ലെ രക്ഷ ചെയ്യതു്. ഏതു ജാതിയായാലും സ്വഭാവമായ വൃത്തിയാണു് നന്നാവേണ്ടതു് എന്റെ എജമാനൻ അതികായന്റെ ഗുണം നീ അറിയുമോ ജാത്യാചാരമായ മായാവിദ്യകരം പ്രാണൻ പോകുമെന്നു കണ്ടാലും ശത്രുക്കളോടു പ്രയോഗിക്കയില്ല. സത്യയുദ്ധമെന്ന ധർമ്മയുദ്ധമല്ലാതെ ശാഠ്യയുദ്ധമൊ മായായുദ്ധമൊ ജന്മനാൽ ചെയ്കയില്ല. വിദ്യാഭ്യാസത്തിൽ പരമേശ്വരസ്വാമിയുടെ പ്രധാനശിഷ്യനാണു്. നിന്റെ എജമാനനായ നാരായണനെപ്പോലെ ഇത്ര ചതിയുംകളവുമുണ്ടായിട്ടു വേറെ ഇഹപരങ്ങളിൽ ആരാണു് ഉള്ളതു്. ചതിയാൽ എത്ര ശരീരികളെ കുലചെയ്യുന്നു. കള്ളന്മാരോടു സഹവാസം ചെയ്യുന്നവനും കള്ളൻതന്നെ. ആയതുകൊണ്ടു് നിന്റെ എജമാനൻ നന്നായില്ല നീ എന്റെ ഒരുമിച്ച് അതികായന്റെ അടുക്കലേക്കു വരുന്നതാണു് നല്ലതെന്നു പറയുകയും ഇതുകളെയെല്ലാം കേട്ടു നിൽക്കുന്ന ദേവന്മാർ ആശ്ചര്യപ്പെടുകയും ചെയ്തു. പശ്ചാത്താപം നാം തമ്മിൽ കലഹം വേണമെന്നില്ല. എന്റെ ഒരുമിച്ച് നീ വന്നാലും നിന്റെ ഒരുമിച്ച് ഞാൻ വന്നാലും നമ്മെ ദാനംചെയ്യു പരമേശ്വരസ്വാമിക്കു ദൃഷ്ടിക്കിടവരും എന്നുപറഞ്ഞു വരായുധങ്ങരം അവരവരുടെ ആവനാഴിയിൽ ചെന്നു അടങ്ങിയിരിക്കുകയുംചെയ്തു. ഇതുകളെല്ലാം കണ്ടുനിൽക്കുന്ന നാരായണസ്വാമി അതിവേഗത്തിൽ വന്നു അതികായന്റെ കരംപിടിച്ചു പറയുന്നു. അതികായ ഇന്ദ്രൻ നിന്നോടു യുദ്ധം ചെയ്യുവാൻ സമത്ഥനല്ല നിന്റെ ജ്യേഷ്ഠൻ രാവണി പിടിച്ചുകെട്ടി ഇന്ദ്രനെ കാരാഗ്രഹത്തിൽ ബഹുകാലം ഇട്ടിരുന്നതു ഓർമ്മയില്ലെ. ആ ഒരു ക്ഷീണവും ഭയവും ഇനിയും അവനു വിട്ടുപോയിട്ടില്ല. അങ്ങിനെയിരിക്കെ നീ എന്തിനാണു് ഒരുങ്ങുന്നതു്. ഇന്ദ്രനെജയിച്ചുവെന്നും പിടിച്ചുകെട്ടി ലങ്കക്കു കൊണ്ടുപോകേണമെന്നും ഉണ്ടോ എന്നതിനെ കേട്ടു അതികായൻ പറയുന്നു. ഹേ സ്വാമിൻ! ഇന്ദ്രൻ മഹാഗവ്വിയാണു്. ലങ്കയിൽ ചില സംഗതികളുണ്ടെന്നു മനസ്സിലാക്കണം. പണ്ടു എന്റെ മാതുലനായ ചന്ദ്രരാക്ഷസനെ യുദ്ധത്തിൽ ഓടിച്ചവനാണു്.

ആ ഒരു അപമാനത്തെ നിവൃത്തിപ്പാനാണ് ഞാൻ വന്നത്. എന്നതിനെ കേട്ട നാരായണസ്വാമിയും ഇന്ദ്രനെക്കൊണ്ട് ചന്ദ്രരാക്ഷസന്റെ പാദത്തിൽ നമസ്കരിപ്പിക്കുകയും അതു കണ്ടു സന്തോഷിച്ച മേലിൽ ഓൎമ്മവെക്കണമെന്നു പറഞ്ഞു സ്വൎഗ്ഗത്തെവിട്ടു നാരായണസ്വാമിയെ മാനിച്ച വൈകുണ്ഠത്തിലേക്കയച്ച അതികായൻ ലങ്കയിലേക്കു മടങ്ങിവന്നു പരമാൎത്ഥങ്ങളെല്ലാം പിതാവിനെ കേൾപ്പിച്ച ആനന്ദിച്ചിരിക്കുകയും ചെയ്തു. ഇങ്ങിനെയാണ് ഇപ്പോൾ യുദ്ധത്തിന്നു വന്നിരിക്കുന്ന അതികായന്റെ വൈഭവം. എന്നതിനെ കേട്ടു ഭഗവാൻ ആശ്ചൎയ്യപ്പെട്ടു വിഭീഷണനോടു ചോദിക്കുന്നു. അല്ലയോ വിഭീഷണ! അതികായന്റെ വൈഭവമൊ അത്ഭുതം തന്നെ. അതിനെ പറയുന്ന നിന്റെ വാഗ്വൈഭവം അതിലും അത്യത്ഭുതമായിരിക്കുന്നു. എന്നാൽ അതികായന്നു ഈ ജന്മത്തിൽ ഇത്ര വൈഭവം വരേണമെങ്കിൽ പ്രാഗ്ജന്മവിശേഷം വേണം. അല്ലാതെ ഇത്തരത്തിൽ ഒരു ജന്മംകൊണ്ട് ഇങ്ങിനെയുള്ള വൈഭവങ്ങളെ ഒരു ശരീരി അനുഭവിപ്പാൻ അവകാശമില്ല. ആയതുകൊണ്ട് അതികായന്റെ മുജ്ജന്മം നീ അറിയുമെങ്കിൽ പറഞ്ഞു കേൾപ്പാൻ ആഗ്രഹമുണ്ട് എന്നതിനെ കേട്ടു വിഭീഷണൻ പറയുന്നു.

## അതികായന്റെ മുജ്ജന്മം.

ശരണം രാമചന്ദ്രപ്രഭോ! ആതികായന്റെ ഈ ജന്മവിശേഷം തന്നെ പറവാൻ അടിയൻ സമൎത്ഥനല്ല എന്നിരിക്കെ മുജ്ജന്മവൎത്തമാനം എങ്ങിനെ പറവാൻ കഴിയും സ്വാമി. എങ്കിലും ഈ അവസരത്തിൽ അടിയനെക്കൊണ്ട് പറയിക്കണമെന്നുള്ള ആഗ്രഹം തിരുവടിക്കുണ്ടെന്നു കാണുന്നതിനാൽ അടിയൻ അറിഞ്ഞതിനെ ഉണൎത്തിക്കാം. എങ്ങിനെ എന്നുവെച്ചാൽ ഒരു ദിവസം അനുഭവരസികനായ നാരദൻ ലങ്കയിൽവന്നു രാവണനോടുകൂടി ഓരോ സംഭാഷണങ്ങളെ ചെയ്തുംകൊണ്ടിരിക്കുന്ന മദ്ധ്യേ ഈ അതികായൻ രാവണന്റെ മടിയിൽ വന്നിരിക്കുകയും അതു കണ്ട് നാരദൻ അതികായന്റെ മുഖത്തുനോക്കി ചിരിക്കുകയും ചെയ്തു. അതിനെ രാവണൻ കണ്ടു എന്താണ് കുട്ടിയുടെ മുഖ

ളുനോക്കി ചിരിച്ചത്. അതികായന്റെ ജാതകവിശേഷം ഒന്നു പറഞ്ഞുകേൾക്കേണമെന്നാഗ്രഹമുണ്ട്. എന്നു പറഞ്ഞ രാവണനെ നോക്കി നാരദൻ പറയുന്നു. ഹേ രാവണീശ്വര! അതികായന്റെ ജാതകവിശേഷം പന്നഗേശ്വരനാലും വർണ്ണിപ്പാൻ അസാദ്ധ്യമാണ്. എങ്കിലും അറിഞ്ഞതിനെ പറയാം. ഏകാഗ്രമാനസനായി കേൾക്കുക എന്നു പറഞ്ഞതിനെ അടിയൻ കേട്ട ഓർമ്മയുണ്ട്. അപ്രകാരം അടിയൻ ഉണർത്തിക്കാം. ലോകത്തിൽ നാലു പ്രളയമാണ് നിത്യം, നൈമിത്തികം, പ്രാകൃതം, ആത്യന്തം എന്നിങ്ങിനെയാണ്. അതിൽ നൈമിത്തികപ്രളയത്തെ പറഞ്ഞു അവസാനിച്ചാലെ അതികായന്റെ മുജ്ജന്മം ഘടിക്കുകയുള്ളു. പ്രളയമെന്നാൽ പ്രകർഷേണലയം പ്രളയമെന്ന ശബ്ദാർത്ഥമാകുന്നു. നൈമിത്തികപ്രളയം ബ്രഹ്മാവിന്റെ രാത്രികാലമാകുന്നു. കൃത, ത്രേത, ദ്വാപര, കലി എന്ന ചതുര്യുഗം ആയിരം ചെന്നാൽ ബ്രഹ്മാവിന്റെ പകൽ മുപ്പതു നാഴിക കഴിയും. ആ മുപ്പതു നാഴികകളിൽ പതിനാലു ഇന്ദ്രനും മനുക്കളുംനശിക്കും. ഒരു ഇന്ദ്രന്റെ കാലം എഴുപത്തൊന്നു ചതുര്യുഗമാണ്. എഴുപത്തിരണ്ടെന്നു ചില ഗ്രന്ഥങ്ങൾ ഘോഷിക്കുന്നുണ്ട്. ഇങ്ങിനെ പകലൊടുങ്ങി രാത്രികാലം വരുമ്പോൾ അതല, വിതല, സുതല, നിതല, തലാതല, മഹാതല, പാതാളമെന്ന അധോലോകങ്ങൾ ഏഴിന്നും അധോഭാഗമായി നിരയഭുവനം കൂർമ്മാണ്ഡഭുവനം കാലാഗ്നിരുദ്രഭുവനമെന്ന മൂന്നു ഭുവനങ്ങളിൽ രുദ്രഭുവനത്തിൽ കാലാഗ്നിരുദ്രൻ എന്ന ഒരു മൂർത്തിയുണ്ട്. കാലത്തെ അറിഞ്ഞു അഗ്നിയെ കൊടുക്കുന്നതിനാൽ കാലാഗ്നിരുദ്രൻ എന്നു പേർ വന്നു. അങ്ങിനെയുള്ള രുദ്രന്റെ മുഖത്തിൽ നിന്നു അഗ്നി വളർന്നുകത്തി, ജ്വാലാമാലകളോടുകൂടി ഉപരിലോകങ്ങളെ ദഹിപ്പിച്ച ശേഷന്റെ മുഖത്തിൽ വന്നു അടിക്കുകയും അപ്പോൾ ശേഷനും വിഷാഗ്നിയെ ഛർദ്ദിച്ച രണ്ടഗ്നിയും കൂടികലർന്നു ഊർദ്ധ്വ മുഖമായി പുറപ്പെട്ടു എമ്പതു ലക്ഷം യോജന ഘനത്തോടുകൂടിയ പൃഥ്വിയെ ഞെരുക്കും. ആ അവസരത്തിൽ ആദിത്യൻ ദ്വാദശാദിത്യന്മാരായി തങ്ങളുടെ പന്തീരായിരം കിരണങ്ങളെക്കൊണ്ടു പൃഥ്വിയിലുള്ള ഭൂചര, ഖേചര, ജ

ചരാചര, സ്ഥാവരജംഗമങ്ങളായ ചതുൎവ്വിധജാതയോനികളെയും ദഹിപ്പിച്ചു സമുദ്രത്തിൽ സ്ഥാപിച്ചുവെച്ചിരിക്കുന്ന ബഡവാഗ്നിയോടു കൂടി ഭൂമിയെ ഞെരുക്കി ഇങ്ങിനെ ചതുൎവ്വിധമായ അഗ്നിയും ഏകീകരിച്ചു നൂറു സംവത്സരം അഗ്നി കത്തി ജ്വലിക്കും. അപ്പോൾ പൃഥ്വീ ഗോമയപിണ്ഡംപോലെയിരിക്കും. അനന്തരം അഗ്നിയിൽനിന്നു ധൂമജ്യോതി, സലിലം, വായു എന്നിങ്ങിനെ ചതുൎവ്വിധമായിപ്പുറപ്പെട്ട മേഘങ്ങളായി അസ്ഥിമസ്തകജന്തുസമപ്രമാണം നൂറു സംവത്സരം വൎഷധാരയെ ചെയ്യും. തന്നിമിത്തം ലവണാദികളായ സപ്താൎണ്ണവങ്ങളും ഏകാൎണ്ണവമായി ധ്രുവമണ്ഡലപൎയ്യന്തം പ്രളയജലം അതിക്രമിക്കുകയും സൎവ്വപ്രാണികളും ഹേമവ്യാപാരികളുടെ കൈവശമുള്ള മെഴുകുണ്ടയിൽ സ്വൎണ്ണരേണുക്കൾ മറഞ്ഞുകിടക്കുംപോലെ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു ഉണ്ടാവുന്ന തേജസ്സിൽ ഒതുങ്ങി ബ്രഹ്മാവു സത്യലോകത്തെ വിടും. സൎവ്വേശ്വരനായ നാരായണസ്വാമി തന്റെ ശയ്യയായ അനന്തനെ വടപത്രമാക്കി തന്മദ്ധ്യേ യോഗനിദ്ര ചെയ്യും. നാരായണസ്വാമിയുടെ നാഭിസരോജത്തിൽ ബ്രഹ്മാവ് വന്നു നിദ്രയെ പ്രാപിക്കും. അങ്ങിനെ നിദ്രക്കു വരുന്ന സമയം തനിക്കൊരു അഹങ്കാരം മനസ്സിൽ തോന്നിയതു എന്തെന്നാൽ: എന്നാൽ സൃഷ്ടമായ ചരാചരങ്ങളെല്ലാം എന്റെ പകൽക്കാലമായ ആയിരം ചതുൎയ്യുഗംവരെ അവരവരുടെ കൎമ്മഫലത്തെ അനുസരിച്ചു സുഖദുഃഖത്തിന്നു ഭാജനമായി ജനനം മരണം എന്ന വ്യവഹാരത്തോടുകൂടി വസിക്കുകയും പകലൊടുങ്ങി രാത്രി വന്നപ്പോൾ സൎവ്വവും നശിച്ചല്ലെ കാണപ്പെടുന്നത്. മേലിൽ എന്റെ രാത്രി കഴിഞ്ഞു പകലായാലല്ലെ ചരാചരങ്ങളെല്ലാം എന്നാൽ സൃഷ്ടിക്കപ്പെടുന്നുള്ളു. അതുവരെ നിഷ്പ്രപഞ്ചമല്ലെ പ്രപഞ്ചമെന്ന വ്യവഹാരമില്ലല്ലൊ ആയതുകൊണ്ടു ത്രിമൂൎത്തികളിൽ വെച്ചു യോഗ്യൻ ഞാൻ തന്നെ എന്ന് അഭിമാനിച്ചു നിദ്രയെ ചെയ്തു. ഈ വിവരമെല്ലാം സൎവ്വേശ്വരനായ നാരായണസ്വാമി ദിവ്യദൃഷ്ടിയാൽ അറിഞ്ഞു ബ്രഹ്മാവിന്റെ അഹങ്കാരത്തെ മാറ്റു

ണമെന്നു കരുതി തൻെറ കണ്ണമലത്തെ എടുത്തു പ്രളയജലത്തി
ലിട്ടുകയും അതിൽനിന്നു രണ്ടു അസുരന്മാർ ജാതമാവുകയും അവ
ൎക്കു അനുഭവരസികന്മാർ മധുകൈടഭന്മാർ എന്ന പേർ കൊടുക്ക
കയും ചെയ്തു. മധുകൈടഭന്മാർ എന്നു നാമം വരുവാനുള്ള കാര
ണം. വലത്തെ കണ്ണത്തിൽനിന്നെടുത്ത മലം മധുവെപ്പോലെ
ഉളകിയിരുന്നതിൽ നിന്നു ജനിച്ചവനു മധുവെന്നും ഇടത്തെക്ക
ണ്ണത്തിലുള്ള മലം കീടംപോലെ ഉറച്ചിരുന്നതിൽ നിന്നു ജനിച്ചു
വന്നു കൈടഭൻ എന്നും പേർ വന്നു. ഇതുകൾ കാരണമെപ്പരാ
ണ്. അനന്തരം മധുകൈടഭന്മാർ പ്രളയജലത്തെ തച്ചുമറിച്ചു
നടക്കുന്ന മദ്ധ്യേ ഹ്രീം എന്ന ഒരു അശരീരിശബ്ദം കേൾക്കുക
യും അതിനെക്കേട്ടു ആ ഹ്രീംകാരത്തെ ഇവർ ധ്യാനിക്കുകയും അ
പ്പോൾ ഹ്രീംകാരിയായ പരാശക്തി പ്രത്യക്ഷമായി നിങ്ങൾക്കു വേ
ണ്ടുന്ന വരങ്ങളെക്കേട്ടുകൊള്ളുവിൻ എന്നു പറഞ്ഞതിനെക്കേട്ടു
അസുരന്മാർ പറയുന്നു. ശരണം മായെ ലോകജനനീ. ഞങ്ങൾ
എപ്പോൾ മരിക്കണമെന്നു വിചാരിക്കുന്നുവൊ അപ്പോൾ മാത്ര
മെ മരണം ഭവിക്കാവു. അതുവരെ ആരാലും ഞങ്ങൾ മരിക്ക
രുത്. എന്നുതന്നെയല്ല ശത്രുക്കളെ കൊലചെയ്യാനുള്ള വരായുധ
ത്തെയും തരണം എന്നപേക്ഷിക്കയും അതു കേട്ടു ശക്തിയും അഭീ
ഷ്ടത്തെ ദാനംചെയ്തു മധുവിന്നു ശൂലത്തെയും കൈടഭന്നു വേലും
ആയുധമായിട്ടുകൊടുത്തു മറയുകയും ചെയ്തു. അനന്തരം അസുരകൾ
തന്നോടു മത്സരിപ്പാൻ ആരെയും കാണാതെ തിരഞ്ഞു നടക്കു
മ്പോൾ ജലോപരിയിൽ ഒരു താമരമുകുളം കാണുകയും അതിനെ
വിടൎത്തി നോക്കിയതിൽ ബ്രഹ്മാവിനോടു മധുകൈടഭന്മാർ പറയു
ന്നു. ആഹാ. നീ ഇതിൽ ഒളിച്ചിരുന്നാൽ ഞങ്ങൾ സമ്മതിക്ക
യില്ല. കഴിയുമെങ്കിൽ യുദ്ധത്തിന്നു വരണം അതിന്നു മടിച്ചാൽനി
ന്നെ ഞങ്ങൾ വധം കഴിക്കുമെന്നതിനെ കേട്ടും അസുരന്മാരുടെ
അട്ടഹാസത്തെയും ശരീരത്തെയും കണ്ടും ബ്രഹ്മാവും ഭയപ്പെട്ടു ശി
വഹാ ഇവരെ ആർ സൃഷ്ടിച്ചു. എന്നാൽ സൃഷ്ടമായ പ്രാണിക
ളെല്ലാം നശിച്ചു നിഷ്പ്രപഞ്ചമായ ഈ പ്രളയത്തിൽ ഇവർ എ

വിടെനിന്നുണ്ടായി. അയ്യോ. ഞാൻ സൃഷ്ടികൎത്താവ് എന്നു അഭിമാനിച്ചതു വലിയ തെറെറ വിസ്മിതപൂൎവ്വമായി എന്നു കരുതി വിശ്വംഭരനായ നാരായണസ്വാമിയെ സ്തുതിച്ചു. നാരായണസ്വാമിയുടെ നിദ്ര ഉണരാഞ്ഞതു കണ്ടു നിദ്രാദേവിയെ സ്തുതിക്കുകയും അപ്പോൾ നിദ്രാശക്തി നാരായണസ്വാമിയെ വിട്ടുനില്ക്കുകയും സ്വാമി ഉണൎന്നു ഉത്ഥാനം ചെയ്തു സമയം ബ്രഹ്മാവു സാഷ്ടാംഗനമസ്കാരം ചെയ്തു മധുകൈടഭന്മാരെ കാണിച്ചുകൊടുക്കുകയും അതു കണ്ടു നാരായണസ്വാമി പറയുന്നു. അല്ലയോ ഹിരണ്യഗൎഭ അങ്ങയുടെ സൃഷ്ടി മുടങ്ങിയ ഇക്കാലത്ത് ഇവരെവിടെനിന്നുണ്ടായി. ആർ സൃഷ്ടിച്ചു. സൃഷ്ടിപ്പാനുള്ള അധികാരം അങ്ങേയ്ക്കല്ലെ എന്നതിനെക്കേട്ടു ബ്രഹ്മാവു പറയുന്നു. ശരണം സ്വാമിൻ അറിയാതെ കണ്ടഭിമാനിച്ചുപോയതാണ് സമസ്താപരാധം ക്ഷമിക്കേണമെ എന്നപേക്ഷിച്ചു ബ്രഹ്മാവിനെ പിടിച്ചുപിൻഭാഗത്തിൽ നിറുത്തി മധുകൈടഭന്മാരോടു യുദ്ധം തുടങ്ങുകയും അയ്യായിരം ദിവ്യസംവത്സരം കഠിനയുദ്ധം ചെയ്തും അസുരന്മാരോടു ജയമില്ലെന്നു കണ്ടു ഹെ അസുരകളെ മേലാൽ യുദ്ധം ചെയ്വാൻ എന്നാൽ പ്രയാസമാണ്. എന്നാൽ നിങ്ങൾക്കു വേണ്ടുന്ന വരങ്ങളെ കേട്ടുകൊള്ളുവിൻ എന്നതിനെ മധുകൈടഭന്മാർ കേട്ടു ഭഗവാനെ നോക്കി. ഹെ നാരായണ ഇതുവരെ ഉണ്ടായ യുദ്ധത്തിൽ നീ തോററുപോയതിനാൽ നിന്നോടു ഞങ്ങൾ വരം വാങ്ങുവാൻ വിചാരിക്കുന്നില്ല. ഞങ്ങളാൽ നിനക്കു വല്ല വരവും വേണമെന്നുണ്ടെങ്കിൽ ഞങ്ങൾ തരാം എന്നതിനെക്കേട്ടു നാരായണസ്വാമിയും ഹെ അസുരകളെ അങ്ങിനെ എനിക്കു നിങ്ങൾ വരം തരുന്നതു സത്യം തന്നെയോ എന്നു ചോദിക്കുകയും സത്യംതന്നെ എന്നു പറഞ്ഞ അസുരകളെ നോക്കി നാരായണസ്വാമി പറയുന്നു. എനിക്കു വേണ്ടുന്ന വരം എന്തെന്നുവെച്ചാൽ നിങ്ങൾ രണ്ടാളെയും ചക്രത്താൽ ഗളമറുത്തു കുല ചെയ്യണം ഇതാണ് നിങ്ങളാൽ എനിക്കു വേണ്ടുന്ന വരമെന്നതിനെ കേട്ടു മധുകൈടഭന്മാർ പറയുന്നു. ഹെ നാരായണ ഞങ്ങളെ നീ ചതിക്കുകയല്ലെ

ചെയ്യത്. എങ്കിലും ആ വരം നിണക്ക ഞങ്ങൾ ദാനംചെയ്യു. എന്നാൽ ഈ പ്രളയജലത്തിൽ ഇട്ട വധിപ്പാൻ പാടില്ല. എന്നുതന്നെയല്ല ഞങ്ങൾ രണ്ടു പേരുണ്ട്. നീ ഏകനാണ് തന്നിമിത്തം തോല്പാൻ ഇടവന്നതാണെന്ന നീ വിചാരിക്കുന്നതായാൽ അതാ ആയിരം ഫണത്തോടുകൂടി ജലോപരിയിൽ കിടക്കുന്ന സൎപ്പരാജാവും കൈടഭനും യുദ്ധം ചെയ്യട്ടെ. ഞാനും നീയും കൂടി യുദ്ധം ചെയ്യാം എന്നാൽ ജയിപ്പാനിടയുണ്ടെങ്കിൽ അതും പരീക്ഷിക്കാം. ഞങ്ങൾക്ക യുദ്ധത്തിൽ തൃപ്തി വന്നിട്ടില്ല. ആയതിന്ന നിന്റെ അഭിപ്രായമെന്താണെന്ന ചോദിച്ചതിന്ന ഭഗവാൻ പറയുന്നു. നിങ്ങളുടെ അഭീഷ്ടത്തെ സാധിപ്പിച്ച തരാം. ഇപ്പോൾ നിങ്ങൾ വരം തന്നതിന്റെ ശേഷമാണ് എന്നോട നിങ്ങളുടെ അപേക്ഷ ഉണ്ടായത്. ആയതിന്ന ഈ ജന്മത്തു നിവൃത്തിയില്ല. അതിലേക്ക ഒരു ജന്മം കൂടെ നിങ്ങൾക്ക ഞാൻ ദാനം ചെയ്യാം. അപ്പോൾ നിങ്ങൾക്ക ശത്രുവായി ഞാനും പന്നഗേശ്വരനായ അനന്തൻ എന്റെ അനുജനായും വരും. ആ അവസരത്തിൽ മധുവായ നിണക്ക തൃപ്തി വരത്തക്ക യുദ്ധം ഞാൻ തന്നെ നിന്നെ വധിക്കും. അനന്താംശജാതനായ എന്റെ അനുജനോട കൈടഭൻ യുദ്ധം ചെയ്ത് തൃപ്തി വന്ന മരിക്കട്ടെ എന്ന അസുരകളെ സമാധാനിച്ച താൻ വിശ്വരൂപമെടുത്ത രണ്ടു പേരെയും തന്റെ തുടയിൽക്കിടത്തി ചക്രംകൊണ്ട ഗളമറുത്ത അവരുടെ മേദസ്സിനെ ഭൂമിയിലിട്ട ഉറപ്പിക്കുകയും തന്നിമിത്തം ഭൂമിക്ക ഇപ്പോഴും മേദിനി എന്ന പേരുണ്ട്. ഭഗവാൻ ബ്രഹ്മാവിനെ രക്ഷപ്പെടുത്തി നിദ്രയിൽ പ്രവേശിക്കുകയും ബ്രഹ്മാവിന്റെ രാത്രി കഴിഞ്ഞു പകലായപ്പോൾ അഗ്നി ജലത്തിൽ ലീനമായിപ്പോയതറിഞ്ഞു ബ്രഹ്മാവു തന്റെ മുഖത്തിൽനിന്ന അഗ്നിയെ ഉണ്ടാക്കി അതിനെ മൂന്നായി ഭാഗിച്ച ദിവ്യമെന്നും ഭൗതികമെന്നും പാൎത്ഥിവമെന്നും പേരിട്ട അതിൽ ദിവ്യാഗ്നി ആദിത്യങ്കലും ഭൗതികാഗ്നി ശരീരികളുടെ ജഠരത്തിലും പാൎത്ഥിവാഗ്നി പദാൎത്ഥങ്ങളെ പാകം ചെയ്യുവാൻ ലോകത്തിങ്കലും സമൎപ്പിച്ച നിയമനോട

ലെ ചരാചരങ്ങളെ സൃഷ്ടിച്ച പ്രപഞ്ചമായിത്തീൎന്നു. സൎവ്വേശ്വര നായ നാരായണസ്വാമി പ്രളയോപരിയിൽവെച്ച് മധുകൈടഭ ന്മാരോടുണ്ടായ വാദത്തപ്രകാരം മധുവിന്റെ രണ്ടാംജന്മമാണ് നിന്തിരുവടി ജനസ്ഥാനത്തുവെച്ചു വധിച്ച ഖരൻ. കൈടഭന്റെ രണ്ടാം ജന്മമാണ് ഇപ്പോൾ യുദ്ധത്തിന്നു വന്നിട്ടുള്ള അതികാ യൻ. സ്വാമിൻ ഈ വിവരം ജ്യേഷ്ഠനായ രാവണനോടു അനുഭ വരസികനായ ശ്രീനാരദൻ പറഞ്ഞതിനെ അടിയൻ കേട്ടപ്രകാ രം ഈ അവസരത്തിൽ നിന്തിരുവടിയെ അടിയൻ കേൾപ്പിച്ചു. എന്നിങ്ങിനെ അതികായന്റെ മുജ്ജന്മവിശേഷങ്ങളെ കേട്ടു ഭഗ വാൻ വിഭീഷണനോടു പറയുന്നു. പരമഭാഗവതോത്തമനായ നിന്റെ വാണിചാതുൎയ്യം, അത്യത്ഭുതം തന്നെ. രാവണസൂനു വായ അതികായന്റെ വൈഭവങ്ങളെല്ലാം മനസ്സിലായി എ ന്നാൽ അവനോടു യുദ്ധത്തിന്നയക്കുന്ന എന്റെ അനുജൻ ലക്ഷ്മ ണന്റെ വൈഭവവും കുറഞ്ഞൊന്നു നിന്നോടു പറയാം കേൾക്ക ക എന്നു പറയുന്നു. ഹെ ലങ്കേശ്വരാ, ഈ അതികായന്നു സ ഹായമായും ലക്ഷ്മണശത്രുവായും നടിച്ചു എണ്ണായിരം കോടി രാ വണന്മാരും എന്നു തന്നെ അല്ല ഗഗനചാരികളായ ത്രയസ്ത്രിംശ ൽക്കോടി ദേവന്മാരും അമ്പത്താറ് രാജകുമാരന്മാരും ഹരിഹരവിരി ഞ്ചാദികളായ ത്രിമൂൎത്തികളുംകൂടി ഒന്നിച്ചുകൂടി ലക്ഷ്മണന്റെ ചതു ൎഭാഗങ്ങളിലും നിന്നു അസ്ത്രങ്ങളെ ശരവൎഷം ചെയ്യാലും അതുക ളെയെല്ലാം തൃണമാക്കുന്നതി ലക്ഷ്മണൻ അയക്കുന്ന ശരവേഗക വേഗങ്ങളെ എന്നാൽ പറവാൻ സാധിക്കുന്നതല്ല. നീ തന്നെ കണ്ടു മനസ്സിലാക്കണം. എന്നുമാത്രമല്ല അതികായൻ സമ്പാദി ച്ച ദിവ്യസായകങ്ങളും അഭ്യാസബലവും തന്റെ തപോബലവും മററുള്ള സമസ്തവും അതികായന്നു എത്രവരെ നിലനില്ക്കുമെന്നു വെച്ചാൽ ലക്ഷ്മണൻ വില്ലെടുക്കുന്നവരെ അതു നില്ക്കുകയുള്ളൂ. ഇതുകളെ ഒന്നും ഈ അവസരത്തിൽ എന്നാൽ പറവാൻ അസാ ധ്യമാണ്. ആയതുകൊണ്ട് അതികായവധം കാണ്മാൻ ലക്ഷ്മണ നൊരുമിച്ചു നീയുംയുദ്ധകളത്തിലേക്കുപോകണം. അതികായന്റെ ശിരസ്സും ലക്ഷ്മണന്റെ ശരവുംകൂടി മറിഞ്ഞുമറിഞ്ഞു വന്നുവീണു

കാക്ക കഴുക്കൾ അതികായന്റെ ശിരസ്സു മുതലായ അവയവങ്ങളെ കൊത്തി ഭുജിക്കുന്നതിനെ നിണക്കു കാണാനിടവരും. അതികായവധം കഴിഞ്ഞാൽ പിന്നെ പടനിലത്തിൽ നില്ക്കരുത്. സുഗ്രീവാദികളായ പടകളെക്കൂട്ടി എന്റെ അടുക്കലേക്കു വരണം. എന്നു പറഞ്ഞതിന്നനന്തരം ലക്ഷ്മണനെ വിളിച്ച് എടാ സൌമിത്രേ! അതികായന്റെ വൈഭവങ്ങളെയെല്ലാം ലങ്കേശ്വരൻ പറഞ്ഞതു നീ കേട്ടുവല്ലൊ ജാഗ്രതയായി യുദ്ധം നടത്തി അതികായവധം കഴിഞ്ഞു ഉടനെ പടകളോടുകൂടി പാടിവീട്ടിലേക്കു വരണം എന്നുപറഞ്ഞു വില്ലുംകൊടുത്തു യുദ്ധത്തിലേക്കയച്ചു.

## അതികായവധം.

അതികായൻ കൊണ്ടുവന്ന പടകളും വാനരങ്ങളും തമ്മിൽ പോർതുടങ്ങി. പടകൾ വാനരങ്ങളാൽ നശിച്ചതു കണ്ടു മാരുതിയും അതികായനും തമ്മിൽ യുദ്ധം തുടങ്ങി അതികായൻ എടാ ഹനുമാ! നീ ലങ്കയിൽ കടന്ന് എന്റെ അനുജനായ അക്ഷകുമാരനെ അരച്ചു തിലകംതൊട്ടു ലങ്കചുട്ടു ഓടിപ്പോയ കള്ളനല്ലെ. ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ നിന്റെ അന്നുതന്നെ വധം കഴിച്ചിരുന്നു. എന്നുതന്നെയല്ല ഇപ്പോൾ ഞാൻ കൊണ്ടുവന്ന പടകളെ മിക്കവാറും നീ തന്നെ വധിച്ചു. എന്നാൽ ഇന്നു നിന്നെ വധിച്ചെ അതികായൻ മടങ്ങുകയുള്ളു. എന്നു പറഞ്ഞതിനൊക്കട്ടെ ഹനുമാൻ പറയുന്നു. എടാ അതികായ, നീ ലങ്കയിൽ ഉണ്ടായിരുന്നില്ലേ? എവിടെക്കു പോയിരുന്നു. നീ ഇല്ലാതെകണ്ടുള്ള സമയത്തിൽ നിന്റെ അനുജനെ കൊലചെയ്തതു കഷ്ടമായി എന്നു നിണക്കു തോന്നുന്നപക്ഷം ഇതാ നിന്റെ പമ്പാകെ നില്ക്കുന്ന ത്രിശിരസ്സിനെ ഭൂമിയിലിട്ടു അരച്ചു തിലകം തൊടുന്നു. നിണക്കു തടുപ്പാൻ സാമർത്ഥ്യമുണ്ടെങ്കിൽ കാണട്ടെ എന്നും പറഞ്ഞു ത്രിശിരസ്സിനെപ്പിടിച്ചരച്ചതു കണ്ടു അതികായൻ അനേകബാണങ്ങളെ പ്രയോഗിക്കുകയും അതുകളെ മാരുതി തടുക്കുകയും അതു കണ്ടു ലക്ഷ്മണൻ അതികായനോടു നേരിട്ടു യുദ്ധം തുടങ്ങുകയും അതികായനോടു ലക്ഷ്മണൻ ഹെ അതികായ സർവേശ്വരനായ രാമസ്വാമിയുടെ അനുജനാണ് ഞാൻ. നിന്റെ അഭിപ്രായമെന്താ

ണ് നിന്റെ സൈന്യങ്ങളെല്ലാം നശിച്ചതിന്നനന്തരം നീ യുദ്ധം തുടങ്ങിയതു് യോഗ്യതയായൊ. നീ സമൎത്ഥനാണെങ്കിൽ ഇനി കഴിയുന്നതും നോക്കുക. എന്നതിനെകേട്ടു അതികായൻ പറയുന്നു. ഹെ ലക്ഷ്മണാ! സൈന്യങ്ങൾ യുദ്ധത്തിൽ മരിക്കുന്നതു സാധാരണയാണ്. ഞാനും നീയും തമ്മിലുണ്ടാവുന്ന പരാക്രമം കാണ്മാനായി ദേവകൾ വിമാനാരൂഢന്മാരായി ആകാശമാൎഗ്ഗ അതാ നിൽക്കുന്നു. ആ ദേവന്മാരുടെ മുഖേന നിന്നെ വധിക്കണം എന്നു കരുതിയാണ് നിനക്കു ദൂതയച്ചത് എന്നെ ജയിപ്പാൻ കഴിയുമെങ്കിൽ പരീക്ഷിക്കാം എന്നും പറഞ്ഞു രണ്ടുപേരും അസ്ത്രങ്ങളെ ശരവൎഷംചെയ്കയും തൊടുക്കുന്ന ശരങ്ങൾ അതികായന്റെ ശരീരത്തിൽ പെടാതിരിക്കുന്നതിനെക്കണ്ടു ലക്ഷ്മണൻ വിഭീഷണനോടു അല്ലയോ ലങ്കേശ്വരാ അതികായന്റെ പേരിൽ തൊടുക്കുന്ന അസ്ത്രങ്ങൾ ശരീരത്തിൽപ്പെടാതിരിപ്പാൻ കാരണമെന്തു. എന്നതിനെക്കേട്ടു ലങ്കേശ്വരൻ, ഹേ ഇളയസ്വാമി ബ്രഹ്മാവിനോടു ഒരു കഞ്ചുകം അതികായൻ വാങ്ങീട്ടുണ്ട്. ആ കഞ്ചുകം ശരീരത്തിൽ ധരിച്ചിട്ടുണ്ടു. ആയതിനെ ബ്രഹ്മാസ്ത്രം തൊടുത്തു ഭേദിച്ച് അനന്തരം അസ്ത്രം തൊടുത്തു അതികായനെ വധിക്കണം എന്നാൽ മാത്രമെ അതികായൻ മരണപ്പെടുകയുള്ളൂ. എന്നതിനെ ക്കേട്ടു ലക്ഷ്മണൻ അതികായന്റെ രഥം തകൎത്തു കഞ്ചുകം ഭേദിച്ചു വില്ലുമുറിച്ചു അതികായനെ വധിക്കുകയും ചെയ്തു. ആ വിവരം ദൂതന്മാരാൽ രാവണനറികയും അതികായന്റെ മാതാവായ ധന്യമാല രാവണന്റെ അടുക്കൽവന്നു ദുഃഖിക്കുന്നു.

### ധന്യമാലയുടെ ദുഃഖം.

അയ്യോ രാവണീശ്വര! നിന്തിരുവടി ഒരു സ്ത്രീയെക്കൊണ്ടു വന്ന നിമിത്തം എന്റെ മകനല്ലെ മരിക്കേണ്ടിവന്നതു. ഈ ജന്മത്തു ഇങ്ങിനെ ഒരു മകൻ എനിക്കു സിദ്ധിക്കുമൊ? ഇന്ദ്രാദിദേവന്മാരെല്ലാം അതികായനെ മാനിച്ചും അപ്സരസ്ത്രീകളെല്ലാം മോഹിച്ചും ലോകവാസികളെല്ലാം സേവിച്ചും ലോകവിശ്രുതനായ മകനെ കൃമികീടസദൃശനായ മനുഷ്യൻ കൊന്നുവെന്നു കേട്ട ഞാൻ ഇനി പ്രാണനോടുകൂടി ഇരിക്കാമോ? ത്രൈലോക്യപുരന്ദരൻ

എന്നു കീൎത്തിപ്പെട്ട നിന്തിരുവടി മക്കളെയെല്ലാംശത്രുക്കളെക്കൊണ്ടു കൊല്ലിപ്പിച്ചു കുഡുംബങ്ങളെല്ലാം നശിച്ചതിന്നുശേഷം ആ ഗണികകളും നിങ്ങൾക്കുംകൂടി സുഖമായിരിക്കാമെന്നു കരുതിയൊ ഇപ്രകാരമെല്ലാം ചെയ്യുന്നതു? അക്ഷകുമാരനും അതികായനും അതിസമൎത്ഥന്മാരായ പടകളും മനുഷ്യരാൽ കൊല്ലപ്പെട്ടുവെന്നുകേട്ടു നിന്തിരുവടി ആ രാമനോടുപ്രഥമയുദ്ധംചെയ്തുബ്രഹ്മദത്തവരാനുഗ്രഹങ്ങളെല്ലാം നശിച്ചു ഇനിയും ആ മശകത്തോളം പോന്ന ഒരു സ്ത്രീക്കുവേണ്ടി ആരെയെല്ലാം കുലക്കൊടുപ്പാനാണു ഒരുങ്ങിയിരിക്കുന്നതു. ഇനി നിന്തിരുവടിക്കു ആരാണ് മക്കളുള്ളതെന്നാലോചിക്കുമ്പോൾ മണ്ഡോദരീപുത്രനായ ഇന്ദ്രജിത്തു മാത്രമെയുള്ളു. അയ്യൊ ഇന്ദ്രജിത്തെ നീ എങ്കിലും വന്നു നിന്റെ അനുജനെക്കൊന്ന മനുഷ്യരെ വധിക്ക എന്നു ധന്യമാല മാറത്തടിച്ചു നിലവിളിക്കുകയും ആ സ്ത്രീരോദനം ചെമ്പൊൻമാളികയിൽ താമസിക്കുന്ന ഇന്ദ്രജിത്തു കേൾക്കുകയും അതു കേട്ടു ഇന്ദ്രജിത്തു തന്റെ സേവകന്മാരോടു എടൊ എന്താണിതു ഒരു സ്ത്രീയുടെ അതികഠിനമായ ദുഃഖമല്ലെ കേൾക്കുന്നതു എവിടെനിന്നാണ് അഷ്ടദിക്കുകളെയും ജയിച്ച പിതാവു വല്ല ശത്രുബാധയിൽപ്പെട്ടു തന്നിമിത്തം ഉള്ള സ്ത്രീകളുടെ രോദനമൊ ഇതു മുമ്പു ഒരു കുരങ്ങൻ വന്നു ലങ്ക കൊള്ളിവെച്ചു ഓടിപ്പോയി. ആ മന്തി രണ്ടാമതും ലങ്കയിൽ കടന്നു വല്ല അക്രമങ്ങളെയും ചെയ്തുവൊ ഇതുവരെ ഇല്ലാത്ത ഒരു സ്ത്രീരോദനം ഇന്നു കേൾപ്പാൻ അവകാശമെന്തു എന്നു രാക്ഷസന്മാരോടു ചോദിക്കുകയും അവർ ആരും അനുജൻ മരിച്ചുപോയി എന്നു പറവാൻ ഭയപ്പെട്ടു ഒന്നും മിണ്ടാതെ പിൻവാങ്ങുന്നതിനെ കണ്ടു സാരഥിയോടു രഥം കൊണ്ടുവരുവാൻകല്പിച്ചു അതിവേഗത്തിൽരഥമേറിപ്പുറപ്പെട്ടുഭേരിമുഴക്കിരാവണന്റെ അടുക്കലേക്കു വരുന്നതിനെ രാവണൻഅറിഞ്ഞു മകനെഎതിരേറ്റുകൊണ്ടുവരുവാൻ പടകളെ അയക്കുകയും രാക്ഷസന്മാർ വാദ്യഘോഷത്തോടുകൂടിവരുന്നതു കണ്ടു നിങ്ങൾ എവിടെക്കു പോകുന്നു എന്നു ഇന്ദ്രജിത്ത് ചോദിക്കുകയും രാവണീശ്വരന്റെ കല്പനപ്രകാരംനിന്തിരുവടിയെ എതിരേല്ക്കുവാൻ വന്നതാണെന്നു പറഞ്ഞു രാക്ഷ

സന്മാരെ പിൻനടത്തി വന്നു രാവണനെക്കണ്ടു നമസ്കരിച്ചു ഇന്ദ്രജിത്ത് പറയുന്നു. ശരണം പിതാവെ ഇവിടെനിന്നു ഒരു സ്ത്രീരോദനം കേൾപ്പാനവകാശമെന്ത്. വല്ല ശത്രുബാധയുണ്ടായൊ? രാജധാനിയിലുള്ള വിശേഷവർത്തമാനം എന്തു എന്നതിനെ കേട്ടു രാവണൻ പറയുന്നു. എടാ രാവണി നീ ഇത്ര ദ്വേഷ്യപ്പെടുന്നതെന്താണ്. നിന്റെ നേത്രങ്ങളിൽനിന്നു അഗ്നിജ്വാലാമാലകൾ കത്തിജ്വലിക്കുന്നു. തന്നിമിത്തം ഇപ്പോഴത്തെ സ്ഥിതികളെ നിന്നോടു പറവാൻ എനിക്കു ധൈര്യമില്ല. എങ്കിലും നിന്നോടല്ലാതെ വേറെ ആരോടും പറഞ്ഞും പ്രയോജനമില്ല. ഇവിടെ മനുഷ്യരോടുണ്ടായ യുദ്ധത്തിൽ മിനിഞ്ഞാന്നു എന്റെ അനുജൻ കുംഭകർണ്ണനെയും ഇന്നലെ ഉണ്ടായ യുദ്ധത്തിൽ നിന്റെ അനുജൻ അതികായനേയും മനുഷ്യർ നിഗ്രഹിച്ചിരിക്കുന്നു. എന്നതിനെ ഇന്ദ്രജിത്ത് കേട്ടു രാവണനോടു പറയുന്നു. കഷ്ടം കഷ്ടം അന്നു ഹനുമാനെന്ന ഒരു മർക്കടൻ വന്നു അക്ഷകുമാരനെ വധിക്കുകയും ഞാൻ ചെന്നു പിടിച്ചുകെട്ടി തിരുവടിക്കു കാഴ്ച വെച്ചപ്പോൾ ശത്രുപക്ഷിയായ വിഭീഷണന്റെ വാക്കിനെക്കേട്ടു ദൂതനെ കൊല്ലരുതെന്നു കരുതി വിട്ടയച്ചതിനാലല്ലെ ഇന്നു ഈ ദുഃഖം അനുഭവിക്കേണ്ടിവന്നത്. സമയോചിതംപോലെപ്രവൃത്തിക്കാഞ്ഞാൽ അവക്കുള്ള അനുഭവമാണിത്. അതികായനെപ്പോൾ മരിച്ചുവോ അപ്പോൾ മക്കളുടെ സഹായം തിരുവടിക്കില്ലാതെ വന്നു. എന്നുതന്നെയല്ല നമ്മുടെ കാലാവസാനത്തിന്നാണ് തിരുവടിക്കിങ്ങിനെ തോന്നിയതു. എന്റെ അനുജനെ ആരാണ് കൊന്നത്. രാമനൊ ഇലക്ഷ്മണനൊ എന്നതിനെക്കേട്ടു ലക്ഷ്മണനാണ് വധിച്ചതെന്നു രാവണൻ പറഞ്ഞതുകേട്ടു ക്രോധം സഹിയാതെ സിംഹഗർജ്ജനംചെയ്തു രാവണി പറയുന്നു. ഇന്നു പടനിലത്തിൽ പോയി മർക്കടങ്ങളെ ഒന്നൊഴിയാതെ നിഗ്രഹിച്ചു ആ ലക്ഷ്മണനെ വധിക്കാത്ത പക്ഷം ത്രിമൂർത്തികളോടു കപ്പം വാങ്ങി പ്രയോജനമില്ല. പാൽമണം മാറാത്ത ബാലനായ എന്റെ അനുജൻ അതികായനെ കൊന്ന ആ കൃമികീടസദൃശനായ ലക്ഷ്മണനെ ഇന്നു നിഗ്രഹിച്ചു അന്തകപുരിക്കയക്കാത്തപക്ഷം ഞാൻ

വില്ലാളിയെന്ന പേരു പറഞ്ഞിരുന്നു പ്രയോജനമില്ല. എന്നുമാത്രമല്ല. ഇന്ദ്രജിത്ത് എന്നുള്ള പ്രസിദ്ധിയും മേലിൽ എനിക്കു വേണമെന്നില്ല. നിന്തിരുവടിക്കു ഞാൻ മകനുമല്ല. ആയതുകൊണ്ടു വേഗത്തിൽ യുദ്ധത്തിന്നു കല്പന തരണം എന്നപേക്ഷിച്ചതിനെ കേട്ടു രാവണൻ സന്തോഷിച്ചു എടാ കുമാര! നീ എനിക്കു മകനായിരിക്കുന്ന കാലത്തു ഞാൻ ഒരുവനെ മാനിക്കുമോ; നീ പോയി നിന്റെ അനുജനെകൊന്ന ആ ലക്ഷ്മണനെ കൊന്നുവന്നാൽ പിന്നെ ഞാൻ പോയി എന്റെ അനുജനെ കൊന്ന രാമനെ കൊന്നുവരാം. ആയതുകൊണ്ടു ഇതാ വില്ലാളികളായ നാല്പതു വെള്ളം സൈന്യങ്ങളെ നിനക്കു സഹായമായിത്തരുന്നു. സൈന്യയുക്തനായി ചെന്നു ശത്രുക്കളെ വധിച്ചുവരിക എന്നു അനുഗ്രഹിച്ചു രാവണൻ സന്തോഷകരമായിരുന്നു. അനന്തരം ഇന്ദ്രജിത്ത് തന്റെ പടകളെ പത്മവ്യൂഹം പകുത്തു താൻ രഥമേറി ഭൂചക്രം പൊടിയാകത്തക്ക രണഭേരിയടിച്ചു യുദ്ധക്കളത്തിൽ വന്നു സിംഹനാദം ചെയ്തു. എന്നുതന്നെയല്ല തന്റെ പടകളെക്കൊണ്ടു വാനരസംഘത്തെ വളഞ്ഞു താൻ മദ്ധ്യത്തിൽ മഹാരഥമേറി നിന്നു. അതുകണ്ടു വിഭീഷണനോടു ലക്ഷ്മണൻ പറയുന്നു.

ഇ ന്ദ്ര ജി ത്തു പെ രു മ.

ക വി.

ശുന്തരത്തടന്തൊൾവെൻറിദശരതൻതോൻറലെകേൾ
അന്തരത്തമരർതന്നാൽരാവണിയെനഅടൈന്താൻ
മന്തിരത്തൊഴിൽകൾവല്ലൻമായങ്കൾപലവുംചെയ്വാൻ
ഇന്തിരക്കിടർശെയിതീയൊനിന്തിരശിത്തുവെന്പാൽ.

ഹെ ലങ്കേശ്വര. ഘനാഘനങ്ങളായ മേഘങ്ങളുടെ വർഷകാലങ്ങളിൽ ആകാശവീഥിയിലുണ്ടാവുന്ന ഇടിമുഴക്കംപോലെ ഭേരിക രണഭേരിക രാജകൊട്ടുമുടി കക്കടതാളം കൊമ്പുകൊമ്പ് പെരുമ്പറ ചെണ്ട കോദണ്ഡവാദ്യം അസുരനഗാരി അസുരമദ്ദളി മുതലായ വാദ്യങ്ങളെ മുഴക്കി ദേവരഥം ദൈവരഥം വായുരഥം ശകടരഥം മുതലായ അനേക രഥങ്ങളെ ഇടം വലം നിറുത്തി ച

തുരംഗവാഹനികളോടുകൂടി മഹാരഥമേറി ശിലാബാണചാപാണിയായി യുദ്ധത്തിന്നു വന്നിരിക്കുന്നവൻ ആരാണെന്നും മാതാപിതാക്കളാരെന്നും അവന്റെ കായബലം മായാബലം വരബലമെന്തെന്നും വരായുധങ്ങളെന്തെന്നും ആരെയെല്ലാം ജയിച്ചവനാണെന്നും നാമധേയമെന്തെന്നും ഉള്ള പരമാൎത്ഥമെല്ലാം യുദ്ധകളം നോക്കി ശത്രുവെ മനസ്സിലാക്കി എന്നോടു പറയുക എന്നതിനെക്കേട്ടു വിഭീഷണൻ പടനിലം നോക്കി അറിഞ്ഞു ലക്ഷ്മണനോടു പറയുന്നു. ഘനവിജയ ഉഗ്രതൂണീരകോദണ്ഡപാണെ സ്വാമിൻ. ഇനി നമ്മുടെ വാനരസംഘം യുദ്ധകളത്തിൽ നിലനില്ക്കുവാൻ പ്രയാസമാണ്. വില്ലു തൊട്ടതിൽ ബ്രഹ്മാണ്ഡകടാഹത്തിൽ ഇങ്ങിനെ ഒരു വില്ലാളി ഉണ്ടെന്നു ശങ്കിക്കരുത്. ഇവൻ രാവണന്റെ പ്രഥമപുത്രനാണ്. രാവണസ്യാപത്യം പുമാൻ രാവണി എന്ന ഒരു നാമമുണ്ടു്. മേഘനാദൻ, കാനീനൻ, മായാവി, ഇന്ദ്രജിത്തു ഇങ്ങിനെ അഞ്ചു നാമം ഇവന്നുണ്ട്. ഇതെല്ലാം കാരണപ്പേരാണ്. മേഘനാദൻ എന്ന പേർ വരുവാനുള്ള കാരണം എന്തെന്നാൽ രാവണപത്നിയായ മണ്ഡോദരി സൂതികാലയത്തിൽ വെച്ചു ഇവനെ പ്രസവിക്കുകയും ഉടനെ ഇവൻ ഒരു സിംഹനാദം ചെയ്കയും ആ ശബ്ദത്തെക്കേട്ടു മേഘങ്ങൾ തങ്ങളുടെ സ്ഥാനത്തെ വിട്ടു ഓടി ഒളിക്കുകയും ചെയ്തു. മേഘങ്ങളുടെ ശബ്ദത്തെ ഇവന്റെ ശബ്ദം കബളീകരിച്ചതിനെ ദേവകൾ കണ്ടു മേഘനാദൻ എന്നു പേരിട്ടു. പിന്നെ കാനീനൻ എന്ന നാമം വരുവാനുള്ള കാരണമെന്തെന്നാൽ 'കാനീനഃ കന്യകാജാതഃ' എന്നുണ്ട്. കന്യക പ്രസവിച്ച നിമിത്തം കാനീനനെന്നിരുന്നു. എന്നാൽ കന്യക പ്രസവിപ്പാനുള്ള കാരണമെന്തെന്നാൽ പണ്ടു ക്ഷീരാബ്ധിയിൽനിന്നു ജാതയായ സുലക്ഷണയെന്ന സ്ത്രീയെ ഖട്വാംഗൻ എന്ന ഗന്ധൎവ്വന്നു കൊടുക്കുകയും ഗന്ധൎവ്വൻ സുലക്ഷണയെ കൈലാസത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ശൈലരാജകുമാരിയായ പാൎവ്വതിയുടെ അടുക്കൽ ദാസ്യപ്രവൃത്തിക്കായിട്ടു താൻ തപസ്സിന്നു പോകുകയും സുലക്ഷണ അതിസുന്ദരിയായി പാൎവ്വതിക്കു ദാസ്യപ്രവൃത്തി ചെയ്തു വളരുന്ന കാലത്തിൽ സുലക്ഷണയുടെ

സൌന്ദൎയ്യത്തെക്കണ്ടു പരമേശ്വരസ്വാമി മദനമദാന്ധനായി സമയം നോക്കിക്കൊണ്ടിരിക്കുന്ന മദ്ധ്യെ ഒരു ദിവസം പാൎവ്വതി ജലസ്നാനത്തിന്നായി ദാസിയേയുംകൂട്ടി കൈലാസത്തിൻെറ ഉത്തരഭാഗത്തുള്ള മകളിരാന്തടമെന്ന തടാകത്തിലേക്കു പോകുകയും അവിടെച്ചെന്നു നോക്കിയതിൽ മരവസ്ത്രമെടുപ്പാൻ മറന്നുപോയതുകൊണ്ടു സുലക്ഷണയോടു പോയി പള്ളിയറയിലുള്ള വസ്ത്രമെടുത്തുകൊണ്ടുവരുവാൻ പറഞ്ഞപ്രകാരം സുലക്ഷണ അതിവേഗത്തിൽ വസ്ത്രമെടുപ്പാനായി പള്ളിയറയിൽക്കടന്നപ്പോൾ പരമേശ്വരസ്വാമി ഈ സ്ത്രീയുടെ കരത്തെക്കടന്നുപിടിച്ചു മാരലീല ചെയ്കയും ക്രീഡ കഴിഞ്ഞതിന്നുശേഷം സുലക്ഷണ വലിയ പരിതാപത്തോടുകൂടി സ്വാമിൻ ഞാൻ ഒരു കന്യകയാണ്. അങ്ങയുടെ പത്നിയുടെ ദാസിയാണ്. ഭൎത്താവില്ലാത്തവളാണ്. അങ്ങയുടെ ബീജം വൃഥാവിൽ നശിക്കുന്നതല്ല. ഈ ബീജം ഗൎഭഗോളകയിൽച്ചെന്നു ഗൎഭീകരിച്ചാൽ തന്നിമിത്തം ഒരു സന്തതിയെ പ്രസവിക്കേണ്ടിയും അപ്പോൾ ലോകാപവാദമേല്ക്കേണ്ടിയും വരും. നിന്തിരുവടിയുടെ പത്നി അറിഞ്ഞാൽ മേലിൽ എന്നെ സ്വീകരിക്കുന്നതുമല്ല. വല്ല ശാപകോപാദികൾക്കിടവരും എന്നുള്ള സുലക്ഷണയുടെ സങ്കടത്തെക്കേട്ടു പരമേശ്വരസ്വാമി പറയുന്നു. അല്ലയോ സുന്ദരി നീ വ്യസനിപ്പാൻ ആവശ്യമില്ല. എന്നാൽ ഉളവായുള്ള ബീജം നിൻെറ ഗൎഭത്തിൽ പരമാണുപോലെ ലയിച്ചുകിടക്കട്ടെ. ഏതൊരു കാലത്താണ് ഒരുവൻ നിന്നെ പത്നിയായി ഭരിച്ച് പ്രഥമമായി ക്രീഡിക്കുന്നുവോ അന്നു ഈ ബീജം തടിച്ചു ഗൎഭപൂൎണ്ണത്വം വന്നു യോഗ്യനായ ഒരു സന്തതിയെ പ്രസവിക്കുമാറാകട്ടെ. എന്നനുഗ്രഹിച്ചതിന്നു ശേഷം വസ്ത്രമെടുത്തു പാൎവ്വതി അടുക്കലേക്കു സുലക്ഷണ വരുന്നതിനെക്കണ്ടു ഇതുവരെ സുലക്ഷണക്കു പള്ളിയറയിൽ എന്തായിരുന്നു താമസമെന്നാലോചിച്ചു കാൎയ്യം മനസ്സിലാക്കി എടീ ഇത്രകാലം എന്നോടുകൂടി പഴകിയും പാതിവ്രത്യധൎമ്മത്തിൻെറ സ്വഭാവത്തെ ആലോചിയാതെ എൻെറ കണവനോടുകൂടി നീ രമിച്ചുവല്ലൊ. ആയതുകൊണ്ടു മേലിലും ഇങ്ങിനെ ചെയ്തു എന്നെ തോല്പിക്കുന്ന ഗ

ണികയാണ് നീ. ആയതുകൊണ്ടു നീ ഒരു മണ്ഡൂകമായ്പോകയെന്നു ശപിച്ചു തടാകത്തിൽ തള്ളി പാർവ്വതി കൈലാസത്തേക്കു വരികയുംചെയ്തു. അങ്ങിനെയിരിക്കെ മയൻ എന്ന അസുരൻ പരമേശ്വരസ്വാമിയെക്കുറിച്ചു തപസ്സുചെയ്കയും പരമേശ്വരസ്വാമി പ്രത്യക്ഷമായി നിണക്കുവേണ്ടുന്ന വരത്തെ ചോദിക്കുക എന്നു പറഞ്ഞതിനെക്കേട്ടു മയാസുരൻ ശരണം സ്വാമിൻ അടിയനു ഒരു സ്ത്രീപ്രജയില്ലായ്കയാൽ വളരെ വേദനയുണ്ട്. ആയതിന്നനുഗ്രഹിക്കണം എന്നപേക്ഷിച്ചതിനെക്കേട്ടു പരമേശ്വരൻ പാർവ്വതിയോടു അല്ലയൊപ്രിയെ, നീ പണ്ടു മണ്ഡൂകമായ്പോകേണമെന്നു ശപിച്ചു തടാകത്തിൽ തള്ളിയ സുലേക്ഷണയുടെ ശാപത്തെ മാററി മയന്നു പുത്രിയായ്ക്കൊടുക്കുക എന്നു പറഞ്ഞതിനെ കേട്ടു പാർവ്വതി സുലേക്ഷണയുടെ ശാപത്തെ മാററി മണ്ഡോദരി എന്നു പേരിട്ടു മയന്നു പുത്രിയായ്ക്കൊടുത്തനുഗ്രഹിക്കുകയും ചെയ്തു. പാർവ്വതിയാൽ ദത്തമായ മണ്ഡോദരിയെ പുത്രിയായി ഭരിച്ചു മയൻ തന്റെ ഗൃഹത്തിൽ കൊണ്ടുപോയി വളർത്തിവരികയും ഒരു ദിവസം രാവണൻ മയനെക്കണ്ടു യുദ്ധത്തിന്നു വിളിക്കുകയും മയൻ വന്നു രാവണേശ്വരാ നിന്തിരുവടിയോടു യുദ്ധം ചെയ്വാൻ എന്നാൽ അസാദ്ധ്യമാണ്. എനിക്കു ഒരു മകളുണ്ട്. യോഗ്യനായ ഒരുവനെ മകൾക്കു കണവനായി ഭരിക്കേണമെന്നു മോഹമുണ്ട്. ലങ്കേശ്വരനായ നിന്തിരുവടി എന്റെ പുത്രിയെ പത്നിയായി ഭരിക്കണം. എന്നപേക്ഷിച്ചതിനെക്കേട്ടു രാവണൻ സന്തോഷിച്ചു മണ്ഡോദരിയെ പാണിഗ്രഹണംചെയ്തു മയന്റെ അടുക്കൽനിന്നു സ്ത്രീധനമായി വേല് എന്ന ഒരായുധവും വാങ്ങി പത്നിയെ വിമാനത്തിൽ കയററി ലങ്കയിൽ വന്നു അന്നുരാത്രി പത്നിയായ മണ്ഡോദരിയോടുകൂടി ക്രീഡാദിസുഖങ്ങളെ നടത്തുകയും മുമ്പുണ്ടായ പരമേശ്വരസ്വാമിയുടെ അനുഗ്രഹപ്രകാരം ബീജം തടിച്ചു ഗർഭപൂർണ്ണത്വംവന്നു മുഹൂർത്തമാത്രേണ ഈ രാവണിയെ പ്രസവിക്കുകയുംചെയ്തു. തന്നിമിത്തം ഇവന്നു കാനീനൻ എന്നു പേർവന്നു. ഇനി മായാവി എന്നപേർ വരുവാനുള്ള നിമിത്തമെന്തെന്നാൽ പരമേശ്വരസ്വാമിയെക്കുറിച്ചു നികുമ്പിൽവെച്ചു ഇന്ദ്രജിത്ത് അഗ്നിഷ്ടോമം

ഗോമേധം, രാജസൂയം, അജ്ഞമേധം, വാജപേയം, പാശുപദം, പഞ്ചവണം എന്നു ഏഴു മഹാവേൾവിചെയ്കയും പരമേശ്വര സ്വാമി പ്രത്യക്ഷമായി ഇന്ദ്രജാലം, ഗജേന്ദ്രജാലം, മഹേന്ദ്രജാലം, ഗജകൎണ്ണം, ഗോകൎണ്ണം അഗ്നിസ്തംഭനം വായുസ്തംഭനം, ജലസ്തംഭനം, ആകാശപ്രവേശം, പരകായപ്രവേശം, കുഷ്ഠം, തന്ത്രം, ഉച്ചാടനം, മാരണം, മോഹനം, വശ്യം ഇത്യാദികളായ അറുപത്തിനാലു കലാവിദ്യകളെ ഉപദേശിക്കുകയും നാഗപാശം എന്ന വരായുധവും മായാവിയെന്ന നാമത്തെയും പരമേശ്വരസ്വാമി കൊടുത്തു താൻ അന്തൎദ്ധാനം ചെയ്കയും ചെയ്തു. അഞ്ചാമതു ഇന്ദ്രജിത്തു എന്ന നാമം വരുവാനുള്ള സംഗതി എന്തെന്നുവെച്ചാൽ ലങ്കാനാഥനായ രാവണൻ ഇന്ദ്രനോടു യുദ്ധമേററു ക്ഷീണിച്ചിരിക്കുന്നതായി ദൂതന്മാരാൽ ഇന്ദ്രജിത്ത് വിവരം അറിഞ്ഞു തന്റെ സൈന്ന്യങ്ങളെക്കൂട്ടി സ്വൎഗ്ഗത്തിൽ പോയി പിതാവിന്റെ ക്ഷീണത്തെക്കണ്ടു ക്രോധം സഹിയാതെ വില്ലോടുകൂടി ദേവസംഘത്തിൻ ചാടി ദേവകളെ സ്വൎഗ്ഗത്തിൽനിന്നു ഓടിച്ചു ഇന്ദ്രനോടു പോരേററു ബ്രഹ്മാസ്ത്രം തൊടുത്തു വീഴ്ത്തി. നാഗപാശത്താൽ ഇന്ദ്രന്റെ കേശാദിപാദം വരിഞ്ഞുകെട്ടി രഥത്തിലിട്ടു പിതാവിനേയുംകൂട്ടി ലങ്കയിൽ വന്നു ഇന്ദ്രനെ ബന്ധിച്ച നാഗപാശത്തെ വിടുത്തി പാദത്തിലും കരത്തിലും ശൃംഖലപൂട്ടി കാരാഗൃഹത്തിലിട്ടു വെക്കുകയും അങ്ങിനെ ഇരിക്കെ സ്വൎഗ്ഗത്തിൽ രാജാവില്ലാതെ സ്വൎഗ്ഗം അരാജകത്വംഭവിക്കുന്നതിനെ ദേവകൾകണ്ടുചെന്നു തങ്ങളുടെ കുലഗുരുവായ ബൃഹസ്പതി ഭഗവാനോടു ഉണ്ടായ പരമാൎത്ഥമെല്ലാംഉണൎത്തുകയും ബൃഹസ്പതി ദേവകളെ കൂട്ടി സത്യലോകത്തിൽ പോയി കമലോത്ഭവനായ ബ്രഹ്മാവോടു പരമാൎത്ഥങ്ങളെ ഗ്രഹിപ്പിക്കുകയും ബ്രഹ്മദേവർ ബൃഹസ്പതിയോടുകൂടി ലങ്കയിൽ വരികയും ബ്രഹ്മദേവരുടെ വരവിനെക്കണ്ടു എതിരേററുകൊണ്ടു വന്നു അവസ്ഥാനുസരണം ആസനത്തിലിരുത്തി സല്ക്കരിക്കയും അനന്തരം രാവണനോടു ബ്രഹ്മാവു ഹേ ലങ്കേശ്വര! സ്വൎഗ്ഗത്തിൽ രാജാവില്ലാതെ രാജധാനി അരാജകത്വം ഭവിച്ചിരിക്കുന്നു ഇന്ദ്രനെ ജയിക്കേണമെന്നല്ലാതെ വളരെക്കാലം ഇന്ദ്രനെ കാരാ

ഗൃഹത്തിൽ ഇടേണമെന്നുണ്ടോ? ആയതുകൊണ്ട് ഇന്ദ്രനെ വിട്ടയച്ചാൽ വേണ്ടില്ല. അതുനിമിത്തമാണ് ഞാനുംകൂടെ വന്നതു്, എന്നതിനെക്കേട്ട രാവണൻ, ഹേ സ്വാമിൻ! എനിക്ക ഇന്ദ്രനെ ശൃംഖലയിൽ ഇട്ടിരിക്കേണമെന്നില്ല. അതെല്ലാം രാവണിയുടെ ഇഷ്ടമാണ്. വിടേണമെങ്കിൽ രാവണിയെ വരുത്തി അവനെ അറിയിച്ചേ വിടുവാൻ തരമുള്ളൂ. എന്നുപറഞ്ഞു രാവണിയെ വരുത്തുകയും ബ്രഹ്മാവു രാവണിയുടെ കരംപിടിച്ച പുഞ്ചിരിയോടുകൂടി അല്ലയൊ രാവണി! ഇന്ദ്രൻ വളരെ ദിവസമായില്ലെ അത്യന്തം സങ്കടമനുഭവിക്കുന്നു. ഇന്ദ്രന്റെ മേലുള്ള ക്രോധം ഇനിയും ശമനത വന്നില്ലയോ? അന്യായമായി ദേവരാജ്യം പാഴപ്പെട്ടുപോകുന്നു. ഇനിയെങ്കിലും മഘവാനെ വിട്ടയച്ചുകൂടെ? എന്നതിനെക്കേട്ട രാവണി, സ്വാമിൻ! ഇന്ദ്രൻ സാധാരണയിലധികം അഹങ്കാരിയാണ്. അതു ശമിപ്പാൻ വേണ്ടി ഇങ്ങിനെ ചെയ്തതാണ്. ലങ്കയിൽ ചിലരുണ്ടെന്നുള്ള ഓൎമ്മ ലേശംപോലും ഇന്ദ്രന ഇല്ല. അതു ഓൎമ്മവരട്ടെ. സ്വാമിയുടെ ആവശ്യംപോലെ ഞാൻ നടപ്പാൻ ഒരുക്കമാണ്. ഇന്ദ്രനെ വിടേണമെന്നുണ്ടെങ്കിൽ തിരുവടി ശത്രുനിഗ്രഹാൎത്ഥം ഒരു ബ്രഹ്മാസ്ത്രം തരണം എന്നുതന്നെയല്ല ഇന്ദ്രജിത്തു എന്നുള്ള പ്രസിദ്ധിയും തരണം എന്നു രാവണി പറകയും അതുകേട്ട ബ്രഹ്മാവും ബ്രഹ്മാസ്ത്രത്തെ ദാനം ചെയ്തു. ഇന്ദ്രജിത്തു എന്ന പ്രസിദ്ധിയും കൊടുത്തു. അനന്തരം രാവണന്റെ സമ്മതംവാങ്ങി ഇന്ദ്രനെ സഭയിൽ കൊണ്ടുവന്നു പാദത്തിൽ പൂട്ടിയിരിക്കുന്ന ശൃംഖല വെട്ടി. ഹെ ഇന്ദ്രാ! മേലാൽ ലങ്കയിൽ ചിലരുണ്ടെന്നു ഓൎമ്മവേണം. ഞങ്ങളുടെ ഉപാസനാമൂൎത്തിയായ ബ്രഹ്മദേവരുടെ ആവശ്യപ്രകാരം നിന്നെ വിട്ടിരിക്കുന്നു. പോകാം, എന്നു പറഞ്ഞതിനെക്കേട്ട ഇന്ദ്രൻ വിടകൊള്ളുകയും അനന്തരം ബ്രഹ്മാവാദികൾ രാവണനായി പരസ്പര സംഭാഷണങ്ങളും കഴിഞ്ഞു അവരവരുടെ യഥാസ്ഥാനത്തിലേക്ക പോകയും ചെയ്തു. ഇങ്ങിനെ ഇന്ദ്രനെ ജയിക്കയാൽ ഇന്ദ്രജിത്തെന്നുള്ള പ്രസിദ്ധി ബ്രഹ്മാവിനാൽ സിദ്ധിച്ചതാണ്. ഇങ്ങിനെയാണ് അഞ്ചു നാമങ്ങൾ വരുവാനുള്ള കാരണം. ഇ

നി രാവണിയുടെ സത്ത്യയുദ്ധം, ശാസ്ത്രയുദ്ധം, മായായുദ്ധം ഇങ്ങി
നെ മൂന്നു തരത്തിലുള്ള യുദ്ധവും ഇവന്നു ജലപ്രായമാണ്. അ
തിൽ സത്ത്യയുദ്ധത്തിന്റെ ധൎമ്മം നിന്തിരുവടി അറിയുമല്ലൊ. ഇ
നി ശാസ്ത്രയുദ്ധത്തിന്റെ മൎയ്യാദയെ ഉണൎത്താം, നെററിക്കു തൊടു
ക്കുന്നു,എന്നുപറഞ്ഞു ഗളത്തിലേക്കും, ഗളത്തിൽ തൊടുക്കുന്നു
എന്നു പറഞ്ഞു മാറിലേക്കും, മാറിൽ തൊടുക്കുന്നു എന്നു പറഞ്ഞു
ഊരുവിലേക്കും, അടിക്കു തൊടുക്കുന്നു എന്നു പറഞ്ഞു മുടിയിലേ
ക്കും അസ്ത്രങ്ങളെ തൊടുത്ത് ചെയ്യുന്ന യുദ്ധമാണ് ശാസ്ത്രയുദ്ധം.
ഇനി രാവണിയുടെ മായായുദ്ധങ്ങളെ പറയാം. നേരിട്ടു യുദ്ധം
ചെയ്യുന്ന മദ്ധ്യേ ആകാശത്തിലേക്കു പോകും. അവിടെക്കു നി
ന്തിരുവടി പോയി എങ്കിൽ ഉടനെ ആകാശത്തിൽ മറഞ്ഞു ഇന്ദ്ര
ജിത്തു ഭൂമിയെത്തുളച്ചു നിന്തിരുവടിയുടെ ഗളം മുറിക്കും എന്നുത
ന്നെയല്ല ഇന്ദ്രകോണിൽകൂടെ പോയാൽ യമകോണിൻകൂടെ വ
രും, വായുകോണൂടെ പോയാൽ വരുണകോണൂടെ വരും, അഗ്നി
കോണൂടെ പോയാൽ നിരൃതികോണൂടെ വരും ഇങ്ങിനെ അഷ്ടദി
ക്കുകളിൽനിന്നും അസ്ത്രങ്ങളെ പ്രയോഗിക്കും. എന്നുതന്നെയ
ല്ല, അനേകപൎവ്വതങ്ങളായും വരും, ഭൂതപ്രേതപിശാചുക്കളായും
വരും. നിന്തിരുവടിയേയും സുഗ്രീവാദികളേയും പിടിച്ചു ഭക്ഷി
ക്കും എന്നു തോന്നും. സൎവ്വേശ്വരനായ രാമസ്വാമിയെ മന
സ്സിൽ നിവാതസ്ഥലദീപംപോലെ കുടിയിരുത്തി ആ മായങ്ങളെ
അസ്ത്രംതൊടുത്തു പോക്കി എന്നുവെച്ചാൽ വേറെയും ചില മായ
ങ്ങളെടുക്കും അതും പറയാം. നദംബ, നിംബ, ബദരികം, ഗ
ന്തി, സൌഗന്തികം, ഗിരു, വേണു, വില്ലാമ്മല, കാമ്ര, ചൂത ഫ
ലാസ, താല, രസാല, ഹിന്താലകൊല, തോമാല, വെങ്കം, മ
ധൂകമധുക, കരണ്ഡ, പിണ്ഡ, പ്രഭൃതികളായ വൃക്ഷങ്ങൾ യുദ്ധക്ക
ളത്തിൽ നിറയപ്പെട്ടുകാണും. അതിൽ കപോത, ഭരദ്വാജ, ചക്ര
ട, മയൂര, ശ്വേന, ചാതക, ചകുത, ചാതക, ചകോര, പേച
ക, ചടക, ചാട, കേര, കുകണ, കോകില, കക്കരേഡു കാരട ക
ക, കഞ്ജന, കളക, കാകോള, ഖദ്യോത, കുരര, ശലഭ [illegible] പ
ത്ര, ഭൃംഗ, വിഹംഗ, കലിംഗ, ഗൃദ്ധ, ശുക, ബക, സാര[illegible], ഹം

സ, പരുന്ത, ചക്രവാക, വാരാരി, വരട, എഷ്ണി, മയേഷ്ണി, ഇത്യാ ദികളായ പക്ഷികളെയും കാണും. കരടി, കാട്ടാന, വള്ളിപ്പുലി, പുള്ളിമാൻ, എട്ടടിമാൻ, കൃഷ്ണസപ്പം, കടുവായ, മലയണ്ണ, ചെന്നായ, കബരിമാൻ, കല്ലാട്ട മുതലായ മൃഗങ്ങളെയും കാണും. ആ വനമദ്ധ്യേ വേദാധികാരികളായ ബ്രാഹ്മണര് രാമകൃഷ്ണേത്യാദികളായ തിരുനാമങ്ങളെ ജപിച്ചു അങ്ങയുടെ അടുക്കൽ വന്നു സ്തുതിച്ചു ബ്രാഹ്മണരെ കണ്ടാൽ ക്ഷത്രിയന്മാർ പാദത്തിൽ നമസ്കരിക്കണം എന്നു പറയും. അതുകേട്ടു സത്യമായിരിക്കുമെന്നു കരുതി നമസ്കരിപ്പാൻ തല താഴ്ത്തിയാൽ ഉടനെ വെട്ടി കാട്ടിലെറിയും. ആയതുകൊണ്ടു ഈ അവസരത്തിൽ ബ്രാഹ്മണർ വരേണ്ട ആവശ്യമില്ലെന്നും ഇതും ഇന്ദ്രജിത്തിന്റെ മായമാണെന്നും വിശ്വസിച്ചു അഗ്നിയാസ്ത്രം തൊടുത്തു ആ മായത്തെയും പോക്കണം. ഉടനെ ഇന്ദ്രജിത്തു പ്രചണ്ഡമാരുതനായി വന്നു പടകളെ നിലകലക്കം ഉടനെ അഗ്നിയായി വന്നു സകല പേരെയും ദഹിപ്പിച്ചു കളയുമെന്നു തോന്നും. അഗ്നി കത്തിജ്വലിച്ചു ജ്വാലാമാലകളോടു യുദ്ധകളം നിറയപ്പെടും. അഗ്നിയെക്കണ്ടു ഭയപ്പെടുവാൻ ആവശ്യമില്ല. അതിൽ നിന്തിരുവടിയെ ജയിപ്പാൻ മാറ്റമില്ലെന്നു കണ്ടാൽ ഉടനെ തന്റെ സ്വയരൂപത്തെ എടുത്ത് നേരിട്ടു വന്നു ബാണങ്ങളെ ശരവഷം ചെയ്യും. തോറാ തോറാ മന്ത്രക്കെ രാവണിക്കെ ശക്തി വദ്ധിച്ചു വദ്ധിച്ചു വരും. അതിലും ജയമില്ലെന്നു കണ്ടാൽ ഉടനെ കാലത്തിന്നു പ്രകൃതവ്യത്യാസം വരുത്തും. ആയതിന്നു മുമ്പെ നിന്തിരുവടി കാലനിണ്ണയം ചെയ്യണം. രാവണിയോടു യുദ്ധത്തിന്നൊരുങ്ങുമ്പോൾ ഇത്ര നാഴിക പകലുണ്ടെന്നു സമയത്തെ തീച്ചപ്പെടുത്തണം. സമയഭേദം വരുത്തുമ്പോൾ ആദിത്യൻ അസ്തമനമായിക്കാണും, അനേകനക്ഷത്രങ്ങളും ചന്ദ്രോദയവും കാണും സവ്വശരീരികളും സുഷുപ്തി അവസ്ഥയെ പ്രാപിച്ചതായിക്കാണും, അന്ധകാരം നിറയും, ലോകമെല്ലാം നിശ്ശബ്ദമായിക്കാണും സുഗ്രീവാദികൾ അന്ധകാരത്തിൽ പെട്ടു അന്യോന്യം തമ്മിലറിയാതെ ബുദ്ധിമുട്ടും അതു കണ്ടു ആദിത്യൻ മറഞ്ഞുവെന്നു അമാന്തമായി നിന്നാൽ രാവണി നിന്തിരു

വടിയെ നിഗ്രഹിക്കും. അതിന്നിടവരാതെ അന്ധകാരത്തെ അസ്ത്രംതൊട്ടുത്തു നീക്കണം. അതിലും ജയമില്ലെന്നു കണ്ടാൽ, രാത്രിയെപ്പകലാക്കും, ഉടനെ സൂൎയ്യോദയം കാണും. ഇങ്ങിനെ പകൽ രാത്രിയായും രാത്രി പകലായും കാണും. ആ മായത്തെയും പോക്കണം. എന്നാൽ ഉടനെ ദേവേന്ദ്രൻ എന്നുള്ള ഭാവനയിൽ ഐരാവതാരൂഢനായി വജ്രായുധപാണിയായിവരും. അതുകണ്ടു ഇന്ദ്രനാണെന്നു വിചാരിക്കരുത്. നിന്തിരുവടിയോടു യുദ്ധംവേണ്ട ഞങ്ങളുടെ അപേക്ഷക്കല്ല നിങ്ങൾ രാവണാദികളോടു യുദ്ധം ചെയ്യുന്നതു മേലിൽ യുദ്ധത്തിന്നു ആവശ്യമില്ല. രാവണൻ ജാനകിയെ രാമന്റെ അടുക്കൽ കൊണ്ടുപോയ്ക്കൊടുത്തു രക്ഷപെട്ടു. ഇന്ദ്രജിത്തു മടങ്ങി, ലങ്കയിൽ അവന്റെ ഗൃഹത്തിലുണ്ട്. നിന്നെ രാമന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു പോകുവാൻവേണ്ടി ഞാൻ വന്നതാണ് എന്നു നിന്തിരുവടിയോടു പറയും. അതുകേട്ടു ഭ്രമിച്ച് ഉടനെ അസ്ത്രംതൊട്ടുത്തു ആ മായത്തെയും പോക്കണം. ഉടനെ രാവണന്റെ വേഷത്തെ കെട്ടി നിന്തിരുവടി സമീപത്തിൽവന്നു ലക്ഷ്മണാ! എന്റെ മകൻ നിന്നോടു യുദ്ധം ചെയ്യാൻ അസാദ്ധ്യമാണെന്നു പറഞ്ഞു മടങ്ങിവന്നു. ഞാൻ ജാനകിയെ രാമന്റെ അടുക്കൽ കൊണ്ടുപോയി വിട്ടു നമുക്കു പാടിവീട്ടിലേക്കു പോകണം. സുഗ്രീവാദികളെ വിളിക്കുക എന്നു പറയും അതും വിശ്വസിക്കരുത്: ആ മായകൊണ്ടും ജയമില്ലെന്നു കണ്ടാൽ നിന്തിരുവടിയുടെ ജ്യേഷ്ഠൻരാമസ്വാമിയുടെ വേഷത്തെ കെട്ടി സമീപത്തിൽ വരും. വന്നു എടാ! ലക്ഷ്മണാ! ഇന്ദ്രജിത്തിനോടു യുദ്ധം ചെയ്വാൻ ആരാണ് നിനക്കു സമ്മതം തന്നതു അതികായവധം കഴിഞ്ഞ ഉടനെ പടകളോടുകൂടി പടവീട്ടിൽക്കു വരേണമെന്നും യുദ്ധക്കളത്തിൽ നില്ക്കരുതെന്നും പറഞ്ഞതിനെ ധിക്കരിച്ചു രാവണിയോടു യുദ്ധത്തിന്നു തുടങ്ങിയ നിനക്കു ഈ ജന്മത്തു ഗുരുത്വമുണ്ടാവില്ല. ഞാൻ തന്നെ വില്ല് ഇവിടെ കൊണ്ടുവാ എന്നു പറയുന്നതിനെക്കേട്ടു ജ്യേഷ്ഠനാണെന്നു വിചാരിച്ച് വില്ല് കൊടുത്താൽ ഉടനെ രാവണി നിഗ്രഹിക്കും. ആയതുകൊണ്ടു ഈ അവസരത്തിൽ ജ്യേഷ്ഠൻ വരുവാൻ അവകാശമില്ലെന്നു ക-

ന്നതി അസ്ത്രം തൊടുത്തു ആ മായത്തേയും പോക്കണം. പിന്നെ
ഭരതനെപ്പോലെ നിന്തിരുവടി സമീപത്തു വന്നു ഹെ ലക്ഷ്മണാ!
നീ യുദ്ധംചെയ്തു വല്ലാതെ ക്ഷീണിച്ചു കാണുന്നുണ്ട് വില്ല് എന്റെ
കയ്യിൽ തരിക. ഞാൻ രാവണിയോടു യുദ്ധം ചെയ്യാമെന്നു പറ
യും. പരമേശ്വരസ്വാമി പുത്രനായ സുബ്രഹ്മണ്യനെപ്പോലെ
യും, ഗണപതിയെപ്പോലെയും സാക്ഷാൽ നാരായണനെപ്പോലെ
യും സൌന്ദൎയ്യസ്ത്രീകളായും കൈകേയി കൌസല്യ സുമിത്രയെപ്പോ
ലെയും വരും. ഇങ്ങിനെ കണ്ടശരീരികളുടേയും കേട്ട ശരീരികളു
ടേയും വേഷം കെട്ടും. അവസാനം അടിയന്റെ വേഷം കെട്ടി
വരും. വന്നു സ്വാമിൻ! ഇന്ദ്രജിത്തു യുദ്ധത്തിൽ തോറ്റുപോയി.
ഇനി യുദ്ധത്തിന്നു സമയം പോര. സ്വാമിയുടെ അടുക്കലേക്കു
പോകാം എന്നു പറയും. അപ്പോൾ അടിയനാണെന്നും അല്ലെ
ന്നും വിശ്വസിക്കരുത്. അടിയൻ വരുന്നതായാൽ നിന്തിരുവടി
യുടെ പിൻഭാഗത്തുകൂടെ വരും. രാവണി അടിയന്റെ വേഷത്തെ
കെട്ടി വരുന്നതായാൽ നിന്തിരുവടിയുടെ പുരോഭാഗത്തുകൂടെ വ
രും. ആ ലക്ഷണത്താൽ തിരിച്ചറിഞ്ഞു കാൎയ്യം മനസ്സിലാക്ക
ണം. രാവണി സ്വതേ രൂപത്തോടുകൂടി ആദ്യം വരുമ്പോൾ അവ
ന്റെ നേത്രത്തേയും ദന്തത്തേയും നല്ലവണ്ണം കണ്ടു മനസ്സിലാക്ക
ണം. ഇന്ദ്രജിത്തു ഏതു രൂപത്തിലുള്ള വേഷം കെട്ടിയാലും അവ
ന്റെ നേത്രത്തിന്നും ദന്തത്തിന്നും പ്രകൃതവ്യത്യാസം വരുന്നതല്ല.
പിന്നെ എല്ലാ അവയവങ്ങളും മാറും. എന്നുതന്നെയല്ല ഇവൻ
പാതാളത്തിൽ പോയി നാഗരാജാവായ വാസുകിയുടെ പുത്രി മ
നസുന്ദരി എന്ന സ്ത്രീയെ കല്യാണം ചെയ്തവനാണ്. ആ സ്ത്രീ
ഇപ്പോൾ ലങ്കയിലുണ്ട്. പിതാവായ വാസുകിയാൽ മകൾക്കു ഒ
രു അനുഗ്രഹമുണ്ട്. അതെന്തെന്നുവെച്ചാൽ, ഭൎത്താവായ രാവ
ണിയുടെ ശിരസ്സ് ശത്രുവാൽ യുദ്ധക്കളത്തിൽ വീണതറിഞ്ഞു മു
ഹൂൎത്തത്തിന്നുള്ളിൽ തന്റെ പത്നി വന്നു ശിരസ്സിനെ എടുത്തു
ശരീരത്തോടുകൂടി യോജിപ്പിച്ചുവെന്നു വരികിൽ ശിരസ്സ് യോജി
ച്ചു പ്രാണൻ കലൎന്നു മുമ്പിലുള്ള സ്ഥിതി വരട്ടെ എന്നുള്ള അനു
ഗ്രഹമാണ് ലഭിച്ചിട്ടുള്ളത്. ഈ ഒരു സംഗതി അടിയന്നും രാ

വർണനം മാത്രമെ അറികയുള്ളു. എന്നാൽ രാവണിക്കു ബ്രഹ്മാവു ഒരു രഥം കൊടുത്തിട്ടുണ്ട്. അതിന്നു കൊടിഞ്ചിത്തേർ എന്നാണ് പേര്. ആ രഥം ശത്രുവോട് യുദ്ധം ചെയ്യുന്ന മദ്ധ്യേ ഇടംവലമായിത്തിരിയും. ചക്രത്തിൽ നിന്നു മേഘഗർജ്ജനംപോലെ ശബ്ദമുണ്ടാകും. ആകാശത്തിലും ഭൂലോകത്തിലും പാതാളത്തിലും മഹാമേരുവിങ്കലും അഗ്നിയിലും സമുദ്രത്തിലും പക്ഷിയെപ്പോലെ പറക്കും. ഇത്ര വൈഭവമുള്ള രഥമേറിയാണ് യുദ്ധത്തിന്നു വന്നിട്ടുള്ളതു. രാവണി തന്നോടുകൂടി നാല്പത് വെള്ളം സൈന്യങ്ങളെയാണ് കൊണ്ടുവന്നിട്ടുള്ളത്. പത്മവ്യൂഹമാക്കി നിർത്തണം. ഹംസത്തിന്നു മുഖമായി ഹനുമാനെയും പക്ഷങ്ങളായി ജാംബവാൻ സുഗ്രീവനേയും പുഛമായി അംഗദനേയും പാദമായി നീലനേയും നിറുത്തണം. നിന്തിരുവടി തന്മദ്ധ്യേ വില്ലെടുത്തു ഇന്ദ്രജിത്തോടു അഭിമുഖീകരിച്ചു യുദ്ധം തുടങ്ങണം. എന്നുതന്നെയല്ല ആഹാരം, മൈഥുനം, നിദ്ര എന്ന മൂന്നു അവസ്ഥകളെ പതിന്നാലു വത്സരം യാതൊരു ശരീരി ഉപേക്ഷിച്ചിരിക്കുന്നുവോ അവന്നു ഈ രാവണിയെ വധിക്കാം. അതു നിന്തിരുവടി കണ്ടല്ലോ. എന്നു പറഞ്ഞു വിവരങ്ങളെയെല്ലാം ജാഗ്രതയോടുകൂടെ മനസ്സിലാക്കി. ലക്ഷ്മണൻ ലങ്കേശ്വരനെ നോക്കി ഹേ ലങ്കേശ്വര! രാക്ഷസന്മാരിൽ വെച്ച് അഗ്രഗണ്യനായ രാവണിയുടെ വൈഭവങ്ങളെക്കേട്ടു അത്യന്തം സന്തോഷിക്കുന്നു. എന്നാൽ നിന്നോടു ഞാൻ ഒരു ശപഥം പറയുന്നതിനെ കേൾക്കുക. ഈ മായാവിയായ രാവണിയെ ഇന്നോ നാളെയോ അഥവാ മറ്റന്നാളോ ഇങ്ങിനെ മൂന്നു ദിവസത്തിന്നുള്ളിൽ നിന്റെ മുഖാന്തരം ഞാൻ വധിക്കുന്നുണ്ട്. ഇതിന്നു വല്ല വ്യത്യാസവും വന്നാൽ ഞാൻ സൂര്യവംശത്തിൽ ഉത്ഭവിച്ചവനല്ല. ദശരഥന്റെ പുത്രനല്ല. രാമസ്വാമിയുടെ അനുജനുമല്ല സുമിത്രാമാതാവിന്റെ ഗർഭത്തിൽ ഞാൻ ഉത്ഭവിച്ചിട്ടും ഇല്ലെന്നു മാത്രമല്ല വസിഷ്ഠന്റെ ശിഷ്യനുമല്ലെന്നു തീർച്ചപ്പെടുത്തിക്കൊൾക. ഇന്ദ്രജിത്തു കെട്ടുന്ന വേഷത്തിന്നു തക്കതായ ദിവ്യാസ്ത്രങ്ങളാൽ മായങ്ങളെ നശിപ്പിക്കും വാദപ്രതിവാദങ്ങളോടുകൂടി യുദ്ധംചെയ്യും. തോറ്റ യു

ദ്ധം മതി എന്നു രാവണി പറയുന്നവരെ യുദ്ധം ചെയ്യും. എന്നു പറഞ്ഞ് വാനരങ്ങൾക്കു കല്പന കൊടുക്കുകയും രാവണിയുടെ പടകളെ മുന്നണിയിൽ നില്ക്കുന്ന മാരുതി അടിച്ച് നിഗ്രഹിക്കുന്നതിനെക്കണ്ടു രാവണി ഹനുമാനെ നേരിട്ടു എടാ ഹനുമാ! ഓടാതെ ഒളിയാതെ ചാടാതെ മറിയാതെ നില്ല് നില്ല്. നിന്നെ മുമ്പെ വധിച്ചേ വേറെ യുദ്ധമുള്ളൂ, രാവണി വില്ലെടുക്കുമ്പോൾ നീ എന്തു ചെയ്യും. കല്ലെടുക്കുമോ വൃക്ഷം പറിക്കുമോ. ഇതുകളെക്കൊണ്ടു എന്നെ ജയിപ്പാൻ കഴിയുമോ? എന്നുപറഞ്ഞതിനെക്കേട്ട് ഹനുമാൻ പറയുന്നു.

എടാ രാവണി! വില്ലെടുത്ത് നിന്നോട് യുദ്ധം ചെയ്യാൻ വേറെ ചില വില്ലാളികൾ ഇവിടെ ഉണ്ട്. കല്ലെടുക്കുന്നതും വൃക്ഷം പറിക്കുന്നതും ഇന്നു നാളെയോടുകൂടി കാണാം. ഇന്ദ്രാദികളെ ജയിച്ചവനാകുന്നു നിണക്കു ഒരു അഹങ്കാരമുണ്ട്. എടാ ഇന്ദ്രാദികളെപ്പോലെ സാധുക്കളല്ല രാമലക്ഷ്മണന്മാർ എന്നു മനസ്സിലാക്കണം. വില്ലെടുത്താൽ നിന്റെ തലയറുത്തതിന്നുശേഷമേ വേറെ യുദ്ധമുള്ളൂ. എന്നതിനെക്കേട്ടു രാവണി, എടാ മന്തി! നീ പറയുന്ന ആ ലക്ഷ്മണനല്ലേ എന്റെ അനുജനായ അതികായനെ വധിച്ചത്. അവൻ എവിടെപോയി. മുമ്പെ ലക്ഷ്മണനെ വധിച്ചു പിന്നെ രാമനേയും മക്കടങ്ങളേയും ജയിക്കുന്നുണ്ട്. ലോകത്തിൽ എവിടെപോയി ഒളിച്ചാലും അവിടെയൊക്കെ അസ്ത്രം അയച്ചു ശരമയമാക്കാതിരിക്കുമൊ? എന്നു പറഞ്ഞതിനെക്കേട്ടു ഹനുമാൻ രാവണിയെ നോക്കി, വാടാ രാവണീ! എന്നെ ജയിക്ക. സ്വാമിമാർകളോടുള്ള യുദ്ധം പിന്നെ ആവാം. എന്നു പറഞ്ഞു രാവണി തൊടുക്കുന്ന ശരങ്ങളെ എല്ലാം പിടിച്ചു അവന്റെ മുഖത്തെറിഞ്ഞു പിന്മാറുകയും ലക്ഷ്മണനും രാവണിയുമായി അന്യോന്യായുദ്ധം തുടങ്ങുകയും ആ യുദ്ധത്തിൽ സത്യയുദ്ധത്തിൽ ജയമില്ലെന്നു കണ്ട് ശാഠ്യയുദ്ധം തുടങ്ങുകയും അതിലും ജയമില്ലെന്നു കണ്ടു പലതരത്തിലുള്ള മായായുദ്ധങ്ങളെത്തുടങ്ങുകയും അതിലും ജയമില്ലാതെ വില്ലോടുകൂടി ആകാശത്തിൽ മറയുകയും ചെയ്തു അതുകണ്ടു ലക്ഷ്മണന്റെ അടുക്കൽ വിഭീഷണൻ വന്ന്, ശര

ണം സ്വാമിൻ! ഇനി കാൽനാഴികപ്പുകൽ മാത്രമേ ഉള്ളു. അതി ന്നുള്ളിൽ രാവണിയെ വധിക്കുന്നകാൎയ്യം പ്രയാസമാണ്. സൂൎയ്യൻ അസ്തമനമാവാൻ സമയം മനാക്കിക്കൊണ്ടാണ് രാവണിയിരിക്കു ന്നത്. കാരണം രാക്ഷസന്മാർ രാത്രിഞ്ചരന്മാരാണ്. രാക്ഷസന്മാ ൎക്കു അന്ധകാരത്തിൽ മായത്തിന്നു അധികം ശക്തി ഉണ്ടാവും. ആയതുകൊണ്ടു യുദ്ധം നാളെ ആവാം. യുദ്ധകളം വിട്ടു പാടി വീട്ടിലേക്കു പോകുക എന്നു പറഞ്ഞതിനെക്കേട്ടു ലക്ഷ്മണൻ പറ യുന്നു. അല്ലയോ ലങ്കേശ്വര! രാവണി യുദ്ധത്തിൽ മടങ്ങിപ്പോ യവനല്ല. വില്ലോടുകൂടി ആകാശത്തിൽ മറഞ്ഞിരിക്കുന്നു. എന്തു വേഷം കെട്ടി എന്തു വഴിക്കു വരുമോ എന്നറിവാൻ കഴിയില്ല. സു ഗ്രീവാദികൾ വളരെ ക്ഷീണിച്ചിരിക്കുന്നു. നീ പോയി അവൎക്കു ക്ഷുത്ത് ശമിപ്പാനായി നല്ല ഫലമൂലപാകങ്ങളെ കൊണ്ടുവന്നു കൊടുക്കുക. എന്നു പറഞ്ഞു വിഭീഷണനെ വനത്തിലേക്കയച്ചു അംഗദൻ കയ്യിൽവില്ലും കൊടുത്തു നില്ക്കുന്നതിനെ രാവണി ആകാശവീഥിയിൽ നിന്നുകണ്ടു പറയുന്നു.

നാഗാസ്ത്രം.

നല്ല സമയം. പടനിലത്തിൽ രാമനേയും വിഭീഷണനേയും കാണുന്നില്ല. ലക്ഷ്മണൻ അംഗദൻ കയ്യിൽ വില്ലും കൊടുത്തു ന ട്ട തറിയെപ്പോലെ നില്ക്കുന്നു. എന്നു പറഞ്ഞു പണ്ടു പരമേശ്വ രസ്വാമിയാൽ ദത്തമായ നാഗാസ്ത്രമെടുത്തു അഭിമന്ത്രിച്ചു തൊടു ക്കുകയും നാഗപാശം സുഗ്രീവാദി വാനരങ്ങളേയും ലക്ഷ്മണനേ യും ബന്ധിച്ചു അവരെല്ലാം പടനിലത്തിൽ വീഴുകയുംചെയ്തു. അ നന്തരം രാവണി രാവണനെക്കണ്ടു ശരണം പിതാവെ! ശത്രുപ ക്ഷിയായ വിഭീഷണൻ ഒഴികെ ബാക്കിയുള്ള വാനരങ്ങളേയും ല ക്ഷ്മണനേയും നാഗാസ്ത്രം തൊടുത്തു ഞാൻ യുദ്ധക്കളത്തിൽ വീഴ്ത്തി യിരിക്കുന്നു. നാളത്തെ യുദ്ധത്തിൽ രാമനെ വധിച്ചുതരാം. ഇ പ്പോൾ തൈലത്തോണിക്കു പോകുന്നു. എന്നു പറഞ്ഞു രാവ ണി പോയതിന്നുശേഷം വിഭീഷണൻ ഫലമൂലപാകങ്ങളെക്കൊ ണ്ടു യുദ്ധകളത്തിൽവന്ന് മരിച്ചു കിടക്കുന്ന ലക്ഷ്മണൻ മുതലായ വരെക്കണ്ടു ദുഃഖിക്കുന്നു. അയ്യോ കഷ്ടം! ഇളയ സ്വാമിയോടു

പാടിവീട്ടിലേക്ക പോകാമെന്നു ഞാൻ അപ്പോഴും പറഞ്ഞു. അ തു കേൾക്കാതെകണ്ടല്ലെ ഈ സങ്കടം അനുഭവിക്കേണ്ടിവന്നതു. ഇതു ഭഗവാൻ കേട്ടാൽ എന്നെ എന്തെല്ലാം പറയുമൊ? ജ്യേഷ്ഠ ൻെറ മകൻ രാവണിയെക്കൊണ്ടു ലക്ഷ്മണനേയും പടകളേയും കൊല്ലിച്ചവനാണ്. കൂടെനിന്നു കുടികെടുത്ത, സ്വാമിദ്രോഹി യാണെന്നു പറയാതെ ഇരിക്കയില്ല. ഞാനും ഇവരോടുകൂടി മരി ച്ചിരുന്നാൽ ഉപദ്രവമുണ്ടായിരുന്നില്ല. എന്നു വ്യസനിക്കുമ്പോൾ തൻെറ മന്ത്രിയായ അനലൻ വന്നു വ്യസനിച്ചിട്ടു ഫലമെന്താ ണ്. ഞാൻ പോയി രാമസ്വാമിയെ കൂട്ടിക്കൊണ്ടുവരാം. എന്നു പറഞ്ഞു പാടിവീട്ടിൽ വന്നു ഭഗവാനോടു വിവരങ്ങളെല്ലാം കേൾ പ്പിച്ചു. അതു കേട്ടു ഭഗവാൻ യുദ്ധക്കളത്തിൽ വന്നു അഗ്നിക്ക ണ തെളുത്തു അന്ധകാരത്തെ നീക്കി പടകളെക്കണ്ടു ദുഃഖിക്കു ന്നു. അയ്യോ! കഷ്ടം! സുഗ്രീവാദികളായ ഇരുപത്തൊന്നു രാജാക്ക ളും നാല്പത്തിരണ്ടു മന്ത്രിമാരും മരിച്ചല്ലെ കാണുന്നത്? ഈ എഴു പതു വെള്ളം സൈന്യങ്ങളിൽവെച്ചു ഒരുവനെങ്കിലും ദുഃഖിക്കേ ണ്ടെന്നു പറവാനില്ലല്ലൊ. എന്നു പറഞ്ഞു നടക്കുമ്പോൾ സുഗ്രീ വനെക്കണ്ടു ഭഗവാൻ പറയുന്നു: അയ്യോ സുഗ്രീവാ! നാം സകല പേരും സുബേലാരോഹണം ചെയ്തു ലങ്കയെ വർണ്ണിച്ചനില്ക്കു വട ഗോപുരോപരിയിൽ രാവണനെക്കണ്ടു തൽക്ഷണം നീ ചാടി അ വൻെറ മകുടഭംഗം ചെയ്തുവനല്ലെ. അങ്ങിനെ ഉള്ള രാവണപു ത്രനാൽ നീ മരിക്കേണ്ടിവന്നതിനെ ആലോചിച്ചാൽ വലിയ വേ ദനയായിരിക്കുന്നു എന്നും പറഞ്ഞു സുഗ്രീവൻെറ വലത്തെ ഭാ ഗം അംഗദൻ കിടക്കുന്നതു കണ്ടു അയ്യോ അംഗദ! നിൻെറ അ ച്ഛൻ മരണസമയത്തു നിന്നെപ്പിടിച്ചു എൻെറ കയ്യിൽ തന്നു ര ക്ഷിച്ചു നിങ്ങടെ മകനെപ്പോലെ വിശ്വസിക്കേണ്ടുമെന്നു പറഞ്ഞി രിക്കേ, രാവണിയുടെ സായകംപെട്ടു മരിപ്പാനല്ലെ ഇടവന്നുപോ യത്. ഞാൻ ഇത്ര വിലയില്ലാത്തവനായിത്തീൎന്നുവല്ലൊ. എന്നു പറഞ്ഞു ഹനുമാനെക്കണ്ടു പറയുന്നു. അയ്യയ്യൊ മാരുതേ! നീ നിമിത്തം ജാനകിയെ വീണ്ടുകൊണ്ടുവരുവാൻ എടവരുമെന്നു ക രുതിയല്ലെ ഇരുന്നത്. രാവണിയുടെ സായകമേററു നീ മരിപ്പാ

നം അതു കണ്ടു സ്ത്രീകളെപ്പോലെ മാറത്തടിച്ചു ദുഃഖിപ്പാനുമല്ലൊ എനിക്കു ഇട വന്നുപോയതു്. മേലിൽ ഞാൻ പ്രാണനോടുകൂടി വസിച്ചിട്ടു പ്രയോജനമെന്താണ്. എന്നു പറഞ്ഞു അവിടംവിട്ടു ലക്ഷ്മണനെക്കണ്ടു മാറത്തടിച്ചു ദുഃഖിച്ചു പറയുന്നു. എടാ സൌമിത്രെ! മാതാപിതാക്കളാൽ ത്യാജ്യനായി അയോദ്ധ്യയെയും ഉപേക്ഷിച്ചു ഭാൎയ്യയെയും അന്യനു കൊടുത്തു ഭാൎയ്യാവിയോഗിയായി നടക്കുന്ന എന്നെ രക്ഷിപ്പാനല്ലെ നീ വില്ലെടുത്തു കൂടെ നടന്നതു്. ഒരു കാലം വേദങ്ങൾ തമ്മിൽ പിരിഞ്ഞു എന്നുവന്നാലും നീ എന്നെ പിരിയുന്നവനല്ലല്ലൊ. നീയും എന്നെ പിരിഞ്ഞുപോയൊ? എന്നെവിട്ടു നിന്റെ പ്രാണനെക്കൊണ്ടുപോവാൻ ധൎമ്മരാജാവിന്നു ധൈൎയ്യം വന്നുവല്ലൊ. ഒരുവന്റെ പ്രയത്നത്താൽ ലോകത്തിൽ ഭാൎയ്യ, പുത്രൻ, മാതാ, പിതാ, ധനം, ഭൂമി, ആഭരണം ഇതുകളെ സമ്പാദിപ്പാൻ സമൎത്ഥനായി എന്നു വരും. എന്നാലും തന്നിൽ താഴെ ജനിച്ച അനുജനെ സമ്പാദിപ്പാൻ സമൎത്ഥനാവുന്നതല്ല. മേലാൽ യുദ്ധവും വേണ്ട. ജാനകിയും വേണ്ട. ഞാനും നിന്റെ മേൽ വീണു മരിച്ചു പോകുന്നു എന്നു പറഞ്ഞു ലക്ഷ്മണന്റെ മേൽ വീണു മോഹാലസ്യപ്പെടുകയും അതു കണ്ടു വിഭീഷണൻ സ്വാമിയുടെ പാദാഭിവാദ്യംചെയ്തു നില്ക്കുന്നതിനെക്കണ്ടു വിഭീഷണനോടു ഭഗവാൻ ക്രോധിച്ചു, എടാ സ്വാമിദ്രോഹി! വിശ്വാസഘാതകി! അതികായവധം കഴിഞ്ഞ ഉടനെ ലക്ഷ്മണനെ കൂട്ടി എന്റെ അടുക്കലേക്കു വരണമെന്നല്ലെ ഞാൻ പറഞ്ഞയച്ചതു്. രാവണിയോടു യുദ്ധം ചെയ്വാൻ ആര് നിണക്കു സമ്മതം തന്നു. ഇങ്ങിനെ നീ ചെയ്യുമെന്നു സ്വപ്നത്തിൽകൂടി ഞാൻ വിശ്വസിച്ചിട്ടില്ലായിരുന്നു. കൂടെനിന്നു കുല കൊടുക്കുകയല്ലെ നീ ചെയ്തതു്. എടാ രാവണി വന്നു അനുജനോടു നേരിട്ട ആ അവസരത്തിൽ ഒരു വാനരനെ എന്റെ അടുക്കലേക്കു വിവരം പറയുവാൻ അയക്കാതിരിപ്പാൻ കാരണമെന്തു്? എടാ ആ സമയം ഞാനറിഞ്ഞിരുന്നുവെങ്കിൽ നാഗാസ്ത്രം തൊടുത്തു രാവണിയുടെ കയ്യും തലയും നിലത്തുവീഴത്തക്ക അസ്ത്രംതൊടുത്തു അനുജനെ രക്ഷപ്പെടുത്താതിരിക്കുമൊ. അയ്യോ ദ്രോഹി! ഇങ്ങിനെ എന്നെ

കെട്ടുത്തുകളഞ്ഞുവല്ലൊ. സകല വാനരങ്ങളും നീ അഭയം ചോ
ദിച്ചു വന്നപ്പോൾ നിന്നെ സ്വീകരിക്കരുതെന്നു പറഞ്ഞു. എന്റെ
ശുദ്ധത കൊണ്ടല്ലെ ഞാൻ നിന്നെ രക്ഷിച്ചത്. ലോകമുള്ളുവരെ
ക്കും ആയുൎബ്ബലമുള്ളവനാണ് ഞാൻ എന്നുള്ള അഹങ്കാരമല്ലെ നീ
കാണിച്ചത്. പോടാ പോ; നിന്നെ എനിക്കു കാണേണ്ടുന്നാവശ്യ
മില്ല. എന്നതിനെക്കേട്ടു വിഭീഷണൻ പറയുന്നു. ശരണം രാമച
ന്ദ്രാ! അടിയൻ മനസ്സിൽ ഊഹിക്കാതെകണ്ടുള്ള കാൎയ്യങ്ങളെ വി
ചാരിച്ചു നിന്തിരുവടി അടിയന്റെ പേരിൽ പരിഭവിക്കരുത്.
സത്യം ഇങ്ങിനെയൊന്നുമല്ല. യഥാൎത്ഥം വേറെ ഉണ്ട്. ആയതുക
ളെ ഉണൎത്താം കേൾക്കുക എന്നു വിഭീഷണൻ പറയുന്നു: സ്വാമി
ൻ! അങ്ങയുടെ അനുജൻ അതികായന്റെ തലയറുത്തു ഭൂമിയി
ലിട്ടു ഉടനെ സുഗ്രീവാദികളെക്കൂട്ടി യുദ്ധകളം വിടുന്നതിന്നുമുമ്പെ
അഗ്രഗണ്യനായ രാവണി നാല്പതുവെള്ളം പടയോടുകൂടെയും ധൂ
മ്രാക്ഷൻ, മഹാപാൎശ്വനെന്ന തേരാളികാക്കുന്ന രണ്ടു രാക്ഷസന്മാ
രോടും കൂടി ഇരുഭാഗവും അഞ്ഞൂറഞ്ഞൂറു രഥത്തോടും താൻ മദ്ധ്യ
ത്തിൽ മഹാരഥമേറി മേഘഗൎജ്ജനം ചെയ്തു പടനിലത്തിൽ വന്ന
തിനെ നിന്തിരുവടിയുടെ അനുജൻ കണ്ടു ശൂരാദികളെ നിഗ്രഹി
ച്ചസമയം സുബ്രഹ്മണ്യനുണ്ടായ ക്രോധംപോലെ നേത്രത്തിൽനി
ന്നു അഗ്നിക്കട്ടകൾ ചിതറി. അടിയനെ നോക്കി ആരാണി
പ്പോൾ യുദ്ധത്തിന്നു വന്നതെന്നു ചോദിക്കുകയും അതുകേട്ടു രാവ
ണിയുടെ വിവരങ്ങളെല്ലാം ഞാൻ അറിയുംവണ്ണം ഉണൎത്തിക്കുക
യും ചെയ്തു. അതു കേട്ടു ഇന്ദ്രജിത്തോ എന്നുള്ള പുഞ്ചിരിയോടുകൂ
ടി തന്റെ സൈന്യങ്ങളെ താൻ ഹംസവ്യൂഹം പകുത്തു ഹനുമാ
ന്റെ ചുമലിൽ ആരോഹിച്ചു അസ്ത്രങ്ങളെ ശരവൎഷം ചെയ്തു.
രാവണി സത്യയുദ്ധം, ശൌൎയ്യയുദ്ധം ചെയ്തു ജയമില്ലെന്നു കണ്ടു മാ
യയുദ്ധം തുടങ്ങുകയും ആ മായങ്ങളെയെല്ലാം ലക്ഷ്മണൻ പോ
ക്കുകയും ഇന്ദ്രജിത്ത് നാഗാസ്ത്രം തൊടുക്കാമെന്നു പറയുകയും കൂ
ടെ തടുക്കാമെന്നു ലക്ഷ്മണൻ പറഞ്ഞതിനെക്കേട്ടു എടുത്ത അ
സ്ത്രം തൊടുക്കാതെ വില്ലോടുകൂടി ആകാശത്തിൽ മറഞ്ഞതിനെ ല
ക്ഷ്മണൻ കണ്ടു അടിയനെ വിളിച്ചു നീ കുറെ ഫലമൂലപക

ങ്ങളം കൊണ്ടുവന്ന വാനരങ്ങളുടെ ക്ഷീണം മാറുക എന്ന പറ ഞ്ഞതിനെക്കേട്ടു അതുകളെ കൊണ്ടുവരുവാൻ വനത്തിലേക്ക അ ടിയൻ പോയ അവസരത്തിൽ ആകാശത്തിൽനിന്ന നാഗാസ്ത്രം തൊടുത്തതാണ്. ലേശംപോലും അടിയൻ അറിഞ്ഞിട്ടില്ല. എ ന്നാൽ ഈ വിവരം തിരുവടിയെ അറിയിക്കാതിരിപ്പാൻ അ വകാശമെന്തെന്നാണ് തിരുവടിയുടെ ചോദ്യം. അഗ്രഗണ്യ നായ രാവണൻ തന്റെ നാല്പതുവെള്ളം പടകളെ പത്മവ്യൂഹം പകുത്തു നമ്മുടെ എഴുപതുവെള്ളം പടകളെ വളഞ്ഞുപോയതി നാൽ ഒരു ചെറുവാനരനെയെങ്കിലും തിരുവടിയുടെ അടുക്ക ലേക്കയച്ച വിവരം അറിയിപ്പാൻ അസാദ്ധ്യമായിവന്നു. ഇങ്ങി നെയാണു യഥാർത്ഥം. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു: ഹേ ലങ്കേശ്വര! ഈ നാഗാസ്ത്രം രാവണിക്കു കൊടുത്തത് ആരാ ണ്? അസ്ത്രത്തിന്റെ വൈഭവം എന്ത്? നീ അറിയുന്നവണ്ണം പറയുക. എന്നതിനെക്കേട്ടു വിഭീഷണൻ പറയുന്നു.

നാഗാസ്ത്രത്തിന്റെ ഉത്ഭവം.

ശരണം രാമചന്ദ്രാ! പണ്ടു നാഗാസുരൻ എന്നവനെ വധി പ്പാനായിക്കൊണ്ടു ബ്രഹ്മാവു സത്യലോകത്തുവെച്ച് ഒരു ആഭിചാരം ചെയ്കയും അതിൽനിന്ന ഒരു സർപ്പം ഉണ്ടാവുകയും ത്രിമൂർത്തികളും കൂടി നാഗാസുരനെ കുലചെയ്തു മടങ്ങിവരിക എന്നു അനുഗ്രഹി ച്ചയക്കുകയും ചെയ്തു. നാഗപാശം അതിവേഗത്തിൽ വീരമഹേ ന്ദ്രമെന്ന അസുരപുരിയിൽ പോയി നാഗാസുരന്റെ കോട്ടയുടെ പശ്ചിമഗോപുരത്തിൽനിന്ന ഒരു ഹുംകാരം ചെയ്കയും ആ ഹുങ്കാ രം നിമിത്തം ആ പട്ടണത്തിലുള്ള സ്ത്രീകളുടെ ഗർഭമലസുകയും കോട്ടയുടെ ഗോപുരങ്ങളിടിഞ്ഞു ചാടുകയും വിഷജ്വാലയേററ അ നേകമസുരന്മാർ മരിക്കുകയും ചെയ്തതിനെ ദൂതന്മാരാൽ നാഗാസു രൻ അറിഞ്ഞു തന്റെ 200 കോടിപ്പടയേയും വീരസേനനെന്ന പടനായകനേയും യുദ്ധത്തിന്നയച്ചു. വീരസേനൻ തന്റെ സൈ ന്യങ്ങളോടുകൂടി ഗോപുരത്തിൻറടുക്കൽ വന്നുനോക്കിയതിനെ നാഗപാശം കണ്ടു തന്റെ ഫണത്തെ അമ്പതുയോജന പരത്തി ഒരു ഹുങ്കാരം ചെയ്തു. തന്നിമിത്തം പുറപ്പെട്ട വിഷജ്വാലകൾ

എന്ന വീരസേനനും പടകളും നശിച്ചു. അതിനെ അറിഞ്ഞു വീരകേസരിയായ മന്ത്രിയും 1000 കോടി പടകളും വന്നു സൎപ്പത്തിനെ നേരിട്ടു. അതുകണ്ടു സൎപ്പം തൽക്ഷണം തന്റെ വായപിളൎന്നു അവരെയെല്ലാം ആചമനം ചെയ്തു. ആ വിവരം അറിഞ്ഞു നാഗാസുരൻ ക്രോധാഗ്നിയെ ജ്വലിപ്പിച്ചു ഇതു മഹാ അന്യായവും അപമാനവും ആയല്ലൊ എന്നു കരുതി അശ്വവാഹനമേറി കഠാരപാണിയായി പുറപ്പെട്ടു പത്മമെന്ന സംഖ്യയോടുകൂടിയ പടകളോടുകൂടി സൎപ്പത്തെ വന്നു കാണുകയും ആ സമയം സൎപ്പം അസുരനെ നോക്കി ഹേ! അസുരശ്വര! നീ അസുരഗോത്രമാണെങ്കിലും നിന്റെ പിതാവ് ഞങ്ങളുടെ വംശത്തിൽ ഒരുവനായിരിക്കണം. കാരണം-നിന്റെ മുഖം സൎപ്പാകൃതിയായിട്ടാണുന്നു. എന്തൊ ആവട്ടെ. നീ മുമ്പെ മരിക്കുന്നുവോ; അല്ല പടകളുടെ മരണം നിണക്കു കാണണമെന്നുണ്ടോ എന്നതുകേട്ടു അസുരൻ അതിന്നു സമാധാനം അസ്ത്രംകൊണ്ടാണ് എന്നും പറഞ്ഞു അനേക ബാണങ്ങളെ പ്രയോഗിക്കുകയും അയക്കുന്ന ബാണങ്ങളെല്ലാം വിഷാഗ്നിയാൽ ഭസ്മമായി പോകുന്നതിനെക്കണ്ടു നാഗാസുരൻ അതിവേഗത്തിൽ കഠാരപാണിയായി സൎപ്പത്തിന്റെ നേരിട്ടു ചാടുകയും അതുകണ്ടു സൎപ്പം വാ പിളൎന്നു നാഗാസുരനെയും അവന്റെ സൈന്യങ്ങളേയും ഭുജിച്ചു തൃപ്തനായി മടങ്ങി ത്രിമൂൎത്തികളുടെ അടുക്കലേക്കു വന്നു സന്തോഷവൎത്തമാനങ്ങളെല്ലാം ഉണൎത്തിച്ചു പരമേശ്വരസ്വാമി അണിഞ്ഞ സൎപ്പങ്ങളിൽ താൻ ഒരുവനായിരുന്നു, അങ്ങിനെ കുറെക്കാലം കഴിഞ്ഞതിൽപ്പിന്നെ ഒരു ദിവസം പരമേശ്വരസ്വാമിയെ നമസ്കരിച്ചു ലോകങ്ങളെല്ലാം ഒരു പ്രാവശ്യം സഞ്ചരിച്ചു കാണേണമെന്നു മോഹമുണ്ടു. ആയതിന്നു കല്പന തരേണമെന്നു സൎപ്പമായ നാഗപാശം അപേക്ഷിക്കുകയും ആയതിന്നു അനുഗ്രഹിച്ചു ശാന്മലദ്വീപിൽ മാത്രം പോകരുതെന്നു കല്പിച്ചയക്കുകയും ചെയ്തു. നാഗപാശം കൈലാസത്തിൽ നിന്നു പുറപ്പെട്ടു അമ്പതുകോടി യോജന വിസ്താരമായ ഭൂലോകത്തിൽ ശാന്മലദ്വീപ് ഒഴികെ ബാക്കിയുള്ള പതിപട്ടണനഗരഗ്രാമങ്ങൾ ഒന്നൊഴിയാതെ സഞ്ചരിച്ചു അവിടവിടങ്ങളിലുള്ള

അത്യത്ഭുതങ്ങളെക്കണ്ടു മടങ്ങുകയും മാൎഗ്ഗത്തിൽ വെച്ച ശാന്മലദ്വീപിലേക്ക പോയാൽ എന്താണവിടെ? ത്രിമൂൎത്തികളാലും അസാദ്ധ്യമായ നാഗാസുരനെ വധിച്ചവനാണ് ഞാൻ. ശത്രുക്കളുടെ ബാധ എനിക്കുണ്ടാവുന്നതല്ല. ഉണ്ടെങ്കിൽ ആയതും കാണാമല്ലൊ എന്നു വിചാരിച്ച മടങ്ങി നാഗപാശമെന്ന സൎപ്പം ശാന്മലദ്വീപിലേക്ക വന്നു നോക്കുമ്പോൾ അവിടെ വസിക്കുന്നവർ തന്റെ ഗോത്രസംജാതന്മാരായിരുന്നു അവരോടു നാഗപാശം ക്രോധിച്ച ഹേ പ്രജകളെ! നിങ്ങൾ എന്നെ ആരെന്നു മനസ്സിലാക്കിയോ. ഞാൻ സൎപ്പരാജാവാണ്. ത്രിമൂൎത്തികളാലും അസാദ്ധ്യമായ നാഗാസുരനെ വധിച്ചവനാണ്. എന്നെ നിങ്ങൾ മാനിക്കാതിരുന്നാൽ ഞാൻ നിങ്ങളെ ഗോത്രത്തോടെ നശിപ്പിക്കും. എന്നതിനെ കേട്ടു വേണ്ടശ്ശ് അങ്ങിനെയല്ല നമ്മുടെ കുലകാലനായ പന്നഗാരി എന്ന ഒരു പക്ഷിയുണ്ട്. ആയവന്റെ നാമം ഗരുഡൻ എന്നാണ്. അവൻ വൎഷാവസാനത്തിൽ ഇവിടെ വരും. അവന്നു അന്നേക്ക വേണ്ടുന്ന ഭക്ഷണപദാൎത്ഥങ്ങളെല്ലാം ഒരുക്കണം അല്ലെങ്കിൽ അന്നു സൎപ്പഭക്ഷണമാണ്. ആ ദിവസം ഇന്നാണ്. ഗരുഡൻ വരേണ്ടുന്ന സമയമായി. ആയവനെ അങ്ങുന്നു ജയിച്ച ശത്രുബാധ ഒഴിച്ചാൽ ഇനി മേൽ സുഖമായി ഭവിക്കാം. അങ്ങിനെ കഴിയുമൊ എന്നു ചോദിച്ചതിന്നു നാഗപാശം മന്ദഹാസത്തോടുകൂടി പക്ഷി എന്നെ കണ്ടുവെന്നാൽ പ്രാണൻ കളയും. സാരമില്ല. എന്നു പറഞ്ഞുംകൊണ്ടിരിക്കുന്ന മദ്ധ്യെ പക്ഷീന്ദ്രനും അതിവേഗമായി വരുന്നതിനെ കണ്ടു സൎപ്പങ്ങൾ നടുനടുങ്ങുകയും നാഗപാശം പക്ഷിയെ മാനിക്കാതിരിക്കുകയും ചെയ്യുതിനെ കണ്ടു ഗരുഡൻ ക്രോധിക്കുകയും നാഗപാശമെന്ന സൎപ്പം തന്റെ ഫണത്തെ പരത്തി ഗരുഡനോടു യുദ്ധം തുടങ്ങുകയും ഇങ്ങിനെ അന്യോന്യം തമ്മിൽ ഒരു നൂറു സംവത്സരം അതികഠിനമായ യുദ്ധം ചെയ്തു നാഗപാശം അധികമായ ക്ഷീണത്തോടുകൂടി പിൻ മടങ്ങി ഒരു കുഹരത്തിൽ ഒളിച്ച ആ മാൎഗ്ഗമായി തന്നെ പരമേശ്വരസ്വാമിയുടെ അടുക്കൽ വന്നു ദണ്ഡനമസ്കാരം ചെയ്തു എന്നെ രക്ഷിക്കേണമെന്നപേക്ഷിച്ചു. പ

രമേശ്വരസ്വാമി സർപ്പത്തെ നോക്കി അല്ലയോ നാഗപാശമേ, നി
ന്നെ ഞാൻ രക്ഷിച്ചു. നീ ഇതുവരെ എവിടെപ്പോയിരുന്നു! എന്നു
പറയുന്നതിനിടയിൽ ഗരുഡൻ അതിവേഗത്തിൽ വന്നു പരമേ
ശ്വരസ്വാമിയെ നമസ്കരിച്ചു സ്വാമിൻ അടിയന്റെ ശത്രുവാണ്
ഈ നാഗപാശം. ഒരു യുഗ സംവത്സരമായി ഞങ്ങൾ തമ്മിൽ യു
ദ്ധം ആരംഭിച്ചിട്ടു ഇന്നു അടിയനെ അറിയാതെ ചാടിപ്പോന്നവ
നാണ്. ആയതുകൊണ്ടു ഇവന്റെ പ്രാണനെ അടിയനു ദാനം
ചെയ്യണമെന്നു ഗരുഡന്റെ അപേക്ഷയെ കേട്ടു ഹേ ഗരുഡാ!
ഈ വിവരമൊന്നും ഞാൻ അറിഞ്ഞിട്ടില്ല. നാഗപാശം എന്നെ
നമസ്കരിച്ചു രക്ഷിക്കേണമെന്നപേക്ഷിക്കുകയും അവ്വണ്ണം ഞാൻ
അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. പിന്നെയാണ് നിന്നെ കണ്ടു
കാര്യം മനസ്സിലായത്. ആയതുകൊണ്ടു തൽക്കാലം അവനെ
ഞാൻ രക്ഷിച്ചു. എങ്കിലും ഒരു കാലത്തു നാഗപാശത്തെ ഭുജി
പ്പാൻ നിണക്കിടവരുവാനായി ഞാൻ അനുഗ്രഹിച്ചിരിക്കുന്നു എ
ന്നു പറഞ്ഞു ഗരുഡനെ അയക്കുകയും നാഗപാശത്തെ പണ്ടേ
ത്തെ സ്ഥിതിയിൽ വെക്കുകയും ചെയ്തു. ആയതിൽപ്പിന്നെ രാവ
ണി തന്റെ കുലഗുരുവായ ശുക്രമഹർഷിയാൽ പരമേശ്വരസ്വാ
മിയുടെ അടുക്കൽ ഇങ്ങിനെ ഒരു വരായുധം ഉണ്ടെന്നറിഞ്ഞു സേ
വചെയ്തു പരമേശ്വരനെ പ്രത്യക്ഷമാക്കി നാഗപാശം തരേണമെ
ന്നപേക്ഷിക്കുകയും ഇന്ദ്രജിത്തിന്നു നാഗപാശത്തെ ദാനം ചെയ്ക
യും ചെയ്തു. ഇപ്രകാരമാണ് നാഗപാശത്തിന്റെ വൈഭവം എന്നു
തിനെ കേട്ടു ഭഗവാൻ പറയുന്നു. ഹേ ലങ്കേശ്വര! ഈ അസ്ത്രം
വീണ്ടെടുക്കേണമെങ്കിൽ ആർ വിചാരിച്ചാൽ സാധിക്കും എന്നു
തിനെ കേട്ടു വിഭീഷണൻ പറയുന്നു. ഒന്നാ കൊടുത്ത പരമേ
ശ്വരൻ അല്ലായെങ്കിൽ തൊടുത്ത ഇന്ദ്രജിത്ത് അല്ലായെങ്കിൽ ഈ
നാഗപാശംതന്നെ. ഇങ്ങിനെ മൂന്നാൽ ഒരുവൻ വിചാരിച്ചല്ലാ
തെ മറ്റാരു വിചാരിച്ചാലും ഈ അസ്ത്രത്തിനെ വീണ്ടെടുപ്പാൻ
പ്രയാസം. എന്നാൽ ശരീരത്തിൽനിന്നു വേർപെടുന്നതു എ
പ്പോഴാണെന്നു വെച്ചാൽ പ്രാണനും പാശവും ഒരവസരത്തിൽ
പിരിയും ആകയാൽ ഈ സർപ്പത്തിന്നത്ര ശക്തിയുണ്ട്. എന്നു

തിനൊക്കട്ടെ ഭഗവാൻ ധർമ്മമുണ്ടെങ്കിൽ രക്ഷിക്കട്ടെ എന്നു പറഞ്ഞു ലക്ഷ്മണന്റെ വക്ഷോദേശത്തിൽ താൻ വീണു മോഹാലസ്യപ്പെട്ടുകിടക്കുകയും ചെയ്തു. ഇതുകളെയെല്ലാം കണ്ടു ഗഗനചാരികളായി നില്ക്കുന്ന ദേവന്മാർ നാഗാരിയായ ഗരുഡനെ സ്തുതിക്കുകയും ഗരുഡൻ പ്രത്യക്ഷമാകുകയും പശ്ചിമദിക്കിൽനിന്നു ഗരുഡന്റെ വരവിനെ കണ്ടു ഇന്ദ്രൻ ദേവകളോടു, നോക്കുവിൻ ദേവകളേ ഗരുഡഭഗവാന്റെ വരവു അത്യത്ഭുതമുണ്ട്. കോടികാതത്തിന്നും ദൂരദേശത്തുള്ള അണുമാത്രമായ പദാർത്ഥങ്ങളെ അടുത്തുകാണ്മാന്തക്ക സൂക്ഷ്മദൃഷ്ടിയോടുകൂടിയ ഗരുഡഭഗവാൻ തന്റെ രണ്ടു നേത്രങ്ങളിൽനിന്നും നേത്രാശ്രുക്കൾ ധാരാളമായി ഒഴുകുന്നതിനെ നോക്കുവിൻ. തന്റെ വലത്തെ നേത്രത്തിൽനിന്നു സന്തോഷസലിലവും എടത്തെ നേത്രത്തിൽനിന്നു സന്താപസലിലവും ആയിട്ടാണ് കാണുന്നത്. എന്നാൽ സന്തോഷമെന്തു സന്താപമെന്തു എങ്കിൽ സർവ്വേശ്വരനായ സ്വാമിയെ പിരിഞ്ഞു അനേകകാലമായി ഇന്നു കണ്ടു ദർശിപ്പാൻ സംഗതി വന്നുവല്ലോ അതും സർവ്വേശ്വരനായ സ്വാമിയുടെ കാരുണ്യംതന്നെ എന്നുള്ളതിനെ വിചാരിച്ചു സന്തോഷാശ്രുവും. അയ്യോ കഷ്ടം താൻ ഒരു ക്ഷത്രിയവംശത്തിൽ ജാതനായി രാജ്യഭ്രഷ്ടനായി ഭാര്യാവിയോഗിയായി മൃഗപ്രായേണ വനത്തിൽ സഞ്ചരിച്ചു അനന്തരം ലങ്കയിൽ കടന്നു രാക്ഷസന്മാരോടു മത്സരിച്ചു അനുജനെ കുലകൊടുക്കേണ്ടി വന്നുവല്ലോ എന്നാലോചിച്ചും ഇപ്രകാരമുള്ള ദുഃഖങ്ങൾ എന്റെ സ്വാമിക്കും വന്നനുഭവിച്ചതു ഞാൻ കാണേണ്ടിവന്നുവല്ലോ എന്നതിനെ വിചാരിച്ചു സന്താപാശ്രുവും ഇങ്ങിനെയുള്ള നേത്രജലങ്ങളോടുകൂടി ഭഗവാന്റെ നീലമേഘശ്യാമളവർണ്ണമായ തിരുമേനി സ്വരൂപത്തെ കാണ്മാനുള്ള വരവാണ്. വൈനതേയന്റെ പക്ഷവാതങ്ങളേറ്റ സമുദ്രത്തിലുള്ള തിരഘോഷങ്ങൾ ഒന്നോടൊന്നു സംഘടനപ്രതിഘടനങ്ങളെ ചെയ്യുന്നു. എന്നുതന്നെയല്ല ഭൂമിയിലുള്ള അന്ധകാരങ്ങളെല്ലാം നീങ്ങുന്നു. ഇത്ര ശക്തിയോടുകൂടിയ തന്റെ നാലു പക്ഷങ്ങളിൽനിന്നും ഇരുപത്തിനാലക്ഷരസംയുക്തമായ പ്രണവത്തെ ധ്വനിപ്പിക്കുന്നതു നോക്കു

൧. ഗരുഡഭഗവാന്റെ തേജസ്സ അടുത്തടുത്തു വരുംതോറും വാനരങ്ങളുടെ മേൽ അവലംബിച്ചിട്ടുള്ള നാഗപാശങ്ങൾ കെട്ടഴിയുന്ന അത്യത്ഭുതം നോക്കുവിൻ. എന്നു ഗരുഡായനമഃ ഗരുഡായനമഃ എന്നു സ്തുതിച്ചു ഇന്ദ്രാദികൾ നില്ക്കെ ഗരുഡൻ വന്നു സ്വാമിയെ സ്തുതിക്കുന്നു.

ഗരുഡസ്തുതി

൧ വി.

ദേവാതിതേവർപലരാലുംനാത്തുതിരുനാമമോത്തുതിരുവായി
മൂവാതവായുഉലകെടൊരേഴുമരശാള്ളമേന്മമുതൽവാ
മേവാതയിമ്പമവേമേവിമവിനെടുവീടുകാട്ടുമൂടിവായി
ആവായിവരുന്തിഅഴ്വാർകൊലാരുന്നതിരേകമാണ്ണേയറിവാർ.

ശ്രീമൽനാരായണാ ശരണം. പരബ്രഹ്മസ്വരൂപാ ശരണം; അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായകാ ശരണം; കൗസല്യാഗർഭാധിവാസാ ശരണം; ദശരഥരാജനന്ദനാ ശരണം; വിശ്വാമിത്രയജ്ഞപരിപാലകാ ശരണം; താടകാപ്രാണാപഹാരാ ശരണം, അഹല്യാശാപവിമോചനാ ശരണം; ത്ര്യംബകചാപഖണ്ഡിതാ ശരണം; സീതാപാണിഗ്രഹമൂർത്തേ ശരണം; ഭാർഗ്ഗവരാമഗർവ്വശമനാ ശരണം; അയോദ്ധ്യാധിവാസാ ശരണം; പട്ടാഭിഷേകപ്രിയാ ശരണം; കോടിമാർത്താണ്ഡവിജയികിരീടമണിമകുടവിലസൽ ശ്രീവീരരാഘവാ ശരണം; സർവ്വേന്ദ്രിയഭ്രമോപശാന്ത സിദ്ധയോഗിജനവിശുദ്ധമാനസ, സരോജനിവാസ, ഹംസരാജ, ശ്രീവീരരാഘവാ ശരണം; തുണഭരതലക്ഷ്മണ, സഹോൽഭൃത, താരകപരബ്രഹ്മമൂർത്തയേ ശരണം; ഘനവിജയഉഗ്രതൂണീരകോദണ്ഡപാണേ ശരണം; അമൃതകിരണകലശ, ഭൂചക്രചക്രാത്മമകരമണികുണ്ഡലപ്രകാശാ ശരണം; ഫണിവികടമാലികാഭരണവന്ദിതപദകമലയുഗള ശ്രീവീരരാഘവാ ശരണം; സ്വാമിൻ പന്ത്രണ്ടു ആദിത്യന്മാരാലും പതിനൊന്നു രുദ്രന്മാരാലും അഷ്ടവസുക്കളാലും സപ്തഋഷികളാലും ആറു ശാസ്ത്രങ്ങളാലും അഞ്ചു ഭൂതങ്ങളാലും നാലു വേദങ്ങളാലും ത്രിമൂർത്തികളാലും സ്തുതിക്കപ്പെടുന്ന നിന്തിരുവടിയുടെ കടാക്ഷവീക്ഷണം ലഭിക്കപ്പെടുന്നവന്നു ജനനം മരണ

മെന്ന രണ്ടു കരയോടുകൂടിയ സംസാരസാഗരത്തിൽനിന്നു ഉത്ഥാ
നംചെയ്ത് നിത്യാനന്ദമെന്ന അഖണ്ഡാനന്ദത്തെ അനുഭവിക്കും
സർവ്വേശ്വരനായ നിന്തിരുവടിയുടെ കാരുണ്യമില്ലാതെ ഞാൻബ്രാ
ഹ്മണൻ ഞാൻ ക്ഷത്രിയൻ ഞാൻ വൈശ്യൻ ഞാൻ ശൂദ്രൻ
ഞാൻ രാജാ ഇവൻ പ്രജ ഞാൻ ഗുരു ഇവൻ ശിഷ്യൻ ഞാൻ ധ
നികൻ ഇവൻ ദരിദ്രൻ എന്നു നടിച്ച് ദുഃഖസ്യാനന്തരം സുഖം
സുഖസ്യാനന്തരം ദുഃഖം. ജനനാനന്തരം മരണം മരണാനന്ത
രം ജനനം. എന്ന കാലചക്രഭ്രമിയിൽപ്പെട്ടു ഇടം വലം തിരിയു
ന്ന അജ്ഞാനികളുടെ അന്ധകാരത്തെ നീക്കി ജ്ഞാനോപദേശം
ചെയ്തും ദുഷ്ടനിഗ്രഹം ശിഷ്ടപരിപാലനത്തിനായും ധർമ്മത്തെ
ലോകത്തിൽ നിലനിർത്തി ഭാരം തീർത്തു രക്ഷിപ്പാനായ്ക്കൊണ്ടു എടു
ത്തു സ്ത്രീവേഷധാരീപുരുഷനായ നിന്തിരുവടിയെ മായാസമ്പ്രദാ
യമായ വിദ്യ അടിയനോടു കാണിക്കേണമെന്നില്ല. അണിയറ
യിൽനിന്ന് ഈ വേഷത്തെ കെട്ടിച്ച് സഭയിലേക്കു അയച്ചത്
അടിയനല്ലെ സ്വാമി; ആയതുകൊണ്ടു അടിയനെ തൃക്കൺപാ
ർത്തരുളേണമെ രാമചന്ദ്രപ്രഭോ! സ്വാമിൻ എന്നു ഗരുഡന്റെ
സ്തുതികളെ കേട്ട് കാരുണ്യവാരാംനിധിയായ രാമസ്വാമി പക്ഷി
യെ തൃക്കണ്ണോത്ത് കടാക്ഷിച്ചുപറയുന്നു. അല്ലയൊ പക്ഷി നീ
ആരാണ്. എവിടെനിന്നു വന്നു. അഗ്രഗണ്യനായ രാവണിയു
ടെ നാഗപാശത്താൽ എഴുപതു വെള്ളം വാനരങ്ങളും എന്റെ
അനുജനുംപെട്ട് ശവശരീരികളായി കിടക്കുന്ന മദ്ധ്യേ നീ ഒരു
വൻ വന്നു ഇത്രായിരം ശരീരികളുടെ പ്രാണനെ ദാനംചെയ്തു ഒ
രു പ്രാണദാതാവാണ് നീ എന്നതിലേക്കു വാദമില്ല. ഇത് ആ
ലോചിക്കുമ്പോൾ എന്റെ പൂർവ്വികന്മാരായ ക്ഷത്രിയരാജാക്ക
ന്മാർ ചെയ്തു സുകൃതമൊ ഇങ്ങിനെ ഒരു പക്ഷിയായി വന്ന് ഈ
ആപല്ക്കാലത്തെ രക്ഷിച്ചതു എന്നും ശങ്കിക്കുന്നു. പഞ്ചദാതാക്ക
ന്മാരിൽവെച്ചു നീ പ്രാണദാതാവാണ്. നിന്നെ എന്തെന്നാണ്
വിളിക്കേണ്ടതെന്നു മനസ്സിലാവുന്നില്ല. നീ ചെയ്തു സഹായത്തി
നു പ്രത്യുപകാരമായി വല്ലതും ചെയ്വാൻ ഞാൻ അസമർത്ഥനാ
ണ്. അയോദ്ധ്യയുംകൂടി എന്റെ കൈവശമില്ല. സമയോചി

തമായിച്ചെയ്ത നന്ദി ലഘുവായിരുന്നാലും അതിനെ ലോകത്തോളം വലുതെന്ന കരുതണം. അങ്ങോട്ട യാതൊരു ഉപകാരവും ചെയ്യാതിരിക്കെ ഇങ്ങോട്ട ചെയ്ത ഉപകാരത്തിന്ന പ്രത്യുപകാരമായി മൂന്ന ലോകത്തെ ദാനം ചെയ്താലും ശരിയാവുന്നതല്ലെന്നാണ് ശാസ്ത്രം. എന്നുതന്നെയല്ല നിന്നെ ഈ ജന്മത്തിൽ കണ്ടറിവില്ല. ഇങ്ങിനെ ആപൽക്കാലത്തു രക്ഷിക്കുന്ന ഒരു പക്ഷിയുണ്ടെന്ന സജ്ജനങ്ങൾ പറഞ്ഞും ഞാൻ കേട്ടിട്ടില്ല. നാംതമ്മിൽ യാതൊരു കൊണ്ടറിവും കൊടുത്തറിവുമില്ല. ഇങ്ങിനെ കണ്ടറിവ് കേട്ടറിവ് കൊണ്ടറിവ് കൊടുത്തറിവെന്ന നാലറിവിൽ വെച്ച ഒരറിവുമില്ലാതെ കണ്ടിരിക്കെ നീ വന്ന രക്ഷിപ്പാനുള്ള അവകാശം ഇന്നതെന്ന പറഞ്ഞുകേൾപ്പാൻ ആഗ്രഹിക്കുന്നു. എന്നതിനെ കേട്ട ഗരുഡൻ പറയുന്നു. അതിശയം. അത്യത്ഭുതമുണ്ട്. നിന്തിരുവടിയുടെ വാഗ്വൈഭവം. നിന്തിരുവടി അരുളിച്ചെയ്ത നാലറിവും നാം തമ്മിലുണ്ട്. അടിയൻ ആരെന്നും അടിയന്റെ മാതാപിതാക്കളാരെന്നും നാമധേയമെന്തെന്നും നാം തമ്മിലുള്ള പരിചയമെന്തെന്നും ഈ അവസരത്തിൽ വരുവാൻ അവകാശമെന്തെന്നും ഉണർത്താം. അടിയന്റെ അച്ഛൻ കശ്യപനാണ്. അമ്മ വിനതയാണ്. നാമം ഗരുഡനെന്നാണ്. പക്ഷികളിൽ വെച്ച് അടിയൻ രാജാവാണ്. പണ്ട വിശ്വാമിത്രനാൽ സൃഷ്ടമായ പെരുമ്പുറക്കടലിൽ നിന്ന ആയിരം യോജന വിസ്താരത്തോടുകൂടിയ ഒരു ആമയെ അടിയൻ കൊത്തി എടുത്തു മഹാമേരുവിന്റെ ഉത്തരദിക്കിലുള്ള അരയാൽ വൃക്ഷത്തിന്റെ ശാഖയിൽവെച്ചുഭുജിപ്പാൻ ശ്രമിച്ച സമയം ആമയുടെ ഘനം പൊറുക്കാതെ കൊമ്പിടിഞ്ഞ് വീഴുകയും വൃക്ഷത്തിന്റെ അടിപ്പാട്ടിൽ അങ്ങയെ കുറിച്ചു തപസ്സുചെയ്യുന്ന മഹർഷികൾ സമാധി ഉണർന്ന് നാരായണാ അഭയമഭയമെന്ന സ്തുതിക്കുകയും ഭക്തന്മാരെ രക്ഷിപ്പാനായി കോദണ്ഡപാണിയായിനിന്തിരുവടിവന്ന അടിയനോട്ട ആയിരം സംവത്സരം യുദ്ധംചെയ്കയും അവസാനം പക്ഷീന്ദ്രനോട്ട ഞാൻ തോററുപോയി വേണ്ടുന്ന വരങ്ങളെന്തെന്നുവെച്ചാൽ തരുന്നുണ്ട്

ന്നഅടിയനോട് അരുളിച്ചെയ്കയും അടിയൻബുദ്ധിയില്ലായ്കയാൽ പോൎത്തൊററ നിന്നോട്ടു ഞാൻ വരം വാങ്ങുന്നില്ലെന്നും നിണക്കു വേണ്ടുന്ന വരത്തിനെ ദാനം ചെയ്യാമെന്നും ഞാൻ പറഞ്ഞതിനെക്കേട്ട് ഇന്നു മുതൽക്കു നീ എനിക്കു വാഹനമായിരിക്കണമെന്നു നിന്തിരുവടി ചോദിച്ചപ്രകാരം അന്നുമുതൽ ഇന്നേവരെ നിന്തിരുവടിക്കു അടിയൻ വാഹനമല്ലയൊ. ആയ്തുകൊണ്ടു മേരുവിൽവെച്ചു കണ്ടും കേട്ടാ വരംകൊണ്ടും കൊടുത്തും ഇങ്ങിനെ നമലറിവും അന്നുതന്നെ ഉണ്ട്. സൎവ്വേശ്വരനായ നിന്തിരുവടിയുടെ ഗോത്രത്തിൽവെച്ചു സാഗരരാജാവിന്നു അടിയന്റെ ഭഗിനിയായസുമിത്രയെ കല്ല്യാണം കഴിച്ചുകൊടുത്തിട്ടുണ്ട്. സ്വാമിൻ എന്തിന് വളരെ പറയുന്നു. സുഗ്രീവാദികൾ അടുത്തുള്ളതുകൊണ്ടു അധികമൊന്നും പറയുന്നില്ല: വൈകുണ്ഠത്തിൽ മുഖമണ്ഡപത്തിൽവെച്ചു അടിയനോട്ടു ഉണൎത്തിച്ചത് അടിയൻ മറക്കുമൊ. അവതാരശേഷം ലങ്കയിൽ രാക്ഷസന്മാരോട്ടു യുദ്ധമുണ്ടാകുമെന്നും ആയുദ്ധത്തിൽ രാവണപുത്രനായ രാവണി നാഗപാശം തൊടുക്കുമെന്നും ആ അവസരത്തിൽ വൈകുണ്ഠത്തിൽ അന്ധകാരം നിറയപ്പെട്ടുമെന്നും തൽക്ഷണം അതിവേഗത്തിൽ ലങ്കക്ക് വന്നു നാഗപാശം കൊത്തി അറുത്തു പോകേണമെന്നും നിന്തിരുവടി അടിയനോട്ടു കല്പിച്ചപ്രകാരം ഇന്നു ആ ലക്ഷണത്തെക്കണ്ടു അടിയൻ വിടകൊണ്ടതാണെന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ പറയുന്നു. അല്ലയൊ പക്ഷി നിന്റെ വാക്കു സുഗ്രീവാദികൾ കേട്ടാൽ പ്രകൃതിവിരോധമായ്തീരും ആയ്തുകൊണ്ടു ഒരു പ്രാവശ്യം കൂടി യുദ്ധകളത്തിൽ കടന്നു പക്ഷപുടങ്ങളാൽ അടിച്ച് വിഷപാമ്പുകളെ പോക്കി വേഗം വൈകുണ്ഠത്തിലേക്കു പോകുക എന്നതിനെക്കേട്ടു ഗരുഡൻ പറയുന്നു. സ്വാമിൻ വളരെ കാലമായി നിന്തിരുവടിയെ അടിയൻ എടുത്ത് പറന്നിട്ട്. ആകയാൽ അടിയന്റെ തോൾത്തിമരം തീരുവാനായി ഒന്നു എടുത്ത് പറക്കുവാൻ അനുവദിക്കേണമെന്നു അപേക്ഷയെ കേട്ട് ഗരുഡനെ സമീപത്തിൽ വരുത്തി ഭഗവാന്റെ പാദത്തെ പക്ഷങ്ങളിൽ വെ

കളെകയും ഗരുഡന്റെ ശരീരം സുഖപ്പെട്ടതിന്റെ ശേഷം ഭഗവാൻ പറയുന്നു. ഹെ ഗരുഡാ ഇന്നു കണ്ടതുപോലെയുള്ള ലക്ഷണം ഒരു പ്രാവശ്യംകൂടെ വൈകുണ്ഠത്തിൽ കാണും. അന്ന് രാവണ വധമായിരിക്കും. അതിനാകും നീ ഇവിടേക്ക് വരണം. ഇപ്പോൾ വൈകുണ്ഠത്തിലേക്ക് പോകുക എന്ന് കല്പന കൊടുക്കുകയും ഗരുഡൻ വൈകുണ്ഠത്തിലേക്ക് വിടകൊള്ളുകയും ചെയ്തു. അനന്തരം ഭഗവാൻ സുഗ്രീവനെ വിളിച്ചു പറയുന്നു. അല്ലയൊ സുഗ്രീവ! നാഗാസ്ത്രം തൊടുത്ത രാവണിയുടെ നേരിട്ട് മേലിൽ യുദ്ധംചെയ്യാൻ നമ്മുടെ സംഘത്തിൽ ആരുണ്ട്. നാഗാരിയായ പക്ഷിയുടെ സഹായത്താൽ ഈ അവസരത്തിൽ ജയിച്ചുകിട്ടി. ഇതുപോലെ നാരായണാസ്ത്രം ബ്രഹ്മാസ്ത്രം എന്ന സായകങ്ങൾ ഇനിയും രാവണിയുടെ അടുക്കൽ ഉണ്ട്. ആയ്തു തൊടുത്താൽ അതിന്നു പ്രതിശാന്തി ചെയ്വാൻ നമ്മാൽ സാധിക്കുമൊ. ആ പക്ഷിയുടെ ധർമ്മം നോക്കുക. നമ്മാൽ ആ പക്ഷിക്കു യാതൊരു ഉപകാരവും ഇല്ലാതിരിക്കെ ഇത്രായിരം ശരീരികളെയും രക്ഷിച്ചതു വിചാരിച്ചാൽ മേഘങ്ങൾ ഭൂമിക്ക് ജലത്തെ ദാനംചെയ്തു ധാന്യാദികളെ പുഷ്ടിവരുത്തി ലോകത്തെ രക്ഷപ്പെടുത്തുന്നു. അത് വിചാരിച്ച് ഭൂമി യാതൊരു പ്രത്യുപകാരവും മേഘങ്ങൾക്ക് ചെയ്യുന്നില്ല. എന്നപോലെ നമ്മെ രക്ഷപ്പെടുത്തിയ പക്ഷിക്കു നമ്മാൽ യാതൊരു പ്രത്യുപകാരവും ചെയ്വാൻ സാധിക്കുന്നതല്ല. സജ്ജനങ്ങളുടെ ലക്ഷണം ഇപ്രകാരമാണ്. എന്നതിനെകേട്ടു ഹനുമാൻപറയുന്നു. ശരണം രാമചന്ദ്രപ്രഭൊ, സ്വാമിൻ ലക്ഷ്മണനുംപടകളും മരിച്ചുപോയി എന്നുകേട്ട് സർവ്വേശ്വരിയായ ജാനകി വ്യസനിച്ചിരിക്കും. ശത്രുക്കൾനശിച്ചുവെന്നുള്ള സന്തോഷത്തോടുകൂടി രാക്ഷസന്മാരും ഇരിക്കും. മരിച്ചവരെല്ലാം രണ്ടാമതും ജീവിച്ചുഎന്നു കേട്ടാൽ ജാനകിയുടെ ദുഃഖവും തീരും രാക്ഷസന്മാരുടെ സന്തോഷവും മാറും. അതിലേക്കായി നിന്തിരുവടിയും ലക്ഷ്മണനും ശിലദ്ധ്വനിചെയ്യ

ണം. വാനരങ്ങളെല്ലാം ആൎപ്പുനാദം ചെയ്യണം എന്നതിനെ കേട്ട അപ്രകാരംചെയ്തു. ഈ ശബ്ദത്തിനെക്കേട്ട രാവണൻ മന്ത്രികളോട ഹെ മന്ത്രികളെ രാമന്റെ കയ്യിലുള്ള കൊദണ്ഡത്തിന്റെ ധ്വനി മേഘത്തെപ്പോലെ ഗൎജ്ജിക്കുന്നു. ലക്ഷ്മണന്റെ ശിഞ്ജാധ്വനി ബ്രഹ്മാണ്ഡത്തെ ഭേദിക്കുന്നു. ഹനുമാന്റെ ആൎപ്പുനാദം എന്റെ ഇരുപതു കൎണ്ണത്തിലും വന്നടിക്കുന്നു. സുഗ്രീവന്റെ ആൎപ്പുനാദം ലോകത്തെ സ്തംഭിപ്പിക്കുന്നു. ഇങ്ങിനെ വാനരങ്ങളുടെ ആൎപ്പുനാദവും രാമലക്ഷ്മണന്മാരുടെ ശിഞ്ജാധ്വനിയും കേൾക്കുമ്പോൾ നാഗപാശത്താൽ ശത്രുക്കളെ നിഗ്രഹിച്ച് വന്നായെന്നു രാവണി എന്നോട പറഞ്ഞതു ശുദ്ധമെ വ്യാജമാണ്. ഇങ്ങിനെ എന്നോട അസത്യം പറയേണ്ടുന്നാവശ്യം രാവണിക്കെന്തായിരുന്നു എന്നറിയണമെന്നു പറഞ്ഞ് ഇന്ദ്രജിത്തിന്റെ അടുക്കലെക്കു രാവണൻ വരുന്നതുകണ്ട് തൈലത്തോണിയിൽകിടക്കുന്ന ഇന്ദ്രജിത്ത് എഴുനീററ് നമസ്കരിക്കാതെ കിടന്നപാട്ടിൽത്തന്നെ കിടന്ന് വണങ്ങുകയും അതുകണ്ട് രാവണൻ ഹെ കുമാര! നിണക്ക് ഇത്ര ക്ഷീണം ബാധിപ്പാൻ അവകാശമെന്തെന്നു ചോദിച്ചതിന്നു രാവണി പറയുന്നു. ശരണം പിതാവെ! ലക്ഷ്മണനോടുകൂടി ഉണ്ടായ യുദ്ധത്തിൽ വളരെ ക്ഷീണം ബാധിച്ചിരിക്കുന്നു. ലക്ഷ്മണൻ തൊടുത്ത അസ്ത്രങ്ങൾ എന്റെ ശരീരത്തിൽതറച്ച് തദ്വാരേണ രക്തം പ്രവഹിച്ച് ഞാനണിഞ്ഞുള്ള കഞ്ചുകവും ശരീരവുംകൂടി രക്തം ഉറഞ്ഞു കട്ടപിടിച്ചതിനാൽ അങ്ങും ഇങ്ങും അനങ്ങുവാൻ പാടില്ലാതെയും നേത്രവുംകൂടെ മിഴിപ്പാൻ കഴിയാതെയും വശംകെട്ടതിനാലാണ് കിടന്ന നിലയിൽത്തന്നെ കിടന്നു വണങ്ങുവാൻ കാരണം. മുമ്പ് ഷൺമുഖനൊഴിച്ച് ബാക്കിയെല്ലാവരോടും ഞാൻ യുദ്ധം ചെയ്തിട്ടുണ്ട്. അതിലൊന്നും ഇത്ര ക്ഷീണം ബാധിച്ചിട്ടില്ല. അങ്ങിനെയിരിക്കെ ഈ സമയത്തിൽ നിന്തിരുവടി വരുവാനുള്ള കാരണം ഇന്നതെന്നു മനസ്സിലാവുന്നില്ല. എന്നതിനെ കേട്ട രാവണൻ പറയുന്നു. അല്ലയോ രാവണി, ശത്രുക്കളായ വാനരങ്ങളെയും ലക്ഷ്മണനെയും നാഗാസ്ത്രത്താൽ ബ

ന്ധിച്ചുവന്നു. വിഭീഷണനേയും രാമനേയും യുദ്ധക്കളത്തിൽ കാണായ്കയാൽ ഹിംസിപ്പാനിടവന്നില്ലെന്നും മറ്റും പറഞ്ഞുവല്ലൊ. ആയതു ശുദ്ധമേ വ്യാജമല്ലെ. ഇപ്പോൾ യുദ്ധക്കളത്തിൽനിന്നു വാനരങ്ങളുടെ ആർപ്പുനാദവും രാമാദികളുടെ ശിലദ്ധ്വനിയും അതികഠിനമായ്ക്കേട്ടു. മരിച്ചവർ രണ്ടാമതും ജനിച്ചതു ഇതുവരെ കേട്ടിട്ടില്ല. നിങ്ങൾക്കു രാമാദികളെ ജയിപ്പാൻ കഴിഞ്ഞതില്ലായിരുന്നുവെങ്കിൽ എന്നോടു ജയിച്ചു എന്നു അസത്യം പറയേണമെന്നുണ്ടായിരുന്നില്ല. എന്നതിനെ കേട്ടു രാവണി പറയുന്നു. ശരണം പിതാവേ നിന്തിരുവടിയോടു ഒരു കാലത്തും അസത്യം ഞാൻ പറയുമെന്നു ശങ്കിക്കേണ്ട. നാഗപാശത്താൽ ശത്രുക്കളെ ജയിച്ചതു സത്യമാണ്. എന്നു പറഞ്ഞിരിക്കെ ദൂതന്മാർ രാവണന്റെ അടുക്കൽവന്നു പറയുന്നു. ശരണം ലങ്കേശ്വരാ! നിങ്ങൾ തമ്മിൽ വൃഥാ ശണ്ഠപിണയേണമെന്നില്ല. ഇന്ദ്രജിത്തു നാഗപാശത്താൽ രാമാദികളെ ജയിച്ചതു സത്യമാണ്. അനന്തരം നാഗപാശം മോചനം വന്നു അവരെല്ലാം രണ്ടാമതും ജീവിച്ചതും സത്യമാണ്. മരിച്ചവർ രണ്ടാമതും ജീവിപ്പാനുള്ള കാരണം. മരിച്ചുകിടക്കുന്ന ലക്ഷ്മണന്റെ മേൽ രാമൻ വന്നു ദുഃഖിച്ചുവീണു മോഹാലസ്യപ്പെട്ടുകിടക്കുന്ന അവസരത്തിൽ പന്നഗാരി എന്ന ഗരുഡൻ വന്നു നാഗപാശത്തെ കൊത്തി അറുത്ത് രാമനെ സ്തുതിച്ചുപോകുകയും തന്നിമിത്തം വാനരങ്ങളും മനുഷ്യരും മുമ്പിലത്തേക്കാൾ അതിയോഗ്യന്മാരായി യുദ്ധക്കളത്തിൽ യുദ്ധസന്നദ്ധന്മാരായും നില്ക്കുന്നു. ഇങ്ങിനെയാണ് ഉണ്ടായ പരമാർത്ഥം. എന്നു ദൂതന്മാർ പറഞ്ഞുപോയതിന്നുശേഷം ആവട്ടെ ഗരുഡനെ ഞാനറിയും. എന്റെ അസ്ത്രങ്ങൾകൊണ്ടുണ്ടായ വ്രണങ്ങൾ ഗരുഡന്ന് ഇനിയും ശമിച്ചിട്ടില്ല. അക്കാര്യം ഇനിമേൽ ആലോചിക്കാം. ഇന്നു യുദ്ധത്തിന്നു മാർഗ്ഗമെന്താണെന്നു ചോദിച്ചതിന്നു രാവണി പറയുന്നു. ശരണം പിതാവേ! ഇന്നെക്കു എന്നാൽ യുദ്ധത്തിന്നു സാധിക്കുന്നതല്ല. തൈലദ്രോണിയിൽ കിടന്നു പുണ്ണും വടുക്കളും നല്ലവണ്ണം ശമനത വന്നിട്ടി

ല്ല. ഇന്നത്തെ കഴിഞ്ഞ് നാളെ പടകളോടുകൂടി ഞാൻ ചെന്നു ബ്രഹ്മാസ്ത്രത്താൽ ശത്രുശേഷം വെക്കാതെ കുലചെയ്യുവാനാക്കാം. നാഗാസ്ത്രത്തിന്നു ഗരുഡൻ ശത്രുവായിവന്നതിനാൽ അവര് രണ്ടാളും ജീവിച്ചു. ബ്രഹ്മാസ്ത്രത്തിന്നു ആരും ശത്രുവില്ല. ആയതു കൊണ്ടു യുദ്ധം നിൎത്താതെ പടകളെ അയച്ചു പോർ നടത്തണം. അങ്ങയുടെ സൎവ്വദുഃഖങ്ങളും നാളത്തെ യുദ്ധത്തിൽ ഞാൻ അവസാനിപ്പിക്കാമെന്നതിനെക്കേട്ടു രാവണൻ സമ്മതിച്ചു രാജധാനിയിൽ വന്നിരുന്നു. ആ അവസരത്തിൽ ദൂതന്മാർ വന്നു രാവണനോടു ശരണം പ്രതാപലങ്കേശ്വര! ധൂമ്രാക്ഷൻ മഹാപാൎശ്വൻ എന്ന രാക്ഷസന്മാർ ഇന്ദ്രജിത്തോടുകൂടി രഥാളി കാക്കുവാൻ പോയവരാണ്. അവർ ഇന്ദ്രജിത്തിനെ യുദ്ധക്കളത്തിൽ ഇട്ട് ഒളിച്ചുവന്നു തങ്ങളുടെ പത്നികളോടുകൂടി സുഖിച്ചു വസിക്കുന്നു. എന്നുപറഞ്ഞതിനെക്കേട്ടു രാവണൻ പറയുന്നു. ആഹാ! അവരെപ്പിടിച്ചു നാസിക വെട്ടി മുതുകത്തു ശൂലാവിൻെറ കോലംവരച്ചു നാടുകടത്തിവിടുക എന്നു കല്പന കൊടുത്തതിനെക്കേട്ടു മാല്യവാൻ വന്നു രാവണനോടു പറയുന്നു. അല്ലയോ രാവണ! നിൻെറ കല്പന ശരിയല്ല. കാരണം ഇന്ദ്രജിത്തു യുദ്ധക്കളത്തിൽനിന്ന് ഇവരെ വിട്ടു മായത്താൽ ആകാശവീഥിയിൽ മറഞ്ഞവനാണ്. പടനായകനില്ലാതെ വന്നാൽ പിന്നെ സൈന്യങ്ങൾ എന്തുചെയ്യും. ഇവർ നിരപരാധികളാണ്. നാസിക വെട്ടുന്നതായാൽ നിൻെറ മകൻ രാവണിയുടെ മൂക്കാണു മുറിക്കേണ്ടത്. ആയതുകൊണ്ടു കല്പനയെ മടക്കുക. എന്നതിനെക്കേട്ടു രാവണൻ കല്പന മടക്കി. മാല്യവാൻ പോയതിന്നുശേഷം ധൂമ്രാക്ഷൻ മഹാപാൎശ്വൻ രാവണനെ വണങ്ങി പറയുന്നു. ശരണം ലങ്കേശ്വര! ഞങ്ങൾ ഇനിമേൽ ഇരുന്നിട്ടു ഫലമില്ല. യുദ്ധത്തിന്നു കല്പന തരണം. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. ധൂമ്രാക്ഷൻ, മഹാപാൎശ്വൻ, പിശാചൻ, സൂക്ഷ്മശത്രു, വെൾവിശത്രു, മാലി, വജ്രദംഷ്ട്രൻ എന്നിങ്ങിനെ ഏഴു രാജാക്കളും പത്തുവെള്ളം പടയും യുദ്ധത്തിന്നുപോയി രാമാദികളെ ജയിച്ചുവരിക എന്നു ക-

ല്പിച്ചു. അതുപ്രകാരം യുദ്ധസന്നദ്ധന്മാരായി പടനിലത്തിൽ വന്നു. ഭഗവാൻ വന്ന പടകളുടെ വിവരം വിഭീഷണനാൽ അറിഞ്ഞു താന്റെ സൈന്യങ്ങളോടു കല്പിക്കുന്നു.

ഹനുമാൻ ധൂമ്രാക്ഷനോടും, അംഗദൻ മഹാപാർശ്വനോടും, നീലൻ മാലിയോടും, ഇടവൻ വജ്രദംഷ്ട്രനോടും, പനസൻ പിശാചനോടും, സുഗ്രീവൻ സൂര്യശത്രുവോടും, ലക്ഷ്മണൻ വെഗം വിശത്രുവോടും, പോരേല്ക്കുക. പത്തുവെള്ളം പടയിൽ ആറുവെള്ളത്തെ ഞാനും, നാലുവെള്ളത്തെ ലക്ഷ്മണനും നിഗ്രഹിക്കാമെന്നു പറഞ്ഞു അപ്രകാരം ഏഴു രാജാക്കന്മാരെയും പത്തുവെള്ളം പടകളെയും നിഗ്രഹിച്ചു. ഈ വിവരം രാവണൻ അറിഞ്ഞു ഇന്ദ്രജിത്തിനെ കൂട്ടിക്കൊണ്ടുവരുവാൻ ദൂതന്മാരെ അയച്ചു. രാവണി വന്നു രാവണനെ വണങ്ങിപ്പറയുന്നു. ശരണം പിതാവേ! മക്കൾ മരിച്ചുപോയതിലേക്കായി ദുഃഖിക്കരുത്. ഞാൻ ഉടനെ യുദ്ധത്തിനു പോയി രാമാദികളെ വധിച്ചു സീതയെ വൈധവ്യദുഃഖം അനുഭവിപ്പിക്കാതെ രാവണി യുദ്ധക്കളം വിട്ടു മടങ്ങുന്നതല്ല. നിന്തിരുവടി നടനാട്യങ്ങളോടുകൂടി സുഖമായിരിക്കണം. പോരിന്നു വിടതരിക എന്നതിനെക്കേട്ടു രാവണൻ പറയുന്നു. നല്ല കാര്യം വേണ്ടതു അങ്ങിനെതന്നെ. എന്നാൽ അറുപതുവെള്ളം പടകളെ നിണക്കു സഹായമായി തരുന്നുണ്ട്. സൈന്യസമേതനായി ചെന്നു ശത്രുക്കളെ ജയിച്ചുവരിക. എന്നതിനെക്കേട്ടു മഹാരഥമേറി പടകളോടുകൂടി യുദ്ധക്കളത്തിൽ വരികയും ഭഗവാൻ കണ്ടു ആരാണിതെന്നു വിഭീഷണനോടു ചോദിക്കയും ഇന്ദ്രജിത്തു അറുപതുവെള്ളം പടകളോടു യുദ്ധത്തിന്നു വന്നിരിക്കുന്നു. എന്നതിനെക്കേട്ടു ലക്ഷ്മണൻവന്നു സ്വാമിൻ! ഈ യുദ്ധം അടിയന്നു തരണം എന്നാപേക്ഷിച്ചതിന്നു ഭഗവാൻ ലക്ഷ്മണനോടു പറയുന്നു. ഹേ ലക്ഷ്മണാ! ഒരു കാലത്തും ഈ യുദ്ധം നിണക്കു തരുന്നതല്ല. കാരണം—നീയും രാവണിയുമായി ഇന്നലെയുണ്ടായ യുദ്ധത്തിൽ പരമേശ്വരസ്വാമിയാൽ ദത്തമായ നാഗപാശം രാവണി തൊടുത്തപ്പോൾ ആയതിന്നു പ്രത്യസ്ത്രം തൊ

ടുത്തു തടുപ്പാൻ നീ സമൎത്ഥനാവാതെ പടകളും നീയും മരിച്ചു യുദ്ധകളത്തിൽ വീഴുകയും അതുകണ്ടു ദശരഥി രാമൻ മാറത്തടിച്ചു സ്ത്രീകളെപ്പോലെ ദുഃഖിക്കുകയും പന്നഗാരി എന്ന പക്ഷിയുടെ ദയകൊണ്ടു എല്ലാവരും രണ്ടാമതും ജീവിക്കുകയും ചെയ്തു. അങ്ങനെയുള്ള രാവണി ഇപ്പോഴും യുദ്ധത്തിൽവെച്ചു ബ്രഹ്മാസ്ത്രം, നാരായണാസ്ത്രം, പാശുപതാസ്ത്രം മുതലായ ദിവ്യസായകങ്ങളെ തൊടുത്തു എന്നുവന്നാൽ ആയതിനെ തടുത്തു രക്ഷപ്പെടുവാൻ നീ സമൎത്ഥനാവുന്നതല്ല. എപ്പോഴും ദുഃഖിപ്പാൻ എന്നാൽ സാധിക്കുന്നതല്ല. ഞാൻ രാവണിയോടു യുദ്ധംചെയ്യുന്നതിനെ നീ നോക്കുക. ഞാനും നിന്നെപ്പോലെ ശരംപെട്ടു വീഴുന്നുവോ അല്ല ശത്രുവിനെ വീഴ്ത്തുന്നുവോ നോക്കുക. എന്നതിനെക്കേട്ടു ലക്ഷ്മണൻ പറയുന്നു. ശരണം അഗ്രജാ! രാവണിയെ മൂന്നുദിവസത്തിനുള്ളിൽ കൊന്നേക്കാമെന്നും അല്ലാത്തപക്ഷം ക്ഷത്രിയവംശത്തിൽ ഞാൻ ഉത്ഭവിച്ചതല്ലെന്നും ദശരഥാത്മജനല്ലെന്നും സുമിത്രമാതാവിന്റെ ഗൎഭത്തിൽ ഉത്ഭവിച്ചവനല്ലെന്നും തിരുവടിയുടെ അനുജനല്ലെന്നും വിഭീഷണൻമുഖേന ശപഥം ചെയ്തിട്ടുണ്ട്. ആ ശപഥം നിവൃത്തിച്ചില്ലായെങ്കിൽ ഇനിമേൽ അടിയൻ പ്രാണനോടുകൂടി ഇരുന്നിട്ടു യാതൊരു പ്രയോജനവും ഇല്ല. ആയതുകൊണ്ട് അങ്ങയുടെ കാരുണ്യമുണ്ടെങ്കിൽ ഇന്ദ്രജിത്തിനെ പറഞ്ഞ അവധിക്കുള്ളിൽ വധിക്കുന്നുണ്ട്. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. എടാ ലക്ഷ്മണാ! ശത്രുവിന്റെ ദുൎബ്ബലപ്രബലതകളെ അറിയാതെ അന്യനോടു ശപഥം ചെയ്യാമോ? ആവട്ടെ ഇന്ദ്രജിത്തു കൊണ്ടുവന്ന അറുപതുവെള്ളം പടകളിൽ നാല്പതുവെള്ളംപടയെ ഞാൻ വധിക്കാം. ഇരുപതുവെള്ളം പടയെ നീ വധിക്കുക എന്നു പറഞ്ഞു ഭഗവാൻ ലക്ഷ്മണനോടു വില്ലുവാങ്ങി. നാല്പതുവെള്ളംപടയെ താൻ വധിച്ച അനന്തരം ലക്ഷ്മണന്റെ അടുക്കൽ വില്ലുകൊടുത്തു. ഇരുപതു വെള്ളം പടയെ ലക്ഷ്മണൻ നിഗ്രഹിക്കുന്നതിനെ രാവണി കണ്ട് ലക്ഷ്മണനെ നോക്കിപറയുന്നു. എടാ ലക്ഷ്മണാ! ഒരുവനോടു രണ്ടാൾ യുദ്ധം ചെയ്യുന്ന മൎയ്യാ

എവിടെയെങ്കിലും ഉണ്ടോ? ഈവില്ലഭ്യാസം ആരോടു പഠിച്ചു. നി ങ്ങൾ രണ്ടാളിൽ ആരാണ് മുമ്പെ മരിക്കാൻ ഒരുങ്ങിയതെന്നുവെച്ചാൽ അവക്ക് നേരിട്ടുകൂടാം. എടാലക്ഷ്മണാ! നിദ്രപ്പെട്ടനായകംഭകർണ്ണനെ വധിച്ചുവെന്നുള്ള ഒരഹംഭാവം നിൻെറ ജ്യേഷ്ഠനുണ്ട്. അങ്ങിനെയുള്ള രാവണൻെറ അനുജനല്ല ഞാൻ. ഞാൻ രാവണൻെറ പ്രഥമപുത്രനാണ്. നിങ്ങൾ രണ്ടാളേയുംകൊന്നു നിങ്ങളുടെ രക്തത്താൽ എൻെറ അതികായൻ മുതലായ അനുജന്മാക്കും ചെറിയച്ഛനുംഉള്ള മരണാനന്തരാപേക്ഷ ചെയ്യാനാണുണ്ടാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നത്. എന്നുതന്നെയല്ല, നിൻെറ ജ്യേഷ്ഠൻ മരിച്ചു, അനുജനായ നീയാണ് ശേഷക്രിയ ചെയ്യേണ്ടത്. ഇന്നു നീ മരിച്ചു നിൻെറ ജ്യേഷ്ഠനെക്കൊണ്ട്, നിണക്കുള്ള ശേഷക്രിയകളെ ഞാൻ ചെയ്യിപ്പിക്കുന്നുണ്ട്. അങ്ങിനെ ചെയ്യാതെ പോയാൽ രാവണന്നു പുത്രനായി ഞാൻ ജനിച്ചിട്ടു ഫലവുമില്ല. ഞാൻ രാവണൻെറ മകനുമല്ല എന്നുള്ള ശപഥവാക്കുകളെ പറഞ്ഞ് അന്യോന്യം അസ്ത്രങ്ങളെ ശരവർഷം ചെയ്കയും അവസാനത്തിൽ ബ്രഹ്മാസ്ത്രം തൊടുക്കുമെന്ന് ഇന്ദ്രജിത്തു പറയുകയും കൂടെ തൊടുക്കാമെന്നു ലക്ഷ്മണൻ പറയുകയും ചെയ്തതിനെക്കേട്ട് എടുത്ത അസ്ത്രം തൊടുക്കാതെ മായത്താൽമറഞ്ഞതിനെ ഭഗവാൻ കണ്ടു ലക്ഷ്മണനോടു, അല്ലയോ സൌമിത്രേ! നിൻെറ യുദ്ധംകണ്ടു സന്തോഷമായി. നമ്മുടെ വരായുധങ്ങൾക്കു ശക്തി കുറഞ്ഞിരിക്കുന്നു. ഞാൻപോയി സാഗരതീരത്തിൽവെച്ചു മന്ത്രസങ്കല്പം കഴിച്ചുവരുന്നുണ്ട്. വിഭീഷണാ നീ ചെന്നു ഫലമൂലപാകങ്ങളെ കൊണ്ടുവന്നു പടകളുടെ ക്ഷുത്തു ശമിപ്പിച്ചു ക്ഷീണംമാററണമെന്നു പറഞ്ഞതിനെക്കേട്ടു വിഭീഷണൻ വനത്തിലേക്കും ഭഗവാൻ വരായുധപൂജക്കും പോയി. ലക്ഷ്മണനും സൈന്യങ്ങളും യുദ്ധക്കളത്തിൽനിന്നു. ഇന്ദ്രജിത്തു രാവണൻെറ അട്ടക്കൽചെന്നു വണങ്ങി പറയുന്നു. ശരണം പിതാവെ! അടിയന്നു ലക്ഷ്മണനായുള്ള യുദ്ധത്തിൽ ഒരു മോശം പിണഞ്ഞു എന്തെന്നു വെച്ചാൽ ബ്രഹ്മാസ്ത്രം തൊടുക്കുമെന്ന് അസ്ത്രത്തിൻെറ നാമം പറഞ്ഞതിനാൽ കൂടെ തൊടുക്കുമെന്നു ലക്ഷ്മണൻ പറഞ്ഞതുകൊണ്ടു എടുത്ത അസ്ത്രം

തൊട്ടുക്കാതെ ഞാൻ മടങ്ങി വന്നു ആയത്തുകൊണ്ടു ബ്രഹ്മാസ്ത്രം തൊടുപ്പാൻ സമയമുണ്ടാക്കിത്തരണമെന്നപേക്ഷിക്കുകയും രാവണൻ മഹോദരനെ വിളിച്ചു ബ്രഹ്മാസ്ത്രം തൊടുപ്പാൻ രാവണിക്കു സമയമുണ്ടാക്കി കൊടുക്കണമെന്നു പറഞ്ഞു അകമ്പനെയും ഒരു നൂറു വെള്ളം പടകളെയും യുദ്ധക്കളത്തിലേക്കയച്ചതു കണ്ടു ഹനുമാൻ അവരെ അടിച്ചു നിഗ്രഹിക്കുന്ന മദ്ധ്യേ അകമ്പൻ ഇരുൾക്കണ തൊടുത്തു യുദ്ധകളമെല്ലാം ഇരുളാക്കുകയും ആ വിവരം ഹനുമാനറിഞ്ഞു തന്റെ കുണ്ഡലവെളിച്ചത്താൽ പടകളെല്ലാം വന്നു ഒരുമിച്ചു കൂടുകയും മഹോദരൻ മായത്താൽ നാല്കൊമ്പനായ ഐരാവതത്തെ ഉണ്ടാക്കി താൻ ഇന്ദ്രന്റെ വേഷമെടുത്ത് ഐരാവതാരൂഢനായി ഇന്ദ്രനാണെന്നു പറഞ്ഞു ലക്ഷ്മണന്റെ നേരിട്ടു വരുന്നതിനെ കണ്ട് ഇന്ദ്രനോടു യുദ്ധമില്ലെന്നു കരുതി കയ്യിലുണ്ടായിരുന്ന വില്ലു നിലത്തു വെക്കുകയും ആ വിവരം രാവണിയെ അറിയിച്ചു ഉടനെ രാവണി മേഘമണ്ഡലത്തിൽ മറഞ്ഞു ബ്രഹ്മാസ്ത്രം തൊടുക്കുകയും ബ്രഹ്മാസ്ത്രം പെട്ടു ലക്ഷ്മണനും പടകളും യുദ്ധത്തിൽ വീഴുകയും ചെയ്തു. അനന്തരം ഭഗവാൻ വരായുധപൂജകഴിഞ്ഞു യുദ്ധകളത്തിൽ വന്നു പരമാർത്ഥമറിഞ്ഞു സൌമിത്രിയുടെ മേൽ താനും വീണു മോഹിച്ചുകിടന്നു.

### ബ്രഹ്മാസ്ത്രം.

അതു കണ്ടു ഇന്ദ്രൻ ദേവകളോടു പറയുന്നു. അല്ലയോ ദേവകളെ സർവ്വേശ്വരനായ രാമസ്വാമിയുടെ മായാസമ്പ്രദായമായ വിദ്യയെ നോക്കുവിൻ. രാവണാദിരാക്ഷസന്മാരെ വധിച്ചു നമ്മെ രക്ഷിക്കേണമെന്നു നാം ക്ഷീരാബ്ധിതീരത്തിൽ വെച്ചു അപേക്ഷിക്കുകയും നമ്മുടെ അപേക്ഷയെ ഉപേക്ഷ ചെയ്യാതെ നമ്മോടു ശപഥം ചെയ്കയും ചെയ്തപ്രകാരം ദശരഥാത്മജനായവതരിച്ചു ധർമ്മസ്ഥാപനത്തിന്നായി വില്ലെടുത്തു പുറപ്പെട്ടു നമ്മുടെ അംശജാതന്മാരെയും വാനരങ്ങളോടു കൂടി ലങ്കയിൽ കടന്നു ദുർമ്മാർഗ്ഗികളായ രാക്ഷസന്മാരോടു മത്സരിച്ചു തുടങ്ങിയ യുദ്ധത്തിൽ അഗ്രഗണ്യനായ രാവണിയുടെ ബ്രഹ്മസായകമേറ്റ് അനുജനും പടകളും മരിച്ചു

പോയതു കണ്ടു മേലാൽ പ്രാണനോടുകൂടി ഇരിക്കുന്നില്ലെന്നുള്ള ശോചനയോടു കൂടി ഭഗവാൻ ലക്ഷ്മണന്റെ മേൽ വീണു മോഹിച്ചു കിടക്കുന്ന അത്യത്ഭുതം നോക്കുവിൻ. ഇപ്പോഴത്തെ സ്വാമിയുടെ മായാസമ്പ്രദായമായ വിദ്യയെ ലോകവാസികൾ കണ്ടാൽ മൂന്നുതരത്തിൽ വ്യവഹരിക്കും. അതെങ്ങിനെയെന്നുവെച്ചാൽ ലോകത്തിൽ കർമ്മകാണ്ഡിഎന്നും ഭക്തികാണ്ഡി എന്നും ജ്ഞാനകാണ്ഡി എന്നും ത്രിവിധശരീരികളുണ്ട്. അതിൽ കർമ്മകാണ്ഡിയുടെ വ്യവഹാരം എന്തെന്നാൽ: ദശരഥൻ എന്ന ക്ഷത്രിയരാജാവു അറുപതിനായിരം സംവത്സരം സന്തതിയില്ലാതെ അവസാനം പുത്രകാമേഷ്ടി എന്ന യാഗത്തെച്ചെയ്തു അതിൽനിന്നുണ്ടായ പായസപിണ്ഡത്തെ പത്നിമാരെക്കൊണ്ടു ഭുജിപ്പിച്ചു തന്നിമിത്തം നാലു സന്തതികളുണ്ടായി. അതിൽ പ്രഥമപുത്രനാണു ഈ രാമൻ. രാജ്യത്തെ ഭരിപ്പാൻ ശക്തിയില്ലാതെ അനുജനു കൊടുത്തു പത്നീസമേതനായി കാട്ടിലേക്കു വന്നു കെട്ടിയ പെണ്ണിനെ രക്ഷിപ്പാൻ കഴിയാതെ അന്യനു കൊടുത്തു. നിരക്ഷരകുക്ഷികളായ മർക്കടങ്ങളെ സഹായമായിക്കൂട്ടി ലങ്കയിൽവന്നു രാവണന്റെ പ്രബലത അറിയാതെ പത്നി പേരിലുള്ള ഭ്രമത്താൽ രാക്ഷസന്മാരോടു മത്സരം തുടങ്ങി അനുജനേയും സഹായികളേയും കൊലകൊടുത്തു അനുജന്റെ മാറിൽ താനും വീണു മരിക്കേണ്ടി വന്നു. ഇതില്പരം അന്യായം വല്ലതും ഉണ്ടോ. ക്ഷത്രിയഗോത്രത്തിൽ ഇങ്ങിനെ ഒരുവൻ ജനിച്ചുവല്ലൊ. നരിമടയിൽ കുറുക്കൻ പെറ്റതുപോലെ ആയി, രാമന്റെ അവസ്ഥ. എത്ര സൌന്ദര്യമുള്ള സ്ത്രീയാവട്ടെ, അന്യൻ തൊട്ടാൽപിന്നെ അവളിൽ സ്നേഹിക്കുന്നവൻ പുരുഷനാണൊ. രാമനെ എന്തിന്നു പറയുന്നു. അവന്റെ അച്ഛനായ ദശരഥൻ പത്നിയുടെ വാക്കിനെ കേട്ടതിനാൽ പ്രാണനെ ഉപേക്ഷിക്കേണ്ടി വന്നു. മകനുള്ള അനുഭവവും അതുതന്നെ. എന്നിപ്രകാരം കർമ്മകാണ്ഡികൾ കൊട്ടിഘോഷിക്കും. ഭക്തികാണ്ഡിയുടെ വ്യവഹാരം എന്തെന്നാൽ സർവ്വേശ്വരനായ രാമസ്വാമിയുടെ അവതാരത്തെ ആലോചിച്ചാൽ താൻ സാക്ഷാൽ നാരായണസ്വാമികളാംശജാതനാണു. പന്നഗേശ്വരനായ അനന്താംശജാതനാണ് അനുജനാ-

യ ലക്ഷ്മണൻ. ധർമ്മരക്ഷാർത്ഥം ദശരഥാത്മജനായി അവതരിച്ചതാണ്. താൻ ക്ഷീരാബ്ധിയെ വിട്ടതിൽപിന്നെ അനന്തോപരിയിൽ നിദ്രചെയ്യാനിടവന്നിട്ടില്ല. ഇപ്പോൾ അതിനുള്ള ഒരവസരമാണ്. എന്നു കരുതി ലങ്കാദ്വീപെ ശ്വേതദ്വീപായും യുദ്ധകളം ക്ഷീരസാഗരമായും അസ്ത്രംപെട്ട പടകളുടെ ശരീരത്തിൽനിന്നുപ്രവഹിച്ച രക്തങ്ങൾ ക്ഷീരമായും മരിച്ചുകിടക്കുന്ന വാനരങ്ങളെ ജലചരങ്ങളായും ലക്ഷ്മണനെ അനന്തനായും സങ്കല്പിച്ചു നിദ്രചെയ്യുന്ന ഒരവസരമാണിപ്പോൾ എന്നും അനന്തകാര്യഗൌരവത്തോടുകൂടിയുള്ള ഈ രാമാവതാരത്തിൽ അനേക ആശ്ചര്യങ്ങളെ കാണ്മാൻ നമുക്കിട വന്നതും സ്വാമിയുടെ കാരുണ്യന്തന്നെ എന്നു ഭക്തികാണ്ഡികൾ സ്തുതിക്കും. എന്നാൽ ജ്ഞാനകാണ്ഡികളുടെ വ്യവഹാരം എന്തെന്നാൽ ഈ സ്വാമി സജാതികവിജാതികസ്വഗതഭേദശൂന്യരായി ദേശകാലവസ്ഥാ പരിച്ഛേദ്യരഹിതരായി സ്ഥാവരാചരങ്ങളിലും അന്തർബ്ബഹിർവ്യാപ്തരായി സർവ്വസാക്ഷിഭൂതനായി നിസ്സംഗനായി നിഷ്കളങ്കനായി, സച്ചിദാനന്ദസ്വരൂപനായി, സമസ്ഥിരാകാരണനായിരിക്കുന്ന ഭഗവാന്റെ ജീവപരമാത്മൈക്യമാണെന്നുകണ്ട അനുഭവരസികന്മാർ ആനന്ദിക്കും നാനാപ്രകാരമായ അണ്ഡങ്ങളിലുള്ള ഭൂചരാഖചരജലചരസ്ഥാവരജംഗമങ്ങളായ നാൽവകജാതി ഉത്തമം മദ്ധ്യമം അധമം എന്നുള്ള മൂവകജാതി സുരനര, മൃഗപശു, പക്ഷിപന്നഗാദികളായ ഏഴുവകത്തോററം എമ്പത്തിനാലുലക്ഷഭേദങ്ങളായ പ്രാണികളുടെ അന്തർബ്ബഹിർവ്യാപ്തനായി ഒരു കാലത്തു ഭൂമിയെ ഭക്ഷിച്ചും ഒരു കാലത്തു വെളിപ്പെടുത്തിയും ഒരു കാലത്തു ബ്രഹ്മാണ്ഡത്തെ ഇന്നും ലോകരക്ഷ ചെയ്യുവരുന്നത് ഏതുപോലെ എന്നുവെച്ചാൽ ഊർണ്ണനാഭിയെന്നും തന്തുവായൻ എന്നും പറയുന്ന ജന്തുവെനിങ്ങൾ കട്ടിട്ടില്ലേ, ആ ജന്തു തന്റെ കുക്ഷിയിലുള്ള തന്തു എന്ന നൂലിനാൽ പാശമെന്ന വലകെട്ടി തന്മദ്ധ്യേ താനും ബദ്ധനാണെന്നു സങ്കല്പിച്ചു കിടക്കകയും അതിൽപ്പെടുന്ന മശകമക്ഷികാദികളെ ഭുജിച്ച് ഉദരതൃപ്തി ചെയ്തു അനന്തരം ആ തന്തുവിനെ ആ ജന്തു ആചമനംചെയ്തു തന്റെകുക്ഷിയിലാക്കിതൃപ്തനായിരിക്കുന്നതുപോല

ലെ തന്നാൽ സൃഷ്ടമായ ജീവശാര ജഗത്തിൽ താനും ബന്ധനാ ണെന്നു നടിച്ചു പ്രാണികളുടെ കൎമ്മത്തിന്റെ താരതമ്യംപോലെ പാപപുണ്യങ്ങളെ അനുഭവിച്ചുവരുന്ന ഭഗവാന്റെ മായാസമ്പ്ര ദായത്തെ കണ്ടുപിടിപ്പാൻ ആരും സമൎത്ഥന്മാരാവുന്നില്ല. ആയ തുകൊണ്ടു നാഗാസ്ത്രത്തിന്നു ഉണ്ടായ മോചനംപോലെ ബ്രഹ്മാ സ്ത്രത്തിന്നും വല്ല ശാന്തിയും ഭഗവാൻ കണ്ടിരിക്കുന്നു. നാം ദിവ്യ കുസുമങ്ങളെ അറുത്തു പുഷ്പവൃഷ്ടി ചെയ്തു നമസ്കരിച്ചു നില്ക്കുക. എന്നതിന്നുശേഷം ദൂതന്മാർ രാവണനെക്കണ്ടു പറയുന്നു. ശര ണം സ്വാമിൻ! നിന്തിരുവടിയുടെ മകൻ ഇന്ദ്രജിത്തു ലക്ഷ്മണനേ യും സുഗ്രീവാദികളേയും ബ്രഹ്മാസ്ത്രം തൊടുത്തു നിഗ്രഹിച്ച വിവ രം അറിഞ്ഞിരിക്കുമല്ലോ. അനന്തരം രാമൻ വന്നു അനുജന്മേൽ വീണു ദുഃഖിച്ചു മരിച്ചിരിക്കുന്നു. അവരോടു യുദ്ധം ചെയ്യാതെ ഴിഞ്ഞു. നിന്തിരുവടിയുടെ ഭാഗ്യത്തിന്നെതിരുണ്ടോ സ്വാമിൻ. എന്നതിനെക്കേട്ടു രാവണൻ പരിചാരകന്മാരോടു പറയുന്നു. എടാ രാക്ഷസരേ! നിങ്ങൾ പോയി സീതയിരിക്കുന്ന പൎണ്ണശാല യോടുകൂടി ഡോലിയിൽവെച്ചു സ്ത്രീകളെക്കൊണ്ടെടുപ്പിച്ചു യുദ്ധ ളം കാട്ടിക്കൊണ്ടുവരുവിൻ. എന്നതിനെക്കേട്ടു സ്ത്രീകളെക്കൊണ്ടു ല്ലാക്കെടുപ്പിച്ചു യുദ്ധകളം കാട്ടുകയും തന്റെ ഭൎത്താവും ലക്ഷ്മണ മരിച്ചു കിടക്കുന്നതിനെക്കണ്ടു ജാനകി വായിലും വയറ്റിലും ടിച്ചു ദുഃഖിക്കുന്നു; അയ്യയ്യോ പ്രാണവല്ലഭാ! ഈ സങ്കടത്തെ ൻ കാണേണ്ടിവന്നുവല്ലോ. വിചാരിച്ചാൽ അവസാനമി ത്ത ദുഃഖത്തോടുകൂടി പ്രാണനെ കളയാതെ ഇരിപ്പാനുള്ള കാ ണം എന്തെന്നുവെച്ചാൽ—അടുത്തു നിന്തിരുവടിയെ കാണമാ ള എടവരും. കണ്ടു പണ്ടത്തെപ്പോലെ ക്ഷേമമായിരിക്കാം. ന്നു കരുതി പ്രാണനെ ഉപേക്ഷിക്കാതെകണ്ടിരുന്നതാണ്. അ യ്യോ! വൈധവ്യദുഃഖം അനുഭവിച്ചു ഒരു വിനാഴികപോലും ഞാ ിക്കുന്നവളല്ല. നിന്തിരുവടി മിഥിലയിൽ വന്നു വില്ലു മുറിച്ചു ലിയായ എന്നെ കല്യാണം ചെയ്തു നിമിത്തം അധൎമ്മതല്പര രായ രാക്ഷസന്മാരാൽ മരിക്കേണ്ടിവന്നുവല്ലോ. കൈകേയിമാ ിന്റെ അന്തരത്തിലുള്ള വിചാരം ഇതാണെന്നു തോന്നുന്നു.

ണ്ട്. എന്നും മററും പറഞ്ഞു ദുഃഖിക്കുന്നതിനെക്കണ്ടു ത്രിജട പ
റയുന്നു. ശാന്താ പത്മനാഭപ്രിയേ! ഒരു കാലത്തും വ്യസനിക്ക
രുത്. ഇതിന്നുമുമ്പു മാരീചൻ മാനായ്‌വന്നതും, മരുത്തൻ ജനക
രാജാവായ്‌വന്നതും, ഇന്നലെ നാഗാസ്ത്രമോചനവും കണ്ടുള്ള ദൃഷ്ടാ
ന്തം സൎവ്വേശ്വരിക്കുണ്ടല്ലൊ. ഇങ്ങിനെയുള്ള മായങ്ങളാൽ സ്വാ
മിക്കു വല്ല അപകടവും ഭവിച്ചുവോ എന്നു സംശയിക്കേണ്ട! ഇ
തെല്ലാം രാക്ഷസന്മാരുടെ മഹാമായമാണ്. നോക്കുവിൻ അങ്ങ
യുടെ കണവന്റെ മേൽ ശരം പെട്ടതായ വല്ല വ്രണങ്ങളും കാണു
ന്നുണ്ടോ എന്നു തന്നെയല്ല, യുഗാന്തകാലത്തുള്ള മാൎത്താണ്ഡനെ
പ്പോലെ ലക്ഷ്മണന്റെ മുഖം ശോഭിക്കുന്നുണ്ട്. പ്രത്യക്ഷമായ
ഒരു സംഗതിപറയാം. ഈ വിമാനത്തിൽ വൈധവ്യസ്ത്രീകൾ
ആരോഹിച്ചാൽ വിമാനം ഉയരുന്നതല്ല. ആയതുകൊണ്ടു ഈ
മറിമായങ്ങളെല്ലാം ഇന്നു നേരം പുലരുന്നതിലകത്തു അറിയാം.
മുമ്പെ ഇരുന്ന സ്ഥാനത്തിലേക്കു പോകാമെന്നു പറഞ്ഞുപോകയും
ചെയ്തു. അനന്തരം വിഭീഷണൻ ചകോരങ്ങളെയുംകൊണ്ടു പട
നിലത്തിൽചെന്നു നോക്കുമ്പോൾ എല്ലാവരും ബ്രഹ്മാസ്ത്രകമേററ
അംഗചേഷ്ടയററ ശുഷ്കപരിയെപ്പോലെ മൂൎച്ഛ അടഞ്ഞു കിടക്കു
ന്നതിനെക്കണ്ടു ദുഃഖിക്കുന്നു. അയ്യയ്യോ ദൈവമേ! ഈ പടക
ളും ഏതുപോലെ ആയി എന്നുവെച്ചാൽ: രാത്രിനാഥനായ ച
ന്ദ്രനില്ലാതെ അന്ധകാരമയമായിരിക്കുന്ന ആകാശംപോലെയും
താമരകളില്ലാത്ത തടാകംപോലെയും, സാരാസാരങ്ങളെ പകുത്ത
റിയുന്ന മന്ത്രികളില്ലാത്ത രാജധാനിപോലെയും; മത്തഗജങ്ങള
ല്ലാത്തയുദ്ധംപോലെയും, കമ്പികളില്ലാത്ത വീണയെപ്പോലെയും
പങ്കജമുകുളംപോലുള്ള കുങ്കുമസ്തനങ്ങളില്ലാത്തസ്ത്രീയെപ്പോലെയു
ശോഭിക്കുന്നു. കാരണം സൎവ്വേശ്വരനായ രാമചന്ദ്രപ്രഭു ഇല്ലാത്ത
സൈന്യങ്ങളുടെ അവസ്ഥയാണിത്. എന്തു ചെയ്യട്ടെ.എന്നാ
യാതൊരു നിവൃത്തിയും കാണുന്നില്ലല്ലൊ. എന്നു ദുഃഖിച്ചു ന
ടക്കുന്ന മദ്ധ്യെ മാനസസരസ്സിലുള്ള ഗംഗയെ ദേവന്മാർ കല
ശത്തിൽ നിറച്ചുകൊണ്ടുവന്നു വിഭീഷണനോടു പറയുന്നു. ഹെ
ലങ്കേശ്വര! ഇങ്ങിനെ ദുഃഖിച്ചുനടന്നതിനാൽ യാതൊരു പ്രയോ

നമുമില്ല. ഞങ്ങൾ തരുന്ന ഈ ഗംഗയെ നീ വാങ്ങി ബ്രഹ്മാത്മജനായ ജാംബവാനും മാതരുപുത്രനായ ഹനുമാനും പാനംചെയ്യുവാനായ്ക്കൊടുക്കുക. എന്നാൽ അവൎക്ക ആലസ്യം തീൎന്ന ഒരവരാൽ ബ്രഹ്മാസ്ത്രപീഡക്ക നിവാരണമുണ്ടാകും. എന്നതിനെക്കേട്ടു വിഭീഷണൻ ഗംഗയെ വാങ്ങി മുമ്പെ ഹനുമാന്റെ മേൽ പെട്ട കണകളെപ്പറിച്ചു ഗംഗയെ മുഖക്ഷാളനം ചെയ്തു പാനം ചെയ്യിപ്പിക്കകയും ഹനുമാൻ ബ്രഹ്മാസ്ത്രത്താലുണ്ടായ മോഹാലസ്യം തീൎന്ന അനന്തരം വിഭീഷണൻ ജാംബവാൻ സമീപത്തിൽ പോകുകയും ജാംബവാൻ കാൽപ്പരിമാററം കേട്ടു പറയുന്നു. രാക്ഷസന്മാരിൽ വെച്ച അഗ്രഗണ്യനായ രാവണി തൊടുത്ത ബ്രഹ്മാസ്ത്രമേററ സുഗ്രീവാദികളായ എഴുപത്തു വെള്ളം വാനരങ്ങളും ലക്ഷ്മണനും സൂത്രക്കയററ പ്രതിമയെപ്പോലെ പടനിലത്തിൽ കിടക്കുന്ന ഈ അവസരത്തിൽ ഈശ്വരാധീനത്താൽ ഒരറിവുണ്ടായി അന്തൎമ്മുഖപ്പെട്ടു കിടക്കുന്ന ഇന്ദ്രിയങ്ങൾക്ക ശക്തിയുണ്ടായി വരുന്ന മദ്ധ്യ ആരൊ ചിലർ എന്റെ സമീപത്തിൽ വരുമ്പോലെ ഉള്ള കാൽപ്പരിമാററം കേൾക്കുന്നുണ്ടു. എന്നുതന്നെയല്ല ജാംബവാനെ എന്നു വിളിക്കുന്ന ശബ്ദം ശ്രോത്രദ്വാരേണ കേൾക്കുന്നുണ്ടു. എന്റെ അടുക്കലേക്ക വരുന്നവർ ആരെന്നാലോചിക്കുമ്പോൾ; ലങ്കേശ്വരനായ വിഭീഷണൻ ഫലമൂലപക്വങ്ങളെ കൊണ്ടുവരുവാൻ വനത്തിലേക്ക പോയിരുന്നതിനാൽ ബ്രഹ്മാസ്ത്രമേല്പാൻ കാരണമില്ല. ആ വിഭീഷണൻ ഫലമൂലപക്വങ്ങളോടുകൂടി പടനിലത്തിൽ വന്നു കാൎയ്യം മനസ്സിലാക്കി ജാംബവാനെ ഒന്നു കാണേണമെന്നു വിചാരിച്ചു വരുന്നതായിരിക്കുമോ എന്നുതന്നെയല്ല സൎവ്വേശ്വരനായ രാമസ്വാമി വരായുധപൂജക്കായി സാഗരതീരത്തിലേക്ക പോയിരുന്നു. പൂജ കഴിഞ്ഞു മടങ്ങി പടകളും കണ്ടു ദുഃഖിച്ചു എന്റെ അടുക്കലേക്ക വരുന്നതായിരിക്കുമൊ എന്നും അറിയുന്നില്ല. ഹനുമാനു പണ്ടു ഹരിഹരവിരിഞ്ചാദികൾ കൊടുത്ത വരാനുഗ്രഹത്താൽ ബ്രഹ്മാസ്ത്രപീഡയിൽനിന്നു ജയിച്ചു എന്നെക്കാണ്മാൻ വരുന്നതായിരിക്കുമോ എന്നും മനസ്സിലാവുന്നില്ല. ഇതു കൂടാതെ ഞങ്ങളെ രക്ഷപ്പെടുത്തേണമെന്നു കരുതി വല്ല മഹൎഷി

കളെം ദേവന്മാരൊ ആയിരിക്കുമൊ എന്നും ശങ്കയുണ്ട്. എന്നാൽ എൻെറ അടുക്കലേക്ക വരത്തക്ക സമൎത്ഥന്മാരായ സുഗ്രീവാദികളെല്ലാം ശത്രുവായ രാവണിയുടെ സായകത്താൽ വീണുപോയതുകൊണ്ടു അവരൊന്നും ഈ രാത്രി സമയത്തിൽ വരുവാൻ കാരണമില്ല. ഏതായാലും ഞങ്ങളെ രക്ഷിക്കേണമെന്നു വരുന്നവരാണെങ്കിൽ ഇന്നവരാണെന്നു പറഞ്ഞു കേൾപ്പാൻ ആഗ്രഹിക്കുന്നു. എന്നാൽ വരുന്നവരെ നോക്കി അറിവാൻ എൻെറ കണ്ണുമിഴിയുന്നില്ല. കാരണം, മായാവിയായ രാവണിയുടെ അസ്ത്രമേററ തദ്വാരേണ രക്തം പ്രവഹിച്ചു നേത്രത്തിൽ വന്നുഉറഞ്ഞു കട്ടി പിടിച്ചു പോയതിനാൽ കണ്ടറിവാൻ അസമൎത്ഥനായിത്തീൎന്നു. എന്നതിനെക്കേട്ടു ഞാൻ ലങ്കേശ്വരനാണെന്നു പറഞ്ഞു ജാംബവാൻെറ മേൽ തറച്ച കണകളെല്ലാം പറിച്ചു ഗംഗയെ വിഭീഷണൻ പാനം ചെയ്യിച്ചതിന്നുശേഷം അല്ലയൊ ലങ്കേശ്വര ഈ ആപല്ക്കാലത്തു ഈ ഗംഗ ലഭിച്ചതു സ്വാമിയുടെ കാരുണ്യമെന്നല്ലാതെ മററെന്താ പറവാനുള്ളത്. എന്നു സന്തോഷിച്ചു ജാംബവാൻ പറയുന്നു. ഹെ ലങ്കേശ്വരാ! ഈ ഗംഗ നിങ്ങൾക്കാകുന്നു. ഈ സലിലത്തിൻെറ ഗുരുത്വവും സ്വാദെയും ആലോചിക്കുമ്പോൾ ഇതു ഭൂലോകത്തുള്ള ജലമല്ല, ദേവഗംഗയാണ്. എൻെറ പിതാവു ഒന്നിച്ചു ഞാൻ സത്യലോകത്തു വസിക്കുമ്പോൾ ഈ ഗംഗയെ എനിക്ക പാനം ചെയ്തു പരിചയമുണ്ട്. മാനസസരസ്സിലുള്ള ജലമാണിത്. ആവട്ടെ, ഹനുമാൻ പിഴച്ചുവോ എന്നു ചോദിച്ചതിലേക്ക വിഭീഷണൻ പറയുന്നു. ഹെ! ജാംബവാൻ നമ്മുടെ സഹായികളായ എഴുപതു വെള്ളം വാനരങ്ങളിൽവെച്ചു മാരുതിയെ മാത്രം ചോദിച്ചതിൻെറ യുക്തിയെന്താണെന്നതിലേക്ക ജാംബവാൻ പറയുന്നു ഹേ! ലങ്കേശ്വരാ! നിൻെറ ഈ ചോദ്യത്തിന്നു അവകാശമില്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ ഒരു വൈദ്യൻ രോഗശാന്തിക്കായി ഒരൌഷധം കല്പിച്ചാൽ അനേക ഔഷധങ്ങളിരിക്കെ ഈ ഔഷധം കല്പിക്കേണ്ടു ആവശ്യമെന്തെന്നുള്ള ചോദ്യം അനാവശ്യമാണ്. അതുകൊണ്ടു ഈ ബ്രഹ്മാസ്ത്രപീഡക്ക ഹനുമാൻ ഒരൌഷധമാണ്. എൻെറ

അടുക്കലേക്ക വരുവാൻ പറയുക എന്നതിനെക്കേട്ട വിഭീഷണൻ
ഹനുമാനെ അയക്കുകയും ഹനുമാൻ ജാംബവാനെ നമസ്കരിച്ചു
വിനയാന്വിതനായി നില്ക്കുന്നതിനെക്കണ്ടു ജാംബവാൻ പറയു
ന്നു. അല്ലയോ മാരുതേ! നീ സ്വാമിക്ക പരമഭക്തനല്ലയോ, ഈ
ബ്രഹ്മാസ്ത്രപീഡയിൽനിന്ന തെറ്റിപ്പിഴച്ചുഞാനെങ്കിലും നിങ്ങൾ
ക്ക ഒരു സഹായിയുണ്ടെന്ന പറഞ്ഞു എന്റെ അടുക്കലേക്ക നീ
വന്നതിൽ നിന്റെ മേൽ എനിക്കെത്ര സന്തോഷമുണ്ടെന്നറിയു
ന്നമെങ്കിൽ ദരിദ്രനായ ഒരുവന്റെ അടുക്കളക്കിണറ്റിൽ അമൃതു
പിറന്നു കണ്ടാൽ എത്ര സന്തോഷമുണ്ടോ അത്രസന്തോഷ
മുണ്ട് ഈ ആപൽക്കാലത്തു നിന്നെ കണ്ടതു. മാ
രുതേ! ഈ യുദ്ധകളം നോക്കുക. സുഗ്രീവാദികളായ എഴുപ
തുവെള്ളം വാനരങ്ങളും രാമന്റെ അനുജനും, മരിച്ചതിനാൽ അ
ന്തരം മദ്ധ്യപാതാളമായ മൂന്ന് ലോകവാസികളും ലോകത്തിന്നാ
ധാരമായ ധർമ്മമൂർത്തിയും ചതുർവ്വേദങ്ങളും നശിച്ചതിന്നു തുല്യമാ
ണ്. ആയതുകൊണ്ടു ഇവരെല്ലാം രണ്ടാമതും ജീവിക്കേണമെ
ങ്കിൽ നീ ഒരുവൻ വിചാരിച്ചാൽ മാത്രം സാധിക്കുന്നതാണ്. എ
ന്നതിനെക്കേട്ട് ഹനുമാൻ പറയുന്നു. നല്ലകാര്യം ഇവരെല്ലാം മ
രിക്കേണമെന്ന എന്നെ വിചാരിച്ചല്ല മരിച്ചതു. അങ്ങയുടെ
വാക്കുപ്രകാരം ജീവിക്കേണമെന്ന ഞാൻ വിചാരിക്കുന്നുണ്ട്. പ
ക്ഷെ ജീവിച്ചുകാണുന്നില്ല. എന്നതിനെക്കേട്ട് ജാംബവാൻ പറ
യുന്നു. ഹെ! ഹനുമാൻ ഇവരെല്ലാം ജീവിക്കേണമെന്ന നിന്റെ
മനസ്സുകൊണ്ടു വിചാരിച്ചാൽ മാത്രം പോര വിചാരത്തിന്ന യോ
ജിച്ചതായ പ്രയത്നം നിന്റെ ദേഹംകൊണ്ടും ചെയ്യേണ്ടതുണ്ട്.
അതെന്തെന്നുവെച്ചാൽ ഈ ലോകത്തിൽ മരിച്ചവർ ജീവിപ്പാൻ
മരുന്നുണ്ട്. അതു ഈ ലങ്കയിലും അടുത്ത പ്രദേശങ്ങളിലും അ
ല്ല. ഇവിടെനിന്ന ഉത്തരഭാഗമായി കുറെ ദൂരം പോകണം. ഏ
തുവരെ പോകണമെന്നും എത്ര ദൂരമുണ്ടെന്നും പറയാം. ഈ യു
ദ്ധകളത്തിൽനിന്ന ഏഷമാദ്രിക്ക എഴുപത്തിമൂവ്വായിരത്തൊരുനൂ
റ യോജന വഴിയുണ്ട്. പോയി വരുവാൻ സമയമുണ്ടോ എന്നാ
ലോചിച്ചാൽ സൂര്യോദയത്തിൽപൂർവ്വം ഏഴരനാഴിക എടയുണ്ട്. ഈ

ഏഴര നാഴികക്കിടയിൽ അവിടെപ്പോയി മടങ്ങിവരണം. എന്ന
തിനെക്കേട്ടു ഹനുമാൻ പറയുന്നു. ഹേ ജാംബവരാജ! അങ്ങയു
ടെ വാക്ക് അത്യത്ഭുതംതന്നെ. അസാദ്ധ്യമായ ഒരു വ്യാധിക്കസാ
ദ്ധ്യമല്ലാത്ത ഒരൌഷധത്തെ ഒരു ധൂർത്തവൈദ്യൻ കല്പിച്ചതു പോ
ലെയാണു നിന്തിരുവടിയാൽ കല്പിക്കപ്പെട്ട ഔഷധം. ഏഴരനാ
ഴികക്കിടയിൽ എഴുപത്തിമൂവായിരത്തൊരുനൂറുയോജന വടക്കോ
ട്ടു പോയിവരണം എന്നുവെച്ചാൽ ആരെക്കൊണ്ടു സാധിക്കും
ഈ ജന്മത്ത് എന്നാൽ സാധിക്കുന്നതല്ല. ഇതാലോചിക്കുമ്പോൾ
നിന്തിരുവടിയുടെ ഒരു അത്യുക്തിയാണെന്നുതോന്നുന്നു. എന്നതിനെ
ക്കേട്ടു ജാംബവാൻ പറയുന്നു. ഈ ബ്രഹ്മാസ്ത്രപീഡ നിവൃത്തിക്കേ
ണമെന്നു നീ വിചാരിക്കുന്നതായാൽ വലിയ ഭാരമായ ഒരു കാര്യ
മല്ല. നിനക്കു ഒരല്പമാണിത്. ഇതിനെപ്പറ്റി നീ ഭയപ്പെടേണ്ട.
അല്പം എന്നുവെച്ചാൽ അതും ഒരു സംജ്ഞതന്നെയാണ്. പങ്കജ
പത്രദ്വയം കൈക്കരുത്തുള്ള ഒരു യൌവനപുരുഷൻ ഒന്നിന്മേലൊ
ന്നൊട്ടുക്കി ഒരു സൂചിയാൽ ഊന്നുമ്പോൾ ഒന്നു വിട്ടു മറ്റൊ
ന്നിൽ പായുന്നതിനുള്ള സമയത്തിന്നു അല്പമെന്നും ലഘുവെന്നും
പറയും. അത്ര ലഘുവായുള്ള കാര്യമാണു നിനക്കിതു്. ആയതിന്നു
ള്ള യോഗ്യത നിനക്കുണ്ടു്. എന്തുകൊണ്ടെന്നുവെച്ചാൽ ലോക
രീതിയിൽനിന്നു തെറ്റീട്ടാണ് നിന്റെ ഉത്ഭവം. ലോകത്തിലുള്ള
മര്യാദ ആലോചിച്ചാൽ ഭാര്യാഭർത്താക്കന്മാർ തങ്ങളിൽ രതിലീല
ചെയ്തു പുരുഷന്റെ പക്കൽനിന്നു ശുക്ലവും സ്ത്രീയുടെ ശോണിത
വുംകൂടി അന്യോന്യം കലർന്നു മൈഥുനാഗ്രമായി കുതിച്ചു പതിനാറിത
ളോടുകൂടി താമര കർണ്ണികപോലെയുള്ള ഗർഭഗോളകയിൽ ചെന്നു
അഞ്ചുദിവസംവരെ ജലം തൈലംപോലെയും പത്തു ദിനത്തിൽ
ഒരു മാംസപിണ്ഡമായുരുണ്ടും അപ്പിണ്ഡം വർദ്ധിച്ചു മുപ്പതാംദിന
ത്തിൽ കളിമാണിപോലെ ആയി അവയവസ്ഥാനങ്ങളങ്കുരിച്ചു
മൂന്നാമാസത്തിൽ നാഡീരോമങ്ങളുണ്ടായി നാലാംമാസത്തിൽ സപ്ത
ധാതുക്കളുണ്ടായി പഞ്ചമാസത്തിൽ പ്രാണൻ കലർന്നു മാതാവു ഭു
ജിക്കുന്ന അന്നപാനാദികളുടെ സാരാംശം നാഭിക്കൊടിയുടെ ശി
ശുവിന്റെ ഉദരത്തിൽചെന്നു ശരീരം വളരും. ആറാംമാസത്തിൽ

ജരായുവെന്ന ശീല മറുപിള്ളയേയും ശിശുവിനേയും മൂടിയിരിക്കും. ഗൎഭിണികൾ സമയത്തിന്നു ഭക്ഷണം കഴിക്കാതെയിരുന്നാൽ ആമാശയം പക്വാശയം എന്നതിന്നു മദ്ധ്യേ ഉള്ള ജഠരാഗ്നി കത്തി ജ്വലിക്കും. പിത്തപദാൎത്ഥങ്ങളെ ഭക്ഷിക്കുന്നതിനാലുണ്ടായ കൃമികൾ ശീലയിൽ പറ്റിയിരിക്കുന്ന അഗ്നിബാധയാൽ കടിക്കും അപ്പോൾ ശിശുവിന്നു അസഹ്യമായിക്കരചരണപ്രയോഗമുണ്ടാകും അന്നിമിത്തം ഗൎഭിണിക്കു ആലസ്യവും ഛൎദ്ദിയുമുണ്ടാകും. എട്ടാമാസത്തിൽ പൂൎവ്വജന്മാൎജ്ജിതങ്ങളെ ശിശുവിന്നു ചിന്തയുമുണ്ടാകും. എട്ടാംമാസത്തിൽ മാതാവിന്റെ ഗൎഭപാത്രമായ കുംഭീനാകത്തിൽ മലമൂത്രങ്ങളാലും കൃമികളുടെ ഉപദ്രവത്താലും അധികരിച്ചായ സങ്കടത്തെ അനുഭവിക്കും. ഒമ്പതാം മാസത്തിൽ പൂൎവ്വജന്മത്തിൽ ചെയ്ത സുകൃത ദുഷ്കൃതങ്ങളെ ആലോചിച്ചു ദുഃഖിച്ചു ബദ്ധാഞ്ജലിഹസ്തമായി ഈശ്വരാദികളെ പ്രാൎത്ഥിച്ചു മേലിൽ കുംഭീനാകത്തെ അനുഭവിപ്പാൻ ഇടവരുത്താതെ രാമായണഭാഗവതാദികളായ സൽക്കഥാശ്രവണത്താലും രാമകൃഷ്ണാദികളായ തിരുനാമജപത്താലും ഏകാദശ്യാദികളായ മഹാവ്രതങ്ങളാലും തീൎത്ഥസ്നാനം ക്ഷേത്രോപവാസം പ്രഹൃത്തിദൎശനം മുതലായവകളാലും കൈവല്യപദത്തെ അനുഭവിപ്പാനാക്കേണ്ടു യത്നംചെയ്യൂ ഈ അവസരത്തിൽ എന്നെ രക്ഷപ്പെടുത്തി ഗൎഭത്തിൽനിന്നു വെളിയിൽത്തള്ളേണമെന്നുള്ള പ്രാൎത്ഥനയോടുകൂടിയിരിക്കും. കേസരി എന്നുള്ള വാക്യസംഖ്യയെ അനുസരിച്ചു ഇരുനൂറ്റെഴുപത്തൊന്നു ദിനത്തിന്നു ഒമ്പതുമാസം കഴിഞ്ഞു പത്താംമാസം പ്രഥമദിനത്തിൽ പ്രസൂതിവായു ശിരസ്സിലടിക്കും. അപ്പോൾ പച്ചുതപേരിയിൽനിന്നു കല്ലുരുളുമ്പോലെ അധോമുഖമായി മറിയും. മറുപിള്ളയായ വള്ളിയെ വിട്ടു തലകീഴും കാലുമേലുമായി വരുന്ന സമയം ഗൎഭിണിക്കു പ്രസൂതവൈവശ്യമുണ്ടാകും. അങ്ങിനെ മെല്ലമെല്ലെയന്നു മാതാവിന്റെ കടിരന്ധ്രത്തൂടെ ശിരസ്സു കാണപ്പെടും. ആ സമയം മായയെ അവലംബിച്ചു ജഡവായു ശിരസ്സിൽ അടിക്കും ഇങ്ങിനെ വായുക്കളുടെ സംഘട്ടനപ്രതിഘട്ടനങ്ങളാൽ കഠിനസങ്കടത്തെ അനുഭവിച്ചു് കൂവാ, കൂവാ, എന്ന ശബ്ദത്തോടുകൂടി ശിശു

ജാതനായതും. ഇങ്ങിനെയാണ് ഭാരതഖണ്ഡത്തിലുള്ള ജനനമശ്ശം. എന്നാൽ നിന്റെ ഉത്ഭവം അങ്ങിനെയല്ല.

ഹനുമദുല്പത്തി.

മൂന്നു മാതാവിന്നും മൂന്നു പിതാവിന്നും നീ ഏകപുത്രനാണ്. മഹേശ്വര, മാരുത, കേസരി എന്നിങ്ങിനെ പിതാക്കന്മാരും സ്വാംബാദി, സംഗതി, അഞ്ജന എന്ന മാതാക്കളുമാണ്. അതിൽ പരമേശ്വരസ്വാമി നിന്റെ ബീജകർത്താവായ കാര്യപിതാവാണ്. അതിന്നു കാരണം എന്തെന്നു പറഞ്ഞാൽ ദേവഗുരുവായ ബൃഹസ്പതിയുടെ ആശ്രമത്തിൽ ദാസിയായിരുന്ന പുഞ്ജികസ്ഥല എന്ന ഒരു വിദ്യാധരസ്ത്രീ ഒരു ദിവസം പുഷ്പമാകവാനായി ഉദ്യാനത്തിൽ കടക്കുകയും അവിടെ അനേക വിദ്യാധരസ്ത്രീകൾ വിദ്യാധരന്മാരോടുള്ള ക്രീഡയെക്കണ്ടു പുഞ്ജികസ്ഥല ബഹുമാനം അന്യന്മാരുടെ ക്രീഡയിൽ മനസ്സു ചെലുത്തിനിന്നു ഹാ കഷ്ടം ഞാൻ മഹർഷിക്കു ദാസിയായതുകൊണ്ടല്ലെ ഇങ്ങിനെ ഉള്ള ലീലകളെ അനുഭവിപ്പാൻ ഇടവരാഞ്ഞതു്. ഞാനും ഇങ്ങിനെ സുഖിക്കേണ്ടവളല്ലെ എന്നു മനസ്സു ചലിച്ചുപോയതിനാൽ പാതിവ്രത്യഭംഗം വന്നു പുഷ്പമെടുക്കാതെ മടങ്ങി ബൃഹസ്പതിയുടെ ആശ്രമത്തിൽ വന്നു മഹർഷിയുടെ കരത്തെ കടന്നുപിടിച്ചു സ്വാമിൻ മാരതാപം സഹിക്കുന്നില്ല. എന്നോടുകൂടി രമിച്ചു സുഖത്തെ ദാനം ചെയ്യേണമെന്നതിനെക്കേട്ടു മഹർഷി ക്രോധിച്ചു എടീ എന്റെ സമയത്തെ ലേശംപോലും ആലോചിക്കാതെ അസംബന്ധം പറഞ്ഞതിനാൽ നിന്റെ പാതിവ്രത്യധർമ്മം ഭംഗം വന്നുപോയി. നീ മേലാൽ എനിക്കു ദാസിയായിരിപ്പാൻ യോഗ്യയല്ല. ഗണികമാരുടെ ലക്ഷണമാണ് നീ ഈ കാണിച്ചതു്. അന്യന്മാരുടെ ക്രീഡയിൽ നിന്റെ മനസ്സ് ചലിച്ചുപോയതിനാൽ വാനരങ്ങളുടെ സ്വഭാവമാണ് നീ കാണിച്ചതു്. തന്നിമിത്തം നീ ഒരു വാനരസ്ത്രീയായിപ്പോക എന്നു ശപിച്ചു. അതുകേട്ടു ഉടനെ ശരണം സ്വാമി ഞാൻ ഒരു സ്ത്രീയല്ലെ അറിവില്ലായ്മ എന്നതു സ്ത്രീകൾക്കു ആഭരണംപോലെ എപ്പോഴും ബാധിച്ചുകൊണ്ടിരിക്കും. ആയതുകൊണ്ടു ശാപത്തിന്നു മോചനം അരുളിച്ചെയ്യേണമെന്നു പാദത്തിൽവീണു

നമസ്കരിച്ചതിനെക്കണ്ടു ബൃഹസ്പതി, ആവട്ടെ നിന്റെ ഗൎഭത്തിൽ പരമേശ്വരസ്വാമി ബീജസന്തതിയായി ഒരു പുത്രൻ അക്കുന്നാവും ആ സന്തതി ഉൽകൃഷ്ടനാകയുള്ളവിൽ നിന്റെ ശാപമോചനം വന്നു എന്റെ ആശ്രമത്തിലേക്കു വരും എന്നനുഗ്രഹിച്ചു. അനന്തരം വാനരസ്ത്രീയും വനത്തിൽ കടന്നു സഞ്ചരിക്കുമ്പോൾ കേസരി എന്ന വാനരൻ കണ്ടു നീ എനിക്കു ഭാൎയ്യയായിരിക്കണമെന്നു പറകയും അതുപ്രകാരം സമ്മതിച്ചു അനേകകാലം ക്രീഡാദിസുഖങ്ങളെ അനുഭവിച്ചു അഞ്ജനാദ്രി എന്ന പൎവ്വതത്തിന്റെ ദക്ഷിണതാഴ്വരയിൽ ചെന്നു കേസരിയെ നോക്കി വാനരസ്ത്രീ പറയുന്നു. മേലിൽ നാം തമ്മിൽ കുറെ കാലത്തിന്നു രമിക്കുവാൻ പാടുള്ളതല്ല. കാരണം പരമേശ്വരസ്വാമിയെക്കുറിച്ചു എനിക്കു ഒരു ധ്യാനമുണ്ട്. അതു കഴിയുന്നവരെ എന്നെ നീ തീണ്ടരുതു എന്നതിനെക്കേട്ടു കേസരി സമ്മതിച്ചു താൻ പുറങ്കാവലായിരിക്കുകയും അങ്ങിനെ പരമേശ്വരസ്വാമിയെക്കുറിച്ചു ഏകാഗ്രമാനസിയായി അങ്ങയാൽ എനിക്കു ഒരു സന്തതി ലഭിക്കേണമെ എന്നു ധ്യാനിച്ചുകൊണ്ടിരിക്കയും ചെയ്തു. ഇത് കണ്ടു അനുഭവാധികനായ നാരദൻ കൈലാസത്തിൽ ചെന്നു പരമേശ്വരസ്വാമിയെക്കണ്ടു വല്ലാത്ത സ്വാമിൻ നിന്തിരുവടിയെക്കുറിച്ചു അഞ്ജനാദ്രിയുടെ താഴ്വരയിൽ ഒരു വാനരസ്ത്രീ തപസ്സു ചെയ്യുന്നായെന്നു പറകയും അതിന്നനുസരിച്ചു പരമേശ്വരൻ പാൎവ്വതിസമേതനായി വനക്രീഡക്കു പുറപ്പെട്ടു കൈലാസത്തിന്റെ ഉത്തരഭാഗത്തുള്ള സുകുമാരവനത്തിൽ കടന്നു വനക്രീഡ തുടങ്ങുകയും ആ അവസരത്തിൽ രണ്ടു വാനരങ്ങൾ തങ്ങളിൽ ക്രീഡിക്കുന്നതിനെ പരമേശ്വരി കണ്ടു വല്ലഭയോടു ഈ വാനരങ്ങളുടെ മാതിരിയെ നോക്കുക. ആ ഒരു സുഖം നമുക്കറിവാൻ സാധിച്ചിട്ടില്ല ആയതുകൊണ്ടു നിന്തിരുവടി ഒരു വാനരനായും ഞാൻ ഒരു വാനരസ്ത്രീയായും വേഷമെടുത്തു തങ്ങളിൽ രമിച്ചു അതിനാലുണ്ടാവുന്ന സുഖത്തെ അറിയണമെന്നപേക്ഷിക്കുകയും അതിനെക്കേട്ടു പരമേശ്വരസ്വാമി സമ്മതിച്ചു വാനരരൂപികളായി ക്രീഡിക്കുകയും പൎയ്യവസാനം പാൎവ്വതിക്കു ക്രീഡയിൽ വിരക്തി ഭവിച്ചുകണ്ട [illegible]

ട്ടു ശരണം കണ്ടവ ഈ ബീജം എന്നാൽ എല്ലാം സാധിക്കുന്നതല്ല. കാരണം പണ്ടു നാം തങ്ങളിൽ ഗജരൂപം പിടിയുമായി ചേൎന്നതിനാൽ എനിക്കു ഗൎഭമുണ്ടാകുകയും അതിനാൽ ഞാൻ ഒരു ഗജക്കുട്ടിയെ പ്രസവിക്കേണ്ടിയും വന്നു. ആ അപമാനം ഇനിയും നിന്നുവരുന്നു. ഇപ്പോൾ ഈ ബീജത്താൽ ഞാൻ ഒരു കൊരങ്ങുകുട്ടിയെ പ്രസവിക്കേണ്ടിവന്നാൽ എന്നോടൊത്ത സ്ത്രീകളുടെ പരിഹാസംകൊണ്ടു വലിയതായ ജള്ളത്വം ഞാൻ അനുഭവിക്കേണ്ടിവരും. എന്നു ശോകത്തോടെ പറയുകയും പരമേശ്വരസ്വാമി സമ്മതിച്ച അഭ്യാസബലത്താൽ ബീജത്തെ വെളിയിലെടുത്തു വായുദേവനോടു വരുത്തി ബീജത്തെ കരത്തിൽ കൊടുത്തു അഞ്ജനയെന്ന സ്ത്രീയുടെ ഗൎഭത്തിൽ ആക്കി വരേണമെന്നു കല്പിച്ചയച്ചു. വായുദേവൻ ആകാശത്തിൽ ചെന്നു ധ്യാനത്തോടുകൂടിയിരിക്കുന്ന അഞ്ജനയുടെ വദനകുഹരത്തൂടെ ഒഴിച്ചു ഗൎഭത്തിലാക്കിവരികയും ചെയ്തു ഈ വിവരം നാരദനറിഞ്ഞു കിഷ്കിന്ധയിൽ പോയി ബാലിയെക്കണ്ടു പറയുന്നു. ഹേ വാനരരാജാവെ! ഈ എടയിൽ ഞാൻ നിഷധപൎവ്വതത്തിൽ നിന്നു വരുമ്പോൾ അഞ്ജനാദ്രിയിൽ ഒരു വാനരസ്ത്രീ ഏകാകിയായി തപസ്സിയായിരിക്കുന്നതിനെക്കണ്ടു ഇങ്ങിനെ വരുവാൻ കാരണമെന്തെന്നാലോചിച്ചതിൽ പരമേശ്വരസ്വാമിയെക്കുറിച്ചുള്ള തപസ്സാണെന്നറിഞ്ഞു. ആ സ്ത്രീയുടെ ഗൎഭത്തിൽ ഒരു പുത്രൻ അതിസമൎത്ഥനായി ജനിക്കും. അവൻ യൌവനശാലിയായി വന്നാൽ തന്റെ രാജത്വം നശിപ്പിക്കും. ആന്തരാൎത്ഥമിങ്ങിനെയാണ് ആയതുകൊണ്ടു ആ സ്ത്രീയുടെ ഗൎഭത്തെ നശിപ്പിക്കണം. ആയതിന്നുള്ള മാൎഗ്ഗത്തെപ്പറയാം. പഞ്ചലോഹങ്ങളെ ജലപ്രായമായുരുക്കി ആ സ്ത്രീയുടെ വായിൽകൊണ്ടുപോയി ഒഴിച്ചുവെന്നു വന്നാൽ ഗൎഭം നശിക്കും എന്നു നാരദൻ പറഞ്ഞുപോയതിന്നുശേഷം ബാലി സുഗ്രീവനെ വിളിച്ചു പറയുന്നു. എടാ നീ പഞ്ചലോഹങ്ങളെ ഉരുക്കി ജലപ്രായമാക്കി അഞ്ജനാദ്രിയിൽ തപസ്സുചെയ്യുന്ന അഞ്ജനയുടെ വായിൽ ഒഴിച്ചുവരിക എന്നതിനെക്കേട്ടു സുഗ്രീവൻ അവ്വണ്ണം പ്രവൃത്തിച്ചു അഞ്ജനയുടെ ഗൎഭത്തിൽ പരമേശ്വരസ്വാമിയുടെ ബീജമായതിനാൽ

സുഗ്രീവന്റെ പ്രവൃത്തിയാൽ ഗൎഭം നശിക്കാതെ ലൊഹങ്ങൾ ഒരു കുണ്ഡലാകൃതിയായി കെട്ടിപ്പിടിച്ചു വലത്തെ കൎണ്ണത്തിൽ കെട്ടുകയും ചെയ്തു. ദുൎജ്ജനങ്ങളാലുള്ള ഉപദ്രവം സജ്ജനങ്ങൾക്കു ഗുണമായി ഭവിക്കുന്നതു ഇവ്വണ്ണമാണ്. അഞ്ജനയും ഗൎഭപരിപൂൎണ്ണതാം വന്നു നിന്നെ പ്രസവിക്കയും നീ ഭൂമിദൎശനം ചെയ്തു ഉടനെ അഞ്ജനയുടെ ശാപമൊചനം വന്നു അവൾ നിന്നെ വിട്ടു പൊകുന്നതിനെ നീ കണ്ടു ഹെ മാതാവെ എന്താണിതു എന്നെ രക്ഷിപ്പാൻ ആര് നീ എവിടെക്കാണ് യാത്ര. എന്നതിനെക്കുള്ള മാതാവും ഹെ കുമാര നിന്നെ രക്ഷിപ്പാൻ എന്നാൽ അസാദ്ധ്യമാണ് എന്റെ ചരിത്രം ഇങ്ങിനെയാണ് ഇപ്പൊൾ ശാപമൊചനം വന്നു പൊകുകയാണ്. എന്നു പൂൎവ്വവൃത്താന്തങ്ങളെല്ലാം പറയുകയും എന്നാൽ എനിക്കു ഭക്ഷണപദാൎത്ഥം എന്തെന്നു നീ ചൊദിക്കുകയും രക്തവൎണ്ണത്തിന്റെ സ്വഭാവമെന്തെന്നു ചൊദിച്ചതിൽ പ്രചുരമായതുകൊണ്ടു സൂൎയ്യൊദയമായ ഭാനുബിംബത്തെക്കാട്ടി ഇപ്രകാരമുള്ള വൎണ്ണത്തെ അവലംബിച്ച പക്വഫലങ്ങളെല്ലാം നിണക്കു ഭുജിക്കാമെന്നു പറഞ്ഞു തന്റെ മാതാവു പൊയതിനുശെഷം ഇതും പക്വഫലമായിരിക്കുമെന്നു കരുതി ഒരു നൂറായിരം യൊജന ഉയരത്തിൽ സഞ്ചരിക്കുന്ന ആദിത്യന്റെ നെരിട്ടു നീ ചാടുകയും അതിനെക്കണ്ടു നിന്റെ പിതാവായ വായുദെവൻ എന്റെ വെഗത എന്റെ മകനു വരട്ടെ എന്നനുഗ്രഹിക്കുകയും അതു കണ്ടുനില്ക്കുന്ന ബ്രഹ്മാവു വൈനതെയന്റെ ശക്തി നിണക്കു വരട്ടെയെന്നനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങിനെ വായുവിന്റെ വെഗവും വൈനതെയന്റെ ശക്തിയുംകൂടി രണ്ടു പക്ഷങ്ങളായി സങ്കല്പിച്ചു ആദിത്യന്റെ രഥത്തിൽ അരുണന്റെ സമീപമായി നീ ചെന്നിരിക്കുകയും ചെയ്തു. ആയതുകൊണ്ടു ആദിത്യൻ തന്റെ ഉഷ്ണകിരണങ്ങളെ ശീതകിരണങ്ങളാക്കി നിണക്കു സുഖത്തെ ദാനം ചെയ്തിരിക്കെ അന്നു ഉപരാഗദിനമെന്ന ഗ്രഹണപുണ്യകാലമായിരുന്നു. ആദിത്യനെ ഗ്രസിപ്പാനായി രാഹുവെന്ന സൎപ്പം അടുത്തുവരുന്നതിനെക്കണ്ടു നീ ആട്ടുകയും അതുകണ്ടു രാഹുവും ദെവനാഥനായ ഇന്ദ്രനെക്കണ്ടു നമസ്കരിച്ചു. സ്വാമിൻ പ

ണ്ടു ക്ഷീരാബ്ധിമഥനകാലത്തിൽ എന്നെ ഗ്രഹങ്ങളുടെ സംഘത്തിൽ ചേൎത്ത കഥ ഓൎമ്മയുണ്ടായിരിക്കുമല്ലൊ ആ നിശ്ചയപ്രകാരം ആദിത്യനെ ഗ്രഹിപ്പാനായി ഞാൻ പോയതിൽ അവിടെ ഒരുവൻ എന്നെക്കണ്ടു അടുക്കാറാക്കാതെ ആട്ടുന്നു. കാരണം ഇന്നതെന്നു എനിക്കു മനസ്സിലാവുന്നില്ല. സജ്ജനങ്ങളുടെ വാക്കിന്നു വ്യവസ്ഥയില്ലാതെ വരുന്നതു കഷ്ടമല്ലെ എന്നു പറഞ്ഞതിനെ ഇന്ദ്രൻകേട്ടു അങ്ങിനെ ഒരു ശത്രു ഉണ്ടെങ്കിൽ ഞാൻ ഒന്നു പരീക്ഷിക്കാം മുൻ നടക്കുക എന്നു രാഹുവെ മുൻനടത്തി ഇന്ദ്രൻ ഐരാവതാരൂഢനായി വജ്രായുധപാണിയായി പുറപ്പെട്ടു വരുന്നതിനെ നീ കണ്ടു ഐരാവതത്തിന്റെ മുഖപടത്തിലുള്ള രത്നങ്ങളെ പഴമെന്നു കരുതി ഗജേന്ദ്രന്റെ നേരിട്ടു ചാടുകയും ആയ്തിനെ ഇന്ദ്രൻ കണ്ടു തന്റെ കരത്തിലുള്ള വജ്രായുധത്തെ നിന്റെ മേൽ എറിയുകയും അതു നിന്റെ കവിൾത്തടമായ ഹനുപ്രദേശത്തിൽപ്പെട്ടു സൂത്രക്കയററ പ്രതിമപോലെ നിൎജ്ജീവിയായി നീ ഭൂമിയിൽ വീഴുകയും അതുകണ്ടു നിന്റെ പിതാവായ വായുദേവൻ അത്യന്തം സങ്കടത്തോടുകൂടി നിന്നെ എടുത്തുംകൊണ്ടുപോയി പാതാളത്തിൽ ഒളിച്ചിരിക്കുകയും ചെയ്തു. ആ അവസരത്തിൽ ലോകത്തിൽ വായുസഞ്ചാരമില്ലാതെ സൎവ്വശരീരികളും വീൎപ്പുമുട്ടി ശവശരീരികളായിത്തീരുകയും അതുകൊണ്ടു ദേവഗിരീശാദികളെല്ലാം സൎവ്വേശ്വരനായ നാരായണസ്വാമിയുടെ അടുക്കൽ ചെന്നു ലോകസങ്കടത്തെ ഉണൎത്തുകയും നാരായണസ്വാമി ഇന്ദ്രാദികളോടുകൂടി വായുദേവനെത്തിരഞ്ഞു പാതാളത്തിൽ ചെന്നു നോക്കിയ്യൽ കപിലമഹൎഷിയുടെ ഗുഹയിൽവെച്ചു കാണുകയും വായുദേവനെ വിളിച്ചു നാരായണസ്വാമി ഹെ വായുദേവരെ നീ വ്യസനിക്കേണ്ടമെന്നില്ല. എന്നുപറഞ്ഞു നിന്നെ വാങ്ങി മടിയിൽവെച്ചു അസ്തുമസ്തകസംയോഗം ചെയ്തു ആ ബ്രഹ്മസ്സുംബ്രഹ്മപൎയ്യന്തം ദീൎഘായുഷ്മാനായിരിക്കുക എന്നു നാരായണസ്വാമിയും എന്റെ ബ്രഹ്മപട്ടം നീങ്ങിയതിന്നുശേഷം നീ വന്നു എന്റെ സ്ഥാനം വഹിച്ചു ചരാചരങ്ങളെ സൃഷ്ടിത്തുടങ്ങുക. എന്നു ബ്രഹ്മദേവനും എന്റെ വരായുധങ്ങളാൽ നിണക്കു യാതൊരു ഉപദ്രവവും ഭവിക്കാതിരി

ക്കട്ടെ. എന്നു ഇന്ദ്രനും എന്നതിനെക്കേട്ടു അഗ്നിബാധയാൽ നിണക്കു യാതൊരു ഉപദ്രവങ്ങളും എല്ലാതിരിക്കട്ടെ എന്നു അഗ്നിദേവനും എന്നതിനെക്കേട്ടു എന്റെ കാലദണ്ഡിനാൽ യാതൊരു ഉപദ്രവങ്ങളും നിണക്കു എല്ലാതിരിക്കട്ടെ എന്നു ധൎമ്മരാജാവും അതിനെക്കേട്ടു ബാക്കി ഉള്ളവരെല്ലാം തങ്ങൾ തങ്ങളുടെ വരായുധങ്ങളാൽ യാതൊരു ഉപദ്രവങ്ങളും എല്ലാതിരിക്കട്ടെ എന്നു അഷ്ടദിക്പാലകന്മാരും മററുള്ളവരും നിണക്കു അനുഗ്രഹിച്ചിട്ടുണ്ട്. ഇന്ദ്രന്റെ വജ്രായുധം ഹനുപ്രദേശമായ കവിൾത്തടത്തിൽപ്പെട്ടതിനാൽ നിണക്കു ഹനുമാൻ എന്ന നാമം കൊടുത്തു ഈ അനുഗ്രഹങ്ങളെയെല്ലാം എററതിന്നുശേഷം സൂൎയ്യന്റെ അടുക്കൽ വിദ്യാഭ്യാസം ചെയ്യേണമെന്നു മനസ്സോത്തരത്തിലേക്കു നീ പോകുകയും ആദിത്യനെക്കണ്ടു നീ നമസ്കരിച്ചു അടിയനെ നിന്തിരുവടിശിഷ്യനായി വരിച്ചു വിദ്യാഭ്യാസം ചെയ്യിക്കേണമെന്നു നിന്റെ അപേക്ഷയെക്കേട്ടു ആദിത്യൻ ഹെ മാരുതെ നിന്നെ ശിഷ്യനായ് വരിച്ചു നിണക്കു വിദ്യാഭ്യാസം ചെയ്തു തരുവാൻ എനിക്കു സമയമില്ല. കാരണം പതിനഞ്ചു നാഴികകളിൽ ഒമ്പതു കോടിമേൽ അമ്പത്തൊന്നുലക്ഷത്തെഴുപത്തയ്യായിരം യോജന വഴി ഞാൻ തേർ നടത്തണം. എന്നുതന്നെയല്ല ഈ രഥത്തിൽ ഒരു ഭാഗത്തു നിന്നെ ഇരുത്തിപ്പഠിപ്പിക്കാമെന്നു വെച്ചാൽ ഈ രഥത്തിൽ അനേകം ബാലഖില്യന്മാർ വേദാദ്ധ്യയനം ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ സംഘത്തിൽ നിന്നെ ഇരുത്താമെന്നാലോചിച്ചാൽ നീ ഒരു മൎക്കടനാണ്. അവരുടെ പരിഭവം എന്റെ നേൎക്കു് ഉണ്ടാവും എന്നു പറകയും എന്നതിനെ നീ കേട്ടു് സ്വാമിൻ നിന്തിരുവടിക്കു സമയമില്ലെന്നും രഥത്തിൽ അടിയനെ ഇരുത്താൻ പാടില്ലെന്നും പറയുന്നതു് ശരിയാണു് നിന്തിരുവടിയുടെ രഥത്തിന്നു് മുന്നിൽ അടിയൻ പുസ്തകത്തെയും പിടിച്ചു് നിന്തിരുവടിയുടെ മുഖത്തെ നോക്കി പിൻഗതിയായി നടന്നുകൊള്ളാം എന്നാൽ അടിയന്നു ഉപദേശിപ്പാൻ തടസ്ഥമുണ്ടോയെന്നു നീ അപേക്ഷിച്ചതിനെക്കേട്ടു ആദിത്യൻ സന്തോഷിച്ചു രഥത്തിന്റെ മുമ്പിൽ പിൻഗതിയായി നടന്നു നിണക്കു ഒമ്പതു

വ്യാകരണവും സാംഗോപാംഗമായി അറപത്തു നാഴികയിലകത്തു
പഠിപ്പിക്കുകയും അനന്തരം ഗുരുദക്ഷിണ ചെയ്യുന്നമെന്നും ആ
യതു എന്താണ് ചെയ്യണ്ടതെന്നും നീ അപേക്ഷിച്ചതിനെക്കേട്ടു
നീ വേറെ ഒന്നും ചെയ്യേണ്ടമെന്നില്ല എന്റെ മകൻ സുഗ്രീവ
നെന്ന ഒരു വാനരൻ പ്രശ്രവണാചലമെന്ന പർവ്വതോപരിയിൽ
ബാലിയെപ്പേടിച്ച വസിക്കുന്നുണ്ട്. ആയവന്നു സഹായമായി
മന്ത്രിസ്ഥാനത്തെ വഹിച്ചിരിക്കുക. ഇതാണ് എനിക്കു വേണ്ടു
ന്ന ദക്ഷിണ എന്നു ആദിത്യന്റെ കല്പനപ്രകാരം നീ വന്നു അ
ന്നുമുതൽ ഇതുവരെ സുഗ്രീവന്നു മന്ത്രിയായിരിക്കുകയും ചെയ്തു.
അനന്തരം ത്രിമൂർത്തികൾ കൊടുത്ത വരവൈഭവത്താൽ നീ വലി
യ അഹങ്കാരയുക്തനായി മഹർഷികളുടെ ആശ്രമങ്ങളിൽ കടന്നു
ആജ്യം മുതലായ പൂജാദ്രവ്യങ്ങളെ എടുത്തു ഭുജിക്കുകയും മൂത്രപുരീ
ഷങ്ങളാൽ ആശ്രമങ്ങളെ അശുദ്ധപ്പെടുത്തുന്നതിനേയും മററം
മഹർഷികൾ കണ്ടു, ഹരിഹരവിരിഞ്ചാദികളും അഷ്ടദിക്പാലക
ന്മാരും കൊടുത്ത വരബലത്താലല്ലെ നമ്മെ ഇവൻ ഉപദ്രവിക്കു
ന്നത്. ആകയാൽ മേലാൽ നിന്റെ വൈഭവം നീ അറിയാതെ
പോകട്ടെ. എന്നു ശപിക്കുകയും ചെയ്തു. അതിന്റെ ശേഷം നീ
യാതൊന്നും അറിയാതെ മന്ദോന്മത്തനായിരിക്കുകയും അതു കണ്ടു
മഹർഷികൾ രാമാവതാരത്തെ പുഷ്ടി വരുത്തേണ്ടവനായ ഹനു
മാൻ ഈ വിധം ആയിരുന്നാൽ പോര. ആയതുകൊണ്ടു ഇവ
ന്റെ പൂർവ്വചരിത്രം അന്യ ഒരുവൻ പറഞ്ഞു ഇവൻ കേൾക്കു
വാൻ എന്നു ഇടവരുന്നുവൊ അന്നു ഇവന്റെ ശരിയായ ശക്തി
വരട്ടെ എന്നു മഹർഷികൾ അനുഗ്രഹിക്കുകയും ചെയ്തു. തന്നിമി
ത്തമാണ് സാഗരതീരത്തിൽ വെച്ച സമുദ്രം ചാടി ലങ്കക്കു പോ
വാൻ സമർത്ഥൻ ആരാണെന്നാലോചിക്കുകയും വാനരങ്ങൾ പ
ത്തു മുതൽ തൊണ്ണൂറ യോജനവരെ ചാടാമെന്നും ലങ്കയിൽ കടന്നു
സീതാന്വേഷണം ചെയ്തു ഇങ്ങോട്ടു ചാടുവാൻ സാധിക്കുന്നതല്ലെ
ന്നും പറഞ്ഞതിനെക്കേട്ടു നീ യാതൊന്നും പറയാതെ ഇരിക്കുകയും
അപ്പോൾ നിന്റെ ഉത്ഭവത്തെയും വരവൈഭവങ്ങളെയും ആദ്യ
ന്തമായിപ്പറഞ്ഞു നിന്നെ കേൾപ്പിച്ചതിന്നനന്തരമാണ് നീ സ

ശരതരണം ചെയ്തു ലങ്കയിൽ കടന്നു ജാനകിയെക്കണ്ടു കാൎയ്യം സാധിച്ചു വന്നു. ആയതുകൊണ്ടു കഴിയുന്നാവഗത്തിൽപോയിഔഷധം കൊണ്ടുവന്നു ബ്രഹ്മാസ്ത്രപീഡ നിവൃത്തിക്കുക. എന്നതിനെക്കേട്ടു ഹനുമാൻ പറയുന്നു. ശരണം ജാംബവരാജ എനിക്കു മൂന്നു മാതാവും മൂന്നു പിതാവുമാണ് എന്നതിനുലക്ക വേണ്ടിയാണ് ഈ ചരിത്രങ്ങളെല്ലാം നിങ്ങൾ വിസ്തരിച്ചത്. അതുകളുടെ വിവരം നല്ലവണ്ണം മനസ്സിലായില്ലെന്നു പറഞ്ഞതിനെക്കേട്ടു ജാംബവാൻ പറയുന്നു. എടൊ മാരുതെ; വയസ്സുന ബുദ്ധിമുട്ടിക്കേണമെന്നാണ് നിന്റെ ഒരുക്കം. ചരിത്രവിസ്താരത്തിൽ നീ മനസ്സു വെച്ചില്ല എന്നു തോന്നുന്നു. കാൎയ്യപിതാവെന്നും കാരണപിതാവെന്നും രണ്ടു തരമാണ്. അതിൽ പരമശരസപാരി ബീജകൎത്താവായതുകൊണ്ടു കാൎയ്യപിതാവാണ്. ആ ബീജത്തെ വായുദേവൻ വാങ്ങി അഞ്ജനയുടെ ഗൎഭത്തിൽ ആക്കി വന്നതിനാൽ വായുദേവൻ കാരണപിതാവാണ്. കേസരി എന്ന വാനരശ്രേഷ്ഠൻ നിന്റെ അമ്മയുടെ കണവനായതുകൊണ്ടു കേസരിയും പിതാവെന്ന സ്ഥാനത്തെ വഹിച്ചവനാണ് ഇങ്ങിനെയാണ് മൂന്നു പിതാവ്. ഇതുപോലെത്തന്നെ അഞ്ജന നിന്നെ പ്രസവിക്കയാൽ കാൎയ്യമാതാവാണ്. പാൎവ്വതിയും സാരംഗതിയും കാരണവശാൽ മാതാക്കളാണ്. ഇങ്ങിനെയാണ് മൂന്നു പിതാവും മൂന്നു മാതാവും എന്നതിനെക്കേട്ടു ഹനുമാൻ പറയുന്നു. ശരണം ജാംബവരെ ഇത്ര കാലപ്പഴക്കത്തെപ്പറയുന്ന നിന്തിരുവടിയുടെ ചരിത്രം അടിയനറിയേണമെന്നത്യാഗ്രഹമുണ്ട്. ആയതുകൊണ്ടു നിന്തിരുവടിയുടെ മാതാപിതാവാരാണെന്നും ഏതു കാലത്തിൽ ജനിച്ചുവെന്നും എത്ര വയസ്സായിയെന്നും എന്തെല്ലാം കണ്ടറിയുമെന്നും പറഞ്ഞുകേൾപ്പാൻ ആഗ്രഹിക്കുന്നു. എന്നതിനെക്കേട്ടു ജാംബവാൻ പറയുന്നു.

ജാംബവാല്പത്തി.

കവി.

അപ്പമിത്തുയർന്നീക്കതക്ക്ഞെപ്പൊലെഅന്നമ
മപ്പെരുന്തിറൽക്കരശിലെൻ മലരയൻമുക്കിൽ

ഉല്പവപ്പൊഴുതിൽതോൻറിനെന്നകമ്പലകണ്ടേൻ
കല്പമഴിന്തംപലപലഅതിശയം കണ്ടേൻ.

ഹെ! മാരുതെ നോം തമ്മിൽ ഇങ്ങിനെ ചരിത്രങ്ങളെ പറഞ്ഞു കാലവിളംബനം വന്നാൽ കാൎയ്യത്തിന്നു അപകടമുണ്ട്. ഈ ഏഴരനാഴികക്കുള്ളിൽ എഴുപത്തിരണ്ടായിരത്തൊരുനൂറു യോജന വടക്കോട്ടു പോയി ഔഷധം കൊണ്ടുവരേണ്ടുന്ന ഭാരവാഹിത്വം നിണക്കു നിന്നെ അയക്കേണ്ടുന്ന ഭാരം എനിക്കുമാണ്. നേരം പുലൎന്നാൽ രാവണി ഖഡ്ഗമെടുത്തു യുദ്ധകളത്തിൽ വരും. സൎവ്വശരീരികളുടെ ശിരസ്സും വെട്ടി സാഗരത്തിൽ ഇടും. അനന്തരം നിന്നെപ്പോലെ അഞ്ചൂറ ഹനുമാനും എന്നെപ്പോലെ എണ്ണൂറ ജാംബവാനുംകൂടി ശീഘ്രപ്രയത്നം ചെയ്താലും കാൎയ്യം സഫലമാവുന്നതല്ല. ആ മരുന്നുകൊണ്ടു മരുന്നു കൊണ്ടുവരുന്ന കാൎയ്യം നീ എന്നാൽ ചരിത്രം പറയുന്ന കാൎയ്യം ഞാൻ ഏല്ക്കാം എന്നതിനെക്കേട്ടു ഹനുമാൻ പറയുന്നു. ശരണം ജനമപരാധ സൎവ്വശരണനായ രാമസ്വാമിയുടെ കാരുണ്യമുണ്ടെങ്കിൽ അഞ്ചു നിമിഷത്തിന്നുള്ളിൽ ഔഷധം കൊണ്ടുവരാം അതിനെപ്പററി ഭ്രമിക്കേണമെന്നില്ല. എന്നതിനെക്കേട്ടു ജാംബവാൻപറയുന്നു ഹെ മാരുതെ ബ്രഹ്മാവിന്റെ പകൽ കഴിഞ്ഞു രാത്രികാലമായ് നിഷ്പ്രപഞ്ചമെന്നാം നൈമിത്തികപ്രളയത്തിൽ രണ്ടു യാമവും കഴിഞ്ഞു മൂന്നാമത്തെ യാമത്തിന്റെ അന്ത്യത്തിൽ ഞാൻ ജാതനാണ്. കാരണം, നാരായണസ്വാമിയുടെ കൎണ്ണമലത്തിൽനിന്നു മധുകൈടഭന്മാർ ഉത്ഭവിക്കുകയും അവർ പ്രളയജലത്തെ തച്ചുമറിച്ചു ജലോപരിയിൽ കിടക്കുന്ന താമരമുകുളത്തെക്കണ്ടു വിടൎത്തി നോക്കുകയും തന്മദ്ധ്യെ ബ്രഹ്മാവിനെ കണ്ടു യുദ്ധത്തിന്നു വിളിക്കുകയും, ബ്രഹ്മാവു ഭയപ്പെട്ടു തന്റെ നടുമുഖം വിശൎത്തു ആ ജലം കടപ്രദേശത്തൂടെ ഒഴുകി തന്റെ ഊരുപ്രദേശത്തിൽ വീഴുകയും അവിടെ നിന്നാണ് എന്റെ ജനനം. എനിക്കു ജാമ്മുവാൻ എന്നും, അമ്മുജാതൻ എന്നും പേരുണ്ട്. ജമ്മുദ്വീപിന്മേലക്കു ആദ്യം വന്നതു ഞാനായതു കൊണ്ടു ജാംബവാൻ എന്നും അമ്മു എന്ന ജലത്തിൽനിന്നുത്ഭവ

ച്ചതുകൊണ്ടു അന്മുജാതൻ എന്നും പേർ വന്നതാണ്. ആയതുകൊണ്ടു എന്റെ പിതാവു ബ്രഹ്മദേവനാണ്. കാലം എന്ന വ്യവഹാരം നശിച്ചുള്ള സൃഷ്ടികാലമെന്ന കാലത്താണ് എന്റെ ജനനം. പിന്നെ എനിക്കു വയസ്സ് എത്രയായി എന്ന് ആലോചിക്കുമ്പോൾ മനുഷ്യവത്സരം ദേവവത്സരം സപ്തർഷിവത്സരം ബൃഹസ്പതിവത്സരം ധ്രുവവത്സരം എന്ന വത്സരങ്ങളിൽ എന്റെ വയസ്സ് ഒതുങ്ങുന്നതല്ല. കൃത, ത്രേത, ദ്വാപര, കലി, എന്ന ചതുൎയ്യുഗങ്ങൾ നാനൂററി അമ്പത്തിനാലായി, ഞാൻ ജനിച്ചിട്ടു ഇതിന്നുള്ളിൽ ആറുമനുക്കളുടെ കാലം കഴിഞ്ഞു ഇപ്പോൾ ഏഴാംമനുവിന്റെ ഇരുപത്തെട്ടാം ചതുൎയ്യുഗത്തിൽ ത്രേതായുഗമാണ്. എന്നാൽ ഈ കാലത്തിന്നുള്ളിൽ ഞാൻ എന്തെല്ലാം കണ്ടറിയുമെന്നുവെച്ചാൽ അനേകകാൎയ്യങ്ങൾ എനിക്കു നേത്രദൃഷ്ടാന്തമാണ്. അതിൽ ചില ചരിത്രങ്ങളുടെ ആദ്യവസാനം അറിയും, ചിലതു ആദ്യം അറിയും മദ്ധ്യഭാഗിൽ ഓൎമ്മയില്ല. ചിലതു അവസാനം അറിയും ആദ്യത്തിൽ ഓൎമ്മയില്ല ഈ ലോകത്തിൽ ഒരു തൃണം പുതിതായി മുളച്ചിട്ടുണ്ടെങ്കിൽ ജാമ്പവാൻ അറിയും, ഞാൻ ജനിച്ചു മൂന്നുദിവസം കഴിഞ്ഞതിന്നു ശേഷമാണ് പ്രളയജലം സാഗരത്തിൽ ഒതുങ്ങി ഭൂമിയെ കാണ്മാനിട വന്നത്. അതുവരെ ബ്രഹ്മദേവരുടെ മടിയിലായിരുന്നു എന്റെ വാസം. ഞാൻ ജനിക്കുമ്പോൾ ബ്രഹ്മാവിന്നു അഞ്ചു ശിരസ്സുണ്ടായിരുന്നു. ഇപ്പോൾ നാല് തലമാത്രമെയുള്ളു. ഒരു ശിരസ്സ് പോവാനുള്ള കാരണം ഞാൻ അറിയും. പരമേശ്വരസ്വാമിതന്റെ നേത്രാഗ്നിയാൽ ത്രിപുരദഹനം ചെയ്തതു ഞാൻ അറിയും. അതിന്നുള്ള കാരണം എന്തെന്നുവെച്ചാൽ താരകൻ എന്ന അസുരന്റെ പുത്രന്മാരായ താരകാക്ഷൻ, വിദ്യുന്മാലി, കമലാക്ഷൻ, എന്നീ മൂന്നാളുംകൂടി കൊന്ദവനമെന്ന ഗോളണ്ണത്തിൽവെച്ചു ബ്രഹ്മാവിനെ കുറിച്ചു ഒരു കോടി സംവത്സരം അഗ്നിമദ്ധ്യസ്ഥന്മാരായി തപസ്സു ചെയ്കയും, ബ്രഹ്മാവു പ്രത്യക്ഷമായി നിങ്ങൾക്കു വേണ്ടുന്ന വരമെന്തെന്നു ചോദിച്ചതിൽ അസുരന്മാർ ബ്രഹ്മാവെ നോക്കി ഞങ്ങൾക്കു താമസിപ്പാൻ അന്തരം മദ്ധ്യപാതാളമായ മൂന്നു ലോക

ത്തിൽ മൂന്നുകോട്ട ചെമ്പിനാലും ഇരുമ്പിനാലും സ്വൎണ്ണത്താലും സൃഷ്ടിക്കണം. ആ മൂന്നു പുരങ്ങളും ഞങ്ങൾ വിചാരിക്കുമ്പോൾ പക്ഷികൾ കണക്കെ പറന്നു ഒരു ദിക്കിലായി വരണം കൂടാതെ ഞങ്ങളെക്കണ്ടാൽ ത്രിമൂൎത്തികൾ മുതലായ സൎവ്വജീവികളും ഭയപ്പെട്ടോടണം. യാതൊരു വരായുധത്താലും ഞങ്ങൾ നശിക്കരുത്. ലോകത്രയങ്ങളും ഞങ്ങൾക്കു കീഴടങ്ങണം. എന്നുള്ള അസുരന്മാരുടെ അപേക്ഷപ്രകാരം വരത്തെ ദാനംചെയ്തു ബ്രഹ്മാവു പറയുന്നു. ഹെ അസുരകളെ! നിങ്ങളുടെ കോട്ടകളായ ത്രിപുരങ്ങൾ സഹസ്രസംവത്സരം കൂടുമ്പോൾ ഒരു ദിക്കിൽവരും ആ അവസരമറിഞ്ഞു ഒരുവൻ യുദ്ധത്തിന്നു വന്നാൽ അന്നു നിങ്ങൾക്കു മരണം എന്നല്ലാതെ ഗ്രഹങ്ങൾ അതാതു സ്ഥാനത്തിൽ ഇരിക്കുമ്പോൾ നിങ്ങളെ യാതൊരു ശരീരികളാലും ജയിപ്പാൻ സാധിക്കുന്നതല്ലെന്നും പറഞ്ഞു അവൎക്കു വേണ്ടുന്ന അസ്ത്രങ്ങളെ ദാനംചെയ്തു ബ്രഹ്മാവു പോയതിന്നനന്തരം അസുരന്മാർ പുരങ്ങളെ നിൎമ്മിച്ചു അതിൽ അനേകായിരം പരിവാരങ്ങളോടുകൂടി അതിൽ വസിച്ചു അതികഠിനമായ ലോകോപദ്രവങ്ങളെച്ചെയ്തു വരികയും ദേവകളെപ്പിടിച്ചു കാരാഗ്രഹത്തിലിടുകയും ദേവസ്ത്രീകളെ ദാസ്യപ്രവൃത്തി ചെയ്യിപ്പിക്കുകയും അനേകം കുലസ്ത്രീകളുടെ പാതിവ്രത്യധൎമ്മം ഭംഗപ്പെടുത്തുകയും അനേകം ക്ഷേത്രങ്ങളെ തച്ചുതകൎത്തു സ്വയംഭൂപ്രതിഷ്ഠ മുതലായ ബിംബങ്ങളെ കുത്തിപ്പുഴക്കി നശിപ്പിക്കുകയും ബ്രാഹ്മണരുടെ യാഗാദികൎമ്മങ്ങളെ മുടക്കി അവരെക്കൊണ്ടു മദ്യമാംസങ്ങൾ എടുപ്പിക്കുകയും ചെയ്തു വന്നതിനെ ഇന്ദ്രാദിദേവകൾ കണ്ടു സഹിയാതെ സൎവ്വേശ്വരനായ നാരായണസ്വാമിയുടെ അടുക്കൽ ചെന്നു ത്രിപുരന്മാരുടെ ഉപദ്രവത്തെ കേൾപ്പിച്ചു മുറയിടുകയും ചെയ്തു. നാരായണസ്വാമി ഇന്ദ്രാദികളെ നോക്കി ആവട്ടെ നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ ഒന്നു പരീക്ഷിക്കാം എന്നുംപറഞ്ഞു ഇന്ദ്രാദികളെ സ്വൎഗ്ഗത്തിലേക്കയച്ചു ഹിമവാന്റെ താഴ്വരയിൽ ചെന്നു ഒരു ഭൂതാഭിചാരം തുടങ്ങുകയും അതിൽനിന്നു അനേകായിരം ഭൂതങ്ങൾ അതിൽ പുറപ്പെടുകയും അവരോടു ത്രിപുരന്മാരെ കുലചെയ്തുവരുവാൻ കല്പിച്ചയക്കുകയുംചെ

യുപ്രകാരം ഭൂതങ്ങൾ പുറപ്പെട്ടു ത്രിപുരന്മാരുടെ കോട്ടയുടെ പുറഭാഗത്തിൽ പോയി നോക്കിയതിൽ കടന്നു ത്രിപുരന്മാരെ പിടിച്ചു ഭക്ഷണം ചെയ്വാൻ ധൈൎയ്യമില്ലാതെ മടങ്ങിവന്നു ഞങ്ങളുടെ ത്രിപുരന്മാരെ ഒടുക്കുവാൻ അസാദ്ധ്യമാണെന്നു പറഞ്ഞു പോയതിന്നു ശേഷം നാരായണസ്വാമി പുറപ്പെട്ടു കൈലാസത്തിൽ വന്നു പരമേശ്വരസ്വാമിയോടു ത്രിപുരന്മാരുടെ ഉപദ്രവങ്ങളെല്ലാം ഉണൎത്തിച്ചതിനെക്കേട്ടു പരമേശ്വരൻ പറയുന്നു. ഹെ! ഭഗവാൻ കാൎയ്യം അങ്ങിനെയാണെങ്കിലും ത്രിപുരന്മാർ എന്നിൽ ഭക്തന്മാരാണ. ദിനചൎയ്യമായി ഒമ്പതുകോടി ശിവലിംഗങ്ങളെ വെച്ചു പൂജിച്ചുവരുന്നുണ്ട്, തന്നിമിത്തം എന്നാൽ അവരെ കുലചെയ്വാൻ പ്രയാസമാണ് എന്നതിനെക്കേട്ടു നാരായണസ്വാമി മടങ്ങി ഒരു ബുദ്ധന്റെ വേഷമെടുത്തു ത്രിപുരന്മാരുടെ തെക്കെ ഗോപുരത്തിന്റെ മുന്നിൽ നില്ക്കുന്ന അരയാൽ വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുകയും ആയതിനെ ഭൂതന്മാർ കണ്ടു ത്രിപുരന്മാരോട് ഈ വിവരം ഉണൎത്തിക്കുകയുംചെയ്തു. ത്രിപുരന്മാരാൽ വിവരം അറിഞ്ഞു എന്നാൽ സന്യാസിയെ നമുക്കു കാണാമല്ലൊ എന്നു താരകാക്ഷനെന്ന അസുരൻ തന്റെ അനുജന്മാരോടുകൂടി അരയാലിൻ കീഴിലിരിക്കുന്ന സന്യാസിയെ വന്നു കണ്ടു നിന്തിരുവടി ആരാണെന്നു മനസ്സിലാവുന്നില്ല പരമാൎത്ഥം അറിവാൻ ആഗ്രഹിക്കുന്നു. എന്നതിനെക്കേട്ടു ബുദ്ധനായ സന്യാസി ഞാൻ ത്രിപുരന്മാരുടെ ഗുരുവാണ്. അനേകകാലമായി തപസ്സിൽ സമാധിസ്ഥനായിരുന്നുപോയതിനാൽ കാലവിളംബനം വന്നതാണ്: നിങ്ങളെല്ലാം എന്റെ ശിഷ്യന്മാരാണെന്നു പറഞ്ഞതിനെക്കേട്ടു ത്രിപുരന്മാർ പറയുന്നു. ഇതെന്താശ്ചൎയ്യമായിരിക്കുന്നു. ഇതിൻ കീഴിൽ നിങ്ങളെ ഞങ്ങൾ കണ്ടിട്ടതെയില്ല. ഞങ്ങളുടെ ഗുരു പരമേശ്വരസ്വാമിയാണ്! ഒമ്പതുകോടി ശിവലിംഗത്തെ ഞങ്ങൾ ദിനചൎയ്യമായി പൂജിച്ചുവരാറുണ്ടു. നിങ്ങൾ ഞങ്ങളുടെ ഗുരു എന്നതിനുവല്ല ദൃഷ്ടാന്തം വല്ലതും ഉണ്ടൊ എന്നാൽ ഞങ്ങൾ സമ്മതിക്കാം എന്നതിനെക്കേട്ടു നാരായണസ്വാമി പറയുന്നു. അങ്ങിനെ നിങ്ങൾക്കു ശങ്കയുണ്ടെങ്കിൽ ആയതിന്നു ഒരു ദൃഷ്ടാന്തം കാണിച്ചുതരാം

മെന്നു പറഞ്ഞു തന്റെ കമണ്ഡലുവിൽ ഉണ്ടായിരുന്ന ജലത്തെ എടുത്തു ജപിച്ചു അരയാലിന്റെ മുകളിലേക്കു എറിയുകയും ആ ജലം പെട്ട് വൃക്ഷത്തിന്റെ പത്രങ്ങളെല്ലാം കൊഴിഞ്ഞു വീഴുകയും ചെയ്തു. അനന്തരം സന്യാസി ത്രിപുരന്മാരോടു നിങ്ങളുടെ ഗുരുവാണ് പരമേശ്വരൻ എന്നല്ലേ നിങ്ങളുടെ വിശ്വാസം. എന്നാൽ പരമേശ്വരസ്വാമിയാൽ ഉത്തമമായ മൂലമന്ത്രങ്ങളെക്കൊണ്ടു ഉതന്നുപോന്ന പത്രങ്ങൾക്കു തുല്യമായി ഈ വൃക്ഷത്തിൽ പത്രങ്ങൾ തളിർത്തു ഉണ്ടാവട്ടെ കാണാമല്ലോ എന്നു പറഞ്ഞതിനെ കേട്ടു ത്രിപുരന്മാർ കരത്തിൽ ജലമെടുത്തു പരമേശ്വരനാൽ ഉത്തമമായ മൂലമന്ത്രത്തെ ജപിച്ചു വൃക്ഷാഗ്രത്തിൽ എറിയുകയും പത്രങ്ങൾ തളിക്കാതെ വൃക്ഷം ഉണങ്ങുകയും ചെയ്തു. അതുകണ്ടു ത്രിപുരന്മാരും ഹേ സ്വാമിൻ നിന്തിരുവടി തന്നെയാണ് ഞങ്ങളുടെ ഗുരു മേലാൽ പരമേശ്വരനെ ഞങ്ങൾ പൂജിക്കുന്നില്ല. നിന്തിരുവടി കല്പനപോലെ നടന്നുകൊള്ളാം എന്നു ത്രിപുരന്മാർ പറഞ്ഞതിനെ കേട്ടു സന്യാസി പറയുന്നു. അങ്ങിനെയാണെങ്കിൽ നിങ്ങൾ പൂജിച്ചുവരുന്ന ശിവലിംഗങ്ങളെയെല്ലാം കല്ലുരലിലിട്ടു ഇരുമ്പുലക്കയാൽ ഇടിച്ചു പൊടിയാക്കി സാഗരത്തിൽ കലക്കി വരുവിൻ എന്നതിന്നു ശേഷം ഞാൻ ഉപദേശിക്കാം എന്നതിനെക്കേട്ടു ത്രിപുരന്മാർ അവ്വണ്ണം ചെയ്തു. സന്യാസി അവിടെനിന്നു പുറപ്പെട്ടു വേഷത്തെ ഉപേക്ഷിച്ചു വീണ്ടും കൈലാസത്തിൽചെന്നു പരമേശ്വരസ്വാമിയെകണ്ടു സ്വാമിൻ ത്രിപുരന്മാർ ശിവലിംഗങ്ങളെ എടുത്തു ഇടിച്ചുപൊടിയാക്കി സമുദ്രത്തിൽ കലക്കിയിരിക്കുന്നു. ഇതു നിന്തിരുവടിയെ പുച്ഛിച്ചതിന്നു തുല്യമല്ലേ. ഇങ്ങിനെയുള്ള പാപികളാകുന്നു അങ്ങയുടെ ശിഷ്യന്മാർ. എന്നതിനെ കേട്ടു പരമേശ്വരൻ ആലോചിച്ചു കാര്യം മനസ്സിലാക്കി ആവട്ടെ ത്രിപുരന്മാരെ ഞാൻ വധിച്ചേക്കാം ആയതിന്നു നിങ്ങൾ എല്ലാവരുംകൂടി ഒരു വില്ലും രഥവും ഉണ്ടാക്കി കൊണ്ടുവരുവിൻ എന്നുപറഞ്ഞു നാരായണസ്വാമിയെ അയച്ചു. ശ്രീനാരായണൻ ദേവകളെക്കൂട്ടി ഭൂമിയെ രഥത്തിന്റെ അടിത്തട്ടാക്കി ആകാശത്തെ വിതാനമാക്കി അർക്കചന്ദ്രന്മാരെ ചക്രമാക്കി വേദങ്ങളെ അശ്വ

ങ്ങളാക്കി ബ്രഹ്മാവിനെ സാരഥിയാക്കി അരുണനെ ചാട്ടയാക്കി രഥം അലങ്കരിച്ച അനന്തരം മഹാമേരുവെ വില്ലാക്കി ആദിശേഷനെ ഞാണാക്കി നാരായണനെ അസ്ത്രമാക്കി അഗ്നിയെ മുനയാക്കി കൊണ്ടുപോയി പരമേശ്വരസ്വാമി വക്കൽ കൊടുക്കുകയും പരമേശ്വരസ്വാമി ഗണപതി സുബ്രഹ്മണ്യനെ മുന്നടത്തി വീരഭദ്രനെ ഇടത്തുവശം നടത്തി ഭൈരവനെ വലത്തുവശം നടത്തി. ഭൂതപ്പടകളോടുകൂടി പട നടത്തി രഥത്തിൽ ആരോഹിക്കുകയും പരമേശ്വരസ്വാമിയുടെ പാദം രഥത്തിൽവെച്ച ഉടനെ രഥത്തിന്റെ അച്ച് മുറികയും ആയതിന്നു കാരണമെന്തെന്നാലോചിച്ചതിൽ വിഘ്നേശ്വരനു പൂജ കഴിക്കായ്കയാണെന്നു മനസ്സിലായി ഗണപതിയെപ്പൂജിച്ച മുറിഞ്ഞ അച്ചിനെ നിവൎത്തിച്ച രഥത്തിൽ കയറി ത്രിപുരന്മാരുടെ സ്ഥാനത്തേക്കു നടകൊണ്ടു. ഒരു രഥവും വില്ലും ഉണ്ടാക്കിക്കൊണ്ടു വന്നു പരമേശ്വരസ്വാമിക്കു കൊടുത്തതിനാലല്ല ത്രിപുരന്മാരെ വധിപ്പാൻ പരമേശ്വരൻ സമൎത്ഥനായി വന്നതു എന്ന് ഇന്ദ്രാദികൾ അഹങ്കാരമായി ഊഹിച്ചതിനെ പരമേശ്വരൻ അറിഞ്ഞു നിസ്സാരന്മാരെ വധിപ്പാൻ എനിക്കു ഇവരുടെ സഹായം വേണമോ എന്നുള്ള മന്ദഹാസത്താലും ത്രിപുരന്മാരുടെ പേരിലുള്ള ക്രോധത്താലും തന്റെ മൂന്നാം തൃക്കണ്ണിൽനിന്നു അഗ്നിജ്വാലാമാലകൾ കത്തിജ്വലിച്ച ത്രിപുരന്മാരുടെ പടകളേയും അവരുടെ പുരങ്ങളേയും ദഹിപ്പിക്കുകയും ത്രിപുരന്മാരെ നാരായണാസ്ത്രം തൊടുത്തു നിഗ്രഹിക്കുകയും ചെയ്തു. ഇതും എനിക്കു നേത്രദൃഷ്ടാന്തമാണ്. എന്നുതന്നെയല്ല മന്മഥനെ ദഹിപ്പിച്ചതും ഞാനറിയും, പരമേശ്വരസ്വാമിയുടെ അഗ്നിക്കണ്ണിൽനിന്നു വീരഭദ്രൻ ജനിച്ച ദക്ഷപ്രജാപതിയുടെ യാഗശാലയിൽ പോയി യാഗത്തെ മുടക്കി ദക്ഷന്റെ ശിരസ്സറുത്തു പകരം ഒരു അജത്തിന്റെ തലയെവെച്ച യോജിപ്പിച്ച പ്രാണനെ ദക്ഷനു ദാനംചെയ്തതും ഞാനറിയും, പണ്ടു ദേവാസുരന്മാർ തമ്മിലുണ്ടായ യുദ്ധവും ഞാനറിയും, അതിൽ ദേവന്മാർ തോറ്റതും ഞാനറിയും, അദിതിമാതാവിന്റെ പയോവ്രതവും വ്രതാവസാനം നാരായണസ്വാമി അദിതിമാതാവിന്റെ ഗ

ത്തിൽ വന്നുജനിച്ച വാമനാവതാരമെടുത്തതും ഞാനറിയും, മഹാബലിഭൃഗുവിൻെറ ആശ്രമമായ നർമ്മദാ നദിയുടെ ഉത്തരതീരത്തിൽവെച്ച വിശ്വജിത്തു എന്ന യാഗം നടത്തിയതും ഞാനറിയും, വാമനമൂൎത്തി യാഗശാലയിൽചെന്നു തൻെറ പാദത്തിനു മൂന്നടിമണ്ണ് യാചിച്ചതും ഞാനറിയും, മഹാബലിയോടു കൊടുക്കരുതെന്നു ശുക്രൻ മുടക്കിയതും ഞാനറിയും, മഹാബലി ദാനവാരി കൊടുക്കുന്നതിനെ മുടക്കുവാനായി ശുക്രൻ ഒരു വണ്ടായി കരകത്തിൻെറ ദ്വാരമടച്ചതും അതുകണ്ടു വാമനമൂൎത്തിയും തൻെറ കയ്യിൽ പവിത്രമായിട്ടിരുന്ന ദൎഭയെടുത്തു കരകത്തിൻെറ ദ്വാരത്തിൽ കുത്തിയതും തന്നിമിത്തം ശുക്രൻെറ ഒരു നേത്രം പൊടിഞ്ഞുപോയതും ഞാനറിയും, ദാനവാരി കയ്യിൽകിട്ടിയ ഉടനെ വിശ്വരൂപമെടുത്തു മൂ ഭുവനങ്ങളെ ഈരടിയായി അളന്നതും ഞാനറിയും, പിന്നെ ഒരടിക്കു സ്ഥലമില്ലാതെ മഹാബലിയുടെ ശിരസ്സിൽവെച്ചു കുഡുംബ സമേതം മഹാബലിയെ സുതലലോകത്തേക്കയച്ചതും ഞാനറിയും, ദുൎവ്വാസാവിൻെറ ശാപം നിമിത്തം ഇന്ദ്രാദികൾക്കു ജരാനരവന്നതും ഞാനറിയും, ദേവാസുരകൾകൂടി ക്ഷീരാബ്ധിമഥിച്ചതും ഞാനറിയും, മന്ദരം ജലത്തിൽ മുങ്ങിയപ്പോൾ നാരായണസ്വാമി കൂൎമ്മാവതാരമെടുത്തതും ഞാനറിയും, വാസുകിയുടെ വായിൽനിന്നു ഹാലാഹലമെന്ന കാളകൂടവിഷം ഛൎദ്ദിച്ചതും ഞാനറിയും, ആ വിഷം പരമശിവസ്വാമി ഭുജിച്ചതും ഞാനറിയും, തന്നിമിത്തം നീലകണ്ഠൻ എന്ന പേർ വന്നതും ഞാനറിയും, നാരായണസ്വാമിയുടെ ദേഹം വെള്ളനിറമായിരുന്നതും അനന്തരം വിഷജ്വാല ഏറ്റ് നീലമേഘശ്യാമളവൎണ്ണൻ എന്ന പ്രസിദ്ധി ലഭിച്ചതും ഞാനറിയും, ശൂരപത്മാവു ശിങ്കമുഖൻ സിംഹവക്ത്രൻ താരകൻ മുതലായ അസുരന്മാരുടെ ജനനവും ഞാനറിയും, ബ്രഹ്മാവിനെക്കുറിച്ചു തപസ്സുചെയ്തു ബ്രഹ്മാവ് പ്രത്യക്ഷമാകാത്തതു കണ്ടു ശൂരൻ അഗ്നികുണ്ഡത്തിൽ വീണു ഭസ്മമായതും ഞാനറിയും, ബ്രഹ്മാവു വന്നു അഗ്നികുണ്ഡത്തിൽനിന്നു ശൂരനെ വിളിച്ചു ശൂരപത്മാവ് എന്നപേർ കൊടുത്തതും ഞാനറിയും, വീരമഹേന്ദ്രം എന്ന അസുരപുരിയെ ശൂരാദികൾക്കു

വേണ്ടി നിൎമ്മിച്ച അതിൽ വസിച്ചതും ഞാനറിയും, ശൂരാദികളുടെ രാജ്യഭാരകാലവും ഞാനറിയും, വല്ല്യായിരംകോടി അണ്ഡത്തിന്നു ശൂരൻ രാജാവായതും അവിടങ്ങളിൽ സഞ്ചരിച്ച മടങ്ങുവാൻ ഇന്ദ്രജാലം എന്ന രഥത്തിനെ ബ്രഹ്മാവ് ദാനം ചെയ്തതും ഞാനറിയും, ആയവരുടെ ഉപദ്രവം സഹിയാതെ ഇന്ദ്രാദികൾ പരമേശ്വരസ്വാമിയോടു സങ്കടം പറഞ്ഞതും ഞാനറിയും, തന്നിമിത്തം പരമേശ്വരസ്വാമി യോഗത്തിൽ ഇരുന്നു തന്റെ മൂന്നാം തൃക്കണ്ണിൽനിന്നു ആറ് അഗ്നിപ്പൊരികൾ ഉണ്ടായതും ആയതിനെ വായുദേവൻ കയ്യിൽ കൊടുത്തു ശരവണപ്പൊയ്കയിൽ കൊണ്ടുപോയി ഇട്ടതും ആ അഗ്നിപ്പൊരികൾ ആറു കുട്ടികൾ ആയതും, പരമേശ്വരനും പാൎവ്വതിയുംകൂടി ശരവണത്തിൽ ചെന്നു ആറു കുട്ടികളെയും പാൎവ്വതി ഒന്നായി വാരിയെടുത്ത സമയം ദേഹം ഒന്നായി ആറു മുഖവും പന്ത്രണ്ടു കരവും ആയി ഭവിക്കുകയും ഷൺമുഖൻ എന്നു പേരിട്ടതും ഞാനറിയും, സുബ്രഹ്മണ്യനെ ബ്രഹ്മാവിന്റെ അടുക്കൽ വിദ്യാഭ്യാസത്തിന്നയച്ചതും ഞാനറിയും, സുബ്രഹ്മണ്യൻ ബ്രഹ്മാവോടു പ്രണവത്തിന്നു അൎത്ഥമെന്തെന്നു ചോദിക്കുകയും ആയതിന്റെ അൎത്ഥം അറിയാതെവന്നതിനാൽ സുബ്രഹ്മണ്യൻ ബ്രഹ്മാവിന്റെ പാദത്തിൽ ശൃംഖല പൂട്ടി കാരാഗൃഹത്തിൽ ഇട്ടതും ഞാനറിയും, പരമേശ്വരസ്വാമി അറിഞ്ഞു ബ്രഹ്മാവിനെ വിട്ടയക്കേണമെന്നു ഷൺമുഖനോടു ആവശ്യപ്പെടുകയും പ്രണവത്തിന്നു അൎത്ഥം അറിയാതെ കണ്ടുള്ളവന്നു സൃഷ്ടിയെന്നു മുതൽകൊടുപ്പാൻ പാടില്ലെന്നു പറഞ്ഞതിനെക്കേട്ടു പരമേശ്വരൻ പ്രണവത്തിന്റെ അൎത്ഥം നീ അറിയുമോ എന്നതിലേക്കു ഷൺമുഖൻ പിതാവിന്നു ഉപദേശിച്ചതിന്നുശേഷം ബ്രഹ്മാവിന്റെ ശൃംഖല വെട്ടി വിട്ടയച്ചതും ഞാനറിയും, അനന്തരം ശൂരാദികളെ നിഗ്രഹിപ്പാൻ ശക്തിമയമായ ഒരു വേലായുധം പാൎവ്വതി സുബ്രഹ്മണ്യന്നു കൊടുത്തു ശൂരാദികളെ നിഗ്രഹിച്ചുവാ എന്നു അനുഗ്രഹിച്ചയക്കുകയും സുബ്രഹ്മണ്യൻ വീരബാഹു എന്ന അനുജനോടുകൂടി പുറപ്പെട്ട് മാൎഗ്ഗത്തിൽ ക്രൗഞ്ചമെന്ന പൎവ്വതത്തിനെ വേലായുധംകൊണ്ടു ഭേദിച്ചതും ഞാനറിയും, അനന്തരം ല

ക്ഷത്തൊമ്പതിനായിരം അനുജന്മാരോടുകൂടി യുദ്ധത്തിന്നുവന്ന ശൂരാദികളെ ഷൺമുഖൻ നിഗ്രഹിച്ചതും ഞാനറിയും, ഹിരണ്യൻ ഹിരണ്യാക്ഷൻ എന്ന അസുരന്മാരുടെ അവതാരവും ഞാനറിയും, അവരുടെ വരബലങ്ങളും ഞാനറിയും, അവരുടെ രാജ്യഭാരകാലവും ഞാനറിയും; അതിൽ ഹിരണ്യാക്ഷൻ ഭൂമിയെ പായയായി ചുരുട്ടി പാതാളത്തിൽ ഒളിച്ചതും ഞാനറിയും, നാരായണസ്വാമി വരാഹാവതാരമെടുത്തു ഹിരണ്യാക്ഷനെ വധിച്ചു ഭൂമിയെ പണ്ടെത്തെ സ്ഥിതിയിൽ ആക്കിയതും, ഹിരണ്യന്നു പ്രഹ്ലാദൻ എന്ന പുത്രൻ ജനിച്ചു ശുക്രന്റെ അടുക്കൽ വിദ്യാഭ്യാസത്തിന്നയച്ചതും ഞാനറിയും, ശുക്രൻ പ്രഹ്ലാദന്നു ഹിരണ്യായനമഃ എന്നു ഉപദേശിച്ചതിനെ ധിക്കരിച്ചു ഹരിഹരി എന്നു നാരായണനെ സ്തുതിച്ചതും ഞാനറിയും, അതു കേട്ടു ശുക്രൻ ഹിരണ്യനോടു വിവരം പറയുകയും, ഹിരണ്യൻ പ്രഹ്ലാദനെ നാനാപ്രകാരമായി ഉപദ്രവിക്കുകയും ആ ഉപദ്രവങ്ങളിൽനിന്നു രക്ഷപ്പെട്ടു പാഴ്വസനം സാക്ഷാൽ ശ്രീനാരായണൻ നരസിംഹാവതാരമെടുത്തു ഭക്തനായ പ്രഹ്ലാദന്നുവേണ്ടി ഹിരണ്യനെ മാറു് പിളൎന്നു വധിച്ചതും ഞാനറിയും, പരമേശ്വരസ്വാമി ജലന്ധരനെ വധിച്ചതും ഞാനറിയും, ചക്രായുധന്നുവേണ്ടി പരമേശ്വരസ്വാമിയെ ദിനചൎയ്യം സഹസ്രം ചെന്താമരപുഷ്പത്താൽ അൎച്ചനചെയ്യുകയും ഒരു ദിവസം ഒരു പുഷ്പം കുറവായി വന്നതിന്നു പകരം തന്റെ നേത്രത്തെ എടുത്തു ശിവന്റെ പാദത്തിൽ അൎച്ചിച്ചതും ഞാനറിയും ശിവൻ സന്തോഷിച്ചു തന്റെ പക്കൽ ഉണ്ടായിരുന്ന സുദൎശനചക്രത്തെ ശത്രുനിഗ്രഹാൎത്ഥം നാരായണസ്വാമിക്കു ദാനം ചെയ്തതും ഞാനറിയും, നാരായണസ്വാമിയും ബ്രഹ്മാവുംകൂടി പരമേശ്വരസ്വാമിയുടെ അടിമുടി കാണ്മാനായി ബ്രഹ്മാവു ഹംസപ്പക്ഷിയുടെ വേഷമെടുത്തു ശിവന്റെ ശിരസ്സു കണ്ടുവരാമെന്നു മേൽഭാഗത്തേക്കു പറന്നുപോയതും നാരായണസ്വാമി വരാഹാവതാരമെടുത്തു ഭൂമിയെത്തുളച്ചു അധോഭാഗത്തേക്കു പോയതും ഞാനറിയും, അതിൽ നാരായണസ്വാമി ശിവന്റെ പാദം കാണാതെ മടങ്ങിവന്നതും ഞാനറിയും. ബ്രഹ്മാവു അനേകകാലം പറന്നും ശി

വന്റെ മുടി കാണാതെ ക്ഷീണിച്ചിരിക്കെ ശിവന്റെ മുടിയിൽ നിന്നു ഒരു കേതകിപുഷ്പം വരുന്നതിനെക്കണ്ടു ബ്രഹ്മാവു തടുക്കുകയും അപ്പോൾ എന്നെ തടുക്കരുത് നാല്പതിനായിരം സംവത്സരമായി ശിവന്റെ മുടിയിൽനിന്നു ഞാൻ വരുന്നു. ഭൂമിയിൽ എത്താതെ വളരെ വേദനയുണ്ടെന്നു കേതകി പറഞ്ഞതിനെ കേട്ടു അല്ലയോ കേതകി എനിക്കുവേണ്ടി നീ ഒരു സഹായം ചെയ്യണം. ഞാൻ ഹംസമല്ല ബ്രഹ്മാവാണ്. ശിവന്റെ ശിരസ്സിനെ കണ്ടു വരാമെന്നു നാരായണനോടു [illegible]ച്ചും ണ് ഞാൻ വരുന്നതു. നിന്റെ ഒരുമിച്ചു ഭൂമിയിലേക്കു ഞാനും വരാം. എന്നാൽ എനിക്കു വേണ്ടുന്ന സഹായം എന്തെന്നു വെച്ചാൽ ബ്രഹ്മാവു ശിവന്റെ ശിരസ്സുകണ്ടു എന്നു ഒരു അസത്യമായ വാക്കു പറയണം. ബ്രാഹ്മണന്റെ പ്രാണരക്ഷക്കായി അസത്യം പറയാമെന്നു ശാസ്ത്രമുണ്ട്. ആയതുകൊണ്ടു എന്നെ രക്ഷപ്പെടുത്തണമെന്നപേക്ഷിച്ചതിനെക്കേട്ടു കേതകി പുഷ്പം സമ്മതിക്കുകയും രണ്ടുപേരും കൂടി പരമേശ്വരന്റെ അടുക്കൽ വന്നു നിന്തിരുവടിയുടെ ശിരസ്സു കണ്ടുവന്നു എന്നു പറയുകയും അങ്ങയുടെ ശിരസ്സു ബ്രഹ്മാവു കണ്ടതു ശരിയാണെന്നു കേതകി പുഷ്പം സാക്ഷി പറകയും ഉടനെ ശിവൻ ബ്രഹ്മാവിനെ നോക്കി നീ അസത്യം പറഞ്ഞതുകൊണ്ടു ഇന്നുമുതല്ക്കു ഭൂലോകത്തിൽ നിനക്കു ക്ഷേത്രവും പൂജയും ഇല്ലാതെകണ്ടു പോകട്ടെ എന്നു ശപിച്ചതും ഞാനറിയും. കേതകി കളവായ സാക്ഷി പറഞ്ഞതിനാൽ മേലാൽ നിന്നെയാതൊരു പൂജക്കും സ്വീകരിക്കാതെ കണ്ടു പോകട്ടെ എന്നു പുഷ്പത്തെ ശപിച്ചതും ഞാനറിയും. ദാരികന്റെ പ്രഭവവും അവന്റെ വരവൈഭവങ്ങളും അവനെ വധിപ്പാനായി ശിവന്റെ മൂന്നാം തൃക്കണ്ണിൽനിന്നു ഭദ്രകാളി ഉത്ഭവിച്ചതും വേതാളത്തെ വാഹനമാക്കി ചെന്നു ദാരികനെ വധിച്ചതും ഞാനറിയും. ചന്ദ്രൻ പതിനാറു കലയോടുകൂടി ഉദിക്കുന്നതും അനന്തരം പൂർവ്വപക്ഷം അപരപക്ഷമെന്ന പക്ഷഭേദങ്ങൾ വന്നതും അപരപക്ഷത്തിൽ കലകൾ നശിപ്പാനുള്ള കാരണവും ഞാനറിയും. ലവണാദികളായ സമുദ്രങ്ങൾ ഉണ്ടായതും ഞാനറിയും. ഭഗീരഥൻ എന്ന ഒരു

ക്ഷത്രിയരാജാവു ആകാശഗംഗയെ പാതാളത്തിലേക്കു കൊണ്ടുപോയി പിതൃപ്രസാദം വരുത്തിയതും ഞാനറിയും. ദേവനാഥനായ ഇന്ദ്രൻ രണ്ടുകണ്ണോടുകൂടിയ കാലവും അനന്തരം ആയിരം കണ്ണുവന്നതും സഹസ്രാക്ഷൻ എന്ന പ്രസിദ്ധി സമ്പാദിച്ചതും ഞാനറിയും. ആയതുകൊണ്ടു പലതരത്തിലുള്ള അത്ഭുതങ്ങളെയെല്ലാം ഞാൻ കണ്ടവനാണ്. എന്നുതന്നെയല്ല പർവ്വതങ്ങൾ പക്ഷങ്ങളോടുകൂടി പറക്കുന്ന കാലവും ഞാനറിയും, ഇന്ദ്രൻ വജ്രായുധത്താൽ പക്ഷങ്ങളെവെട്ടി പർവ്വതങ്ങളെ അവിടെവിടെപതിപ്പിച്ച കാലവും ഞാനറിയും. കാമദേവൻ സ്വരൂപത്തോടു കൂടിയ കാലവും ഞാൻ അറിയും, ഇപ്പോൾ അരൂപിയായിരിക്കുന്നതും ഞാനറിയും. ശ്രീനാരായണ സ്വാമി വിശ്വരൂപമെടുത്തു ഭൂമിയെ ഈരടിയായി അളന്നു മഹാബലിയെ പാതാളത്തിലേക്കയക്കുന്ന അവസരത്തിൽ മഹാബലിയുടെ അഹങ്കാരത്തെ അടക്കി അവനെ ഭഗവാൻ പാതാളത്തിലേക്കയച്ചിരിക്കുന്നുവെന്നും മേലാൽ രാജ്യമെല്ലാം സുഭിക്ഷമായി അവരവരുടെ സ്വധർമ്മങ്ങളെ ദീക്ഷിച്ചിരുന്നുകൊള്ളുവിൻ എന്നും പറഞ്ഞു ഞാൻ പെരുമ്പറ ചുമലിലിട്ടു ദശമാത്രയിടയായി ഈ ബ്രഹ്മാണ്ഡത്തെ ഇരുപത്തൊന്നുവട്ടം പ്രദക്ഷിണംചെയ്തു കൊട്ടി ഘോഷിച്ചവനാണ്. അന്ന് മഹാമേരു എനിക്കു ഒരു ഏറടക്കല്ലായിരുന്നു. പ്രദക്ഷിണം ചെയ്യുതിൽ എന്റെ പാദാംഗുഷ്ഠം മേരുവിന്റെ മൂർദ്ധനിയിൽ തട്ടുകയും അതുകൊണ്ടു മേരു എന്നെ നോക്കി എടാ കുരങ്ങാ! ത്രിമൂർത്തികളും കൂടി എന്നെ മാനിച്ചിരിക്കെ നിസ്സാരനായ നീ എന്നെ മാനിക്കാതെ എന്റെ മൂർദ്ധനിയുടെ ചാടിയതു നിന്റെ യൌവനാധിക്യമാണ്. ആയതുകൊണ്ടു മേലിൽ നിന്റെ മനസ്സെത്തുന്ന ദിക്കിൽ ദേഹം എത്താതെ വാർദ്ധക്യം ഭവിച്ചുപോകട്ടെ എന്നു എന്നെ ശപിച്ചതിനാൽ എനിക്കു വാർദ്ധക്യം വന്നുപോയതാണ്. ആ ഒരു ശാപം എനിക്കു ബാധിച്ചിട്ടില്ലായിരുന്നുവെങ്കിൽ മരുന്നു കൊണ്ടുവരുവാൻ നിന്നെ ബുദ്ധിമുട്ടിക്കുകയില്ലായിരുന്നു. ഞാൻ തന്നെ പോയികൊണ്ടുവരുമായിരുന്നു. വാമനാവതാരത്തിൽ പ്രസിദ്ധി സമ്പാദിപ്പാനുള്ള ദേഹബലം എനി

ക്കായിരുന്നു. രാമാവതാരത്തിൽ പ്രസിദ്ധി സമ്പാദിപ്പാനുള്ള ദേഹബലം നിണക്കാണ്. ആയതുകൊണ്ടു അതിവേഗത്തിൽ ചെന്നു ഔഷധം കൊണ്ടുവരണം. പോവാൻ ശ്രമിക്കുക. എന്നതിനെ കേട്ടു ഹനുമാൻ പറയുന്നു. ശരണം ജാംബവരാജ നിന്തിരുവടിയോടു അനേക കാൎയ്യങ്ങൾ ചോദിച്ചു മനസ്സിലാക്കുവാനുണ്ടായിരുന്നു. സമയമില്ലാതെ വന്നതു എൻ്റെ നിൎഭാഗ്യമെന്നെ പറയേണ്ടതുള്ളു. എന്നാൽ നിന്തിരുവടി പറയുന്ന ഔഷധഗിരിക്കു മുമ്പെ അടിയൻ പോയിട്ടുള്ള പരിചയമില്ലല്ലൊ. ആയതുകൊണ്ടു ഇവിടെനിന്നു ഏതുമാൎഗ്ഗത്തൂടെയാണ് ഞാൻ പോകേണ്ടത്. പോകുന്ന മാൎഗ്ഗത്തിലുള്ള പൎവ്വതങ്ങൾ ഏതെല്ലാമാണ്. ഇടയിലുള്ള ഖണ്ഡങ്ങൾ ഏതെല്ലാമാണ്. അതിൽ വസിക്കുന്നവരുടെ നടവടികൾ എന്ത് എന്നതിനൊടുകൂട്ടു ജാംബവാൻ പറയുന്നു. ഹേ മാരുതേ ഈ യുദ്ധക്കളത്തിൽനിന്നു ഒരുനൂറുയോജന നാന്നൂറു കാതം വഴി നേരെ വടക്കോട്ടു ചാടിയാൽ സമുദ്രം കടന്നു മറുകരയിൽ സ്വാമി വരുണനെ ധ്യാനിച്ചു ദൎഭശയനത്തിലേക്കു പോകാം. അവിടെനിന്നു ഒമ്പതിനായിരം യോജന മുപ്പത്താറായിരം കാതം വഴി നേരെ വടക്കോട്ടു ചാടിയാൽ ഹിമവാൻ എന്നുള്ള ശൈലരാജൻ്റെ മദ്ധ്യത്തിൽ ചാടാം. ഇടയിലുള്ള ഭൂമി ഭാരതഖണ്ഡമാണ്. ഈ ഭാരതഖണ്ഡം കൎമ്മഭൂമിയാണ്. ഭാരതഖണ്ഡത്തിൽ ബ്രഹ്മ, ക്ഷത്രിയ, വൈശ്യ ശൂദ്രാദികളെന്നു ചതുൎവ്വൎണ്ണാശ്രമികളും അധിവസിക്കുന്നുണ്ട്. ഭാരതഖണ്ഡവാസികൾക്കു ഒരുനൂററിരുപതു വയസ്സാണ് ആയുസ്സ് എങ്കിലും അവരവരുടെ കൎമ്മത്തിൻ്റെ താരതമ്യംപോലെ ഗൎഭത്തിലും ജനിച്ചു ഉടനെയും ബാല്യത്തിലും യൌവ്വനത്തിലും വാൎദ്ധക്യത്തിലും മരിക്കും പലേ തൊഴിലുംപലേ ഭക്ഷണവും പലേ മതവും പലേ മൂൎത്തികളെ സേവയും പലേനിറവും പലേ തരവുമാണ്. ഗൃഹസ്ഥൻ,ബ്രഹ്മചാരി, സന്ന്യാസി, വാനപ്രസ്ഥൻ എന്ന ആശ്രമങ്ങളെ ദീക്ഷിച്ചു വേദപാഠം ദേവപൂജ, സഹസ്രനാമജപം,തീൎത്ഥസ്നാനം, ക്ഷേത്രോപവാസം മൂൎത്തിദൎശനം മുതലായതുകളാലും രാജയോഗം, ജ്ഞാനയോഗം,മന്ത്രയോഗം,ലയയോഗം മുതലായയോഗാഭ്യാസങ്ങളാ

ലും അന്നദാനം, വസ്ത്രദാനം, തൈലദാനം, ഭൂദാനം, ഗോദാനം മുതലായ സല്പാത്രദാനങ്ങളാലും സുകൃതികളായി സ്വൎഗ്ഗഭോഗങ്ങളെയും സാലോക്യ,സാമീപ്യ, സാരൂപ്യസായൂജ്യമെന്ന പദവികൾക്ക അധികാരികളായിത്തീരുന്നതും ഈ ഭാരതഖണ്ഡവാസികളാണ്. ഇതിൽ ഒരുന്നൂറെറട്ടു വിഷ്ണുക്ഷേത്രവും ആയിരത്തെട്ടു ശിവക്ഷേത്രവും ഉണ്ടു. ഇതു കൂടാതെ അനേകം ഭദ്രകാളിക്ഷേത്രങ്ങളുമുണ്ട്. എന്നുതന്നെയല്ല അറുപത്തിനാലു മഹാതീൎത്ഥങ്ങളുണ്ട്. അനേക തീൎത്ഥങ്ങൾ ഇതിൽ അന്തൎഭൂതമാണ്. കാശി എന്ന പട്ടണത്തിൽ വിശ്വനാഥക്ഷേത്രമുണ്ട്. അതു ശ്രീകൈലാസമാണ്. അവിടെ ഗംഗ എന്ന മഹാ തീൎത്ഥമുണ്ട്. സ്വാമിദ്രോഹ വിശ്വാസഘാതകം മുതലായ മഹാ പാപങ്ങളും ഗംഗാസ്നാനത്താൽ നശിക്കും. ഭാരതഖണ്ഡത്തിന്റെ മദ്ധ്യത്തിൽ ബ്രാഹ്മണാദികളായ ചതുൎവ്വൎണ്ണാശ്രമങ്ങളുടെ വാസവും ദക്ഷിണഭാഗം മ്ലേച്ഛരും പശ്ചിമഭാഗം ബുദ്ധമതക്കാരും പൂൎവ്വദിക്കിൽ കിരാതരും ഉത്തരദിക്കിൽ യവനന്മാരും വസിക്കുന്നുണ്ട്. എന്നുതന്നെയല്ല ജമ്പു, പ്ലക്ഷ, കുശ, ക്രൌഞ്ച, ശാക, ശാല്മല, പുഷ്കരമെന്ന സപ്തദ്വീപുകളെ ലവണം, ഇക്ഷു, സുര, സൎപ്പി, ദധി, ക്ഷീരം, ശുദ്ധോദകമെന്ന സപ്താൎണ്ണവങ്ങൾ വളഞ്ഞ ഓരോ ദ്വീപുകളെ ഓരോ സമുദ്രം ചുററിയിരിക്കുന്നു. ആയതുകൊണ്ടു ഭാരതഖണ്ഡത്തിന്റെ അതിരായ ഹിമവാനിൽ ചാടിയാൽ പരമേശ്വരസ്വാമി പാൎവ്വതിയെ കല്യാണം ചെയ്ത സ്വയംവരമണ്ഡപം കാണാം. ഹിമവാൻ എന്ന പൎവ്വതം പതിനായിരം യോജന ഉയരവും രണ്ടായിരം യോജന വണ്ണവും ആയി പൂൎവ്വാപരസമുദ്രത്തെ മുട്ടിക്കിടക്കുന്നു. സ്വയംവരമണ്ഡപത്തിന്റെ പശ്ചിമഭാഗമായി ഒരു തടാകമുണ്ട്. അതിന്റെ നാലു ഭാഗവും അനേകം മഹൎഷികൾ സകാമ നിഷ്കാമംമുതലായ തപസ്സുകളെച്ചെയ്തു വസിക്കുന്നു. ഹിമവാന്റെ ഉത്തരതാഴ്വരയിൽ അനേകം ശാഖോപശാഖകളോടുകൂടി ഒരു വില്വവൃക്ഷമുണ്ട്. ആ വൃക്ഷത്തിന്റെ അടിപ്പാട്ടിൽ നന്ദിനി എന്ന ഒരു പശുവിനെക്കാണാം. ആ മാൎഗ്ഗത്തൂടെ ദാഹം വശമല്ലാ

തെ പോകുന്നവൎക്ക തങ്കൽനിന്നു ക്ഷീരത്തെ ദാനം ചെയ്തു ദേഹംമാററി അയപ്പുനായി ഇന്ദ്രന്റെ നിശ്ചയമാണ്. കാമധേനുവിന്റെ പുത്രിയാണ്. ദാഹമുണ്ടെന്നു തോന്നിയാൽ നിണക്കും ആവാം. യാഗാദികൾക്ക വേണ്ടുന്ന സംഭാരങ്ങളെല്ലാം ആ വൃക്ഷത്തിന്റെ ചുവട്ടിലാണ് വളരുന്നത്. തന്നിമിത്തമാണ് ഹിമവാന്നു ശൈലാധിപത്യം സിദ്ധിപ്പാനുള്ള കാരണം. അങ്ങിനെയുള്ള ഹിമവാനിൽനിന്നു നേരെ ഒമ്പതിനായിരം യോജന വടക്കോട്ടു ചാടിയാൽ ഹേമകൂടമെന്നും പൊൻകൂടമെന്നും പറയുന്ന പൎവ്വതത്തിലേക്ക പോവാം. ആ രണ്ടു പൎവ്വതങ്ങൾക്കും മദ്ധ്യെ ഹരിവൎഷമെന്ന ഒരു ഖണ്ഡമുണ്ട്. അതിൽ വസിക്കുന്നവൎക്ക യാതൊരു കൎമ്മവുമില്ല. അവിടെ മേഘങ്ങളുടെ വൎഷവുമില്ല. അവൎക്ക 12000 സംവത്സരം ആയുസ്സാണ്. ഭക്ഷണം കരിമ്പിന്റെ രസമാണ്. ജലം ഒറവിനാൽ ഉണ്ടാകുന്നതാണ്. അവൎക്ക കളത്രഗൎഭമൎയ്യാദയാണ്. അവരുടെ ആയുസ്സിന്റെ അവസാനം മുഹൂൎത്തത്തിന്നുമുമ്പായി സ്ത്രീഗൎഭംകരിച്ചു പ്രസവിക്കുകയും അതുസ്ത്രീയും പുരുഷനുമായ രണ്ടു സന്തതികളായിരിക്കും. ഉടനെ അവർ മാതാപിതാക്കളുടെ യൌവ്വനത്തെ ഭജിക്കും. തമ്മിൽ അന്യോന്യം ഭാൎയ്യാഭൎത്താക്കന്മാരായിരിക്കും. പ്രസവിച്ചു ഉടനെ മാതാപിതാക്കൾ മരിക്കുകയും ചെയ്യും. അവൎക്ക സേവ വരാഹമൂൎത്തിയാണ്. ഇങ്ങിനെയാണ് എട്ടു ഖണ്ഡങ്ങളിലും ഉള്ള മൎയ്യാദ. ഭാരതഖണ്ഡം ഒഴികെ ബാക്കിയുള്ള എട്ടുഖണ്ഡങ്ങളും ജ്ഞാനഭൂമികളാണ്. സ്വൎഗ്ഗഭോഗോച്ഛിഷ്ടം അനുഭവിപ്പാനുള്ള ഖണ്ഡങ്ങളാണ്. മുൻപറഞ്ഞ ഹേമകൂടമെന്ന പൎവ്വതം പതിനായിരം യോജന ഉയരവും രണ്ടായിരം യോജന വണ്ണവുമാണ്. ആ പൎവ്വതം സുവൎണ്ണവൎണ്ണമായതുകൊണ്ട് ഹേമകൂടം എന്ന് പേർ വന്നതാണ്. ഹേമകൂടത്തിന്റെ പശ്ചിമദിക്കിൽ കാരസ്കരമെന്ന ഒരു വൃക്ഷമുണ്ട്. ആ വൃക്ഷത്തിന്റെ അടിയിൽ ഏകപാദൻ എന്ന ഒരു മുനി തപസ്സ് ചെയ്യുന്നുണ്ട്. ആയിരം സംവത്സരം കൂടുമ്പോൾ വൃക്ഷത്തിലുള്ള ഫലങ്ങളിൽ ഒന്നു പക്വമായിത്തീരും. ആ പക്വത്തെ ഭുജിച്ചവൎക്ക ജരാനരകളെന്ന വ്യാധിഹരം വരും. ഉഗ്രസേനൻ എന്ന മ

ഹാരാജാവു ആ വൃക്ഷത്തിന്റെ പൂർവ്വഭാഗമായ ഒരു ശാഖയിൽ തലകീഴായി തൂങ്ങിക്കിടക്കുന്നുണ്ട്. ദുർവ്വാസാവിന്റെ ശാപം നിമിത്തമാണ്. കാരണം തന്റെ രാജ്യഭാരകാലത്തു നിരപരാധിയായ കൈടഭജി എന്നവനെ ഗണികയായ പുരഞ്ജനി എന്ന തന്റെ പത്നിയുടെ ഏഷണിനിമിത്തം സൂചിമുനയിൽ കിടത്തി ദണ്ഡിപ്പിക്കുന്നതിനെ കൈടഭജിയുടെ ഗുരുവായ ഗൌതമൻ കണ്ടു ഇങ്ങിനെ വരുവാൻ കാരണമെന്തെന്നു ശിഷ്യനോടു ചോദിച്ചതിൽ ഉണ്ടായ പരമാർത്ഥമെല്ലാം ഗുരുവോടുണർത്തിക്കുകയും അതു കേട്ടു തന്റെ ശിഷ്യനെ സൂചിമുനയിൽ നിന്നെടുത്തു രക്ഷപ്പെടുത്തി ഉഗ്രസേനന്റെ അടുക്കൽ ചെന്നു അല്ലയോ ഉഗ്രസേന! നിരപരാധിയായ എന്റെ ശിഷ്യൻ കൈടഭജിയെ ഗണികയായ നിന്റെ പത്നിയുടെ ഏഷണികേട്ടു പരമാർത്ഥം അറിയാതെ കഴുവിന്മേൽ ഇട്ടതുകൊണ്ടു നീ ഹേമകൂടത്തിലുള്ള കാരസ്കരവൃക്ഷത്തിന്റെ ശാഖയിൽ തൂങ്ങിക്കിടക്കുക എന്നു ശപിക്കുകയും അതു കേട്ടു ഗൌതമന്റെ പാദത്തിൽ സാഷ്ടാംഗനമസ്കാരം ചെയ്തു സ്വാമിൻ അറിയാതെ പിഴച്ച കാർയ്യമാണ്. ശാപത്തിന്നു മോചനം തരേണമെന്നപേക്ഷിക്കുകയും അതു കേട്ടു ക്രോധം ശമിച്ചു! ആവട്ടെ മാരുതപുത്രനായ ഹനുമാൻ ഒരു കാലത്തു ഔഷധത്തിന്നാവശ്യമായി ഈവഴിക്കു വരും. ഹനുമദ്ദർശനമായാൽ നിന്റെ ശാപമോചനം വന്നു രാജധാനിക്കു വരാം എന്നു ശാപത്തിന്നനുഗ്രഹിച്ചിട്ടുണ്ട്. ആയതുകൊണ്ടു നിന്നെ കണ്ടാൽ ഉടനെ ശാഖ വിട്ടു ഇറങ്ങിവന്നു നമസ്കരിച്ചു പോകും. നിണക്കു ആ അത്ഭുതത്തെയും കാണാം. അവിടെനിന്നു നേരെ വടക്കോട്ടു ഒമ്പതിനായിരം യോജന മുപ്പത്താറായിരം കാതം ചാടിയാൽ നിഷധപർവ്വതത്തിലേക്കു പോവാം. നിഷധപർവ്വതം പതിനായിരം യോജന ഉയരവും രണ്ടായിരം യോജന വണ്ണത്തോടുകൂടിയതുമാണ്. ആ പർവ്വതത്തിൽ വെച്ചു നിഷധരാജാവ് പണ്ടു ചക്രായുധം വാങ്ങണമെന്നുള്ള വിചാരത്താൽ ശ്രീനാരായണസ്വാമിയെക്കുറിച്ചു തപസ്സുചെയ്യുകയും നാരായണസ്വാമി പ്രത്യക്ഷമായി ചക്രായുധത്തെ വഹിപ്പാൻ നീ സമർത്ഥനാവുന്നതല്ല. യാതൊരു കാലത്തു നിണക്കു ശത്രുക്കൾ നേരിടുന്നുവോ അ

പ്പോൾ എന്നെ ധ്യാനിക്കുക. അപ്പോൾ ഞാൻ ചക്രത്തെ അയ ച്ചുതരാം എന്നനുഗ്രഹിച്ചതിന്നനന്തരം നിഷധരാജാവു തന്റെരാ ജധാനിക്കു പോയി. ആ നിഷധപൎവ്വതത്തിൽ പുഷ്കരണി എന്ന ഒരു തടാകമുണ്ട് ആ തടാകത്തിൽ സ്നാനം ചെയ്യുവൎക്കു ലക്ഷ്മീഭഗ വതി പ്രത്യക്ഷമായി വേണ്ടുന്ന ഐശ്വൎയ്യങ്ങളെ ദാനം ചെയ്യും. വൈശ്രവണൻ വസന്ത ഋതുകാലത്തിൽ അവിടെ ചെന്നു പുഷ്കര ണിയിൽ സ്നാനംചെയ്തു വരുന്ന പതിവാണ്. അവിടെ നിന്നു ഒ മ്പതിനായിരം യോജന മുപ്പത്താറായിരം കാതം നേരെ വടക്കോട്ടു ചാടിയാൽ മഹാമേരുവെന്ന ഹേമാദ്രിയുടെ നടുക്കൊടുമുടിയിൽ എത്തും. ആ മേരു എന്ന പൎവ്വതം, ലക്ഷം യോജന ഉയരത്തോടു കൂടെയും പതിനാറായിരം യോജന കുഴിനാടോടുകൂടെയും പതിനാ റായിരം യോജന അടി വണ്ണത്തോടുകൂടെയും മന്ദിരം മേരുമന്ദിരം സുപാൎശ്വം കുമുദമെന്ന നാലു ഊന്നുപൎവ്വതങ്ങളോടുകൂടെയും ആ യിരത്തെട്ടു കൊടുമുടികളോടുകൂടെയും, മുപ്പത്തിരായിരം യോജന മു കൾപ്പരപ്പോടുകൂടെയും തൊണ്ണൂറായിരം യോജന ചുററളവോടു കൂടെയും ത്രിമൂൎത്തികളുടെ വാസസ്ഥാനമായി ശോഭിക്കുന്ന മേരുവി ന്റെ നടുക്കൊടുമുടിയിലാണ് സത്യലോകമെന്ന മനോഹരപട്ട ണം. അതിൽ ബ്രഹ്മാവു തന്റെ പത്നിമാരായ സരസ്വതി, ഗാ യത്രി, സാവിത്രിയോടുകൂടി ജരായുജാണ്ഡജസ്വേദജോൽഭിജങ്ങളാ യ ചതുൎവ്വിധജാതയോനികളെ സൃഷ്ടിച്ചു അവരവരുടെ കൎമ്മത്തി ന്റെ താരതമ്യംപോലെ ജന്മങ്ങളെ നല്കും. അവിടെ ബ്രഹ്മാവി നെ പൂജിച്ചവർ സുഖസ്വരൂപികളായിരിക്കും സത്യലോകത്തി ന്റെ പൂൎവ്വഗോപുരത്തിൽനിന്നു ബ്രഹ്മാവെ നമസ്കരിച്ചു പശ്ചിമ ഗോപുരത്തിൽ ചാടുക അവിടെനിന്നു നോക്കിയാൽ സൎവ്വേശ്വര നായ നാരായണസ്വാമി വസിക്കുന്ന ശ്രീവൈകുണ്ഠനഗരം കാ ണാം. അവിടെ നാരായണസ്വാമി തന്റെ പത്നിമാരായ ഭൂമിദേ വി ലക്ഷ്മി കല്യാണസുമമലിതമനോഹരനായി രക്ഷയെന്ന മുദ്രയെ വഹിച്ചു ശിക്ഷാരക്ഷചെയ്തുകൊണ്ടിരിക്കും. അവിടെ തുളസി നട്ടുന നച്ചുണ്ടാക്കിയവരും ഗോപികുങ്കുമചന്ദനാദികളെ അണിഞ്ഞുവ രും ഗോകുലങ്ങളെ രക്ഷിച്ചവരും, രാമായണഭാരതഭാഗവതാദികൾ

ളായ സല്ക്കഥാശ്രവണംചെയ്യുവരും, രാമകൃഷ്ണേത്യാദികളായ തിരുനാമം ജപിച്ചവരും ഏകാദശ്യാദി മഹാവ്രതങ്ങളെ അനുഷ്ഠിച്ചവരും, ശ്രീനാരായണസ്വാമി സമീപമായി വിഷ്ണുചിഹ്നങ്ങളെ ധരിച്ച നിത്യസൂരികളായിരിക്കും. ആയതു കണ്ടു ഗോപുരത്തിൽ ചാടുക, അവിടെനിന്നു നോക്കിയാൽ പരമേശ്വരസ്വാമി വസിക്കുന്ന ശ്രീ കൈലാസം കാണാം. അവിടെ പരമേശ്വരസ്വാമി ഗംഗാ പാൎവ്വതിയെന്ന പത്നിമാരോടുകൂടിയും ഗണപതി സുബ്രഹ്മണ്യനെന്ന പുത്രന്മാരോടുകൂടിയും സംഹാരമെന്ന മുദ്രയെ വഹിച്ചിരിക്കും. അവിടെ വിഭൂതി, രുദ്രാക്ഷം ധരിച്ചവരും ശൈവാദികളായ സല്ക്കഥാശ്രവണം ചെയ്യുവരും, പഞ്ചാക്ഷരം ജപിച്ചവരും കാഷായംധരിച്ചവരും വില്വപത്രത്താൽ ശിവാൎച്ചന ചെയ്യുവരും, വില്വവൃക്ഷം നട്ടുനനച്ചുണ്ടാക്കിയവരും, ശിവലിംഗംപ്രതിഷ്ഠിച്ചവരും, സാളഗ്രാമം പൂജിച്ചവരും ഗൌരീവ്രതം അനുഷ്ഠിച്ചവരും, സോമവാരവ്രതമനുഷ്ഠിച്ചവരും പാശുപതവ്രതാനുഷ്ഠാനം ചെയ്യുവരും, ശൈവചിഹ്നങ്ങളെ ധരിച്ച സുഖസ്വരൂപികളായി കൈലാസത്തിൽ അധിവസിക്കും. അവിടെനിന്നു പിതാവായ പരമേശ്വരസ്വാമിയെ നമസ്കരിച്ചു ദക്ഷിണഗോപുരത്തിൽ ചാടിനോക്കിയാൽ യമപുരിഎന്ന ധൎമ്മരാജധാനിയെക്കാണാം. അവിടെ ധൎമ്മരാജാവു ചിത്രഗുപ്തനെന്ന മന്ത്രിയോടും കാലിനി എന്ന പത്നിയോടും ബിഡവൻ മഹിമാൻ, ദീപകൻ എന്ന സന്തതികളോടുംകൂടി കാലപാശം, വേൽ, ശൂലം, ദണ്ഡം എന്നവരായുധപാണികളായി ഇരുപത്തെട്ടുകോടി നരകത്തിൽ പ്രാണികളുടെ പാപാനുസരണമായ ശിക്ഷയെച്ചെയ്തുകൊണ്ടിരിക്കും. നേരെ പൂൎവ്വദിക്കിൽ സ്വൎഗ്ഗമെന്ന രാജധാനിയുണ്ടു്. അതിൽ ഇന്ദ്രൻ ശചീദേവിയോടുകൂടി ജയന്തനെന്ന പുത്രനോടും അറുപത്തുകോടി അപ്സരസ്ത്രീകളോടും കാമധേനു കല്പകവൃക്ഷം ഉച്ചൈശ്രവസ്സ്, ഐരാവതം, നവനിധി മുതലായഭാഗ്യങ്ങളോടുകൂടി ത്രയത്രിംശക്കോടി ദേവന്മാർ തന്നെ സേവിക്കത്തക്കഭാഗ്യവാനായി സുധൎമ്മ എന്ന സഭയിൽ അമൃതുപാനം ചെയ്തു ജരാനരയെന്ന വ്യാധിപീഡയില്ലാതെ എഴുപത്തൊന്നു ചതുൎയ്യുഗ

പൎയ്യന്തം ദീൎഘായുഷ്മാനായിരിക്കും. അനേക മേടമാളികയോടുകൂടിയ അമരാവതിയെ നീ പോകുമ്പോൾ കാണുന്നതല്ല. വരുന്ന സമയം കാണാനിടവരും ആയതുകൊണ്ടു ഇത്ര വൈഭവത്തോടുകൂടിയ മഹാമേരുവിൽനിന്നു നേരെ വടക്കുവശമായി നോക്കിയാൽ ഒരു അരയാൽവൃക്ഷം കാണാം. അതിൻെറ ഉത്തരഭാഗത്തിലുള്ള ഒരു ശാഖ ഒടിഞ്ഞുവീണതിനാൽ ഒരു ഒഴിവായിക്കാണാം. ആ ഒഴിവിൽക്കൂടെ ചാടി ഒമ്പതിനായിരം യോജന മുപ്പത്താറായിരം കാതം വഴിപോയാൽ നീലഗിരി എന്ന പൎവ്വതം കാണാം. അതു പതിനായിരം യോജന ഉയരവും രണ്ടായിരം യോജന വണ്ണവുമായിരിക്കും. ആ പൎവ്വതത്തിൻെറ ദക്ഷിണതാഴ്വരയിൽ കാശ്യപൻ ശ്വേതവരാഹമൂൎത്തിയെ പ്രതിഷ്ഠിച്ചിട്ടുണ്ട്. അനേക മഹൎഷികൾ അവിടെ തപസ്സു ചെയ്തിരിക്കുന്നുണ്ട്. അവിടെനിന്നു നാലായിരം യോജന വടക്കോട്ടു പോയാൽ ഋഷഭാദ്രിയെക്കാണാം. അതു രമ്യഖണ്ഡത്തിലാണ് നില്ക്കുന്നത്. ഋഷഭാദ്രിയെന്ന പേർ വരുവാനുള്ള കാരണം, ഋഷഭമെന്ന കാള അദ്രിയെന്ന പൎവ്വതമായതാണ്. ആ പൎവ്വതത്തിന്നു രണ്ടു ശിഖരങ്ങൾ കാണും. ആയതു കാളയുടെ രണ്ടു കൊമ്പുകളാണ്. പണ്ടു ബ്രഹ്മാവിൻെറ പുരിയത്തിൽനിന്നു രുദ്രൻ ജനിക്കുകയും ഉടനെ രോദനം ചെയ്യുകയും രുദ്രൻെറ നേത്രത്തിൽനിന്നു ദുഃഖാശ്രുക്കൾ ഒഴുകി താൻ നിന്ന ദാടി സ്ഥലത്തു വീഴുകയും അതിൽനിന്നു രണ്ടു അസുരന്മാർ ജനിച്ചു അവൎക്കു രുദ്രാസുരന്മാർ എന്ന നാമം കൊടുത്തു ബ്രഹ്മാവിൻെറ അടുക്കലേക്കു അയക്കുകയും ബ്രഹ്മാവിനോടു വേണ്ടുന്ന വരബലങ്ങളെ വാങ്ങി ഒരുവൻ മരിച്ച് ഒരുവൻ ഇരിക്കരുത്. മരിക്കുന്നതായാൽ രണ്ടു പേരും ഒരേ അവസരത്തിൽ മരിക്കണം യാതൊരു വരായുധങ്ങളാലും ദേവാസുരമനുഷ്യരാലും മരിക്കരുതെന്നുള്ള അനുഗ്രഹത്തെയും ധരിച്ചതിന്നനന്തരം അസുരകൾക്കു രാജാവായി അഗസ്ത്യീശ്വരം എന്ന പട്ടണത്തിൽ അധിവസിച്ചു അതികഠിനമായ ലോകോപദ്രവങ്ങളെച്ചെയ്തുവരുന്നതു കണ്ടു സഹിയാതെ ദേവന്മാർ ത്രിമൂൎത്തികളോടു അപേക്ഷിക്കുകയും ത്രിമൂൎത്തികൾകൂടി ആലോചിച്ചു നാരായണസ്വാമി ഒരു ഋഷഭത്തിൻെറ അവതാര

മെട്ടുത്തു ത്രിപുരാസുരന്മാരോടു യുദ്ധത്തിന്നു വന്നു പോർവിളി കൂട്ടുകയും അതു കണ്ടു ത്രിപുരാസുരന്മാർ യുദ്ധം തുടങ്ങി നൂറു സംവത്സരം ഇടവിടാതെ യുദ്ധം നടത്തുകയും ത്രിപുരാസുരന്മാരുടെ പടകളെയെല്ലാം ഋഷഭത്തിന്റെ വാൽകൊണ്ടും പാദങ്ങൾകൊണ്ടും പല്ലിനാലും അടിച്ചും കടിച്ചും ചവുട്ടിയും കുഴപ്പെടുത്തി തന്റെ രണ്ടു കൊമ്പിനാൽ ഒരു സമയത്തിൽ ത്രിപുരാസുരന്മാരുടെ മാറിൽ ഊന്നി അവരെയും കുഴചെയ്യുകയും ചെയ്തു. അനന്തരം ഋഷഭത്തെ പരമേശ്വരസ്വാമി സമീപത്തിൽ വരുത്തി നീ രമ്യപർവതത്തിൽ അദ്രിയായി ഭവിക്ക നിന്റെ കൊമ്പുകൾ പർവ്വതത്തിന്നു കൊടുമുടികളാവട്ടെ, ഋഷഭാദ്രി എന്ന പേർ നല്കി ഞാൻ പാർവ്വതിസമേതനായി നിന്റെ മേൽ വസിക്കാം എന്നനുഗ്രഹിച്ചു. ഇതാണ് ഋഷഭാദ്രിയുടെ പൂർവ്വചരിത്രം. ആ പർവ്വതത്തിന്റെ മുകളിൽ അനേക ഔഷധങ്ങളുണ്ട്. അതിൽ പ്രധാനം നാലു ഔഷധമാണ്. ശല്യകിരണി, വിശല്യകിരണി, സന്താനകിരണി, മൃതസംജീവിനി, ഇങ്ങിനെയാണ് ഔഷധങ്ങളുടെ നാമം. ശല്യങ്ങളെ അകററുന്നതിന്നു ശല്യകിരണി എന്നും; അററു കിടക്കുന്ന അവയവങ്ങളെ കൂട്ടിച്ചേർക്കുന്നതിന്നു വിശല്യകിരണിയെന്നും, ശരീരത്തിൽ തേജസ്സിനെ വർദ്ധിപ്പിക്കുന്നതിന്നു സന്താനകിരണി എന്നും പ്രാണനെ ദാനം ചെയ്യുന്നതിന്നു മൃതസംജീവനിയെന്നും, ഔഷധങ്ങളുടെ ഫലമിങ്ങിനെയാണെന്നും പറഞ്ഞു. പണ്ടു ദേവന്മാർ അസുരന്മാരോടു യുദ്ധത്തിൽ തോററു സ്വർഗ്ഗത്തെ വിട്ടു പല ദിക്കിലേക്കും ഓടി ഒളിച്ചു വന്നു ത്രിമൂർത്തികളെക്കണ്ടു സങ്കടത്തെ ഉണർത്തി ഹരിഹരവിരിഞ്ചാദികൾകൂടി വിചാരിച്ചു ദേവകളെ രക്ഷിപ്പാനായിക്കൊണ്ടു നാരായണസ്വാമി രണ്ടു വിത്തും പരമേശ്വരസ്വാമി ഒരു വിത്തും ഇങ്ങിനെ നാലു വിത്തു ദാനം ചെയ്കയും അതിനെ ദേവകൾ വാങ്ങി ഋഷഭാദ്രിയുടെ മുകളിൽകൊണ്ടുപോയി കൊടുമുടികൾക്കു മദ്ധ്യേ നട്ടു ക്ഷീരസാഗരത്തിലെ ജലം കൊണ്ടുവന്നു നനച്ചു വളർത്തി ഉണ്ടാക്കിയതുമാണ് നാലു ഔഷധങ്ങൾ. അവിടെ ശ്രീനാരായണസ്വാമിയുടെ ചക്രം കാവലുണ്ട് എന്നുതന്നെയല്ല, അനേക വിഷ്ണുഗണങ്ങൾ കാവലുണ്ട്. അവിടെച്ചെന്നു

ഉടനെ, ശ്രീരാമരാമ എന്നുള്ള തിരുനാമത്തെ ജപിക്കണം. എന്നാൽ ചക്രം ഒഴിഞ്ഞു നില്ക്കും. വിഷ്ണുഗണങ്ങളോടു വിവരം പറഞ്ഞാൽ അവർ ഔഷധം പറിച്ചു നിന്റെ കയ്യിൽ തരും. ഔഷധത്തിന്റെ വിവരം പറഞ്ഞതു ആരാണെന്നു നിന്നോടു ചോദിച്ചാൽ ബ്രഹ്മാത്മജനായ ജാംബവാൻ പറഞ്ഞു അറിഞ്ഞതാണെന്നു പറയുക. ഞാനും ത്രിമൂർത്തികളും വിഷ്ണുഗണങ്ങളും ഇങ്ങിനെ മൂന്നു കൂട്ടർ മാത്രമെ ഈ ലോകത്തിൽ മരുന്നുള്ള വിവരം അറിഞ്ഞിട്ടുള്ളു. എന്നു മാത്രമല്ല. നീ ഈ രൂപത്തോടുകൂടി ചാടിയാൽ എത്തുവാൻ പ്രയാസമാണ്. പണ്ടു നാരായണസ്വാമി ത്രിവിക്രമാവതാരമെടുത്തതുപോലെ വിശ്വരൂപത്തെ എടുത്തു ഭൂമിയിൽനിന്നു ഒരുന്നൂറായിരം യോജന ഉയൎന്നാൽ മാൎത്താണ്ഡമണ്ഡലം അവിടെനിന്നു രണ്ടു നൂറായിരം യോജന ഉയൎന്നാൽ ചന്ദ്രമണ്ഡലം അവിടെനിന്നു ഒരുന്നൂറായിരം യോജന ഉയൎന്നാൽ നക്ഷത്രമണ്ഡലം അവിടെനിന്നു ഒരുന്നൂറായിരം യോജന ഉയൎന്നാൽ നവഗ്രഹമണ്ഡലം അവിടെനിന്നു ഒരുന്നൂറായിരം യോജന ഉയൎന്നാൽ സപ്തൎഷിമണ്ഡലം അവിടെനിന്നു ഒരുന്നൂറായിരം യോജന ഉയൎന്നാൽ ധ്രുവമണ്ഡലം ഇങ്ങിനെ ആറു മണ്ഡലത്തിന്നുംകൂടി ഏഴുനൂറായിരം യോജനയുണ്ട്. അതിൽ നിന്റെ സിദ്ധിക്കു തക്ക ശരീരം വളൎത്തി ചാടി അതിവേഗത്തിൽ ഔഷധം കൊണ്ടുവരിക എന്നു ഹനുമാനെ ഔഷധത്തിന്നു അയച്ചതിന്നുശേഷം ജാംബവാൻ ശ്രീരാമസ്വാമിയെക്കണ്ടു മോഹാലസ്യം തീൎത്തു പാദത്തിൽ നമസ്കരിക്കുകയും അതു കണ്ടു ഭഗവാൻ പറയുന്നു. ഹേ ജാംബവാനേ! എന്റെ അവസ്ഥ നോക്കുക. മേലിൽ ജീവനോടുകൂടി ഇരുന്നിട്ടു പ്രയോജനമെന്തു? ഞാൻ ഒരു ക്ഷത്രിയബാലനായിരുന്നു എന്റെ പൂൎവ്വികന്മാർ അന്യന്മാൎക്കു അനേക ഉപകാരങ്ങളെ ചെയ്യുിരുന്നു. എനിക്കു സംഭവിച്ച ആപത്തെ തീൎത്തു രക്ഷിപ്പാൻ യാതൊരു പ്രാണിയും ഉണ്ടായില്ലല്ലൊ. എന്നു ദുഃഖിക്കുകയും അതു കണ്ടു ജാംബവാൻ ശരണം രാമചന്ദ്രാ! നിന്തിരുവടി ദുഃഖിക്കേണമെന്നില്ല. മൃതസഞ്ജീവിനി എന്ന ഔഷധം കൊണ്ടുവരുവാൻ ഹനുമാനെ ഞാൻ ദ്രോണാദ്രിക്കയച്ചിട്ടുണ്ട്. ആ ഔഷധം കൊ

ണ്ടുവന്നാൽ സർവ്വശരീരികളും ജീവിക്കും എന്നു പറഞ്ഞിരിക്കേ ഹനുമാൻ മുമ്പറഞ്ഞ പർവ്വതങ്ങളെക്കടന്നു രമ്യഖണ്ഡത്തിലുള്ള ഋഷഭാദ്രിയിൽ പോയി. രാമ രാമ എന്നു ജപിക്കുകയും അതു കേട്ടു ശ്രീനാരായണസ്വാമിയുടെ തൃച്ചക്രം ഒഴിഞ്ഞു നില്ക്കുകയും വിഷ്ണുഗണങ്ങൾ നീ ആരാണെന്നു ചോദിക്കുകയും, ഞാൻ രാമദൂതനാണ് ഹനുമാനെന്നാണ് എന്റെ നാമം. ഔഷധം കൊണ്ടുപോവാൻവേണ്ടി വന്നതാണ്. ബ്രഹ്മാത്മജനായ ജാംബവാൻ പറഞ്ഞയച്ചതാണ്. ഔഷധത്തിന്റെ നാമം ഓർമ്മ വിട്ടുപോയി. ആയതുകൊണ്ടു പർവ്വതം കൊണ്ടുപോവാൻ കല്പന തരണം എന്നതിനെക്കേട്ടു വിഷ്ണുഗണങ്ങൾ അല്ലയോ മാരുതേ! ബ്രഹ്മാത്മജനായ ജാംബവാൻ ഇപ്പോഴും ഉണ്ടോ? ഞങ്ങൾ തമ്മിൽ ഒരുമിച്ചു വളരെക്കാലം കഴിഞ്ഞവരാണ്. ഔഷധത്തിന്റെ ആവശ്യമെന്തെന്നു ചോദിക്കുകയും അതു കേട്ടു ഹനുമാൻ പറയുന്നു. ലങ്കാരാജ്യത്തു വസിക്കുന്ന രാവണാദികളോടു അയോദ്ധ്യാധിപതിയായ രാമസ്വാമിയും അനുജൻ ലക്ഷ്മണനുംകൂടി യുദ്ധമാണ്. അതിൽ രാവണപുത്രനായ രാവണി ബ്രഹ്മാസ്ത്രം തൊടുത്തിരിക്കുന്നു. അതു നിവൃത്തിപ്പാനാണ് ഈ ഔഷധങ്ങൾ. എന്നതിനെക്കേട്ടു പർവ്വതം കൊണ്ടുപോയി ബ്രഹ്മാസ്ത്രപീഡ നിവൃത്തിച്ചതിന്നനന്തരം ഇവിടെത്തന്നെ കൊണ്ടുവന്നു വെക്കേണമെന്നു വിഷ്ണുഗണങ്ങൾ പറഞ്ഞപ്രകാരം ഹനുമാൻ പർവ്വതമെടുത്തു പടനിലത്തിൽ വന്നു സർവ്വശരീരികളുടെ ബ്രഹ്മാസ്ത്രപീഡ നിവൃത്തിച്ചതിന്നനന്തരം പർവ്വതം മുൻസ്ഥിതിയിൽ കൊണ്ടുപോയിവെച്ചു വന്നു സ്വാമിയെ സ്തുതിച്ചു നില്ക്കുന്നതിനെ ഭഗവാൻ കണ്ടു പറയുന്നു. ഹേ മാരുതേ! നീ ചെയ്ത ഉപകാരത്തിന്നു പ്രത്യുപകാരമായി എന്നാൽ യാതൊന്നും ചെയ്വാൻ സാധിക്കുന്നതല്ല. ആയതുകൊണ്ടു ജനനമരണസംസാരാദികളായ യാതൊരു ദുഃഖവും ബാധിയാതെ എന്നെന്നേക്കും നീ സുഖസ്വരൂപിയായി ലോകമുള്ളവരെയ്ക്കും ആയുർബ്ബലത്തോടുകൂടി ഇരിപ്പാനായി ഞാൻ അനുഗ്രഹിച്ചിരിക്കുന്നു. പശ്ചിമഗോപുരത്തിൽ യുദ്ധത്തിന്നു പോകുക എന്നു അയക്കതയും ഹനുമാൻ പശ്ചിമഗോപുരത്തിൽ യുദ്ധത്തിന്നു വന്നു. ബ്രഹ്മാസ്ത്രത്തിൽ

നിന്നു രക്ഷപ്പെട്ട വിവരം രാവണാദികൾ അറിഞ്ഞു ഇന്ദ്രജിത്തു മായാസീതയെ പശ്ചിമഗോപുരത്തിൽ കൊണ്ടുവന്നു ഹനുമാനെ കാട്ടി പറയുന്നു. എടാ ഹനുമ! ഈ ജാനകിയുടെ നിമിത്തമല്ലെ ഇതുവരെ നടന്നയുദ്ധത്തിന്നു കാരണം. എന്റെ പിതാവായ രാവണീശ്വരൻ ഇവളെ ഉപേക്ഷിച്ചു. ഞാൻ ഇവളെ കൊലചെയ്യുന്നു നിണക്കു തടുപ്പാൻ സാമൎത്ഥ്യമുണ്ടോ എന്നു പറഞ്ഞു സീതയെ വെട്ടുവാൻ വാളൂരിയതുകണ്ടു ഹനുമാൻ എടാ ദുഷ്ടാത്മാവെ! ഇത് നീ ചെയ്യുമ്പോൾതന്നെ ഭൂമിയെല്ലാം കിടുകിടെ വിറക്കുന്നു. സ്ത്രീവധം ചെയ്യാലുള്ള നരകം നീ അറിയുമോ? മരണംവരെ ലോകാപവാദവും അനന്തരം നരകവുമാണ്. വൃഥാവിൽ എന്തിന്നു പാപം നേടുന്നു. എന്നു പറയുന്നതിനെക്കേട്ടു മായാസീതയെ വെട്ടി ഇതാ അയോദ്ധ്യക്കു പോകുന്നു എന്നുപറഞ്ഞു ഇന്ദ്രജിത്ത് പോയതിന്നുശേഷം ഹനുമാൻ അത്യന്തം സങ്കടത്തോടുകൂടി ഭഗവാനെ നമസ്കരിച്ചു പറയുന്നു. ശരണം സ്വാമിൻ! മഹാപാപിയായ രാവണി ജാനകിയെ വെട്ടി അയോദ്ധ്യക്കു യുദ്ധത്തിന്നു പോയിരിക്കുന്നു. എന്നതിനെക്കേട്ടു ഭഗവാൻ മോഹാലസ്യപ്പെട്ടു വീഴുകയും ലക്ഷ്മണൻ വന്നു സ്വാമിയുടെ ആലസ്യം തീൎത്തു പറയുന്നു. സ്വാമിൻ! എതായാലും ജാനകിയെ രാവണി വെട്ടിക്കളഞ്ഞു. മേലിൽ ജാനകിയെ സംബന്ധിച്ചു ദുഃഖിച്ചതിനാൽ പ്രയോജനമില്ല! ഉടനെ വില്ലെടുത്തു യുദ്ധം ചെയ്തു ലങ്കയും രാക്ഷസന്മാരും ഒരവസാനത്തിൽ നശിപ്പാനായിക്കൊണ്ടു നിന്തിരുവടി അഗ്നിയസ്ത്രം തൊടുക്കുവിൻ. എന്നാൽ തടുപ്പാൻ ആരാണുള്ളത്. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. അല്ലയൊ സൌമിത്രെ അഗ്രഗണ്യനായ രാവണി പക്കൽ ഉള്ളബ്രഹ്മാസ്ത്രത്തെ ഭരതൻ മുതലായവരുടെ പേരിൽ തൊടുത്താൽ അവിടെ മരുന്നുകൊണ്ടുവരുവാൻ ആരുമില്ലല്ലൊ. ഹനുമാൻ ഇപ്പോൾ നമ്മുടെ അടുക്കലല്ലേ. നാം നിമിത്തം അയോദ്ധ്യാവാസികൾക്കും അനൎത്ഥമായല്ലൊ. ഇവിടെയുള്ള യുദ്ധം നില്ക്കട്ടെ. അയോദ്ധ്യക്കുപോവാൻ വേണ്ടുന്ന മാൎഗ്ഗങ്ങൾ ചിന്തിക്കുക. എന്നതിനെകേട്ടു ഹനുമാൻ പറയുന്നു. ശരണം സ്വാമിൻ നിന്തിരുവടിയും അനുജനും അ

ടിയന്റെ ചുമലിൽ കയറവിൻ. അടിയൻ അതിവേഗത്തിൽ കൊണ്ടുപോയി ഇന്ദ്രജിത്തിനെ അയോദ്ധ്യക്ക എത്തുന്നതിന്നുമു മ്പെ വഴിയിൽവെച്ച തടുത്തു അവനെ കുല ചെയ്യാം. എന്നു ഹ നുമാൻ പറയുന്നതിനെക്കേട്ടു വിഭീഷണൻ ഭഗവാനോടു പറയു ന്നു. ശരണം സ്വാമിൻ ഹനുമാൻ പറഞ്ഞതിനെക്കേട്ടു അത്യ ന്തം വേദനയോടുകൂടി അടിയൻ ചെന്നുനോക്കിയതിൽ സർവ്വേ ശ്വരിയായ ജാനകിക്ക യാതൊരു ഭംഗവുമില്ല. മായാസീതയെ യാണ് ഇന്ദ്രജിത്ത് വെട്ടിയത്. രാവണി പോയി നികുമ്പ എ ന്ന സ്ഥലത്തു ഒരു ആഭിചാരം ചെയ്യുന്നുണ്ട്. അത് അവസാ നിപ്പാൻ സമയംകൊടുക്കരുത്. ആയതു മുടക്കണം. എന്നു വി ഭീഷണൻ പറഞ്ഞതിനെ കേട്ടു ലക്ഷ്മണനോടു ഭഗവാൻ പറയു ന്നു. ഹേ ലക്ഷ്മണ ഈ വില്ലു മുണ്ടകത്തുറയിൽ വെച്ച് അഗ സ്ത്യൻതന്നതാണ്. ഇത് പണ്ടു നാരായണസ്വാമിക്ക ബ്രഹ്മാ വു ദത്തം ചെയ്തതാണ്. ആയതുകൊണ്ടു ശില കൊണ്ടുപോയാൽ രാവണിയുടെ തല കൊണ്ടുവരണം എന്നു പറഞ്ഞു വില്ലു ലക്ഷ്മ ണൻ വശം കൊടുത്തു ഹനുമാനോടു വേൾവി മുടക്കി രാവണിയു ടെ മുടി പിടിച്ച പടനിലത്തിൽ കൊണ്ടുവരിക എന്നു കല്പിച്ചയ ച്ചു. ഹനുമാൻചെന്നു രാവണിയുടെ വേൾവി മുടക്കി യുദ്ധക്ക ളത്തിലേക്ക കൊണ്ടുവരികയും രാവണിയും ലക്ഷ്മണനുമായി നേ രിട്ടു യുദ്ധം തുടങ്ങി. അവസാനം നാരായണാസ്ത്രം തൊടുക്കമെ ന്നു രാവണി പറഞ്ഞതിനെക്കേട്ടു ഭഗവാൻ പറഞ്ഞപ്രകാരം ല ക്ഷ്മണൻ പ്രത്യസ്ത്രം തൊടുക്കാതെ രാമദ്ധ്യാനം ചെയ്തു നില്ക്കുക യും ആ സായകം ലക്ഷ്മണനെ മൂന്നു പ്രദക്ഷിണം ചെയ്തു ലക്ഷ്മണ ന്റെ ആവനാഴിയിൽ ചെന്നടങ്ങുകയും ചെയ്തു. അതുകണ്ടു രാ വണി ഗരുഡനെക്കണ്ട സർപ്പംപോലെ നടുനടുങ്ങി ലക്ഷ്മണൻ മ നുഷ്യനല്ലെന്നു തീർച്ചപ്പെടുത്തി താൻ രാവണന്റെ പാദത്തിൽ സാഷ്ടാംഗനമസ്കാരം ചെയ്തുപറയുന്നു.

## ഇന്ദ്രജിത്ത് വധം.

ശരണം പിതാവേ നാരായണാസ്ത്രം ആരെയാണ് വണങ്ങു ന്നതെന്നു ചോദിച്ചതിന്നു നാരായണനെ മാത്രം വണങ്ങുമെന്നു

രാവണൻ പറഞ്ഞതിനെക്കേട്ടു രാവണി പറയുന്നു. ലക്ഷ്മണനോടു പലതരത്തിലും യുദ്ധം ചെയ്കയും അവസാനം നാരായണാസ്ത്രം തൊടുത്തു ലക്ഷ്മണനെ പ്രദക്ഷിണം ചെയ്തു അവന്റെ ആവനാഴിയിൽ ചെന്നടങ്ങിയിരിക്കുന്നു. ആയതുകൊണ്ടു ലക്ഷ്മണൻ ശ്രീഹരിയാണ്. നിന്തിരുവടിയോടു അടിയന്നൊരപേക്ഷയുണ്ട്. അതെന്തെന്നാൽ അടിയന്നു ചെറുപ്പമാണ്. ജന്മമെടുത്തു ഇതുവരെക്കും വിദ്യാഭ്യാസത്താലും ത്രിമൂർത്തികളെക്കുറിച്ചുള്ള തപസ്സിനാലും ദേഹരക്ഷണത്തിന്നുള്ള എടയുണ്ടായി എന്നല്ലാതെ അങ്ങയെപ്പോലെ യാതൊരു സുഖവും അനുഭവിപ്പാൻ സംഗതി വന്നിട്ടില്ല. തന്നിമിത്തം അല്പകാലംകൂടി ജീവനോടുകൂടി ലങ്കയിൽ വസിക്കേണമെന്നു അടിയന്നു ഒരു മോഹമുണ്ട്. അതു സാധിപ്പിച്ചുതരേണം. എന്നതിനെ കേട്ടു രാവണൻ പറയുന്നു. എടാ കുമാര! നീ അനേകകാലം ലങ്കയിൽ രാജാവായി വസിക്കേണ്ടവനാണ്. ആയതിന്നുള്ള സർവ്വവരബലങ്ങളും നീ സമ്പാദിച്ചിട്ടുണ്ട്. യുദ്ധം അവസാനിച്ചു ശത്രുക്കളെ നശിപ്പിച്ചു ഉടനെ എനിക്കു സീതാകല്യാണവും നിനക്കു പട്ടാഭിഷേകവും കഴിക്കേണമെന്നാണ് എന്റെ നിശ്ചയം. ആയതിന്നു വല്ല തടസ്ഥവുമുണ്ടോ എന്താണ് നിണക്കു ദുഃഖം. ആയതിനെപ്പറയുക. ഞാൻ ഇരിക്കുന്നവരെ നിന്റെ മോഹത്തിന്നു ഭംഗമുണ്ടോ? എന്നതിനെക്കേട്ടു രാവണി പറയുന്നു. അടിയന്റെ അപേക്ഷ എന്തെന്നുവെച്ചാൽ ജാനകി നിമിത്തമാണ് ഇത്ര നഷ്ടകഷ്ടങ്ങൾക്കു ഹേതുവായത്. രാമാദികളുടെ ശത്രുത ഒഴിഞ്ഞു അവർ ലങ്കയെ വിട്ടുപോകേണമെങ്കിൽ യുദ്ധം ചെയ്തു അവരെ ജയിപ്പാൻ നമ്മാൽ ഈ ജന്മത്തു സാധിക്കുന്ന കാര്യമല്ല. മേലാൽ നമ്മുടെ സകുടുംബത്തോടുകൂടി ക്ഷേമമായിരിക്കേണമെങ്കിൽ നിന്തിരുവടി ജാനകിയെ രാമൻ പാദത്തിൽവെച്ചു നമസ്കരിക്കുന്നതാണ് ഉത്തമം. അടിയന്റെ മോഹം ഇതാണ്. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. എടാ രണഭീരു! എന്നോടിതു പറയുവാൻ നിണക്കു ധൈര്യം വന്നുവെല്ലോ. എടാ! 'മാനമാചന്ദ്രതാരകം' എന്നുണ്ട് ജീവനെ വിട്ടാലും സീതയെ വിടുമോ. യുദ്ധത്തിന്നു സാമ

ത്ഥമില്ലെങ്കിൽ നീ നിന്റെ പാട്ടിൽ പോ. എനിക്കു കാണേണ്ടമെന്നില്ല. എന്നതിനെക്കേട്ടു രാവണി പറയുന്നു, ശരണം പിതാവെ! പ്രാരബ്ധം അനുഭവിക്കാതെ കഴിയുമൊ? എന്തിനു വളരെപ്പറയുന്നു. അടിയനിരിക്കെ നിന്തിരുവടി യുദ്ധത്തിന്നു പോകേണ്ടുന്നാവശ്യമില്ല. ആയതുകൊണ്ടു അടിയൻ മരിച്ചതിന്നു ശേഷമെങ്കിലും നിന്തിരുവടി ജാനകിയെ വിട്ടു രക്ഷപ്പെടേണ്ടതാണ്. ഇഷ്ടംപോലെ ആവാം. യുദ്ധത്തിന്നു കല്പന തരിക. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. എടാ രാവണി! ഇതാ നിണക്കു അഴിയാത്തതേരും ശിലയും ഞാൻ തരുന്നുണ്ട്. ഈ തേരിൽ ആരോഹിച്ചു ലക്ഷ്മണനെ യുദ്ധത്തിൽ ജയിച്ചുവരിക. എന്നതിനെക്കേട്ടു പിതാവിനെ പ്രദക്ഷിണാദിനമസ്കാരങ്ങളെച്ചെയ്തു അഴിയാത്തതേരിൽ അഴിയാത്തശിലയെടുത്തു യുദ്ധകളത്തിൽ വന്നു ലക്ഷ്മണനോടു യുദ്ധം തുടങ്ങുകയും ലക്ഷ്മണൻ അസ്ത്രം തൊടുത്തു രഥമഴിച്ചപ്പോൾ രഥമഴിയാതെയും ശില മുറിച്ചതിൽ ശില മുറിയാതെയും വന്നതിനെക്കണ്ടു വിഭീഷണനെ വിളിച്ചു ലക്ഷ്മണൻ പറയുന്നു. അല്ലയൊ ലങ്കേശ്വര! രാവണിയുടെ രഥവും വില്ലും അസ്ത്രത്താൽ മുറിയുന്നില്ല. മുറിവാനുള്ള മാർഗ്ഗമെന്തെന്നു ചോദിച്ചതിനെക്കേട്ടു വിഭീഷണൻ പറയുന്നു. ശരണം സ്വാമിൻ! രഥം അഴിയേണമെങ്കിൽ അച്ചു മുറിക്കണം. ശിലമുറിയേണമെങ്കിൽ കരം മുറിക്കണം. ധർമ്മരാജാവു കൊടുത്ത രഥവും വില്ലുമാണിത്. എന്നതിനെക്കേട്ടു രാവണി വിഭീഷണനോടു പറയുന്നു. ഹെ കുലദ്രോഹി! എന്റെ അച്ഛൻ നിന്റെ ജ്യേഷ്ഠനല്ലെ? ജ്യേഷ്ഠാനുജന്മാർ തമ്മിൽ വല്ല നിമിത്തവും മത്സരമുണ്ടായാൽ ജ്യേഷ്ഠനെവിട്ടു അനുജൻ ശത്രുക്കളോടു ചെന്നുചേർന്നു കൂടെ നിന്നു കൊല്ലിക്കുന്നവർ ലോകത്തിൽ ആരെങ്കിലുമുണ്ടൊ? വല്ലേടിക്കിലും പോയിപ്പിഴയ്ക്കരുതൊ? അല്ലാത്തപക്ഷം ഞങ്ങളാച്ചിലർ നിങ്ങൾ തമ്മിലുള്ള മത്സരത്തെത്തീർക്കില്ലായിരുന്നുവൊ! ജ്യേഷ്ഠൻപറഞ്ഞതു കേൾക്കുന്നില്ലെന്നു അനുജന്നു തോന്നിയാൽ മേലിൽപ്പാർക്കേണ്ട എന്നല്ലാതെ ജ്യേഷ്ഠനെ ശത്രുവെക്കൊണ്ടു കൊല്ലിക്കുന്ന അനുജന്മാർ നാട്ടിലുണ്ടൊ? എനിക്കു നീ പിതാവല്ലെ. ഞാൻ നിണക്കു വല്ല തെററും ചെയ്തിട്ടുണ്ടൊ. എന്നതിനെക്കേട്ടു വിഭീഷ

ണൻ പറയുന്നു. എടാ രാവണി! നിന്റെ പിതാവിന്നു സീത
ക്ലിത്തം തലെക്കു പിടിച്ചു ചാവാൻ ഒരുങ്ങിയാൽ അങ്ങിനെ ആ
വട്ടെ. നീ എന്തിന്നു യുദ്ധത്തിന്നു വന്നു. ശത്രുവിന്റെ ദുർബ്ബലത
പ്രബലതകളെ അറിവാനാണ് ബുദ്ധിവേണ്ടത്. മദ്യപാനം
ചെയ്തു മാംസഭുക്കുകളായി കുലസ്ത്രീകളുടെ പാതിവ്രത്യഭംഗവും
ചെയ്തു ബ്രഹ്മദത്തവരപ്രതാപി എന്ന ആത്മപ്രശംസയും പറ
ഞ്ഞു അഹങ്കാരികളായി നടന്നാലുള്ള അനുഭവമാണിത്. എടാ
നിങ്ങളെപ്പോലെ ഞാൻ മദ്യപാനം ചെയ്യുന്നുണ്ടോ, മാംസം ഭ
ക്ഷിക്കുന്നുണ്ടോ, പരസ്ത്രീഹരണം ചെയ്യുന്നുണ്ടോ എന്നും പറഞ്ഞു
വിഭീഷണൻ പിൻമാറുകയും ലക്ഷ്മണൻ രാവണിയുടെ രഥത്തി
ന്റെ അച്ചു മുറിക്കുകയും രഥം തകർന്നതിന്നു ശേഷം കരം മുറിച്ചു
അവസാനം ബ്രഹ്മാസ്ത്രം തൊടുത്തു ഇന്ദ്രജിത്തിനെ വധിക്കുകയും
ചെയ്തു. അതു കണ്ടു ദേവകൾ പുഷ്പവൃഷ്ടി ചെയ്യുകയും രാവണി
യുടെ തലയറുത്ത് അംഗദനെടുത്തു സുഗ്രീവാദികളോടുകൂടി ല
ക്ഷ്മണൻ സ്വാമിയെ നമസ്കരിച്ചു രാവണിയുടെ ശിരസ്സിനെ കാഴ്ച
വെച്ചു അതുകണ്ടു ഭഗവാൻ പറയുന്നു: എനിക്കു പാപികളുടെ
തല കാണേണമെന്നില്ല. ശ്മശാനത്തിലേക്കു എറിയുവാൻ കല്പി
ച്ചു ലക്ഷ്മണനോടു പറയുന്നു. ഹെ, സൌമിത്രെ! ഇന്ദ്രജിത്തി
നെ വധിച്ചു എന്നു അഭിമാനിക്കേണമെന്നില്ല രാവണിയെ വ
ധിച്ചതു നീയല്ല. ഹനുമാനാണെന്നാണു പറയേണ്ടത്. കാര
ണം നീ ബ്രഹ്മാസ്ത്രം പെട്ടു വീണപ്പോൾ ഹനുമാൻ പോയി ഔ
ഷധം കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ എങ്ങിനെ ജയിക്കും.
എന്നുതന്നെയല്ല ഗരുഡനാണ് ജയിച്ചതു എന്നു പറയണം. കാ
രണം രാവണിയുടെ നാഗപാശംപെട്ടു നീയും ഞാനും വീണ
പ്പോൾ ഗരുഡൻ വന്നു നാഗാസ്ത്രം കൊത്തി നശിപ്പിച്ചില്ലായിരുന്നു
വെങ്കിൽ എങ്ങിനെ ജയിക്കും. എന്നുതന്നെയല്ല വിഭീഷണനാണു
രാവണിയെ ജയിച്ചതു എന്നു പറയണം. കാരണം അഴിയാത
തേരും അഴിയാത്ത ശിലയുമായി രാവണി വന്നു യുദ്ധം തുടങ്ങിയ
തിൽ വിഭീഷണൻ അവന്റെ മായാധിക്യത്തെയും രഥവൈഭവ
ത്തെയും ശിലയുടെ യോഗ്യതയും പറയാതിരുന്നാൽ നീ എങ്ങി

നെ ജയിക്കും. ആയതുകൊണ്ടു മുമ്പറഞ്ഞവരുടെ സഹായത്താലാണു ജയം ഭവിച്ചത്. രാവണി മരിച്ചു എന്നു കേട്ടാൽ ഉടനെ രാവണൻ യുദ്ധത്തിന്നു വരും എല്ലാവരും ജാഗ്രതയായിരിക്കുക എന്നു എല്ലാവരും ജാഗ്രതയായിരുന്നു. ദൂതന്മാരാൽ രാവണി ലക്ഷ്മണനെൻറ അസ്ത്രം പെട്ടു മരിച്ചു എന്നുകേട്ടു രാവണൻ അതിവേഗത്തിൽ രാവണി മരിച്ചുകിടക്കുന്ന സ്ഥലത്തു വന്നു. ശിരസ്സില്ലാത്ത രാവണിയുടെ ദേഹംകണ്ടു വായിലും വയററിലും അടിച്ചു ദുഃഖിക്കുന്നു. അയ്യൊ മകനെ ഇന്ദ്രജിത്തെ; നീ ചെറുപ്പത്തിൽ ഇന്ദ്രൻ മുതലായ അഷ്ടദിഗ്പാലകന്മാരെയും ജയിച്ചതിനാൽ മൂന്നുലോകത്തെയും കീഴടക്കി ത്രിലോകപുരന്ദരൻ എന്ന പ്രസിദ്ധി സമ്പാദിച്ചതു നീ നിമിത്തമാണല്ലൊ, നവരത്നമയമായ കിരീടം ധരിപ്പാൻ പോകുന്ന നിൻെറ ശിരസ്സു കാണാതെ ദേഹം മാത്രം കാണ്മാനല്ലെ യോഗം വന്നത്. കുറുനരികൾ നിൻെറ ദേഹത്തെ ഭുജിക്കുന്നതിനെ കാണ്മാനല്ലെ എനിക്കു യോഗം വന്നത്. ഇതിനേക്കാൾ ശാപം ഭക്ഷിച്ച അമേദ്ധ്യത്തിൻെറ ഉഛിഷ്ടം ഭുജിക്കുന്നതായിരുന്നു നല്ലതു്. നിൻെറ പത്നിമാരായ ഗന്ധർവ്വസ്ത്രീകൾ യക്ഷസ്ത്രീകൾ നാഗസ്ത്രീകൾ ദേവസ്ത്രീകൾ ഇങ്ങിനെ അറുപത്തിനാലു പത്നിമാർ നീ മരിച്ചതറിഞ്ഞു എൻെറ അടുക്കൽ വന്നു നിങ്ങൾ ഒരു സ്ത്രീയെക്കൊണ്ടുവന്ന നിമിത്തം ഞങ്ങൾ അറുപത്തിനാലു സ്ത്രീകളുടെയും ഗളസൂത്രം അറുക്കേണ്ടതായല്ലൊ. ഞങ്ങളുടെ കണവനെ ഇപ്പോൾ കാണിച്ചുതരണം എന്നു എൻെറ പാദത്തിൽവീണു കരഞ്ഞാൽ അവരോടു എന്തൊന്നാണു ഞാൻ സമാധാനം പറയേണ്ടത്. ഒരു മാൻകുട്ടി സിംഹത്തെ കൊലചെയ്യുന്നതുപോലെ ആയല്ലൊ മനുഷ്യൻ നിന്നെ കൊന്നത്! ഇനി രാമാദികൾ നാളെത്തന്നെ എന്നെ വധിക്കുന്നതിന്നു യാതൊരു വാദവുമില്ല. നിന്നോടു തോററുള്ള ദേവന്മാരെല്ലാം എന്നെപ്പരിഹസിക്കുമല്ലൊ. ലങ്കയിലുള്ള സ്ത്രീകളുംകൂടെ എന്നോടു യുദ്ധത്തിന്നു വരുവാൻ എടവന്നുവല്ലൊ. നീ യുദ്ധത്തിന്നു വന്ന ഒരു കുരങ്ങനെയെങ്കിലും കൊലചെയ്യാൻ സാദ്ധ്യമായില്ലല്ലൊ. ഞാൻ മരിച്ചു എനിക്കു നീ ചെയ്യേണ്ടുന്ന മരണാനന്തര

രാക്ഷസന്മാരെല്ലാം നിണക്ക ഞാനല്ലെ ചെയ്യേണ്ടിവന്നത്. എന്നു പറഞ്ഞു രാവണൻ മോഹാലസ്യപ്പെട്ടു വീഴുകയും രാവണിയുടെ മാതാവായ മണ്ഡോദരി ദുഃഖിച്ചു അല്ലയോ മകനെ! നീ കാലിൽ കിങ്കിണികെട്ടി മൊട്ടുകുത്തി കളിച്ചുനടക്കുന്ന കാലത്തു ഒരു ദിവസം കാട്ടിൽചെന്നു രണ്ടു സിംഹകുട്ടികളെ പിടിച്ചുകൊണ്ടുവന്നു അവരുടെ മുഖം തമ്മിൽ കൂട്ടിമുട്ടിച്ചപ്പോൾ അവരാൽ ഉണ്ടായ ഗർജ്ജനത്തെ കേട്ടു നീയും അതുപോലെ ഗർജ്ജിച്ചതിൽ സിംഹങ്ങൾ ഭയപ്പെട്ടു മരിച്ചുപോയതിനെക്കണ്ടു ഞാൻ അന്നു അത്യന്തം സന്തോഷിച്ചവളല്ലെ മകനെ. അങ്ങിനെ ഉള്ള നിന്റെ കളി ഈ ജഗത്തിൽ കാണ്മാൻ സാധിക്കുമൊ രാവണി! എന്റെ യോഗം ഇങ്ങിനെ ആയല്ലൊ. കലകളോടുകൂടിയ ചന്ദ്രനെപ്പോലെ നാൾക്കുനാൾ അതിയോഗ്യനായിത്തീൎന്ന നിന്റെ തലയില്ലാത്ത ശരീരത്തെക്കാണ്മാൻ ഞാൻ എന്തു പാപംചെയ്തു. അയ്യോ കഷ്ടം ഒരു മനുഷ്യസ്ത്രീ നിമിത്തം കുഡുംബം മുഴുവനും നശിക്കേണ്ടിവന്നുവല്ലൊ. മേലാൽ എന്തിന്നു ഞാൻ ജീവനോടുകൂടിയിരിക്കുന്നു. എന്നെപ്പോലുള്ള സ്ത്രീകളുടെ മുഖത്തു ഞാനെങ്ങിനെ മിഴിക്കും. ആ രാമൻ ശസ്ത്രം തൊട്ടുത്തു പാപിയായ എന്നെയും കൂടികൊന്നുവെന്നു വരികിൽ അവന്നു മഹാ പുണ്യമുണ്ടായിരുന്നു. എന്നു ദുഃഖിക്കുന്നതിനെ രാവണൻ കണ്ടു ക്രോധിച്ചു ആരെടാ ഇവിടെ. സേവകന്മാർ ഇവളെ കൂട്ടിക്കൊണ്ടുപോയി ഗൃഹത്തിലാക്കുവിൻ. എന്നു പറഞ്ഞപ്രകാരം മണ്ഡോദരിയെ സേവകന്മാർ കൂട്ടിക്കൊണ്ടുപോയി ഗൃഹത്തിലാക്കുകയും അനന്തരം രാവണൻ മന്ത്രികളോട്: എടൊ മന്ത്രികളെ ഈ ജാനകിനിമിത്തമല്ലെ ഇക്കണ്ട അനൎത്ഥങ്ങളും എന്റെ ദേഹത്തിൽ ദേഹിപോലെ പ്രാണവാത്സല്യത്തോടുകൂടിയ മകനും മരിക്കേണ്ടിവന്നത്. ആയതുകൊണ്ടു മേലിൽ എനിക്കു സീത വേണമെന്നില്ല. ഒരു വെട്ടിന്നു രണ്ടു കഷണമാകുന്നുണ്ടു എന്നു സീതയെ വെട്ടുവാൻ ചന്ദ്രഹാസമായ വാളോങ്ങിയപ്പോൾ മഹോദരൻ തടുത്തു വാളിനെ കടന്നു പിടിച്ചു പറയുന്നു. ശരണം ലങ്കേശ്വര! ഇന്നു നിന്തിരുവടി ജാനകിയെ വെട്ടിയാൽ രാമനോടു യുദ്ധത്തിന്നു പോയി രാമാദികളെ

ജയിച്ചു മടങ്ങി ലങ്കയിൽവന്നു സീതെ! സീതെ! എന്നു പറഞ്ഞു ദുഃഖിക്കേണ്ടിവരും എന്നുതന്നെയല്ല, മകനെ കൊന്ന രാമാദികളെ ഭയപ്പെട്ടു സീതയെ രാവണൻ കുലചെയ്തു എന്നു ത്രിമൂർത്തികൾ പരിഹസിക്കും. ആയതുകൊണ്ടു ഒരു കാലത്തും സീതയെ കുല ചെയ്യരുത്. സീതയെ പത്നിയാക്കുവാൻ വേണ്ടിയാണ് ഇത്ര പേരെയും കുല കൊടുത്തത്. നിന്തിരുവടി വില്ലെടുത്താൽ രാമാദികളെ ജയിപ്പാൻ വല്ല സംശയവുമുണ്ടോ. സ്ത്രീവധം ആക്കട്ടുത്തതാണ്. എന്നതിനെക്കേട്ടു മഹോദരനോടു രാവണൻ പറയുന്നു. ഹെ മന്ത്രി! രാമാദികളോടു യുദ്ധം ചെയ്വാൻ പടകളില്ലല്ലൊ. നമ്മുടെ ആയിരം വെള്ളം പടകളും നശിച്ചുപോയല്ലൊ കാണുന്നതു. മേലിൽ യുദ്ധം ചെയ്യാതെ ശത്രുക്കൾ ഒഴിയുമോ? എന്നതിനെക്കേട്ടു മഹോദരൻ പറയുന്നു. അല്ലയൊ ലങ്കേശ്വരാ ഇങ്ങിനെയൊ നിന്തിരുവടിയുടെ വിചാരം. ഇനിയും ആയിരം വെള്ളം രാക്ഷസന്മാർ നമുക്കു പടകളായുണ്ട്. അതിൽ ഒരുവൻ വന്നാൽ അവനു ഒരുനേരത്തെ ഭക്ഷണത്തിന്നു ഈ രാമാദികൾ മതിയാവുന്നതല്ല. അവർ എവിടെയെന്നുവെച്ചാൽ എഴുനൂറു വെള്ളം പടകൾ ദ്വീപുകളിൽ വസിക്കുന്നുണ്ട്. മുന്നൂറു വെള്ളം പടകൾ പാതാളത്തിൽ വസിക്കുന്നുണ്ട്. അങ്ങിനെ ആയിരംവെള്ളം പടകളുണ്ട്. മനോവേഗൻ വായുവേഗൻ എന്ന ദൂതന്മാരെ അയച്ചു ഇപ്പോൾ വരുത്തിക്കളയാമെന്നതിനെക്കേട്ടു രാവണൻ സന്തോഷിച്ചു മന്ത്രീ നീ ഇപ്പോൾ വന്നില്ലായിരുന്നുവെങ്കിൽ കാര്യം കൈകടന്നിരുന്നു. നിന്നെപ്പോലെ എന്നെ ശരിയാക്കാൻ വേറെ ഒരുവൻ വിചാരിച്ചാൽ സാധിക്കുമോ? എന്നു പറഞ്ഞു ദൂതന്മാരെ പടകളെ കൂട്ടിക്കൊണ്ടുവരുവാൻ കല്പിച്ചയച്ചു. അതിൽ മനോവേഗി ദ്വീപുകളിലേക്കും വായുവേഗി പാതാളത്തിലേക്കും ചെന്നു മൂലവെള്ളം പട മുന്നൂറും ദ്വീപുവെള്ളംപട എഴുനൂറും ഇങ്ങിനെ സഹസ്രവെള്ളം പടപുറപ്പെട്ടു ലങ്കയിൽവന്നു ഗോപുരത്തിന്നു പുറമെ നിന്നു. അതുകണ്ടു ദേവനാഥനായ ഇന്ദ്രൻ ദേവകളോട് അല്ലയോ ദേവകളെ അത്യത്ഭുതമുണ്ട്. രാവണന്റെ സൈന്യങ്ങളായ മൂലബലങ്ങളുടെവര

വ് അത്യത്ഭുതംതന്നെ. ആയിരം വെള്ളം പടകളും ഒരേതരത്തിൽ അതിവേഗമായി നടക്കുന്നതുകൊണ്ടു ഭൂമിയിൽ ഇവരുടെ പാദസ്പർശനത്താൽ ആകാശമാർഗ്ഗമായി ഉയൎന്ന രേണുക്കൾ മേഘമണ്ഡലത്തിൽ സംഘടനം ചെയ്തു ജലാശയങ്ങളാൽ കെട്ടിപ്പിടിച്ചു ഒരു പ്രതിഭൂമി ഉണ്ടായതു നോക്കുവിൻ. നമുക്കു് ഈ ഭൂമിയിൽക്കൂടെ നടന്നു പടകളുടെ ആദ്യാവസാനം കാണേണമെങ്കിൽ ബഹുകാലം വേണ്ടിവരും. എളുപ്പത്തിൽ പടയുടെ നീട്ടം കാണ്മാൻ അസാദ്ധ്യമാണു്. പ്രളയാന്തത്തിൽ ഉണ്ടാവുന്ന മേഘങ്ങളെപ്പോലെ ഗൎജ്ജിച്ചു് അട്ടഹാസം ചെയ്യുന്നു. ഇത്ര അസംഖ്യം പടകളും ഒതുങ്ങുവാൻ ലങ്കയിൽ സ്ഥലം മതിയാവും എന്നു തോന്നുന്നില്ല. ഈ രാമസ്വാമി അവതരിച്ചു നാല്പതു സംവത്സരമായി. ഇതുപോലെ ആയിരം രാമൻ ഒരേ സംഘമായി നിന്നു വില്ലു് എടുത്തു യുദ്ധം തുടങ്ങിയാലും ആയവരെ ജയിപ്പാൻ ഒരു രാക്ഷസൻ മതിയാകും. ആയതുകൊണ്ടു് സൎവ്വേശ്വരനായ രാമചന്ദ്രൻ ഏതുതരത്തിൽ ഇവരെ ജയിക്കുന്നു എന്നു നാം എല്ലാവരും ഗഗനചാരികളായി സ്വാമിയെ സ്തുതിക്കണം എന്നുരച്ചു ദേവകൾ നിരന്നുനിന്നു. ദൂതന്മാർ രാവണനെക്കണ്ടു നമസ്കരിച്ചു, ശരണം ലങ്കേശ്വര! ആയിരം വെള്ളം പടകളും ഗോപുരത്തിന്നു പുറമെ വന്നുനില്ക്കുന്നു. ലങ്കയിൽ കടക്കേണമെങ്കിൽ ഗോപുരത്തൂടെ അവരുടെ ശരീരം കടപ്പാൻ പ്രയാസമാണു്. അതിനെക്കേട്ടു് രാവണൻ പറയുന്നു. എന്നാൽ ഗോപുരത്തെ എടുത്തു് അപ്പുറംവെച്ചു കടന്നുവരട്ടെ എന്നു കല്പിച്ചതിനെക്കേട്ടു രാജമണി എന്ന സൈന്യാധിപൻ തന്റെ കരത്താൽ ഗോപുരത്തെ നീക്കി പടകൾ ഗോപുരത്തിന്നുള്ളിൽ കടന്നു പത്തണിയായി നിരന്നുനിന്നു. അനന്തരം ദൂതന്മാരോടു രാവണൻ, ഈ പടകൾ ഏതേതു ദ്വീപിലുള്ളവരാണു്. അവരുടെ വരബലം, കരബലം, കായബലം ഇതുകളെപ്പറയുവിൻ, എന്നു ചോദിച്ചതിനെ കേട്ടു ദൂതന്മാർ പറയുന്നു. ശരണം രാവണീശ്വരാ! ഒന്നാമണിയിൽ നില്ക്കുന്നവർ ശാകദ്വീപിൽ വസിക്കുന്നവരാണു്. പണ്ടു് അസുരന്മാർ ഒരു യാഗം ചെയ്തതിൽനിന്നു ജാതന്മാരാണു്. ദേവന്മാരെ മായാധിക്യത്താൽ ജയിച്ചവരാണു്. മേഘങ്ങളിൽ മുട്ടത്ത

ക്കു ഔന്നത്യകാരന്മാരാണ്. ശത്രുസംഘത്തെ ജയിപ്പാൻ നല്ല നിപുണന്മാരാണ്. രണ്ടാമണിയിൽ നിൽക്കുന്നവർ കുശദ്വീപിൽ വസിക്കുന്നവരാണ്. പണ്ട് ഇന്ദ്രാദികളെ സ്വർഗ്ഗത്തിൽനിന്ന ഓട്ടി അനേകകാലം ദേവഭോഗങ്ങളെ അനുഭവിച്ചു സ്വർഗ്ഗത്തിൽ വസിച്ചവരാണ്. മൂന്നാമണിയിൽ നിൽക്കുന്നവർ ഇറലിദ്വീപിൽ വസിക്കുന്നവരാണ്. ഒരു കാലത്തു മറചി എന്ന ധർമ്മരാജാവിനെ ജയിച്ചു സ്വർഗ്ഗവാസികളെ നരകത്തിലും നരകവാസികളെ സ്വർഗ്ഗത്തിലും കൊണ്ടുപോയിട്ടു മഹാ അനീതികളെ ചെയ്തവരാണ്. നാലാമണിയിൽ നിൽക്കുന്നവർ ക്ഷീരാബ്ധിമദ്ധ്യത്തിലുള്ള പവിഴപർവ്വതത്തിൽ വസിക്കുന്നവരാണ്. പണ്ടു വിജയന്ത്രി എന്നു പേരായ ഒരു രാക്ഷസസ്ത്രീയോടുകൂടി അസുരഗുരുവായ ശുക്രമഹർഷി രമിച്ച് ഒരു രാത്രികൊണ്ടു പത്തുകോടി സന്തതികൾ ഉത്ഭവിക്കയും അതുകണ്ടു വിജയന്ത്രി ശുക്രനെ നോക്കി, അങ്ങയുടെ ബീജസന്തതികളായ പത്തുകോടി പുത്രന്മാർക്കു ഞാൻ എപ്രകാരമാണു ക്ഷീരംകൊടുത്തു രക്ഷപ്പെടുത്തേണ്ടത് എന്നു ചോദിച്ചതിനെ കേട്ടു ശുക്രമഹർഷി അല്ലയോ പ്രിയേ! ഈ സന്താനങ്ങളെയെല്ലാമെടുത്തു ക്ഷീരസാഗരത്തിലിടുക. ആ ക്ഷീരപാനം ചെയ്തു വളരട്ടെ. എന്നതിനെക്കേട്ടു പുത്രന്മാരെയെല്ലാം പാൽക്കടലിൽ ഇടുകയും ക്ഷീരസാഗരം വറ്റുന്ന നിലയിൽ പയസ്സുകളെയെല്ലാം പാനംചെയ്തു വളർന്നവരാണ്. നല്ല കായബലവും കരബലവും ഉള്ളവരാണ്. അഞ്ചാമണിയിൽ നിൽക്കുന്നവർ ഈ ലവണസാഗരത്തിന്റെ മറുകരയിൽ ഗന്ധമാദനം എന്ന ഒരു പർവ്വതമുണ്ട്. അതിൽ വസിക്കുന്നവരാണ്. ഇവർ യുഗാവസാനത്തിൽ ജാതന്മാരും ഹാലാഹലമെന്ന കാളകൂടവിഷത്തിൽ ജാതന്മാരായ വിഷബീജന്മാരുമാണ്. ഇവരുടെ സംഖ്യ ഇത്ര എന്നു ഞങ്ങൾക്കു പറവാൻ സാധിക്കുന്നതല്ല. ആറാമണിയിൽ നിൽക്കുന്നവർ പണ്ടു മൃഗണ്ഡു എന്ന ബ്രാഹ്മണൻ അനേകകാലം സന്തതിയില്ലാതെ ദുഃഖിച്ചു പരമേശ്വരസ്വാമിയെക്കുറിച്ചു തപസ്സു ചെയ്കയും പരമേശ്വരസ്വാമി പ്രത്യക്ഷമായി, ഹേ ബ്രാഹ്മണ! യോഗ്യനായ പുത്രൻ വേണമെന്നുണ്ടെങ്കിൽ അവന്നു അല്പായുസ്സായിരിക്കും. അയോഗ്യനായപുത്രൻ

മതിയെങ്കിൽ ആയവനു ദീൎഘായുസ്സായിരിക്കും. അതിൽ ഏതാണു വേണ്ടതെന്നു ചോദിക്കുകയും, അതുകേട്ടു ബ്രാഹ്മണൻ ശരണം സ്വാമിൻ! അവിദ്വാനായുള്ളവൻ അനേകകാലം ഇരിക്കുന്നതിനെക്കാൾ വിദ്വാനായുള്ളവൻ അല്പകാലം ഇരുന്നാലും മതി. ആയതുകൊണ്ടു ദുഷ്ടസന്തതികൾ അടിയനു വേണമെന്നില്ല. അല്പായുസ്സായാലും ആത്മജ്ഞാനിയായി വരണം. എന്നതിനെക്കേട്ടു പരമേശ്വരസ്വാമി ബ്രാഹ്മണനെ നോക്കി ഹേ മൃഗണ്ഡുവേ! നിണക്കു് അതിബുദ്ധിമാനും അല്പായുഷിയായും പതിനാറുവയസ്സോടുകൂടിയ ഒരു സന്തതി ഉണ്ടാവാൻ ഞാൻ അനുഗ്രഹിച്ചിരിക്കുന്നു. എന്നു പറഞ്ഞു പരമേശ്വരസ്വാമി പോയതിന്നു ശേഷം മൃകണ്ഡു എന്ന ബ്രാഹ്മണൻ തപസ്ഥാനത്തെ വിട്ടു തന്റെ ഗൃഹത്തിൽ വന്നു പത്നിയുമായി സുഖിച്ചു വസിക്കുകയും പത്നിക്കു ഗൎഭമുണ്ടായി ഒരു പുത്രനെ പ്രസവിക്കുകയും, മാൎക്കണ്ഡേയൻ എന്നു പേരിട്ടു വളൎത്തി പഞ്ചവയസ്സിൽ വിദ്യാഭ്യാസം ചെയ്യിച്ചു സൎവ്വശാസ്ത്രപണ്ഡിതനായി വളരുകയും തനിക്കു പതിനാറുവയസ്സു് തികയുന്ന ദിനം അടുത്തപ്പോൾ തന്റെ മാതാപിതാക്കൾ അധികമായ സങ്കടത്തോടുകൂടി ദുഃഖിക്കുന്നതിനെ മാൎക്കണ്ഡേയൻ കണ്ടു് ഹേ മാതാപിതാക്കളേ! നിങ്ങൾ എന്തിനായിക്കൊണ്ടു വ്യസനിക്കുന്നു. അഹേതുവായി ദുഃഖിപ്പാനുള്ള ആവശ്യമെന്തു്? എന്നു ചോദിച്ചതിനെക്കേട്ടു മൃഗണ്ഡു പുത്രനെ നോക്കി അയ്യോ മകനെ! നിണക്കു പതിനാറുവയസ്സുകാലമെ ആയുസ്സുള്ളു. ആയതു നാളെയാണ് തികയുന്ന ദിനം. അതിനെക്കുറിച്ചുള്ള ദുഃഖമാണ്. നീ മരിച്ചു ഞങ്ങൾ മേലിൽ ഇരുന്നിട്ടു പ്രയോജനമെന്താണ്. ഇങ്ങിനെ പരമേശ്വരസ്വാമിയുടെ അനുഗ്രഹമാണ്. എന്നതിനെക്കേട്ടു മാൎക്കണ്ഡേയൻ, ഹേ പിതാവേ! നിന്തിരുവടി ഒരിക്കലും വ്യസനിക്കരുതു്. അങ്ങയുടെ പ്രയത്നത്താൽ അടിയനു പതിനാറുവയസ്സു് ലഭിച്ചുവല്ലോ മേലിൽ അടിയന്റെ പ്രയത്നത്താൽ ആയുസ്സു വൎദ്ധിപ്പിക്കുവാൻ നോക്കട്ടെ; സാധിച്ചാൽ ആവാം അല്ലെങ്കിൽ കൎമ്മം എന്നല്ലാതെ വേറെ എന്തൊന്നാണു പറവാനുള്ളതു്. എന്നു മാതാപിതാക്കളെ പറഞ്ഞു സമാധാനിപ്പിച്ചു പരമേശ്വരസ്വാമിയെ പൂജിക്കേണ്ടുന്ന സംഭാര

ങ്ങളെയെല്ലാം എടുത്തു തൃക്കടവൂർ എന്ന ശിവക്ഷേത്രത്തിൽ വന്നു ഭക്തിശ്രദ്ധാബഹുമാനവിനയങ്ങളോടുകൂടി ജലഗന്ധപുഷ്പധൂപദീപനിവേദ്യ ആരാധനകളെ ശിവലിംഗത്തിന്നു ചെയ്തു മനസ്സ് ഏകാഗ്രമായി ശിവങ്കൽ ചെലുത്തി ഇരിക്കുകയും അന്നു തന്റെ പതിനാറു വയസ്സു തികഞ്ഞതായും മാൎക്കണ്ഡേയന്റെ ദേഹദേഹികളെ വേർപ്പെടുത്തേണ്ടുന്ന ദിവസം ഇന്നാണെന്നും ചിത്രഗുപ്തൻ ധൎമ്മരാജാവിനെ കേൾപ്പിച്ചു. അതുകേട്ടു ധൎമ്മരാജാവു ഭടന്മാരെ മാൎക്കണ്ഡേയന്റെ അടുക്കലേക്കയക്കുകയും കാലദൂതന്മാർ വന്നു മാൎക്കണ്ഡേയനെ കണ്ടതിൽ മാൎക്കണ്ഡേയൻ ശിവാൎച്ചനചെയ്തു ശിവങ്കൽ ഏകാഗ്രമാനസനായിരിക്കുന്നതിനെക്കണ്ടു ഭയപ്പെട്ടു നമ്മാൽ ഇവന്റെ ദേഹദേഹികളെ വേർപെടുത്തുന്നത് അസാദ്ധ്യമാണെന്നു കരുതി മടങ്ങി ധൎമ്മരാജാവിന്റെ അടുക്കൽ ചെന്നു നമസ്കരിച്ചു പറയുന്നു. ശരണം ധൎമ്മരാജാവേ! മാൎക്കണ്ഡേയൻ എന്ന ബ്രാഹ്മണൻ തൃക്കടവൂർ എന്ന ക്ഷേത്രത്തിൽ ശിവലിംഗത്തെ വിധിയാംവണ്ണം പൂജിച്ച് ഏകാഗ്രമാനസനായിരിക്കുന്നു. ഞങ്ങൾക്ക് അടുപ്പാൻ നിവൃത്തിയില്ല. എന്നതിനെക്കേട്ടു ധൎമ്മരാജാവു കോപിച്ച് ആഹാ! അല്പായുസ്സു വാങ്ങുമ്പോൾ ആലോചിക്കേണ്ടതാണ്. ഇന്നു വിചാരിച്ചാൽ ആയുസ്സു വൎദ്ധിക്കുമോ? എന്നാൽ എനിക്കു മേലാൽ ഈ മുറ വേണമെന്നില്ല. എന്നു തന്റെ കാലദണ്ഡ ശൂലം, പാശമെന്ന വരായുധങ്ങളോടുകൂടി മഹിഷവാഹനാരൂഢനായി പുറപ്പെട്ടു ഭടന്മാരെ മുൻനടത്തി മുമ്പറഞ്ഞ ക്ഷേത്രത്തിൽ വന്നു നോക്കിയതിൽ മാൎക്കണ്ഡേയന്റെ തപസ്സിനെക്കണ്ടു ക്രോധിച്ചു തന്റെ കയ്യിലുള്ള പാശത്തെ വീശുകയും അതിൽ ശിവലിംഗവും ഭക്തനായ മാൎക്കണ്ഡേയനും പെടുകയും അതിനെ ആലോചിയാതെ പാശത്തെ വലിച്ചപ്പോൾ മാൎക്കണ്ഡേയൻ ഭയപ്പെട്ടു ശിവലിംഗത്തെ പൂണ്ടടഞ്ഞു പിടിച്ചു ഹരോഹര! നീലകണ്ഠ! കൈലാസപതേ! കാലൻ ഇതാ എന്നെ വലിച്ചുകൊണ്ടുപോകുന്നു കഷ്ടം രക്ഷചെയ്യേണമേ! എന്നു അത്യന്തം സങ്കടപ്പെടുന്നതിനെക്കേട്ടു ഭക്താനുഗ്രഹതല്പരനായ പരമേശ്വരസ്വാമി പ്രത്യക്ഷമായി കാലനെ മാറ്റിൽ പാദതാഡനം ചെയ്കയും തന്നിമിത്തം കാലൻ നിലത്തുവീണു രക്തം ഛ

ദ്ദിക്കുകയും മാർക്കണ്ഡേയന എന്നേക്കും പതിനാറു വയസ്സായിരിപ്പാൻ അനുഗ്രഹിക്കുകയും ചെയ്തിതായി നിന്തിരുവടി കേട്ടിരിക്കുമല്ലൊ. അക്കാലത്തു കാലൻ ഛർദ്ദിച്ച രക്തത്തിൽനിന്നു ജനിച്ചവരാണ് ഇവർ. അതിശക്തിമാന്മാരായ രക്തബീജന്മാരാണ്. ശൂലമാണ് ഇവർക്കുള്ളവരായുധങ്ങൾ. എഴാമണിയിൽനില്ക്കുന്നവർ പണ്ടു ക്ഷീരാബ്ധി മഥിച്ചപ്പോൾ അതിൽനിന്നു ഉത്ഭവിച്ചവരാണ്. അമൃതബീജന്മാരാണ്. എട്ടാമണിയിൽ നില്ക്കുന്നവർപണ്ടു ദാരികനെ വധിപ്പാനായി പരമേശ്വരസ്വാമിയുടെ മൂന്നാം തൃക്കണ്ണിൽ നിന്നു ഭദ്രകാളി ഉത്ഭവിച്ചു. അതോടുകൂടി അനേകം രാക്ഷസന്മാരും ഉത്ഭവിച്ചിട്ടുണ്ട്, വലിയ ശക്തന്മാരും കാലാഗ്നിരുദ്രനെപ്പോലെ മുഖത്തിൽനിന്നു എപ്പോഴും അഗ്നിയെ ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നവരുമാണ്. തന്നിമിത്തം അഗ്നിബീജന്മാരാണ്. വാളാണ് ഇവർക്കു മുഖ്യമായ വരായുധം. എട്ടാമണിയിൽ നില്ക്കുന്നവരെ ജയിപ്പാൻ പരമേശ്വരസ്വാമിവിചാരിച്ചാലും അസാദ്ധ്യമാണ്. ഒമ്പതാമണിയിൽ നില്ക്കുന്നവർ ഇലാവൃദ്വീപിൽ വസിക്കുന്നവരാണ്. അറുപത്തിനാലു കലാവിദ്യകളും നല്ലവണ്ണം അഭ്യസിച്ചവരാണ്. വലിയ വഞ്ചനാർത്ഥികളാണ്. ഒരു ദിവസം യുദ്ധത്തിൽ അന്യന്മാരെ വഞ്ചിപ്പാൻ തരമായില്ലയെങ്കിൽ അന്നു തന്റെ മാതാവായാലും വേണ്ടതില്ല വഞ്ചിച്ചേ അവൎക്കു സുഖമുള്ളു. അത്ര നിർദ്ദയന്മാരാണ്. പത്താമണിയിൽ നില്ക്കുന്നവർ പുഷ്കരദ്വീപിൽ വസിക്കുന്നവരാണ്. ഇവരുടെ വരായുധം ഖഡ്ഗം; മുസലം, ഈട്ടി, നാൽമുന, വേൽ, ചക്രം, വില്ലു എന്നിവയാണ്. ഏഴു സാഗരങ്ങൾക്കും അധിപന്മാരാണ് ബ്രഹ്മാണ്ഡകടാഹത്തെയും ഭേദിക്കത്തക്കകായബലവും കരബലവും ഉള്ളവരാണ്. ഇങ്ങിനെ സഹസ്രംവെള്ളം സൈന്യങ്ങളുടെ സാമൎത്ഥ്യങ്ങളെല്ലാം ദൂതന്മാർ പറഞ്ഞു രാവണൻകേട്ടു സന്തോഷിച്ചു സൈന്യാധിപനായ രാജമണിയെ വിളിച്ചു രാവണൻ സമീപത്തിൽ ഇരുത്തി പറയുന്നു. ഹേ രാജമണി! ലങ്കയിലുള്ള വിശേഷവൎത്തമാനങ്ങൾ എന്തെന്നുവെച്ചാൽ — ക്ഷത്രിയഗോത്രത്തിൽദ

ദശരഥാത്മജനായ രാമനും, അനുജൻ ലക്ഷ്മണനുംകൂടി പിതൃവാക്യത്തെ പരിപാലിപ്പാനായി വനത്തിലേക്ക [illegible]രികയും വരുമ്പോൾ രാമന്റെ പത്നിയായ ജാനകിയോടുകൂടി പഞ്ചവടിയിൽ വന്നു പർണ്ണശാല കെട്ടി അതിൽ താമസിക്കുകയും, എന്റെ സഹോദരിയായ ശൂർപ്പണഖയുടെ നാസിക മുതലായ പഞ്ച ഉറുപ്പുകളെ രാമാദികൾ ഛേദിക്കുകയും അതറിഞ്ഞു രാമന്റെ പത്നിയെ ഞാൻ കൊണ്ടുവന്ന ചിറവെച്ചതിൽപ്പിന്നെ രാമാദികൾ എഴുപതുവെള്ളം വാനരങ്ങളോടുകൂടി വന്നു സാഗരമദ്ധ്യേ ഒരുനൂറു യോജന നീളം പത്തുയോജന വണ്ണമായി ഒരു ചിറ കെട്ടി സേതോപരിമാർഗ്ഗമായി ലങ്കയിൽവന്നു യുദ്ധംതുടങ്ങി ഞാനൊഴികയെ ബാക്കിയുള്ള എല്ലാവരെയും നിഗ്രഹിച്ചു. അതിൽ എന്റെ മകൻ ഇന്ദ്രജിത്തിനെ ഇന്നലെയാണ് വധിച്ചതു. ആ മനുഷ്യരോടും വാനരങ്ങളോടും യുദ്ധംചെയ്യാനാണ് നിങ്ങളെ വരുത്തിയതു. എന്നതിനെക്കേട്ടു രാജമണി പറയുന്നു. ശരണം പ്രതാപലങ്കേശ്വര ഞങ്ങൾ പുറപ്പെട്ടപ്പോൾ ഞങ്ങളുടെ വിചാരം എന്തായിരുന്നുവെന്നുചൊല്ലാൽ, അനേകകാലമായി അനന്തൻ ഭൂമിയെതാങ്ങി നിൽക്കുന്നു. അനന്തന്റെ ഫണത്തിൽനിന്നു എടുപ്പിക്കേണമെന്നായിരിക്കുമോ? അല്ല. മഹാമേരുവെന്ന പർവ്വതത്തെ വേരോടുകൂടി പറിച്ചെടുപ്പാൻ വേണ്ടി ആയിരിക്കുമോ? സപ്താർണ്ണവങ്ങളിലും ഉള്ള ജലത്തെ പാനം ചെയ്തുവറ്റപ്പെടുത്തുവാൻ ആയിരിക്കുമോ നമ്മെ വിളിച്ചതെന്നുള്ള ശങ്കയായിരുന്നു ഇതുവരെയും. ഇവിടെ വന്നു കാര്യമറിഞ്ഞതിൽ അതിനൊന്നുമല്ല. വല്ല കായുംകനിയുംതിന്നുനടക്കുന്ന ശാഖാമൃഗങ്ങളോടുകൂടി യുദ്ധംചെയ്യാനാണെന്നാണ് നിന്തിരുവടിയുടെ കല്പന. ഞങ്ങൾ അത്ര നിസ്സാരന്മാരായതുകൊണ്ടു ഈവിധം കല്പിച്ചതായിരിക്കാം. ആകയാൽ ഞങ്ങൾക്കു വളരെ ലജ്ജയുണ്ടു. ഏതായാലും ഞങ്ങൾ ഇത്രത്തോളം വന്നതിനാൽ മനുഷ്യരെ ജയിച്ചുതരാം. കുരങ്ങന്മാരോടു യുദ്ധം ചെയ്തു ആ ഒരു പ്രസിദ്ധി ഞങ്ങൾക്കു വേണമെന്നില്ല. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. അങ്ങിനെയാണെങ്കിൽ വാനരങ്ങളെ

ഞാൻ ജയിക്കാം. നിങ്ങൾ മനുഷ്യരെ ജയിച്ചു വരുവിൻ എന്നു കല്പിച്ചു. എടാ ദൂതന്മാരെ! ഇവൎക്കു ആഹാരം അവസ്ഥാനുസരണം കൊടുപ്പിൻ. എന്നതിനെക്കേട്ടു രാജാണി പറയുന്നു. ഹെ രാവണേശ്വര! ഞങ്ങൾക്കു ആറു ദിവസത്തിന്നു വേണ്ടുന്ന ആഹാരം ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ചോറപൊതിഞ്ഞു ആനയെച്ചുട്ടരച്ച സമ്മന്തിയും മുന്തിരിങ്ങ മദ്യവും കൊററിമാംസവും കൈവശമുണ്ടു. എന്നു പറഞ്ഞു യുദ്ധത്തിന്നായി പടനിലത്തെക്കു പുറപ്പെട്ടപ്പോൾ ഇതുകളെ എല്ലാം കേട്ടിരുന്ന മാല്യവാൻ ഒട്ടത്തു രാജമന്ത്രിയോടു പറയുന്നു. എടാ രാജമന്ത്രീ! നീ എന്തു പറയുന്നു അഹങ്കാരത്താൽ ഭൎത്താവിനു പ്രീതിയായ വാക്കു പറക എന്നല്ലാതെ കാൎയ്യം പല്ലതു അറിഞ്ഞിട്ടോ നീ സംസാരിക്കുന്നതു. ഈ രാക്ഷസഗോത്രത്തിൽ വെച്ചു രാജകാൎയ്യങ്ങളിൽ നിപുണനായ മന്ത്രീശനെ നീ അറിയുമല്ലോ. ആ മാരീചനെയും ഖരദൂഷണത്രിശിരസ്സുകളെയും ഈ രാവണനെ ഒരു കാലത്തിൽ ജയിച്ച വാനരരാജനായ ബാലിയെയും വധിച്ചതു ഈ രാമനാണ്. എന്നുതന്നെയല്ല, സമുദ്രരാജാവായ വരുണനെ വരുത്തുവാൻ വേണ്ടി അഗ്നിയാസ്ത്രം സാഗരത്തിൽ തൊടുത്തപ്പോൾ സപ്തൎണ്ണവങ്ങളും തിളച്ചുമറിഞ്ഞതു ആരറിയാതെയുള്ളു. നിങ്ങൾ വരുന്ന വഴിക്കു സാഗരത്തൂടെ ലങ്കക്കു വരുവാനുള്ള ഒരു ചിറ നിങ്ങൾ കണ്ടില്ലയൊ. അതു ഈ വാനരന്മാർ കെട്ടിയതാണ്. രാമദൂതൻ എന്നു ഒരു വാനരനുണ്ട്. അവന്റെ നാമം ഹനുമാനെന്നാണ് എഴുനാഴികയിലകത്തു ഇവിടെ നിന്നു എഴുപത്തിമൂവായിരത്തൊരുനൂറു യോജന ഉത്തരമാൎഗ്ഗമായി മഹാമേരുവേയും കടന്നു രമ്യഖണ്ഡത്തിലുള്ള ഋഷഭാദ്രിയിൽനിന്നു മൃതസഞ്ജീവിനി മുതലായ ഔഷധങ്ങളെ കൊണ്ടുവന്നവനാണ്. എന്നുതന്നെയല്ല, ഈ ലങ്ക എഴുനൂറു യോജനയും ചുട്ടു ഭസ്മമാക്കിയതു ഈ മാരുതിയാണ്. ഇത്യാദികളായ പ്രബലതകളെ എല്ലാം ചെയ്യത്തക്ക സമൎത്ഥന്മാരായ മനുഷ്യരും വാനരങ്ങളും സാരമില്ലെന്നു നീയല്ലാതെ വേറെ ആരെങ്കിലും വിചാരിക്കുമോ. കുംഭകൎണ്ണൻ, അതികായൻ, ഇന്ദ്രജിത്തു

മുതലായവർ ദുർബ്ബലന്മാരെ. അവരെ ഈ രാമാദികളല്ലെ നി
ഗ്രഹിച്ചതു. എന്നു പറഞ്ഞു മാല്യവാൻ പോയതിന്നുശേഷം രാ
ക്ഷസന്മാർ പടനിലത്തിൽ വന്നു അണിനിരന്നതിനെക്കണ്ടു ജാം
ബവാൻ ഭയപ്പെട്ടു ഓടുകയും ആ വിവരം ഹനുമാൻ സ്വാമിയെ
കേൾപ്പിക്കുകയും സ്വാമി ജാംബവാനെ കൂട്ടിക്കൊണ്ടുവരുവാൻ
അംഗദനെ അയക്കുകയും അംഗദൻ വന്നു ജാംബവാനോടു
ത്തു പറയുന്നു. ഹെ ജാംബവരാജൻ! എന്താണിതു? അങ്ങയുടെ
പ്രവൃത്തി ഒട്ടും നന്നായില്ല. ഈ വാനരസംഘത്തിൽ വെച്ചു
കുലശ്രേഷ്ഠനും വിവേകിയുമാണെന്നു സ്വാമിയുടെ വിചാരം വൃ
ഥാവിലായായി. ജാംബവാൻ സ്വാമിദ്രോഹിയാണെന്നു കേൾ
പ്പാനാണ് നിന്തിരുവടിയുടെ ഒരുക്കം. അങ്ങിനെ ചെയ്യുന്നതാ
യാൽ ഇനി പറഞ്ഞാൽ വിശ്വാസപാതകൻ എന്ന ദുഷ്കീർത്തി
യെ വഹിക്കേണ്ടിവരും. പ്രാണൻ കളഞ്ഞാലും മാനം കളവാൻ
പാടില്ലാത്തതാകുന്നു. നിരക്ഷരകുക്ഷികളായ ഞങ്ങളെപ്പോലെ
നിന്തിരുവടി ചെറുപ്പമല്ല. എന്നുതന്നെയല്ല, എല്ലാ സംഗതിക
ളും നിന്തിരുവടിക്കു നേത്രദൃഷ്ടാന്തമാണല്ലൊ. ആയതുകൊണ്ടു മ
ടങ്ങി പടയിൽ കൂടുകയെന്നാപേക്ഷിച്ചതിനെക്കേട്ടു ജാംബവാൻ
പറയുന്നു. ഹെ അംഗദാ! നിണക്കു ചെറുപ്പമാണ്. നീ എന്ത
റിയും. നിന്റെ ചെറിയച്ഛനോടുകൂടി സ്വജനങ്ങളെ കുലകൊടു
പ്പാനൊ നീ ഒരുങ്ങുന്നതു താരക്കു നീ ഒരു മകനെ ഉള്ളു. വൃഥാ
വിൽ മരിക്കേണമെന്നില്ല. രാമൻ ജയിച്ചാലും രാവണൻ ജയി
ച്ചാലും നമുക്കെന്തൊന്നാണ് വരുവാനുള്ളത്. ഇന്ദ്രജിത്തിന്റെ
അസ്ത്രങ്ങൾ ഏററ പുണ്ണും വടുക്കളും ഇനിയും ശമിച്ചിട്ടുണ്ടൊ.
അതു നിണക്കു തന്നെ ദൃഷ്ടാന്തമല്ലെ. രാമലക്ഷ്മണന്മാരും നമ്മു
ടെ മാരുതിയും അവരവരുടെ പ്രാണനെ രക്ഷിപ്പാൻ നോക്കുകയ
ല്ലാതെ നമ്മെ അവർ രക്ഷിക്കുമെന്നു തോന്നുന്നില്ല. കുംഭകർണ്ണൻ
എന്റെ മകനേയും രണ്ടുവെള്ളം വാനരങ്ങളേയും പിടിച്ചു ഭക്ഷ
ണം ചെയ്യുമ്പോൾ രക്ഷിപ്പാൻ ആരെങ്കിലും ഉണ്ടായിരുന്നുവൊ?
അങ്ങിനെയുള്ള കുംഭകർണ്ണൻ ഈ രാക്ഷസന്മാരിൽ ഒരുവനൊ

പല്ലിന്നിടയുണ്ടോ? പത്തു ശിരസ്സുള്ള രാവണനെ വധിപ്പാൻ ഇതുവരെ സാധിച്ചിട്ടില്ലാത്തതു നമുക്കു അനുഭവമല്ലെ. ഈ രാക്ഷസന്മാരെ നീ കണ്ടില്ലെ. ഓരോരുത്തന്നു ഒരുനൂറ ശിരസ്സു ഇരുനൂറ കരം. അഞ്ഞൂറ ശിരസ്സു ആയിരം കരം. ആയിരം ശിരസ്സ് രണ്ടായിരം കരം. അയ്യായിരം ശിരസ്സു പതിനായിരം കരം. മാലിയെന്ന രാക്ഷസനേയും അവന്റെ രാജ്യഭാരകാലത്തേയും ഞാനറിയും. മാല്യവാനേയും അവന്റെ ഭുജശക്തിയേയും ഞാനറിയും. കാലനേമിയേയും ഹിരണ്യൻ ഹിരണ്യാക്ഷനേയും ഹാലാഹലമെന്ന കാളകൂടവിഷത്തെയും മധുകൈടഭന്മാരേയും അവർ പ്രളയജലം തച്ചുകലക്കി നടന്നതിനെയും ഞാൻ കണ്ടറിയും. ആ പറയപ്പെട്ട ബ്രഹ്മദത്തവരപ്രതാപികൾക്കൊന്നും ഇവരുടെ ശക്തിയിൽ ശതാംശം ശക്തിയില്ല. ആയതുകൊണ്ടു നീയും മടങ്ങുകത്. നമുക്കു വനത്തിൽചെന്നു കായ്കനികളെ ഭക്ഷിച്ചു സൌഖ്യമായിരിക്കുന്നതാണ് നല്ലതു്. എന്നതിനെക്കേട്ടു അംഗദൻ, അല്ലയോ ജാംബവരാജ! നിന്തിരുവടി പറയപ്പെട്ട മാലിയേയും കാലനേമിയേയും ഹിരണ്യഹിരണ്യാക്ഷന്മാരേയും മധുകൈടഭന്മാരേയും വധിച്ചതാരാണെന്നു നിന്തിരുവടി ആലോചിച്ചുപറയുക. എന്നു പറഞ്ഞതിനെക്കേട്ടു ജാംബവാൻ പറയുന്നു. ഹെ അംഗദ! അവരെയെല്ലാം ശ്രീനാരായണസ്വാമിയാണ് കൊല ചെയ്തത്. അതു ഞാൻ കണ്ടവനാണ് എന്നു മരവടി പറഞ്ഞതിനെക്കേട്ടു അംഗദൻ പറയുന്നു. അല്ലയോ ജാംബവരെ! ഈ രാമസ്വാമി ആരാണെന്നാണ് നിന്തിരുവടി ആലോചിക്കുന്നത് എന്നു പറഞ്ഞതിനെക്കേട്ടു ജാംബവാൻ, ഓഹോ അംഗദ! കാര്യം പിഴച്ചുപോയി. ഈ രാമസ്വാമി ശ്രീനാരായണനാണെന്നു ഞാൻ ആലോചിയാതെയാണ് ഈ അബദ്ധവാക്കുകളെല്ലാം പറഞ്ഞത്. സ്വാമിക്കു ഈ രാക്ഷസന്മാർ ഒരു തൃണപ്രായമാണെന്നും ജാംബവാൻ മൂത്ത് നരച്ചു കൊരച്ചു എന്നല്ലാതെ എന്റെ പരമാർത്ഥമറിവാൻ സമർത്ഥനായില്ലല്ലോ എന്നും സ്വാമി വിചാരിക്കുന്നതു കൂടാതെ മേലിൽ സ്വാമിയുടെ മുഖത്തെ എങ്ങിനെയാണ് വന്നു കാണേണ്ടതെന്നാലോചിച്ചു അംഗദാ ഞാൻമെല്ലെ പടയിടയിൽ

ന്നു കൂടിക്കൊള്ളാമെന്നു പറഞ്ഞു മടങ്ങി പടയിടയിൽ വന്നുകൂടിയ വിവരം അംഗദൻ സ്വാമിയെ അറിയിച്ചു.

രാവണന്റെ മൂലബലങ്ങൾ യുദ്ധത്തിന്നു വരുന്നതിനെക്കണ്ടു സ്വാമിയോടു ലക്ഷ്മണൻ, ശരണം സ്വാമിൻ! ഈ രാക്ഷസന്മാരോടു അടിയൻ യുദ്ധം ചെയ്തു ജയിക്കാം. തിരുവടിയെ യുദ്ധത്തിന്നയച്ചു ആയതു കണ്ടു നില്പാൻ അടിയന്നു ധൈര്യമില്ല. അടിയനെ അയപ്പാൻ തിരുവടിക്കു ധൈര്യമില്ലായെങ്കിൽ ഞങ്ങൾ പലരുംകൂടി അവരോടു യുദ്ധം ചെയ്തു ജയിക്കാം. എന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ പറയുന്നു. ഹേ ലക്ഷ്മണാ! നീ അങ്ങിനെ കരുതേണ്ട. ഈ ബ്രഹ്മാണ്ഡത്തിലുള്ള ദേവാസുരരാക്ഷസന്മാർ ഒരുമിച്ചുകൂടി യുദ്ധത്തിന്നു എന്നോടു നേരിട്ടാൽ ദാശരഥിയായ ഞാൻ വില്ലെടുത്താൽ അഗ്നിയിൽ വീണ ശലഭങ്ങൾ കണക്കെ അവരൊക്കെയും നശിക്കുന്നതല്ലാതെ എന്നെ ഒരുവൻ ജയിക്കയെന്നു നീ സ്വപ്നേപി ആലോചിക്കരുത്. എന്നാൽ ഇപ്പോൾ നേരിടുന്ന യുദ്ധത്തിൽ സുഗ്രീവാദികളായ പടകൾ എല്ലാം വേണമെന്നില്ല. ഞാൻ മാത്രം യുദ്ധംചെയ്താൽ മതി. നീ ചെയ്യേണ്ടതു എന്തെന്നുവെച്ചാൽ പടകൾ ഭിന്നം വരാതെകണ്ടു കാത്തു രക്ഷ ചെയ്തുകൊള്ളുക. എന്നു പറഞ്ഞു ലക്ഷ്മണനെ പടകളെ കാത്തു നില്പാൻ അയച്ചതിന്നശേഷം ഭഗവാൻ വില്ലെടുത്തു യുദ്ധം തുടങ്ങുകയും ഓരോരോ രാക്ഷസന്മാർ യുദ്ധത്തിൽ ഭഗവാന്റെ ശരമേററു മരിക്കുന്നതിനെ മാല്യവാൻ കണ്ടു മൂലബലങ്ങളോടു പറയുന്നു. എടോ രാക്ഷസന്മാരെ! ഇങ്ങിനെ യുദ്ധം ചെയ്താൽ നിങ്ങൾ ജയിപ്പാൻ പ്രയാസമാണ്. രാമൻ ഒരുവൻ മാത്രമേയുള്ളു. നിങ്ങൾ അസംഖ്യം പടകളുണ്ട് ആയതുകൊണ്ടു രാമന്റെ നാലു ഭാഗത്തും ചേന്നു അവന്റെ മേലിൽ വീഴുവിൻ എന്നാൽ അവൻ മരിച്ചുപോകും. അല്ലാതെ വേറെ മാൎഗ്ഗമില്ല എന്നു പറഞ്ഞതിനെക്കേട്ടു നല്ല യുക്തിയാണ് കിഴവന്റെ വാക്കു എന്നു നിശ്ചയിച്ചു ഭഗവാന്റെ നാലു ഭാഗത്തും ചെന്നു മേലു വീഴുവാൻ ശ്രമിച്ചപ്പോൾ ഭഗവാൻ ഒരു മോഹനാസ്ത്രം തൊടുക്കുകയും അതു പെട്ടു രാക്ഷസന്മാർ തമ്മിൽ അന്യോന്യം അതാ രാമൻ ഇതാ രാമൻ എ

ന്നു കരുതി അടിച്ചു ആയിരം വെള്ളം പടകളും മരിക്കുന്നതിന്നിടയിൽ രാവണൻ ഇതു കണ്ടു കോപം ഒരു മാൎഗ്ഗമായി രാമനറിയാതെ വന്നു തൻറ കയ്യിലുള്ള ശക്തിയാൽ ലക്ഷ്മണനെ കൊല്ലപ്പെടുത്തുവാൻ ഉദ്യോഗിച്ചതിനെ വിഭീഷണൻ സുഗ്രീവൻ മുതലായവരെല്ലാം കണ്ടു യുദ്ധം ഞാൻ ഏറ്റുകൊള്ളാമെന്നു പറഞ്ഞതിനെ ലക്ഷ്മണൻ സമ്മതിയാതെ രാവണൻറ വേൽ തൻറ വക്ഷസ്ഥലത്തിൽ ഏല്ക്കുകയും ഹനുമാൻ രാവണനെ കുത്തിത്തുരത്തുകയും ഉടനെ ഉദയാദ്രിയിൽ ചെന്നു ഔഷധം കൊണ്ടുവന്നു ലക്ഷ്മണൻറ മോഹാലസ്യം തീൎത്തു രാമസ്വാമി സമീപത്തിങ്കലേക്കു വരികയും ചെയ്തു. സ്വാമി ലക്ഷ്മണനെക്കണ്ടു പടകളെ രക്ഷിപ്പാൻ പോയതിൽ വല്ല വിശേഷവുമുണ്ടോ എന്നു ചോദിച്ചതിനെക്കേട്ടു വിഭീഷണൻ പറയുന്നു. സ്വാമിൻ ദ്രോഹിയായ രാവണൻ നിന്തിരുവടി അറിയാതെ വന്നു ലക്ഷ്മണൻറ മേൽ വേൽ എറിഞ്ഞതിനെ അടിയൻ മുതൽ സകല പേരും വഹിപ്പാനായി ശ്രമിച്ചപ്പോൾ ലക്ഷ്മണൻ സമ്മതിയാതെ താൻ തന്നെ വഹിച്ചു മോഹാലസ്യപ്പെട്ടു വീഴുകയും ഹനുമാൻ ഔഷധം കൊണ്ടുവന്നു ലക്ഷ്മണൻറ മോഹാലസ്യം തീൎക്കുകയും ചെയ്തു. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. ഹേ സൌമിത്രേ! പടകളെ രക്ഷിക്കേണ്ടതു ഇപ്പോഴും അപ്രകാരമാണ്. തനിക്കു ഒരാപത്തു നേരിട്ടാലും തന്നെ ആശ്രയിച്ചവരെ രക്ഷിക്കുന്നതാണ് മാനവസ്മൃതിയിലെ ധൎമ്മം എന്നു സന്തോഷിച്ചു വിഭീഷണനെ വിളിച്ചു മൂലബലങ്ങൾ മരിച്ചു യുദ്ധകളം പോയി നോക്കി മടങ്ങുക എന്നതിനെ കേട്ടു വിഭീഷണനും സുഗ്രീവനും പടകളും കണ്ടു അത്ഭുതപ്പെട്ടു വിഭീഷണൻ പറയുന്നു. അല്ലയോ സുഗ്രീവ! ഭഗവാൻറ കരകൌശലം അത്ഭുതം തന്നെ. എൻറ ജ്യേഷ്ഠൻ പണ്ടു വരുണനെ ജയിച്ചു കാലത്തു വരുണൻ കപ്പമായി കൊടുത്ത കുതിരകളാണ് ഈ പതിനായിരം ഈ വെളുത്ത നിറത്തിൽ നിരനിരയായി മരിച്ചു കിടക്കുന്നത്. അതാ തലയറ്റു കിടക്കുന്ന പന്തീരായിരം മത്തഗജങ്ങൾ വായുവെ ജയിച്ച കാലത്തിൽ വായു കപ്പം കൊടുത്തതാണ്. അതാ തകൎന്നു കിടക്കുന്ന പതിനായിരം രഥങ്ങൾ നിരൃതിദേവൻ

കൊടുത്തതാണ്. ഈ നീലനിറത്തിലുള്ള ഇരുപതിനായിരം അ
ശ്വങ്ങൾ ജ്യേഷ്ഠനു വൈശ്രവണൻ കൊടുത്തിട്ടുള്ളതാണ്. ഭഗ
വാന്റെ അസ്ത്രങ്ങൾ ഏററു രാക്ഷസന്മാർ വീഴുകയും അസ്ത്രപാ
തേന രക്തം പ്രവഹിച്ച യുദ്ധക്കളം നിറഞ്ഞു പ്രവഹിക്കുകയും
അതിൽ ശവ ശരീരങ്ങൾ പൊന്തുകയും അവരുടെ കിരീടങ്ങളും
കുട തഴ ആലവട്ടം ചാമരങ്ങളെല്ലാം രക്തത്തിൽ പാറിക്കിടക്കുക
യും കാക്ക കഴുക്കൾ ശവങ്ങളുടെ മേൽ ഇരുന്നു നേത്രങ്ങളെ കൊ
ത്തി വലിക്കുമ്പോൾ പക്ഷപുടങ്ങളിലുള്ള വായുസംഘട്ടനത്താൽ
തിരഘോഷങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. പക്ഷികൾ തങ്ങളു
ടെ ക്രൂരതുണ്ഡങ്ങളാൽ മാംസഖണ്ഡങ്ങളെ കൊത്തി മേല്പോട്ടു
പറക്കുന്ന സമയം പക്ഷപുടങ്ങളിൽനിന്നു രക്തകണങ്ങൾ വീഴു
കയും ചെയ്യുന്നു. ഇതുകളെയെല്ലാം കൂടി നോക്കുമ്പോൾ ഈ യു
ദ്ധക്കളം ഒരു രക്തസാഗരത്തിന്നു ശരിയായിരിക്കുന്നു. ഈ രക്ത
സാഗരത്തിൽ രാമസായകമേററ് ചെന്താമരപുഷ്പത്തിന്നു തുല്യ
മായി പൊങ്ങി വരുന്ന ചില ജന്തുക്കളെ നോക്കുക ചിതറിക്കിട
ക്കുന്ന അനേകം കുണ്ഡലങ്ങളെ നോക്കുക. സമുദ്രത്തിൽ മീനു
മത്സ്യപ്പരലാട്ടംപോലെ ഈ രക്തസാഗരത്തിൽ അനേക രഥങ്ങ
ളെ പിശാചുക്കൾ ഓട്ടുന്നതു നോക്കുക. സമുദ്രത്തിൽ തിമിംഗല
മെന്ന മകരമത്സ്യം സഞ്ചരിക്കുമ്പോലെ തലയററതും വാലററതു
മായ മത്തഗജങ്ങൾ മുങ്ങിപ്പോകുന്നതിനെ നോക്കുക. കൂത്തര
ങ്ങിൽ വന്നു നടിക്കുന്ന നട്ടുവന്മാരെപ്പോലെ കബന്ധങ്ങൾ നൃത്തം
ചെയ്യുകയും അതുകളെക്കണ്ടു ഭൂതങ്ങൾ കൈ കൊട്ടി ആർക്കുന്നതി
നെയും നോക്കുക. ബാലചന്ദ്രൻ ത്രിസന്ധ്യാസമയത്തു പ്രകാശിച്ച
തുപോലെ ഈ രക്തസാഗരത്തിൽ പൊങ്ങിക്കിടക്കുന്ന ആന
ക്കൊമ്പുകളെ നോക്കുക. പുരുഷന്മാർ ദന്തശുദ്ധി ചെയ്തു കുലുക്കു
ഴിയുമ്പോലെ കാളിക്കൂളികൾ രക്തം വായിൽ നിറച്ചു് അനന്തരം
തുപ്പുന്നതിനെ നോക്കുക. യുദ്ധകളമെന്ന വയലിലുള്ള, മാംസമെ
ന്ന ചേററിൽ; അസ്ത്രങ്ങളെന്ന ചിളകൾ ഒത്തുകിടക്കുന്ന അത്ഭു
തത്തെ നോക്കുക. തങ്ങളുടെ കണവന്മാരുടെ ശവങ്ങളെക്കൊ
ണ്ടോടുന്ന പിശാചുക്കളെ രാക്ഷസസ്ത്രീകൾ കണ്ടു എത്തിപ്പിടിപ്പു

നായി ആകാശംവരെയുയരുന്ന അത്ഭുതത്തെ നോക്കുക. വെറിയ കുട്ടിഭൂതങ്ങൾ ആനകളുടെ തലയെടുത്തു മുട്ടിപ്പൊളിക്കുന്നതു ഗണപതിക്കു നാളികേരം മുട്ടുന്നതുപോലെയുള്ള അതിശയത്തെ നോക്കുക. അംഗനാരത്നങ്ങളായ രംഭ ഉർവ്വശ്യാദികളുടെ കൂത്തു കാണുന്നതുപോലെയിട്ടു പേയ്പിശാചുക്കളുടെ കൂത്തു കാണേണ്ടിവന്നുവല്ലൊ എന്നു കിഴവികൾ വന്നു മാറത്തടിച്ചു കരയുന്നതിനെ നോക്കുക. ഇതു കണ്ടു അതിശയിച്ചു വിഭീഷണൻ സുഗ്രീവനോടുകൂടി രാമസ്വാമിയുടെ അടുക്കൽ വന്നു നമസ്കരിച്ചുനിന്നു. അനന്തരം മാല്യവാൻ രാവണന്റെ അടുക്കൽ വന്നു ഹേ രാവണ! മേലിൽ നിന്റെ ഭാവം എന്താണ്. ആയിരം വെള്ളം മൂലബലങ്ങളും നശിച്ചതു നീ കണ്ടില്ലയോ. ലങ്കയിൽ ഇനി സ്ത്രീകൾ മാത്രമല്ലാതെ പുരുഷവർഗ്ഗങ്ങൾ ആരെങ്കിലുമുണ്ടോ. എന്നുതന്നെയല്ല രാമനു നിന്നോടുള്ള യുദ്ധം ഒരു പിള്ളക്കളിയാണ്. എടാ നിന്നെ ജയിച്ച ബാലിയെ ഏകാസ്ത്രത്താൽ കൊല ചെയ്തതു നിനക്കു അനുഭവമല്ലേ. എടാ ധർമ്മമെ ജയിക്കു എന്നല്ലാതെ അധർമ്മം ഒരു കാലത്തും ജയിക്കുമൊ. യുദ്ധം ചെയ്വാൻ നിന്നാൽ സാധിക്കുന്നതല്ല. മരിച്ചവർക്കുള്ള ശേഷക്രിയ ചെയ്വാൻ നോക്കുക. നീ ഇത്ര വിഡ്ഢിയായല്ലൊ. കർമ്മമെന്നെ പറയേണ്ടതുള്ളൂ. വീരവേൽവിട്ടു എന്നും ലക്ഷ്മണൻ പെട്ടു എന്നും എന്തിനു വീമ്പു പറഞ്ഞു നടക്കുന്നു. മാരുതിയുടെ ഔഷധത്താൽ ലക്ഷ്മണൻ ജീവിച്ചതു കണ്ടില്ലയൊ. എടാ രാവണ, വിഭീഷണൻ കുംഭകർണ്ണൻ പറഞ്ഞതു ശരിയായി. ജാനകിയെ വിടുന്നതായിരുന്നു നല്ലതു. ഇനി വിട്ടാലെന്താ വിടാഞ്ഞാലെന്താ സർവ്വവും തപ്പുന്നമായില്ലെ എന്നതിനെക്കേട്ടു രാവണൻ ഒന്നും പറയാതെ ഇരുന്നു. അനന്തരം മൂലബലം നശിച്ചതിനെപ്പറ്റി അത്യന്തം വ്യസനിച്ചു രാവണൻ ആയിരം അശ്വങ്ങൾ പൂണ്ട മഹാരഥമേറി ലോകം നടുങ്ങുമാറു ഭേരിയടിച്ചു പുറപ്പെടുന്ന അവസരത്തിൽ ഭേരിശബ്ദം കേട്ടു മഹോദരൻ വന്നു രാവണനെ വണങ്ങിപ്പറയുന്നു. ശരണം പ്രതാപലങ്കേശ്വര. നിന്തിരുവടി യുദ്ധത്തിനു പോകേണമെന്നില്ല. അടിയൻ ചെന്നു രാമനെ ജയിച്ചുവരാം. എന്നാൽ ഇതു

വരെ അടിയൻ നിന്തിരുവടിയുടെ മന്ത്രിയായിരുന്നതിൽ മനസാ വാചാ കർമ്മണാ വല്ല തെറ്റവ്യത്യാസങ്ങൾ ചെയ്തിട്ടുണ്ടെന്നുവരികിൽ ആയതുകളെ ക്ഷമിപ്പാൻ അങ്ങയുടെ പാദത്തിൽ ഇതാ നമസ്കരിക്കുന്നു. ഒരു സമയം അടിയൻ മരിച്ചുപോയാലും ജാനകിയെ വിടരുത്. ആദ്യത്തിൽ നിന്തിരുവടി തന്ന മുദ്രമോതിരവും കനകവലയക്കൂട്ടം ഇതാ വെച്ചു നമസ്കരിക്കുന്നു. നിന്തിരുവടിക്ക ഇത്ര മന്ത്രികളും പുത്രന്മാരും സൈന്യങ്ങളും ഉണ്ടായിരുന്നും അങ്ങയുടെ അന്തരാർത്ഥം മനസ്സിലാക്കുവാൻ അവരാരും കഴിഞ്ഞില്ലല്ലോ. ഇനി ഞങ്ങളുടെ ശോകമോഹാദികളെ അധികകാലം ഒരിക്കൽ കാണ്മാൻ സമയം വൃഥാ കളയരുത്! ഇതാ രാമനോട്ട യുദ്ധത്തിന്ന പോകുന്നു. എന്നു പറഞ്ഞു മഹോദരൻ ഘോരമായി യുദ്ധക്കളത്തിൽ വരികയും വിഭീഷണൻ രാവണന്റെ പ്രധാനമന്ത്രിയായ മഹോദരനാണ് ഇവൻ. രാവണനു ഇത്രയും കളയ അനർത്ഥങ്ങളെ ഇവനാണ് അനുഭവിപ്പിച്ചത്. എന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ വില്ലെടുത്തു യുദ്ധത്തിന്നു വരികയും മഹോദരൻ രാമ! കാര്യമെല്ലാം ശരിയായില്ലേ. ഇനി നിണക്ക ഒത്തവണ്ണം എന്നു പറഞ്ഞു അനന്തരം ദിവ്യസായകങ്ങളെ തമ്മിൽ അന്യോന്യം പ്രയോഗിച്ചു അവസാനം മഹോദരനെ വധിക്കുകയും ചെയ്തു. അതു കണ്ടു നില്ക്കുന്ന ഇന്ദ്രാദിദേവന്മാർ ഭഗവാനെ പുഷ്പവൃഷ്ടി ചെയ്തു. മഹോദരൻ മരിച്ച വിവരം രാവണൻ അറിഞ്ഞു തന്റെ പത്നിയായ മണ്ഡോദരിയെ വിളിച്ചു സമീപത്തിൽ ഇരുത്തി, അല്ലയോ പത്നി! ഈ ലങ്കയിൽ ഞാനും നീയും ഒഴികെ ബാക്കി സ്ത്രീകളുമല്ലാതെ പുരുഷവർഗ്ഗങ്ങളെല്ലാം കാലഗതിയെ പ്രാപിച്ചു. കാരണം സീത നിമിത്തമാണ്. ആയതുകൊണ്ടു മേലിൽ നിന്റെ അഭിപ്രായം പോലെ ആവാം. സീതയെ രാമൻ പക്കൽ കൊടുത്താൽ ജീവൻ ശേഷിക്കും. അല്ലായെങ്കിൽ മാനം ശേഷിക്കും. രണ്ടിൽ ഏതു പക്ഷമാണ് വേണ്ടതു പറയുക എന്നതിനെ കേട്ടു മണ്ഡോദരി പറയുന്നു. അല്ലയോ കണവ! ജാനകിമേലിലുള്ള മോഹം തീർന്നുവോ. ഈ ഒരു സംവത്സരത്തിന്നുള്ളിൽ പലേ അവസരങ്ങളും എന്നോടു ആലോചിപ്പാനുണ്ടായിരുന്നു. നിന്തി

കുവടിയുടെ അനുജൻ, എന്റെ മകൻ ഇന്ദ്രജിത്ത്, ധന്യമാലയുടെ പുത്രൻ അതികായൻ, ഇങ്ങിനെയുള്ളവരെ ഇനി കാണ്മാൻ സാധിക്കുമൊ? അനുജനായ വിഭീഷണൻ പറഞ്ഞ വാക്കുകളെല്ലാം ശിലാരേഖപോലെ ആയില്ലയൊ. ഇന്ദ്രജിത്തു എപ്പോൾ മരിച്ചുവൊ അപ്പോൾ നിന്തിരുവടി മരിച്ചു ഫലമാണ്. കിഴവനായാലും മാല്യവാൻ നിന്തിരുവടിയോടു എത്ര തരത്തിലൊക്കെപ്പറഞ്ഞു നോക്കി. നിന്തിരുവടി മേലിൽ എന്തിന്നു ലങ്കാവാസം ചെയ്യുന്നു. ഇപ്പോൾ ജാനകിയെ വിട്ടാലുള്ള ഗുണം എന്താണ്. രാവണൻ മരണംവരെ ഉശിര് വിട്ടില്ല. എന്നെങ്കിലും ജനങ്ങൾക്കു തോന്നട്ടെ. മാനമില്ലാത്ത പ്രവൃത്തിക്കു ഉത്സാഹിക്കുന്നതെന്നില്ല. ആഭിജാത്യം വിടുന്നതിനേക്കാൾ പ്രാണൻ വിടുന്നതല്ലെ നല്ലതു. ഞാൻ അനുഭവിക്കേണ്ട കർമ്മം വേറെ ആരും അനുഭവിക്കുമൊ. നരിമടയിൽ കുറുക്കൻ നിരങ്ങരുത്. എന്നതിനൊക്കെ രാവണൻ പറയുന്നു. ഹെ പ്രിയെ! നിന്റെ അന്തർഗ്ഗതം അറിവാൻവേണ്ടി ചോദിച്ചതാണ്. ജാനകിയെ വിട്ടു ഞാനൊ രാമനെ വണങ്ങുന്നവൻ? നീ ഗൃഹം പ്രവേശിക്കുക. ഞാൻ യുദ്ധത്തിന്നു പോകുന്നു എല്ലാം ഈശ്വരകല്പനപോലെയിരിക്കും. എന്നു പറഞ്ഞു മണ്ഡോദരിയെ അയച്ചു.

## രാവണവധം

### കവി.

വെള്ളരുക്കഞ്ചൊടെമുടിയാൻ വെപ്പെട്ടത്തിരുമേനിമേലുകിഴം
എള്ളിരുക്കുമിടമെൻറിളയിരിക്കത്തെനത്തേടിയ്യൈത്ത വരാമെ
കള്ളിരുക്കമലർക്കുന്തൽചാനകിയെമനച്ചിറയിൽവൈത്തകാതൽ
ഉള്ളിരുക്കുമെനത്തേടിഉടൽപുകുന്തുതടവിയതേഒരുവൻവാളി.

രാവണൻ ആയിരം അശ്വങ്ങൾ പൂണ്ട മഹാരഥമേറി ഇരുപതു കയ്യിൽ പത്തു വില്ലെടുത്തു ശിലാബാണപാണിയായി പുറപ്പെട്ടപ്പോൾ നേരിട്ട അപശകുനങ്ങളായി രാവണന്റെ ഇടത്തുവശമുള്ള ഭുജവും നേത്രവും പുരികവും മിടിക്കുകയും രഥത്തിൽ കെട്ടിയ കുറകൾ അററുവീഴുകയും വസ്ത്രത്തിൽ അഗ്നി ബാധിക്കു

കയും സൂൎയ്യന്നു പരിവേഷമുണ്ടാകുകയും കാക്കകൾ തമ്മിൽ ശണ്ഠപിണഞ്ഞു വീണു മരിക്കുകയും പടകൾക്കു മോഹം വശമല്ലാതെ വരികയും ബ്രാഹ്മണൻ ദക്ഷിണക്കുനേരിടുകയും വിധവസ്ത്രീ തലമെടുത്തു വരികയും അശ്വങ്ങളുടെ വായിൽനിന്നു രക്തകട്ടകൾ ചാടുകയും ഇങ്ങിനെയുള്ള ശകുനദൂഷ്യങ്ങളെക്കണ്ടു ഇനി മടങ്ങാതെ കഴിയും എന്നു സങ്കല്പിച്ചു യുദ്ധക്കളത്തിൽ വന്നുചേൎന്നു. അതുകണ്ടു ദേവേന്ദ്രൻ തന്റെ സാരഥിയായ മാതലിയെ വിളിച്ചു പറയുന്നു. ഹെ മാതലെ! സൎവ്വേശ്വരനായ രാമസ്വാമിയോടു യുദ്ധം ചെയ്വാനായി രാക്ഷസരാജാവായ രാവണൻ ആയിരം അശ്വങ്ങളെപ്പൂണ്ട മഹാരഥമേറി യുദ്ധകളത്തിൽ വന്നിരിക്കുന്നു. ആയതുകൊണ്ടു ഇന്നക്കു രാമരാവണയുദ്ധം നടക്കുന്നതാണ്. രാവണൻ രഥത്തിലും ഭഗവാൻ ഭൂമിയിലും നിന്നു യുദ്ധം ചെയ്യുന്നതായാൽ യുദ്ധത്തിന്നു പുഷ്ടി വരുന്നതല്ല. ആയതുകൊണ്ടു ഈ രഥത്തിനെ നീ കൊണ്ടുപോയി ഭഗവാനോടു പരമാൎത്ഥങ്ങളെയെല്ലാം ഗ്രഹിപ്പിച്ചു മനസ്സറിഞ്ഞു രഥം നടത്തുക. എന്നതിനെക്കേട്ടു മാതലി രഥത്തെ നടത്തി ലങ്കയിൽ ഭഗവാന്റെ അടുക്കലേക്കു വരുന്നതു കണ്ടു വിഭീഷണനെ വിളിച്ചു ഭഗവാൻ, ഹെ ലങ്കേശ്വര! നമ്മുടെ നേരിട്ടു ഒരു രഥം വരുന്നതിനെ നോക്കുക. രാക്ഷസന്മാരുടെ മായാധിക്യമായിരിക്കുമോ, നോക്കിപ്പറയുക. എന്നു പറഞ്ഞതിനെക്കേട്ടു വിഭീഷണൻ രഥത്തിന്റെ സമീപം വരികയും രഥത്തിൽ കെട്ടിയിരുന്ന അശ്വങ്ങൾ വേദങ്ങളെ ഉച്ചരിക്കുന്നതിനെക്കണ്ടു ദേവരഥമാണെന്നു മനസ്സിലാക്കി ഭഗവാനോടു പറയുന്നു. ശരണം രാമചന്ദ്ര! രാക്ഷസന്മാരുടെ വിദ്യയല്ല. ഈ രഥം ഇന്ദ്രനാൽ അയക്കപ്പെട്ടതാണെന്നു പറഞ്ഞതിനെക്കേട്ടു നില്ക്കെ മാതലി ഭഗവാനെ നമസ്കരിച്ചു വിനയാന്വിതനായി നിന്നു. അതു കണ്ടു ഭഗവാൻ മാതലിയോടു, ഹേ വീര! നീ ആരാണ്? എവിടെ നിന്നു വരുന്നു. ഈ രഥം ആരുടേതാണ്. ഇവിടേക്കു വന്ന കാൎയ്യമെന്ത്? എന്നു ചോദിച്ചതു കേട്ടു മാതലി ശരണം സ്വാമി! ഈ രഥം ദേവരഥമാണ്. ഇന്ദ്രന്റേതാണ്. അടിയൻ സാരഥിയാണ്. മാതലി എന്നാണ് എന്റെ നാമം.

പ്രളയകാലത്തു ചതുൎവ്വിധമായ അഗ്നി കത്തി ജ്വലിച്ചു എല്ലാ വസ്തുക്കളും നശിക്കപ്പെട്ടും. അന്നും ഈ രഥത്തിന്നു നാശമില്ല. ഈരേഴുപതിന്നാലു ലോകത്തിലും പക്ഷികളെപ്പോലെ സഞ്ചരിക്കും. അഗ്നിയിലും ജലത്തിലും പൎവ്വതാഗ്രങ്ങളിലും എവിടെവിടെ പോകേണമെങ്കിലും മനസ്സറിഞ്ഞു രഥം നടക്കും. ഇതു പണ്ടു ത്രിപുരന്മാരെ വധിപ്പാനായിക്കൊണ്ടു ദേവകളാൽ നിൎമ്മിക്കപ്പെട്ടതാണ്. എന്നതിനെക്കേട്ടു ഭഗവാൻ സന്തോഷിച്ചു രഥത്തിൽ ആരോഹിച്ചു രാവണൻ മുന്നിൽ വന്നുനിന്നു വില്ലിനെ ആകൎണ്ണാന്തം വലിച്ചു ഞാണൊലിക്കൊണ്ടു രാവണൻ പറയുന്നു. ഹേ രാമ! ഇന്നു രാമരാവണയുദ്ധമാണ്. അതു കാണ്മാനായി ഗഗനചാരികളായ ഇന്ദ്രാദിദേവന്മാർ അതാ അന്തരത്തിൽ നിരന്നിരിക്കുന്നു. രാമനല്ലയെങ്കിൽ രാവണൻ ഭൂമിയിൽ വസിക്കും. രണ്ടു പേരുംകൂടി മേലിൽ ഭൂലോകവാസമില്ല. എന്നതിനെക്കേട്ടു രാമൻ പറയുന്നു. അല്ലയോ രാവണ! അങ്ങിനെതന്നെയാണു വേണ്ടതു്. നീ ഇരുപതു കരത്തിൽ പത്തു വില്ലെടുത്തു യുദ്ധം ചെയ്യും. രാമൻ രണ്ടു കരത്തിൽ മാത്രമേ വില്ലെടുത്തു യുദ്ധം ചെയ്യുകയുള്ളു. തന്നിമിത്തം രാമരാവണയുദ്ധത്തിന്നു പുഷ്ടി വരുന്നതല്ലെന്നു നിണക്കൊരു അഭിമാനമുണ്ടു്. അതു സാരമില്ല. കാരണം, ഞാനും നീയുമായുള്ള പ്രഥമയുദ്ധത്തിൽ മനസ്സിലാക്കിയതു ഇത്ര വേഗം മറന്നുപോയോ. മലയെ ഭേദിപ്പാൻ ഒരു ഉളി മതിയാവും. ഓൎമ്മവെക്കുക. എന്നതിനെക്കേട്ടു രാവണൻ പറയുന്നു. ഹേ മനുഷ്യ! കൃമികീടസദൃശനായ നിണക്കു എന്റെ പേരിൽ ഒരു ഹാസ്യമുണ്ടു്. അതെന്തെന്നുവെച്ചാൽ, പ്രഥമയുദ്ധത്തിൽ രാവണൻ തോററുപോയവനാണ്. ഇനി എന്നോടു യുദ്ധം ചെയ്യാൽ രാവണൻ ജയിക്കുമോ, സാരമില്ല. എന്നുള്ള പരിഹാസത്തെ ഇന്നത്തോടുകൂടി അവസാനിപ്പിച്ചുതരാം. പ്രഥമയുദ്ധം പോലെ ആവും ഇന്നത്തെ യുദ്ധവും എന്നുള്ള അഹങ്കാരത്തെ മാററിയല്ലാതെ രാവണൻ വില്ലു വെക്കുമെന്നു ഒരു കാലത്തും കരുതേണ്ട. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. എടാ രാവണ! നീ അമ്പതുലക്ഷം സംവത്സരമായി സജ്ജനങ്ങളെ ഉപദ്രവിപ്പാൻ

തുടങ്ങീട്ട്. നിന്നെ അടക്കുവാൻ ഇതുവരെ ആരും ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല പ്രഥമയുദ്ധത്തിൽ നിന്നെ കൊല ചെയ്യേണ്ടതായിരുന്നു. പക്ഷെ അന്നു വധിക്കാതിരിപ്പാൻ കാരണം, നിനക്കു സമൎത്ഥന്മാരായ പുത്രന്മാരും അനുജന്മാരും അനേകം സൈന്യങ്ങളും ഉണ്ടെന്നു കേട്ടിട്ടുണ്ടായിരുന്നതിനാലും ആദ്യം നീ മരിച്ചാൽ അനന്തരം അവരെല്ലാം വന്നു എന്റെ അടുക്കൽ ശരണം പ്രാപിക്കുമെന്നും അപ്പോൾ അവരെ രക്ഷിക്കേണ്ടിവരുമെന്നും കരുതിയും നിന്റെ കുടുംബങ്ങൾ എല്ലാവരും മരിക്കുന്നതിനെക്കണ്ടു നീ ദുഃഖിച്ചു ഒടുവിൽ നിന്നെ വധിക്കേണമെന്നു കരുതി നിന്നെ വിട്ടയച്ചതാണ്. അസംബന്ധങ്ങളെ പറഞ്ഞിട്ടു ഫലമില്ല വില്ലെടുത്തു യുദ്ധം തുടങ്ങുക. എന്നു പറഞ്ഞു വില്ലെടുത്തു യുദ്ധം തുടങ്ങുകയും തമ്മിൽ വായവ്യാസ്ത്രം, വരുണാസ്ത്രം, ഇന്ദ്രക്കണ, ചന്ദ്രക്കണ, പ്ലുതവിശിഖം, വജ്രവിശിഖം, മുള്ളമ്പു, മൊട്ടമ്പു, ആകാശകേസരി, പാതാളകേസരി, അണ്ടകടാകം, അണ്ഡാണ്ഡകടാകം; ഇരുൾക്കണ, വെളിക്കണ, ദേവാസ്ത്രം, അസുരാസ്ത്രം ഇങ്ങിനെ അസ്ത്രങ്ങൾ തൊടുത്തപ്പോൾ പ്രത്യസ്ത്രം തൊടുക്കുകയും അതുകണ്ടു രാവണൻ വാൾ, വളതടി, കണ്ടകോടാലി, മുസലം, മുൾക്കരം, നക്രതുണ്ഡം, ചക്രം, ഖഡ്ഗം, ചവളം, കുന്തം, ഈട്ടി, എഴുധാരം, നാന്മുനവേൽ, ചുരിക, കവണക്കൽ പിലിക്കുന്തം മുതലായ വരായുധങ്ങളെ പ്രയോഗിക്കുകയും അതുകളെയെല്ലാം ഭഗവാൻ ദിവ്യാസ്ത്രത്താൽ മുറിക്കുകയും അനന്തരം രണ്ടുപേരും ആകാശഭൂലോകപാതാളങ്ങളിൽ നടന്നു യുദ്ധം ചെയ്കയും മേരു മുതലായ പൎവ്വതങ്ങളിലും സപ്താൎണ്ണവങ്ങളിലും രഥം നടത്തി ചെയ്യു യുദ്ധം മലയോടുമല പൊരുതിയപോലെയും സാഗരങ്ങൾ തമ്മിൽ പൊരുതിയതുപോലെയും തമ്മിൽ യുദ്ധം ചെയ്തു രാവണൻ ക്ഷീണിച്ചു കുലഗുരുവായ ശുക്രനെ വിളിച്ചു പറയുന്നു. ശരണം ഗുരുശ്രേഷ്ഠ! രാമനോടുകൂടിയുള്ള യുദ്ധത്തിൽ ജയമില്ല. മേലിൽ രാമനെ ജയിപ്പാൻ മാൎഗ്ഗമെന്താണെന്നതിലേക്കു ശുക്രൻ പറയുന്നു. ഹെ രാവണ! നീ ഭയപ്പെടേണ്ട. നീ ഉടനെ ഒരു പാതാളവേൾവി ചെയ്യുക. എന്നാൽ അതിൽനിന്നു ഒരു കുതി

രയും വാളും ജനിക്കും. അവറകളോടുകൂടി യുദ്ധത്തിന്നു പോയാൽ
രാമനെ ജയിക്കാമെന്നു പറഞ്ഞപ്രകാരം രാവണൻ ഒരു ഗുഹ
യിൽ പ്രവേശിച്ചു വേൾവിക്ക ഒരുങ്ങിയപ്പോൾ തന്റെ പത്നി
യായ മണ്ഡോദരിയെ ഗുഹാമുഖത്തിൽ കാവൽവെച്ചു വേൾവി തുട
ങ്ങുകയും യുദ്ധമദ്ധ്യേ രാവണനെക്കാണാതെ വിഭീഷണനോടു രാ
വണനെവിടെയെന്നു നോക്കുകയെന്നു ഭഗവാൻ പറഞ്ഞതിനെ
കേട്ടു വിഭീഷണൻ തിരഞ്ഞു പരമാർത്ഥം മനസ്സിലാക്കി സ്വാമി
യോടു, ശരണം സ്വാമിൻ! രാവണൻ ഒരു ഗുഹയിൽ ഇറങ്ങി പാ
താളവേൾവി ചെയ്യുന്നുണ്ടു്. ആ വേൾവിയിൽനിന്നു ഒരു കുതി
രയും വാളും ഉത്ഭവിക്കും. ആ അശ്വത്തിൽ ആരോഹിച്ചു വാ
ളെടുത്തു യുദ്ധത്തിന്നു വന്നാൽ രാവണനെ ജയിപ്പാൻ പ്രയാസ
മാണ്. ആയതുകൊണ്ടു വേൾവിയെ മുടക്കേണം. എന്നതിനെ
കേട്ടു ഭഗവാൻ ഹനുമാനെ വിളിച്ചു്, മാരുതെ! നീ ചെന്നു രാ
വണന്റെ വേൾവി മുടക്കി മുടിപിടിച്ചുകൊണ്ടു വരികയെന്നുള്ള
കല്പനയും കൊടുത്തയക്കുകയും വിഭീഷണൻ രാവണനെക്കാണി
ച്ചുകൊടുക്കുകയും ഹനുമാൻ ചെന്നു രാവണന്റെ സമാധി എളു
ക്കുകയും സമാധി എളുകാത്തതു കണ്ടു ഗുഹാമുഖത്തിൽ കാവലിരി
ക്കുന്ന മണ്ഡോദരിയെ ഹനുമാൻ മുടിപിടിച്ചു വലിക്കുകയും മ
ണ്ഡോദരി വേദന സഹിയാതെ ഉച്ചത്തിൽ രാവണനെ വിളിച്ചു
നിലവിളിക്കുകയും ചെയ്തതിനെക്കേട്ടു രാവണൻ വേൾവി നി
ർത്തി ഹനുമാനോടുകൂടി യുദ്ധകളത്തിൽ വന്നു ഭഗവാനോടു യുദ്ധം
തുടങ്ങുകയും ചെയ്തു. ഭഗവാൻ രാവണന്റെ ഓരോ വശത്തുള്ള
അഞ്ചു തലയും പത്തുകരവും ഛേദിക്കുകയും ഛേദിക്കുന്നതിന്നു പ
കരമായി അപ്പോൾതന്നെ കരശിരങ്ങൾ മുളെക്കുകയും ഇങ്ങിനെപ
ലേവെണ ഛേദിക്കുന്തോറും മുളക്കുന്നതിനെക്കണ്ടു അഗസ്ത്യരെ
ഭഗവാൻ ധ്യാനിക്കുകയും അഗസ്ത്യമഹർഷി വന്നു ഭഗവാനോടു,
ഹെ രാഘവ! അറുക്കുന്തോറും ശിരകരങ്ങൾ മുളക്കുന്നതിന്നു കാര
ണം മറ്റൊന്നുമല്ല, രാവണൻ പണ്ടു സ്വർഗ്ഗത്തെ ജയിച്ച കാല
ത്ത് അമൃതുകലശം എടുത്ത് മിഴുങ്ങീട്ടുണ്ടു! അതു രാവണന്റെ
മാറത്ത് ഇരിപ്പുള്ളതുകൊണ്ടു അതിനെ ബ്രഹ്മാസ്ത്രം തൊടുത്തു പൂ

ത്താക്കിയാൽ പിന്നെ കരശിരങ്ങൾ മുളക്കുന്നതല്ല. ആയതിന്നു ആദിത്യനമസ്കാരം ചെയ്യുക. എന്നാൽ ആദിത്യൻ വന്നു അനുഗ്രഹിക്കും. എന്നു അഗസ്ത്യമഹർഷി പറഞ്ഞുപോയതിന്നനന്തരം ആദിത്യനമസ്കാരം ചെയ്കയും ആദിത്യൻ വന്നു ഉപദേശിച്ചുപോയതിൽ പിന്നെ രാവണന്റെ വക്ഷോദേശത്തിൽ ബ്രഹ്മാസ്ത്രം തൊടുക്കുകയും അസ്ത്രം മാറ്പിനെ ഭേദിച്ചു അമൃതുകലശം പുറത്താക്കുകയും ഗരുഡൻ വന്നു തന്റെ പക്ഷപുടങ്ങളാൽ രാവണനെ അടിച്ചു അമൃതുകലശത്തെ വൈകുണ്ഠത്തേക്കു കൊണ്ടുപോകയും ചെയ്തതിന്നുശേഷം രാവണന്നു പൂർവ്വസ്മരണയുണ്ടായി. സ്വാമിയെ സ്തുതിച്ചു പറയുന്നു. ശരണം ശ്രീമന്നാരായണ! അനേകകാലമായി നിന്തിരുവടിയെ പിരിഞ്ഞു വസിക്കുന്നു. വേഗം ഒരു ജന്മം കൂടെത്തന്നു ജന്മാവസാനത്തിൽ മുമ്പിലത്തെ യഥാസ്ഥാനത്തെത്തന്നു രക്ഷിക്കേണം. അടിയന്റെ പ്രാണപ്രയാണസമയമായ ഈ അവസരത്തിൽ നിന്തിരുവടിയുടെ യഥാർത്ഥമായ നീലമേഘശ്യാമളവർണ്ണത്തെ കാട്ടിത്തരണേ. കണ്ടുകണ്ടു അടിയന്റെ പ്രാണൻ പിരിയുവാൻ അനുഗ്രഹിക്കേണം എന്നപേക്ഷിച്ചതിനെ കേട്ടു ഭഗവാൻ പറയുന്നു. ഹേ രാവണ! നിന്റെ ഭാവനപോലെയെല്ലാം ഭവിക്കും എന്നനുഗ്രഹിച്ചതിന്നുശേഷം രാവണൻ രാമരാമ എന്ന തിരുനാമത്തെ ജപിക്കുകയും ഭഗവാൻ ത്രിമൂർത്തികൾ കാണെ അസ്ത്രം തൊടുത്തു രാവണനെ വധിക്കുകയും അതു കണ്ടു നില്ക്കുന്ന ഗഗനചാരികളായ ദേവന്മാർ മന്ദാരകൽഹാരകരവീരപാരിജാതാദികളായ ദിവ്യപുഷ്പങ്ങളെ അയച്ചു സ്വാമിയുടെ മൂർദ്ധ്നിയിൽ പുഷ്പവൃഷ്ടി ചെയ്കയുംചെയ്തു. വാനരങ്ങൾ ഉടനെ രാവണന്റെ മുഖത്തും ശരീരത്തിലും ചവിട്ടുന്നതിനെകണ്ടു വിഭീഷണൻ ഭഗവാനോടു ശരണം സ്വാമി! വാനരങ്ങൾ ജ്യേഷ്ഠനെ ചവിട്ടുന്നു. മരിച്ചിട്ടും ബാധിപ്പിക്കുന്നതു സങ്കടമാണെന്നു പറയുന്നതിനെ കേട്ടു എടോ എന്തിനു വൃഥാവിൽ ശവം കത്തിപ്പഴിയേല്ക്കുന്നു എന്നു ഭഗവാൻ പറഞ്ഞതിനെ കേട്ടു വാനരങ്ങൾ പിന്മാറുകയും ചെയ്തതിന്റെ ശേഷം ഭഗവാൻ വിഭീഷണനോടു ഹേ ലങ്കേശ്വര! നിങ്ങളുടെ ജാത്യാചാരംപോലെയു

ള്ള മരണാനന്തരാപേക്ഷകൾ ചെയ്യുവരിക എന്നു പറഞ്ഞതിനെ കേട്ടു വിഭീഷണനും മണ്ഡോദരിയും ചെന്നു രാവണനെ കണ്ടു ദുഃഖിച്ചു വിഭീഷണൻ, അയ്യോ ജ്യേഷ്ഠ എന്തുചെയ്യാം. ഉണ്ടാൽ മരിക്കുന്ന വിഷം ലോകത്തിൽ എങ്ങും ഉണ്ടു്. കണ്ടാൽ കൊല്ലുന്ന വിഷമായ ജാനകി നിമിത്തമല്ലൊ കുഡുംബത്തോടുകൂടി നിങ്ങൾ മരിക്കേണ്ടിവന്നതു്. കുംഭകൎണ്ണനും ഞാനും എത്രയോ പറഞ്ഞും കേട്ടില്ലല്ലൊ. കാമശരത്താലുണ്ടായ വിരഹതാപം രാമശരത്താലല്ലൊ ശമനം വന്നതു്. ബ്രഹ്മകല്പനയെ ലംഘിപ്പാൻ ആരാലും സാധിക്കുന്നതല്ല. സൎവ്വേശ്വരനായ രാമസ്വാമിയുടെ സായകം നിന്തിരുവടിയെ ശിരസ്സറുത്തു മടങ്ങിപ്പോകാതെ ഷൾപ്പദങ്ങൾ വൃക്ഷത്തെ തുളക്കുന്നതുപോലെ നിന്തിരുവടിയുടെ ശരീരമെല്ലാം തുളച്ചുകടയുവാൻ കാരണമെന്തെന്നു ആലോചിച്ചാൽ ജാനകിയുടെ മേൽ നിന്തിരുവടിക്കുള്ള രാഗം ശരീരത്തിൽ വല്ല ദിക്കിലും ഇരിപ്പുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനെ ഭേദിക്കണമെന്നും കരുതിയായിരിക്കും രാമസായകം ഇങ്ങിനെ ശരീരത്തെ തിലസദൃശമാക്കുന്നതു്. ഇതെല്ലാം ഞാൻ കാണേണ്ടിവന്നുവല്ലൊ എന്നു വിഭീഷണൻ ദുഃഖിച്ചിരിക്കെ മണ്ഡോദരിവന്നു, അയ്യോ കണവാ! നിന്തിരുവടിയെ കുലചെയ്ത രാമൻ എന്നെയും കൂടെ കൊന്നുവെങ്കിൽ എനിക്കു ഈ വൈധവ്യദുഃഖം അനുഭവിക്കാതെ കഴിയുമായിരുന്നു. കണ്ണിന്നു ശരിയായ കുഡുംബങ്ങളെയെല്ലാം പുണ്ണാക്കി കരുമ്പിന്നു ശരിയായ വിഭീഷണനെ കൂട്ടാക്കിയല്ലൊ. പ്രാണനായക! സീത ജനിച്ചതിനാൽ ലങ്ക നശിക്കുമെന്ന വാക്കിനെ സ്ഥിരപ്പെടുത്തിയല്ലൊ. ദേവന്മാരാലും നിന്തിരുവടി നശിക്കില്ലെന്നു ഇതുവരെയും സന്തോഷിച്ചിരുന്നും ഇക്കാലത്തു നിസ്സാരനായ മനുഷ്യനാൽ മരിക്കേണമെന്നുള്ള ബ്രഹ്മവിധിതം ഞാൻ അറിഞ്ഞില്ലല്ലൊ. സ്വൎഗ്ഗത്തിൽ നിന്തിരുവടിക്കു തക്ക സ്ത്രീകളെ കാണ്മാൻ വേണ്ടിയൊ പോയിരിക്കുന്നതു്. അഷ്ടഗജങ്ങളുടെ കൊമ്പുകൾ താമ്രച്ചു പറിച്ചെടുപ്പാൻ ശക്തിയില്ലാതെ വജ്രത്താൽ നുറുക്കി അതിൽ നവരത്നങ്ങളെ പതിച്ചു പണിചെയ്ത അഷ്ടഗജയുദ്ധപ്രിയൻ എന്ന പ്രസിദ്ധിയെ വഹിച്ചു.

നിന്തിരുവടിയുടെ മാറ്റിൽ രാമസായകം വസ്ത്രത്തിൽ പൊതിഞ്ഞ സൂചിപോലെ ആയല്ലൊ. പ്രാണനാഥ! സീതയുടെ പേരിൽ ഉള്ള രാഗം അനൎത്ഥമാണെന്നു അനേക തരം പറഞ്ഞും നിന്തിരുവടി കേട്ടില്ലല്ലൊ. ജനകൻ മകളെകൊണ്ടു വരേണമെന്നു പറഞ്ഞു ശൂൎപ്പണഖ കാലനെപ്പോലെയായിത്തീൎന്നുവല്ലൊ. അവളനുഭവിച്ച വൈധവ്യദുഃഖത്തെപ്പോലെ എന്നെയും അനുഭവിപ്പിക്കണമെന്നു വിചാരിച്ചല്ലെ നിന്തിരുവടിയെ കൊലപ്പെടുത്തിയത്. എന്തുചെയ്യാം ദൈവവിധിയെന്ന പറവാനല്ലെ. എന്നെ ഇങ്ങിനെ അനാഥയാക്കിയല്ലൊ. എന്നു പറഞ്ഞു ദുഃഖിച്ചു വിഭീഷണനും മണ്ഡോദരിയും കൂടി രാവണശവത്തെ എടുത്തു ജലത്തിൽ മുക്കി കളഭ കസ്തൂരി ചാൎത്തി പട്ടുവസ്ത്രത്തിൽ പൊതിഞ്ഞു ചന്ദനത്തടി മേൽകൂട്ടി ചെക്കമേൽ ശവത്തെ വെച്ചു അഗ്നി കൊളുത്തി ദഹിപ്പിച്ചതിന്നനന്തരം സാഗരത്തിലിറങ്ങി രാവണനു ഊൎദ്ധ്വഗതി വരുത്തുക മരണാനന്തരാപക്ഷകളെ ചെയ്തു മണ്ഡോദരിയെ ഗൃഹത്തിലേക്കയച്ചു വിഭീഷണൻ ഭഗവാൻ പക്കൽ വന്നു വിവരത്തെ കേൾപ്പിച്ചു. ഭഗവാൻ ലക്ഷ്മണനെ വിളിച്ചു അല്ലയൊ സൌമിത്രേ! വിഭീഷണനെ കൂട്ടികൊണ്ടുപോയി രാവണന്റെ രാജധാനിയിലിരുത്തി അരിയിട്ടുവാഴ്ചു കഴിച്ചുവരിക എന്നു പറഞ്ഞയച്ചതുപ്രകാരം ലക്ഷ്മണൻ സുഗ്രീവനോടുകൂടി വിഭീഷണനെ കൂട്ടി രാവണരാജധാനിയിലെക്കു പോയി വിഭീഷണനെ സിംഹാസനത്തിലിരുത്തി അരിയിട്ടുവാഴ്ചു കഴിച്ചു നഗരവാസികൾ കൊണ്ടുവന്നു വെച്ച കാഴ്ചകളെ എടുത്തു ഭഗവാൻ പക്കൽ കൊണ്ടുവന്നു പാദത്തിൽവെച്ചു നമസ്കരിച്ചു വിനയാന്വിതനായി നില്ക്കുന്നതിനെ ഭഗവാൻ കണ്ടു ഹേ ലങ്കേശ്വര! സാഗരതീരത്തിൽ വെച്ചു ചെയ്തുതന്ന സഖ്യം നിഷ്ഫലമായി ഭവിച്ചില്ലയെന്നു പറഞ്ഞതിന്നനന്തരം ഹനുമാനെ വിളിച്ചു ഭഗവാൻ മാരുതെ നീ വേഗത്തിൽ സീതയെ കണ്ടു ഇവിടെ നടന്ന വിവരങ്ങളെല്ലാം പറഞ്ഞു എന്റെ അടുക്കലേക്കു കൂട്ടികൊണ്ടുവരിക എന്നതിനെ കേട്ടു ഹനുമാൻ അശോകവനത്തിൽ ചെന്നു ജാനകിയെ കണ്ടു പാദത്തിൽ നമസ്കരിച്ചുപറയുന്നു.

# പട്ടാഭിഷേകം

കവി.

അരിയൊരു നരമന്താങ്കളങ്കതന്നുടെവാളേന്ത
വന്നൊരുവെങ്കടേശ്വരനൊരുവരിവീശ
വിരശെരികുഴലിയാംകയേന്നു ല്ലനാന്തകൻ
മരപ്പുകൾക്കൊട്ടക്കരങ്കിപ്പിച്ചു പുനരന്തർമ്മേഘമി.

ശരണം പങ്ക്തിരഥപ്രിയസ്നുഷേ ജഗദീശ്വരി! നിന്തിരുവടിക്കു ശോഭനം പറയുവാൻ അടിയൻ ഈ പാദത്തിങ്കൽ നിന്നു ചിലതുണ്ട്. ശരണം ജഗജ്ജനനി! നിന്തിരുവടിയുടെ പാതിവ്രത്യത്തിന്നു പ്രഭാവം. സമസ്തരാക്ഷസന്മാരുടെ കണ്ടകനായ രാവണൻ മുതലായ എല്ലാ രാക്ഷസന്മാരെയും കുല ചെയ്തു കഴിഞ്ഞു: ആയതുകൊണ്ടു ലക്ഷ്മീഭഗവതിയായ നിന്തിരുവടി ഈ പീഡാകാലം ഉപേക്ഷിച്ചുവെച്ചു മണിയറയിൽ പ്രവേശിച്ചു ഭഗവാന്റെ അടുക്കലേക്കു വരണം എന്നതിനെ കേട്ടു ജാനകി ഒന്നും മറുപടി പറയാതിരിക്കുന്നതിനെ കണ്ടു വീണ്ടും ഹനുമാൻ പറയുന്നു. ശരണം ഇച്ഛാജ്ഞാനക്രിയാശക്തിസ്വരൂപിണി ജാനകി! അടിയൻ നിന്തിരുവടിയുടെ പാദത്തിൽ വന്നു വസിച്ചു ശുഭകാര്യങ്ങളെ കേൾപ്പിച്ചു ബഹുമാനമായി ഒന്നും നിന്തിരുവടിയും പറയുന്നില്ല. മുമ്പു അടിയൻ വന്നു കണ്ടു തിരുവാഴിയും കൊടുത്തു ചൂഡാരത്നവും വാങ്ങിപ്പോകുന്ന സമയം ഒരു മാസത്തിനുള്ളിൽ വന്നു പിറ വീണ്ടുകൊണ്ടു പോകാമെന്നു പറഞ്ഞതിൻവണ്ണം അതിക്രമിച്ചു വല്ല വിഘ്നവും വന്നുവെന്നോ അതല്ല ഹനുമാൻ സത്യമുള്ളവനല്ലായെന്നു അങ്ങേക്കു വിചാരമുണ്ടോ. എന്തു വിചാരിച്ചാണ് അടിയനോടു യാതൊന്നും മിണ്ടാതിരിക്കുന്നതു. പറഞ്ഞുകേൾപ്പാൻ അനുഗ്രഹിക്കേണം എന്നതിനെ കേട്ടു ജാനകി പറയുന്നു. അല്ലയോ മാരുതേ രാവണന്റെ അസഹ്യമായ വാക്കിനെ കേട്ടു മേലിൽ പ്രാണനോടുകൂടി ഇരിപ്പാൻ സാധിക്കുന്നതല്ലയെന്നു കരുതി ഒരു ലതയെ കഴുത്തിലിട്ടു തൂങ്ങിമരിപ്പാൻ ശ്രമിച്ചതിനെ നീ കണ്ടു ആ വള്ളിയെ മുറിച്ചു എന്നെ പ്രാണരക്ഷ ചെയ്തു

അന്നുതന്നെ കണവന്റെ അടുക്കൽ കൊണ്ടുപോയി ചേൎക്കാമെന്നു നീ പറകയും പറഞ്ഞ സംഗതികളാലും അതു ഭംഗിയല്ലെന്നു പറയുകയാൽ മുപ്പതു ദിവസത്തിന്നുള്ളിൽ രാവണവധം കഴിച്ചു ചിറ വീണ്ടുകൊണ്ടു പോകാമെന്നു എന്നോടു ശപഥം ചെയ്തതുപ്രകാരം അവധിക്കു വന്ന ശോഭനം പറഞ്ഞതിനെ ആലോചിച്ചു ഇങ്ങിനെയുള്ള മഹാനുഭാവന്നു ഞാനെന്താന്നാണ് പ്രത്യുപകാരം ചെയ്യേണ്ടതു എന്നുള്ള ആലോചനയാൽ നിന്നോടു സമാധാനം പറവാൻ ഓൎമ്മ വിട്ടുപോയതാണ്. എന്നുതന്നെയല്ല നീ ചെയ്ത ഉപകാരത്തിന്നു പ്രത്യുപകാരമായി അനേക ഐശ്വൎയ്യപാത്രങ്ങളായ മൂന്നുലോകത്തെയും കൊടുത്താലും ശരിയാവുന്നതല്ല. കാരണം ലോകങ്ങൾ അനിത്യവസ്തുവാണ്. ആയതുകൊണ്ടു നിത്യമായ നിന്റെ പ്രാണരക്ഷക്കു അനിത്യപദാൎത്ഥങ്ങൾ നിലനി[illegible] മരുതെ. ആയതുകൊണ്ടു അഞ്ജലി ഹസ്തമായി നിന്റെ പാദത്തിൽ ഒരു നമസ്കാരം ചെയ്യാനാണ് ഞാൻ വിചാരിക്കുന്നതു എന്നാൽ വേറെ ഒന്നും ചെയ്യാൻ സാധിക്കുന്നതല്ല എന്നതിനെക്കേട്ടു ഹനുമാൻ പറയുന്നു. ശരണം ലോകജനനി! അങ്ങയുടെ പാദത്തിൽ ഇതാ ദണ്ഡനമസ്കാരം ചെയ്യുന്നു. അടിയന്നു നിന്തിരുവടി യാതൊന്നും തരേണമെന്നില്ല, അങ്ങയെ ചിറ വീണ്ടു ഭഗവാന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോവാനുള്ള ഒരു അനുഗ്രഹം സിദ്ധിച്ചതു നിന്തിരുവടിയുടെ കാരുണ്യത്താലല്ലേ? അതിൽപ്പരം വേറെ എന്താണ് സിദ്ധിപ്പാനുള്ളതു. ഒരനുഗ്രഹം തരേണം ഹനുമാനെന്നു നിന്തിരുവടിക്കു തോന്നുന്നപക്ഷം സതിപതികളായ നിങ്ങൾ രണ്ടുപേരും അടിയൻ വിചാരിക്കുമ്പോൾ ദമ്പതിമാരായി പ്രത്യക്ഷീകരിച്ചു അടിയനു കാണുമാറാകണമെന്നുള്ള ഒരു അനുഗ്രഹം തരുവാൻ അടിയന്റെ അപേക്ഷയുണ്ടു. എന്നതിനെക്കേട്ടു അപ്രകാരം ജാനകി അനുഗ്രഹിച്ചു. അങ്ങിനെയിരിക്കെ ഭഗവാൻ വിഭീഷണനെ വിളിച്ചു അല്ലയോ ലങ്കേശ്വര! ഹനുമാൻ ഇതുവരെ വന്നു കണ്ടില്ല നീ വേഗത്തിൽപോയി ജാനകിയെക്കണ്ടു സംഗതികളെ മനസ്സിലാക്കി കൂട്ടിക്കൊണ്ടു വരിക എന്നു പറഞ്ഞതിനെക്കേട്ടു ലങ്കേശൻ വിടകൊള്ളുകയും വിഭീഷണന്റെ വരവിനെക്കണ്ടു ജാനകി മാരുതിയോടു ഹനുമാൻ പറ

രാജ്യത്തിൽ രാക്ഷസന്മാരെല്ലാം സ്വാമി വധിച്ചുകഴിഞ്ഞു എന്നു
പറഞ്ഞുവല്ലൊ. നിന്റെ പിൻഭാഗത്തൂടെ ഒരു രാക്ഷസനല്ലെ വ
രുന്നത് നോക്കുക എന്നതിനെക്കേട്ടു ഹനുമാൻ പറയുന്നു. ജഗ
ദീശ്വരി! ഈ വരുന്നവൻ സ്വാമിയുടെ ഭക്തനായ വിഭീഷണനാ
ണ്. കാലത്രയത്തിലും രാക്ഷസവൃത്തി ഇവൻവശം ഇല്ലെന്നുമാ
ത്രമല്ല നിന്തിരുവടിയുടെസഹായിയായ ത്രിജടയുടെ പിതാവാണു;
ഇവൻ ഒഴിയെ ലങ്കയിൽ സ്ത്രീകൾ മാത്രമെ ഉള്ളു. എന്നു പറഞ്ഞു
നില്ക്കെ വിഭീഷണൻ വന്നു ജാനകിയെ നമസ്കരിച്ചു പറയുന്നു.
ശരണം! അംബികെ! വിചാരിച്ചവണ്ണം കാൎയ്യങ്ങളെല്ലാം സാധിച്ചു
അങ്ങയുടെ കണവൻ നിന്തിരുവടിയെ കാണ്മാൻ ആഗ്രഹിക്കുന്നു
എന്നുതന്നെയല്ലാ, ഇന്ദ്രാദിദേവകളും കണ്ടു സ്തുതിപ്പാനായി വ
ന്നിട്ടുണ്ടു. ആകയാൽ ഈ മലിനതയോടുകൂടിയ ചിറക്കോ
ലത്തെ ഉപേക്ഷിച്ചു സന്തോഷത്തോടുകൂടി മണക്കോലംകൊണ്ടു
പുറപ്പെടുവാനായി അപേക്ഷിക്കുന്നു. അതു കേട്ടു ജാനകി ഹേ!
ലങ്കേശ്വര! എന്റെ പ്രാണനായകനായ സ്വാമിയെപ്പിരിഞ്ഞു ഒ
രു കൊല്ലമായി രാവണന്റെ ബന്ധനാവസ്ഥയിൽ പെട്ടു സ്നാനപാ
നാദികളെച്ചെയ്യാതെ ആഭാസമായ വേഷത്തോടുകൂടി ചിറയിൽ
ഇരിക്കുന്നു. ഈ ഒരു അവസ്ഥയെ സൎവ്വശരീരികളും കണ്ടിട്ടുണ്ടു
അങ്ങിനെ ഇരിക്കെ ഇന്നു കണവന്റെ അടുക്കൽ വരുവാൻവേ
ണ്ടി യോഗ്യതയായ മണക്കോലം എടുത്താൽ ദേവസ്ത്രീകളും മററു
കാണുമ്പോൾ അതൊരു കുററമായി വരികയില്ലെയൊ? എന്നുത
ന്നെയല്ല സ്വാമിക്കുതന്നെ സംശയിപ്പാൻ ഇടയായിത്തീരുകയില്ലെ
യൊ? എന്നതിനെക്കേട്ട് വിഭീഷണൻ പറയുന്നു. സൎവ്വേശ്വരി
യായ നിന്തിരുവടിക്കു നിരക്ഷരകുക്ഷിയായ അടിയൻ പറഞ്ഞുകേൾ
പ്പിക്കേണ്ടതെന്നില്ല. കുലസ്ത്രീകളുടെ പാതിവ്രത്യധൎമ്മത്തെ വിവ
രിക്കുന്ന ഗ്രന്ഥം നിന്തിരുവടി വായിച്ചിരിക്കുമല്ലൊ. വല്ല നിമി
ത്തവും തന്റെ കണവനെ പിരിയേണ്ടിവന്നാൽ പതിയായവൾ
ഗളസൂത്രം ഒഴിയെ മററുള്ള സൎവ്വാഭരണങ്ങളും കഴിച്ചുവെക്കണം.
കുചഭാരത്തിൽ പുഷ്പാ ചൂടരുത് മുഖപ്രസാദത്തോടുകൂടി അന്യരോ
ട് സംസാരിക്കരുത്, ശൌചാദികളെ അനുഷ്ഠിക്കാമെന്നല്ലാതെ

നിത്യകയായി സ്നാനം ചെയ്യരുത്. യാതൊരു കാലത്തു കണവ
നെക്കാണ്മാൻ സംഗതിവരുന്നുവൊ അന്നു അഭ്യംഗം മുതലായ
സ്നാനപാനാദികളെ ചെയ്തു വസ്ത്രാഭരണ അലംകൃതയായി സൌ
ന്ദര്യകലതിലക സന്തോഷചിന്താമണിയായി ചെന്നു കണവനെ
കണ്ടു നമസ്കരിക്കണം. രണ്ടുപേരും സമരസത്തു വസിക്കുന്നാൾ
ഭർത്താവു ഭുജിച്ചതിന്നു ശേഷമെ പത്നി ഭുജിക്കാവു. ഉറക്കവും ക
ണവന്നു ശേഷമെ പാടുള്ളു എന്നാൽ കണവൻ ഉണരുന്നതി
ന്നുമുമ്പു പത്നി ഉണർന്നുകാൽമുഖം ശുദ്ധിചെയ്തു ദീപത്തോടുകൂടെ
ചെന്നു കണവന്റെ നിദ്രയെ ഉണർത്തണം. അല്പായുഷികളായി
ത്തീരുമെന്നു വിചാരിച്ചാണ് കുലസ്ത്രീകൾ തങ്ങളുടെ നാമം പറ
യാതെ കഴിക്കുന്നത്. ഇങ്ങിനെയുള്ള കുലധർമ്മത്തെ അനുസ
രിച്ചല്ലൊ നിന്തിരുവടി കണവനെപ്പിരിഞ്ഞു ഉടനെ ഗഃസ്ത്ര
മെറിയെ സർവ്വാഭരണങ്ങളും ഉത്തരീയാഞ്ചലത്തിൽ പൊതി
ഞ്ഞു നിക്ഷേപണം ചെയ്യുത്. ഇതെല്ലാം അറിയാവുന്ന ഭഗവതി
അടിയനെക്കൊണ്ടു പറയിക്കേണമൊ, ആയതുകൊണ്ടു മണക്കോ
ലം എടുപ്പാൻ വിരോധമില്ല എന്നതിനെക്കേട്ടു സമ്മതിച്ചശേഷം
ദേവസ്ത്രീകൾവന്നു ജാനകിയെ സ്നാനം ചെയ്യിപ്പിച്ചു ദിവ്യവസ്ത്രാഭ
രണങ്ങളെ അണിയിപ്പിച്ചു പരിമളങ്ങളായ കളഭങ്ങളെ പൂശി
മയൂരഗളജലഗാഭയഴകിന ചൂർണ്ണകുന്തളം തൊട്ടു താമ്പൂലചർവ്വണം
ചെയ്തു സ്ത്രീകളാൽ എടുക്കപ്പെട്ട വിമാനത്തിൽക്കയറി വന്നു ഭഗ
വാന്റെ സമീപത്തിൽ എത്തിയപ്പോൾ വിമാനത്തിൽ നിന്നിറ
ങ്ങി പാദത്തിൽ ദണ്ഡനമസ്കാരം ചെയ്തു ഭക്തിശ്രദ്ധബഹുമാനവി
നയങ്ങളോടുകൂടി വിനയാന്വിതയായിനിന്നു പറയുന്നു. ശരണം
സ്വാമിൻ! ഒരു മാതാവിന്റെ ഗർഭത്തിൽനിന്നു ജനിക്കേണമെങ്കി
ലും നിന്തിരുവടിയുടെ കാരുണ്യംവേണം. ജനനം എന്നുള്ള സം
സാരാർണ്ണവത്തെക്കടക്കേണമെങ്കിലും അങ്ങയുടെ കടാക്ഷംവേണം
അങ്ങിനെയുള്ള കാരുണ്യവാരാന്നിധിയാകിയ നിന്തിരുവടിയുടെ
പാദത്തിൽ ഇതാ നമസ്കരിക്കുന്നു. മേലിൽ നിന്തിരുവടി എന്നെ
ഉപേക്ഷിച്ചാലും വിരോധമില്ല. ഉടനെ എനിക്കു മരണം ഭവി

ച്ചാലും തെററില്ല. അങ്ങയെ കണ്ടതിന്റെ ശേഷം എന്തായു ലും വിരോധമില്ല. കാണ്മാൻ സംഗതി വരേണമെ എന്നുള്ള ഏകവിചാരത്തോടുകൂടി ഈ ഒരു സംവത്സരം കഴിച്ചുകൂട്ടിയവളാണ്. ഇപ്പോൾ എന്റെ സങ്കടം തീൎന്നു. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. എടി ഗണികെ! നിന്നെ എനിക്കു കാണേണ്ട. തേവിടിച്ചി. നീ എന്റെ അടുക്കൽനിന്നു രാവണന്റെ അടുക്കൽപോയി അവൻ തന്ന ആഹാരാദികളെ ഭുജിച്ചു ശരീരം നല്ല ശക്തിവെച്ചിട്ടുണ്ട്. എടി! കുലസ്ത്രീകളുടെ ധൎമ്മം എങ്ങിനെ എന്നുവെച്ചാൽ തന്റെ ഭൎത്താവൊഴികെ അന്ന്യൻ എപ്പോൾ തീണ്ടുന്നുവൊ അപ്പോൾ അവൾ പ്രാണത്യാഗം ചെയ്യും അതാണ് പതിവ്രതകളുടെ ലക്ഷണം. അതു ചെയ്യാതെ ഒരു സംവത്സരമായി രാവണന്റെ അടുക്കൽ യോജിച്ചിരുന്നു രാവണൻ തന്ന ആഭരണങ്ങളെയും ധരിച്ചു അലുക്കികുലുക്കി നടന്നു രാവണൻ മരിച്ചു എന്നറിഞ്ഞപ്പോൾ ഇനി രാമനാണ് നല്ലതെന്നു കരുതി വന്നാൽ ഞാൻ നിന്നെ സ്വീകരിക്കുമെ, എടീ കള്ളി! എന്റെ മുന്നിൽനിന്നു പോ അല്ലെങ്കിൽ ഞാൻ ജീവനാശം വരുത്തും. യോഗ്യതയുള്ള സ്ത്രീകളുടെ ധൎമ്മം നീ അറിയുമൊ. എങ്ങിനെ എന്നു വെച്ചാൽ രത്നമാലപോലെയാണ്. രത്നങ്ങളുടെ ധൎമ്മം എങ്ങിനെ എന്നാൽ താനും ശോഭിച്ചു താൻ യോജിച്ചിരിക്കുന്ന സ്വൎണ്ണത്തേയും ശോഭിപ്പിച്ചു അണിഞ്ഞിരിക്കുന്ന സ്ത്രീയേയും ശോഭിപ്പിക്കും. അതുപോലെ കുലസ്ത്രീകൾ താനും ശോഭിച്ചു താൻ യോജിച്ചിരിക്കുന്ന പുരുഷനേയും ശോഭിപ്പിച്ചു തന്നെ പെററുവളൎത്തിയ മാതാപിതാക്കളെയും ശോഭിപ്പിക്കും. നിന്റെ സ്വഭാവം അങ്ങിനെ വരുവാൻ പാടില്ല. എന്തുകൊണ്ടെന്നുവെച്ചാൽ നീ ഒരു മാതാവിന്റെ ഗൎഭത്തിൽനിന്നു ഉത്ഭവിച്ചവളല്ല. കൃമികീടംപോലെ പൊട്ടിപ്പൊങ്ങിയവളാണ്. പിന്നെ നിന്നെപ്പറഞ്ഞിട്ടെന്താണ് ഫലമുള്ളത്. എടി ഞാൻ നിന്നെ കല്യാണംകഴിപ്പാനാണൊ വില്ലു മുറിച്ചത്? അതു എന്റെ ക്ഷത്രിയധൎമ്മമാണ്. നീ എന്തിന്നു ഒരു മാലകൊണ്ടുവന്നു എന്റെ കഴുത്തിലിട്ടു. ഒരു സ്ത്രീയെ കല്യാണം ചെയ്യേണമെങ്കിൽ ഗോത്രശുദ്ധിയും പൊരുത്ത നിമിത്തങ്ങളും ആ

ലോചിച്ച ശുഭമുഹൂൎത്തത്തിൽ പാണിഗ്രഹണം ചെയ്യുന്നതാണ് ലോകരീതി. നിനക്കു ജാതിയില്ല, മാതാപിതാക്കളില്ല. ഇങ്ങിനെയുള്ള നിന്നെ പതിയായി ഭരിപ്പാൻ ഞാൻ ജന്മാന്തരത്തിൽ എന്തു ദുഷ്കൃതംചെയ്തുവൊ എന്നറിയുന്നില്ല. എന്നതിനെക്കേട്ടു ജാനകി പറയുന്നു. ശരണം കണവ! വില്ലു മുറിച്ചവൎക്കു പെണ്ണിനെത്തരാം എന്നല്ലെ എന്റെ പിതാവായ ജനകരാജാവിന്റെ നിശ്ചയം. അതറിഞ്ഞല്ലെ നിന്തിരുവടി വില്ലുമുറിച്ചത്. അയോനിജകളായ അനേകം സ്ത്രീകളില്ലെ. അവരെല്ലാം ഗണികമാരാണൊ. കൊണ്ടതില്പിന്നെ ഗോത്രത്തെ ദൂഷ്യംപറയുന്നതു സജ്ജനങ്ങൾക്കു ധൎമ്മമൊ സ്വാമിൻ. മാരുതി വന്നു മണക്കോലം എടുത്തു വരേണമെന്നു പറഞ്ഞ നിമിത്തവും പാതിവ്രത്യധൎമ്മവും അതിനെ യോജിച്ചു കാണുന്നതുകൊണ്ടും മലിനതയായ ചിറക്കോലത്തെ ഉപേക്ഷിച്ചു മണക്കോലം എടുത്തതാണ്. ഹനുമാൻ നിന്തിരുവടിയുടെ പരമഭക്തനല്ലയോ. അസത്യം ജന്മനാൽ ഹനുമാൻ വചനിക്കുമൊ സ്വാമിൻ! നിന്തിരുവടിയുടെ തിരുനാമമായ രാമ രാമ എന്നുള്ള ദ്വയാക്ഷരരസായനത്തിന്നു ഉപരിയൊ ആഹാരാദികൾ. സ്വാമിൻ ഒരു സംവത്സരമായി തിരുനാമമന്ത്രത്തെ ധ്യാനിച്ചു നിവൃത്തിച്ചു എന്നല്ലാതെ ജലപാനം ഞാൻ ചെയ്തിട്ടുണ്ടൊ കണവാ. ഇത്രകാലം എന്നെ ദുഃഖിപ്പിച്ചതു പോരെ. ത്രിമൂൎത്തികളാലും സ്ത്രീകളുടെ ചിത്തം ഇന്നതരത്തിലാണെന്നറിവാൻ അസാദ്ധ്യമാണെന്നല്ലെ ശാസ്ത്രം ഘോഷിക്കുന്നത്. അങ്ങിനെ ഇരിക്കെ നിൎദ്ദോഷിയായ എന്റെ പേരിൽ വൃഥാ പരിഭവിക്കേണമൊ സ്വാമിൻ. എന്നെ വേണ്ടായെന്നുണ്ടെങ്കിൽ നിന്തിരുവടിയുടെ സ്വനാമചിഹ്നമായ കണയാഴിയെക്കൊടുത്തു ഹനുമാനെ എന്റെ അടുക്കലേക്കു അയക്കേണമെന്നുണ്ടായിരുന്നുവൊ. സേതുബന്ധനം ചെയ്തു ലങ്കക്കു വരേണമൊ? രാക്ഷസന്മാരോടു യുദ്ധം ചെയ്തു ഇത്ര ബുദ്ധിമുട്ടേണമൊ സ്വാമിൻ! എന്നെ രക്ഷിപ്പാനും ശിക്ഷിപ്പാനും നിന്തിരുവടിയല്ലാതെ അന്യാശ്രയമുണ്ടൊ കണവ. എന്നതിനെ കേട്ടു ഭഗവാൻ പറയുന്നു. ജാനകി! ത്രിമൂൎത്തികളാലും സ്ത്രീകളുടെ ചിത്തം അറിവാൻ പ്രയാ

സമായിരിക്കെ നിന്റെ പരമാൎത്ഥം ഞാനറിയുമൊ എന്നതിനെ കേട്ടു ജാനകി പറയുന്നു. സ്വാമിൻ നിന്തിരുവടിയുടെ പരമഭക്തനായ മാരുതിക്കു എന്റെ പാതിവ്രത്യധൎമ്മത്തെ ഞാൻ ലക്ഷ്യപ്പെടുത്തീട്ടുണ്ടു്. മേലിൽ നിന്തിരുവടിക്കും പ്രത്യക്ഷപ്പെടുത്താം എന്നുപറഞ്ഞു ജാനകി ലക്ഷ്മണനെ വിളിച്ചു അല്ലയോ സൌമിത്രേ! ഭഗവാൻ പറയുന്ന വാക്യങ്ങളെ കേട്ടില്ലെ. നീ ഒരു അഗ്നികുണ്ഡം വെട്ടി അതിൽ അഗ്നിവളൎത്തുക. ആ അഗ്നികുണ്ഡത്തിൽ ഞാൻ ചാടുന്നുണ്ടു എന്നു പറഞ്ഞു ജാനകിയുടെ ശാഠ്യത്തെ കണ്ടു ലക്ഷ്മണൻ ഭഗവാനോടു വിവരത്തെ പറയുകയും ഭഗവാൻ അതിന്നു യാതൊരു സമാധാനവും പറയാതിരുന്നതിനെ കണ്ടു ജ്യേഷ്ഠനും സമ്മതം തന്നെയാണെന്നുറച്ചു അതിവേഗത്തിൽ ഒരു അഗ്നികുണ്ഡം വെട്ടുകയും ജാനകി അഗ്നികുണ്ഡത്തെ പ്രദക്ഷിണംചെയ്തു ശരണം അഗ്നിഭഗവാനെ സൎവ്വേശ്വരനായ എന്റെ കണവനെ ഒഴിച്ചു ഇതരപുരുഷനെ എന്റെ മനസാ വാചാ കൎമ്മണാ ഞാൻ വരിച്ചിരുന്നുവെങ്കിൽ നിന്തിരുവടി എന്നെ ദഹിപ്പിക്കുക. അല്ല എന്റെ കണവനെ മാത്രം വിചാരിച്ചു രാമധ്യാനത്താൽ ഞാൻ ഇതേവരെ കഴിഞ്ഞ എന്റെ പാതിവ്രത്യത്തിന്നു യാതൊരു ഭംഗവുമില്ലെന്നു വരികിൽ എന്നെ അഗ്നികുണ്ഡത്തിൽ നിന്നെടുത്തു ഭഗവാൻ വശം ഏല്പിക്കുക. എന്നു പറഞ്ഞു കുണ്ഡത്തിൽ ചാടുകയും അതു കണ്ടു അമരകൾ പുഷ്പവൃഷ്ടിചെയ്കയും അഗ്നിദേവൻ തന്റെ പത്നിയായ സ്വാഹയെക്കൊണ്ടു ജാനകിയെ എടുപ്പിച്ചു ശ്രീരാമരാമ എന്നു സ്തുതിച്ചു ഭഗവാനോടു അഗ്നിദേവൻ, ശരണം സൎവ്വേശ്വരാ സ്വാമിൻ! അടിയൻ അഗ്നിദേവനാണ്. ലോകമാതാവായ ജാനകിയുടെ പാതിവ്രത്യാഗ്നി അടിയനെ ദഹിപ്പിക്കുന്നു. സഹിപ്പാൻ കഴിയാതെ സൎവ്വേശ്വരിയെ അടിയന്റെ പത്നിയെക്കൊണ്ടെടുപ്പിച്ചു ഇവിടെക്കു വന്നതാണ. ആയതുകൊണ്ടു സൎവ്വേശ്വരിയായ ജാനകിയുടെ വിഷയത്തിൽ യാതൊന്നും ശങ്കിക്കരുത്. നിന്തിരുവടി അടിയനെ സാക്ഷിയാക്കിയല്ലെ സീതാപാണിഗ്രഹണം ചെയ്തതു്. യാതൊരു പദാൎത്ഥങ്ങളിലാണു കളങ്കമുള്ളതു് എന്നുവെച്ചാൽ എന്റെ അടുക്കൽ തന്നാൽ

ആത്മാക്കളുടെ കളങ്കമെല്ലാം തീൎത്തു പരിശുദ്ധമാക്കുന്നത് അടിയന്റെ ധൎമ്മമാണ്. ഒരു സ്ത്രീയെ കല്യാണം കഴിക്കേണമെങ്കിൽ അടിയൻ സാക്ഷിയാണ്. കണവനു ശങ്കയുണ്ടായി പരമാൎത്ഥം അറിവാൻവേണ്ടി തന്റെ പത്നിയെ അഗ്നിയിൽ കുളിപ്പിക്കുന്നതാകയാൽ പാതിവ്രത്യഭംഗമുണ്ടെങ്കിൽ അടിയൻ ദഹിപ്പിക്കുകയും അല്ലെങ്കിൽ യാതൊരു കേടുംകൂടാതെ ആ സ്ത്രീയെ കണവൻ വശം ഏല്പിക്കും. സൎവ്വസാക്ഷിയാണ് അഗ്നിദേവൻ എന്നു വേദത്തിൽ വിധിച്ചിട്ടില്ലയോ സ്വാമിൻ! അതു കേട്ടു അഗ്നിദേവനെ അനുഗ്രഹിച്ചയച്ചു തന്റെ പത്നിയിൽ സന്തോഷിച്ചു കടാക്ഷിക്കുകയും അതുകണ്ടു സത്യലോകവാസനായ ബ്രഹ്മാവു വന്നു ഭഗവാനോടു, ഹേ രാഘവാ! നിന്തിരുവടിയുടെ മായാസമ്പ്രദായമായ വിദ്യ ആരറിയും. നിന്തിരുവടി മായോപാധികനായിരുന്നു സൎവ്വശരീരികൾക്കും മോക്ഷത്തെ നൽകുന്ന വിദ്യയെ ആൎക്കും അറിവാൻ പ്രയാസം. ക്രമമായി നാലവേഷങ്ങളിൽ ഒരുവനെ നീക്കി അനുഗ്രഹിക്കുന്ന ഒരു വിദ്യയാണ് നിന്തിരുവടി പൂണ്ടിരിക്കുന്നത്. പണ്ടു ആദിമൂലമെ എന്നു വിളിച്ച ഗജേന്ദ്രനെ രക്ഷിച്ചതും ഭവാനല്ലെ, കള്ളനമായി വിളക്കും പിടിക്കുന്ന നിന്തിരുവടിയുടെ കപടത്തെ ആരറിയും. സ്വാമിൻ രജ്ജു സൎപ്പം എന്നു കരുതി കലങ്ങുംവണ്ണം ഒരു കരുതലുണ്ടായ സമ്പ്രദായംപോലെ മായാകാൎയ്യങ്ങളിൽ ഞങ്ങൾ മയങ്ങത്തക്ക ഈ മായയെ പ്രകടിക്കാമൊ. രാമ മായയെ സൃഷ്ടിച്ചും ഒടുവിൽ മായയെ സംഹരിച്ചുംവരുന്ന നിന്തിരുവടിയുടെ വൈഭവം ലോകം അറിയുമൊ. അങ്ങിനെയുള്ള മായയിൽ രണ്ടാമതും നിന്തിരുവടി മയങ്ങിക്കാണിക്കുന്നതായാൽ നിന്തിരുവടിയുടെ വൈഭവത്തെ ഏതുപ്രകാരം ഞങ്ങൾ അറിവാൻ പോകുന്നു. നിന്തിരുവടിയും ജാനകിയും ഞങ്ങളുടെ മാതാപിതാക്കളാണെന്നാണു വിചാരം. അങ്ങിനെ ഇരിക്കെ ലോകജനനിയായ ജാനകിയുടെ വൈഭവത്തെ ലോകവാസികൾ അറിയേണമെന്നോ ഈ വേഷം കെട്ടിയത്. കാരുണ്യത്താൽ സൎവ്വപ്രാണികളിലും എള്ളിൽ എണ്ണപോലെ കലൎന്നിരിക്കുന്ന നിന്തിരുവടി ജാനകിയുടെ മനസ്സറിവാൻ കഴിയാതെ വന്നുവോ സ്വാ

മിൻ. അഗ്നിയേയും ചുടത്തക്ക അഗ്നിയുണ്ട് ഇവൾവശംഎന്നു അഗ്നിദേവനല്ലൊ സൂക്ഷ്മം മനസ്സിലാക്കിയു. തന്നിമിത്തമല്ലൊ രാവണൻ ജാനകിയെ ഭൂമിയോടുകൂടി എടുത്തതു്. ഇതിനെക്കാൾ സാക്ഷി വേറെ വേണമൊ രാമ. കളങ്കമുള്ള തങ്കത്തെ അഗ്നിയിൽ സ്ഫുടംവെച്ചെടുക്കുന്നതു സാധാരണയാണ്. കളങ്കരഹിതമായ സീതയെന്ന തങ്കത്തെ ആരെങ്കിലും സ്ഫുടം ചെയ്യുമൊ രാഘവ. ആയതുകൊണ്ടു അഭിഷേകത്തിന്നു വേഗത്തിൽ എത്തുക. എന്നു പറഞ്ഞു ബ്രഹ്മാവു പോയതിന്നശേഷം ദശരഥൻ സ്വൎഗ്ഗത്തിൽനിന്നു ഇന്ദ്രാദികളോടുകൂടിവന്നു ഭഗവാനെക്കണ്ടു പറയുന്നു. അല്ലയോ മകനെ നിന്നെക്കണ്ടത ദരിദ്രന്നു കനകകുംഭം ലഭിച്ചതുപോലെ ആയി. നീ എനിക്കു മകനായി ജനിച്ചനിമിത്തം പണ്ടു ഞാൻ നമസ്കരിച്ചിരുന്ന ദേവകളും മഹൎഷികളും എനിക്കു നമസ്കരിക്കുന്നതിനെ നോക്കുക. ഇന്ദ്രന്റെ അൎദ്ധാസനം എനിക്കു നൽകീട്ടുണ്ട്. എന്നാൽ കൈകേയി എനിക്കു പത്നിയും നിനക്കു മാതാവുമല്ല. ഭരതൻ എനിക്കു മകനും നിനക്കു അനുജനുമല്ല. എന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ പറയുന്നു. ശരണം പിതാവെ അങ്ങിനെ നിന്തിരുവടി വിചാരിക്കരുത്. കൈകേയി എനിക്കു മാതാവും ഭരതൻ എനിക്കു അനുജനുമായിരിപ്പാനും നിന്തിരുവടിക്കു പത്നിയും മകനുമായിരിപ്പാനുമായി എനിക്കു ഒരു വരന്തരേണമെന്നപേക്ഷിക്കുകയും അതുപ്രകാരം അനുഗ്രഹിച്ചതിന്നനന്തരം ലക്ഷ്മണനെ നോക്കി ദശരഥൻ പറയുന്നു. അല്ലയൊ സൌമിത്രെ, ഇന്ദ്രന്റെ ശത്രുവായ ഇന്ദ്രജിത്തിനെ നീ വധിച്ചനിമിത്തം മുപ്പത്തിമുക്കോടി ദേവകളും നിന്നെ എപ്പോഴും കീൎത്തിക്കുന്നതിനെക്കേട്ടു ഞാൻ എപ്പോഴും സന്തോഷിക്കുന്നു. സുഖമായി ഭവിക്കുക എന്നു പറഞ്ഞതിന്നനന്തരം ജാനകിയെ നോക്കി അല്ലയോ ജനകി 'നിന്റെ പാതിവ്രത്യാധിക്യത്തെ ലോകവാസികൾ അറിയേണമെന്നു കരുതിയാണു രാമൻ നിന്നെ തീയിൽ ചാടിച്ചതു്. ആയതുകൊണ്ടു നീ അതിന്നു അന്യഥാതാപം വിചാരിക്കരുതു്. രാമനോടു സുഖമെ വസിക്കുക എന്നു അനുഗ്രഹിച്ചു ദേവകളോടുകൂടി ദശരഥൻ സ്വൎഗ്ഗത്തിലേക്കു പോകുകയും ചെയ്തു.

അനന്തരം വിഭീഷണൻ സ്വാമിയെ നമസ്കരിച്ചു, സ്വാമിൻ നിന്തിരുവടി അടിയന്റെ രാജധാനിയോളം എഴുന്നെള്ളണമെന്നപേക്ഷിച്ചതിനെക്കേട്ടു ഭഗവാൻ പുറപ്പെട്ടുകയും രാജധാനിയുടെ പുരോഭാഗത്തിൽ ഇന്ദ്രനീലമായ ഒരു കല്ലു കിടക്കുന്നതിനെക്കണ്ടു ഇതെന്താണെന്നു വിഭീഷണനോടു ചോദിച്ചതിന്നു വിഭീഷണൻ, സ്വാമിൻ ജ്യേഷ്ഠനായ രാവണൻ പാദക്ഷാളനം ചെയ്യുന്ന ഒരു കല്ലാണിതു എന്നു മറുവടി പറഞ്ഞതിനെക്കേട്ടു ഭഗവാൻ ആശ്ചര്യപ്പെട്ടു നില്ക്കുന്നതിനെക്കണ്ടു ജാംബവാൻ പറയുന്നു, ശരണം രാമചന്ദ്ര സ്വാമിൻ. പൎവ്വതങ്ങൾ പക്ഷധരന്മാരായി സഞ്ചരിക്കുന്ന കാലവും ഞാനറിയും. അനന്തരം ഇന്ദ്രൻ പക്ഷങ്ങളെ വെട്ടി ഓരോ ദിക്കിൽ പതിപ്പിച്ച കാലവും അറിയും. മന്മഥൻ ത്രപത്തോടുകൂടി നടന്ന കാലവും ഞാൻ അറിയും. ഇപ്പോൾ അത്രപിയായി നടക്കുന്നതും അറിയും. പരമേശ്വരസ്വാമിയുടെ ഗളം സ്വൎണ്ണവൎണ്ണമായിരുന്നതും ഞാനറിയും. അനന്തരം നീലവൎണ്ണമായതും അറിയും. സമുദ്രത്തിൽ ശുദ്ധജലമുണ്ടായിരുന്ന കാലവും ഞാൻ അറിയും. ഇപ്പോൾ ലവണജലമായതും അറിയും ഇന്ദ്രന്നു രണ്ടു നേത്രമുണ്ടായിരുന്ന കാലവും അറിയും. ഇപ്പോൾ സഹസ്രാക്ഷൻ എന്നു് കീൎത്തിക്കപ്പെട്ടതും അറിയും. ഇതെല്ലാം അറിയുമെങ്കിലും ഒരുവനു ഒത്തമായി കൊടുത്തവസ്തുവെ രണ്ടാമതു മടങ്ങി ഒരുവൻ വാങ്ങിയതായികണ്ട ഓൎമ്മ എനിക്കില്ലെന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ പുഞ്ചിരിയോടുകൂടി വിഭീഷണനോടു ഹെ വിഭീഷണ! ഞാൻ ഇനി അങ്ങോട്ടു വരുന്നില്ല. ആയതുകൊണ്ടു നമുക്കു അയോദ്ധ്യക്കു പോകേണ്ടുന്ന ദിവസം നാളെയാണു്. വിമാനംകൊണ്ടു വരിക എന്നതിനെക്കേട്ടു വിഭീഷണൻ വിമാനംകൊണ്ടുവന്നു നിൎത്തുകയും എല്ലാവരോടും രഥത്തിൽകയറുവാനായി ഭഗവാൻ പറഞ്ഞതിനെക്കേട്ടു ജാംബവാൻഭഗവാനെ നോക്കി ശരണം ഭഗവാനെ അടിയൻ രഥം കയറുന്നില്ല. കാരണം അടിയന്നു വസന്തൻ എന്ന ഒരു മകനെ ഉണ്ടായിരുന്നുള്ളു. ആയവനെയും രണ്ടു വെള്ളം പടകളെയും കുംഭകൎണ്ണൻ പിടിച്ചു ഭക്ഷിച്ചിരിക്കുന്നു. അടിയനും വല്ല ദിക്കിലും കിടന്നു മരിക്കേ

ണമെന്നല്ലാതെ മേലിൽ ഇരിക്കേണമെന്നില്ല. എന്ന് സങ്കടം
പറഞ്ഞതിനെകേട്ടു ലക്ഷ്മണനെ ഭഗവാൻ വിളിച്ചു ധൎമ്മരാജാ
വിന്നു ഒരു പത്രം എഴുതുവാൻ പറഞ്ഞതു് പ്രകാരം ലക്ഷ്മണൻ
എഴുതുന്നു.

സംയമനപുരിയെന്ന പട്ടണത്തിൽ വസിക്കുന്ന ധൎമ്മരാ
ജാവറിവാൻ ദാശരഥി രാമൻ എഴുതുന്നതു എന്തെന്നാൽ: ലങ്ക
യിൽ രാക്ഷസന്മാരായുണ്ടായ യുദ്ധത്തിൽ വസന്തടനേയും രണ്ടു
വെള്ളം വാനരന്മാരേയും കാണ്മാനില്ല. ആയതുകൊണ്ടു ഈ വരു
ന്ന മാരുതി ഒരുമിച്ചു അവരെ അയച്ചു കൊടുക്കണം. ആയതി
ന്നു വല്ല വ്യത്യാസവും വന്നാൽ യോഗ്യതയോടുകൂടിയ നിന്റെ പ
ദവിയും പാലനാളും പൊടി പെടുത്തും എന്നുഎഴുതി ഹനുമാനെ
വിളിച്ചു പത്രം കയ്യിൽ കൊടുത്തയച്ചു. മാരുതി കാലപുരിയിൽ
പോയി ധൎമ്മരാജാവിന്നു പത്രം കൊടുക്കുകയും ധൎമ്മരാജാവു കിട
കിടെ വിറച്ചു രൌരവങ്ങളിൽ തിരഞ്ഞു മേൽപ്പറഞ്ഞവരാരെയും
കാണായ്കയാൽ അവിടെ നിന്നു സത്യലോകത്തിൽ പോയി അ
ന്വേഷിച്ചു അവിടെയും കാണായ്കയാൽ അവിടെനിന്നു വൈകുണ്ഠ
ത്തിൽചെന്നു നോക്കിയപ്പോൾ അവിടെ കളിച്ചുകൊണ്ടിരിക്കുന്ന
തിനെക്കണ്ടു് ബ്രഹ്മാവു ദേഹത്തെ സൃഷ്ടിച്ചു പ്രാണനെ ദേഹ
ത്തിൽ അവലംബിച്ചു് ഹനുമാൻ കൂട്ടിക്കൊണ്ടു വരികയും അന
ന്തരം ജാംബവാൻ സന്തോഷിച്ചു് എല്ലാവരും രഥത്തിൽക്കയറി
നിന്ന ശേഷം ജാനകിയോടു ഭഗവാൻ പറയുന്നു. നീ നിമിത്തം
ഞാൻ ലങ്കയിൽ വന്നു രാവണനെ വധിച്ചു വടക്കെ മിററം നോ
ക്കുക. നമ്മുടെ പടനായകനായ നീലൻ പ്രഹസ്ഥനെ വധിച്ചു
കിഴക്കെ മിററം നോക്കുക. ധീരനായ അംഗദൻ വജ്രദംഷ്ട്രനെ
വധിച്ചു ദക്ഷിണമിററംനോക്കുക. വീൎയ്യപുരുഷനായ ലക്ഷ്മണൻ
ഇന്ദ്രജിത്തിനെ വധിച്ചു പശ്ചിമമിററം നോക്കുക. കുംഭകൎണ്ണൻ
അതികായൻ മുതലായവർ മരിച്ചു യുദ്ധകളത്തെ നോക്കുക. ര
ണ്ടാമത്തു മൂലബലങ്ങൾ നാനാപ്രകാരമായി മരിച്ചു പടകളും നോ
ക്കുക. നമ്മുടെ പ്രാണനെ രക്ഷിച്ചു ഹനുമാൻ അകമ്പനെ അ
ടിച്ചുകൂട്ടിയ കളത്തെ നോക്കുക. മഹാ ദ്രോഹിയായ മഹോദ

രൻ എന്റെ ശരം പെട്ട വീണ പടകളത്തെ നോക്കുക. ഘടപ ടാദികളെ നിർമ്മിപ്പാൻ കുലാലന്ന വളരെ ദിവസം വേണം. അ തുകളെ ഉടക്കുവാൻ വടി എടുത്തുവന്നു അര നിമിഷം മതി. ഇ ന്ദ്രാദി ദേവകൾക്കുംകൂടി എത്തി നോക്കുവാൻ അസാദ്ധ്യമായ ഏ ഴു മതിലുകളെ നോക്കുക. അന്തത്തിലുള്ള പാതാളാദികളെയും അതിക്രമിച്ചിരിക്കുന്ന അത്യഗാധമായ കിടങ്ങുകളെയുംനോക്കുക. സുഗ്രീവൻ നിന്ന രാവണന്റെ മകുടം പറിപ്പാൻ ചാടിയ സു ബേലപർവ്വതം നോക്കുക. രാക്ഷസന്മാരുടെ രക്തസാഗരത്തെ ആ കർഷിച്ച ലവണസാഗരത്തെ നോക്കുക. എന്നു പറഞ്ഞു എല്ലാ വരും സമുദ്രത്തിന്റെ മറുകരയിൽ വന്നു നിന്നു ഭഗവാൻ മാരുതി യെ വിളിച്ചു അല്ലയോ ഹനുമാൻ നമുക്കു ഇവിടെ ഒരു ശിവലിം ഗത്തെ പ്രതിഷ്ഠ ചെയ്യണം ആയതുകൊണ്ടുനീ അതിവേഗത്തിൽ കാശിയിൽ ചെന്നു ഒരു ലിംഗത്തെ കൊണ്ടുവരിക എന്നു പറ ഞ്ഞതിനെക്കേട്ടു ഹനുമാൻ അതിവേഗത്തിൽ നടന്നു കാശിയിൽ എത്തി ലിംഗത്തെ കൊണ്ടുവരുന്നതിന്നു മുമ്പെ ഭഗവാൻ മുഹൂ ൎത്തം അതിക്രമിക്കുന്നതിനെക്കണ്ടു സമുദ്രതീരത്തിലുള്ള മണൽ കൊണ്ടു ഒരു ലിംഗത്തെ ഉണ്ടാക്കി ശുഭമുഹൂൎത്തത്തിൽ പ്രതിഷ്ഠി ക്കുകയും ആയതിന്നു രാമലിംഗം എന്നു സങ്കല്പിക്കുകയും ചെയ്തു. അങ്ങിനെ ഇരിക്കെ ഹനുമാൻ ശിവലിംഗവുംകൊണ്ടു സമുദ്രതീര ത്തിൽ എത്തി ഭഗവാനെ നമസ്കരിക്കുകയും അതു കണ്ടു ഭഗ വാൻ ഹേ മാരുതെ നിന്റെ വരവു കാണായ്കയാൽ മുഹൂൎത്തസമ യത്തിൽ ഞാൻ ലിംഗപ്രതിഷ്ഠ ചെയ്യേണ്ടിവന്നു. ആയതിനെ നീ പറിച്ചെടുത്തു നീ കൊണ്ടുവന്ന ലിംഗത്തെ പ്രതിഷ്ഠിക്കുക എ ന്നു പറഞ്ഞതിനെക്കേട്ടു ഹനുമാൻ തന്റെ വാലിനാൽ ശിവലി ത്തെ ചുററി വലിച്ചും ശിവലിംഗം പറിയാതെ തന്റെ വാലററ് മോഹാലസ്യത്തോടുകൂടി വീഴുകയും ചെയ്യപ്പോൾ ജാനകി സങ്കട പ്പെടുകയും അതു കണ്ടു ഭഗവാൻ ഹനുമാനോടു, ഹേ മാരുതെ! നീ വ്യസനിക്കേണമെന്നില്ല. നീ കൊണ്ടുവന്ന ശിവലിംഗത്തെ ഇവിടെ പ്രതിഷ്ഠിക്കുക. എന്നു ഭഗവാൻ പറഞ്ഞതുപ്രകാരം ഹ നുമാൻ ചെയ്കയും അതിന്നു ഹനുമല്പ്രതിഷ്ഠ എന്നു പേരിടുകയും

ചെയ്യു. മുമ്പെ ഹനുമൽപ്രതിഷ്ഠയെ പൂജിച്ചു രാമപ്രതിഷ്ഠയെ പൂജിപ്പാൻ പാടുള്ളു എന്നും അങ്ങിനെ ചെയ്യാഞ്ഞാൽ ഫലമില്ലെന്നും അനുഗ്രഹിച്ചു ഹനുമാനെ സന്തോഷിപ്പിച്ചു സേതുസ്നാനം കഴിഞ്ഞു സേതുമാധവനെ പൂജിച്ചു സേതുമാഹാത്മ്യത്തെ ഭഗവാൻ ജാനകിയോടു പറയുന്നു. അല്ലയോ ജാനകി! ഈ സേതുമാഹാത്മ്യത്തെ പന്നഗേശ്വരനാലും പറയുവാൻ അസാദ്ധ്യമാണ്. എങ്കിലും ഞാൻ കുറഞ്ഞൊന്നു പറയാം. ഏകാഗ്രമാനസയായി കേൾക്കുക. മാതൃഹത്തി, പിതൃഹത്തി, ഗുരുഹത്തി, ശിഷ്യഹത്തി, ഈശ്വരനിന്ദ, ആശ്രിതന്മാരെ ഉപദ്രവിക്കുക, അഗതികൾ, ബ്രാഹ്മണദ്വേഷം, സാധുരക്ഷ ചെയ്യുന്നവന്റെ ദ്രവ്യം കരസ്ഥമാക്കുക, അന്നദാനം മുടക്കുക, മദ്യപാനം ചെയ്യുക, ചൂതുപൊരുതി അന്യനെ തോല്പിക്കുക, പശു ഉരഞ്ഞുതറിയെ ഇടിച്ചു പൊടിക്കുക, മാർഗ്ഗത്തിൽ നിഴലിന്നു ഉപയോഗമായ വൃക്ഷങ്ങളെ മുറിക്കുക, പരദാരങ്ങളെ പരിഗ്രഹിക്കുക, വ്രതങ്ങളെ നാനാപ്രകാരേണ വിഘ്നം വരുത്തുക, വിശന്നിരിക്കുന്നവർക്കു ഭക്ഷണം കൊടുക്കാതിരിക്കുക, ഗർഭം അലസിപ്പിച്ചു നടക്കുന്നവർക്കു ഭക്ഷണം കൊടുക്കാതിരിക്കുക, ഗർഭം അലസിപ്പിച്ചു നടക്കുന്ന സ്ത്രീകളെ കാണുക, ദുഷ്ടന്മാരെ സ്നേഹിക്കുക, അന്യന്റെ ജയര കത്തത്തക്ക വിധത്തിൽ പരപക്ഷത്തിന്മേൽ പഞ്ചായം പറയുക, ഗൃഹത്തിൽ അഗ്നി കൊളുത്തുക, കണിവെച്ചു പക്ഷികളെപ്പിടിക്കുക, സ്ത്രീ പുരുഷന്മാരുടെ ക്രീഡയെക്കണ്ടു വിഘ്നം വരുത്തുക, ക്ഷേത്രങ്ങളിലേക്കു നിയമിച്ച വഴിവാടുകളെ മുടക്കുക, വനത്തിൽ വെച്ചു മുതലുകളെ തട്ടിപ്പറിക്കുക, കുട്ടികളുടെ കഴുത്തു മുറിച്ചു ആഭരണങ്ങളെ എടുക്കുക, വിധവകളെ രമിക്കുക, വാപികൂപാദികളെ തൂർക്കുക, സ്വന്തം കണവനെ ഉപേക്ഷിക്കുക, അന്യനാൽ ഉണ്ടായ ഗർഭത്തെ നശിപ്പിക്കുക, തമ്മിൽ സ്നേഹിച്ചിരിക്കുന്നവരുടെ ഇടയിൽ കടന്നു അവരുടെ സ്നേഹത്തെ വിഘ്നം വരുത്തുക, രജസ്വലയായിട്ടുള്ള സ്ത്രീയെ രമിക്കുക, മാർഗ്ഗത്തിലുള്ള സത്രങ്ങളെ മുടക്കുക, ക്ഷേത്രങ്ങളെ ഇടിക്കുക, ജപതപങ്ങളെ മുടക്കുക, വിദ്വാന്മാരെ പരിഹസിക്കുക, മാംസാദികളെ ഭക്ഷിക്കുക, രാത്രിയിൽ കിടപ്പാൻ സ്ഥലം ഇല്ലെന്നു പറയുക, ക്ഷേത്രങ്ങളിൽ വെച്ചു സ്ത്രീകളോടു രമിക്കുക,

നിൎവ്വാണമായി നദിയിൽ ഇറങ്ങുക, രോഗം അറിയാതെ ഔഷധങ്ങളെ പ്രയോഗിക്കുക, നവഗ്രഹങ്ങളുടെ അവസ്ഥ അറിയാതെ ജാതകഫലം പറയുക, നെല്ലിൽ പതിര് ചേൎക്കുക, തന്നിൽത്താണ കുലത്തിലുള്ള സ്ത്രീകൾക്ക സന്തതികളെ ഉൽപ്പാദിപ്പിക്കുക, മൃഗങ്ങളെപ്പിടിച്ച കൂട്ടിലിടുക, ജ്യേഷ്ഠപത്നിയെ അനുജൻ രമിക്കുക, കപടസന്യാസം വഹിച്ച നടക്കുക, അസത്യമായി സാക്ഷി പറയുക, മൃഗങ്ങളെ രമിക്കുക ഇത്യാദി ദോഷങ്ങളെച്ചെയ്യുന്നവർ മഹാപാപികളാണ്. ഈ മഹാ പാപികൾ വന്ന സേതുസ്നാനം ചെയ്തു സേതുമാധവനെ ഭക്തിശ്രദ്ധബഹുമാനവിനയങ്ങളോടുകൂടി ദൎശിച്ച പൂജിച്ചാൽ മുൻ പറയപ്പെട്ട പാപങ്ങളെല്ലാം തീൎന്ന ധനധാന്യപുത്രമിത്രങ്ങൾ വൎദ്ധിച്ച സുഖമായ വസിച്ച മരണശേഷം വൈകുണ്ഠത്തിൽ വിഷ്ണുചിഹ്നങ്ങളെ ധരിച്ച നിത്യസൂരികളായി ഭവിക്കും. എന്ന പറഞ്ഞു അവിടം വിട്ടു നീങ്ങി വിമാനത്തെ നടത്തി ഓരോ സ്ഥലങ്ങളിൽ എത്തുമ്പോൾ ഓരോ മാൎഗ്ഗവിശേഷവിവരങ്ങളെപ്പറയുന്നു. അല്ലയൊ ജാനകി! നിന്നെക്കാണ്മാനായി കുറെ ദിവസം മുമ്പ് ഹനുമാൻ സമുദ്രം ചാടുവാനായി നിന്ന മഹേന്ദ്രപൎവ്വതത്തെ നോക്കുക. വരുണൻ വന്ന എന്നെ ശരണം പ്രാപിച്ച സ്ഥലം ഇതാണ്. അഗസ്ത്യമഹൎഷിയുടെ ആശ്രമമായ പൊതിയമല എന്ന അഗസ്ത്യകൂടം ഇതാണ്. സുഗ്രീവൻ വസിക്കുന്ന കിഷ്കിന്ധ ഇതാണ്. വാനരസ്ത്രീകൾ നിന്നെക്കാണ്മാൻ വരുന്നതിനെ നോക്കുക. എന്റെ അസ്ത്രം പെട്ടു മറിഞ്ഞു കിടക്കുന്ന സപ്തസാലങ്ങളെ നോക്കുക, ഘനാഘനങ്ങളായ മേഘങ്ങളുടെ വൃഷ്ടിയോടെ ഞാൻ നാലു മാസംവരെ ദുഃഖിച്ചിരുന്ന മാല്യവാൻ ഗിരി ഇതാണ്. നിന്റെ ആഭരണങ്ങളെ സുഗ്രീവൻ കാണിച്ചതന്ന മതംഗാശ്രമമാണ് ഇത്. ഭക്തിശ്രദ്ധബഹുമാനങ്ങളോടുകൂടി നിന്നെയും എന്നെയും രക്ഷിച്ച ഹനുമാൻ എന്നെ കണ്ട പമ്പാസരസ്സിന്റെ തീരമാണിത്. ഫലപാകങ്ങളെ തന്ന പൂജിച്ച ശബരി ആശ്രമമാണിത്. നിന്നെ അന്വേഷിച്ചു വരുമ്പോൾ മാൎഗ്ഗത്തിൽ വെച്ച എന്നാൽ മോക്ഷത്തെ പ്രാപിച്ച കബന്ധനെ കണ്ടത് ഇവിടെയാണ്. നി

ന്നെ വേണ്ടി രാവണനാൽ മരണത്തെ പ്രാപിച്ച ജടായുദേവ രെ സംസ്കാരംചെയ്തതു ഇവിടെയാണ്. മൂന്നുകൊല്ലംവരെ നാം വസിപ്പാനായി ലക്ഷ്മണൻ സൃഷ്ടിചെയ്ത പർണ്ണശാല നിന്നിരുന്ന പഞ്ചവടി തീരമാണിത്. ഇവിടെയാണ് മാരീചൻ പെട്ടത്. ഇവിടെയാണ് ശൂർപ്പണേഖ കെട്ടത്. ഇവിടെ വെച്ചാണ് ഖ രനെ വധിച്ചത്. ലക്ഷ്മണൻ തേടിവന്നു ഇവിടെവെച്ചാണ് എന്നെക്കണ്ടത്. രാവണൻ നിന്നെ മോശം ചെയ്തതു ഇവിടെ വെച്ചാണ്. നീ നിമിത്തം പ്രാണനെ ഉപേക്ഷിച്ച ജടായുവനം ഇതാണ്. അഗസ്ത്യൻ എനിക്ക വില്ലും ശരവും തന്നതു ഇവിടെ വെച്ചാണ്. ഇതു സുതീക്ഷ്ണമുനിയുടെ ആശ്രമമാണ്. ഈ കാ ണുന്നതു ദണ്ഡകാരണ്യമാണ്. ശരഭംഗൻ പത്നീസമേതനായി മോക്ഷത്തെ പ്രാപിച്ചതു ഇവിടെവെച്ചാണ്. നിണക്ക ആഭര ണം തന്ന അനസൂയ അത്രിമഹർഷിയുടെ ആശ്രമമാണിത്. ഭര തൻ വന്നു നമ്മെക്കണ്ട ചിത്രകൂടം ഇതാണ്. ലക്ഷ്മണൻ തോ ണിതുഴഞ്ഞു നമ്മെക്കടത്തിയ യമുനയാണിത്. ഇതിന്നടയാളം മു ളകൊണ്ടുള്ള തോണിയെ നോക്കുക. നമ്മുടെ വരവിനെക്കാത്തി രുന്ന ഭരദ്വാജാശ്രമമാണിത്. ഗുഹൻ വസിക്കുന്ന സ്ഥലമാ ണിത്. നമ്മെ കടത്തിവിട്ട തോണിയാണിത്. പ്രാണവാത്സല്യ ത്തോടുകൂടെ എന്നെ വളർത്തിയ പിതാവിന്നുള്ള മരണാനന്തരാ പേക്ഷ ചെയ്തത് ഈ ഗംഗാനദിയിൽവെച്ചാണ്. അതാ നമ്മു ടെ നേരിട്ടുകാണുന്നതു നമ്മുടെ രാജധാനിയായ അയോദ്ധ്യയാ ണ്. ആയതുകൊണ്ടു നാം എല്ലാവരും ഭരദ്വാജാശ്രമത്തിൽചെ ന്നു ആഹാരാദികളെ കഴിച്ചു ക്ഷുത്ത് ശമിപ്പിച്ചതിന്നനന്തരം അ യോദ്ധ്യക്ക പോകാം. എന്നു പറഞ്ഞു ഭഗവാൻ മുതലായ എല്ലാ വരും വിമാനത്തിൽനിന്നിറങ്ങി ഭരദ്വാജാശ്രമത്തിൽ പോയി ഇ രുന്നു. അതു കണ്ടു ഭരദ്വാജമഹർഷി ഭഗവാനോടു ഹേ! രാഘ വാ! വനവാസം സുഖമാകഴിഞ്ഞില്ലെ നീ പോകുമ്പോൾ നിങ്ങൾ മൂന്നുപേർ മാത്രമല്ലെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ നിൻറെ ഒരു മിച്ച അനേക വാനരങ്ങളും രാക്ഷസന്മാരെയും കാണുന്നുണ്ട്. ഇ വരാരെന്നു കേൾപ്പാൻ ആഗ്രഹിക്കുന്നു എന്നതിനെക്കേട്ടു ഭഗ

വാൻ പറയുന്നു. ഇവൻ സൂര്യാത്മജനായ സുഗ്രീവനാണ്. ഇവൻ ബാലിസുനു അംഗദനാണ്. ഇവൻ വായു പുത്രനായ ഹനുമാനാണ്. ഇവൻ ബ്രഹ്മാത്മജനായ ജാംബവാനാണ്. ഇവൻ അഗ്നിപുത്രനായ നീലനാണ്. ബാക്കി എല്ലാം സൈന്യങ്ങളാണു. ഇതിൽ സുഗ്രീവൻ വാനരങ്ങൾക്കു രാജാവാണു. ഇവൻ രാവണസോദരനായ വിഭീഷണനാണ്. സൈന്യങ്ങൾ എഴുപതു വെള്ളമാണു. ഒരു വെള്ളത്തിൻെറ കണക്കെന്തെന്നുവെച്ചാൽ: അതിസാരം നാല്പത്തഞ്ചു കൊണ്ടതു സാരം. സാരം45കൊണ്ടതു അത്യല്പം. അത്യല്പം 3 കൊണ്ടതു അല്പം. അല്പം 25 കൊണ്ടതു അതിതല്പം. അതിതല്പം 30കൊണ്ടതു തല്പര. തല്പര30കൊണ്ടതു അതിനട്പം. അതിനട്പം 25കൊണ്ടതു നട്പം. നട്പം320 കൊണ്ടതു മൂന്നാംകീഴ് മുന്തിരി. മൂന്നാംകീഴ്മുന്തിരി320കൊണ്ടതു രണ്ടാംകീഴ്മുന്തിരി. രണ്ടാംകീഴ്മുന്തിരി 320 കൊണ്ടതു ഒന്നാംകീഴ്മുന്തിരി. ഒന്നാംകീഴ്മുന്തിരി 320 കൊണ്ടതു മേൽമുന്തിരി. മേൽമുന്തിരി രണ്ടു കൊണ്ടതു അരക്കാണി. അരക്കാണി രണ്ടു കൊണ്ടതു കാണി കാണി രണ്ടു കൊണ്ടതു അരമ. അരമ 2 കൊണ്ടതു ഒരുമ. ഒരുമ 8 കൊണ്ടതു 1. ഒന്നു 10കൊണ്ടതു 10 പത്തു 10 കൊണ്ടതു 100. നൂറു പത്തു കൊണ്ടതു ആയിരം. ആയിരം പത്തുകൊണ്ടതു പതിനായിരം. പതിനായിരം പത്തുകൊണ്ടതു ലക്ഷം. ലക്ഷം 100 കൊണ്ടതു കോടി. കോടി നൂറു കൊണ്ടതു മഹാകോടി.മഹാകോടി 100കൊണ്ടതു വിന്തം.വിന്തം 100കൊണ്ടതു മഹാവിന്തം. മഹാവിന്തം 100 കൊണ്ടതു കുമുദം. കുമുദം 100കൊണ്ടതു മഹാകുമുദം. മഹാകുമുദം 100കൊണ്ടതു പത്മം.പത്മം 100 കൊണ്ടതു മഹാപത്മം. മഹാപത്മം 100 കൊണ്ടതു സമുദ്രം. സമുദ്രം 100 കൊണ്ടതു മഹാസമുദ്രം. മഹാസമുദ്രം 100 കൊണ്ടതു പ്രളയം. പ്രളയം 100 കൊണ്ടതു മഹാപ്രളയം. മഹാപ്രളയം 100 കൊണ്ടതു ഒരു വെള്ളം. സുഗ്രീവന്നു ഇങ്ങിനെ എഴുപതുവെള്ളം വാനരപ്പടകളാണ്. ഇവരുടെ സഹായത്താലാണ് രാവണാദികളെ വധിച്ചതു. എന്നും മററും വൎത്തമാനങ്ങളെ മഹർഷിക്കു പറഞ്ഞറിയിച്ചതിന്നനന്തരം ഹനുമാനെ വിളി

ച്ചു ഭഗവാൻ, അല്ലയോ മാരുതേ! പതിന്നാലു സംവത്സരം കഴിയുന്ന ദിവസം ഇന്നാണു. ഇന്നു അയോദ്ധ്യക്കു എത്താതിരുന്നാൽ ഭരതൻ അഗ്നിയിൽ വീണു മരിക്കും. ആയതുകൊണ്ടു നീ ഞാൻ തരുന്ന മുദ്രമോതിരത്തെ ഭരതൻവശം കൊടുത്തു രാമൻ ഇതാ വരുന്നു എന്നു പറയുക. എന്നു പറഞ്ഞു മോതിരത്തെക്കൊടുത്തു ഹനുമാനെ അയച്ചു. ഇവിടെ അയോദ്ധ്യയിൽ ഭഗവാന്റെ വരവു കാണായ്കയാൽ ഭരതൻ ജ്യോത്സ്യരെ വരുത്തി വനദീക്ഷ കഴിഞ്ഞു വരേണ്ടുന്ന ദിവസം ഇന്നാണെന്നു കണ്ടു ശത്രുഘ്നനോടു അഗ്നികുണ്ഡം വെട്ടുവാൻ പറയുകയും അതു കേട്ടു ശത്രുഘ്നൻ അയ്യോ ജ്യേഷ്ഠ! ഒരുവൻ വനദീക്ഷക്കായി പോയി. ഒരുവൻ ജ്യേഷ്ഠനെ രക്ഷിപ്പാനാണെന്നു പറഞ്ഞു കൂടെ പോയി. ബാക്കിയുള്ളവൻ അഗ്നിയിൽ വീണു മരിക്കുന്നതായാൽ പിന്നെ ഞാനൊ ഈ രാജ്യഭാരം വഹിക്കുന്നവൻ? ഭഗവാന്റെ വരവിനെ ഇന്നുംകൂടെ കാത്തു ഇന്നും വരാത്തഭാഗം നാളെ നിന്തിരുവടിയുടെ അഭിപ്രായംപോലെ ആവാം. എന്നു ശത്രുഘ്നൻ പറഞ്ഞതിനെക്കേട്ടു ഭരതൻ പറയുന്നു. ഹേ സോദരാ ഭഗവാനു അയോദ്ധ്യ വേണ്ടയെന്നുണ്ടെങ്കിൽ എനിക്കു അതിന്നുമുമ്പെ സമ്മതം തന്നെ. ആയതുകൊണ്ടു നീ ഞാൻ പറഞ്ഞവണ്ണം പ്രവൃത്തിക്കുക. എന്നതിനെക്കേട്ടു ശത്രുഘ്നൻ അഗ്നികുണ്ഡം വെട്ടി അഗ്നി വളർത്തുകയും ഭരതൻ അഗ്നിയിൽ ചാടുവാൻ ഒരുങ്ങുന്നതിനെ കൌസല്യ കണ്ടു അനേക ഉപചാരവാക്കുകളെപ്പറയുകയും അതു കേട്ടും ഭരതൻ സമ്മതിക്കാതെ അഗ്നികുണ്ഡത്തെ പ്രദക്ഷിണം ചെയ്തു ചാടുകയും ഹനുമാൻ ഉടനെ എത്തി അഗ്നിയെത്തച്ചുകെടുത്തി സ്വാമിയുടെ മുദ്രമോതിരം ഭരതൻ കയ്യിൽ കൊടുത്തു ഭഗവാൻ ഇതാ വരുന്നു എന്നു പറഞ്ഞു പ്രാണനെ രക്ഷിച്ചു. അതു കണ്ടു ഭരതൻ സന്തോഷിച്ചു നീ ആരെന്നു ചോദിച്ചതിന്നു മറുവടിയായി ഹനുമാൻ പറയുന്നു. അടിയൻ ബ്രാഹ്മണനല്ല, ഒരു വാനരനാണ്. നാമം ഹനുമാനെന്നാണ്. എന്നു പറഞ്ഞു വനദീക്ഷയിൽ സംഗതികളെ സമഷ്ടിയായിപ്പറഞ്ഞുകേൾപ്പിച്ചു. അവിടെനിന്നു ഹനുമാൻ വേഗത്തിൽ മടങ്ങി ഭരദ്വാജാശ്രമത്തിൽ വന്നു ഭോജനശാലയിൽ

വെച്ച ഭഗവാനെക്കണ്ടു നമസ്കരിച്ചു ഭരതൻ അഗ്നിയിൽ ചാടിയതും താൻ രക്ഷിച്ചതും പറഞ്ഞുകേൾപ്പിച്ചു. അതുകേട്ടു ഭഗവാൻ, അല്ലയോ മാരുതി! ഇവിടെ ഞങ്ങളെ രക്ഷിച്ചു. അവിടെച്ചെന്നു ഭരതനേയും രക്ഷിച്ചു. സമസ്തഗുണസമ്പന്നനായ് ഭവിക്കുക. എന്നനുഗ്രഹിച്ചു അനന്തരം ഊണുകഴിപ്പാൻ സമീപത്തിൽ വന്നിരിപ്പാൻ പറഞ്ഞു വിഭീഷണൻ, സുഗ്രീവൻ, അംഗദൻ, ഹനുമാൻ മുതലായവരെ സമീപത്തിലിരുത്തി മൃഷ്ടാന്നഭക്ഷണം കഴിച്ചശേഷം മഹർഷിയെ പട്ടാഭിഷേകത്തിന്നു വരുവാനായി ക്ഷണിച്ചു അവിടെനിന്നു എല്ലാവരോടുംകൂടി അയോദ്ധ്യക്കു പുറപ്പെട്ടു. അയോദ്ധ്യയിൽ ഭരതൻ സുമന്ത്രാദികളോടുകൂടിവന്നു ഭഗവാനെ എതിരേററു കൊണ്ടുപോയി നന്ദിഗ്രാമത്തിൽ വെച്ചു ജടമുടികളെ ത്യജിച്ചു അയോദ്ധ്യയായ രാജധാനിയിൽ വന്നു. സുമന്ത്രർ നഗരി അലങ്കരിപ്പിച്ചു പട്ടാഭിഷേകത്തിന്നു വേണ്ടുന്ന സംഭാരങ്ങളെ ഒരുക്കി ഭഗവാനെ സിംഹാസനത്തിൽ ഇരുത്തി. അരിയിട്ടുവാഴ്ചകഴിച്ചു വസിഷ്ഠൻ എന്ന മഹർഷി കിരീടം എടുത്തു ശ്രീരാമസ്വാമിയുടെ ശിരസ്സിൽ ധരിച്ചു. ശ്രീരാമൻ അയോദ്ധ്യയിൽ ഒന്നാം രാജാവായി വാഴുക. ഭരതൻ രണ്ടാം രാജാവായും, ലക്ഷ്മണൻ മൂന്നാം ജാവായും, ശത്രുഘ്നൻ നാലാം രാജാവായും വാഴുക എന്നനുഗ്രഹിച്ചു. അതു കണ്ടു അമരകൾ ദേവദുന്ദുഭി മുഴക്കി പുഷ്പവൃഷ്ടി ചെയ്തു. അനന്തരം ബ്രാഹ്മണൎക്കു വേണ്ടുന്ന ദക്ഷിണകളെ ചെയ്തതിന്നു ശേഷം വിഭീഷണനെ ഭഗവാൻ സമീപത്തിൽ വിളിച്ചുപറയുന്നു. അല്ലയോ ലങ്കേശ്വരാ! നിന്റെ സഹായത്താൽ വേണ്ടുന്ന കാൎയ്യമെല്ലാം സാധിച്ച് അയോദ്ധ്യയിൽ വന്നു പട്ടാഭിഷേകം ഒരു വിധത്തിൽ കഴിഞ്ഞുകൂടി. ആയതുകൊണ്ടു ഇതാ ഞാൻ തരുന്ന ലങ്കനാഥപ്രതിഷ്ഠയെ നീ ലങ്കയിൽകൊണ്ടുപോയി പ്രതിഷ്ഠിച്ചു നിത്യം പൂജിച്ചുവരിക. എന്നെ മറക്കരുത്. കൂടക്കൂടെ അയോദ്ധ്യക്കു വരണം. എന്നനുഗ്രഹിച്ചു വിഭീഷണനെ ലങ്കക്കു അയച്ചു. സുഗ്രീവനെ വിളിച്ചു ഭഗവാൻ, അല്ലയോ സുഗ്രീവ! സമീപത്തിൽ വരിക. എന്റെ പ്രാണനെ എനിക്കു എത്ര വാത്സല്യമുണ്ടോ അത്ര വാത്സ

ല്യത്തോടുകൂടിയ പ്രാണസഖിയാണ നീ എനിക്കു. നീ ഇല്ലായെങ്കിൽ ഈ ജന്മത്ത് എന്റെ പത്നിയെ ചിറ വീണ്ടുകൊണ്ടു വരുവാൻ സാധിക്കുന്നതല്ലായിരുന്നു, അതിന്റെ പരമാൎത്ഥം ഞാനും നീയും അറിയുമല്ലൊ. ആയതുകൊണ്ടു നീ കിഷ്കിന്ധയിൽ പോയി സിംഹാസനാരൂഢനായി പ്രജകളെ വേണ്ടതുപോലെ പരിപാലിക്കുക. അംഗദനെ എളയ രാജാവായി വഹിച്ചു നിന്റെ മകനെപ്പോലെ രക്ഷിച്ചുവരിക. അംഗദനെ ഉപദ്രവിച്ചാൽ എന്നെ ഉപദ്രവിച്ചതിന്നു തുല്യമാണ്. കൂടക്കൂടെ അയോദ്ധ്യക്കു വരണം. എന്നു പറഞ്ഞതിന്നുശേഷം അംഗദനെ സമീപത്തിൽ വരുത്തി ഹേ കുമാരാ! നീ ഒന്നുകൊണ്ടും ദുഃഖിക്കരുത്. അയോദ്ധ്യക്കും കിഷ്കിന്ധക്കും അതിദൂരമില്ല. കൂടക്കൂടെ വന്നു നീ എന്നെ കാണേണമെന്നു പറഞ്ഞതിന്നനന്തരം ഹനുമാനെ സമീപത്തിൽ വരുത്തി അല്ലയോ മാരുതി! നിന്റെ ഭാവം ഞാനറിഞ്ഞു. എന്നെപ്പിരിയുന്നതു സങ്കടമാണെന്നു നിണക്കു വേദന ഉണ്ടു. അതിനെപ്പററി നീ വ്യസനിക്കരുത്. ഞാൻ എപ്പോഴും നിന്റെ ഹൃൽഗൃഹത്തിൽ നിവാതസ്ഥലദീപംപോലെ കുടിയിരിക്കുന്നുണ്ടു്. നീ എന്നെക്കാണേണമെന്നു എപ്പോൾ വിചാരിക്കുന്നുവോ ആ അവസരത്തിൽ പത്നീസമേതനായി പ്രത്യക്ഷീകരിച്ചു നിന്നെ അനുഗ്രഹിക്കുന്നുണ്ടു. എന്നുതന്നെയല്ല ഈ ലോകത്തിൽ യാതൊരു ശരീരി രാമ രാമ എന്നു ജപിക്കുന്നുവോ ആയതു നിന്റെ കൎണ്ണത്തിൽ കേൾപ്പാനായി ഞാൻ അനുഗ്രഹിക്കുന്നു. കൂടക്കൂടെ അയോദ്ധ്യക്കു വന്നുംകൊണ്ടിരിക്കണം. ജാനകിയെക്കണ്ടു യാത്ര പറഞ്ഞു പോകുക എന്നനുഗ്രഹിച്ചു. ഹനുമാൻ അവിടെ നിന്നു ജാനകിയെക്കണ്ടു പാദത്തിൽ നമിച്ച് അടിയൻ കിഷ്കിന്ധക്കു വിടകൊള്ളുട്ടെ എന്നു യാത്ര പറഞ്ഞതിനെക്കേട്ടു ദേവി, മാരുതേ! നീ എന്റെ പ്രാണനെ രക്ഷിച്ചവനാണ്. എപ്പോഴും നിന്നെക്കാണ്മാനായി ഞാൻ അനുഗ്രഹിക്കുന്നു. ഈ മുത്തുമാലയെ വാങ്ങിക്കൊള്ളുക എന്നുപറഞ്ഞു മാല്യത്തെക്കൊടുത്തയച്ചു. അനന്തരം ഹനുമാൻ ലക്ഷ്മണനെ നമസ്കരിക്കുകയും ലക്ഷ്മണൻ ഹനുമാനെ അനുഗ്രഹിച്ച്, മാരുതേ! നീ എന്നെ രണ്ടു പ്രാവശ്യം ഔഷധം കൊണ്ടുവന്നു പ്രാണനെ ദാനം

ചെയ്യുവനാണ്. നീ കൂടക്കൂടെ അയോദ്ധ്യക്കു വരേണമെന്നനുഗ്രഹിച്ചുയച്ചു. അനന്തരം ഭരതനെച്ചെന്നു നമസ്കരിക്കുകയും ഭരതൻ സന്തോഷിച്ചു മാരുതേ! നീ എന്നെ അഗ്നികുണ്ഡത്തിൽനിന്നു എടുത്തു രക്ഷിച്ചവനാണ്. ഇടയിടയിൽ അയോദ്ധ്യക്കു വരിക എന്നനുഗ്രഹിച്ചതിന്നുശേഷം ശത്രുഘ്നനെ നമസ്കരിക്കുകയും ശത്രുഘ്നൻ അല്ലയോ മാരുതേ! നീ എന്റെ ജ്യേഷ്ഠന്മാരെ രക്ഷിച്ച പ്രാണദാതാവാണ്. ആയതുകൊണ്ടു അടുത്തടുത്തു അയോദ്ധ്യക്കു വരേണമെന്നനുഗ്രഹിച്ചയച്ചതിൽപ്പിന്നെ ഭഗവാനെ നമസ്കരിച്ച് ഹനുമാൻ വിടകൊണ്ടു. വാനരങ്ങളെ നോക്കി ഭഗവാൻ, അല്ലയോ സഖികളേ! എനിക്കുവേണ്ടി അനന്തപ്രയത്നം ചെയ്യുവരാണു നിങ്ങളെല്ലാവരും. ആയതുകൊണ്ടു നിങ്ങൾ പിടിച്ചതെല്ലാം ഇരുമ്പും കടിച്ചതെല്ലാം കരുമ്പും കടിച്ചതെല്ലാം അമൃതുമായ് ഭവിക്കട്ടെ എന്നനുഗ്രഹിച്ചയച്ചു. എന്നതിന്നുശേഷം താൻ പ്രജകളെ സത്യമെന്ന പാന്ഥാവിൽ നിന്നു തെറ്റാതെനടത്തി രാജ്യഭാരം വഹിച്ചു സുഖമായി വസിച്ചുവന്നു.

ശുഭം ഭവതു.

ഈ രാമചരിതം എഴുതിയവരും എഴുതിച്ചവരും വായിച്ചവരും വായിപ്പിച്ചവരും കേട്ടവരും പുത്രമിത്രകളത്രഃഗാത്രങ്ങളോടുകൂടെയും ധനധാന്യസമ്പത്തുകളോടുകൂടെയും വസിച്ചു അവസാനം മോക്ഷത്തിന്നു അധികാരികളായി ഭവിപ്പാനായിക്കൊണ്ടു ജഗദീശ്വരൻ അനുഗ്രഹിച്ചിരിക്കുന്നു.

യുദ്ധകാണ്ഡം സമാപ്തം.

# ഉത്തരരാമായണം.

## കവി.

കയ്യിലൊഴി എഴുത്തുകൾക്കണ്ണനെ
മയ്യലംവിഴിമങ്കതൻപാകനെ
ഉയ്യവന്തുതയംചെയ്യുപാനുനെ
വയ്യമുണ്ടെ പൈയ്യനെവാഴ്ത്തുവാം.

സൎവ്വേശ്വരനായ രാമസ്വാമി പട്ടാഭിഷേകം കഴിഞ്ഞതിന്നനന്തരം പ്രജകളെ രക്ഷചെയ്തു പൂൎവ്വികന്മാരാൽ നിശ്ചയിക്കപ്പെട്ട മാധവസ്മൃതിയിൽ പറയുന്ന ആചാരത്തെ അണുപോലും തെറ്റാതെ രാജ്യഭാരം വഹിച്ചുവരികയും അങ്ങിനെയിരിക്കെ, ദധിസാഗരത്തിന്നമദ്ധ്യേ പതിനായിരം യോജന വിസ്താരത്തോടുകൂടെയും ഇരുപത്തൊന്നു മതിൽ എമ്പത്തിനാലു ഗോപുരത്തോടുകൂടെയും അത്യാഗാധമായ അകഴി എന്ത്രപ്പാലങ്ങളോടുകൂടെയും നവരത്നഖചിതമായി അനേക പതിപട്ടണനഗരഗ്രാമങ്ങളോടുകൂടി ശോഭിക്കുന്ന ത്രൈലോക്യപുരി എന്ന രാജധാനിക്കു രാജാവായ സഹസ്രവദനരാവണൻ എന്ന അസുരൻ മനോപതിയെന്ന സത്യലോകത്തിൽ പോയി അവിടെ ഒരഗ്നികുണ്ഡം വെട്ടി ഇന്ധനങ്ങളെ നിറച്ച് അഗ്നി വളൎത്തി അഗ്നിമദ്ധ്യസ്ഥനായി ഒരു ലക്ഷം സംവത്സരം ബ്രഹ്മാവിനെക്കുറിച്ചു തപസ്സുചെയ്കയും ബ്രഹ്മാവു പ്രത്യക്ഷമാകാതിരിക്കുന്നതിനെക്കണ്ടു അനന്തരം ആയിരം സംവത്സരം തികയുമ്പോൾ തന്റെ ഓരോ ശിരസ്സും ഈരണ്ടുകരവും വെട്ടി അഗ്നിയിൽ ഇട്ടു ഹോമിക്കുകയും എന്നിട്ടും ഉപാസനമൂൎത്തിയായബ്രഹ്മാവു പ്രത്യക്ഷമാവാത്തതിനാൽ ആയിരാമത്തെ ശിരസ്സും വെട്ടുവാൻ ഒരുങ്ങിയപ്പോൾ കമലോത്ഭവൻ സംഹാരരുദ്രനായി വന്നു പ്രത്യക്ഷമായി. ഹേ സഹസ്രമുഖ! നിന്റെ തപസ്സു സന്തോഷമായി. നി

ണക്കു വേണ്ടുന്ന വരം എന്താണെന്നു ചോദിക്കുകയും അതുകേട്ടു സഹസ്രമുഖൻ ശരണം ബ്രഹ്മദേവരേ! ഈ ലോകത്തിലുള്ള സ്ത്രീകൾ ഒഴിച്ചു ബാക്കി യാതൊരു പ്രാണികളാലും ഞാൻ മരിക്കരുത ശത്രുക്കളെ നിഗ്രഹിപ്പാനായി നിന്തിരുവടി ബ്രഹ്മാസ്ത്രം തരണം, എന്നുതന്നെയല്ല അന്തരം മദ്ധ്യപാതാളമായ മൂന്നുലോകത്തേക്കും ഒരു നാഴികകൊണ്ടു സഞ്ചരിച്ചു മടങ്ങി ത്രൈലോക്യപുരിയിൽ എത്തുവാൻ ഒരു രഥവും തരണം എന്നു ചോദിച്ച വരങ്ങളെ ബ്രഹ്മാവു ദാനംചെയ്തു സത്യലോകത്തേക്കു പോകുകയും ചെയ്തു. സഹസ്രമുഖൻ ബ്രഹ്മാവിനാൽ ദത്തമായ വരബലത്താൽ അത്യന്തം സന്തോഷത്തോടുകൂടി സത്യലോകം വിട്ടു തന്റെ രാജധാനിയിൽ വന്നു അസുരകളെയെല്ലാം ദിഗ്വിജയത്തിന്നായ്ക്കൊണ്ടു പുറപ്പെടുവിച്ചു തന്റെ സ്വതേ സൈന്യങ്ങളായ ആയിരത്തെഞ്ഞൂറ വെള്ളം പടകളേയും കൂട്ടി പുറപ്പെട്ടു ബ്രഹ്മാവാൽ ദത്തമായ മനോരഥമെന്ന വിമാനാരൂഢനായി ഇന്ദ്രാദികളായ അഷ്ടദിക്പാലകന്മാരേയും ത്രിമൂർത്തികളേയും ജയിച്ച് അവരുടെ ഭാഗ്യങ്ങളെല്ലാം കവർന്നു രഥത്തിൽ നിറച്ചു മടങ്ങി ഭൂലോകവാസികളായ അമ്പത്താറു മഹാരാജാക്കന്മാരേയും ജയിച്ചു അവിടംവിട്ടു അതലാദികളായ പാതാളലോകത്തിൽ നാഗരാജാക്കളെ ജയിച്ചു പാതാളരാവണൻ എന്ന ശതമുഖനോടു യുദ്ധംചെയ്തു ജയത്തെ പ്രാപിച്ച് ശതമുഖന്റെ മകളായ ചന്ദ്രമുഖിയെ കല്യാണംചെയ്തു. പരമേശ്വരസ്വാമിയാൽ ദത്തമായ കഠാരമെന്ന ആയുധത്തെ ശതമുഖൻ സഹസ്രമുഖന്നു സ്ത്രീധനമായി കൊടുത്തതിന്നനന്തരം സഹസ്രമുഖൻ പത്നീസമേതനായി പരിവാരങ്ങളോടുകൂടി തന്റെ രാജധാനിയിൽ വന്നിരുന്നു. അന്നുമുതൽക്കു സജ്ജനദ്വേഷം, സാധുനിന്ദ, മാതൃഹത്തി, മദ്യപാനം മുതലായ മഹാപാതകങ്ങളെ ചെയ്തു ബ്രാഹ്മണരുടെ വേദപാഠം, ദേവപൂജകളെ മുടക്കി ഈശ്വരാലയങ്ങളെയെല്ലാം കൊള്ളിവെച്ചു ലോകത്തെ അതികഠിനമായി ഉപദ്രവിച്ചുവരുന്ന മദ്ധ്യേ, തന്റെ പത്നിയും താനുമായി ചന്ദ്രമുഖിയുടെ പിതാവായ മൈൽരാവണന്റെ അടുക്കലേക്കു വരുന്ന മാർഗ്ഗത്തിൽ ലക്ഷ്മിയെക്കുറിച്ചു സുതലലോകത്തിൽ തപസ്സുചെയ്തുകൊ

ങ്ങിരിക്കുന്ന ചഞ്ചലാക്ഷിയെന്ന ഒരു വിദ്യാധരസ്ത്രീയെക്കണ്ടു മദതാപം വൎദ്ധിച്ചു സഹസ്രമുഖൻ കടന്നു പിടിച്ചു ക്രീഡക്കായ്ക്കൊണ്ടു ശ്രമിക്കുകയും അതുകണ്ടു ചഞ്ചലാക്ഷി ഭയപ്പെട്ടു അയ്യോ അസുരേശ്വരാ! ഞാൻ ബഹുകാലമായി ജന്മസാഫല്യത്തിന്നായ്ക്കൊണ്ടു ലക്ഷ്മീഭഗവതിയെക്കുറിച്ചു തപസ്സുചെയ്തുവരുന്നവളാണ്. എന്റെ തപസ്സു വിഘ്നംവരുത്തരുതെന്നു ഞാൻ സങ്കടപ്പെടുന്നതിനെ കേൾക്കാതെ ബലാൽക്കാരേണ തന്റെ മനോരഥമെന്ന വിമാനത്തിലേക്കു കൊണ്ടുവരുമ്പോൾ എന്റെ ഉപാസനമൂൎത്തിയായ ലക്ഷ്മീഭഗവതി നിമിത്തം നീയും നിന്റെ കുടുംബവും നശിച്ചുപോകട്ടെ എന്നു ശപിച്ചു ചഞ്ചലാക്ഷി പ്രാണനെ ത്യജിക്കുകയും ചെയ്തു. അവിടെനിന്നു തന്റെ പത്നിയോടുകൂടി തന്റെ മാതുലനായശതമുഖന്റെ ഗൃഹത്തിൽചെന്നു അന്നുതാമസിച്ചു പിറ്റേദിവസം മടങ്ങി തന്റെ രാജധാനിയിലേക്കു വന്നു. യാതൊരാളും തനിക്കു ശത്രുവല്ലെന്നുള്ള അഹങ്കാരത്താൽ ബ്രഹ്മാണ്ഡം കിടുകിടവിറക്കത്തക്ക ആജ്ഞയെ നടത്തി വസിച്ചുവരുന്നു. തന്റെ മകനായ വജ്രബാഹു എന്നവൻ പരമേശ്വരസ്വാമിയെക്കുറിച്ചു ഹിമവാന്റെ താഴ്വരയിൽ വെച്ചു പന്തീരായിരം സംവത്സരം തപസ്സുചെയ്തു പ്രത്യക്ഷമാക്കി അറുപത്തിനാലു കലാവിദ്യകളേയും പാശുപതം എന്ന അസ്ത്രവും കഞ്ചുകമെന്ന കുപ്പായവും വാങ്ങി. അനന്തരം ഇന്ദ്രാദികളോടു യുദ്ധത്തിന്നു പോകുകയും ഇന്ദ്രൻ വജ്രബാഹുവോടുള്ള യുദ്ധത്തിൽ തോററ സൈന്യാധിപത്യം അസുരസംഹാരത്തിൽ ദേവരക്ഷാൎത്ഥം വഹിച്ചിരുന്ന സുബ്രഹ്മണ്യസ്വാമിയോടു ചെന്നു വജ്രബാഹുവാൽ അനുഭവിച്ച അപജയത്തെ പറഞ്ഞറിയിക്കുകയും അതു കേട്ടു സുബ്രഹ്മണ്യസ്വാമി യുദ്ധസന്നദ്ധനായി മയിൽ പുറത്തുകയറി വന്നു ഇന്ദ്രനെ തോല്പിച്ച വജ്രബാഹുവിനോടു പോർ ചെയ്കയും അതുകണ്ടു വജ്രബാഹു സിംഹഗൎജ്ജനം ചെയ്തു സുബ്രഹ്മണ്യസ്വാമിയുമായി യുദ്ധം തുടങ്ങിയതിൽ ഇന്ദ്രാദികളെ തന്റെ കയ്യിലുണ്ടായിരുന്ന പാശം വീശി വലിച്ചുകെട്ടി അവിടെനിന്നു എറിയുകയും ആ പാശത്തോടുകൂടി ഹിമവാന്റെ താ

ഭൂമിയിൽവന്നു വീഴുകയും അതുകണ്ടു ഷണ്മുഖൻ തന്റെ വേലായുധത്തെ അയച്ചു പാശമറുത്തു ദേവകൾ രക്ഷപ്പെടുകയും അനന്തരം വജ്രബാഹു ഷണ്മുഖനോടു പലമായായുദ്ധങ്ങളേയും ചെയ്തു യുദ്ധകളമെല്ലാം അന്ധകാരമാക്കുകയും അതുകണ്ടു ഷണ്മുഖൻ അഗ്ന്യസ്ത്രം തൊടുത്തു അന്ധകാരത്തെപ്പോക്കി തന്റെ ശക്തി എന്ന വേലായുധംകൊണ്ടു വജ്രബാഹുവെ സംഹരിച്ചു ദേവകളെ രക്ഷിച്ചു സുബ്രഹ്മണ്യസ്വാമി തന്റെ യഥാസ്ഥാനത്തേക്കു പോകുകയും ചെയ്തു. ഈ വിവരം വജ്രബാഹു എന്നവന്റെ പിതാവായ സഹസ്രമുഖൻ അറിഞ്ഞു തന്റെ മന്ത്രിയായ ബാണൻ എന്ന അസുരനെ നോക്കി ഇന്ദ്രനെ പിടിച്ചു പിങ്കെട്ടായി കെട്ടിക്കൊണ്ടുവരികയെന്നു കല്പിച്ചു. ഇരുന്തുറവെള്ളം പടകളെ ബാണനു സഹായികളായി അയച്ചുകൊടുത്തു. ബാണൻ സൈന്യങ്ങളോടുകൂടി രണഭേരി മുഴക്കി സ്വർഗ്ഗത്തേക്കു പടനടത്തി. സ്വർഗ്ഗത്തിൽ ചെന്നു ഇന്ദ്രനെ യുദ്ധത്തിൽ തോല്പിച്ചു പിടിച്ചുകെട്ടി രഥത്തിലിട്ടു ത്രൈലോക്യപുരിയിൽ കൊണ്ടുവന്നു പാദത്തിലും കരത്തിലും ശൃംഖലപൂട്ടി അന്ധമന്ദിരത്തിലിട്ടു വെക്കുകയും ചെയ്തു. അനന്തരം സ്വർഗ്ഗവാസികളായ ദേവന്മാർ സത്യലോകത്തിൽ പോയി ബ്രഹ്മാവിനെക്കണ്ടു നമസ്കരിച്ചു. ബാണനാൽ ഉണ്ടായ യുദ്ധവും ഇന്ദ്രനെപ്പിടിച്ചു കെട്ടിക്കൊണ്ടുപോയതും ആദ്യന്തമായി പറഞ്ഞുകേൾപ്പിച്ചു. അതു കേട്ടു ബ്രഹ്മാവു എന്നെക്കൊണ്ടു സഹസ്രമുഖനെ നിഗ്രഹിപ്പാൻ പ്രയാസമാണു. രക്ഷാനായകനായ നാരായണസ്വാമിയെക്കണ്ടു കാര്യം നിവൃത്തിപ്പിൻ, ഞാനുംകൂടെ വൈകുണ്ഠത്തേക്കു വരുന്നുണ്ടു. എന്നുപറഞ്ഞു ദേവകളോടുകൂടി വൈകുണ്ഠത്തിൽവന്നു നാരായണസ്വാമിയെ സ്തുതിക്കുകയും അതുകേട്ടു നാരായണസ്വാമി പ്രത്യക്ഷമായി ദേവകളുടെ സങ്കടത്തെക്കേട്ടു ആവട്ടെ ഞാൻ ഒന്നു പരീക്ഷിക്കാം എന്നു പറഞ്ഞു ദേവകളെ സൈന്യങ്ങളാക്കി താൻ ഗരുഡാരൂഢനായി പുറപ്പെട്ടു ദധിസാഗരതീരത്തിൽ വന്നു ശങ്കുവർണ്ണൻ എന്നതന്റെദൂതനെ സമീപത്തിൽ വിളിച്ചു നീ പോയിസഹസ്ര-

വദനനോടു, ദേവനാഥനായ ഇന്ദ്രന്റെ ശൃംഖലവെട്ടി സ്വൎഗ്ഗത്തിലേക്ക വിട്ടയപ്പാനായി നാരായണസ്വാമി പറഞ്ഞയച്ചിരിക്കുന്നു എന്നും ആയതിന്നു മനസ്സില്ലാത്ത പക്ഷം യുദ്ധത്തിന്നു ഒരുങ്ങി സൈന്യയുക്തനായി ദധിസാഗരത്തിന്റെ ഉത്തരതീരത്തിലേക്ക വരുവാൻ പറയുക എന്നും പറഞ്ഞു ദൂതയക്കുകയും ദൂതൻ അതിവേഗത്തിൽ ത്രൈലോക്യപുരിയിൽ ചെന്നു സഹസ്രവദനനെ കണ്ടു മാനിച്ചുനില്ക്കുകയും, സഹസ്രമുഖൻ ദൂതനെക്കണ്ടു നീ ആര്? എവിടെനിന്നു വരുന്നു? എന്നതിലേക്ക ദൂതൻ പറഞ്ഞതെന്തെന്നാൽ: വൈകുണ്ഠവാസനായ നാരായണസ്വാമി ദധിസാഗരത്തിന്റെ മറകരയിൽ ദേവസംഘത്തോടുകൂടി വന്നുനില്ക്കുന്നു ഇന്ദ്രന്റെ ശൃംഖല വെട്ടി സ്വൎഗ്ഗത്തിലേക്ക വിട്ടയപ്പാനായി കല്പിച്ചിരിക്കുന്നു. ആയതിന്നു മനസ്സില്ലാത്തപക്ഷം സൈന്യയുക്തനായി യുദ്ധത്തിന്നു വരുവാൻ കല്പിച്ചിരിക്കുന്നു എന്നു കേൾപ്പിക്കുകയും അതു കേട്ട സഹസ്രവദനൻ ക്രോധിച്ചു എടാ ശംഖവൎണ്ണാ! നാരായണന്റെ കല്പന വൈകുണ്ഠത്തിലാണ്. ഈ ത്രൈലോക്യപുരിയിലല്ല. ഇവിടെ സഹസ്രമുഖരാവണന്റെ കല്പനയാണ്. തൃണതുല്യനായ നാരായണന്റെ വാക്കിനെക്കേട്ടു നിണക്ക ഇവിടെക്ക വരാമോ? ഇന്ദ്രന്നു സഹായിയാക്കി നിന്നെയും കാരാഗൃഹത്തിൽ ഞാൻ ഇടുന്നുണ്ട്. എന്നു പറഞ്ഞു തന്റെ ഭടന്മാരെ വിളിച്ചു ശംഖവൎണ്ണനെ പിടിച്ചു അന്ധമന്ദിരത്തിലിടുകയും ചെയ്തു. പോയ ദൂതന്റെ വരവു കാണാതെ തന്റെ വാഹനമായ ഗരുഡനെ അയച്ചു വിവരം അറിഞ്ഞുവരേണമെന്നു പറയുകയും ഗരുഡൻ അതിവേഗത്തിൽചെന്നു അന്വേഷിച്ചതിൽ ശംഖവൎണ്ണനെപ്പിടിച്ചു അന്ധമന്ദിരത്തിൽ ഇട്ടിരിക്കുകയാണെന്നറിഞ്ഞു മടങ്ങിവന്നു നാരായണസ്വാമിയോടു വിവരം പറയുകയും അനന്തരം ദേവകളെ സാഗരതീരത്തിൽ നിൎത്തി താൻ ഏകനായി ഗരുഡന്റെ ഗളത്തിൽ ആരോഹിച്ചു പുറപ്പെട്ടു സഹസ്രമുഖന്റെ അടുക്കലേക്ക വരികയും നാരായണസ്വാമിയുടെ വരവിനെക്കണ്ടു പുഞ്ചിരിയോടുകൂടി എന്താണ് നാരായണൻ വന്നത്. ദൂതൻ

ഇവിടെ ഉണ്ട്. ഇന്ദ്രനെ സഹായി ആക്കി ഞാൻ വെച്ചിരിക്കുന്നു. എന്നതിനെക്കേട്ട നാരായണൻ പറഞ്ഞതെന്തെന്നാൽ. അല്ലയോ അസുരേശ്വര! സ്വൎഗ്ഗത്തിൽ ഇന്ദ്രനില്ലാതെ സ്വൎഗ്ഗം അരാജകത്വം ഭവിച്ചു നാനാവിധമായി തീൎന്നിരിക്കുന്നു. ആയതുകൊണ്ടു ഇന്ദ്രനെ ഇനിയെങ്കിലും വിട്ടയച്ചുകൂടെ. എന്നതിനെക്കേട്ട സഹസ്രമുഖനും ഹേ നാരായണ നിന്റെ ദൂതൻ പറഞ്ഞു ഇന്ദ്രനെ വിടാത്ത ഭാഗം യുദ്ധത്തിന്നു ഒരുങ്ങി സൈന്യയുക്തനായി ദധിസാഗരത്തിന്റെ മറുകരയിൽ വരണമെന്നാണ് നിന്റെ കല്പന എന്നാണ് എന്നോടു പറഞ്ഞത്. എന്നാൽ ആയതു കഴിഞ്ഞോട്ടെ എന്നാലോചിച്ചാണ് ദൂതനെ ഇവിടെ പിടിച്ചുവെച്ചത്. അങ്ങിനെയുണ്ടെങ്കിൽ ഒരുങ്ങുന്നതിന്നു വിരോധമില്ല. എന്നു പറഞ്ഞതിനെക്കേട്ടു നാരായണനും ആവശ്യം ഇന്ദ്രനെ വിട്ടുകിട്ടേണമെന്നെ ഉള്ളു. ആയതിന്നു സമ്മതമില്ലാത്ത ഭാഗം യുദ്ധം ചെയ്യുക എന്നല്ലെ മാൎഗ്ഗമുള്ളു. എന്നു ഉപായത്രപോലെ കൎശ്ശം വരുവാനുള്ള വാക്കുകളെപ്പറയുകയും അതു കേട്ട സഹസ്രമുഖനും അഭിമാനത്തെ നടിച്ചു എന്നെ ഭയപ്പെട്ടു നാരായണൻ അപേക്ഷ പറയുകയാണെന്നു ഊഹിച്ചു ഇന്ദ്രനെ കാരാഗൃഹത്തിൽ നിന്നു വരുത്തി ശൃംഖല വെട്ടി. എന്നാൽ കുട്ടികളോടു പോകുക എന്നു പറഞ്ഞു നാരായണസ്വാമി ഒരുമിച്ചു അയച്ചുകൊടുക്കുകയും നാരായണസ്വാമി ഇന്ദ്രനെ സ്വൎഗ്ഗത്തിലേക്കയച്ചു താൻ വൈകുണ്ഠത്തിലേക്കു പോകുകയും ചെയ്തു. സഹസ്രമുഖനെ നിഗ്രഹിക്കണമെങ്കിൽ ദേവമുനിവൃന്ദങ്ങളാൽ സാധിക്കുന്നതല്ലെന്നും നമ്മുടെ അംശജാതനായ ദശരഥാത്മജൻ ശ്രീരാമനാൽ ഒരു സമയം സാധിച്ചു എന്നു വന്നേക്കാമെന്നും ത്രിമൂൎത്തികൾകൂടി ആലോചിച്ചു അവിടെച്ചെന്നു സങ്കടംപറയുവിൻ എന്നു ദേവമുനിവൃന്ദങ്ങളെ അയോദ്ധ്യക്കയക്കുകയും മഹൎഷികൾ ഒരുമിച്ചു ദേവനാഥനായ ഇന്ദ്രൻ ദേവകളോടുകൂടി വന്നു രാമസ്വാമിയെക്കണ്ടു ശരണം രാഘവ എന്നെപ്പോലെയുള്ള ദേവകളും മഹൎഷികളും ശത്രുക്കളാൽ ദുഃഖിതന്മാരായി സങ്കടത്തിൽപ്പെട്ടാൽ സത്യലോകത്തിൽ പോയി

ബ്രഹ്മദേവരെക്കണ്ടു സങ്കടനിവൃത്തിചെയ്യും. ബ്രഹ്മദേവരാൽ നിവൃത്തിയില്ലെങ്കിൽ വൈകുണ്ഠവാസനായ നാരായണസ്വാമിയെക്കണ്ടു കാൎയ്യം നിവൃത്തിക്കാം. നാരായണസ്വാമിയാൽ നിവൃത്തിയില്ലെങ്കിൽ കൈലാസവാസനായ പരമേശ്വരസ്വാമിയാൽ നിവൃത്തിക്കാം. ഇങ്ങിനെ ത്രിമൂൎത്തികളാൽ നിവൃത്തിപ്പാൻ പ്രയാസമെന്നുവന്നാൽ അയോദ്ധ്യയിൽ വന്ന ക്ഷത്രിയ രാജാക്കളാൽ നിവൃത്തിക്കാം. ഇങ്ങിനെയാണ് സാധാരണയായി ഞങ്ങൾ രക്ഷപ്പെട്ടുവരുന്നതു. ഇപ്പോൾ ഞങ്ങൾക്കുള്ള സങ്കടം എന്തെന്നുവെച്ചാൽ ഉദധിസാഗരത്തിന്നുമദ്ധ്യേ ത്രൈലോക്യപുരിയെന്ന അസുരപുരിയിൽ അസുരേശ്വരനായ സഹസ്രമുഖരാവണൻ എന്ന അസുരനാൽ അനുഭവിക്കുന്ന ദുഃഖം ഇന്നവിധത്തിലാണെന്നു പറഞ്ഞറിയിപ്പാൻ അസാദ്ധ്യമാണ്. എന്നെ പിടിച്ചുകെട്ടി അനേകകാലം കാരാഗൃഹത്തിലിട്ടുവെച്ചിരുന്നു. ശ്രീനാരായണസ്വാമി ഉപായരൂപേണ ഔദാൎയ്യമായ വാക്കുകളെപ്പറഞ്ഞു എന്നെ വിട്ടുവിച്ചുകൊണ്ടുവന്നു. മേലിൽ കുറെക്കാലംകൂടെ സഹസ്രമുഖൻ ജീവിച്ചിരിക്കുന്നതായാൽ പ്രപഞ്ചം നിഷ്പ്രപഞ്ചമായി തീരും. ആയതുകൊണ്ടു തിരുവടി ശത്രുവെ നിഗ്രഹിച്ചു സങ്കടരക്ഷചെയ്യുഅരണം. എന്നു ഇന്ദ്രൻ അപേക്ഷിക്കുകയും അതു കേട്ടു ശ്രീരാമസ്വാമി ആവട്ടെ നിങ്ങൾ ഭയപ്പെടേണ്ട. ശത്രുവെ നിഗ്രഹിച്ചു നിങ്ങളെ ഞാൻ രക്ഷിക്കുന്നുണ്ട്. എല്ലാവരും അവരവരുടെ യഥാസ്ഥാനത്തേക്കു പോകുവിൻ എന്നു ദേവമുനികളെ മടക്കി അയച്ചു അനന്തരം സൈന്യസമേതം വരണമെന്നു ലങ്കാധിപനായ വിഭീഷണന്നും കിഷ്കിന്ധാധിപനായ സുഗ്രീവന്നും ദൂതന്മാരെ അയച്ചു. ദൂതന്മാരുടെ വാക്കിനെക്കേട്ടു ഉടനെ വിഭീഷണനും സുഗ്രീവനും തങ്ങളുടെ പടകളോടുകൂടി അയോദ്ധ്യയിൽ വന്നു ശ്രീരാമസ്വാമിയെ നമസ്കരിച്ചു വിനയാന്വിതന്മാരായി നില്ക്കുന്നതിനെ ഭഗവാൻ കണ്ടു പ്രജകളെല്ലാം ക്ഷേമമെന്നുകരുതുന്നു. നിങ്ങളെ കണ്ടിട്ടു കുറേദിവസമായി. നിങ്ങളുടെ രാജധാനിക്കു വിശേഷിച്ചു വല്ല ശത്രുബാധയുമുണ്ടോ. എന്നു ചോദിച്ചതിനെ കേട്ടു വിഭീഷണൻ പറയുന്നു. ശരണം സ്വാമിൻ എനിക്കു നമ

ല്യപുത്രന്മാരുള്ളതിൽ മാല്യവാൻ എന്ന ദ്വിതീയപുത്രൻെറ പത്നിയായ ദേവതാരി എന്നവൾ സാഗരസ്നാനത്തിന്നായി ലങ്കയിൽവടഗോപുരത്തിന്നെതിരെ ജലത്തിൽ ഇറങ്ങി സ്നാനം ചെയ്തുകൊണ്ടിരിക്കുന്നമദ്ധ്യേ ആകാശവീഥിയിൽ വിമാനചാരിയായിട്ടുപോകുന്ന ഒരസുരൻ ഇവളെക്കണ്ടു എടുത്തു വിമാനത്തിൽവെച്ചു കൊണ്ടുപോയ വിവരം ദേവതാരിയുടെ ദാസികൾ വന്നു പറഞ്ഞറിയുകയും അതുകേട്ടു ഞാൻ ഉടനെ അനേകദൂതന്മാരെ പൂർവ്വദക്ഷിണപശ്ചിമോത്തരായ നാലുദിക്കിലേക്കു അയക്കുകയും അതിൽ ദക്ഷിണദിക്കിലെ അന്വേഷണത്തിന്നു പോയി മടങ്ങിയ ദൂതൻ വന്നു ദധിസാഗരമെന്ന തെക്കേടലിന്നു മദ്ധ്യേ ത്രൈലോക്യപുരിയെന്ന ഒരു പട്ടണമുണ്ടെന്നും അവിടെ സഹസ്രമുഖൻ എന്ന ഒരു അസുരരാജാവുണ്ടെന്നും അവൻെറ പുത്രന്മാരിൽ ഒരുവൻ കൊണ്ടുപോയി അവളെ ചിറയിൽ വെച്ചിരിക്കുന്നെന്നും അവൻെറ പരാക്രമം ബ്രഹ്മദത്തവരപ്രതാപിയാണെന്നും അവനെ ജയിക്കുന്നത് ത്രിമൂർത്തികളാലും അസാദ്ധ്യമാണെന്നും ഇന്ദ്രനെ ബഹുകാലം അന്ധമന്ദിരത്തിൽ ഇട്ടുവെച്ചിരുന്നു എന്നും കേൾപ്പിക്കുകയുണ്ടായി. മേലിൽ ആ സ്ത്രീയെ നമുക്കു വേണമെന്നില്ല. എങ്കിലും ഇവിടുത്തെ ദാസനായ എനിക്കു ഇങ്ങിനെ ഒരപമാനം അനുഭവിച്ചിരിക്കേണ്ടിവന്നുവെല്ലൊ എന്നുള്ള വേദനയെ അനുഭവിച്ചിരിക്കുന്ന സമയമാണിപ്പോൾ. എന്നതിനെക്കേട്ടു ഭഗവാൻ പറയുന്നു. അല്ലയോ വിഭീഷണാ! അത്യത്ഭുതമുണ്ട്. സഹസ്രമുഖൻ എനിക്കു ശത്രുവും നിനക്കു കൃത്രിമശത്രുവും ആയിത്തീൎന്നുവല്ലൊ. ഇന്ദ്രാദികൾ സഹസ്രമുഖനെ വധിച്ചുതരേണമെന്നു എന്നോടപേക്ഷ ചെയ്കയും കഴിയുന്നവണ്ണം നോക്കാമെന്നു പറഞ്ഞു ഇന്ദ്രനെ അയച്ചശേഷമാണു നിന്നെക്കൊണ്ടും സുഗ്രീവനും ആളയച്ചത്. എന്നുപറഞ്ഞു സുഗ്രീവൻെറ അഭിപ്രായമെന്തെന്നു ചോദിച്ചതു കേട്ടു സുഗ്രീവൻ പറയുന്നു. സ്വാമിൻ സഹസ്രമുഖൻ ലോകത്തെ ഉപദ്രവിക്കുന്ന ദുൎമ്മാൎഗ്ഗിയാണെന്നുതന്നെയല്ല നമ്മുടെ ലങ്കേശ്വരനായ വിഭീഷണന്നു അത്യന്ത ദുഃഖവും അപമാനത്തേയും ദാനംചെയ്തുവനാണ്. എന്നതിനെക്കേട്ടു വിഭീഷണനോടു ഭഗവാൻ ഹേ ലങ്കേശ്വര ഒരു കാലത്ത് നീ എൻെറ അ

ഷമാനത്തെ നിവൃത്തിച്ചവനാണ്. ആയതുകൊണ്ടു ഈ ഒരു അഷമാനം നിണക്കല്ല എനിക്കാണ്. ആയതുകൊണ്ടു പടകളോടുകൂടി വേഗത്തിൽ പോവുകതന്നെ. എന്നുപറഞ്ഞു ഹനുമാനെ സമീപത്തിൽ വിളിച്ചു മാരുതെ ഇപ്പോൾ നാം നിശ്ചയിച്ചു പുറപ്പെടുന്ന ഈ യുദ്ധത്തിൽ ശത്രുജയംവരുമൊ എന്നുള്ള കാലബലത്തെ ആലോചിക്കുക. എന്നതിനെക്കേട്ടു ഹനുമാൻ കാലാകാലങ്ങളെ ശാസ്ത്രോക്തമായി ആലോചിച്ചു പറയുന്നു. സഹസ്രമുഖന്നു മരണം അടുത്തിട്ടുണ്ട് എങ്കിലും സവ്വേശ്വരനായ നിന്തിരുവടിയുടെ സായകത്താൽ മരിക്കുമെന്നുള്ള ലക്ഷണം പൂത്തിയായിക്കാണുന്നില്ല. എങ്കിലും സവ്വേശ്വരനായ നിന്തിരുവടിയുടെ സാന്നിദ്ധ്യവിശേഷത്താൽ ലോകമാതാവായ ശക്തിയാൽ മരിക്കുമെന്നാണു കാണുന്നത്. എന്നു മാരുതി പറഞ്ഞതിനെക്കേട്ടു ഭഗവാൻ പുഞ്ചിരിയോടുകൂടി ആവട്ടെ പരീക്ഷിക്കുകതന്നെ എന്നു പറഞ്ഞു ലക്ഷ്മണനോടുകൂടി പുറപ്പെട്ടു നടകൊള്ളുകയും അങ്ങിനെ ലവണസാഗരതീരത്തിൽ എത്തുകയും ചെയ്തു. ഭഗവാൻ വിഭീഷണനോടു, അല്ലയൊ വിഭീഷണാ അയോദ്ധ്യയിൽനിന്നു പുറപ്പെട്ടു ഇതുവരെ നാനാപ്രകാരേണ വന്നു സമുദ്രതീരത്തിൽ എത്തി. ഇവിടെനിന്നു അസുരപുരിക്കു പോകണമെങ്കിൽ ഈ ലവണസമുദ്രം കടന്നാൽപോരാ. ഇതുപോലെ ലവണം, ഇക്ഷു, സുര, സപ്പി, ദധി എന്നിങ്ങിനെ അഞ്ചു സമുദ്രത്തിൽ വെച്ചു ദധിസാഗരത്തിന്റെ മദ്ധ്യത്തിലാണ് സഹസ്രമുഖന്റെ പട്ടണമായ ത്രൈലോക്യപുരി. ആയതിലേക്കു സമുദ്രം കടന്നുപോവാൻ മാഗ്ഗമെന്തെന്നു ചോദിക്കുകയും അതുകേട്ടു വിഭീഷണൻ ശരണം സ്വാമിൻ ലോകവിശ്രുതനായ മാരുതി ഇരിക്കെ നിന്തിരുവടിക്കു വാഹനദാരിദ്ര്യം വരുവാൻ പാടുള്ളതല്ല. എന്നുതന്നെയല്ല, അടിയന്റെ വിമാനത്തിൽ ആരോഹിച്ചാലും പോകാം ആനാക, രഥവർത്ത്മാവാകിയ നിന്തിരുവടി അടിയനെ പരിക്ഷാത്ഥം ചോദിക്കുകയായിരിക്കും എന്നതിനെക്കേട്ടു ഭഗവാൻ ഹനുമാനെ സമീപത്തിൽ വിളിച്ചു നമുക്കു പോകുവാൻ മാഗ്ഗമെന്തെന്നു ചോദിച്ചു ഉടനെ ഹനുമാൻ വിശ്വരൂപമെടുത്തു തന്റെ വ

ലത്തെച്ചുമലിൽ ശ്രീരാമസ്വാമിയേയും ഇടത്തെ ചുമലിൽ ലക്ഷ്മണനെയും എടുത്തുവെച്ചു ആകാശത്തെ നിബിഡീകരിച്ചുനോക്കിയതിൽ ത്രൈലോക്യപുരി എന്ന പട്ടണം തന്റെ കാക്കൽ ഠാ എന്നു വരച്ചതുപോലെ തോന്നി. ബാക്കിയുള്ള സുഗ്രീവാദികൾ രാക്ഷസവീരന്മാരെല്ലാം വിഭീഷണന്റെ വിമാനാരൂഢന്മാരായി ആകാശമാർഗ്ഗേ ഗമിച്ചു ത്രൈലോക്യപുരിയുടെ ഉത്തരഗോപുരത്തിൽ ചെന്നു സമീപത്തുള്ള കൂർമ്മശൈലത്തിന്റെ അടിപ്പാട്ടിൽ പടവിട്ടതി ചെയ്തു ശംഖധ്വനിയും ആർപ്പുനാദവും ചെയ്തു. ആ ശബ്ദംകേട്ടു സഹസ്രമുഖന്റെ ഒററന്മാർവന്നു രാമാദികളെക്കണ്ടു സമീപത്തുവന്നു നിങ്ങൾ ആരാണ്? എന്തിനായിട്ടാണ്ടു ഇവിടേക്കുവന്നു. എന്നു ചോദിച്ചതിനെക്കേട്ടു ഭഗവാൻ ലക്ഷ്മണനോടു വിവരംപറയുവാൻ കല്പിച്ചു. അതുകേട്ടു ലക്ഷ്മണൻ ഒററന്മാരെ നോക്കിപ്പറയുന്നു. ഹെ ചാരണന്മാരെ ഞങ്ങൾ ആരെന്നുവെച്ചാൽ അമ്പതുകോടി വിസ്താരമായ ഭൂമണ്ഡലത്തിൽ അമ്പത്താറ രാജധാനിയുണ്ട്, അതിൽ ശ്രേഷ്ഠതയോടുകൂടിയ സ്വർഗ്ഗതുല്യമായ അയോദ്ധ്യ എന്ന പട്ടണത്തെ ഭരിച്ചുവരുന്ന ചക്രവത്തിയായ രാമസ്വാമിയാണിത്. ഞാൻ സ്വാമിയുടെ അനുജനാണ്. എനിക്കു നാമം ലക്ഷ്മണനെന്നാണ്. അതാ നോക്കുക അദ്ദേഹം വിഭീഷണനെന്ന ലങ്കേശ്വരനാണ്. ലവണസാഗരത്തിനമദ്ധ്യേ ലങ്കയെന്ന രാജധാനിക്കധിപനാണ്. അതാ ഇടത്തുവശമായി നിൽക്കുന്നവൻ കിഷ്കിന്ധാധിപനായ സുഗ്രീവനാണ്. ബാക്കിയുള്ളവരെല്ലാം സൈന്യങ്ങളാണ്. ഞങ്ങൾ ഇവിടേക്കു വരുവാനുള്ള കാരണം വിഭീഷണപുത്രനായ മാല്യവാൻ എന്നവന്റെ പത്നിയായ ദേവതാരി എന്ന സ്ത്രീയെ സഹസ്രമുഖന്റെ പുത്രന്മാരിൽ ഒരുവൻ പിടികൊണ്ടുവന്നു ഇവിടെ വെച്ചിരിക്കുന്നതായി അറിയുന്നു. ആയതുകൊണ്ടു മര്യാക്കേ സ്ത്രീയെക്കൊണ്ടുവന്നു വിഭീഷണന്റെ പാദത്തിൽവിട്ടു രക്ഷപ്പെടുന്നതാണ് നല്ലത്. അങ്ങിനെ ചെയ്യാതിരുന്നാൽ മേലാൽ സഹസ്രമുഖൻ എന്ന നാമമല്ലാതെ രൂപം കാണ്മാൻ ഇടവരുന്നതല്ല. ആയതുകൊണ്ടു ഈ വിവരം ഉത്തരകോസലവാസിയായ രാമസ്വാ

മിയുടെ അനുജൻ ലക്ഷ്മണൻ പറഞ്ഞയച്ചതായി നിങ്ങളുടെ
രാജാവിനെ കേൾപ്പിക്കുക എന്നു ചാരണന്മാരോട്ടു പറഞ്ഞയ
ച്ചു ആ വിവരം ഒറ്റന്മാർ പോയി സഹസ്രമുഖനെക്കണ്ടു രാ
മാദികൾ വന്നതിനുള്ള കാരണത്തെ പറഞ്ഞറിയിച്ചു. അതു കേ
ട്ടു സഹസ്രമുഖൻ തന്റെ പ്രധാനമന്ത്രിയായ ബാണനെ വിളിച്ചു
ചാരണന്മാർ പറഞ്ഞവണ്ണം താൻ പറഞ്ഞതിനെക്കേട്ടു മന്ത്രി ശ
രണം, ത്രൈലോക്യപുരന്തരം ഇതിനെപ്പറ്റി ആലോചിപ്പാനെ
അവകാശമില്ല. മനുഷ്യരെന്നുവെച്ചാൽ കൃമികീടസദൃശന്മാരാ
ണ്. അവരുടെ സഹായികൾ നിരായുധപാണികളായ വാനര
ങ്ങളാണ്. വിഭീഷണൻ എന്നവൻ രാക്ഷസനാണ്. രാക്ഷസൻ
മനുഷ്യനെ വണങ്ങേണമെങ്കിൽ ശുദ്ധമേ നിസ്സാരനായിരിക്ക
ണം. നമ്മുടെ പടകളിൽവെച്ചു ഒരുവനെ അയച്ചാൽ ഇച്ചൊ
ന്ന സൈന്യങ്ങളെല്ലാം ആയവന്നു ഭക്ഷണത്തിന്നു പോരാ. എ
ന്നു പറഞ്ഞതിനെക്കേട്ടു സഹസ്രമുഖന്റെ മാതുലനായ മഹിഷാ
സുരൻ ഹെ ബാണാ! നീ വിവരം അറിയാതെ വല്ലതും പറയ
രുത്. വിഭീഷണൻ എന്നവനെ ഞാനറിയും. ആയവൻ ല
ങ്കാമന്നനാണ്. ദശമുഖനായ രാവണൻ എന്നവന്റെ അനുജ
നാണ്. രാവണൻ ബ്രഹ്മദത്തവരബലസഹിതപ്രതാപനായി
രുന്നു. അവൻ ത്രിലോകങ്ങളേയും ജയിച്ചവനായിരുന്നു. അങ്ങി
നെ ഉള്ള രാവണനെ ക്ഷത്രിയഗോത്രസംജാതനായ രാമൻ എന്ന
വനാണ് വധിച്ചതു എന്നു കേട്ടിട്ടുണ്ട്. വിഭീഷണനു ലങ്കാധി
പത്യം കൊടുത്തതു രാമനാണ്. ദേവരക്ഷാർത്ഥം ഹരിഹരവിരി
ഞ്ചാദികളുടെ കലാംശജാതനായി ജനിച്ചവനാണ് രാമൻ എന്നും,
ദേവാംശസംഭവന്മാരാണ് വാനരങ്ങളെന്നും കേട്ടിട്ടുണ്ട്. നമ്മു
ടെ ആജ്ഞയെ ലംഘനം ചെയ്വാൻ ത്രിമൂർത്തികൾക്കും അസാദ്ധ്യ
മാണ്. വായുവും കൂടെ സമ്മതമില്ലാതെ നമ്മുടെ പട്ടണത്തിൽ
സഞ്ചരിക്കുന്നതല്ല. അങ്ങിനെ ഇരിക്കെ മനുഷ്യരും കപികളും
രാക്ഷസന്മാരും ലവണം, ഇക്ഷു, സുര, സർപ്പി, എന്ന ചതുസ്സമു
ദ്രവും കടന്നു അഞ്ചാം സമുദ്രമായ പതിനാറു ലക്ഷം യോജന
വിസ്താരമുള്ള ക്ഷീരസാഗരമദ്ധ്യേ ഉള്ള ഈ പട്ടണത്തേക്കു വരേണ

മെങ്കിൽ അവർ എത്രത്തോളം പ്രബലന്മാരായിരിക്കണം. സമൎത്ഥന്മാരാണെന്നുള്ളതിലേക്കു സാക്ഷി വേറെ വല്ലതും വേണമൊ. ആയതുകൊണ്ടു ശത്രുത ഒഴിപ്പാനുള്ള മാൎഗ്ഗത്തെ ചിന്തിക്കുകയാണ് നല്ലത് എന്നു പറഞ്ഞതിനെക്കേട്ടു സഹസ്രമുഖൻ ക്രോധിച്ചുപറയുന്നു! ഹെ നിന്തിരുവടിയുടെ നാമംപോലെതന്നെയാണ് കാൎയ്യവും. ശുദ്ധമെ മഹിഷത്തിന്റെ ബുദ്ധിതന്നെയാണ്. ത്രിമൂൎത്തികൾ എന്റെ നാമം കേട്ടാൽ കിടുകിടവിറക്കും എന്നുമാത്രമല്ല അവർ ഒരു അവതാരമായ വേഷം കെട്ടിയാൽ ഞാൻ മാനിക്കുമൊ. വിഭീഷണന്റെ ജനനം രാക്ഷസനെന്നല്ലാതെ സ്വഭാവം പശുപ്രായമാണ്. പിന്നെ ആരാണ് കരസ്ഥരം തിന്നുന്ന കപികളെ നമ്മോടെതിൎക്കുന്നതു. കുരങ്ങന്മാരുടെ കൂട്ടത്തിൽ ബാലി എന്ന ഒരുവൻ ഉണ്ടായിരുന്നു. അവനെ നമ്മുടെ മാംസശാലയിൽ കാക്കയോട്ടുവാൻ ഉണ്ടി താമസിപ്പിച്ചിരുന്നതു ഓൎമ്മയില്ലയൊ. ഭോഷത്വം പറയാതെ ഇരിക്കുക. മേലിൽ ഇപ്രകാരം സഭയിലിരുന്നു പറയരുത്. ഓൎമ്മ വെക്കണം എന്നതിന്നു ശേഷം ഭഗവാൻ ഹനുമാനെ വിളിച്ചു അല്ലയൊ മാരുതെ വൃഥാ കാലം പോകുന്നു. സഹസ്രമുഖന്റെ ചാരന്മാരോടു വിവരം പറഞ്ഞയച്ചും സഹസ്രമുഖന്റെ മനസ്സറിവാൻ കഴിഞ്ഞില്ല. ആയതുകൊണ്ടു നീ ഇവിടെനിന്നു ഒരു ദൂതു പോയി സഹസ്രമുഖന്റെ അഭിപ്രായം അറിഞ്ഞു മടങ്ങുക എന്നു പറഞ്ഞതിനെക്കേട്ടു ഹനുമാൻ അതിവേഗത്തിൽ പോയി സഹസ്രമുഖന്റെ രാജധാനിയിൽ വന്നു സിംഹാസനത്തിന്റെ മുന്നിലയിൽ തന്റെ വാൽ മടക്കി സിംഹാസനത്തിന്നു ശരിക്കിരുന്നു ശ്രീരാമരാമ എന്നു ജപിക്കുകയും അതുകേട്ടു സഹസ്രമുഖൻ; ഹെ കപെ നീ ആരാണ്. എവിടുന്നു വരുന്നു. ഹരിഹരവിരിഞ്ചാദികൾ എന്റെ സമ്മതം കൂടാതെ സഭയിലേക്കു വരുന്നതല്ല. അങ്ങിനെ ഇരിക്കെ, നീ ഒരു കുരങ്ങൻ ബുദ്ധിയില്ലാതെ എനിക്കു നേരിട്ടു വാലു മടിച്ചിരുന്നതു ആലോചിച്ചാൽ നിന്റെ ശിരച്ഛേദനം ചെയ്യുകയാണ് വേണ്ടതു് എങ്കിലും വിവരം അറിഞ്ഞതിൽപ്പിന്നെ ആവാം. ആയതുകൊണ്ടു പരമാൎത്ഥം പറയുക എന്നു ചോ

ദിച്ചതിന്നു ഹനുമാൻ പറയുന്നു. ഹെ അസുരാധമ ഞാൻ ശ്രീരാമസ്വാമിയുടെ ദൂതനാണ്. എന്റെ നാമം ഹനുമാനെന്നാണ്. മായാമാനുഷനായ രാമസ്വാമിയുടെ വൈഭവം നീ അറിയുമൊ. നിന്നെ ജയിച്ചു നിന്റെ അടുക്കൽ കപ്പം വാങ്ങിയിരുന്ന ത്രിലോകപുരന്ദരനായ രാവണനെ കുടുംബത്തോടുകൂടി നിഗ്രഹിച്ചു ധൎമ്മസ്ഥാപനം ചെയ്യുവനാണ് ശ്രീരാമസ്വാമി. ദധിസാഗരമദ്ധ്യേ നിരക്ഷരകുക്ഷികളും ജളപ്രഭുക്കളുമായ അസുരന്മാൎക്കു രാജാവാണെന്നുള്ള അഭിമാനത്തോടുകൂടി മൃഗപ്രായേണ ജീവിക്കുന്ന നീ വൃഥാവിൽ ഭഗവാന്റെ പ്രബലത മനസ്സിലാക്കാതെ ഞെളിയേണ്ടുന്നാവശ്യമില്ല. മേലിൽ ജീവിച്ചിരിക്കേണമെന്നു മനസ്സുണ്ടെങ്കിൽ വിഭീഷണനെന്ന ലങ്കേശ്വരന്റെ മകൻ മാല്യവാൻ പത്നിയായ ദേവദാസിയെ കൊണ്ടുവന്നു വിഭീഷണൻ പാദത്തിൽ വീട്ടു നമസ്കരിക്കുക എന്നതിനെക്കേട്ടു സഹസ്രമുഖൻ, ഹെ മൎക്കടാധമ, സഭ അറിയാതെ സംസാരിച്ചാൽ തല പോകുമെന്നു ഓൎമ്മ വെക്കണം. രാമനെ ഞാൻ കേട്ടിട്ടുണ്ട്. തന്റെ പത്നിയെ അന്യന്നു കൊടുത്തു അനന്തരം അവളെ പത്നിയായ്വരിച്ചവനാണത്രെ. നീ അത്ര സമൎത്ഥനായ രാമന്റെ ദൂതനല്ലയൊ? വായുപുത്രനാകയാൽ നിന്റെ പിതാവു എന്റെ മിററം അടിക്കുന്നവനാണ്. വിഭീഷണൻ ജ്യേഷ്ഠനെക്കൊല്ലിച്ചു രാജ്യത്തെ അപഹരിച്ചവനാണ്. ചിറ വിട്ടുവരാനല്ല സ്ത്രീയെ കൊണ്ടുവന്നത്. രതിക്കായ്ക്കൊണ്ടാണ്. വിചാരമില്ലാതെ യുദ്ധത്തിന്നൊരുങ്ങുന്നപക്ഷം ഇതാ ഞാൻ യുദ്ധത്തിന്നു വരുന്നുണ്ട്. എന്നു പറയുക എന്നതിനെക്കേട്ടു ഹനുമാൻ മടങ്ങി സ്വാമിപക്കൽവന്നു സഹസ്രമുഖന്റെ അഭിപ്രായത്തെപ്പറഞ്ഞറിയിച്ചു. സഹസ്രമുഖൻ തന്റെ പ്രധാന മന്ത്രിയായ ബാണനെ വിളിച്ചു കേട്ടില്ലയൊ ബാണ ഒരു കുരങ്ങന്റെ വാക്കുകൾ. മേലിൽ ദേഹത്തോടുകൂടി ഇരുന്നിട്ടു ഫലമില്ല. കഴിയുന്ന വേഗത്തിൽ വേണ്ടുന്ന സൈന്യങ്ങളോടുകൂടെച്ചെന്നു ശത്രുക്കളെ ജയിച്ചു വരിക. എന്നതു കേട്ട ഉടനെ ബാണൻ സൈന്യയുക്തനായി പുറപ്പെട്ടു മഹാരഥമേറി ശിലാബാണപാണിയായി അട്ടഹാസം ചെയ്തു പടനിലത്തിൽ വരിക

യും ബാണന്റെ വരവിനെക്കണ്ടു ലക്ഷ്മണൻ ഭഗവാനെ വണങ്ങി ഇവനോടു യുദ്ധം ചെയ്യാൻ അടിയന്നു കല്പന തരണമെന്നു പറകയും അതുപ്രകാരം വില്ലും കൊടുത്തു സുഗ്രീവപ്രഭൃതികളോടുകൂടി അയക്കുകയും ബാണൻ കൊണ്ടുവന്ന ഇന്നൂറു വെള്ളം അസുരപ്പടകളെ അംഗദൻ, നീലൻ ദ്വിവിദൻ മുതലായവർ കൂടി വധിക്കുകയും അതു കണ്ടു ബാണൻ രഥത്തെ ലക്ഷ്മണന്റെ നേരെ നടത്തുന്നതിനെക്കണ്ടു ഹനുമാന്റെ ഭുജത്തിൽനിന്നു അനന്തരദിവ്യാസ്ത്രങ്ങളെ തൊടുക്കുകയും ബാണൻ അഗ്നിതേജസ്സുമുള്ള ബാണങ്ങളെ ലക്ഷ്മണന്റെ പേരിൽ തൊടുക്കുകയും ഇങ്ങിനെ അന്യോന്യം അനന്തബാണങ്ങളെ ശരവർഷം ചെയ്തു മൂന്നു ദിവസം അഹോരാത്രം ഇടവിടാതെ യുദ്ധം നടത്തിയതിൽ ബാണൻ യാതൊരു ദാഹമോഹാദികളില്ലാതെ ലോകം നടുങ്ങുമാറു സിംഹനാദം ചെയ്തു അതു കണ്ടു ലക്ഷ്മണനും ഇതെന്തൊരു അത്ഭുതമാണ്. ബാണൻ അസ്ത്രം പെട്ടു മരിക്കാതിരിപ്പാനുള്ള അവകാശമെന്ത്? ആയതിന്റെ പരമാർത്ഥം അറിയാതെ യുദ്ധം ചെയ്തു പ്രയോജനമില്ലെന്നാലോചിച്ചു നില്ക്കുന്ന അവസരത്തിൽ ഒരു അശരീരിവാക്കുണ്ടായി. എന്തെന്നു പറഞ്ഞാൽ, ബാണന്റെ ഗളത്തിൽ ഒരു ശിവലിംഗം ഇരിപ്പുണ്ട്. കാരണം ലിംഗധാരിയായ ഒരു സന്യാസിയെ ഇവൻ എടുത്തു വിഴുങ്ങുമ്പോൾ ആ ശിവലിംഗം കണ്ഠത്തിൽ ഉറച്ചിരുന്നതാണ്. ആയതുകൊണ്ടു പാശുപതാസ്ത്രം തൊടുത്താൽ ലിംഗം പുറത്തു വരും. ആയതിനെ സമുദ്രത്തെക്കെറിഞ്ഞു അനന്തരം ബാണനെ നിഗ്രഹിക്കുക. എന്നതിനെക്കേട്ടു ഇതും സ്വാമികാരുണ്യംതന്നെ. എന്നു സന്തോഷിച്ചു പാശുപതാസ്ത്രം തൊടുത്തു ശിവലിംഗത്തെ പുറത്തു വരുത്തി സാഗരത്തിലിട്ടു അനന്തരം ബാണനെ വധിച്ചു ജയഭേരി അടിക്കുകയും ആ ശബ്ദം സഹസ്രമുഖൻ കേട്ടു തനിക്കുള്ള സൈന്യങ്ങളിൽ അഞ്ഞൂറു വെള്ളംപടകളേയും പുത്രനായ ചന്ദ്രഗുപ്തനെയും യുദ്ധത്തിന്നയക്കുകയും ചന്ദ്രഗുപ്തൻ ബ്രഹ്മാണ്ഡം നടുങ്ങുമാറ് രണഭേരി അടിച്ച് യുദ്ധക്കളത്തിൽ വരികയും ശ്രീരാമസ്വാമി ഇവനോടു യുദ്ധം ചെയ്യാൻ ആരെയാണ് അയക്കേണ്ടതെന്നു ആ

ജപിക്കുന്നു മദ്ധ്യേ ഇവനാണ് വിഭീഷണന്റെ ശത്രുവെന്നു മാല്യവാന്റെ പത്നിയെ കളവു ചെയ്തു ഇവനാണെന്നും ഇവന്നു പത്മകോമള എന്ന ഒരു പത്നിയുണ്ടെന്നും ആ സ്ത്രീ ചന്ദ്രഗുപ്തന്റെ ഉപാസനാമൂർത്തിയായ ബ്രഹ്മാവിന്റെ മൂലമന്ത്രത്തെ ധ്യാനിക്കുന്നുണ്ടെന്നും ചന്ദ്രഗുപ്തൻ ശത്രുനിഗ്രഹംചെയ്തു മടങ്ങുന്നവരെ ഏകാഗ്രമാനസയായി ധ്യാനിക്കുന്നുണ്ടെന്നും ശത്രു ആരെന്നാലും ആ നിമിത്തം ജയത്തെ പ്രാപിക്കുമെന്നും ആയതുകൊണ്ടു ചന്ദ്രഗുപ്തനോടു യുദ്ധംചെയ്യുന്ന അവസരത്തിൽ ഒരുവൻ പോയി പത്മകോമളയുടെ ജപത്തെ വിഘ്നം വരുത്തണമെന്നും എന്നാൽ ഇവനെ ജയിക്കാമെന്നും ആകാശവീഥിയിൽനിന്നു അശരീരിവാണി ഉണ്ടാകുകയും അതു കേട്ടു ഭഗവാൻ വിഭീഷണപുത്രനായ മാല്യവാനെ യുദ്ധത്തിന്നയച്ചു അനന്തരം മാരുതിയെ വരുത്തി. ഭഗവാൻ, മാരുതേ! നീ അതിവേഗത്തിൽ ചെന്നു അണിമാ എന്ന സിദ്ധിയാൽ ആരും അറിയാതെ പത്മകോമള ഇരിക്കുന്ന ഗൃഹത്തിൽ കടന്നു ജപത്തെ വിഘ്നം വരുത്തി അതിവേഗത്തിൽ മടങ്ങുക എന്നു പറഞ്ഞു ഹനുമാനെ അയക്കുകയും ഹനുമാൻ അതിവേഗത്തിൽ അണുപ്രമാണമായ രൂപത്തെ വഹിച്ചു ആരും അറിയാതെ നടന്നു പത്മകോമളയുടെ ഗൃഹത്തിൽ കടന്നു നോക്കിയതിൽ ഗൃഹത്തിന്നു പുറമെ നാലുഭാഗവും അനേക വില്ലാളികളും പത്മകോമളയുടെ നാലുഭാഗങ്ങളിലും അനേക അസുരസ്ത്രീകളും അതിജാഗ്രതയായി കാവലിരിക്കുകയും മദ്ധ്യത്തിൽ പത്മകോമള ഏകാഗ്രമാനസയായി ജപിക്കുന്നതും കണ്ടു ജപത്തെ മുടക്കുവാൻ മാർഗ്ഗം എന്തെന്നാലോചിച്ചുംകൊണ്ടിരുന്നു. ഇവിടെ ചന്ദ്രഗുപ്തൻ കൊണ്ടുവന്ന പടകളോടുകൂടി മാല്യവാന്റെ പടകൾ തമ്മിൽ യുദ്ധം തുടങ്ങുകയും മാല്യവാന്റെ സൈന്യങ്ങൾ ക്ഷീണിക്കുന്നതിനെ ഭഗവാൻ കണ്ടു സുഗ്രീവന്റെ പടനായകനായ നീലനെ അയക്കുകയും നീലൻ അത്യുന്നതമായ ഒരു വൃക്ഷത്തെ പറിച്ചു പടയിടയിൽ കടന്നു അസുരപ്പടകളെ അടിച്ചു നിഗ്രഹിക്കുന്നതിനെ ചന്ദ്രഗുപ്തൻ കണ്ടു നീലന്റെ നേരിട്ടു രഥം നടത്തിവന്നു അനേകബാണങ്ങളെ പ്ര

യോഗിക്കുകയും അതു കണ്ടു മാല്യവാൻ നേരിട്ടു തമ്മിൽ അന്യോന്യം അതികഠിനമായ യുദ്ധം നടത്തുകയും അങ്ങിനെ യുദ്ധം നടക്കുന്നതിന്നു മദ്ധ്യേ അവിടെ പത്മകോമളയുടെ ഗൃഹത്തിൽ സമയം നോക്കിയിരുന്ന മാതലി ഒരു എന്ത്രത്തെ എഴുതി പത്മകോമളയുടെ സമീപത്തിലിട്ടുകയും ആ എന്ത്രശക്തിയാൽ അവിടെ കാവലുണ്ടായിരുന്ന അസുരസ്ത്രീകൾ അന്യോന്യം കലഹിച്ചു അതികഠിനമായി നിലവിളിക്കുകയും ഈ കലശൽ നിമിത്തം പത്മകോമളയുടെ ധ്യാനത്തിന്നു വിഘ്നം വന്നു താനും നിലവിളി തുടങ്ങുകയും ചെയ്തു. ഇവിടെ യുദ്ധക്കളത്തിൽ ചന്ദ്രഗുപ്തന്റെ രഥം തകൎത്തു ശില മുറിച്ചു അവസാനം ബ്രഹ്മാസ്ത്രത്താൽ തലയറുത്തു വായുക്കണ തൊടുത്തു ശിരസ്സിനെ സഹസ്രമുഖന്റെ രാജധാനിയിൽ കൊണ്ടുപോയി ഇടിയിക്കുകയും അതു കണ്ടു സഹസ്രമുഖൻ വിധിച്ചു ബ്രഹ്മാണ്ഡം കിഴുമേൽ മറിയത്തക്ക രണഭേരി അടിച്ചു ആയിരം അശ്വങ്ങളെ പൂണ്ട മഹാരഥത്തിൽ ആരോഹിച്ചു ആയിരം വെള്ളം പടകളോടു കൂടി പുറപ്പെട്ടു യുദ്ധകളത്തിൽ വരികയും അതു കണ്ടു ഭഗവാൻ ശിലാബാണപാണിയായി ഹനൂമാന്റെ ഗളത്തിൽ കയറി വില്ലു ആകൎണ്ണാന്തം വലിച്ചു ഞാൺ മുഴക്കിയ അവസരത്തിൽ ഒരു അശരീരിവാണി ഉണ്ടായി. അതെന്തെന്നുവെച്ചാൽ, സ്വാമിൻ നിന്തിരുവടിക്കു അറിയാത്തകാൎയ്യം ലോകത്തിലില്ല. എങ്കിലും പ്രാകൃതന്മാരെ ഒപ്പിക്കുവാനുള്ള പുറപ്പാടാണിത്. എന്നാൽ സഹസ്രമുഖൻ സ്ത്രീകൾ ഒഴിച്ചു മറ്റാരാലും ഏതു വരായുധങ്ങളാലും മൃതാവസ്ഥ അനുഭവിക്കാതെന്നു ബ്രഹ്മാവിനോടു പണ്ടു വരം വരിച്ചിട്ടുണ്ട്. എന്നു തന്നെ അല്ല ലക്ഷ്മീഭഗവതിയാൽ നീ നശിക്കട്ടെ എന്നു വിദ്യാധരസ്ത്രീയായ [illegible]യുടെ ശാപം ഏറ്റിട്ടുണ്ട്. ആയതുകൊണ്ടു ശക്തിയാൽ സഹസ്രമുഖൻ നശിക്കുമെന്നല്ലാതെ നിന്തിരുവടിയാൽ മൃതനാവാൻ പ്രയാസമായിരിക്കും എന്നുള്ള അശരീരിവാണിയെ കേട്ടു ഭഗവാൻ അതിവേഗത്തിൽ ലക്ഷ്മണനെ വിളിച്ചു അല്ലയോ ലക്ഷ്മണ! നമ്മുടെ ശരത്താൽ സഹസ്രമുഖൻ മരണമനുഭവിപ്പാൻ പാടില്ലെന്നാണു സത്യമായ അശരീരിവാക്യം. ആ

യത്നുകൊണ്ടു സഹസ്രമുഖനും ഞാനുമായി യുദ്ധം എടവിടാതെ ന
ടത്തിവരാം. അതിന്നിടയിൽ നീ അയോദ്ധ്യയിൽ പോയി ജാന
കിയെ വിമാനത്തിൽ ഏററി അതിവേഗത്തിൽ ഇവിടെ കൊണ്ടു
വരേണം എന്നു പറഞ്ഞു തന്റെ സ്വനാമചിഹ്നമായ കണയാഴി
മോതിരത്തെ ഊരി ജാനകിക്കു അടയാളത്തിന്നായ്ക്കൊടുത്തയക്കക
യും ലക്ഷ്മണൻ അതിവേഗത്തിൽ വിഭീഷണൻ പക്കൽനിന്നു വി
മാനത്തെ തിരിച്ചു ആകാശമാർഗ്ഗേ നടത്തി അയോദ്ധ്യയിൽ വന്നു
ജാനകിയെ കണ്ടു തിരുവാഴി എന്ന കണയാഴി കയ്യിൽ കൊടുത്തു
വിവരം പറഞ്ഞു. അതു കേട്ട ഉടനെ മറുവസ്ത്രവുംകൂടെ എടു
ക്കാതെ പുറപ്പെട്ടു വിമാനത്തിൽ കയറി മുഹൂർത്തമാത്രേണ ലവ
ണാദികളായ സാഗരങ്ങളെ എല്ലാം കടന്നു പടവിടുതിയിൽ വ
ന്നുചേർന്നു. ഇവിടെ ഭഗവാനും സഹസ്രമുഖനുമായി അതികഠി
നമായ യുദ്ധങ്ങളെ ചെയ്തു അന്യോന്യം അസ്ത്രങ്ങളെ വർഷധാര
ചെയ്കയും അങ്ങിനെ ഇരിക്കെ ഭഗവാൻ സഹസ്രമുഖന്റെ പട
കളുടെ മേൽ ഒരു മോഹനാസ്ത്രം തൊടുത്തു പടകൾ അന്യോന്യം
സഹസ്രമുഖനെ ശ്രീരാമനാണെന്നു തോന്നി സഹസ്രമുഖനും പ
ടകളുമായി യുദ്ധം തുടങ്ങി പടകളെല്ലാം നശിക്കകയും മദ്ധ്യേ ഭഗ
വാൻ ജാനകിയെ കണ്ടു വേണ്ടുന്ന മാർഗ്ഗങ്ങളെ ജാനകിക്കു ഉപദേ
ശിക്കകയും അതു കേട്ടു ജാനകി കാളരാത്രിയുടെ വേഷത്തെ പൂ
ണ്ടു. കാളരാത്രി എന്നു വെച്ചാൽ ലോകമെല്ലാം നടുങ്ങത്തക്ക ഒ
രു വികൃതരൂപിയാണ്. കറുത്തപക്ഷത്തിൽ അമാവാസി ദിന
ത്തിൽ അർദ്ധരാത്രിയിലുള്ള അന്ധകാരത്തിന്നു തുല്യമായ വർണ്ണ
വും, ആകാശത്തെ നിബിഡീകരിച്ചഔന്നത്യകായവും, നരസിംഹ
ത്തിന്റെ ദന്തങ്ങളോടു മത്സരിക്കുന്ന ദന്തവും, സമുദ്രംപോലെ
വിസ്താരവും ചലനസ്വഭാവത്തോടുകൂടിയ നേത്രവും, രക്തവർണ്ണ
ത്തോടുകൂടിയ മുടിയും, മത്തഗജങ്ങളെ കുണ്ഡലമായണിഞ്ഞ കാ
തും, അഷ്ടനാഗങ്ങളെ അണിഞ്ഞുള്ള കഴുത്തും, ദേഹധാരികളെ
വേർപെടുത്തുന്ന കാലവേൽ എന്ന ആയുധത്തെ വഹിച്ച
കരവും, മൃത്യു അപമൃത്യു എന്ന രണ്ടു ശൃംഖലയെ ധരിച്ച വക്ഷോ
ദേശവും ത്രിമൂർത്തികൾമുതൽ പിപീലികപര്യന്തം ദേഹധാരികളെ

വേർപെടുത്തുവാനുള്ള അധികാരമുദ്രയും നീലമേഘത്തെ തോല്പിച്ച വസ്ത്രം ധരിച്ചുള്ള ഇടയും ധർമ്മരാജാവായ മന്ത്രിയും കാലൻ യമൻ എന്ന ഭടന്മാരും വേതാളമെന്ന വാഹനവും ആയി മരണത്തിന്റെ തലേദിവസത്തിൽവന്നു പിറേറദിവസം മരിക്കാൻപോകുന്ന ശരീരികളുള്ള പുത്രമിത്രധനധാന്യസുഖദുഃഖങ്ങളെ മറപ്പിച്ചു ഇഹലോകവിവരങ്ങളെ വിട്ട് ദേഹാദേഹിയെപ്പിരിക്കുന്നവളാണ് കാളരാത്രി എന്നവൾ. ഇങ്ങിനെയുള്ള വേഷത്തെപ്പൂണ്ടു ജാനകി പുറപ്പെട്ടു പടനിലത്തിൽ വരികയും അതുകണ്ട് അസുരേശ്വരനായ സഹസ്രമുഖൻ സൂത്രക്കയറററ പ്രതിമയെപ്പോലെ ഭൂമിയിൽ വീഴുകയും അതുകണ്ടു ജാനകിയും പതിവ്രതാഗ്നിയെ വളൎത്തി അസുരനെ ദഹിപ്പിച്ചു ചൈത്രചാകൃപുരി ഉദധിസാഗരത്തിൽ മുങ്ങിപ്പോകട്ടെ എന്നനുഗ്രഹിച്ചു അവിടെനിന്നു ഭഗവാൻ വിഭീഷണനോടുകൂടെയും മകൻ മാല്യവാൻ തന്റെ പത്നിയായ ദേവതാരിയോടുകൂടിയും സുഗ്രീവാദികൾ ഒരുമിച്ചു പുറപ്പെട്ടു അയോദ്ധ്യയിൽ വന്നിരുന്നു. അനന്തരം വിഭീഷണനേയും സുഗ്രീവനേയും അവരവരുടെ യഥാസ്ഥാനത്തേക്കയച്ചു താൻ രാജധാനിയിൽ സുഖമേ വസിച്ചു. അങ്ങിനെ ഇരിക്കെ അയോദ്ധ്യയിൽ വസിക്കുന്ന രജകൻ തന്റെ ഭാൎയ്യയായി ഒരു ദിവസം ശണ്ഠകൂടി. എടീ! എന്റെ സമ്മതംകൂടാതെ ഇന്നലെ രാത്രിയിൽ അന്യന്റെ ഗൃഹത്തിൽ പോയി താമസിച്ചുകൊണ്ടുന്ന ആവശ്യം എന്തായിരുന്നു. ആയതുകൊണ്ടു മേലിൽ എനിക്കു ഭാൎയ്യയായിരിപ്പാൻ നിണക്കു യോഗ്യതയില്ല എന്റെ സ്വജനങ്ങൾ അറിഞ്ഞാൽ എന്നെ ഭ്രഷ്ട്കല്പിച്ച് ജാതിയിൽനിന്നു നീക്കുന്നതിന്നു വാദമില്ല. ആയതുകൊണ്ടു നീ ഇവിടെ താമസിപ്പാൻ പാടില്ല. പുറത്തുപോ– എന്നുപറഞ്ഞു ഭാൎയ്യയെ അടിക്കുകയും അപ്പോൾ ഭാൎയ്യ അയ്യോ കഷ്ടം! ഞാൻ ഒരു രാത്രിയല്ലെ വീടുവിട്ടു താമസിച്ചിട്ടുള്ളു. നമ്മുടെ രാജാവായ രാമസ്വാമിയുടെ പത്നി സീതയെ ഒരു സംവത്സരം അന്യൻ കൊണ്ടുപോയി വെച്ചിരുന്നില്ലയോ? രണ്ടാമതല്ലെ നമ്മുടെ രാജാവു കൊണ്ടുവന്നു പത്നിയായി വെച്ചു രക്ഷിക്കുന്നതു. അ

വൎക്ക ഭ്രഷ്ടില്ലായെന്നും ഈ വിഴുപ്പ് തിരുമ്പുന്ന നികൃഷ്ടജാതിയായ നമുക്കാ ഭ്രഷ്ട് വന്നുപോകുന്നു എന്നു പറഞ്ഞതിനെക്കേട്ട രജകൻ പറയുന്നു. എടീ! ഒരുവൻ അങ്ങിനെ മൎയ്യാദയില്ലാതെ വല്ലതും കാണിക്കുന്നതായാൽ മററുള്ളവരും അപ്രകാരം നടക്കണമെന്നുണ്ടോ? എന്നു പറഞ്ഞു തന്റെ ഭാൎയ്യയെ പുറത്താക്കി ഉപേക്ഷിക്കുകയും ചെയ്തു. ഈ വിവരം ഒററന്മാർ കേട്ടു അതിവേഗത്തിൽപോയി രാജധാനിയിൽ രാമസ്വാമിയെക്കണ്ടു നമസ്കരിച്ചു, രജകനും തന്റെ ഭാൎയ്യയുമായി ഉണ്ടായ ശണ്ഠയും തന്നിമിത്തം ഉണ്ടായ സംഭാഷണങ്ങളും രജകൻ ഭാൎയ്യയെ ഉപേക്ഷിച്ചതും വിവരമായി രാമസ്വാമിയെ കേൾപ്പിച്ചു. അതുകേട്ട ഭഗവാൻ വലുതായ വിഷാദഭാവത്തോടുകൂടി രജകൻ പറഞ്ഞ കാൎയ്യം ശരിയാണ്. ജാനകി ഒരു സംവത്സരംവരെ രാവണന്റെ ബന്ധോവസ്ഥിൽ ഇരുന്നവളാണ്. ആന്തരം വേറെയാണെങ്കിലും അപവാദത്തെയല്ലെ ഭയപ്പെടേണ്ടത്. ആയതുകൊണ്ടു ജാനകിയെ ഉപേക്ഷിക്കുന്നതാണ് നല്ലത്. രാജാവു അനീതി ചെയ്താൽ അതിനെപ്പററി പ്രജകൾ വല്ലതും പറഞ്ഞുവെന്നു ക്രോധിക്കുന്നതു ശരിയല്ലെന്നു കരുതി തന്റെ അനുജനായ ലക്ഷ്മണനെ വിളിച്ചു, അല്ലയൊ സൌമിത്രേ! നമ്മുടെ നഗരവാസികളിൽവെച്ചു ഒരു മണ്ണാൻ പറഞ്ഞതു കേട്ടില്ലേ. ആയതുകൊണ്ടു സീതയെ നീ കൊണ്ടുപോയി കാട്ടിൽ വിട്ടുവരണം. അവളെ പത്നിയായി വരിച്ചിരുന്നാൽ അപവാദം ഒരു കാലത്തും നശിക്കുന്നതല്ല. എന്നതിനെക്കേട്ട എന്തു ചെയ്യും കൎമ്മദോഷമെന്നെ പറവാനുള്ളു എന്നു കരുതി പുറപ്പെട്ടു ജാനകിയെ കൂട്ടി വനത്തിൽ കൊണ്ടുപോയി ഗൌതമന്റെ ആശ്രമത്തിന്നു സമീപം വിട്ടു വനദേവതകൾ രക്ഷിക്കട്ടെ എന്നു പറഞ്ഞു ജാനകി അറിയാതെ ലക്ഷ്മണൻ മടങ്ങി അയോദ്ധ്യക്കു വന്നു സ്വാമിയോടു വിവരം പറയുകയും ചെയ്തു. ഗൌതമൻ സ്നാനം കഴിഞ്ഞു മടങ്ങി ആശ്രമത്തിലേക്കു വരുന്ന വഴിയിൽ ജാനകിയെക്കാണുകയും കണ്ടു വിവരം ചോദിച്ചറിഞ്ഞു സാധ്വ്വശരി ഒരു കാലത്തും ദുഃഖിക്കരുത്. ത്രിമൂൎത്തികളും തന്റെ കാലത്തെക്കടപ്പാൻ സമൎത്ഥന്മാരല്ലെ. പരമേശ്വരൻ ഭിക്ഷയെടുത്തതും, ബ്രഹ്മാവിന്റെ

ശിരസ്സുപോയതും, സൂൎയ്യനെ ചാണയിൽക്കടഞ്ഞതും, ചന്ദ്രന്റെ കലകൾ നശിച്ചതും, നഹുഷൻ എന്ന രാജാവു പെരുമ്പാമ്പായതും, താരുകവനമഹൎഷികളുടെ പത്നിമാൎക്കു പാതിവ്രത്യഭംഗം വന്നതും, ഇതെല്ലാം അവരവരുടെ കാലദോഷമാണ്. പ്രാരബ്ധം അനുഭവിക്കാതെ കഴിയുമോ? ആയതുകൊണ്ട് എന്റെ ആശ്രമത്തിൽ സുഖമേ വസിക്കുക. ഒരു കാലത്തു സ്വാമിയോടുകൂടി സുഖമേ വസിപ്പാൻ സംഗതിവരും എന്ന ഉപചാരവാക്കുകളാൽ ആശ്വാസിച്ചു അവിടെ വസിച്ചുവരികയും, ജാനകി കാട്ടിലേക്കു വരുമ്പോൾ മൂന്നുമാസം ഗൎഭമായിരുന്നു. ആ ഗൎഭം വളൎന്നു പത്തു മാസം തികഞ്ഞു ഒരു ആൺകുട്ടിയെ പ്രസവിക്കുകയും ആ സന്തതിയെ ശ്രീരാമസ്വാമിയെപ്പോലെ കരുതി വളൎത്തി എചലൻ എന്നു പേരിട്ടു വളരുന്ന മദ്ധ്യേ ഒരു ദിവസം ഗൌതമൻ സ്നാനം കഴിഞ്ഞു മടങ്ങി ആശ്രമത്തിൽ വന്നു നോക്കിയതിൽ ബാലനെ ആശ്രമത്തിൽക്കിടന്നിരുന്ന തൊട്ടിയിൽക്കണ്ടില്ല. ജാനകി പുഷ്പം അറുക്കുകയാണെന്നും മനസ്സിലാക്കി. അയ്യോ കഷ്ടം കുട്ടിയെ വല്ല മൃഗങ്ങൾ കൊണ്ടുപോയിരിക്കും ജാനകി വന്നുനോക്കുമ്പോൾ ബാലനെക്കണ്ടില്ലായെങ്കിൽ പ്രാണനെ ത്യജിക്കും എന്നു കരുതി കുശയെ മന്ത്രിച്ചു തൊട്ടിയിൽ ഇട്ടു ആട്ടുകയും ആ തൃണം ഒരു ബാലനായ് ഭവിക്കുകയും ചെയ്തു. സീത പുഷ്പോദ്ധ്യാനത്തിൽനിന്നു മടങ്ങി ആശ്രമത്തിൽ ബാലനോടുകൂടി വന്നതിനെ ഗൌതമൻ കണ്ടു സന്തോഷിച്ചു ഉണ്ടായ വൃത്താന്തങ്ങളെ ജാനകിയോടു പറഞ്ഞറിയിച്ചു. കുശയിനാൽ സൃഷ്ടിച്ച സന്തതിക്കു കുചലൻ എന്നു പേരിട്ടു. ഇങ്ങിനെ എചലകുചലന്മാരെ വളൎത്തി അക്ഷരവിദ്യ, ആയുധവിദ്യ, മുതലായ സൎവ്വശാസ്ത്രപുരാണം ഇതിഹാസം ശ്രുതിസ്മൃതി അലങ്കാരങ്ങളെ ജലപ്രായമായി പഠനംചെയ്യിപ്പിച്ചു എചലകുചലന്മാർ വിദ്യാപാരംഗതന്മാരായ് ഭവിച്ചു. അങ്ങിനെ ഇരിക്കെ അയോദ്ധ്യയിൽ പതിനോരായിരം വത്സരം രാജ്യഭാരം വഹിച്ചു ധൎമ്മമെന്ന പന്ഥാവിൽനിന്നു ഒററാതെ ചതുസ്സമുദ്രപൎയ്യന്തം തന്റെ ആജ്ഞാചക്രത്തെ നടത്തിവരികയും ക്ഷത്രധൎമ്മമായ അശ്വമേധയാഗം ചെയ്യേണമെന്നു കരുതി തന്റെ കുലഗു

തവായ വസിഷ്ഠമഹൎഷിയെ വരുത്തി ആലോചിക്കകയും അതുകേട്ടുവസിഷ്ഠമഹൎഷി ആയതിന്നുവേണ്ടുന്ന സംഭാരങ്ങളെയെല്ലാം തെയ്യാറാക്കവാനായി മന്ത്രിയായ സുമന്ത്രരെ എല്പിക്കകയും യാഗത്തിന്നുള്ള അശ്വത്തെകൊണ്ടുവരുവാൻ തുരഗശാസ്ത്രത്തിൽ നിപുണനായ ഭരതനെ എല്പിക്കകയും ഭരതൻ ദ്രാവിഡദേശാധിപനായ ദൃഢമാരൻഎന്ന ചക്രവൎത്തിയെക്കണ്ടു ഞങ്ങൾ അശ്വമേധയാഗം ചെയ്വാൻ ആരംഭിച്ചിട്ടുണ്ട്. ആയതിന്നു പൂൎത്തിയായ ലക്ഷണത്തോടുകൂടിയ തുരഗം ഇവിടെ ഉണ്ടെന്നു കേട്ടു. ആയതു അയച്ചുതരുവാനായി എന്റെ അഗ്രജനായ ശ്രീരാമസ്വാമിയുടെ കല്പനയുണ്ട്. എന്നതിനെക്കേട്ടു നല്ല കാൎയ്യം ഭവാനെ മനസ്സിലായില്ല സിംഹാസനത്തിൽ ഇരിക്കുക എന്നു പറഞ്ഞു ഭരതനെ സിംഹാസനത്തിലിരുത്തി ഉപചരിച്ചു നിന്തിരുവടി തുരഗശാസ്ത്രത്തിൽ നിപുണനാണെന്നു കേൾവിയുണ്ട്. അശ്വത്തിന്നു ലക്ഷണമെന്ത് ദുല്ലക്ഷണമെന്ത് ആയതു പറഞ്ഞു കേൾപ്പാൻ ആഗ്രഹിക്കുന്നു. എന്നതിനെക്കേട്ടു ഭരതൻ അശ്വലക്ഷണത്തെ ദ്രാവിഡരാജാവോടു പറയുന്നു. ആളെ മറയ്ക്കുന്ന ഉയരവും ഇന്ദ്രനീലത്തെ തോല്പിക്കുന്ന നറവും അതിൽ കയ്യ് രണ്ടും മുട്ടിന്നു താഴെ മഞ്ഞൾവൎണ്ണവും കാലു രണ്ടും പവിഴവൎണ്ണമായും ശംഖിന്റെ ശബ്ദത്തെ കബളീകരിക്കുന്ന ശബ്ദവും മാറത്തു ഇടത്തുവശമായി വലഞ്ചുഴിഞ്ഞ ഒരു ചുഴിയും വലത്തുവശമായി ഇടംചുഴിഞ്ഞ ഒരുചുഴിയും പിൻഭാഗം വാലിന്നു താഴെ ഊൎദ്ധ്വമുഖമായി ഒരു ചുഴിയും മുതുകത്തു ഇടംവലം ചുഴിഞ്ഞതായ രണ്ടു ചുഴികൾ അന്യോന്യം തൊട്ടും നെററിയിൽ ശംഖിന്റെ ആകൃതിയിൽ ഊൎദ്ധ്വമുഖമായി ഒരു ചുഴിയും നീലരക്തവൎണ്ണമായ ചെവിയും നാസികദ്വാരങ്ങൾ അശോകത്തളിരിന്റെ വൎണ്ണവും കഴുത്തുരോമങ്ങൾ ഒരു ചാണിന്നു താഴെ ചെരിയാതെയും ചെവി പതിനൊന്നു വിരലിൽ കവിഞ്ഞതായും ആണായിരുന്നാൽ ബീജം തൂങ്ങിയതല്ലാതെയും പെണ്ണായിരുന്നാൽ കടിപ്രദേശം ഉള്ളു വലിച്ചതായും ഇരിക്കണം. ഈ ലക്ഷണങ്ങൾ തികഞ്ഞ അശ്വങ്ങൾ ഒരു രാജധാനിയിൽ ഉണ്ടായിരുന്നാൽ ആ രാജാവു ഒരു കാലത്തും ശത്രുക്കളോ

ട്ട അപജയത്തെ പ്രാപിക്കുന്നതല്ല. എന്നാൽ മുൻപറയപ്പെട്ട ലക്ഷണങ്ങൾ ഇല്ലാതിരുന്നാൽ അവയെ രാജധാനിക്കു പുറമെ നിറുത്തുന്നതല്ലാതെ രാജധാനിയിൽ നിറുത്തരുത്. ഇതിന്നു വിപരീതമായി കാണപ്പെടുന്നതെല്ലാം ദുർല്ലക്ഷണമാണ്. യാഗബലിക്കായി നിശ്ചയിക്കുന്ന തുരഗങ്ങൾക്കു മേൽപറഞ്ഞ ലക്ഷണങ്ങളിൽവെച്ചു രണ്ടു ലക്ഷണങ്ങൾ അധികരിച്ചിരിക്കണം, അതെന്തെന്നുവെച്ചാൽ നാഭിന്മേൽ ശംഖു, ചക്രം, രേഖകൾ പ്രതിഫലിച്ചതായിരിക്കണം എന്നിങ്ങിനെ അശ്വലക്ഷണത്തിൽ നൈപുണ്യങ്ങളെ കേട്ടു സന്തോഷിച്ചു അനന്തരം കുതിരപ്പന്തിയിൽ നിന്നു അശ്വങ്ങളെ വരുത്തി യാഗബലിക്കനുസരിച്ചു ലക്ഷണമുള്ള ഒരു അശ്വത്തെക്കൊടുത്തു അയക്കുകയും ഭരതൻ തുരഗത്തെ സേവകൻവശം ഏല്പിച്ചു താൻ രഥാരൂഢനായി അയോദ്ധ്യക്കുവരികയും സേവകൻ അശ്വത്തെക്കൊണ്ടുവന്നു നിറുത്തി രാമസ്വാമിയോടു വിവരം ഉണർത്തിക്കുകയും ചെയ്തു. അനന്തരം ഭഗവാൻ എഴുപതുവെള്ളം കപികളേയും കപികൾക്കു രാജാവായ സുഗ്രീവനെയും ലങ്കേശ്വരനായ വിഭീഷണനെയും വരുവാനായി ദൂതന്മാരെ അയക്കുകയും അതുപ്രകാരം വിഭീഷണനും സുഗ്രീവനും അയോദ്ധ്യയിൽവന്നു സ്വാമിയെക്കണ്ടു വിനയാന്വിതന്മാരായിവസിച്ചു. എന്നാൽ ദിഗ്വിജയത്തിന്നായി മുന്നടത്തുന്ന അശ്വത്തിന്റെ കഴുത്തിൽ അയോദ്ധ്യാരാജാവായ ശ്രീരാമൻ ദിഗ്വിജയം ചെയ്തു അശ്വമേധയാഗം ചെയ്വാൻ പോകുന്നു. ശ്രീരാമനെ ജയിക്കണമെന്നും യാഗത്തെ മുടക്കേണമെന്നും പ്രിയമുള്ളവരുണ്ടെങ്കിൽ ഈ കുതിരയെ പിടിച്ചുകെട്ടാം. അതിന്നു ശക്തിയില്ലാത്തവർ എന്നിൽ കീഴടങ്ങിയെന്നു എന്റെ പാദത്തിൽ ശരണം പ്രാപിക്കണം. എന്നു തിരുവാചകമെഴുതികെട്ടി അശ്വത്തെ മുൻനടത്തി പിന്നാലെ ശ്രീരാമസ്വാമി ഭരതലക്ഷ്മണ ശത്രുഘ്നൻ സൈന്യങ്ങൾ അവരോടുകൂടി വിഭീഷണൻസുഗ്രീവൻ തങ്ങളുടെ സൈന്യങ്ങൾ അവരവരുടെ വരായുധങ്ങളോടുകൂടി പുറപ്പെട്ടു നടക്കുകയും അങ്ങിനെ സൈന്യയുക്തനായി ശ്രീരാമസ്വാമിരഥാരൂഢനായി വരുന്നു എന്നുകേട്ടു അംഗ, വംഗ, കലിംഗ, കാശ്മീരം,

കാംബോജ, കാരൂഷ, സൌവീര, സൌരാഷ്ട്ര, മഹാരാഷ്ട്ര, ദ്രൌഡ, വിരാഡ, കുഞ്ജര, കേകയ, സൂര, സേന, കൊങ്ക, വരണ, മാഗ, മാളവ നിഷധ, ചോര, ചോള, പാണ്ഡി പാഞ്ചാലാദികളായ മഹാരാജധാനിയിലുള്ള ചക്രവത്തികളെല്ലാം സവ്വേശ്വരനായ രാമസ്വാമിയുടെ തുരഗമാണിതെന്നു മനസ്സിലാക്കി അവരും തങ്ങളുടെ സൈന്യങ്ങളോടുകൂടി പുറപ്പെട്ടു ഭഗവാനെ വന്നു ശരണം പ്രാപിച്ചു സഹായികളായി പിന്തുടരുകയും, ഹിമവാന്റെ ദക്ഷിണതാഴ്വരനിൽവെച്ചു തുരഗത്തെ ചിത്രകവചൻ എന്ന അസുരൻ പിടിച്ചുകൊണ്ടുപോയി ഭൂമിയെ വിട്ടു ഇരുപതുയോജന അധോഭാഗമായും അമ്പതുയോജന വിസ്താരമായും ഉള്ള മഹിഷപുരത്തിൽ കൊണ്ടുപോയി കെട്ടിയിട്ടു. രാമസ്വാമിയുടെ സൈന്യങ്ങൾ അശ്വത്തെ അനേകദിക്കുകളിലെല്ലാം തേടിത്തിരഞ്ഞു കാണാതെനടകുന്ന അവസരത്തിൽ ഭഗവാൻ ജാംബവാനെ വിളിച്ചു അല്ലയോ ജാംബവാൻ അശ്വത്തിന്റെ യാതൊരു വിവരവുമില്ല. അപമാനവും ബുദ്ധിമുട്ടിനും ഇടയായിത്തീരുമെന്നുതോന്നുന്നു. എന്നു പറഞ്ഞതിനെ കേട്ടു ജാംബവാൻ പറയുന്നു. ശരണം സ്വാമിൻ ഈ ഹിമവാന്റെ താഴ്വരയിൽനിന്നു ഭൂമിയെ വിട്ടു അധോഭാഗമായി മഹിഷപുരമെന്ന ഒരു നഗരമുണ്ടായിരുന്നു. അതിൽ ചിത്രകവചൻ എന്ന ഒരു അസുരനും ഉണ്ടായിരുന്നു. പണ്ടു നഹുഷൻ എന്ന മഹാരാജാവ് അശ്വമേധയാഗത്തിന്നായി കുതിരയെ മുന്നടത്തി സൈന്യയുക്തനായി ഭൂപ്രദക്ഷിണംചെയ്തുവരുമ്പോൾ ഇന്ദ്രന്റെ ആവശ്യപ്രകാരം ഈ അസുരൻ അശ്വത്തെ തന്റെ മഹിഷപുരത്തേക്കു കൊണ്ടുപോയി കെട്ടിയിട്ടുകയും അനന്തരം നഹുഷരാജാവ് നിന്തിരുവടിയുടെ പൂർവ്വീകന്മാരിൽവെച്ചു മുചുകുന്ദൻ എന്ന ചക്രവത്തിയോടു ചെന്നു സങ്കടം പറയുകയും അതുകേട്ടു മുചുകുന്ദനും ശിലാബാണപാണിയായി പുറപ്പെട്ടു മഹിഷപുരത്തിൽ പോയി ചിത്രകവചനോടു യുദ്ധംചെയ്കയും ചിത്രകവചനു ജയമില്ലെന്നു കണ്ടു മായാധിക്യത്താൽ തന്റെ നഗരത്തിന്റെ പശ്ചിമോത്തരമായുള്ള സ്വർഗ്ഗപ്രവേശനമെന്ന കഹ്വരത്തിൽ ഓടിയൊളിക്കയും മുചുകുന്ദനെന്ന മഹാരാജാവ് അശ്വത്തെ അഴിച്ചു നഹുഷ

രാജാവിന്നുകൊടുത്തു താൻ അയോദ്ധ്യക്കു മടങ്ങുകയും ചെയ്തു. ഇങ്ങിനെ ഒരുകാര്യം പണ്ടു കഴിഞ്ഞ ഓൎമ്മ അറിയുന്നുണ്ട്. ഒരു സമയം ആ അസുരൻതന്നെ ഇപ്പോഴും സൎവ്വേശ്വരനായ നിന്തിരുവടിയുടെ പരമാത്മാ മനസ്സിലാക്കാതെ നമ്മുടെ അശ്വത്തെയും പിടിച്ചു കെട്ടിയിരിക്കുമോ എന്നു ഒരു ശങ്കയുണ്ട്. പരമാത്മാ അവിടെ ചെന്നുനോക്കിയാൽ അറിയാം എന്നതിനെക്കേട്ടു ഭഗവാനും ഹേ ജാംബവാൻ അങ്ങിനെയാണെങ്കിൽ അവനെ നിഗ്രഹിക്കണം. ആ നഗരത്തിലേക്കു പോകേണ്ടുന്ന മാൎഗ്ഗം ഏതാണെന്നു ചോദിച്ചതിന്നു ജാംബവാൻ ശരണം സ്വാമിൻ! മഹിഷപുരത്തേക്കു പോകേണ്ടുന്ന മാൎഗ്ഗം ഹിമവാനെ വിളിച്ചു ചോദിച്ചാൽ അറിയാവുന്നതാണ്. അടിയനു ഓൎമ്മത്തെറ്റായിരിക്കുന്നു. എന്നു പറഞ്ഞതിനെക്കേട്ടു ഭഗവാൻ ഹിമവാൻ എന്ന ശൈലരാജനെ ധ്യാനിക്കുകയും അതുകേട്ടു ശൈലരാജനും അതിവേഗത്തിൽ വന്നു ഭക്തിശ്രദ്ധബഹുമാനവിനയങ്ങളോടുകൂടി പാദത്തിൽ നമസ്കരിച്ചു വിനയാന്വിതനായി നില്ക്കുന്നതിനെ ഭഗവാൻ കണ്ടു സന്തോഷിച്ചു പറയുന്നു. അല്ലയോ പൎവ്വതരാജൻ ഭൂപ്രദക്ഷിണംചെയ്തു അശ്വമേധയാഗം നിവൃത്തിപ്പാനായി അയച്ച അശ്വത്തെ കാണ്മാനില്ല. ഹിമവാൻവരെ ആരാലും പിടിച്ചുകെട്ടുവാൻ സാധിച്ചിട്ടില്ല. ഇവിടെ വെച്ചു അശ്വത്തിന്റെ വിവരമില്ല. ഈ പൎവ്വതത്തിന്റെ അധോഭാഗമായി മഹിഷപുരമെന്ന നഗരത്തിൽ ചിത്രകവചൻ എന്ന അസുരനുണ്ടെന്നും ആയവൻ ഇന്ദ്രന്റെ ആവശ്യപ്രകാരം യാഗംചെയ്യുന്ന അശ്വങ്ങളെ പിടിച്ചുകെട്ടി യാഗത്തെ മുടക്കിവരുന്നുണ്ടെന്നും കേൾവിയുണ്ട്. ആ നഗരത്തിലേക്കു പോകേണ്ടുന്ന മാൎഗ്ഗം ഏതാണെന്നുചോദിച്ചതിനെക്കേട്ടു ശൈലരാജൻ ശരണം സ്വാമിൻ ചിത്രകവചൻ എന്ന അസുരനാൽ അനേക അശ്വമേധയാഗങ്ങൾ മുടങ്ങീട്ടുണ്ട്. ചിത്രകവചനെ യുദ്ധംചെയ്തു ജയിക്കുന്നതിലല്ല വൈഭവം അവന്റെ പത്നിയായ പുരഞ്ജനി എന്നവളുടെ കയ്വശത്തിൽ ജനനശൃംഖല എന്നൊരു മാല്യമുണ്ട്. ആയതു വൃന്ദാവനത്തിലുള്ള മഹാവനദുൎഗ്ഗയായ കാളിന്നാൽ തനിക്കു ദത്തമാണ്. തന്റെ കണവൻ മരിച്ചാലെ

ന്നറിഞ്ഞാൽ ഉടനെ ചെന്നു ജനനശൃംഖലയെ ഗളത്തിൽ ഇട്ടാൽ ജീവിക്കും. ഈ ഒരു ശൃംഖല ആ പുരഞ്ജനിവക്കൽ ഉള്ളതുകൊണ്ടു ആ മഹിഷപുരവാസികൾ നശിക്കുന്ന പതിവില്ല. യാതൊരുകാലത്തു ആ ശൃംഖല തന്നെ വിട്ടു അന്യന്റെ കരസ്ഥമാകുന്നുവൊ അന്നു ചിത്രകവചന്റെ മരണമാണ്. ആ സ്ത്രീപക്കൽ നിന്നു മംഗലസിദ്ധിപ്പാനുള്ള യുക്തി നിന്തിരുവടി ആലോചിച്ചാൽ അറിയാവുന്നതാണല്ലൊ. മഹിഷപുരത്തെക്കുള്ള മാൎഗ്ഗം ഞാൻ കാണിച്ചുതരാം എന്നും ആയ്തിന്നുള്ള വഴികളെപ്പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു ശൈലരാജൻ വിടകൊള്ളുകയും അനന്തരം ഭഗവാൻ വിഭീഷണനേയും മാരുതിയേയും വിളിച്ചു നിങ്ങൾ രണ്ടുപേരുംകൂടി മഹിഷപുരത്തു ചെന്നു ശൃംഖലയെ കരസ്ഥമാക്കി വരുവിൻ എന്നു അനുഗ്രഹിച്ചയച്ചു. ഹനുമാൻ ഒരു ബ്രാഹ്മണസ്ത്രീയുടെ വേഷത്തേയും വിഭീഷണൻ ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തേയും ധരിച്ചു രണ്ടുപേരുംകൂടി ശൈലരാജൻ പറഞ്ഞ മാൎഗ്ഗത്തൂടെ മഹിഷപുരത്തെക്കു പോകുകയും അവിടെച്ചെന്നു മുഹൂൎത്തമാത്രേണ വേഷധാരിയായ ബ്രാഹ്മണസ്ത്രീ തന്റെ കണവൻ മരിച്ചു എന്നു അത്യന്തം ദുഃഖിച്ചു മാറത്തടിച്ചു പുരഞ്ജനിയുടെ സമീപത്തിൽ വന്നു അയ്യോ കഷ്ടം എന്റെ വയോധികനായ കണവനും ഞാനുമായി പരമേശ്വരസ്വാമിയെ സേവ ചെയ്യാൻ പാൎവ്വതിയുടെ സ്വയംവരമണ്ഡപത്തെക്കു പോകുകയായിരുന്നു. മാൎഗ്ഗം പിഴച്ചു ഇവിടെക്കു വന്നതാണ്. വന്നതിനാൽ എന്റെ കണവനായ വൃദ്ധബ്രാഹ്മണൻ മരിച്ചു ഞാൻ വൈധവ്യദുഃഖം അനുഭവിക്കേണ്ടിവന്നു എന്നാൽ ഞാനും മരിച്ചുപോകട്ടെ എന്നുവെച്ചാൽ പാൎവ്വതിയെക്കുറിച്ചു ഞാനൊരു ഗൌരീവ്രതം എടുത്തിട്ടുണ്ട്. ആയതും കാലംകൂടിയാൽ എനിക്കതിൽ മരിക്കുന്നതിൽ ദുഃഖമില്ല. വ്രതഭംഗംകൂടാതെ രക്ഷപ്പെടുത്തുവാൻ പുരഞ്ജനി വിചാരിച്ചാൽ കണവൻ ജീവിച്ചുകിട്ടും എന്നു നഗരവാസികൾ പറഞ്ഞതിനാൽ ഞാൻ നിന്നെക്കാണ്മാൻ വന്നതാണ്. ആയതുകൊണ്ടു എനിക്കു മാംഗല്യഭിക്ഷതരണം എന്നുള്ള ബ്രാഹ്മണസ്ത്രീയുടെ വാക്കിനെക്കേട്ടു പുരഞ്ജനിയും ഈ സ്ത്രീയുടെ ദുഃഖത്തെക്കണ്ടു ഇവൾ ഒരു ബ്രാഹ്മണസ്ത്രീയായതു

കൊണ്ടു ഇവളുടെ കണവനെ രക്ഷിക്കേണമെന്നു കരുതി തന്റെ കൈവശമുള്ള ജനനശൃംഖലയെ എടുത്തു ബ്രാഹ്മണസ്ത്രീപക്കൽ കൊടുത്തു ഈ മാല്യത്തെ നിന്റെ ഭർത്താവിന്റെ ഗളത്തിൽകൊണ്ടുപോയി ഇടുക. എന്നാൽ ജീവിക്കും. അനന്തരം കണവനേയും കൂട്ടി ഇവിടേക്കു വരുവിൻ എന്നു പറഞ്ഞു ശൃംഖലയേയും കൊടുത്തു ബ്രാഹ്മണസ്ത്രീയെ അയക്കുകയും ഉടനെ ഹനുമാൻ എടുത്ത വേഷത്തെ ത്യജിച്ചു വിഭീഷണൻ പക്കൽവന്നു വിവരം പറഞ്ഞു രണ്ടുപേരും അതിവേഗത്തിൽ ഭഗവാൻ പക്കൽ വന്നു സൈന്യങ്ങളേയും കൂട്ടി മഹിഷപുരത്തിൽചെന്നു ചിത്രകവചനോടുയുദ്ധം തുടങ്ങുകയും പശ്ച്യാവസാനം പുരഞ്ജനി കേൾക്കത്തക്ക വിധത്തിൽ സിംഹഗർജ്ജനം ചെയ്തു നിലത്തു വീഴുകയുംചെയ്തു. ആ ഗർജ്ജനത്തെക്കേട്ടു അസ്ത്യം എന്റെ കണവനെ ആരോ വധിക്കുന്നു ബ്രാഹ്മണസ്ത്രീ എവിടെ, ശൃംഖല ഇനിയും കൊണ്ടുവന്നില്ലല്ലോ എന്നു പല ദിക്കിലും തിരഞ്ഞു ബ്രാഹ്മണസ്ത്രീയെ കാണാതെഓടിത്തിരഞ്ഞു നടക്കുമ്പോൾ തന്റെ കണവനായ ചിത്രകവചൻ മരിച്ചുകിടക്കുന്നതിനെക്കണ്ടു മാറത്തടിച്ചു നിലവിളി കൂട്ടുകയുംആ സമയത്തിൽ ലക്ഷ്മണനെ അവിടെവെച്ചു കാണുകയും എടാ ദ്രോഹി നീയോ എന്റെ കണവനെ വധിച്ചവൻ, നിന്നെ ഇപ്പോൾ പിടിച്ചു ഭക്ഷിച്ചുകളയാമെന്നു പറഞ്ഞു പിടിപ്പാൻ അടുത്തപ്പോൾ തന്റെ കയ്യിലുണ്ടായിരുന്ന വാളിനാൽ പുരഞ്ജനി എന്ന അസുരസ്ത്രീയുടെ നാസികമുതലായ പഞ്ച ഉറുപ്പുകളേയും വൈരൂപ്യം ചെയ്തയച്ചു. അനന്തരം അശ്വത്തെ അവിടേനിന്നു വീണ്ടു മുമ്പേ അയച്ചു രാമാദികൾ അശ്വത്തിനെ പിന്തുടർന്നു പോകുകയും ചെയ്തു. അങ്ങിനെ അമ്പത്താറു രാജാക്കളും തനിക്കു കീഴടങ്ങി ഭൂപ്രദക്ഷിണം ചെയ്തുവരുമ്പോൾ അശ്വത്തെ എപലകുചലന്മാർ കാണുകയും തുരഗത്തിന്റെ കഴുത്തിൽകെട്ടിയലിഖിതത്തെവായിക്കുമ്പോൾ ദശരഥാത്മജനായ ശ്രീരാമസ്വാമി അശ്വമേധയാഗം ചെയ്യുകയാണെന്നും തന്നിൽ കീഴൊതുങ്ങാത്തവർ ആരെന്നുവെച്ചാൽ അവർക്കു കുതിരയെപ്പിടിച്ചുകെട്ടി യുദ്ധത്തിന്നൊരുങ്ങാമെന്നും ഉള്ള വിവരം മനസ്സിലാക്കി ശ്രീരാമസ്വാമിയുടെ പര

മാൎഗ്ഗം അറിയാതെ കുതിരയെപ്പിടിച്ചുകെട്ടി ശിലാബാണപാണികളായി ജാഗ്രതയായിരുന്നു. അങ്ങിനെ ഇരിക്കെ രാമാദികൾ അശ്വം പോയ കാലടിയെ ലക്ഷ്യം പിടിച്ചുവരികയും അശ്വത്തെ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽകെട്ടിയിരിക്കുന്നതിനേയും അതിന്നു സമീപം രണ്ടു ബാലന്മാർ വില്ലെടുത്തു യുദ്ധസന്നദ്ധന്മാരായി നല്ക്കുന്നതിനേയും കണ്ടു. ബാലന്മാരുടെ സാഹസത്തെക്കണ്ടു ക്രുദ്ധപ്പെട്ട യോധന്മാർ ഇവരോടു യുദ്ധം തുടങ്ങി. യുദ്ധത്തിൽ നേരിടുന്നവരെയെല്ലാം ശരവൎഷം ചെയ്തു തോല്പിക്കുന്നതിനെക്കണ്ടു ശ്രീരാമൻ ഭരതൻ ലക്ഷ്മണൻ ശത്രുഘ്നൻ മുതലായവർ യുദ്ധത്തിന്നാരംഭിക്കുകയും ലവകുശന്മാർ അവരേയും യുദ്ധത്തിൽ ക്ഷീണിച്ച സുഗ്രീവാദികളെയും വില്ലുകൊണ്ടടിച്ചു തള്ളിയിടുകയും ചെയ്തു. അനന്തരം ലവകുശന്മാർ ഹനുമാനെ പിടിച്ചുകെട്ടി എടുത്തു തങ്ങളുടെ മാതാവായ ജാനകിയുടെ അടുക്കലേക്കു കൊണ്ടുവന്നു ജാനകി ഹനുമാനെക്കണ്ടു് കെട്ടഴിച്ചു അയ്യോ മാരുതെ ഈ ബാലന്മാരാരോ നിന്നെ പിടിച്ചുകെട്ടിയതു്. ആയതിന്നു നിമിത്തമെന്തു്. നീ എവിടെ നിന്നു വരുന്നു. എന്നതിനെക്കേട്ടു മാരുതി പറയുന്നു. ശരണം ലോകേശ്വരി. ഈ രണ്ടു ബാലന്മാർ ചെയ്ത യുദ്ധത്തിന്നു ശരിയായി രാമരാവണയുദ്ധം സാരമില്ല. എന്തുകൊണ്ടെന്നു വെച്ചാൽ സൎവ്വേശ്വരനായ രാമസ്വാമി അശ്വമേധയാഗം ചെയ്വാൻ നിശ്ചയിച്ചു അശ്വത്തെ മുന്നടത്തി അനന്തരം സ്വാമി തന്റെ ഭരതലക്ഷ്മണശത്രുഘ്നൻ മുതലായ അനുജന്മാരോടുകൂടിയും സുഗ്രീവാദികളായ എഴുപതുവെള്ളം കപിവീരന്മാരോടുകൂടെയും, വിഭീഷണൻ മുതലായവരോടു കൂടെയുംയുദ്ധസന്നദ്ധന്മാരായി പുറപ്പെട്ടു യോധന്മാരെ എല്ലാം കീഴടക്കി പ്രദക്ഷിണം ചെയ്തുവരുന്ന മാൎഗ്ഗത്തിൽ ഈ ബാലന്മാർ അശ്വത്തെപ്പിടിച്ചു കെട്ടുകയും തന്നിമിത്തം യുദ്ധം തുടങ്ങുകയും സൎവ്വേശ്വരനായ രാമസ്വാമി മുതൽ എല്ലാവരേയും യുദ്ധത്തിൽ തോല്പിച്ചു അവസാനം അടിയനെപ്പിടിച്ചുകെട്ടി ഇവിടെക്കു കൊണ്ടുവരികയും ചെയ്തു. ഇത്ര ശക്തന്മാരായ ഇവർ ആരാണെന്നു മനസ്സിലായി

ട്ടില്ല. എന്നു പറഞ്ഞതിനെ ജാനകി കേട്ട് അത്യന്തം ദുഃഖിച്ചു തന്റെ പുത്രന്മാരെ വിളിച്ചു പറയുന്നു. അല്ലയൊ, ബാലന്മാരെ! ഇവൻ എന്റെ പ്രാണരക്ഷ ചെയ്തവനാണ്. നിങ്ങളുടെ പിതാവായ എന്റെ കണവന്റെ ദൂതനും ഭഗവാനിൽ പരമഭക്തനുമാണ്. ഇവന്നു ഹനുമാനെന്നാണ് നാമം. നിങ്ങളുടെ കരവേഗശരവേഗത്താൽ നിങ്ങളുടെ അച്ഛൻ മോഹാലസ്യപ്പെട്ടുകിടക്കുന്നതായി ഹനുമാൻ പറയുന്നു. ആയതുകൊണ്ടു അതിവേഗത്തിൽ സ്വാമിയുടെ അടുക്കലേക്കു പോകേണ്ടതിലേക്കായി മഹൎഷിയായ ഗൌതമനെയും കൂട്ടുക. എന്നു പറഞ്ഞതിനെ എചലകുചലന്മാർ കേട്ടു അയ്യയ്യോ! ഞങ്ങൾ പിതൃദ്രോഹികളായിത്തീൎന്നുവല്ലൊ. ലേശംപോലും പിതാവാണെന്നു അറിഞ്ഞിരുന്നുവെങ്കിൽ കണ്ടു ഉടനെ പാദത്തിൽ നമസ്കരിച്ചു അമ്മയുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുമായിരുന്നു. എന്നു പരിതപിച്ചു ഗൌതമരുടെ അടുക്കലേക്കു ജാനകിയോടുകൂടി വന്നു ഉണ്ടായ പരമാൎത്ഥമെല്ലാം മഹൎഷിയെ കേൾപ്പിക്കുകയും ഗൌതമൻ ആശ്ചൎയ്യപ്പെട്ടു എചലകുചലന്മാരോടും ജാനകിയോടുംകൂടി രാമസ്വാമിസമീപം വരികയും എചലകുചലന്മാർ ശ്രീരാമചന്ദ്രന്റെ പാദത്തിൽ സാഷ്ടാംഗനമസ്കാരം ചെയ്ത് ശരണം പിതാവെ അറിയാതെ ചെയ്ത അപരാധം ക്ഷമിച്ചു ഞങ്ങളെ രക്ഷിക്കേണമെ. അച്ഛനല്ലാതെ ഞങ്ങൾക്കു അന്യാശ്രയമില്ല. എന്നു ഭക്തിശ്രദ്ധാബഹുമാന വിനയങ്ങളോടുകൂടി പുരോഭാഗത്തിൽ നില്ക്കുകയും സന്തതികളുടെ മേൽ പരിഭവിക്കരുതെ ഭഗവാനെ എന്നു ജാനകി നമസ്കരിച്ചതിനനന്തരം ഭഗവാനോടു ഗൌതമൻ, അല്ലയോ രാഘവ! നിന്തിരുവടിയുടെ മായസമ്പ്രദായമായവിദ്യ ആരറിവാൻ പോകുന്നു. ഇതാ നില്ക്കുന്ന രണ്ടു ബാലന്മാർ നിന്തിരുവടിയുടെ പുത്രന്മാരാണ് നിന്തിരുവടിയുടെ പത്നിയായ ജാനകിയെ കാട്ടിലേക്കയക്കുമ്പോൾ മൂന്നുമാസം ഗൎഭമായിരുന്നു. അന്നു മുതൽ ഇന്നേവരെ എന്റെ ആശ്രമത്തിൽ അഹല്യയൊരുമിച്ചാണ് ജാനകി താമസിച്ചിരുന്നത്. ആ ഗൎഭത്തിൽനിന്നു ഉല്പാദിച്ചവനാണ് ഇതാ നില്ക്കുന്ന എചലൻ, കുചലൻ, എന്നവനെ ജാനകി

പ്രസവിച്ചതല്ല. ജാനകി എചലനെ തൊട്ടിയിൽ കിടത്തി പു ഷ്പം അറക്കവാനായി ഉദ്യാനത്തെക്കം, ഞാൻ പ്രാതസ്സ്നാനത്തിന്നും പോകകയും അഹല്യ ജലം കൊണ്ടുവരുവാനായി പോകുമ്പോൾ തൊട്ടിയിൽനിന്ന കുട്ടിയെ എടുത്തു പോകകയും ചെയ്തു. എ ൻെറ സ്നാനം കഴിഞ്ഞു മടങ്ങി ആശ്രമത്തിൽ വന്ന നോക്കിയ തിൽ ഞാൻ പോകുമ്പോൾ തൊട്ടിയിൽ കിടന്നിരുന്ന കുട്ടിയെ വല്ല മൃഗങ്ങളൊ മറ്റൊ എടുത്തുകൊണ്ടുപോയിരിക്കമോ എന്ന ശങ്കിച്ച ഉടനെ ഒരു കുശപ്പുല്ലിനെ എടുത്തു മന്ത്രസങ്കല്പം കഴിച്ച തൊട്ടിയിലിട്ടു ആട്ടുകയും ആയത ഒരു സന്തതിയായി വരികയും, അങ്ങിനെ ഇരിക്കെ അഹല്യ ജലമെടുത്തു വരുമ്പോൾ ശിശു വോടുകൂടി വരുന്നതിനെക്കണ്ടു സന്തോഷിച്ചു. കുശയിൽനിന്ന ജാതനാകയാൽ കുചലൻ എന്ന് പേരിട്ടു. എചല കുചലന്മാർ ഭേദാഭേദികളെപ്പോലെ പ്രാണവാത്സല്യത്തോടുകൂടി വളൎന്നു. അവൎക്ക വേണ്ടുന്ന വിദ്യാഭ്യാസങ്ങളെല്ലാം എന്നാൽ കഴിയുംപോലെ അഭ്യസിപ്പിച്ച് നിന്തിരുവടിയുടെ കാരുണ്യത്താൽ ഇതേവരെ യാതൊരു ദുഃഖവും സംഭവിക്കാതെ വളൎന്നുവരുന്നു. ആയതു കൊണ്ടു നിന്തിരുവടി യാതൊന്നുകൊണ്ടും അന്യഥാതാപം കരുതാതെ ഭാൎയ്യാപുത്രന്മാർ പേരിൽ അത്യന്തം സന്തോഷിച്ച എൻെറ ആശ്രമത്തിൽ ഇന്ന വസിച്ച നാളെ ഉദയത്തിന്ന ഭാൎയ്യാപുത്രന്മാരോടുകൂടി സൈന്യസമേതം അയോദ്ധ്യക്ക എഴുന്നെള്ളാം എന്നതിനെക്കേട്ടു ഭഗവാൻ പുത്രന്മാരുടെ ധനുൎവ്വേദ അഭ്യാസത്തിലുള്ള നിപുണതയെക്കണ്ടു ആശ്ചൎയ്യപ്പെട്ടു അന്ന ഗൌതമാശ്രമത്തിൽ താമസിച്ച സുഖമേ ഭക്ഷണം മുതലായതുകളെ കഴിച്ച പിറ്റെന്നാൾ ഉദയത്തിന്ന എഴുനീററ തൻെറ പരിവാരങ്ങളോടുകൂടി പുറപ്പെട്ടു അയോദ്ധ്യയിൽ വന്നിരുന്നു. അനന്തരം തൻെറ കുലഗുരുവായ വസിഷ്ഠരാദിയായ മഹൎഷികളെ വരുത്തി അശ്വമേധയാഗംചെയ്തു പ്രസിദ്ധിയെ സമ്പാദിക്കകയും തൻെറ പുത്രന്മാരായ എചലകുചലന്മാൎക്ക പട്ടാഭിഷേകം ചെയ്യണമെന്ന നിശ്ചയിച്ച ആയതിന്ന വേണ്ടുന്ന സംഭാരങ്ങളെയെല്ലാം ഒരുക്കി അമ്പത്താറ രാജധാനിക്കു തിരുവെഴുത്തയച്ച നഗരി അലങ്കരിപ്പിച്ച ത

ന്റെ പ്രഥമപുത്രനായ എമലനെ അയോദ്ധ്യയിൽ ഒന്നാം രാജാവാക്കി കുശലനെ ഇളയ രാജാവാക്കി വാഴിച്ചു അരിയിട്ടു വാഴ്ച മുതലായതുകളെ വിധിയാംവണ്ണം കഴിച്ചു സുഖമായി ശ്രീരാമസ്വാമി പത്നീസമേതനായി വസിച്ചുവരുന്ന അവസരത്തിൽ ഒരുനാൾ ജാനകിയുടെ അമ്മായിമാർ മൂന്നുപേരുംകൂടി ജാനകിയെ വിളിച്ചിരുത്തി അല്ലയോ ജാനകി! രാവണൻ എന്നു ഞങ്ങൾ കേട്ടതല്ലാതെ കാണ്മാനിടവന്നിട്ടില്ല. ആയവന്റെ രൂപം ഒന്നു കാണേണമെന്നാഗ്രഹമുണ്ട്. നീ കണ്ടിരിക്കുമല്ലൊ. ആയതുപോലെ നീ വരച്ചുകാണിച്ചുതന്നാൽ സന്തോഷമായിരുന്നു. എന്നതിനെക്കേട്ടു ജാനകിയും ചിരിച്ചു ഞാൻ നല്ലവണ്ണം കണ്ടിട്ടില്ല. സന്ന്യാസിവേഷത്തെ പൊട്ടുന്നനവെ വിട്ടു സ്വതേ രൂപത്തോടുകൂടി പർണ്ണശാലയെ കുത്തിപ്പുഴക്കുമ്പോൾ ഒരു നോക്കു രാവണനെ ഞാൻ നോക്കീട്ടുണ്ട്. ആ ഒരു ഓർമ്മപ്രകാരം വരച്ചുകാണിക്കാമെന്നും എവിടെയാണ വരക്കേണ്ടതെന്നും ചോദിച്ചതിലേക്കു കൈകേയി ശ്രീരാമസ്വാമി ഇരുന്നു ജപിക്കുന്ന അവുണപ്പലകയെ എടുത്തുകൊടുത്തു ഈ പലകയുടെ മറുപുറത്തു വരക്കുക എന്നു പറയുകയും ആയതുപ്രകാരം ജാനകി രാവണന്റെ രൂപം പലകയുടെ മറുപുറത്തു വരച്ചു അമ്മായിമാക്കു കാണിച്ചുകൊടുക്കുകയും രാവണന്റെ രൂപത്തെ നോക്കിക്കൊണ്ടിരിക്കുന്ന മദ്ധ്യേ ഭഗവാൻ സ്നാനം കഴിഞ്ഞുവന്നു ജപത്തിന്നിരിക്കുന്ന അവസരത്തിൽ രാവണന്റെ രൂപത്തെ വരച്ചു അവുണപ്പലകയെ ഭഗവാനു ഇരിപ്പാൻ ഇട്ടുകൊടുക്കുകയും ഭഗവാൻ പലകയിൽ ഇരുന്നു ജപിക്കുമ്പോൾ താൻ ഇട്ടിരിക്കുന്ന പലക കിടുകിട വിറക്കുകയും ആയതിന്നു കാരണം എന്തെന്നു പലകയുടെ മറുപുറത്തു നോക്കിയപ്പോൾ ശത്രുവായ രാവണന്റെ രൂപംകണ്ടു തനിക്കു കഠിനമായ ക്രോധം ഉത്ഭവിച്ചു ആരാണിതു വരച്ചത എന്നു തന്റെ മാതാക്കളോടു ചോദിക്കുകയും അതുകേട്ടു കൈകേയിമാതാവു, അല്ലയോ രാഘവാ! ഞങ്ങൾ രാവണനെക്കണ്ടറിയുമോ? നിന്റെ പത്നിയായ ജാനകിയുടെ പ്രവൃത്തിയാണിതു. അവൾക്കു ഒരു നേരമെങ്കിലും രാവണനെക്കാണാത

രിപ്പാൻ സാധിക്കുന്നതല്ല. രാവണന്റെ രൂപത്തെ വരച്ച് ആ യവന്റെ സൌന്ദൎയ്യത്തെ ഞങ്ങൾക്ക കാണിക്കുകയാണ് സീതക്ക പ്രവൃത്തി. രാവണന്റെ മേൽ ഇത്ര ഭ്രമമുണ്ടെങ്കിൽ നീ ഇത്ര ബുദ്ധിമുട്ടേണമെന്നുണ്ടായിരുന്നില്ല. എന്ന മാതാവിന്റെ ഏഷണിയെക്കേട്ട ക്രോധാന്ധനായി ലക്ഷ്മണനെവിളിച്ച എടാ സൌമിത്രേ! എന്തിന്ന അധികം പറയുന്നു. ശ്വാവിനെപ്പിടിച്ച മെത്തകിന്റെ കട്ടിലടച്ചാൽ മെത്തകയ്ത്തീരുമൊ? എത്രകാലം കഴിഞ്ഞാലും ആയതു നായതന്നെ. എന്നതുപോലെ ഇവളെ എത്രതന്നെ നന്നാക്കിയാലും നന്നാവുന്ന ജാനകിയല്ല. എന്ന ഇവളെ മാലയിട്ടപോ അന്നുമുതൽ അപമാനവും ദുഃഖവും ഒഴിഞ്ഞ നേരമില്ല. ആയതുകൊണ്ട നീ ഇവളെക്കൊണ്ടുപോയി കാട്ടിൽ വെച്ച വെട്ടി രക്തം കൊണ്ടുവന്ന എനിക്ക കാണിക്കുക, എന്ന ഭഗവാൻ പറഞ്ഞതിനെക്കേട്ട ലക്ഷ്മണൻ വാളെടുത്തു പുറപ്പെടുകയും അതുകണ്ട ജാനകി, ഭഗവാൻ തലേദിവസം ശയ്യാഗൃഹത്തിൽ വെച്ച പറഞ്ഞ കഥയെ ഓൎമ്മവെച്ച തിരുമിററത്തിറങ്ങി ഭൂമിയെ നോക്കി അല്ലയൊ ധരിത്രീ! സ്ഥാനം തരിക. ഞാനും വരുന്നു. എന്ന തന്റെ തൃക്കരംകൊണ്ട ഭൂമിയിൽ അടിക്കുകയും തൽക്ഷണം ഭൂമി പിളൎന്ന ആ മാൎഗ്ഗത്തൂടെ ജാനകി തന്റെ യഥാസ്ഥാനത്തേക്കപോകുകയും ചെയ്തു. അങ്ങിനെ ഇരിക്കെ വിനതാത്മജനായ ഗരുഡൻ വൈകുണ്ഠത്തിൽനിന്ന പുറപ്പെട്ട അയോദ്ധ്യയിൽവന്ന ഭഗവാനെക്കണ്ടു നമസ്കരിച്ച ശരണം സ്വാമിൻ സൎവ്വേശ്വരനായ തിന്തിരുവടി വൈകുണ്ഠത്തെ വിട്ട പതിനോരായിരം സംവത്സരമായി. ഇനിയും അങ്ങോട്ടക്ക വരേണമെന്ന വിചാരിക്കുന്നില്ലെ. അവതാരകാൎയ്യങ്ങളെല്ലാം നിവൃത്തിച്ച സൎവ്വേശ്വരിയായ ലക്ഷ്മീഭഗവതിയും യഥാസ്ഥാനത്തെത്തിയല്ലൊ സൎവ്വശക്തനായ തിന്തിരുവടിയെപ്പിരിഞ്ഞു മേലിൽ മുഹൂൎത്തമാത്രേണ വൈകുണ്ഠത്തിൽവസിപ്പാൻ അടിയന്ന സാധിക്കുന്നതല്ല. അയോദ്ധ്യയിൽ അടിയനും തിന്തിരുവടി ഒരുമിച്ച താമസിക്കുകതന്നെ എന്നല്ലാതെ വേറെ മാൎഗ്ഗമൊന്നുമില്ല. എന്ന ഗരുഡന്റെ അപേക്ഷയെക്കേട്ട ഭഗവാനും അല്ലയോ ഗരുഡ ഞാൻ ഉ

ടനെ വരുന്നുണ്ടു. ആയതിലേക്ക നിമിത്തം സനകാദികളുടെപു റപ്പാടുണ്ടെന്ന കേട്ടു അധികതാമസംകൂടാതെ വന്നേക്കാം. നീ വൈകുണ്ഠത്തേക്ക ശീഘ്രം പോകുക. എന്ന പറഞ്ഞു ഗരുഡ നെ അയക്കുകയും ചെയ്തതിൽപ്പിന്നെ തന്റെ കുലഗുരുവായ വ സിഷ്ഠമുനിയും താനും കൂടി പുറപ്പെട്ടു മേരുവിന്റെ പ്ലവംഗമെന്ന കൊടുമുടിയിൽ വസിക്കുന്ന പുഷ്പണ്ഡയോഗിയുടെ അടുക്കലേക്ക പോകുകയും അവിടെ ചെന്നു യോഗിയെനമസ്കരിച്ചതിൽ പുഷ്പ ണ്ഡയോഗിയും അത്യന്തം സന്തോഷിച്ചു അല്ലയൊരാഘവ! ഇതി ന്നു മുമ്പു ഏഴു വസിഷ്ഠനും ഏഴു രാമനും എന്റെ അടുക്കൽ വ ന്നുകണ്ടിട്ടുണ്ട്. നിങ്ങൾ എട്ടാമത്തെ വസിഷ്ഠനും രാമനുമാണ് എന്നുതന്നെയല്ല, ഈ ലോകം അനേകകാലം അഗ്നിമയമായിരു ന്നതും, അനന്തരം ജലപ്രളയമായിരുന്നതും, ഇപ്പോൾ പൃഥിവി യായിരിക്കുന്നതും എനിക്കനുഭവമാണ്. അഗ്നിജ്വാലാമാലകളു ടെ ഇടയിൽ അഗ്നിരൂപമായും പ്രളയത്തിൽ ജലരൂപമായും പ്ര പഞ്ചത്തിൽ ഇങ്ങിനെ പക്ഷിരൂപമായും ശോഭിച്ചു. വേറെയും ചിലർ എന്നോടുകൂടി വസിച്ചിരുന്നു. അവരെല്ലാം ദേഹത്തിൽ വിരക്തിവന്നു പുനരാവൃത്തിരഹിതമായ കൈവല്യപദത്തെ പ്രാ പിച്ചു. സർവ്വേശ്വരനായ നിന്തിരുവടിയുടെ മായാസമ്പ്രദായമാ യ ഇന്ദ്രജാലമെന്ന ജീവേശ്വരജഗത്തിൽ എനിക്ക വിരക്തിഭവി ക്കാത്ത നിമിത്തം ഇനിയും ദേഹത്യാഗം ചെയ്യാനിടയായില്ല. പ ണ്ടു ഗാധി എന്ന ബ്രാഹ്മണൻ മായാസമ്പ്രദായമായ ഇന്ദ്രജാല വിദ്യയെ കാണേണമെന്നാഗ്രഹിച്ചു ശ്രീനാരായണസ്വാമിയായ നിന്തിരുവടിയെക്കുറിച്ചു തപസ്സുചെയ്കയും ശ്രീനാരായണൻ പ്ര ത്യക്ഷമായി അധികതാമസംകൂടാതെ മായാവിദ്യയെ കാണ്മാനിടവ രുമെന്നു അനുഗ്രഹിച്ചുപോകുകയും ചെയ്തു. അങ്ങിനെ ഇരിക്കേ, ഗാധി എന്ന ബ്രാഹ്മണൻ ഒരു ദിവസം സ്നാനത്തിന്നു ജലത്തിൽ ഇറങ്ങി മുങ്ങിപ്പൊന്തുന്നതിന്നുമുമ്പു തനിക്കുണ്ടായ തോന്നൽ എ ന്തെന്നു വെച്ചാൽ—ബ്രാഹ്മണനായ ഗാധി തന്റെ പുത്രമിത്രങ്ങ ളോടുകൂടി അനേകകാലം സുഖമായി വസിച്ചു താൻ ഒഴികെ ബാ ക്കി ഉണ്ടായിരുന്ന മക്കളും മക്കളുടെ മക്കളും പത്നിയും എല്ലാവരും

മരിച്ചു താൻ ഏകനായി ജരാനരകൾ ബാധിച്ചു ദാരിദ്ര്യാധിക്യ
ത്താലും രോഗാധിക്യത്താലും ദുഃഖിച്ചു അവസാനം മരിക്കയും
അനന്തരം ഊണനാട്ടു എന്ന പട്ടണത്തിൽ ഒരു ശ്വപചന്റെ പു
ത്രനായി ജനിച്ചു വളൎന്നു ജാത്യാചാരമായ ഗോവധം മുതലായതുക
ളെ ചെയ്തു മാംസാദികളെ ഭുജിച്ചു അതുകളുടെ ചൎമ്മത്താൽ പാദ
രക്ഷ മുതലായതുകളെ ഉണ്ടാക്കി ക്രയവിക്രയങ്ങളെ ചെയ്തു് ജീവ
നംചെയ്തു തന്റെ പുത്രമിത്രാദികളോടുകൂടി വസിച്ചുവരികയും അ
ങ്ങിനെ ഇരിക്കെ താൻ ഒഴികെ ബാക്കിയുള്ള കുടുംബങ്ങളെല്ലാം മ
രിച്ചുപോകയും തന്നിമിത്തം തനിക്കുണ്ടായ ആധിവ്യാധികളിനാൽ
മഹാ രോഗിയായി കാലക്ഷേപത്തിന്നു യാതൊരു നിവൃത്തിയില്ലാ
തെ തന്റെ സ്വരാജ്യത്തിൽനിന്നു പുറപ്പെട്ടു അനേകരാജ്യങ്ങളി
ലെല്ലാം സഞ്ചരിച്ചു കീരനാട്ടു എന്ന നഗരത്തിൽ വന്നു ക്ഷീണാ
ധിക്യത്താൽ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നുകൊണ്ടിരിക്കു
ന്ന മദ്ധ്യെ ആ കീരനാടെന്ന പട്ടണത്തിന്റെ സമ്പ്രദായം എ
ങ്ങിനെയെന്നാൽ—പ്രജാപരിപാലനം ചെയ്യുന്ന രാജാവു മരിച്ചു
എന്നു വെച്ചാൽ ആ രാജധാനിയിലുള്ള മത്തഗജത്തിന്റെ തു
മ്പിക്കരത്തിൽ ഒരു മാലയെ കൊടുക്കും. ആ ഗജം ആ മാല്യ
ത്തെ ആരുടെ കഴുത്തിൽ ഇടുന്നുവോ ആവനെ രാജാവാക്കി
വാഴിക്കുന്ന പതിവാണ്. മേല്പറഞ്ഞ സമ്പ്രദായംപോലെ രാജാ
വു മരിച്ചുപോയതിനാൽ ആനയുടെ കയ്യിൽ മാലയെ കൊടുത്തയ
ക്കുകയും ആ മാലയോടുകൂടി ആന വന്നു അത്യന്തം ക്ഷീണത്തോ
ടുകൂടി വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്ന ശ്വപചന്റെ കഴുത്തി
ലിട്ടു് എടുത്തു തന്റെ പുറത്തിരുത്തി വരുന്നതിനെ നഗരവാസി
കൾ കണ്ടു എതിരേററു അനേക വാദ്യഘോഷത്തോടുകൂടി രാജധാ
നിയിലേക്കു കൊണ്ടുപോയി ശ്വപചനെ സ്നാനം കഴിപ്പിച്ചു വ
സ്ത്രാഭരണങ്ങളാൽ അലങ്കരിപ്പിച്ചു സിംഹാസനത്തിലിരുത്തി അ
രിയിട്ടു വാഴ്ച കഴിച്ചു കിരീടപതിയാക്കിവെച്ചു. അനന്തരം രാജപ
ത്നികളോടുകൂടി രാജഭോഗങ്ങളിൽ ആനന്ദിച്ചിരിക്കുന്ന അവസര
ത്തിൽ ഒരു ദിവസം താൻ തന്റെ സ്വരാജ്യമായ ഊണനാട്ടിൽ
വസിക്കുന്ന കാലത്തു പരിചയമുള്ള തന്റെ അയൽവാസിയും

സ്വജാതിയുമായ ഒരു ശ്വപചൻ ചെരുപ്പു മുതലായതു വില്പാനാ
യി രാജധാനിക്കു പുറമെ പോകുന്നതിനെ രാജപത്നികളോടുകൂടി
ഏഴാംനിലമേടയിൽ വസിക്കുന്ന രാജാവു പണികളിവാതിലൂടെ
ഗവാക്ഷിയാലപ്പോൾ കാണുകയും തന്റെ സ്വജാതിയും നാട്ടുകാരനുമാ
ണെന്നു മനസ്സിലാക്കി. ഓ ഹോ! ഇവൻ എന്നെ അറിയുന്ന
വനാണ്. ഇവിടെ ഞാൻ രാജാവായിരിക്കുന്നതിനെ മനസ്സിലാക്കി
എന്നെ കാണ്മാൻ തിരഞ്ഞു നടക്കുകയായിരിക്കും. ഇവനെ വിളി
ച്ചു നമ്മുടെ യഥാർത്ഥം പുറമെ ആരോടും പറയരുതെന്നു പറഞ്ഞു
വല്ലതും കൊടുത്തയക്കാഞ്ഞാൽ നമ്മുടെ ജാതിധർമ്മമെല്ലാം വെളി
വായിത്തീരും എന്നു ഭയപ്പെട്ടു അതിവേഗത്തിൽ മാർഗ്ഗത്തൂടെ
പോകുന്ന ശ്വപചനെ വിളിച്ചു സംഗതികളെ പറഞ്ഞു കുറെ ദ്ര
വ്യവും കൊടുത്തയച്ചതിനെയെല്ലാം രാജപത്നികൾ മനസ്സിലാ
ക്കി നഗരവാസികളെ കേൾപ്പിക്കുകയും അതുകേട്ടു നഗരവാസിക
ളെല്ലാംകൂടി ആലോചിച്ചു നാം ഇതുവരെ ഒരു ശ്വപചനെ രാജാ
വാക്കിവെച്ചു ആയവനെ സേവിച്ചുവന്നതു വലിയ അപമാനമാ
യിപ്പോയി. എന്നു മാത്രമല്ല രാജ്യമെല്ലാം അ ശു ദ്ധ മാ യ് ഭ
വിച്ചു. മേലിൽ നാം പ്രാണനോടുകൂടി ഇരുന്നിട്ടു ഫലമില്ലാതെ
യായി. ആയതുകൊണ്ടു ഒരഗ്നികുണ്ഡം വെട്ടി അതിൽ അഗ്നി
വളർത്തി ആ ബാലവൃദ്ധം വീണുമരിക്കുന്നതാണു നല്ലതു എന്നു
തീർച്ചപ്പെടുത്തി. അതിവേഗത്തിൽ സർവ്വശരീരികളും തീയ്യിൽ
ചാടി മരിക്കുകയും അതു കണ്ടുകൊണ്ടിരിക്കുന്ന ശ്വപചനായ രാ
ജാവു അയ്യോ കഷ്ടം ഞാൻ നിമിത്തം നഗരവാസികൾ അഗ്നി
യിൽ ചാടി മരിക്കേണ്ടിവന്നുവല്ലോ. മേലിൽ പ്രാണനോടുകൂടി
ഞാൻ മാത്രം ഇവിടെ വസിച്ചിട്ടു പ്രയോജനമില്ല. ഞാനും
അഗ്നിയിൽ വീണുമരിച്ചുകളയാം എന്നു നിശ്ചയിച്ചു രാജാ
വു തീയിൽ ചാട്ടുകയും ഇവിടെ സ്നാനത്തിന്നായി ജലത്തിൽ
ഇറങ്ങി മുങ്ങിയ ഗാധി എന്ന ബ്രാഹ്മണന്റെ മുഖത്തു അഗ്നി
ബാധിച്ചപോലെ തോന്നി ജലത്തിൽനിന്നു മേല്പോട്ടുപൊങ്ങി ക
രയിൽ വീണു ഗാധി എന്ന ബ്രാഹ്മണൻ ആലോചിക്കുന്നു. അ
തിശയം അതിശയം അത്യത്ഭുതം ഭഗവാനെ നിന്തിരുവടിയുടെ

മായാശക്തി ആരറിവാൻ പോകുന്നു. അയ്യോ ഞാൻ ജലത്തിൽ
മുങ്ങി മുഹൂൎത്തമാത്രേണ നിന്തിരുവടിയുടെ മായാവൈചിത്ര്യം ക
ണ്ടു ആശ്ചൎയ്യപ്പെടുന്നു. ജഗദീശ്വരാ! ഞാൻ എത്രകാലം ബ്രാഹ്മ
ണനായിക്കഴിഞ്ഞു. അനന്തരം എത്രകാലം ശ്വപചനായിക്കഴി
ഞ്ഞു. പിന്നെ എത്രകാലം രാജാവായിക്കഴിഞ്ഞു. ഒരു മുഹൂൎത്ത
ത്തിന്നിടയിൽ മൂന്നു ജന്മത്തെയും അതിലുള്ള ഗുണദോഷത്തെയും
അനുഭവിപ്പിച്ച നിന്തിരുവടിയുടെ ഇന്ദ്രജാലത്തെ അറിവാൻ
ലോകത്തിൽ ആരുണ്ടു സ്വാമിൻ! എന്നു് ആനന്ദിച്ചു തന്റെ ഗൃ
ഹത്തിലേക്കു പോകുകയും ചെയ്തു. ഇതുപോലെ ഭഗവാൻ ഒരു
കാലത്തു മാൎക്കണ്ഡേയനും കാണിച്ചുകൊടുത്തിട്ടുണ്ടു. ആയതുകൊ
ണ്ടു രാഘവാ! മായോപാധികനായ നിന്തിരുവടി ഒരു കാലത്തു ജ
ഗത്തെ സൃഷ്ടിച്ചും ഒരു കാലത്തു രക്ഷിച്ചും അവസാനം സംഹരി
ച്ചും ഇങ്ങിനെ സൃഷ്ടിസ്ഥിതിലയമെന്ന മൂന്നു തൊഴിലിന്നും താൻ
ഒരുവനായി ശോഭിക്കുന്ന നിന്തിരുവടിയെ കാണേണമെന്നുള്ള അ
ത്യാഗ്രഹമുണ്ടായിരുന്നു. ആയതു സാധിച്ചുവല്ലോ. എന്നു അന്യോ
ന്യം അനേക സംഭാഷണങ്ങളെ ചെയ്തു അവിടെ നിന്നു മടങ്ങി
വസിഷ്ഠരോടുകൂടി അയോദ്ധ്യയിൽ വസിക്കുന്ന അവസരത്തിൽ
ഒരു നാൾ സനക, സനന്ദ, സനാതന, സനൽകുമാരാദികളാ
യ മഹൎഷികൾകൂടി ഭഗവാനെയും, അനുജനായ ലക്ഷ്മണനെയും
തമ്മിൽ ശണ്ഠപിണയിപ്പാനുള്ള മാൎഗ്ഗം നാം ഉണ്ടാക്കി തീൎക്കണം
എന്നു കരുതി സനകാദികൾ നാരദന്റെ അടുക്കൽ വന്നു പരമാ
ൎത്ഥം ഗ്രഹിച്ചു നാരദനെ അയോദ്ധ്യക്കയക്കുകയും നാരദൻ രാജ
ധാനിയിൽ വന്നു ഭഗവാനെക്കണ്ടു ഓരോ ലോകവിഷയങ്ങളെ
സംഭാഷണം ചെയ്തുംകൊണ്ടിരിക്കുന്ന മദ്ധ്യേ നാരദനും, അല്ല
യോ രാഘവാ! നിന്തിരുവടിയോടു ചില രഹസ്യവിഷയങ്ങളെ
കേൾപ്പിപ്പാനുണ്ടു. ആയതിന്നു ഞാനും നിന്തിരുവടിയും മാത്രമെ
പാടുള്ളു. ഇടയിൽ വല്ലവരും സംഗതിവശാൽ വന്നാൽ നമ്മുടെ
സംഭാഷണത്തിന്നു വിഘ്നം വരും. ആയതു വരാതെകണ്ടു നാം ത
മ്മിൽ പിരിയുന്നവരെ നമ്മുടെ സമ്മതം കൂടാതെ ആരും ഗോപുരം
കടന്നുവരുവാൻ പാടുള്ളതല്ല. ആയതിലേക്കു ഗോപുരത്തിൽ ല

ക്ഷ്മണനെ വരുത്തി വിവരം പറഞ്ഞു ഗോപുരത്തിലേക്കയക്കുകയും ലക്ഷ്മണൻ ഗോപുരത്തിൽ എത്തിയ മാത്രയിൽ സനകാദികൾ വരികയും അതുകണ്ടു ലക്ഷ്മണൻ സനകാദികളെ നോക്കി അല്ലയോ സനകാദികളെ ഇപ്പോൾ രാജധാനിക്കു പോവാൻ പാടില്ല. ഗോപുരം കടക്കേണമെങ്കിൽ ജ്യേഷ്ഠന്റെ കല്പന വേണം. എന്നതിനെക്കേട്ടു സനകാദികൾ ക്രോധിച്ച് എടാ! സൌമിത്രെ! ഞങ്ങളെ നിനക്കു മനസ്സിലായില്ലയൊ? ത്രിമൂർത്തികളുടെ അടുക്കലേക്ക് ഏതവസരത്തിൽ പോകേണമെങ്കിലും ഞങ്ങൾക്കു സമയം നോക്കേണ്ടുന്നാവശ്യമില്ല. അങ്ങിനെ ഇരിക്കെ നീയാ ഞങ്ങളെ തടുക്കുവാൻ. ഞങ്ങളുടെ ശാപകോപാദികൾക്കു ഹേതുവാക്കിത്തീർക്കുന്നുവോ, എന്നതിനെക്കേട്ടു ലക്ഷ്മണൻ കാര്യം മോശമായല്ലൊ, സനകാദികളെ വിട്ടയച്ചാൽ ജ്യേഷ്ഠന്റെ കോപമേല്ക്കേണ്ടി വരും. വിട്ടയക്കാത്തപക്ഷം സനകാദികളുടെ ശാപം ഏല്ക്കേണ്ടിയും വരും. എന്നാൽ ഭഗവാന്റെ കോപമേറ്റാലും ഇവരുടെ ശാപം ഏല്പാൻ ശക്തനല്ലെന്നു കരുതി സനകാദികളെ വിട്ടയക്കുകയും സനകാദികളുടെ വരവിനെക്കണ്ടു നാരദൻ ക്രോധിച്ചു അല്ലയൊ രാഘവാ! ലക്ഷ്മണൻ ഇത്ര ഗുരുത്വം ഇല്ലാത്തവനൊ നാം പറഞ്ഞയച്ചതെന്ത്, ലക്ഷ്മണൻ പ്രവൃത്തിച്ചതെന്ത്, സൌമിത്രി നിന്റെ വാക്ക് ഒരു തൃണപ്രായമല്ലെ ആക്കിയതു ജ്യേഷ്ഠാനുജന്മാരുടെ ഒത്തൊരുമ കേമമായി. എന്നും മറ്റും നാരദൻ ശഠിച്ചു പറഞ്ഞതിനെക്കേട്ടു ശ്രീരാമസ്വാമി, വില്ലെടുത്തു പുറത്തുചാടി. ലക്ഷ്മണന്റെ അടുക്കൽ ക്രോധാഗ്നിയെ ജ്വലിപ്പിച്ചു വരുന്നതിനെ ലക്ഷ്മണൻ കണ്ട് ജ്യേഷ്ഠൻ എന്നെ ഇപ്പോൾ വധം കഴിക്കും എന്നു ഭയപ്പെട്ട് ഓടുകയും, ഭഗവാൻ പിന്തുടന്ന് ഓടുന്നതിനെ കണ്ട്, നഗരവാസികളും പിന്തുടരുകയും,ഇങ്ങിനെ ലോകവാസികളെല്ലാം ഭഗവാനെ പിന്തുടന്നു സാഗരതീരത്തിൽ എത്തുകയും, ലക്ഷ്മണൻ പിന്തിരിഞ്ഞു നോക്കിയപ്പോൾ സർവ്വേശ്വരനായ ശ്രീരാമസ്വാമിയും, നഗരവാസികളും വരുന്നതിനെക്കണ്ടു താൻ ഭഗവാനെ നോക്കി കൈകൂപ്പിത്തൊഴുതുകൊണ്ടു സഹസ്രനാമം ജപിച്ചു കടലിൽ ചാടുകയും ചെയ്തു. ലക്ഷ്മണൻ വീണ്ടും സഹസ്രശ

ണസംയുക്തനായി തേജസ്സ്വരൂപനായി ഭഗവാനെ സ്തുതിച്ചുംകൊണ്ടു പൊങ്ങി വരികയും അതുകണ്ടു സ്വാമി വെള്ളത്തിൽചാടിയതോടുകൂടി ഭരതനും, ശത്രുഘ്നനും ചാടുകയും മായാമയനായ ഭഗവാൻ സാക്ഷാൽ ശ്രീനാരായണസ്വാമിയുടെ ദിവ്യരൂപം കൈക്കൊണ്ടു ശംഖചക്രഗദാപത്മശാർങ്ഗപാണിയായി, ഭൂദേവി ലക്ഷ്മീകല്യാണസുമേളിതമനോഹരനായി അനന്തശയനത്തിന്മേൽ ഇരുന്നു, ദേവകൾ മന്ദാരകൽഹാര കരവീരപാരിജാതാദികളായ ദിവ്യകുസുമങ്ങളെക്കൊണ്ടു സ്വാമിയെ പുഷ്പവൃഷ്ടിചെയ്തു ദേവവാദ്യം മുഴക്കിസ്തുതിക്കുകയും സർവ്വേശ്വരനായ ഭഗവാൻ ഊർദ്ധ്വമദ്ധ്യപാതാളമായ മൂന്നു ലോകവാസികളെയും കടാക്ഷിച്ചു വൈകുണ്ഠത്തിലേക്കു യാത്രയാകുകയും ചെയ്തു.

ഈ രാമചരിതത്തെ എഴുതിയവരും ഭക്തിശ്രദ്ധാബഹുമാനവിനയങ്ങളോടുകൂടി വായിക്കുന്നവരും ശ്രദ്ധയോടുകൂടി കേൾക്കുന്നവരും, ആയുരാരോഗ്യസമ്പൽസമൃദ്ധിയോടുകൂടി പുത്രമിത്രകളത്രസമേതം ചിരകാലം ജീവിച്ചിരിപ്പാനായി ശ്രീരാമസ്വാമി അനുഗ്രഹിച്ചരുളിച്ചെയ്തിരിക്കുന്നു.

ശുഭം.

